സഞ്ചിക
2

INTERNATIONAL
CONGRESS ON
KERALA STUDIES

# അഞ്ചാം അന്താരാഷ്ട്ര കേരള പഠനകോൺഗ്രസ്

# പൊതുവിദ്യാഭ്യാസം

## ത്രിദിന സെമിനാർ

2023 മേയ് 3, 4, 5 • കോഴിക്കോട്

എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം
കേളു ഏട്ടൻ പഠന ഗവേഷണ കേന്ദ്രം, കോഴിക്കോട്

INTERNATIONAL
CONGRESS ON
KERALA STUDIES

INTERNATIONAL
CONGRESS ON
KERALA STUDIES

**അഞ്ചാം**
**അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്സ്**
2023 മെയ് 3,4,5 കോഴിക്കോട്

**പൊതുവിദ്യാഭ്യാസം**
സഞ്ചിക 2


*പ്രസിദ്ധീകരണം*
എ.കെ.ജി. പഠനഗവേഷണകേന്ദ്രം
തിരുവനന്തപുരം
കേളു ഏട്ടൻ പഠന ഗവേഷണ കേന്ദ്രം, കോഴിക്കോട്

*കവർ ഡിസൈൻ & ലേ-ഔട്ട്*
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്

കോപ്പി: 2000

*അച്ചടി*

സഞ്ചിക
2

INTERNATIONAL
CONGRESS ON
KERALA STUDIES

# അഞ്ചാം അന്താരാഷ്ട്ര
# കേരള പഠനകോൺഗ്രസ്

# പൊതുവിദ്യാഭ്യാസം
## ത്രിദിന സെമിനാർ

2023 മേയ് 3, 4, 5 • കോഴിക്കോട്

എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം
കേളു ഏട്ടൻ പഠന ഗവേഷണ കേന്ദ്രം, കോഴിക്കോട്

# ഉള്ളടക്കം


1. നവകേരളവിദ്യാഭ്യാസം– പഠനകോൺഗ്രസുകളിലൂടെ– ഒരുഅവലോകനം
ബിജു കെ. 19

**ദേശീയ വിദ്യാഭ്യാസ നയം – ബദൽ സമീപനം**

2. NEP- NCF 2023: Implications of the 'Choice-based' Restructured Secondary School
Prof. Anita Rampal 21
3. കേന്ദ്ര വിദ്യാഭ്യാസ നയവും ബദൽ സമീപനവും
പ്രൊഫ. വി. കാർത്തികേയൻ നായർ 23

**അധ്യാപക പ്രൊഫഷണലിസം – തടസ്സങ്ങളും സാധ്യതകളും**

4. Teacher Professionalism : Difficulties and Possibilities
Prof. M.A. Khader 25
5. അധ്യാപക പ്രൊഫഷണലിസം: തടസ്സങ്ങളും സാധ്യതകളും
ഡോ.വസുമതി ടി. 26
6. അധ്യാപക പരിവർത്തനത്തിന്റെ വർത്തമാനങ്ങൾ: ഇന്നലെ, ഇന്ന്, നാളെ
വിനോദ് കുമാർ കുട്ടമത്ത് 27

**വിജ്ഞാനസമൂഹവും വിദ്യാഭ്യാസവും**

7. വിജ്ഞാനസമൂഹവുംവിദ്യാഭ്യാസവും
പ്രൊഫ. രാജൻഗുരുക്കൾ 29
8. ശാസ്ത്ര വിജ്ഞാനവും വിദ്യാഭ്യാസവും
ഉഷ മേനോൻ 30

**ജീവിത ഗന്ധിയായ ഗണിതപഠനം**

9. ഗണിത വിദ്യാഭ്യാസം കേരളത്തിൽ
പ്രൊഫ. ഇ. കൃഷ്ണൻ 32
10. ഗണിതമെന്ന സംസ്ക്കാരം
ബി. മധു 33

**ശാസ്ത്ര ബോധത്തിലേക്ക് നയിക്കുന്ന ശാസ്ത്രപഠനം**

11. ശാസ്ത്രത്തിന്റെ പ്രവർത്തന രീതി സ്കൂൾ കരിക്കുലത്തിൽ
പ്രൊഫ. അജിത് പരമേശ്വരൻ 34
12. ശാസ്ത്രത്തെക്കുറിച്ചുള്ള അറിവും ശാസ്ത്രീയ മനോഭാവും
പ്രൊഫ. (ഡോ.) കന എം. സുരേഷൻ 34
13. ശാസ്ത്രബോധം നിർമ്മിക്കാനുതകുന്ന ശാസ്ത്രവിദ്യാഭ്യാസം
ഡോ. ടി വി സജീവ് 35
14. ക്ലാസ് മുറിക്കപ്പുറം: ആജീവനാന്തപഠനം പ്രോത്സാഹിപ്പിക്കുന്നതിൽ
അനൗപചാരിക പഠന പരിതസ്ഥിതികളുടെ
(മ്യൂസിയങ്ങളും ശാസ്ത്രപ്രദർശന കേന്ദ്രങ്ങളും) പങ്ക്
ഡോ. രതീഷ് കൃഷ്ണൻ 36

**ചരിത്രബോധം ഉളവാക്കുന്ന ചരിത്രപഠനം**


15. കുട്ടികൾ ചരിത്രം പഠിക്കുന്നതെന്തിന്?
പ്രൊഫ. കെ.എൻ. ഗണേഷ് 37
16. ചരിത്രബോധം ഉളവാക്കുന്ന ചരിത്രപഠനം
പ്രൊഫ. ശിവദാസൻ പി. 39
17. ചരിത്രബോധമുളവാക്കുന്ന ചരിത്രപഠനം
വി. രാമൻകുട്ടി 40


**സാങ്കേതികവിദ്യ പഠനബോധന പ്രവർത്തനത്തിന്**


18. സാങ്കേതിക വിദ്യ പഠനബോധന പ്രവർത്തനത്തിന്
കെ. അൻവർ സാദത്ത് 42
19. പഠനബോധനപ്രവർത്തനത്തിൽ സാങ്കേതികവിദ്യയുടെ പങ്ക്
ഡോ. അജിത്ത്കുമാർ ബി.പി. 44
20. 'നവസാങ്കേതികവിദ്യകൾ ചലിപ്പിക്കുന്നനവലോകം വിദ്യാഭ്യാസം
എന്ന സാമൂഹ്യപരികല്പനയെതിരുത്തുന്നതെങ്ങനെ?'
അരുൺ രവി 45
21. സാങ്കേതികവിദ്യ പഠനബോധന പ്രവർത്തനത്തിൽ
ശ്രീനിവാസൻ കർത്ത 47


**പ്രായത്തിനനുഗുണമായ പഠനം, അഭിരുചിക്കനുഗുണമായ പഠനം**


22. നമ്മുടെ സ്കൂൾ വിദ്യാഭ്യാസം ഇങ്ങനെ തന്നെ പോയാൽ മതിയോ?
ഡോ. സി. രാമകൃഷ്ണൻ 48
23. പ്രായത്തിനിണങ്ങുന്നപഠനം അഭിരുചിക്കിണങ്ങുന്നപഠനം
ഡോ. ആർ.സുരേഷ്കുമാർ 50
24. വിദ്യാഭ്യാസത്തിൽ തിയ്യേറ്ററിനുള്ള സാധ്യതകൾ; കേരളത്തിലെ
കുട്ടികളുടെ നാടക വേദികളെ മുൻ നിർത്തിയുള്ള ഒരന്വേഷണം
മനോജ് വി. കൊടുങ്ങല്ലൂർ & അജിത പാടാരിൽ 52


**പൗരബോധവും സ്കൂൾ വിദ്യാഭ്യാസവും**


25. പൗരബോധം
ഷീനാ ഷുക്കൂർ 54
26. പൗരബോധവും പൊതുവിദ്യാഭ്യാസവും
ജഗജീവൻ എൻ. 54


**സ്കൂൾ ജനാധിപത്യ സംവിധാനങ്ങൾ (പിടിഎ, എസ്എംസി, സ്കൂൾ പാർലമന്റ്)**


27. 'പൊതുവിദ്യാഭ്യാസ ജനാധിപത്യവത്കരണവും
വിദ്യാർത്ഥിനേതൃത്വ പരിപോഷണവും'
പി.എം. ആർഷോ & കെ. അനുശ്രീ 56
28. വിദ്യാലയങ്ങളിലെ ജനകീയമായ പിന്തുണാ സംവിധാനങ്ങൾ
ദിലീപ് കുമാർ പി. 58


**അരികുവത്ക്കരിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസം**


29. നിലമ്പൂർ താഴ്വരയിലെ ചോലനായ്ക്ക കുട്ടികളുടെ വിദ്യാഭ്യാസം–
ബദൽമാർഗങ്ങൾക്കായുള്ള ഒരു അന്വേഷണം
ഡോ. രമേഷ് കെ. 60
30. അരികുവൽക്കരിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസം
ഹരിസെന്തിൽ എം. 61
31. പാർശ്വവൽകൃതരുടെ ബഹുമുഖങ്ങളായ വിദ്യാഭ്യാസ പ്രശ്നങ്ങൾ
ധന്യ പി. വാസു 63
32. അരികുവൽക്കരിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസം
ബീന പി. 64

**ഭാഷാപഠനവും ഭാഷയിലൂടെയുള്ള പഠനവും**

33. ഭാഷാപഠനവും ഭാഷയിലൂടെയുള്ള പഠനവും
ഡോ. കാവുമ്പായി ബാലകൃഷ്ണൻ 65
34. മലയാള പഠനവും മലയാളത്തിലൂടെയുള്ള പഠനവും
ഡോ. പി. പവിത്രൻ 66
35. ഭാഷാപഠനത്തിന്റെ ഗുണതയും ഇതരവിഷയങ്ങളുടെ
പഠനത്തിൽ അത് ചെലുത്തുന്ന സ്വാധീനവും
കെ.ആർ. അശോകൻ 68
36. ഭാഷാ പഠനം ലിഖിതപാഠങ്ങളിലും ഭാഷയിലൂടെയുള്ള
പഠനം വിദേശഭാഷയിലും കേന്ദ്രീകരിക്കുമ്പോൾ സംഭവിക്കുന്നത്-പ്രബന്ധ രൂപരേഖ
ഡോ. പ്രിയാ വർഗീസ് 69

**ആരോഗ്യ-കായിക-കലാ വിദ്യാഭ്യാസം**

37. ആരോഗ്യ കായിക വിദ്യാഭ്യാസം-നവീന കാഴ്ചപ്പാട്
ഡോ.അജീഷ് പി.ടി. 70
38. പൊതുവിദ്യാഭ്യാസത്തിൽ കായിക സാക്ഷരതയുടെ പ്രസക്തി
ഡോ. ബിപിൻ ജി. 72
39. സമകാലിക വിദ്യാഭ്യാസപ്രക്രിയയിൽ കലാപഠനത്തിന്റെ അനിവാര്യത
ഡോ. രജിത രവി 73
40. കലാ വിദ്യാഭ്യാസത്തിന് ഒരു പൊതു കാഴ്ചപ്പാട്
ആനയടി പ്രസാദ് 73
41. ആരോഗ്യ-കായിക ക്ഷമതയും പൊതുവിദ്യാഭ്യാസവും
ഒ.കെ. വിനീഷ് 74

**എല്ലാ കുട്ടികളെയും ഉൾക്കൊള്ളിക്കുകയും ഉൾച്ചേർക്കുകയും ചെയ്യുന്ന പാഠ്യപദ്ധതി**

42. പാർശ്വവൽക്കരിക്കപ്പെട്ടവരില്ലാത്ത ക്ലാസ്മുറികളിലേക്ക്
ഡോ. രതീഷ് കാളിയാടൻ 77
43. വിദ്യാഭ്യാസത്തിലെ ഉൾച്ചേർക്കലും ഗുണതയും
ഡോ. ടി.പി. കലാധരൻ 78
44. എല്ലാ കുട്ടികളെയും ഉൾക്കൊള്ളിക്കുകയും ഉൾച്ചേർക്കുകയും ചെയ്യുന്ന പാഠ്യപദ്ധതി
ഷൂജ എസ്.വൈ. 80
45. എല്ലാ കുട്ടികളെയും ഉൾക്കൊള്ളുകയും ഉൾച്ചേർക്കുകയും ചെയ്യുന്ന പാഠ്യപദ്ധതി
ഡോ. അനിൽകുമാർ എ.കെ. 82
46. ഉൾച്ചേർന്ന വിദ്യാഭ്യാസം
ഡോ. എ.കെ. അബ്ദുൽ ഹക്കീം 84

**ലിഗസമത്വം, ലിംഗനീതി**

47. ലിംഗനീതി: അധ്യാപകരുടെ പങ്കും പ്രസക്തിയും
ആർ. പാർവതി ദേവി 85
48. ലിംഗവിവേചനം എന്നത്
ഡോ. അമൃത്‌രാജ് ആർ.എം. 87
49. ലിംഗസമത്വം ലിംഗനീതി
ഡോ. ടി. ഗീനാകുമാരി 88

**ജന്ററും വിദ്യാഭ്യാസവും**

50. വിദ്യാഭ്യാസത്തിലെ ലിംഗഭേദം
കെ. ബദറുന്നീസ 91
51. ലിംഗനീതിയും വിദ്യാഭ്യാസവും
അജില കെ. 93

**കുട്ടികളും ആരോഗ്യവും (കുട്ടികളും മാനസികാരോഗ്യവും, കുട്ടികളും ശാരീരികാരോഗ്യവും)**

52. Sensitizing school teachers to bring about child developmental and mental health perspective in teaching learning activity
Dr. Jayaprakash R. 94
53. കുട്ടികളുടെ പ്രാരംഭപരിരക്ഷയും സ്കൂൾ യോഗ്യതയും
ഡോ. പി.എൻ.എൻ. പിഷാരോടി 95

**വിദ്യാഭ്യാസം സാംസ്കാരിക പ്രവർത്തനം**

54. സംസ്ക്കരിക്കേണ്ട വിദ്യാഭ്യാസം
കെ.പി. രാമനുണ്ണി 96
55. വിദ്യാഭ്യാസം-ഒരു സാംസ്കാരിക ചിന്ത
ഡോ. ഖദീജാ മുംതാസ് 97

**ഘടനാപരമായ മാറ്റങ്ങൾ (സിസ്റ്റമിക് റിഫോംസ്)**

56. സിസ്റ്റമിക് റിഫോംസ് (ഘടനാപരമായ പരിഷ്കാരങ്ങൾ)
എൻ.ടി. ശിവരാജൻ 99
57. വിദ്യാഭ്യാസ വ്യവസ്ഥയുടെ പുനഃസംഘടന
ഡോ. ആർ. വിജയമോഹനൻ 101

**പഠന-ബോധന സമീപനങ്ങൾ**

58. അറിവുനിർമ്മാണവഴി ഉറപ്പാക്കുന്ന ബോധനം
ഡോ. എം.വി. ഗംഗാധരൻ 103
59. പഠനബോധനസമീപനം
വി. അജയകുമാർ 105
60. പഠനബോധന പ്രക്രിയ വെല്ലുവിളികളും സാധ്യതകളും
ഡോ. വി. പരമേശ്വരൻ 106

**തദ്ദേശ ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസവും**

61. കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്
ടി. ഗംഗാധരൻ 108

**ജനായത്തവിദ്യാലയങ്ങൾ**

62. സ്കൂളിങിന്റെ ജനാധിപത്യവല്ക്കരണം
ഡോ. എൻ. സുരേഷ്കുമാർ 109

**രക്ഷാകർത്തൃവിദ്യാഭ്യാസം**

63. രക്ഷാകർത്തൃവിദ്യാഭ്യാസം സമഗ്രവീക്ഷണം അനിവാര്യം
കെ.ടി. രാധാകൃഷ്ണൻ 110
64. രക്ഷാകർത്തൃ വിദ്യാഭ്യാസം
ടി.കെ. നാരായണദാസ് 112
65. രക്ഷാകർത്തൃ വിദ്യാഭ്യാസം നവ കേരളത്തിന്
കെ.കെ. ശിവദാസൻ 114
66. രക്ഷാകർത്തൃ വിദ്യാഭ്യാസം പ്രസക്തിയും പ്രാധാന്യവും
ഡോ. സുദർശനൻ എൽ. 116

**വിദ്യാഭ്യാസഗവേഷണവും വിദ്യാഭ്യാസത്തിലെ ഗവേഷണവും**

67. വിദ്യാഭ്യാസഗവേഷണവും വിദ്യാഭ്യാസത്തിനകത്തെ ഗവേഷണവും-മാറേണ്ട സമീപനങ്ങൾ
ഡോ. കെ. രാജേഷ് 118
68. വിദ്യാഭ്യാസ വിഷയത്തിൽ കേരളത്തിലെ ഗവേഷണ പഠനങ്ങൾ - ഒരവലോകനം
പ്രൊഫ. (ഡോ.) ടി. മുഹമ്മദ് സലീം 119

69. കേരളത്തിലെ വിദ്യാഭ്യാസഗവേഷണവും വിദ്യാഭ്യാസനയരൂപീകരണ
പരിപ്രേക്ഷ്യങ്ങളും: ചിലനിരീക്ഷണങ്ങൾ
പ്രൊഫ. (ഡോ). നൗഷാദ് പി.പി. 121

**തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം**

70. A Democratic Commitment to Interdisciplinary Work-based Education
Prof. Anita Rampal 122
71. Hop, skip and jump to knowledge economy: The dynamics of vocational
education in public schoolsin Kerala
Akila Radhakrishnan, Anil Kumar, Ramnath K.R. 124
72. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം വൈജ്ഞാനിക സമൂഹത്തിൽ
ഡോ. ഷാജി ബി. 125

**മേളകളും സ്കൂൾക്ലബ്ബ് പ്രവർത്തനങ്ങളും വിദ്യാർഥി സൗഹൃദമാകാൻ**

73. വിദ്യാലയമേളകളും ക്ലബ്ബ് പ്രവർത്തനങ്ങളും ശിശുസൗഹൃദമാകുന്നതെങ്ങനെ?
പ്രമോദ് അടുത്തില 126
74. വിദ്യാർഥി സൗഹൃദമായ മേളകളും ക്ലബ്ബ് പ്രവർത്തനങ്ങളും
എം.എ. അരുൺ കുമാർ 128

**കോവിഡാനന്തരകാല വിദ്യാഭ്യാസം പരിഗണിക്കേണ്ട വസ്തുതകൾ**

75. കോവിഡാനന്തര ക്ലാസ് മുറിയിലെ ജ്ഞാനനിർമ്മിതി
എം.വി. ഷാജി 129
76. കോവിഡ് കാലം കൊണ്ടുവന്ന പ്രതിസന്ധികൾ, പ്രശ്നങ്ങൾ – എൽ.പി. തലത്തിൽ
ബിന്നി ഐരാറ്റിൽ 130
77. കോവിഡാനന്തര വിദ്യാഭ്യാസം പരിഗണിക്കേണ്ട വസ്തുതകൾ
(ഹയർ സെക്കന്ററി വിദ്യാർഥികളിൽ)
സ്മിജ പി.എസ്. 132

**വിദ്യാലയങ്ങളെ സാമൂഹിക പഠനകേന്ദ്രങ്ങളാക്കി വളർത്തൽ**

78. വിദ്യാലയങ്ങൾ സാമൂഹ്യ പഠനകേന്ദ്രങ്ങൾ
ടി.പി. സുധാകരൻ 133

**പരീക്ഷകളിൽ നിന്നും വിലയിരുത്തലിലേക്ക്**

79. പരീക്ഷയിൽ നിന്ന് വിലയിരുത്തിലേക്ക്
അമുൽ റോയ് 135

**കാര്യക്ഷമമാകേണ്ടുന്ന പ്രീ സ്കൂൾ വിദ്യാഭ്യാസം**

80. പ്രീ സ്കൂൾ വിദ്യാഭ്യാസം – കാഴ്ചപ്പാടുകളും ലോകാനുഭവങ്ങളും
ഡോ. പി.വി. പുരുഷോത്തമൻ 136
81. Redefine Early Childhood Care and Education:
Unleashing the potential of child through play to Power
ഷൈലാ ജാസ്മിൻ എൽ.എസ്. 138
82. സമ്പുഷ്ടകേരളത്തിൽനിന്നുംസന്തുഷ്ടകേരളത്തിലേക്ക്
ബിന്ദു സി.എ. 139

**അനുബന്ധം: ഗവേഷണ പ്രബന്ധങ്ങളുടെ സംഗ്രഹം**

1. Significanceof Mind Mapping Technique on Achievement of
Statistics at Higher Secondary Level
Ramya M.S. 141

2. Plasticized Rain: Assessing the Dynamics and Distributional Characteristics of Atmospheric Microplastic Deposition During Northeast Monsoon in Kochi City, Kerala, India
Madhuraj Palat Kannankai, Suja Purushothaman Devipriya 141
3. ചരിത്രപഠനം: അർഥം, സാധ്യതാപരിധി, രീതിശാസ്ത്രം
അനശ്വര എസ്. 142
4. Teaching Against Consumerism: Revisiting Kerala Textbooks for Developing Critical Consumer Literacy Tools in the Digital Age
Jishnudas K.S. 143
5. Role of Citizen Science in Public Education to Democratise Science and Build a Knowledge Society
Dr. Peroth Balakrishnan 143
6. Unravelling Side-lined Kerala History in General Education Textbooks
Deepthy Krishna D. 144
7. Life Skills for a Flourishing Future: The Call for Education Reform in Kerala
O.P. Fousiya 145
8. Type of Educational Institutions Access by Marginalised People in Urban Areas: - A Case Study
Dr. Siseena J. 145
9. Fostering Academic Resilience among Marginalized Students for Ensuring Equity-Based Innovation in Education
Naslamol K. 146
10. 'ക്ലൈമറ്റ് കഫെ' ക്ലാസ്സ് റൂം പഠനത്തിലെ വേറിട്ട മാതൃക
Mohammed shafi P., Bencila Rose sunny 146
11. Learning Language and Learning Through Language in Future English Classrooms
Lulu.S.Kappil 147
12. Significance of Mind Mapping Technique on Achievement of Statistics at Higher Secondary Level
Ramya M.S. 147
13. "A New Beginning from School"
Shonitha M. Rajan 148
14. "Strategies for Improving the Communication Skills among 4th Standard Students."
Nallur Narayana L.P. 148
15. ലിംഗനീതിയും വിദ്യാഭ്യാസവും
രഞ്ജിത് വി. 148
16. വിദ്യാഭ്യാസവും മാതൃഭാഷയും
കെ.പി. നൗഷാദ് 149
17. കേരള പാഠാവലി ഒന്നാം ക്ലാസിലെ മലയാള പാഠപുസ്തകവും ലിംഗ വീക്ഷണവും
ഡോ. അനീസ് മൊഹമ്മദ് സി. 149
18. ഉൾച്ചേർന്ന വിദ്യാഭ്യാസം; സ്വപ്നവും യാഥാർഥ്യവും (കണ്ണൂർ ജില്ലയിലെ പൊതുവിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് നടത്തിയ പഠനം)
അമൃത വിശ്വനാഥ് 150
19. Towards bringing change in the classroom Experiences from the Manchadi programme
Amrita 150
20. കൃഷിയറിവിന്റെ മുഖ്യ ധാരാവത്ക്കരണം
ഡോ. എ. പ്രേമ 151

# ആമുഖം

**അ**ന്തർദേശീയ കേരള പഠന കോൺഗ്രസ് നമ്മുടെ രാജ്യത്ത് ഏറ്റവും വിപുലമായ ജനകീയ വികസന സംവാദമാണ്. പണ്ഡിതന്മാർ, വിദഗ്ദർ, നയകർത്താക്കൾ, സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകർ, പ്രായോഗിക വികസന മികവു തെളിയിച്ചവർ തുടങ്ങി 25000 ആളുകളെങ്കിലും 2024-ൽ നടക്കുന്ന അഞ്ചാം അന്തർദേശീയ കേരള പഠന കോൺഗ്രസിൽ പങ്കാളികളാകും.

വിപുലമായ പങ്കാളിത്തം മാത്രമല്ല, തുടർച്ചയും അന്തർദേശീയ കേരള പഠന കോൺഗ്രസിന്റെ പ്രത്യേകതയാണ്. 1994-ൽ ഇഎംഎസ് ആണ് ഒന്നാമത് സമ്മേളനം വിളിച്ചു ചേർത്തത്. അതിനു വ്യക്തമായ ഒരു ലക്ഷ്യബോധം ഉണ്ടായിരുന്നു. ഐക്യകേരള രൂപീകരണ കാലത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം രൂപം നൽകിയ വികസന അജണ്ടയുടെ ചാലുകളിലൂടെയാണ് പൊതുവിൽ പറഞ്ഞാൽ കേരളം മുന്നോട്ടു പോയത്. കൂലി വർദ്ധിച്ചു. ഭൂപരിഷ്കരണം നടന്നു. ജനങ്ങങ്ങൾക്ക് വിദ്യാഭ്യാസവും ആരോഗ്യവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തി. എന്നാൽ ഈ നേട്ടങ്ങൾ പുതിയ വികസന വെല്ലുവിളികൾ ഉയർത്തി. സംസ്ഥാനത്തെ ഉല്പാദന വളർച്ചയിൽ ഗണ്യമായ കുതിച്ചുചാട്ടം സൃഷ്ടിക്കണം. സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തണം. അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. ഇതിനൊരു പുതിയ അജണ്ട വേണം.

ഇതിന് രാഷ്ട്രീയ പ്രവർത്തകർ മാത്രം പോരാ. ഐക്യകേരളത്തിന്റെ വികസന അജണ്ടയ്ക്കു രൂപം നൽകാൻ ചെറുപ്പക്കാരായ ഇഎംഎസിന്റെ ഒരു തലമുറ രാഷ്ട്രീയ പ്രവർത്തകരാണ് മുന്നിട്ടിറങ്ങിയത്. എന്നാൽ ഇന്ന് കേരളത്തിൽ ഒട്ടനവധി സർവ്വകലാശാലകൾ, ഉന്നതവിദ്യാപീഠങ്ങൾ, അത്യാധുനിക ഉല്പാദന കേന്ദ്രങ്ങൾ തുടങ്ങിയവയിലെല്ലാം പ്രവർത്തിക്കുന്ന പണ്ഡിതരും വിദഗ്ദരുമുണ്ട്. അവരെയും ഈ പ്രക്രിയയിൽ പങ്കാളികളാക്കേണ്ടതുണ്ട്. അതിനു വേണ്ടിയിട്ടാണ് പഠന കോൺഗ്രസ് വിളിച്ചു ചേർക്കുന്നതെന്നാണ് ഇഎംഎസ് പറഞ്ഞത്. എന്നിട്ട് അദ്ദേഹം തുടർന്നു പറഞ്ഞു:

''ബഹുജനങ്ങളോടും ജനങ്ങളുടെ ജനാധിപത്യബോധവുമാണ് നമ്മുടെ ഏറ്റവും വലിയ കരുത്ത്. കേരളത്തിലെ സംഘടിത പ്രസ്താനങ്ങളിലെ അംഗസംഖ്യ ഒരു കോടിയിലേറെ വരും. ഇതിനുപുറമേ ബൃഹത്തായ സഹകരണ പ്രസ്ഥാനവുമുണ്ട്. ഗ്രന്ഥശാലാ പ്രസ്ഥാനവും സാക്ഷരതാ പ്രസ്ഥാനവും പോലുള്ള പ്രസ്ഥാനങ്ങളുമുണ്ട്. ഇത്തരം സംഘടിത പ്രസ്ഥാനങ്ങളെല്ലാം കേരളത്തിന്റെ ശാപമാണെന്നു കരുതുന്ന ചിലരെ എനിക്കറിയാം. ഈ സമൂഹത്തിന്റെ വിപ്ലവകരമായ പുനസം

ഘനടയ്ക്കുവേണ്ടി ജീവിതം മുഴുവൻ ഉഴിഞ്ഞുവെച്ച എനിക്ക് ഇത്തരം കാഴ്ച പ്പാടുകളോട് അണുപോലും യോജിക്കാനാവില്ലായെന്നു പറയേണ്ടതില്ലല്ലോ. ഈ നാടിന്റെ സംഘടിതശേഷിയെയും ജനങ്ങളുടെ രാഷ്ട്രീയബോധത്തെയും ഉൽപ്പാദ നവും ഉൽപ്പാദനക്ഷമതയും ഉയർത്തുന്നതിനുവേണ്ടി ഉപയോഗപ്പെടുത്താനാകുമോ എന്നുള്ളതാണ് നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ചോദ്യം. സാധ്യമാണെ ന്ന് ഉറപ്പുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.''

1994-ലെ ഒന്നാമത് കേരള പഠന കോൺഗ്രസിനു ശേഷം 2005, 2011, 2015 എന്നി ങ്ങനെ മൂന്ന് പഠന കോൺഗ്രസുകൾ കൂടി നടന്നു. കേരളത്തിലെ ഇടതുപക്ഷ വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിൽ ഈ തുടർച്ചയായ സംവാദം വലിയ സംഭാവന നൽകിയിട്ടുണ്ട്. കോവിഡുമൂലം അഞ്ചാമത് അന്തർദേശീയ കേരള പഠന കോൺഗ്രസ് വിളിച്ചു ചേർക്കുന്നതിൽ താമസമുണ്ടായി. എന്നാൽ ഇതിനിടയിൽ സുപ്രധാനമായ മറ്റൊരു സംഭവം നടക്കുകയുണ്ടായി. സിപിഐ(എം) ''നവകേരള ത്തിനുള്ള പാർട്ടി കാഴ്ചപ്പാട്'' എന്ന സമഗ്രമായ രേഖ അംഗീകരിക്കുകയുണ്ടായി. അത് പുതിയ പഠന കോൺഗ്രസിന് വഴികാട്ടിയാകും.

പഠന കോൺഗ്രസിന്റെ പുതിയ പതിപ്പിന് ഒരു പ്രത്യേകതയുണ്ട്. പങ്കാളിത്തം പരമാവധിയാക്കുന്നതിനും സംവാദം കൂടുതൽ ആഴത്തിലുള്ളതാക്കുന്നതിനുംവേ ണ്ടി പഠന കോൺഗ്രസിന്റെ തയ്യാറെടുപ്പിന്റെ ഭാഗമായി വിവിധ വികസന മേഖ ലകളെക്കുറിച്ച് കേരളത്തിന്റെ എല്ലാ ജില്ലകളിലും വിപുലമായ സെമിനാറുകൾ നടത്തുകയാണ്. ഈ സെമിനാറുകളിൽ എത്തിച്ചേരുന്ന നിഗമനങ്ങളായിരിക്കും 2024-ലെ അഞ്ചാമത് കേരള പഠന കോൺഗ്രസിന് അടിസ്ഥാനമാവുക.

പൊതുവിൽ പറഞ്ഞാൽ ഈ തയ്യാറെടുപ്പ് സെമിനാറുകൾക്ക് ഒരു പൊതുരൂപ മുണ്ട്. സെമിനാർ ആരംഭിക്കുക ബന്ധപ്പെട്ട വികസന മേഖലകളിൽ പ്രവർത്തിച്ചു മികവ് തെളിയിച്ചിട്ടുള്ള വ്യക്തികളും സംഘങ്ങളും അനുഭവങ്ങൾ പങ്കുവച്ചുകൊ ണ്ടായിരിക്കും. ഇവയുടെ അടിസ്ഥാനത്തിലായിരിക്കും തുടർന്ന് വിദഗ്ദർ നയവിശക ലനങ്ങൾ നടത്തുക. ഇവ ക്രോഡീകരിച്ച് ഒരു പൊതുകാഴ്ചപ്പാടിൽ എത്തിച്ചേരും.

ഇതിൽ ആദ്യത്തെ സെമിനാർ പൊതുവിദ്യാഭ്യാസത്തെക്കുറിച്ചാണ്. ഈ മൂന്നു ദിവസ സെമിനാറിൽ രണ്ടാം ദിവസം നടക്കുന്ന വിദഗ്ദ ചർച്ചകളിൽ അവതരിപ്പി ക്കുന്ന 103 പ്രബന്ധങ്ങളുടെ സംഗ്രഹങ്ങളാണ് ഈ സഞ്ചികയിൽ ഉൾപ്പെടുത്തിയി ട്ടുള്ളത്. പ്രബന്ധങ്ങളുടെ പൂർണ്ണരൂപം അന്തർദേശീയ കേരള പഠന കോൺഗ്രസി ന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഒന്നാം ദിവസം നടക്കുന്ന അനുഭവ പങ്കുവയ്ക്കൽ ചർച്ചകളിൽ അവതരിപ്പിക്കുന്ന കുറിപ്പുകളുടെ സംഗ്രഹങ്ങളാണ് ഒന്നാം വാല്യ ത്തിൽ ചേർത്തിട്ടുള്ളത്.

ഒന്നാം ദിവസം 72 സമ്മേളനങ്ങളിലാണ് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്ന ത്. രണ്ടാം ദിവസം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയാടിസ്ഥാനത്തിൽ 32 സമ്മേളനങ്ങളും. സമാന്തരമായി ഇത്തരത്തിൽ സമ്മേളനങ്ങൾ നടക്കുന്നതുകൊണ്ട് പങ്കെടുക്കുന്നവർക്കെല്ലാവർക്കും തങ്ങൾക്ക് ഏറ്റവും താല്പര്യമുള്ള വിഷയങ്ങ ളെ തെരഞ്ഞെടുക്കാനും ചർച്ചകളിൽ സജീവപങ്കാളികളാകാനും കഴിയും. ഇത്ത രത്തിൽ ചർച്ചകളെ പ്രോത്സാഹിപ്പിക്കാനുതകുന്ന രീതിയിലാണ് സമ്മേളനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്.

ഇതൊരു തുറന്ന സെമിനാറാണ്. എന്നുവച്ചാൽ ഏതൊരാൾക്കും പ്രബന്ധങ്ങൾ അയച്ചുതരാം. രജിസ്റ്റർ ചെയ്ത് ചർച്ചകളിൽ പങ്കെടുക്കാം. ഇത് ഉറപ്പുവരുത്തുന്നതി നുവേണ്ടി കേരളത്തിലെ എല്ലാ സ്കൂളുകളിലേക്ക് രണ്ട് പ്രാവശ്യവും തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് മൂന്ന് പ്രാവശ്യവും ക്ഷണക്കത്തുകളും ഓർമ്മപ്പെടുത്തലും അയച്ചിട്ടുണ്ട്. കൂടാതെ എല്ലാ അധ്യാപക പരിശീലന കോളേജുകളിലേക്കും വി ദ്യാഭ്യാസ സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകൾക്കും ക്ഷണം അയച്ചിട്ടുണ്ട്.

പ്രബന്ധങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവ അച്ചടിയോഗ്യമാക്കുന്നതിനും പിന്നിലെ പ്രവർത്തനത്തിന്റെ വൈപുല്യം എടുത്തുപറയേണ്ടതുണ്ട്. അനുഭവം പങ്കുവയ്ക്കൽ സമ്മേളനങ്ങളിലേക്കുള്ള 400-ൽപ്പരം പ്രബന്ധങ്ങൾ അച്ചടിയോഗ്യ മാക്കുന്നതിന് എല്ലാ ജില്ലകളിലും ഒരു സംഘം വിദ്യാഭ്യാസ പ്രവർത്തകർ മൂന്ന് മാസമായി പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ മൊത്തം എണ്ണം 175 ഓളം വരും. ഇതിനു പുറമേ ജില്ലകളിൽ നിന്നും നേരിട്ടും കിട്ടിയ പ്രബന്ധങ്ങൾ അവതരണയോഗ്യമാ

ക്കുന്നതിന് 50-ഓളം പേർ തിരുവനന്തപുരത്തും പ്രവർത്തിച്ചിട്ടുണ്ട്.

കെ.എസ്.റ്റി.എ, ശാസ്ത്ര സാഹിത്യ പരിഷത്ത്, വിദ്യാർത്ഥി ഗവേഷക യൂണിയൻ (എ.കെ.ആർ.എസ്.എ) എന്നീ സംഘടനകളുടെ പ്രവർത്തകരാണ് മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിൽ പങ്കാളികളായത്. കെ.എസ്.റ്റി.എ തങ്ങളുടെ ജില്ലാ-സംസ്ഥാന ഓഫീസുകളിൽ ഈ പ്രവർത്തനങ്ങൾക്ക് സൗകര്യം ഒരുക്കിത്തരികയുണ്ടായി.

വിദ്യാഭ്യാസ സെമിനാറിന്റെ സംഘാടനത്തിനു ചുക്കാൻ പിടിച്ചിട്ടുള്ള രണ്ട് സമിതികളുണ്ട്. ഒന്ന്, എകെജി പഠന ഗവേഷണ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സെമിനാർ അക്കാദമിക് കമ്മിറ്റിയാണ്. പ്രൊഫ. സി. രവീന്ദ്രനാഥ് ചെയർമാനും, ഡോ. സി. രാമകൃഷ്ണൻ കൺവീനറുമാണ്.

രണ്ടാമത്തേത്, കേളുവേട്ടൻ പഠന കേന്ദ്രത്തിനു കീഴിൽ പ്രവർത്തിച്ച ആർ. പ്രദീപ് കുമാർ ചെയർമാനും, കെ.ടി. കുഞ്ഞിക്കണ്ണൻ കൺവീനറുമായുള്ള സംഘാടകസമിതിയാണ്. കഷ്ടിച്ചു രണ്ട് മാസംകൊണ്ടാണ് അവർ ഈ വിപുലമായ സെമിനാറിനു വേണ്ടുന്ന ഭൗതികസൗകര്യങ്ങൾ ഒരുക്കിയത്.

വിദ്യാഭ്യാസ സെമിനാറിനുള്ള തയ്യാറെടുപ്പുകൾ നടക്കുന്നവേളയിൽ തന്നെ തുടർന്നുള്ള മറ്റു വിഷയ സെമിനാറുകൾക്കുള്ള തയ്യാറെടുപ്പുകളും സമാന്തരമായി നടക്കുകയാണ്. എല്ലാ മാസവും ഒന്നോ രണ്ടോ വിപുലമായ സെമിനാറുകൾ കേരളത്തിൽ നടക്കും. ഇതിന് വി.ജി. മനമോഹൻ കൺവീനറായി ചെറിയൊരു സെക്രട്ടറിയേറ്റ് എകെജി പഠന ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ എല്ലാവരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ വിജയമാണ് കാണാൻ പോകുന്നത്. അതിന്റെയൊരു സൂചന മാത്രമാണ് പ്രൗഢമായ ഈ പ്രബന്ധ സംഗ്രഹം. എകെജി പഠന ഗവേഷണ കേന്ദ്രം ഡയറക്ടർ എന്ന നിലയിൽ ഇവരോടെല്ലാമുള്ള കടപ്പാട് കൃതജ്ഞതയോടെ സ്മരിക്കുന്നു.

കേന്ദ്ര സർക്കാരിന്റെ പുത്തൻ വിദ്യാഭ്യാസ നയം കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിയുടെ മുന്നിൽ വലിയ വെല്ലുവിളികൾ ഉയർത്തുന്ന കാലമാണിത്. ഭൂതകാലത്തിന്റെ നേട്ടങ്ങളിൽ അഭിമാനം കൊള്ളുമ്പോൾ തന്നെ ഈ പുതിയ വെല്ലുവിളികളെ മറികടന്ന് കേരള പൊതുവിദ്യാഭ്യാസത്തെ മികവിന്റെ അടിത്തറയിൽ ഉറപ്പിക്കാനുള്ള നിർദ്ദേശങ്ങൾക്ക് ഈ സെമിനാർ രൂപം നൽകുമെന്നതു തീർച്ചയാണ്.

**ടി.എം. തോമസ് ഐസക്**
ഡയറക്ടർ
എകെജി പഠന ഗവേഷണ കേന്ദ്രം

# ആധുനിക വിദ്യാഭ്യാസം

**ഈ** വർഷം നടക്കുന്ന പഠന കോൺഗ്രസ്സിലെ ആദ്യ ചർച്ചാ വിഷയം പൊതുവിദ്യാഭ്യാസമാണ്. ചർച്ചയിൽ പങ്കെടുക്കുന്ന ഏവർക്കും സ്വാഗതം. ഭാവി കേരളത്തെ മുന്നിൽകണ്ടുകൊണ്ടാണ് ഈ ചർച്ചയിൽ പങ്കുകൊള്ളേണ്ടത്. വിദ്യാഭ്യാസ ചർച്ചയെ തുടർന്ന് മറ്റ് നിരവധി വികസന മേഖലകളെക്കുറിച്ചും ചർച്ചകൾ നടക്കും. എല്ലാ മേഖലകളുടേയും ചർച്ചകൾക്കു ശേഷം അവ ക്രോഡീകരിച്ച് തയ്യാറാക്കുന്ന രേഖ ആധുനിക കേരളത്തിന്റെ സമഗ്രവികസന രേഖയായിരിക്കും. ഇത് മുന്നിൽ കണ്ടുകൊണ്ടാണ് വിദ്യാഭ്യാസരംഗത്തെ ചർച്ച നടക്കേണ്ടത്. കേരളത്തിന്റെ സമഗ്രവും സമ്പൂർണ്ണവുമായ ആധുനിക ബദൽ വികസനപരിപ്രേക്ഷ്യത്തിന്റെ പശ്ചാത്തലത്തിലാണ് ചർച്ചകൾ പുരോഗമിക്കേണ്ടത് എന്ന് ചുരുക്കം.

പൊതു വിദ്യാഭ്യാസരംഗത്ത് കേരളം എന്നും മാതൃകയാണ്. വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണവും സാർവ്വത്രികവൽക്കരണവും സൗജന്യവൽക്കരണവും ആണ് കേരളത്തിന്റെ തനിമയും സംഭാവനയും. നവോത്ഥാനത്തിനു മുമ്പ് വിദ്യാഭ്യാസം വരേണ്യവൽക്കരിക്കപ്പെട്ടിരുന്നു. വിദ്യനേടുവാൻ കഴിയാത്തവരായിരുന്നു ബഹുഭൂരിപക്ഷം വരുന്ന മലയാളികളും. ഈ അസമത്വം അക്കാലത്തെ ഫ്യൂഡൽ വ്യവസ്ഥയുടെ ഉൽപന്നമായിരുന്നു. ഫ്യൂഡൽ വ്യവസ്ഥ മാറാതെ വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണത്തിന് ഒട്ടുംതന്നെ സാധ്യതയില്ലായിരുന്നു. അതുകൊണ്ടാണ് ഐക്യകേരള പിറവിക്കുശേഷം അധികാരത്തിൽ വന്ന 1957 ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഭൂപരിഷ്കരണത്തിലൂടെ ഫ്യൂഡലിസത്തെ ഇല്ലായ്മ ചെയ്യുവാൻ ശ്രമിച്ചത്. അതോടൊപ്പം വിദ്യാഭ്യാസരംഗത്തെ പരിഷ്കരണവും നടത്തി. ഈ മാറ്റമാണ് വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തിനും സാർവ്വത്രികവൽക്കരണത്തിനും വഴിയൊരുക്കിയത്. ഇതോടെ സാംസ്കാരിക രംഗത്തും ചലനങ്ങളുണ്ടായി. അങ്ങിനെയാണ് മതനിരപേക്ഷസംസ്കാരം ഇവിടെ വളർന്നുവന്നത്. ഭ്രാന്താലയത്തിൽ നിന്നും മതനിരപേക്ഷകേരളത്തിലേക്കുള്ള അസൂയാവഹമായ വളർച്ചക്ക് വഴിമരുന്നും രാസത്വരകവുമായത് പൊതുവിദ്യാഭ്യാസമാണ്. ഈ ചരിത്രമാണ് ചർച്ചയിൽ പ്രധാനമായും ഓർക്കേണ്ടത്. തുടർന്നങ്ങോട്ടുള്ള വിദ്യാഭ്യാസരംഗത്തെ ഓരോ പരിഷ്കാരങ്ങളും പുരോഗമനപാതയിലൂടെ മുന്നോട്ടുകൊണ്ടുപോയത് ഇടതുപക്ഷപ്രസ്ഥാനമാണ്. ഇടതുപക്ഷപ്രസ്ഥാനത്തിന് 2022 വരെ തുടർഭരണം ലഭിച്ചിരുന്നില്ല എന്നതുകൊണ്ട് വിദ്യാഭ്യാസരംഗത്തെ പുരോഗമനവൽക്കരണവും ആധുനികവൽക്കരണവും നാം ആഗ്രഹിക്കുന്നതുപോലെ ആയില്ല. മറിച്ച് ഔട്ട് കം ബേസ്ഡ് ബോധനരീതിശാസ്ത്രമെന്ന സാമ്പ്രദായിക രീതിപോലും ഇവിടെ നടപ്പിലാക്കപ്പെട്ടു. ഇതോടുകൂടി വിദ്യാഭ്യാസരംഗത്തെ പല ആധുനികവൽക്കരണ ശ്രമങ്ങളും ബോധപൂർവ്വം തടയപ്പെട്ടു. തുടർച്ചയായ ഇടതുപക്ഷഭരണമുണ്ടായിരുന്നെങ്കിൽ ഒരു പക്ഷെ ലോകത്തിൽ വെച്ച് തന്നെ ഏറ്റവും നല്ല വിദ്യാഭ്യാസമേഖല നമ്മുടേതാകുമായിരുന്നു. ഇതിനുണ്ടായിരുന്ന ഓരോ തടസ്സങ്ങളും സമഗ്രമായി വിലയിരുത്തപ്പെടണം.

വിദ്യാഭ്യാസമേഖലക്കുള്ള മറ്റൊരു പ്രഹരമായിരുന്നു 1991 ലെ നവലിബറൽ നയങ്ങൾ. കമ്പോള സംസ്കാരം വിദ്യാഭ്യാസത്തിൽ പ്രതിഫലിക്കുവാനുള്ള അവസരമാണ് ഇതിലൂടെ ഉണ്ടായത്. മാനവീകതക്ക് ക്ഷതമേൽപ്പിച്ചുകൊണ്ട് വന്ന ഈ മാറ്റം നിരവധി പ്രശ്നങ്ങൾ സൃഷ്ടിച്ചു. കമ്പോളവൽക്കരണം പതുക്കെ പതുക്കെ വർഗ്ഗീയവൽക്കരണത്തിന് വഴിയൊരുക്കി. അതോടെ പൊതുവിദ്യാഭ്യാസത്തിന്റെ മൂല്യങ്ങൾക്ക് ക്ഷതം സംഭവിച്ചു. ചുരുക്കത്തിൽ കമ്പോളവൽക്കരണവും സ്വകാര്യവൽക്കരണവും ചേർന്ന് പൊതുവിദ്യാഭ്യാസത്തിന്റെ യശസ്സ് നഷ്ടപ്പെടുത്തി. വർഗ്ഗീയവൽക്കരണത്തിനുള്ള പശ്ചാത്തലമൊരുക്കിയത് ഇങ്ങിനെയാണ്. ഉന്നതവിദ്യാഭ്യാസരംഗത്ത് സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി സ്വാശ്രയ വിദ്യാഭ്യാസംപോലും കടന്നുവന്നു. ഇതിനെല്ലാം പിൻബലമായി വലതുപക്ഷ രാഷ്ട്രീയവും നിലനിന്നു. ഇതോടെ കേരളത്തിന്റെ വിദ്യാഭ്യാസമേഖലയുടെ യശസ്സിന് അല്പം കുറവുണ്ടായി. പൊതുവിദ്യാഭ്യാസരംഗം ക്ഷീണിച്ചുതുടങ്ങി.

ഈ ഘട്ടത്തിലാണ് 2016 ൽ ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വരുന്നതും പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം ഒരു മിഷനായി ആരംഭിച്ചതും. സ്വകാര്യവൽക്കരണത്തിനും വർഗ്ഗീയവൽക്കരണത്തിനും എതിരെ പോരാടുന്ന സർക്കാർ പൊതുവിദ്യാഭ്യാസത്തെ ശാക്തീകരിക്കുകയും ജനകീയവൽക്കരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്തു. ഈ മാറ്റം കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തെ കൂടുതൽ ഉണർത്തി. പൊതുവിദ്യാഭ്യാസരംഗത്ത് അനന്യമായ നിരവധി മാറ്റങ്ങളുണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞു. സ്വകാര്യവൽക്കരണത്തിന്റെയും വർഗ്ഗീയവൽക്കരണത്തിന്റെയും അഖിലേന്ത്യാ പശ്ചാത്തലത്തിൽ പോലും വിദ്യാഭ്യാസത്തെ ആധുനികവൽക്കരിക്കുവാൻ കേരളത്തിനു കഴിഞ്ഞു.

ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് 2021 ൽ തുടർഭരണം ലഭിച്ചു എന്നത് വിദ്യാഭ്യാസത്തിന്റെ ആധുനിക വൽക്കരണത്തിനു ലഭിച്ച ഏറ്റവും വലിയ ജനകീയ പിന്തുണയായി കാണണം. മാത്രവുമല്ല വിദ്യാഭ്യാസത്തിന്റെ പുരോഗതിയിൽ കേരളത്തിലെ ഏറ്റവും വലിയ തടസ്സമായിരുന്ന ഭരണത്തുടർച്ചയില്ലായ്മ അവസാനിച്ചു. അതായത് പൊതു വിദ്യാഭ്യാസത്തെ ശാക്തീകരിക്കുവാൻ അനുകൂലമായ പ്രധാന പശ്ചാത്തലം ഉണ്ടായികഴിഞ്ഞു എന്നർത്ഥം. ഇത് തിരിച്ചറിഞ്ഞുകൊണ്ടുവേണം ഈ പഠനകോൺഗ്രസ്സിലെ ചർച്ചകൾ മുന്നോട്ടുപോകുവാൻ.

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം 4 വർഷം പൂർത്തിയായപ്പോൾ മറ്റൊരു വെല്ലുവിളികൂടി ഉയർന്നു. അത് കേന്ദ്രസർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയമാണ് (NEP). തികച്ചും അധികാരകേന്ദ്രീകൃതവും നവലിബറൽ നയാധിഷ്ഠിതവുമായ ഈ നയം കേന്ദ്ര സർക്കാർ ജനാധിപത്യവിരുദ്ധമായി നടപ്പിലാക്കുകയാണ്. ഈ വെല്ലുവിളിയെ എങ്ങിനെ നേരിടണം എന്നതും ഇക്കാലതതെ മുഖ്യ ചർച്ചാവിഷയമാകണം. അതുകൊണ്ടുതന്നെ ഈ ചർച്ചയിലെ ഒരു മുഖ്യവിഷയം കേന്ദ്ര വിദ്യാഭ്യാസനയം തന്നെയാകണം.

ലോകവിദ്യാഭ്യാസരംഗത്ത് ആഗോളവൽക്കരണവും ധനമൂലധനവും അപകടകരമായ നിരവധി മാറ്റങ്ങളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. അവയെല്ലാം പൊതുവിദ്യാഭ്യാസത്തിന് എതിരാണ്. വരാൻപോകുന്ന ജ്ഞാനസമ്പദ് വ്യവസ്ഥയിൽ അറിവിനെ ചരക്കാക്കി മാറ്റി കൈപ്പിടിയിലൊതുക്കുവാൻ സാമ്രാജ്യത്വം ശ്രമിക്കുകയാണ്. അതോടെ അറിവിന്റെ സാർവ്വത്രികവൽക്കരണവും ജനകീയവൽക്കരണവും നഷ്ടപ്പെടും. കേരളത്തിന്റെ പൊതുവിദ്യാഭ്യാസമേഖല നേരിടുവാൻ പോകുന്ന ഏറ്റവും വലിയ ഭീഷണിയാണിത്. വളരെ ഗൗരവത്തോടെ ഈ വിഷയത്തെ കണക്കിലെടുക്കണം. ഈ ഭീഷണി ഉയരുന്ന വർത്തമാനകാലത്ത് എങ്ങിനെ കേരളത്തിന്റെ പൊതുവിദ്യാഭ്യാസമേഖലയെ സംരക്ഷിക്കാം, വളർത്താം എന്ന മൂർത്തമായ ചർച്ചകൾ നടക്കണം.

ധനമൂലധനത്തിന്റെ തള്ളിക്കയറ്റവും വർഗ്ഗീയവൽക്കരണവും ജ്ഞാനസമ്പദ് വ്യവസ്ഥയും സൃഷ്ടിക്കുന്ന ഭീഷണികളെ ചെറുത്ത് ഇടതുപക്ഷഭരണം തുടരുന്നതിന്റെ പശ്ചാത്തലത്തിൽ എങ്ങിനെ വിദ്യാഭ്യാസത്തെ നവീകരിക്കാം എന്ന് പരിശോധിക്കണം.

**പ്രൊഫ. സി. രവീന്ദ്രനാഥ്**
ചെയർമാൻ,
പൊതുവിദ്യാഭ്യാസം
സെമിനാർ അക്കാദമിക് സമിതി

# മുഖക്കുറിപ്പ്

**ക**ഴിഞ്ഞ 25 വർഷങ്ങളായി പൊതുവിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തുന്നതിനായി നടന്ന സാമൂഹ്യവും അക്കാദമികമായ പരിശ്രമങ്ങളാണ് 03/05/2023 ന് പങ്കുവയ്ക്കപ്പെട്ടത്. ഇന്നലെകളിലേയും ഇന്നിന്റെയും അനുഭവങ്ങളുടെ കരുത്തിൽ ഉറച്ചു നിന്നു കൊണ്ടാണ് നവകേരളത്തിലെ വിദ്യാഭ്യാസത്തെ കുറിച്ചുള്ള ആലോചനകൾ നടക്കേണ്ടത്.

ഇങ്ങനെ ചെയ്യുമ്പോൾ വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയമാനത്തെകുറിച്ചും സാമൂഹികമാനത്തെ കുറിച്ചും അക്കാദമികമാനത്തെ കുറിച്ചുമെല്ലാം സംവദിക്കേണ്ടി വരും. എല്ലാവരെയും ഉൾക്കൊള്ളുന്ന ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസം കൂടുതൽ ശക്തിപ്പെടുത്തേണ്ട സാമൂഹിക രാഷ്ട്രീയ സാഹചര്യം ആണ് ഇന്ന് രാജ്യത്ത് നിലനിൽക്കുന്നത്.

ദേശീയ വിദ്യാഭ്യാസം നയത്തിൽ പൊതുവേ കൈകൊണ്ട കേന്ദ്രീകരണവും സ്വകാര്യവൽക്കരണവും വർഗ്ഗീയവത്കരണവും അജണ്ട യൂണിയൻ സർക്കാർ നടപ്പാക്കാൻ തുടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെ തന്നെ വർഗീയ വൽക്കരിക്കാനും അതിൽ തന്നെ ഭൂരിപക്ഷ വർഗീയതയെ അടിച്ചേൽപ്പിക്കാനുള്ള യൂണിയൻ സർക്കാരിന്റെ തുറന്ന പ്രഖ്യാപനമാണ് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2023 ലൂടെ പുറത്തുവന്നത്.

പഠന ഭാരം കുറക്കാനെന്ന പേരിൽ യൂണിയൻ സർക്കാറിന് അപ്രിയമായ ഭാഗങ്ങളെല്ലാം എൻസിഇആർടി യെ ഉപയോഗിച്ചുകൊണ്ട് ഒഴിവാക്കുന്നു. മധ്യകാല ഇന്ത്യയുടെ ചരിത്രം കുട്ടികൾ പഠിക്കേണ്ടതില്ല എന്ന നിലപാട് പ്രസ്തുത ഭാഗങ്ങൾ അടക്കം പാഠപുസ്തകങ്ങളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് യൂണിയൻ സർക്കാർ കൈക്കൊണ്ടിരിക്കുന്നു. അതുപോലെ പുരോഗമനപരമായ മുന്നേറ്റങ്ങളുടെ ചരിത്രം കുട്ടികൾ അറിയേണ്ടതില്ല എന്ന നിലപാടും കൈക്കൊള്ളുന്നു. അതിന്റെ ഭാഗമായി ഇപ്പോൾ കുട്ടികൾ പഠിച്ചു കൊണ്ടിരിക്കുന്ന പലകാര്യങ്ങളും ഒഴിവാക്കി. ഏതെല്ലാം ഒഴിവാക്കപ്പെട്ടു എന്ന് പരിശോധിച്ചാൽ കാര്യം വ്യക്തമാകും. ഡാർവിന്റെ പരിണാമ സിദ്ധാന്തം പോലും പുസ്തകങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുന്നു. ഇതെല്ലാം സംബന്ധിച്ച് സാമൂഹ്യ സംവാദങ്ങൾ നടന്നു കൊണ്ടിരിക്കുന്ന സമയത്താണ് പൊതുവിദ്യാഭ്യാസ സെമിനാർ നടക്കുന്നത്. അതുകൊണ്ടുതന്നെ ജനാധിപത്യ മതനിരപേക്ഷ ബദൽ ഉയർത്തി കൊണ്ടു വരുന്നതിനുള്ള അക്കാദമിക സംഭാവന നൽകുക എന്ന ഉത്തരവാദിത്വം കൂടി ഉണ്ടായി വന്നിരിക്കുന്നു.

സെമിനാറിന്റെ ഭാഗമായി വിവിധ തീമുകളുടെ ആഴത്തിലുള്ള ചർച്ചകൾ നടത്താൻ സഹായകമാകും വിധമാണ് സെമിനാർ ക്രമീകരിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ തീമുകളെ അടിസ്ഥാനമാക്കിയുള്ള വിവിധ സമ്മേളനങ്ങളിൽ കേന്ദ്രീകരണത്തിനും വർഗീയവൽക്കരണത്തിനും പകരം വയ്ക്കാവുന്ന ബദൽ നിർദ്ദേശങ്ങൾ ഉയർന്നു വരേണ്ടതുണ്ട്. അതിന് സഹായകരമാകുന്ന ചർച്ചകൾ ഉയർത്തുന്ന പ്രബന്ധങ്ങളാണ് സഞ്ചയിക രണ്ടിൽ ഉള്ളത്. കേരളത്തിൽ പാഠ്യപദ്ധതി രൂപപ്പെടുത്തുന്ന ഈ ഘട്ടത്തിൽ ഈ സെമിനാർ പേപ്പറുകൾ ഒരുക്കുന്ന അക്കാദമികമായ ആശയ പ്രപഞ്ചം ഏറെ സഹായകമാകും.

വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ സംഭാവന നൽകിയിട്ടുള്ള അക്കാദമിക പണ്ഡിതരുടെയും ഗവേഷകരുടെയും, ഗവേഷണ വിദ്യാർത്ഥികളുടെയും ചിന്തകൾ ഈ പുസ്തകത്തിലുണ്ട്.

ഇതിൽ പ്രസിദ്ധീകരിച്ച സംഗ്രഹങ്ങൾ അത് എഴുതിയവരുടെ അഭിപ്രായങ്ങളാണ്. അതിന്റെ പൂർണ്ണമായ ഉത്തരവാദിത്തം അവർക്ക് മാത്രമായിരിക്കും. മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസത്തിനായുള്ള ബദൽ അന്വേഷണത്തിന്റെ ഭാഗമായി വൈവിധ്യമാർന്ന ചിന്തകൾ ഒരു പൊതു പ്ലാറ്റ് ഫോമിലേക്ക് ഈ പുസ്തകത്തിലൂടെ കൊണ്ടുവരിക എന്ന ധർമ്മാണ് പഠനകോൺഗ്രസ്സിന്റെ മുന്നോടിയായി നടക്കുന്ന പൊതു വിദ്യാഭ്യാസ സെമിനാറിലൂടെ അതിനായി രൂപികരിച്ച അക്കാദമിക സമിതി ചെയ്യുന്നത്.

**ഡോ. സി. രാമകൃഷ്ണൻ**<br>
കൺവീനർ,<br>
പൊതുവിദ്യാഭ്യാസം<br>
സെമിനാർ അക്കാദമിക് സമിതി

1

# നവകേരളവിദ്യാഭ്യാസം- പഠനകോൺഗ്രസുകളിലൂടെ- ഒരുഅവലോകനം

ബിജു കെ., തമിഴ്നാട്, കേന്ദ്രസർവകലാശാല

**2030** ഓടെ എല്ലാവർക്കും ആജീവനാന്തപഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തുല്യവും ഉൾക്കൊള്ളുന്നതും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നു എന്നതാണ് SDG-4 നമുക്ക് വ്യക്തമാക്കിത്തരുന്നത്. എന്നാൽ, മുറെ എൻ റോത്ത് ബാർഡ്‌വാദിക്കുന്നത് നിർബന്ധിത സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള പ്രേരണയുടെ ചരിത്രം നയിക്കുന്നത് പരോപകാരമല്ല, മറിച്ച് സമൂഹത്തിലെ ആധിപത്യശക്തികൾ ആഗ്രഹിക്കുന്ന ഒരുരൂപത്തിലേക്ക് ജനങ്ങളെ നിർബന്ധിതരാക്കാനുള്ള ആഗ്രഹത്താലാണ് ''എന്തുകൊണ്ടാണ് എല്ലാ വിദ്യാർത്ഥികളും ഒരേ കാര്യം ഒരേ സമയം ഒരേ രീതിയിൽ ചെയ്യേണ്ടത്?'' ഈചോദ്യവും അദ്ദേഹം ഉന്നയിക്കുന്നു. ''സ്കൂളിംഗ് ദി വേൾഡ് ദിവൈറ്റ്മാൻ ലാസ്റ്റ് ബർഡൻ'' എന്ന സിനിമയിൽ കേന്ദ്രപഠന അതോറിറ്റി സ്ഥാപിക്കുക വഴി പരമ്പരാഗത സുസ്ഥിര കാർഷിക പാരിസ്ഥിതിക അറിവുകളെ തകർക്കാനും വിപുലമായ കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും വിഘടനം എന്നിവയ്ക്ക് കാരണമാകുന്നു എന്ന വിമർശനം ഉയർത്തുന്നുണ്ട്. അമേരിക്കൻ വിദ്യാഭ്യാസ സാഹചര്യം കണക്കിലെടുത്തുള്ള ഇത്തരം നിരീക്ഷണങ്ങൾ പുതിയ ദേശീയവിദ്യാഭ്യാസനയത്തിന്റെ സാഹചര്യത്തിൽ വളരെ പ്രസക്തമാണ്.

സാമൂഹികജീവിതമാണ് അവബോധത്തെ നിർണയിക്കുന്നത്. സാമൂഹിക ബന്ധങ്ങളുടെ സമന്വയമാണത്. വഴികാട്ടിയില്ലാത്ത സ്വാഭാവികത തൃപ്തികരമായ ഒരു വിദ്യാഭ്യാസ അനുഭവത്തിൽ കലാശിക്കില്ല.

യഥാർഥത്തിൽ കൂടുതൽ വളർച്ചയല്ലാതെ വളർച്ചയ്ക്ക് അപേക്ഷികമായി ഒന്നുമില്ല എന്നതിനാൽ കൂടുതൽ വിദ്യാഭ്യാസം ഒഴികെ വിദ്യാഭ്യാസത്തിന് കീഴ്‌വഴക്കമുള്ള ഒന്നുമില്ല. ഇത് പറഞ്ഞത് ജോൺ ഡ്യൂയിയാണ്. ജീവിതത്തിൽനിന്നു തന്നെ പഠിക്കാനും ജീവിത സാഹചര്യങ്ങൾ എല്ലാവർക്കും പഠിക്കാൻ കഴിയുന്ന തരത്തിലാക്കാനുമുള്ള ചായ്‌വ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ മികച്ച ഉത്പന്നമാണ്. വിദ്യാഭ്യാസ പ്രക്രിയ തുടർച്ചയായ പുനഃസംഘാടനം, പുനർനിർമ്മാണം, പരിവർത്തനം എന്നിവയുടേതാണ്.

കേരളം അനുഭവിക്കുന്ന വികസനം മുരടിപ്പ് അതിന്റെ കാരണങ്ങൾ അവയെ സധൈര്യം അഭിമുഖീകരിക്കുന്നതിനും നേരിടുന്നതിനുമുള്ള തുറന്ന സംവാദവേദിയായി കോൺഗ്രസിനെ ദീർഘദശിയായ ഇഎംഎസ്വിഭാവനം ചെയ്തു. പഠനകോൺഗ്രസുകൾ കൈകാര്യം ചെയ്തവിഷയങ്ങളുടെ വിപുലത, സമഗ്രത, ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ നവീനാശയങ്ങൾ തുടങ്ങിയവ ഇന്ന് കേരളം വിദ്യാഭ്യാസരംഗത്ത് കൈവരിച്ച നേട്ടങ്ങളുടെ ആധാരശിലകളായി കാണുന്നതിൽ തെറ്റില്ല.

ഒന്നാം അന്താരാഷ്ട്ര പഠനകോൺഗ്രസിൽ വ്യത്യസ്തപഠനലുകൾ പ്രബന്ധരൂപത്തിലുംപ്രഭാഷണ രൂപത്തിലും കൈകാര്യം ചെയ്യപ്പെടുകയുണ്ടായി. വ്യത്യസ്ത മേഖലകളെ നിഷ്പക്ഷമായി വിമർശനാത്മകമായി വിശകലനം ചെയ്യപ്പെടുകയും നിർദേശങ്ങൾ അവതരിപ്പിക്കപ്പെടുകയും ഉണ്ടായി. ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രതിസന്ധികൾക്ക് പരിഹാരമായി രാഷ്ട്രീയ അതിപ്രസരം ഒഴിവാക്കൽ, പ്രീഡിഗ്രി വേർപ്പെടുത്തൽ, ഓപ്പൺയൂണിവേഴ്സിറ്റി തുടങ്ങിയവനിർദേശിക്കപ്പെടുകയുണ്ടായി. അന്താരാഷ്ട്രമികവിലേക്ക് ഉയരാനുള്ള അവസരം കുട്ടികൾക്ക് ഒരുക്കേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാട്ടി, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാമ്പത്തികേച്ഛ കലർന്ന പ്രവർത്തനങ്ങൾ വിമർശനവിധേയമായി.

വികസനാനുഭവത്തെ പരിശോധിക്കുകയും വികസന നയരേഖ സംവാദങ്ങളിലൂടെ രൂപപ്പെടുത്തുന്നതിനുള്ള ധൈഷണിക വ്യവഹാരമായിട്ടാണ് രണ്ടാംപഠനകോൺഗ്രസ് (2005 ഡിസംബർ 9–11 തിരുവനന്തപുരം) വിലയിരുത്തപ്പെട്ടത്. സംവാദന രീതിയിൽ മാത്രമല്ല ഉള്ളടക്കത്തിലും പുതിയ ഊർജ്ജത്തോടെ ആയിരുന്നു രണ്ടാംകോൺഗ്രസ്. ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ ജെൻഡർ ഒരു പ്രധാന വിഷയമായത് ഈ കോൺഗ്രസ്സിൽ ആയിരുന്നു. സ്വാശ്രയ വിദ്യാഭ്യാസം എങ്ങനെയാണ് സാമൂഹിക നീതിക്ക് വെല്ലുവിളിയായത് എന്ന് ചർച്ചചെയ്യപ്പെട്ടു. സാർവ

ത്രിക പൊതുസ്കൂൾ ഗുണമേന്മാവിദ്യാഭ്യാസം കഴിഞ്ഞകാല നേട്ടങ്ങൾ സംരക്ഷിക്കപ്പെടുന്നതോടൊപ്പം ഭാവിയിലേക്കുള്ള സ്വന്തം പാത രൂപപ്പെടുത്തുന്നതിൽ പ്രാധാന്യമുള്ളതാണ് എന്ന് വിലയിരുത്തപ്പെട്ടു. സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ എണ്ണത്തിലുള്ള വർധനവിന് അല്ല, ഗുണമേന്മ വർധിപ്പിക്കലിനാവണം ഊന്നൽ; പ്രീപ്രൈമറി വിദ്യാഭ്യാസംശക്തിപ്പെടുത്തണം, ആദിവാസി മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ സാർവ്വത്രികപ്രവേശനം ഉറപ്പുവരുത്തണം, സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഇന്നത്തെ രീതി അവസാനിപ്പിക്കണം (കേരളവികസനഅജണ്ട 2006–2016 സമീപനരേഖ കരട്പേജ് നമ്പർ 51) എന്നിങ്ങനെ നാം ഒരുപാട് മുന്നേറിയ വിവിധ നിർദേശങ്ങൾ രൂപപ്പെടുകയുണ്ടായി.

മൂന്നാം അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ് (2011 ജനുവരി 1–3, തിരുവനന്തപുരം) മാറുന്ന ലോക സാഹചര്യത്തിൽ കേരളവികസനത്തിന് ആവശ്യമായ വിദ്യാഭ്യാസം, ഗുണമേന്മയുള്ള വിദ്യാഭ്യാസം അനുഭവങ്ങളും വെല്ലുവിളികളും, ദേശീയവിദ്യാഭ്യാസ പരിഷ്കാരങ്ങൾകേരളത്തിൽ പ്രയോഗിക്കുമ്പോൾ, ജ്ഞാനനിർമ്മിതിയും തൊഴിൽ നൈപുണിയും, ഉന്നതവിദ്യാഭ്യാസത്തിലെ ജനാധിപത്യ വികേന്ദ്രീകരണം, സ്കൂൾ വിദ്യാഭ്യാസത്തിലെ ജനാധിപത്യവികേന്ദ്രീകരണം, വിദ്യാഭ്യാസത്തിനു വേണ്ട വിഭവങ്ങൾ – ആവശ്യവും ലഭ്യതയും, വിദ്യാഭ്യാസം വരുത്തേണ്ട ഘടനാപരമായ മാറ്റങ്ങൾ, വ്യത്യസ്ത ശേഷികൾ ഉള്ളവരുടെ വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം നേട്ടങ്ങളും വെല്ലുവിളികളും എന്നീ തലക്കെട്ടുകൾ ആയി വ്യത്യസ്ത പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടുകയും ചർച്ചചെയ്യപ്പെടുകയും ചെയ്തു. കേരളവികസന അനുഭവത്തിന്റെ തനിമ കേന്ദ്രീകൃതമാക്കുന്ന സംവാദമായിരുന്നു മൂന്നാംപഠനകോൺഗ്രസിന്റെ മുഖവുര. പ്രാവർത്തികമാക്കപ്പെട്ട കാഴ്ചപ്പാടുകളുടെ വിമർശനാത്മക പരിശോധനയ്ക്ക് ആയിരുന്നു ഊന്നൽ.

യാഥാർത്ഥ്യബോധമുള്ളതും നിർവഹണ സാധ്യവുമായ വികസന നിർദേശങ്ങളുടെ രൂപീകരണം.

- പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിലനിൽപ്പിനും വികാസത്തിനും ആവശ്യമായപ്രവർത്തനപരിപാടികൾ.
- ബോധനനിലവാരം
- തൊഴിൽവിദ്യാഭ്യാസത്തിന്റെ വികാസം
- വിദ്യാഭ്യാസത്തിന്റെചെലവ്

ലാഭാധിഷ്ഠിതസ്ഥാപനങ്ങളായി മാറ്റാനുള്ള നീക്കത്തെചെറുക്കൽ – സ്കൂൾപാഠ്യപദ്ധതി, സ്കൂൾവിദ്യാഭ്യാസം, ഭരണപരമായപ്രശ്നങ്ങൾ, സ്കൂൾപിന്തുണ സംവിധാനങ്ങൾ,

സ്കൂൾവിദ്യാഭ്യാസബദലുകൾ – തുടങ്ങിയമേഖലകളെ അഭിസംബോധനചെയ്യുന്ന ഒന്നായിരുന്നു 2015 മെയ് 16ലെ നാലാമത് പഠന കോൺഗ്രസിന്റെ ഭാഗമായി കാസർഗോഡ്വച്ച് നടന്ന വികസനമേഖല സെമിനാർ.

പാഠ്യപദ്ധതിയെ ചരിത്രപരമായും സാമൂഹികപരമായും വിലയിരുത്തുന്ന പ്രബന്ധങ്ങളിലെ വിലയിരുത്തലുകൾ കേരളീയ പശ്ചാത്തലത്തിൽ പ്രാധാന്യമുള്ളവയാണ്. ഗവേഷണപരത കുറവാണ്എന്നപരിഭവം രേഖപ്പെടുത്താതിരിക്കാനാവില്ല.

ബഹുജനങ്ങളുടെ വിദ്യാഭ്യാസബോധം, പങ്കാളിത്തം, വിദ്യാഭ്യാസത്തിന്റെ സാമൂഹിക രാഷ്ട്രീയ വിലയിരുത്തലുകൾ എന്നിവയൊക്കെ പ്രബന്ധ വിഷയമായിട്ടുണ്ട്. പഠനം സർഗാത്മകമാക്കപ്പെടുക മാതൃഭാഷയിലൂടെയാണ് എന്ന അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ഭരണ ഭാഷമലയാളത്തിൽ ഏറെക്കുറെ പ്രായോഗികമാക്കാൻ സാധിച്ച കേരളത്തിൽ, മാതൃഭാഷയിലൂടെ ഉള്ള പഠനം എന്ന കുട്ടികളുടെ അവകാശത്തിൽ ഊന്നുന്ന ഭരണ ഇടപെടലുകൾ ഈ ശ്രമത്തിന് ശക്തിപകരുന്നു. ഇംഗ്ലീഷ് രണ്ടാം ഭാഷയായി പഠിപ്പിക്കുകയും, വിദ്യാർഥികളുടെ ശബ്ദങ്ങൾ ബഹുഭാഷയിൽ വ്യാപരിക്കപ്പെടുന്നതിന്റെ ആവശ്യകതയും ഇംഗ്ലീഷ് ബോധനരീതികളുടെ നവീകരണവും രേഖപ്പെടുത്തിയിരിക്കുന്നു.

വ്യത്യസ്ത വിദ്യാഭ്യാസ തലങ്ങളിലെ സാമൂഹിക വിലയിരുത്തലുകൾ ശക്തിപ്പെടുത്തുന്നത് ഇന്നും പ്രസക്തമാണ്. നിരന്തര മൂല്യനിർണയമേഖല പ്രബന്ധ വിഷയമായെങ്കിലും വേണ്ടത്ര ഗൗരവം കാണാൻ കഴിഞ്ഞില്ല. വർഗവിഭജനത്തെയും നിരന്തരമൂല്യ നിർണയഘട്ടങ്ങളെയും സൂചിപ്പിക്കുന്ന തൊഴിച്ച് ഗവേഷണാധിഷ്ഠിതമായ പ്രബന്ധങ്ങളുടെ കുറവ് പ്രത്യേകം ശ്രദ്ധിക്കപ്പെടാവുന്നതാണ്.

പൊതുവിദ്യാഭ്യാസത്തിന്റെ ഘടന, വിദ്യാഭ്യാസ വ്യവസ്ഥകളുടെ പുനഃസംഘാടനം, സിസ്റ്റം, ഓർഗനൈസേഷൻ എന്നീ പ്രബന്ധങ്ങൾ പ്രത്യേക വായനാ പരിഗണന അർഹിക്കുന്നവയായിരുന്നു. കേരളവിദ്യാഭ്യാസനിയമചട്ടങ്ങൾ കാലിക പ്രയോഗ പ്രസക്തി അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളിൽ ഒന്നാണ്. പുതിയ ദേശീയവിദ്യാഭ്യാസനയത്തിന്റെ പശ്ചാത്തലത്തിൽ ഈ വിഷയം പ്രത്യേക പരിഗണന അർഹിക്കുന്നു. വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പഴുതുകളടച്ച് വിശകലനത്തിനും കേരളീയ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ അനുഗുണമായ രീതിയിൽനടപ്പിലാക്കേണ്ടുന്നതിന്റെ സാംഗത്യത്തെയും ചർച്ച ചെയ്യപ്പെടേണ്ടതാണ്.

സത്യാനന്തര കാലം മുന്നോട്ടുവയ്ക്കുന്ന വ്യത്യസ്തങ്ങളായ ആഗോള വെല്ലുവിളികളെയും ഏകപക്ഷീയമായ നയങ്ങൾ അടിച്ചേൽപ്പിക്കപ്പെടുന്ന ദേശീയ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലങ്ങളെയും, സാമൂഹിക സാംസ്കാരിക ബൗദ്ധികനിലവാരത്തിൽ മാറ്റങ്ങൾ പ്രതിഫലിപ്പിക്കുന്ന വിദ്യാർത്ഥി സമൂഹങ്ങളെയും, അഭിസംബോധന ചെയ്യുന്ന വ്യക്തവും കൃത്യതയുമാർന്ന ദീർഘവീക്ഷണത്തോടുകൂടിയുള്ള ജനകീയ ഭരണത്തിനു കീഴിൽ വിദ്യാഭ്യാസംസർവ്വതല സ്പർശിയായ വികസനകുതിപ്പ് തുടരുന്ന ഈഅവസരത്തിൽ, അഞ്ചാമത് പഠനകോൺഗ്രസിലേക്ക് ക്രിയാത്മകമായ നിർദ്ദേശങ്ങൾ സന്നിവേശിപ്പിക്കാൻ ഈ വിദ്യാഭ്യാസ സെമിനാറിന് കഴിയേണ്ടതുണ്ട്.

# ദേശീയ വിദ്യാഭ്യാസ നയം -
# ബദൽ സമീപനം

2

## NEP- NCF 2023: Implications of the ‘Choice-based’ Restructured Secondary School

Prof. Anita Rampal

**NCF** 2023 is not what a ‘national curriculum framework’ is meant to be – as a guiding document, for NCERT and the state nodal institutions to develop their own curricula, syllabi and textbooks, while ensuring the core constitutional values, with a focus on relevance, flexibility and academic quality. This document (with over 625 pages) is an overly elaborate centralised curriculum design. It is precisely what NCF 2005 (with 125 pages) had warned against - an instrument for imposing uniformity, contrary to the concurrent nature of education in the federal structure, and the role of states in ensuring cultural diversity and equity.

NCF 2023 lays out an extremely detailed plan, through a micromanaged design for the entire spectrum of school stages - with details of the subject areas, syllabus outline, sample lesson plans, learning standards, curricular goals and expected outcomes. Even time allocations for a school are indicated, ‘an assembly for 25 minutes with 05 minutes to reach the classroom’. This is not all; it declares that nine more volumes will follow, with greater details on specific matters, “to enable the implementation of the NCF, and its use by practitioners, from curriculum and textbook developers, to teachers and assessors”.

A major thrust of NCF 2023, is a total restructuring of the school into what it calls the 5+3+3+4 pattern. There are problems with the overall pattern of restructured stages, especially with the approach to the Foundational Stage. However, the implications of the structuring of the Secondary Stage comprising of Grades 9-12, are of serious concern. It tends to offer a platter of minimalist education to most, spread thinly into several inconsequential subjects, which might seem ‘easy’ to pass, but will not ensure depth, criticality of learning and coherent expertise for any higher studies.

Or earlier policies have insisted that all students complete ten years of secondary school with a broadly common curriculum, and should be segregated only later, into different streams - science, arts/humanities, and commerce - at the Higher Secondary school (Grades 11-12) or given the option of vocational education. However, NCF 2023 proposes to completely change this, with a questionable claim that the new design will enable breadth in Grades 9-10 through a broad spectrum of courses across streams, and depth in Grades 11-12 in certain areas according to students’ choice.

The new ‘Secondary Stage’ (Grades 9-12) is divided into two phases:

In Grades 9 -10 there will be eight broad Curricular Areas - Humanities (that includes languages), Social Science, Science, Mathematics & Computing, Vocational Education, Physical Education, Arts, and Interdisciplinary Areas. Students need to complete two Essential Courses from each of the eight Curricular Areas i.e., a total of 16 Essential Courses. There will be an annual examination, with the final certification based on the cumulative result of each of the two examinations.

In Grades 11-12, students will choose four Disciplines (e.g., History, Physics, Language) from at least three Curricular Areas. For each Discipline, students have to complete four choice-based courses; in all they must complete 16 choice-based courses. This phase is divided into semesters, and each choice-based course will be for one semester.

This issue of 'choice' is most misleading – even in the existing streams the majority of students cannot choose – it depends entirely on which streams their school offers, and how teachers perceive their abilities along with their marks in school tests and the Grade 10 Board examinations. Serious problems show up at the point where NCF mentions 'implications for Secondary Schools'. For all students to complete Grade 10, all Secondary Schools will need to offer Essential Courses in all the Curricular Areas. NCF acknowledges that many schools might not be in a position to offer the entire range of disciplines at Grade 11 and 12.

### The pedestal falls flat in its 'Reasonable Choice'

In order to allow students to have "a reasonable choice", NCF proposes that Secondary Schools, to begin with, must offer at least one Curricular Area from each of the following categories:

a. Category 1: Humanities or Social Science or Science or Mathematics and Computing
b. Category 2: Inter-disciplinary Areas
c. Category 3: Arts or Sports or Courses on specific sports/games/yoga.

Here the pedestal of 'choice', of so-called varying breadth and depth at the Secondary Stage, falls flat. This minimalist clause will allow schools to function within an extremely problematic curricular spectrum. For example, schools could offer the following three Curricular Areas:

1. Humanities: either of these Disciplines - say Languages, and Literature
2. Inter-disciplinary Areas: any of these Disciplines - Knowledge of India or Indian Knowledge

   Systems, Family and Community Sciences (new form of Home Science)
3. Sports: Disciplinary Courses on any game, or yoga.

This inventive structure will open its doors to low-cost private institutions offering permutations of questionable quality, without any component of criticality or scientific thinking, and those that may come under the rubric of Indian Knowledge Systems (IKS) favoured by the ruling dispensation. The National Credits Framework (NCrF) by the University Grants Commission has included Indian Knowledge System and recently added a list of 18 Vidyas(theoretical disciplines), and 64 kalas or applied sciences and vocational crafts to be counted to earn credits during school education.

The NCF thus accords legitimacy to a structure of courses of carefully differentiated status, to sort students from disadvantaged backgrounds into constricted curricular silos. The notion of flexible 'interdisciplinary learning' and the rhetoric of 'choice', popularly imagined as available in elite IB school curricula, allows NCF 2023 to judiciously administer a feel-good dose of wishful credence to the middle classes.

Without rigorous appraisal of our school systems, and studies on the preparedness of the teacher education system, one wonders how such a major shift has been propounded. For instance, years after the introduction of integrated 'general science' for Grades 9-10, teacher educators do not feel confident to teach the pedagogy for this course, claiming they know either biology, chemistry or physics. Textbooks too contain chapters from either of these disciplines, since developing creative 'interdisciplinary' pedagogic material is not as simple as it is portrayed. In fact, the majority of existing 'interdisciplinary' or 'vocational' courses are being taught in a farcical manner, with no meaningful understanding or practical experience that can help students. (A separate note on how Kerala needs to develop an interdisciplinary work-based education programme is submitted).

Policies and frameworks may present promises on paper, but the demeaning quality of education and the 'paper' certificates doled out to the precariat, even in well resourced urban environments, are of deep concern. How far are these new course structures mandated to address the 'choices' and aspirations of all our students, especially the disadvantaged thrown out early, sacrificed to the glossy facade of 'excellence'? Worryingly, our education system is on a precarious roll, brazenly abandoning concerns of quality and equity, embracing commercial 'content creators', with courses that increasingly tend to align with the precarity of the gig economy.

(details in the recent article https://m.thewire.in/article/education/national-curriculum-framework-2023-whom-will-this-structure-of-student-choice-benefit)

3

# കേന്ദ്ര വിദ്യാഭ്യാസ നയവും ബദൽ സമീപനവും

പ്രൊഫ. വി. കാർത്തികേയൻ നായർ

സമ്പത്തും അധികാരവും സമന്വയിച്ചുണ്ടാകുന്ന ഭരണകൂടത്തിന്റെ താത്പര്യം ഭരണീയരിലെത്തിച്ച് സമ്മതി നേടുന്നതിനുള്ള ബുദ്ധിജീവികളെ നിർമ്മിക്കുന്ന ആശയപരമായ ഉപകരണമാണ് വിദ്യാഭ്യാസം. ചാതുർവർണ്യവ്യവസ്ഥയെ ന്യായീകരിച്ച് സ്മൃതികളെയും ധർമ്മശാസ്ത്രങ്ങളെയും ജനകീയമാക്കിയത് ബുദ്ധിജീവികളായിരുന്നു. ജന്മിത്ത-നാടുവാഴിത്ത വ്യവസ്ഥയിൽ അതിന്റെ അംഗീകാരത്തിനുവേണ്ടിയായിരുന്നു വേദപാഠശാലകൾ വഴി ബുദ്ധിജീവികളെ നിർമ്മിച്ചതും അവർ ജാതിവ്യവസ്ഥയെയും സാമൂഹികാചാരങ്ങളെയും ചിട്ടപ്പെടുത്തിയതും. കൊളോണിയൽ താത്പര്യപൂരണത്തിനായി പാശ്ചാത്യവിദ്യാഭ്യാസം ഇവിടെ നടപ്പാക്കുകയും അതുൽപാദിപ്പിച്ച മധ്യവർഗ ബുദ്ധീജീവികൾ രാഷ്ട്രീയമായി കൊളോണിയൽ വിരുദ്ധരും സാംസ്കാരികമായി കൊളോണിയൽ മൂല്യങ്ങളുടെ വക്താക്കളുമായിത്തീർന്നു. മുതലാളിത്തം സാമ്രാജ്യത്വമായി വികസിച്ച പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് ഇന്ത്യയിൽ ആധുനിക വിദ്യാഭ്യാസം വികസിച്ചത്. ബ്രിട്ടീഷുകാർ ഇന്ത്യയെ കീഴടക്കിയത് നാൽ ഉപകരണങ്ങളിലൂടെയായിരുന്നു. ജനാധിപത്യത്തിന്റെ പുറന്തോടണിഞ്ഞ ജനപ്രതിനിധിസഭകൾ, ശ്രേണീബദ്ധമായ ബ്യൂറോക്രസി, ശ്രേണീബദ്ധമായ ജുഡീഷ്യറി, സർവകലാശാലാ വിദ്യാഭ്യാസം എന്നിവകളാണ് ആ നാല് ഉപകരണങ്ങൾ. രാഷ്ട്രീയമായി കൊളോണിയലിസത്തിൽ നിന്നും മോചിതമായെങ്കിലും ആ വ്യവസ്ഥയെ ഇന്ത്യയിലുറപ്പിച്ച് നിർത്തിയ നെടുംതൂണുകൾ അതേപടി നിലനിൽക്കുന്നു.

മേൽപറഞ്ഞ നാലു കാര്യങ്ങളിൽ ആദ്യത്തെ മൂന്നിനെയും രൂപപ്പെടുത്തുന്നതും നിർണായകമായി സ്വാധീനിക്കുന്നതും നാലാമത്തെ സ്ഥാപനമായ സർവകലാശാലാ വിദ്യാഭ്യാസമാണ്. പ്രൈമറി വിദ്യാഭ്യാസത്തിന്റെ അലകും പിടിയും നിർണയിക്കുന്നത് സർവകലാശാലാ വിദ്യാഭ്യാസമാണ്. മനുഷ്യജീവിതത്തിലെ വ്യക്തിത്വരൂപീകരണത്തിലെ നിർണായകഘട്ടമായ കൗമാരപ്രായത്തിൽ പഠിതാക്കൾ നിൽക്കുന്നത് സർവകലാശാലാ ബിരുദധാരികളായ അധ്യാപകരുടെയും വിദ്യാഭ്യാസ നയരൂപീകരണ വിദഗ്ധരുടെയും മുന്നിലാണ്. ഈ കൗമാരക്കാരാണ് പ്രൈമറി സ്കൂൾ അധ്യാപകരായി ശിശുകളിലും ബാലികാബാലന്മാരിലും മൂല്യബോധം നിർമ്മിക്കുന്നതും രാജ്യത്തിന്റെ ഭാവിഭാഗധേയം നിർണയിക്കുന്ന പൗരന്മാരായി വളരുന്നതും. സ്വാതന്ത്ര്യലബ്ധിക്കുശേഷം സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ രംഗത്ത് നിരവധി പരീക്ഷണങ്ങൾ നടന്നുവെങ്കിലും അവയെല്ലാം വേണ്ടത്ര ഫലപ്രാപ്തിയിലെത്താതെ പോയതിനു കാരണം സർവകലാശാലാ വിദ്യാഭ്യസത്തിൽ മാറ്റംവരുത്താൻ കഴിയാതിരുന്നതുകാരണമാണ്. ഇന്റർമീഡിയറ്റ് മാറി പ്രീഡിഗ്രിയായാലും അതിനെ മാറ്റി സ്കൂൾ വിദ്യാഭ്യാസത്തിന്റെ അന്തിമഘട്ടമായ ഹയർസെക്കന്ററിയായി പ്രതിഷ്ഠിച്ചതുമായ ഘടനാപരമായ ചില മാറ്റങ്ങൾ വരുത്തിയതൊഴിച്ചാൽ ഗുണപരമായ മാറ്റം വരുത്താൻ തക്കവണ്ണം ഉള്ളിലേക്കു കടന്നുകയറാൻ സർവകലാശാലകൾ ആരേയും അനുവദിച്ചില്ല. സ്വയം പരിഷ്കരണത്തിനു വിധേയമായതുമില്ല, ബാഹ്യ ഇടപെടലിനെ സ്വാഗതം ചെയ്തതുമില്ല.

ബൗദ്ധികമായും സാംസ്കാരികമായും ബിരുദധാരികൾക്ക് സമൂഹത്തിൽ ചെലുത്താൻ കഴിയുന്ന സ്വാധീനത്തെക്കുറിച്ച് കൊളോണിയൽ ഭരണകൂടത്തിന് ശരിയായ ധാരണ ഉണ്ടായിരുന്നതുകൊണ്ടാണ് അവർ ഉന്നത വിദ്യാഭ്യാസത്തിന് മുൻഗണന നൽകിയത്. സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ആറ് പതിറ്റാണ്ടുകാലം സർവകലാശാലാ വിദ്യാഭ്യാസത്തിൽ കാര്യമായ മാറ്റം വരുത്താൻ ഇന്ത്യൻ ഭരണകൂടം മുതിർന്നില്ല. എന്നാൽ കഴിഞ്ഞ ഒരു പതിറ്റാണ്ടു കാലമായി ഉന്നത വിദ്യാഭ്യാസത്തെ ഉടച്ചുവാർക്കുന്നതിനുള്ള തീവ്രമായ ശ്രമങ്ങളാണ് നടന്നുവരുന്നത്. ആരൂഢത്തെ തകർത്തതിനുശേഷം അടിത്തറയെ തകർക്കുകയെന്ന ക്ഷമാപൂർവവും ചിട്ടയായതുമായ പ്രവർത്തനത്തിനാണ് തുടക്കം കുറിച്ചിരിക്കുന്നത്. ആ ദർശനത്തിന്റെ പ്രകടന പത്രികയാണ് ഇപ്പോഴത്തെ ദേശീയ വിദ്യാഭ്യാസ പദ്ധതി.

സമ്മതിയുടെ നിർമ്മിതിക്കായി കൊളോണിയൽ ഭരണകൂടം രണ്ട് കാര്യങ്ങളാണ് ചെയ്തത്. ഒന്ന്, ഭാരതവിജ്ഞാനീയ പോഷണത്തിലൂടെ യാഥാസ്ഥിതികരുമായി സന്ധിചെയ്തു. രണ്ട് ആധുനിക വിദ്യാഭ്യാസത്തിലൂടെ മധ്യവർഗ ബുദ്ധിജീവികളെ ആകർഷിച്ചു. അവർ ചെയ്തത്:-

1. വില്യം ജോൺസ് മുതൽ മാക്സ് മുള്ളർ വരെയുള്ളവരിലൂടെ പ്രാചീന ഭാരതീയ സംസ്കാരം ശ്രേഷ്ഠമായിരുന്നുവെന്ന് സ്ഥാപിച്ചു. വൈജ്ഞാനികഭാഷ സംസ്കൃതമായിരുന്നുവെന്നും പ്രചരിപ്പിച്ചു.
2. ഭൂതകാലനിന്ദ ജയിംസ് മില്ലിന്റെ ചരിത്രരചനയിലും ഭാരതത്തിന് ചരിത്രമേയില്ലെന്ന് സ്ഥാപിക്കാൻ ശ്രമിച്ചു.
3. കൊളോണിയൽ ഭരണഭാഷയായ ഇംഗ്ലീഷ് ചിട്ടയായി പഠിപ്പിച്ചു. വിശ്വവിജ്ഞാനം ഇംഗ്ലീഷിലാണ് കുടികൊള്ളുന്നതെന്ന് സർവകലാശാലാ ബിരുദധാരികളെ ധരിപ്പിച്ചു. ബുദ്ധിജീവികളെ ആംഗലോന്മാദികളാക്കി.
4. പ്രാദേശിക ഭാഷാ പഠനത്തെയും തദ്ദേശീയ വിജ്ഞാന വിനിമയത്തെയും നിരുത്സാഹപ്പെടുത്തി.

5. ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു. (കൊളോണിയൽ ചൂഷണത്തിന് അത് അനിവാര്യമായിരുന്നു.).

സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള പതിറ്റാണ്ടുകളിൽ മേൽപറഞ്ഞ ചില കാര്യങ്ങളൊഴിച്ച് മറ്റൊന്നിലും കാര്യമായ മാറ്റം വരുത്താൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകാലമായി മേൽപറഞ്ഞ കാര്യങ്ങൾക്കുള്ള ബദൽ നിർമിക്കാനാണ് ശ്രമിക്കുന്നത്. ഏതാണ്ട് മൂന്നു പതിറ്റാണ്ടു കാലമായി ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ബദൽ പരീക്ഷണം നടക്കുന്നുണ്ട്.

ഇപ്പോൾ നടപ്പാക്കാൻ ശ്രമിക്കുന്നത്:-

1. പ്രാചീന ഭാരതസംസ്കാരത്തിന്റെ മഹത്വവൽക്കരണം - വൈജ്ഞാനിക ഭാഷയായ സംസ്കൃതത്തെ അധ്യയന മാധ്യമമായി മാറ്റുക, ആദ്യപടിയായി സംസ്കൃത വൽക്കരിച്ച ഹിന്ദിയെ എല്ലാ തലത്തിലും പ്രതിഷ്ഠിക്കുക.
2. ഭൂതകാല മഹത്വവൽക്കരണം ആ മഹത്വത്തിന്റെ ശത്രുക്കളായിരുന്നു ചിലതെന്ന് സ്ഥാപിച്ച് അവരുടെ ഈ രംഗത്തെ പിൻമുറക്കാരെ ഉന്മൂലനം ചെയ്യുക. അതിലേക്കായി ആവശ്യമായ ചരിത്ര പാഠപുസ്തകങ്ങൾ തയ്യാറാക്കുക.
3. ഈ ലക്ഷ്യം നേടുന്നതിന് ഔപചാരികവും ഔദ്യോഗികവുമായ സംവധാനങ്ങൾക്കൊപ്പം സന്നദ്ധ സംഘടനകളെയും സാംസ്കാരിക സംഘടനകളെയും ഉപയോഗപ്പെടുത്തുക. അവക്ക് ഔദ്യോഗികാഗീകാരം നൽകുക.
4. ഏറ്റവും നൂതനമായ ശാസ്ത്ര-സാങ്കേതിക-വിവരവിനിമയ നിർമ്മിത ബുദ്ധിക്ക് മുൻഗണന നൽകുന്ന ഉന്നത വിദ്യാഭ്യാസം നടപ്പാക്കുക. അതിന്റെ പ്രാഖ്യാത വരേണ്യ വിഭാഗത്തിൽ പരിമിതപ്പെടുത്തുക. (കോർപ്പറേറ്റ് വൽക്കരണത്തിന് ഇതാവശ്യമാണ്.)
5. ഹിന്ദിയെ (കാലാന്തരത്തിൽ സംസ്കൃതത്തെ) ദേശീയ ഭാഷയായി അംഗീകരിപ്പിക്കുന്നതിനുള്ള അന്തരീക്ഷം ഉണ്ടാക്കുന്നതുവരെ പ്രാദേശിക ഭാഷകളെ പ്രോത്സാഹിപ്പിക്കുക. എന്നാൽ ആ ഭാഷകളിലുള്ള പാഠപുസ്തകങ്ങൾ കേന്ദ്ര വിദ്യാഭ്യാസ ഏജൻസികൾ തന്നെ (ഒരേ കേന്ദ്രത്തിൽ നിന്ന്) തയ്യാറാക്കി സംസ്ഥാനങ്ങൾക്കു നൽകും. അതിന് അംഗീകാരം നൽകുന്ന ഉത്തരവാദിത്വം എസ്.സി.ഇ.ആർ.ടി. കൾക്ക് ആയിരിക്കും.
6. രാഷ്ട്ര ഭരണത്തിലെ ഫെഡറൽ സംവിധാനം ക്രമേണ ഇല്ലായ്മ ചെയ്യുന്നതിന്റെ മൂന്നുപാധിയാണ് വിദ്യാഭ്യാസ രംഗത്തെ ഫെഡറൽ ഘടനയെ തകർക്കുകയെന്നത്. അർഹതപ്പെട്ട കേന്ദ്ര സാമ്പത്തിക സഹായം നിഷേധിച്ചുകൊണ്ടു വളരെ കാര്യക്ഷമമായി ഈ നടപ്പാക്കാൻ കഴിയും.
7. ഭാരത സംസ്കാരമെന്നാൽ സവർണ സാംസ്കാരമാണെന്ന ബോധം പ്രചരിപ്പിക്കുന്നതിന് പാഠപുസ്തകങ്ങളെ ഉപയോഗപ്പെടുത്തുകയും പുരാണേതിഹാസങ്ങളിലെ നായകരുടെ ഒരു മൂല്യം ബോധം വളർത്തിയെടുക്കുകയും ചെയ്യുക. പാഠപുസ്തകങ്ങൾ വിനിമയം ചെയ്യപ്പെടുന്നത് ക്ലാസ് മുറികളിൽ മാത്രമല്ല ഗൃഹാന്തരീക്ഷത്തിലുമായിരിക്കും.
8. വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനമാണ്, സാംസ്കാരിക ഏകീകരണത്തിനുള്ള ഉപകരണമാണ് വിദ്യാഭ്യാസം. അതിനാവശ്യമായ ബുദ്ധിജീവികളെ സൃഷ്ടിക്കുകയാണ് ലക്ഷ്യം.
9. ഒരു രാഷ്ട്രം, ഒരു ഭാഷ, ഒരു സംസ്കാരം ഒരു ദേശീയത എന്ന ബോധം നിർമ്മിക്കുക. ഇതിനെ തിരെനിൽക്കുന്നവർ ശത്രുക്കളാണെന്ന മനോഭാവമുണ്ടാക്കുക. അവരെ ഉന്മൂലനം ചെയ്യുന്നതാണ് ധർമ്മം എന്ന് സ്ഥാപിക്കുക

### എന്താണ് ബദൽ

1. ഭൂതകാല മഹത്വവൽക്കരണവും ഭൂതകാല നിന്ദയും ഒഴിവാക്കി വസ്തുനിഷ്ഠ സമീപനം സ്വീകരിക്കുക. പഠനത്തിനുള്ള കാര്യക്ഷമതകളായി കാർബൺ കാലഗണന മുതൽ ഡി.എൻ.എ. പഠനം വരെ ഉപയോഗപ്പെടുത്തുക. ഹോമോ സാപ്പിയന്റെ ഭൂഖണ്ഡാന്തര സഞ്ചാരപഥം അവതരിപ്പിച്ച് വംശീയതയും ജാതീയതായും മതഭേദവും അശാസ്ത്രീയമാണെന്ന് സ്ഥാപിക്കുക.
2. ഭരണഘടനയുടെ ഫെഡറൽ സ്വഭാവം അവതരിപ്പിച്ചുകൊണ്ട് അക്കാദമികമായ ഏകീകരണത്തെയും ഏകാധിപത്യത്തെയും പ്രതിരോധിപ്പിക്കുക. ഭരണഘടനാസാക്ഷരതയ്ക്ക് മുൻഗണന നൽകുക.
3. സർവകലാശാലകളെ ഘടനാപരമായും അക്കാദമികമായും പുനഃസംഘടിപ്പിക്കുക.
4. സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ മാധ്യമം ഘട്ടംഘട്ടമായി മാതൃഭാഷയിലാക്കുക. മാതൃഭാഷാ വൈജ്ഞാനിക ഭാഷയാകുമ്പോൾ കേരളം ജനാനസമൂഹമാകും.
5. ഇംഗ്ളീഷും മാതൃഭാഷയും മറ്റു ഭാഷകളും പഠിപ്പിക്കുന്നത് ശാസ്ത്രീയമാക്കുക. ഒരുവർഷത്തെ പഠനംകൊണ്ട് ഒരു ഭാഷയിൽ പ്രയോഗശേഷി കൈവരിക്കാൻ പഠിതാവിന് കഴിയണം. ഭാഷാപ്രയോഗ ശേഷിയുള്ള അധ്യാപകനു മാത്രമേ അനായാസമായി ആശയവിനിമയം ചെയ്യാൻ കഴിയുകയുള്ളൂ.
6. ഭാഷയിലും തദ്ദേശീയ വിജ്ഞാനത്തിലും സംസ്കാരത്തിലും ഏറെ വൈജാത്യങ്ങളുള്ള രാജ്യമാണ് ഭാരതമെന്ന ബോധം എല്ലാതലത്തിലുമുള്ള പാഠ്യപദ്ധതി വിനിമയത്തിലും ഉൾപ്പെടുത്തണം.
7. അധ്യാപക വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതിയിൽ ഭരണഘടന, ദേശീയത, ഭാഷാപരവും സാംസ്കാരികവുമായ വൈവിധ്യം എന്നിവ ഉൾപ്പെടുത്തണം.
8. ശാസ്ത്രബോധവും ശാസ്ത്രീയ വീക്ഷണവും വളർത്തിയെടുക്കുന്നതിന് പര്യാപ്തമാകുന്ന തരത്തിൽ സ്ക്കൂൾ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും പുനഃസംഘടിപ്പിക്കണം.

# അധ്യാപക പ്രൊഫഷണലിസം - തടസ്സങ്ങളും സാധ്യതകളും

4

## Teacher Professionalism : Difficulties and Possibilities

Prof. M. A. Khader

School exists in very culture and is the basic institutional system that sows the seeds for human development. School is populated by children. They spend their childhood and major part of adolescence in school learning, playing, participating in sports and games, quarreling, socialising and creating friendship circles and the like. If we explore a day in a child's life, we may find that a good amount of time is spent in school. School becomes an influential institutional system in the life of a child at a formative age. So is the teacher in the life of the child. School and the classroom become the first democratic and secular spaces for the child. The teacher is a critical factor in such spaces and has a specific role in providing for social transformation. It is natural to expect them to provide for the development of each learner. But do they?

It is natural, in this context, to raise questions on the meaning of a teacher. Who is a teacher ? Can a person with a professional qualification or B.Ed degree be a teacher? One can raise sÂeral such questions. But often teachers are confined to transmitting the content matter in the text books. It is also heard that they teach to promote student achievement. Why does the State take interest in appointing teachers? Political thinkers across ages while formulating their theories have articulated the idea of education. Why did they do so? For them thinking, reasoning and individual autonomy are interrelated and are important for a human society. Their view is that rational thought is essential for sensing a human being from a brute or obeying the law or providing social justice or treating people as human beings, instead of seeing them through religious or caste or racial lenses.

The basic problem is the nature of man. Thinkers point out that by nature man's strive is not for knowledge, instead, it is for limited goods; wealth and power. The pursuit for wealth and power has created all the troubles of the human race. The self seeking nature of man through violations of norm or law, or abuse of position for self - gratification originates in the mind and character of individuals. Thinkers find strength in rational thought for cultivating a human society. They see the power of education in the transformation of man and society leading to social transformation. Thinkers from the early stage felt the need for the State's intervention in providing education to all and positioning of teachers as well. Such an action on the part of the State has a specific meaning for social transformation. Obviously we need to search for the meaning of teacher. Teacher is one who has a knowledge base in a defined area. Teacher is not a mere worker, instead, he or she is a knowledge worker. The knowledge base is rooted in content, pedagogy and values, and integration of these three components in professional practice is the essence of knowledge base. If the concern is on building a human society the integrated view of knowledge base is an essentiality where teacher professionalism has deeper meaning.

Teacher professionalism implies change, change from the present form to higher form of professional practices. It is the process through which new ideas and practices are effected by the teachers. What it means is that teachers learn new ideas, and effect such ideas in their professional practices as well. It simply means that reculturing teachers is the essence of change perspective. But there are roadblocks on the pathway to professionalism. Teachers' preference

to remain in the comfort zone of transmission of content and teaching for achievement is quite visible. Individualism, instead of collaboration, in professional practice is another feature. Demand for change is on teachers but no such demand for change in the education system or teacher education system. The prevailing conventional pathways (training programmes and workshops) of professional development of teachers seek change. Policy documents' thrust on achievement by marginalising the processes of teaching and learning does not give much hope. Market based approach in education places greater meaning to achievement while the teachers' role in providing for the development of learners or human society gets minimised.

Teacher professionalism gains more meaning in this context. Change perspective seeks that reculturing of teachers is the critical pathway for moving on to professionalism. Integration of content, pedagogy and values signal the change. Teacher thinking, critical reflections and learning, self initiated searches for new knowledge through print or IT media push the teachers forward on a professional path. Treatment of professional experience as a resource for professional learning is an insightful shift. There are multiple courses to prepare teachers. But we do not find such multiple courses in other professional areas like medicine or engineering or agriculture. Is it not appropriate that we redesign a course for all stages of schooling that paves the baseline of teacher professionalism? Teacher educators need to accept the idea of professionalism and change their practices. This is also true for different levels of educational functionaries and policy makers. Change is a must for all levels of teachers, teacher educators, educational functionaries and policy makers if each child is to benefit from education. The central idea of existentialism; I am what I do, means that what one does in the making of a teacher in oneself is what matters in building professionalism.

5

# അധ്യാപക പ്രൊഫഷണലിസം: തടസ്സങ്ങളും സാധ്യതകളും

ഡോ.വസുമതി.ടി, അസി. പ്രൊഫസർ, വിദ്യാഭ്യാസ വിഭാഗം, കോഴിക്കോട് സർവ്വകലാശാല

''**നി**ങ്ങൾ ഒരു വർഷത്തേക്ക് ആസൂത്രണം ചെയ്യുകയാണെങ്കിൽ നെല്ല് വിതയ്ക്കുക. നിങ്ങൾ ഒരു പതിറ്റാണ്ടിനുവേണ്ടി ആസൂത്രണം ചെയ്യുകയാണെങ്കിൽ മരങ്ങൾ നടുക. നിങ്ങൾ ജീവിതകാലം മുഴുവൻ ആസൂത്രണം ചെയ്യുകയാണെങ്കിൽ ആളുകൾക്കു വിദ്യാഭ്യാസം നൽകുക''.

അറിവ് പകർന്നുനൽകുന്നതിലൂടെയും പഠനസാഹചര്യം സജ്ജീകരിക്കുന്നതിലൂടെയും പഠിക്കാൻ സഹായിക്കുക എന്നതാണ് ഒരു അദ്ധ്യാപകന്റെ കർമ്മം. എന്നാൽ ഓരോ സമൂഹത്തിലും ഓരോ വിദ്യാഭ്യാസ തലങ്ങളിലും വ്യത്യസ്തമായ വളരെ സങ്കീർണ്ണമായ റോളുകൾ കൈകാര്യം ചെയ്യുന്നവരാണ് ഇന്നത്തെ അദ്ധ്യാപകർ.

അധ്യാപക പ്രൊഫഷണലിസം എന്നതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് അധ്യാപനത്തിലുള്ള കഴിവ്, വിശ്വാസ്യത, ആശയവിനിമയത്തിലുള്ള കഴിവ്, അധ്യാപനത്തോടുള്ള ഉത്തരവാദിത്വം, നിരന്തരമായി അറിവ് നേടാനുള്ള ത്വര, വൈകാരിക സ്ഥിരത, ജീവിതത്തിൽ പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള സംയോജിതവും സമതുലിതവുമായ മാനസീകാവസ്ഥ എന്നിവയെയാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ അധ്യാപകരാകാൻ അധ്യാപകർക്ക് ഉണ്ടായിരിക്കേണ്ട അറിവ്, കഴിവുകൾ, പ്രയോഗങ്ങൾ എന്നിവയാണ് അധ്യാപക പൊഫഷണലിസം. അധ്യാപകനായി പ്രവർത്തിക്കുമ്പോൾ അധ്യാപകർ പിന്തുടരുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്ന വ്യക്തമായ ചില മാനദണ്ഡങ്ങൾ അധ്യാപക പ്രൊഫഷണലിസത്തിനുണ്ട്. വിദ്യാർഥികൾ, സഹപ്രവർത്തകർ, ഭരണാധികാരികൾ, രക്ഷിതാക്കൾ, സമൂഹത്തിലെ മറ്റു അംഗങ്ങൾ എന്നിവരുമായി ഉചിതവും മാന്യമായതുമായ രീതിയിലുള്ള ആശയവിനിമയം നടത്താനുള്ള കഴിവും അനുയോജ്യമായ പഠനാന്തരീക്ഷം ഉണ്ടാക്കിയെടുക്കാനുള്ള കഴിവ്, ഉചിതമായ വസ്ത്രധാരണം, സമഗ്രതയോടെ പ്രവർത്തിക്കാനുള്ള കഴിവ് എന്നിവ അവയിൽ ഏറെ ചർച്ച ചെയ്യപ്പെട്ടതും പ്രാധാന്യമുള്ള വിഷയങ്ങളാണ്. അതുകൂടാതെ വ്യക്തിഗത വളർച്ച, സഹകരണം, നിർദേശം, ആശയവിനിമയം എന്നിവ സംയോജിപ്പിക്കാനുള്ള കഴിവും അധ്യാപക പ്രൊഫഷണലിസത്തിൽ എടുത്തു പറയേണ്ടതാണ്.

### തടസ്സങ്ങൾ

അധ്യാപക പ്രൊഫഷണലിസവുമായി ബന്ധപ്പെട്ട് നിരവധി തടസ്സങ്ങൾ ഓരോ അദ്ധ്യാപകരും നേരിടു

ന്നു. ഈ തടസ്സങ്ങളുടെ സാന്നിധ്യം പ്രൊഫഷണലി സത്തെ തന്നെ ഇല്ലാതാക്കിയേക്കാം.

1. പ്രൊഫഷനിൽ ആവശ്യമായ വ്യക്തിപരമായ ഗുണങ്ങളായ, ക്ഷമ, ദൃഢനിശ്ചയം, ധീരത എന്നിവയുടെ അഭാവം.
2. ബോധന വിദ്യയിലും പഠനവിഷയങ്ങളിലുമുള്ള അറിവില്ലായ്മ.
3. ക്ലാസുമുറികളിലേക്ക് ഒതുങ്ങുന്ന സ്വഭാവം.
4. മാറ്റങ്ങളോടും നിരന്തരമികവിനോടുമുള്ള പ്രതിബന്ധതയില്ലായ്മ.
5. Burnout (എരിഞ്ഞു തീരൽ)
6. അധ്യാപക സ്വയംഭരണത്തിന്റെ അഭാവം.
7. നിർദ്ദേശാത്മകമായ പാഠ്യപദ്ധതി (Prescription)
8. Curriculum യും ഭരണപരമായ കൽപനകൾ.
9. ഉയർന്ന ജോലിഭാരം
10. Law Status, gender bias

**സാധ്യതകൾ**

1. നിരന്തരമായ പ്രൊഫഷണൽ വികാസം
2. ഉയർന്ന പിയർനെറ്റ്വർക്ക്
3. സഹകരണ പഠന സമൂഹം (Collaborative learning community)
4. അധ്യാപക സ്വയംഭരണവും നവീകരണവും (Teacher Autonomy andInnovation)
5. Advocacy and leadership (വാദവും നേതൃത്വവും)
6. വിദ്യാർത്ഥികളുടെ ജീവിതത്തിൽ ഉള്ള സ്വാധീനം

എങ്കിലും അദ്ധ്യാപകർക്ക് തുടർച്ചയായ പ്രൊഫഷണൽ ഡെവലപ്മെന്റിനും വിദ്യാർഥി ജീവിതത്തിൽ സ്വാധീനം ചെലുത്തുവാനുമുള്ള അവസരങ്ങളുമുണ്ട്. തടസ്സങ്ങളെ അഭിസംബോധന ചെയ്യുന്നതിലൂടെയും സ്വന്തം മേഖലകളിലുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെയും അദ്ധ്യാപകർക്ക് അവരുടെ പ്രൊഫഷണലിസം മെച്ചപ്പെടുത്താനും വിദ്യാർത്ഥികളിൽനിന്നും ഏറ്റവും ഉയർന്ന പഠനഫലങ്ങൾ സംഭാവന ചെയ്യിക്കാനും കഴിയും.

6

## അധ്യാപക പരിവർത്തനത്തിന്റെ വർത്തമാനങ്ങൾ: ഇന്നലെ, ഇന്ന്, നാളെ

വിനോദ് കുമാർ കുട്ടമത്ത്, ഡയറ്റ്, കാസർകോഡ്, 9495310635

ഒരു നാടിന്റെ ഉൽപാദന–വികസന ആവശ്യങ്ങൾക്കും സാമൂഹിക സാംസ്കാരികാവസ്ഥകൾക്കും അനുഗുണമായി പരിണമിച്ചുണ്ടാകുന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും പ്രയോഗവും. ചടുലവും നിരന്തരവുമായ മാറ്റങ്ങൾക്കനുസരിച്ച്, അധ്യാപകനെ രൂപപ്പെടുത്തേണ്ട ഉത്തരവാദിത്തമാണ് അധ്യാപക വിദ്യാഭ്യാസത്തിനുള്ളത്. ടീച്ചർ എന്ന പദത്തിനു തന്നെ കാലാനുസൃതമായ പരിവർത്തനം സംഭവിക്കുന്നുണ്ട്.അറിവിന്റെ ആധികാരികമായ ഉറവിടം എന്ന നിലയിൽ നിന്നും അറിവ് നിർമാണത്തിലെ സഹവർത്തിത പങ്കാളി എന്ന നിലയിലേക്ക് ആ പദത്തിന് അർഥഭേദം സംഭവിച്ചിട്ടുണ്ട്.സാങ്കേതികവിദ്യയുടെ ധൃതഗതിയിലുള്ള വളർച്ചയും അത് വിവരവിനിമയത്തിലും വിജ്ഞാനവ്യാപനത്തിലും സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളും ക്ലാസ് മുറിയിൽ പുതിയൊരു ടീച്ചറെ അനിവാര്യമാക്കുന്നുണ്ട്. വിജ്ഞാനത്തിന്റെ ഉത്ഭവത്തിലും വ്യാപനത്തിലും ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ പശ്ചാത്തലത്തിലും ഒരു ജ്ഞാനസമൂഹത്തിൻന്റെ ഭാഗമെന്ന നിലയിലും സ്വയംപരിവർത്തനത്തിന് വിധേയമാകാൻ അധ്യാപക സമൂഹത്തിന് കഴിയേണ്ടതുണ്ട്.അത്തരമൊരു പരിവർത്തനത്തിനുള്ള ടൂൾ ആയി മാറുവാൻ അധ്യാപക വിദ്യാഭ്യാസം ആശയതലത്തിലും പ്രയോഗതലത്തിലും പുതിയ പാതകൾ തേടേണ്ടതുണ്ട്.

കോവിഡ് മഹാമാരി ആഗോളതലത്തിൽ തന്നെ വിദ്യാഭ്യാസരംഗത്ത് അപ്രവചനീയമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. കോവിഡാനന്തരകാലത്ത് വിദ്യാലയങ്ങൾ തുറന്നപ്പോൾ ക്ലാസ് മുറിയിൽ അധ്യാപകർ നേരിട്ട അപ്രതീക്ഷിത പ്രതിസന്ധികൾ നിലവിലെ അധ്യാപക വിദ്യാഭ്യാസ പ്രക്രിയയുടെയും പരിശീലന പരിപാടികളുടെയും ഫലപ്രാപ്തിയെ ചോദ്യം ചെയ്യുന്നതായിരുന്നു.പഠനം മന:ശാസ്ത്രപരമായ പ്രകിയ മാത്രമല്ലെന്നും സാമൂഹികവും സാംസ്കാരികവുമായ നിർമിതികളാൽ നിയന്ത്രിതമാണെന്നും ഗാർഹികവും സാമൂഹികവുമായ സാഹചര്യങ്ങൾ വലിയ അളവിൽ കുട്ടികളുടെ പഠനത്തെ സ്വാധീനിക്കുന്നുണ്ടെന്നുമുള്ള വിദ്യാഭ്യാസ കാഴ്ചപ്പാടുകളുടെ നേരിട്ടുള്ള ബോധ്യപ്പെടലുകളാണ് കോവിഡ് കാലം പകർന്നു നൽകിയത്. വ്യക്തിയധിഷ്ഠിത ബോധനത്തിന് നൽകേണ്ട പ്രാധാന്യത്തെക്കുറിച്ചാണ് മഹാമാരിക്കാലം വലിയ അളവിൽ ഓർമ്മപ്പെടുത്തിയത്.നിയതമായ ബോധനശാസ്ത്രവും അതിനെ പിൻപറ്റിയുള്ള ബോധനരീതികളും (മെത്തഡോളജി) സാന്ദർഭികമായും പ്രാദേശിയമായും അപ്രസക്തമായിത്തീരുന്നുവെന്ന യാഥാർഥ്യം നമുക്ക് അംഗീകരിക്കേണ്ടതായി വന്നു.

മെത്തേഡുകൾ അപ്രസക്തമാകുന്നു എന്നുള്ളത് ആലങ്കാരികമായ ഒരു പ്രയോഗം അല്ല. നൂതനത്വം നിറഞ്ഞതും അപരിചിതവുമായ സാമൂഹിക സാഹചര്യങ്ങളിൽ ഏതെങ്കിലും ഒരു ബോധനശാസ്ത്രത്തെ പിൻപറ്റിയുള്ള മെത്തഡോളജി അപ്രസക്തമായി തീരുന്നു എന്നത് വർഷങ്ങൾക്ക് മുമ്പേ തന്നെയുള്ള നിരീക്ഷണമാണ്. പരിചയിച്ചതും പ്രയോഗിച്ചു തെളിഞ്ഞതുമായ പല ബോധനരീതികളും കാലികവും സാന്ദർഭികവുമായ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കപ്പെടുകയോ പരിവർത്തിക്കപ്പെടുകയോ ചെയ്യേണ്ടതുണ്ട്. കോവിഡ് കാലത്ത് വിദ്യാലയങ്ങളിൽ തിരിച്ചെത്തിയ വിദ്യാർഥികളിൽ പഠന നേട്ടങ്ങളുടെ കാര്യത്തിൽ നിലനിന്ന വലിയ അന്തരം ഏതെങ്കിലും ഒരു പ്രത്യേക ബോധനരീതിയെ ആശ്രയിക്കുന്ന കാര്യത്തിൽ അധ്യാപകരിൽ വലിയ ആശങ്കയുളവാക്കി. പുതിയ സാഹചര്യത്തിൽ, സ്വന്തം വിദ്യാലയത്തിലെ, ക്ലാസ് മുറിയിലെ കുട്ടികളുടെ പഠനാവസ്ഥയ്ക്കും സവിശേഷ ആവശ്യങ്ങൾക്കുമനുസരിച്ച് പഠനപ്രക്രിയ വികസിപ്പിച്ചെടുക്കുന്നതിൽ അധ്യാപകർ നിർണ്ണായകവും സന്ദിഗ്ധവുമായ ഒരു ഘട്ടത്തിലെത്തിച്ചേർന്നു എന്നു പറയാം.

ഒരു പോസ്റ്റ് മെത്തഡോളജിയുടെ അനിവാര്യതയിലേക്ക് വിദ്യാലയാന്തരീക്ഷം യാദൃശ്ചികമായി പരിവർത്തനപ്പെടുകയാണ് ചെയ്തത്. ഓരോ ടീച്ചറും ഒരു ഗവേഷകനോ ഗവേഷകയോ ആയിത്തീരുകയും പഠിച്ച സിദ്ധാന്തങ്ങൾക്ക് പകരം സ്വന്തമായി സിദ്ധാന്തങ്ങൾ ആവിഷ്കരിക്കേണ്ടുന്നതിന്റെ അനിവാര്യത രൂപപ്പെടുകയും ചെയ്തു.

കേന്ദ്രീകൃതമായി തയ്യാറാക്കപ്പെടുന്ന ബോധന പരിപാടികൾ പ്രാദേശികമായ സാമൂഹ്യ സാംസ്കാരിക വ്യവസ്ഥകളോട് ചേർന്ന് പോകുന്നതല്ല.അധ്യാപകർ വ്യക്തിഗതമായി അല്ലെങ്കിൽ കൂട്ടായി പഠന പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രശ്നങ്ങളെ തിരിച്ചറിയുകയും പരിഹാരങ്ങൾ കണ്ടെത്തുകയും പ്രയോഗിച്ചു നോക്കി ഉറപ്പാക്കുകയും ചെയ്യുകയാണ് വേണ്ടത്. വിദ്യാഭ്യാസരംഗത്തെ പ്രൊഫഷണൽ തിയറി എന്നു പറയുന്നത് വിദ്യാഭ്യാസ വിദഗ്ധർ രൂപീകരിക്കുന്നതും കേന്ദ്രീകൃതമായി തയ്യാറാക്കപ്പെട്ട് താഴേക്ക് പകരുന്നതുമാണ്. എന്നാൽ പ്രൊഫഷണൽ തിയറിയെ വ്യാഖ്യാനിച്ചു കൊണ്ട് അധ്യാപകർ രൂപീകരിക്കുന്നതും പ്രായോഗികമായ സാഹചര്യങ്ങളിൽ പ്രയോഗിക്കപ്പെടുന്നവയുമാണ് പേഴ്സണൽ തിയറികൾ. ഇത് ഒരു നിശ്ചിത കാലയളവിൽ നിശ്ചിതമായ ലക്ഷ്യം കൈവരിക്കുന്നതിന് ഒരു നിശ്ചിത അധ്യാപിക അല്ലെങ്കിൽ അധ്യാപകൻ രൂപം നൽകിയതായിരിക്കും. അത് അനുഭവാധിഷ്ഠിതവും ആവശ്യാധിഷ്ഠിതമായിരിക്കും. തന്റെ ക്ലാസ് മുറി അല്ലെങ്കിൽ വിദ്യാലയം ആവശ്യപ്പെടുന്നതിനനുസരിച്ച് നൂതനാശയങ്ങൾ രൂപീകരിക്കുകയും അവയ്ക്ക് പ്രയോഗ സാധ്യതകൾ കണ്ടെത്തുകയും ചെയ്യുക എന്നുള്ളത് അധ്യാപകന്റെ തൊഴിൽപരമായ മികവിന്റെ ഭാഗമാണ്.ഇത് യഥാർത്ഥത്തിൽ ടീച്ചർ പ്രൊഫഷണലിസമാണ്.

നിയതവും വ്യവസ്ഥാപിതവുമായ പ്രയോഗ രീതികളിൽ നിന്നും സ്വതന്ത്രവും സന്ദർഭോചിതവുമായ പ്രവർത്തന വഴികൾ കണ്ടെത്താനും ഉപയോഗപ്പെടുത്താനും കഴിയുമ്പോഴാണ് അധ്യാപകർ സ്വയം പര്യാപ്തരാകുന്നത്. പോസ്റ്റ് മെത്തേഡ് അധ്യാപകൻ എന്നാൽ സ്വയം ഭരണാധികാരമുള്ള അധ്യാപകൻ (autonomous teacher)എന്ന് കൂടിയാണ് അർത്ഥം. ടീച്ചർ ഓട്ടോണമി എന്നാൽ തങ്ങളുടെ അധ്യാപന പ്രവർത്തനത്തിന്റെ മേലുള്ള പൂർണ്ണ നിയന്ത്രണവും അധികാരവും കയ്യാളുക എന്നാണ്. അത് പഠിക്കുവാനും പഠിപ്പിക്കുവാനും ഉള്ള സ്വാതന്ത്ര്യമാണ്. കുറച്ചുകൂടി വിശാലമായ അർഥത്തിൽ; അധ്യാപകർ തങ്ങളുടെ മുന്നിലുള്ള കുട്ടികളെക്കുറിച്ചും അവരുടെ പഠന മികവുകളെക്കുറിച്ചും പഠന പ്രശ്നങ്ങളെക്കുറിച്ചും ധാരണയുള്ളവരായിരിക്കുകയും അവർക്ക് വേണ്ടുന്ന ബോധനരീതികൾ സ്വയം ആവിഷ്കരിക്കാൻ കഴിയുന്നവരുമായിരിക്കും. അവർ ക്ലാസിൽ താൻ പിന്തുടരുന്ന പഠനപ്രക്രിയകളെക്കുറിച്ച് സ്വയം വിശകലനങ്ങൾ നടത്തുകയും അതിൽ തിരുത്തലുകൾ വരുത്താൻ തയ്യാറുള്ളവരും പ്രതിഫലനാത്മകമായി ചിന്തിക്കാൻ കെൽപ്പുള്ളവരുമായിരിക്കും. അങ്ങനെയുള്ള അധ്യാപക സമൂഹത്തിന് ബോധന ശാസ്ത്രപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിവുണ്ടായിരിക്കും.അത്തരത്തിൽ സ്വതന്ത്രവും സ്വയം നിയന്ത്രിതവുമായ സ്വയം വികാസ പ്രവർത്തനത്തിന്റെ ഭാഗമാകുമ്പോൾ മാത്രമാണ് അധ്യാപകൻ സ്വയം നവീകരിക്കപ്പെടുകയും പരിവർത്തനത്തിന് വിധേയരാക്കുകയും ചെയ്യുന്നത്.ഇത് സാധ്യമാകണമെങ്കിൽ അധ്യാപക വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതിയും സംഘാടനവും വലിയ തോതിലുള്ള പൊളിച്ചെഴുതലുകൾക്ക് വിധേയമാക്കേണ്ടതുണ്ട്.

# വിജ്ഞാനസമൂഹവും വിദ്യാഭ്യാസവും

7

## വിജ്ഞാനസമൂഹവുംവിദ്യാഭ്യാസവും

പ്രൊഫ. രാജൻഗുരുക്കൾ

**വി**ജ്ഞാന സമൂഹമെന്നാൽ എന്താണ്? വിജ്ഞാനം അറിവാണല്ലൊ. എല്ലാകാലത്തുംഅറിവുപയോഗിച്ചു തന്നെയാണ് സമൂഹം പ്രവർത്തിച്ചു പോന്നത്. അറിവുകൾ പക്ഷെ പലതരമുണ്ട്. പണ്ഡിതരുടേതെന്നും സാധാരണക്കാരുടേതെന്നും അറിവിനെ നാം വിവേചിക്കുക പതിവാണ്. സാധാരണക്കാരുടെ അറിവിനെ നാട്ടറിവെന്നു പറയും. സമൂഹത്തിൽ എല്ലാവരും അംഗീകരിക്കുന്ന അറിവ് പണ്ഡിതരുടെ അറിവാണ്. അതിനെയാണ് പൊതുവെ പ്രബലമായ അറിവെന്നു വിശേഷിപ്പിക്കുന്നത്. അതു സമൂഹത്തെയാകെ നിയന്ത്രിക്കാൻ പോന്ന അറിവാണ്. പക്ഷെ ഓരോ കാലത്തെയും പ്രബലമായ അറിവു ഓരോന്നായിരുന്നു. അറിവിൽ ശരിയെന്നും തെറ്റെന്നും വിവേചിക്കാറുണ്ട്. ഏതാണ് ശരിയായ അറിവെന്ന് ആരാണ് തീരുമാനിക്കുന്നത്? പ്രബലർ തന്നെ. പ്രബലമായ അറിവാണ് അധികാരം. അതു നേടുന്നവർ അറിവ് അധികാരമായി പ്രയോഗിക്കുന്നത് അവർക്കുമേലും സഹജീവികൾക്കുമേലും പ്രകൃതിക്കുമേലുമാണ്. പ്രയോഗത്തിൽനിന്നാണ് എല്ലാ അറിവും തുടങ്ങുന്നത്. അറിവ് സിദ്ധാന്തമാക്കി മാറ്റുകയും അതുപയോഗിച്ചു പ്രയോഗത്തെ നവീകരിക്കുകയും ചെയ്യുമ്പോൾ പ്രയോഗം വസ്തുവായും വിൽപനച്ചരക്കായും മാറുന്നു.

വിജ്ഞാന സമൂഹത്തെ ചിലർ വിവര സമൂഹമെന്നു വിളിക്കുന്നു. വിവര സമൂഹം വിവരങ്ങൾ ശേഖരിക്കാനും വിശകലനം ചെയ്യാനും കഴിവുള്ള സമൂഹമാണ്. ആ സമൂഹവും മനുഷ്യ ചരിത്രത്തിൽ ഉടനീളമുണ്ട്. ഇന്നു നാം പറയുന്ന വിവര സമൂഹം വിവരസാങ്കേതിക വിദ്യകളുടെ സമൂഹമാണ്. വേഗതയുള്ളതും ചിലവുകുറഞ്ഞതുമായ വാർത്താവിനിമയ ഡിജിറ്റൽസാങ്കേതിക വിദ്യകളുടെ സമൂഹം. ഡിജിറ്റൽ സാക്ഷരത കൈവരിച്ച സമൂഹം. അത്ഭുതകരമായി മാറുന്ന ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് അനുദിനംപെരുകുന്ന ഡാറ്റയുടെ ശേഖരണവുംവിശകലനവും നിർമ്മാണവും വിനിമയവും നടത്തുന്നസമൂഹമാണത്. ഇൻഫർമേഷൻ സമൂഹം എന്ന പേരിലും അതറിയപ്പെടുന്നു. വിദ്യാഭ്യാസത്തിനും ഉൽപ്പാദനക്ഷമത കൂട്ടുന്നതിനും വികസനത്തിനും ഇന്ന് പ്രധാനം ഡിജിറ്റൽ സാങ്കേതികവിദ്യകളാണ്. അവ വിദ്യാഭ്യാസത്തിൽ വഹിക്കാൻ പോവുന്ന പങ്ക് നമുക്ക് ഊഹിക്കാൻ പോലും കഴിയില്ല.

നോളെജ് സമൂഹവും ഇൻഫർമേഷൻ സമൂഹവും ഒന്നല്ല. ജനങ്ങൾ ഡിജിറ്റൽ സാക്ഷരത കൈവരിച്ചാൽ നോളജ് സമൂഹമാവുകയില്ല. നോളെജ് കൈകാര്യം ചെയ്യുന്ന സമൂഹം തന്നെ വേണം. നോളെജ് ഉൽപ്പാദിപ്പിക്കുകയും ഉപയോഗിക്കുകയും വിനിമയം ചെയ്യുകയും ചെയ്യുന്ന സമൂഹം. അതിനെ മനസ്സിലാക്കാൻ ആദ്യം നോളെജ് ഇക്കോണമി എന്താണെന്നു മനസ്സിലാക്കണം. നോളെജ് ഉൽപ്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ലാഭകരമായി വിനിമയം ചെയ്യുകയും ചെയ്യുന്ന സമ്പദ് വ്യവസ്ഥയാണത്. മൂലധന സമാഹരണത്തിനു മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത രൂപത്തിൽ നോളെജിനെ കരുവാക്കുന്ന വിനിമയ വ്യവസ്ഥയെന്ന് അതിനെ വിശേഷിപ്പിക്കാം. വിൽക്കുന്നവർ സ്വപ്നത്തിൽ പോലും കരുതിയിട്ടില്ലാത്ത വില വാങ്ങുന്നവർ സ്വമേധയാ നൽകുന്ന അഭൂതപൂർവ്വ മാർക്കറ്റാണത്. നോളെജ് ഒരേ സമയം ചരക്കും മൂലധനവുമായി മാറുന്ന വ്യവസ്ഥിതി. സയൻസും സാങ്കേതികവിദ്യയും ആണതിന്റെ ആശ്രയം. സാങ്കേതികവിദ്യയിൽ അടിസ്ഥാന ഘടകം ഡിജിറ്റൽ സാങ്കേതികവിദ്യയാണ്. പേറ്റന്റും ബൗദ്ധിക സ്വത്തും ആണ് അറിവിന്റെ മുഖ്യ വിനിമയ രൂപങ്ങൾ. പൂർണ്ണമായും കോർപറേറ്റുകൾ നിയന്ത്രിക്കുന്ന മൂലധനവ്യവസ്ഥയുടെ ഏറ്റവും പുതിയ രൂപമാണത്. അതിനെ സംബന്ധിച്ചിടത്തോളം നോളെജ് ഒരതിഭീമ വ്യവസായമാണ്. ലോകമെങ്ങും കോർപ്പറേറ്റുകളുടെ വൻവിജ്ഞാന വ്യവസായ സ്ഥാപനങ്ങളുണ്ട്. പേറ്റന്റും ബൗദ്ധികസ്വത്തും ലക്ഷ്യമാക്കി മുന്നേറുന്ന

ഈ വ്യവസായശാലകളിൽ പതിനായിരക്കണക്കിനു വിദഗ്ദ്ധർ വിവിധ സയൻസ്-ടെക് മേഖലകളിൽ ജ്ഞാനോൽപ്പാദനത്തൊഴിലാളികളായി പ്രവർത്തിക്കുന്നുണ്ട്.

നോളെജ് ശക്തിപ്പെടാനാവശ്യമായ പ്രാഥമിക ഘടകം വിദ്യാഭ്യാസമാണ്. കേരളത്തെ നോളെജ് സമൂഹമാക്കുക എന്നുപറയുമ്പോൾ നോളെജിന്റെ ഉപഭോക്താക്കളെ വർധിപ്പിക്കുക എന്ന അർഥത്തിലാവരുത്. വിവരസാങ്കേതിക സാക്ഷരതയും നോളെജ് ഉപഭോക്താക്കളുടെ പെരുപ്പവും മാത്രം സൃഷ്ടിക്കുന്ന വിദ്യാഭ്യാസമല്ല നമുക്കാവശ്യം. നോളെജ് സമൂഹത്തെ ശക്തിപ്പെടുത്താൻ പര്യാപ്തമായ വിദ്യാഭ്യാസത്തിന്റെ

ആസൂത്രണങ്ങളും നടപടികളും വേണം. നോളെജ് ഇക്കോണമി എന്താണെന്നും എങ്ങനെയാണു പ്രവർത്തിക്കുന്നതെന്നും മനസ്സിലാക്കാൻ സഹായിക്കുന്ന വിദ്യാഭ്യാസമാണ് വേണ്ടത്. ഒരേ സമയം അതിനെ പ്രയോജനപ്പെടുത്താനും എന്നാൽ അതിന്റെ പ്രത്യാഘാതങ്ങൾ പരമാവധി കുറയ്ക്കാനും കഴിയണം. നോളെജ് ഇക്കോണമിയെക്കുറിച്ചുള്ള നോളെജ് വിമർശനോന്മുഖമായിരിക്കണം. ജ്ഞാനം സ്വകാര്യസ്വത്തും വിൽപനച്ചരക്കും മൂലധന സമാഹരണ വ്യവസായവും ആവുന്നതിന്റെ പ്രത്യാഘാതങ്ങൾ ദൂരവ്യാപകമാണ്. ബൗദ്ധിക സ്വത്തിനുമേൽ ജനകീയാധികാരം നിർണായകമായിത്തീരണം. അതിനുസഹായിക്കുന്ന വിദ്യാഭ്യാസം ആസൂത്രണം ചെയ്യാൻ നമുക്ക് കഴിയണം. പൊതുസമൂഹത്തിന്റെ ബൗദ്ധിക സ്വത്തു വർദ്ധിപ്പിക്കലായിരിക്കണം ലക്ഷ്യം. സാമൂഹ്യബോധത്തിലും വിമർശനാത്മക ജ്ഞാനോൽപാദനത്തിലും പ്രതിജ്ഞാബദ്ധരാവുന്നവരുടെ എണ്ണം പെരുകണം. ബൗദ്ധിക പൊതുസ്വത്തുവർധിപ്പിക്കാൻ അവർക്കേ കഴിയൂ.

നോളെജ് സമൂഹം എന്നാൽ നോളെജ് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സമൂഹം എന്ന സാമാന്യ നിർവചനമാണിന്നു പൊതുവെ സ്വീകാര്യം. അഭ്യസ്തവിദ്യ സമൂഹം അഥവാ ആധുനിക കാര്യങ്ങളിൽ അറിവുള്ളവരുടെ പൗരാവലി നയിക്കുന്ന സമൂഹം എന്ന അർഥത്തിലാണ് എല്ലാവരും മനസ്സിലാക്കുന്നത്. വികസനം കെട്ടിപ്പടുക്കുന്നതിൽ അറിവ ്പ്രയോജനപ്പെടുത്താൻ വേണ്ടവിവരങ്ങൾ തിരിച്ചറിയുകയും ഉൽപ്പാദിപ്പിക്കുകയും പരിവർത്തിപ്പിക്കുകയും പ്രസാരണം ചെയ്യുകയും ചെയ്യുന്ന പ്രക്രിയയിൽ ഏർപ്പെടുന്നവരുടെ സമൂഹം എന്നാണ് യുനെസ്കോ നൽകുന്ന നിർവ്വചനം. അതായത് സായൻസിക സാങ്കേതിക കണ്ടുപിടുത്തങ്ങൾ അടിസ്ഥാനമാക്കി മുന്നേറുന്ന സംരംഭകരുടെയും വ്യവസായികളുടെയും സാമ്പത്തിക പ്രവർത്തനത്താൽ ചടുലമായ സമൂഹം എന്നർഥം. അതിനു എല്ലാവരെയും ഉൾക്കൊള്ളാനും നാനാത്വം അംഗീകരിക്കാനും എന്തിലും പങ്കുചേരാനും ഐക്യദാർഢ്യം ഉറപ്പുവരുത്താനും വേണ്ട സാമൂഹ്യവീക്ഷണം ആവശ്യമാണെന്നും യുനെസ്കോ പറയുന്നു. അറിവ് പടുത്തുയർത്തുക, വിദ്യാഭ്യാസം വഴിയും പരിശീലനം വഴിയും അത് പ്രസാരണം ചെയ്യുക; വിവരരൂപത്തിൽ മാധ്യമങ്ങൾ വഴി പടർത്തുക; സാങ്കേതിക കണ്ടുപിടുത്തത്തിനായി പ്രയോജനപ്പെടുത്തുക എന്നൊക്കെയുള്ളതാണ് അതിന്റെ സവിശേലക്ഷണങ്ങളായി വർണ്ണിച്ചിരിക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യം, സാർവലൗകിക വിവര ലഭ്യത, ഭാഷാപരവും സാംസ്കാരികവുമായ നാനാത്വം, ഗുണമേന്മയുള്ള സാർവലൗകിക വിദ്യാഭ്യാസം എന്നിവയാണത്രെ അതിന്റെ നെടുന്തൂണുകൾ! സാമൂഹ്യ-സാമ്പത്തിക വികസനത്തിന്റെ പ്രധാന ഘടകം അറിവാണെന്നു വരുന്ന അവസ്ഥയാണിതെന്നും പറയുന്നു. ഇതൊക്കെയും ബാഹ്യലക്ഷണങ്ങൾ വളച്ചുകെട്ടിപ്പറഞ്ഞു യഥാർഥ വസ്തുത മറച്ചുവയ്ക്കുന്ന അടവുകളാണ്.

അറിവ് എപ്പോഴും ഭാഗീകമാണ്. അറിവ് പൂർണ്ണതയെ ലക്ഷ്യമാക്കണം. പൂർണ്ണതയെ ലക്ഷ്യമാക്കുന്ന അറിവ് ബാഹ്യ ലക്ഷണങ്ങളുടെ വിവരണം അറിവായി കണക്കാക്കുകയില്ല. കാരണം അത് അറിവല്ല, മിഥ്യയാണ്. പൂർണ്ണതയെ ലക്ഷ്യമാക്കുന്ന വ്യാഖ്യാനമാണ് നോളെജ് ഇക്കോണമിയെ അടിസ്ഥാനമാക്കി നൽകിയത്. നോളെജ് ഇക്കോണമിയുടെ ബദൽരൂപം ബൗദ്ധിക സ്വത്തിനെ ജനകീയ പൊതുസ്വത്താക്കി മാറ്റുന്നതിലൂടെ നിർമ്മിക്കുന്ന ഒന്നാണ്. അതാണു ജനകീയ വിജ്ഞാനസമൂഹം. ബൗദ്ധിക സ്വത്തിന്റെ ദേശസാൽക്കരണവും ജനാധിപത്യവൽക്കരണവും വഴി മനുഷ്യർക്കും പ്രകൃതിക്കും ഗുണകരമായ വിജ്ഞാനം സൃഷ്ടിക്കുകയും അതെല്ലാവർക്കും ലഭ്യമാക്കുകയും ചെയ്യുന്ന പ്രക്രിയയിൽ മുഴുകുന്ന സമൂഹം. അങ്ങനെയൊരു സമൂഹം ഇന്നുനിലവിലില്ല. അതു നാം സ്വപ്നം കാണുന്ന സമൂഹമാണ്. അറിവിന്റെ ജനകീയ ജനാധിപത്യവൽക്കരണം ലക്ഷ്യമാക്കി പ്രസ്ഥാനങ്ങൾ നയിച്ചും പൊരുതിയും നേടാനുള്ള നാളത്തെ സമൂഹം. ആ സമൂഹത്തിന്റെ സൃഷ്ടിക്കു വേണ്ടിയാണ് ലോകം കാത്തിരിക്കുന്നത്. അതിനു വേണ്ടിയാവണം വിദ്യാഭ്യാസം.

8

## ശാസ്ത്ര വിജ്ഞാനവും വിദ്യാഭ്യാസവും

ഉഷ മേനോൻ, ജ്യോഡോഗ്യാൻ

**അ**റിവും പ്രയോഗവും അല്ലെങ്കിൽ –ചെയ്യുന്നതും ചിന്തിക്കുന്നതും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള ഒരു സമൂഹത്തിന്റെ കാഴ്ചപ്പാട് ആ –സമൂഹത്തിന്റെ ഉൾക്കാമ്പിലെ DNA ആയി ജീവിക്കുന്നു. ആ കാഴ്ചപ്പാട്ഒരു സമൂഹത്തിലെ എല്ലാ മേഖലകളെയും പ്രത്യേകിച്ച് വിദ്യാഭ്യാസജീവിതത്തെ ഗാഢമായി ബാധിക്കുന്നു.

രണ്ടാം ലോക മഹായുദ്ധം കഴിഞ്ഞുള്ള സമയത്തു സമ്പദ്ഘടനയിൽ വന്ന മാറ്റങ്ങളും അതിൽ ശാസ്ത്രത്തിന്റെ വലിയ തോതിലുള്ള പങ്കാളിത്തവും സ്പഷ്ടമായിരുന്നു. അതിനെ എങ്ങനെ ഉൾകൊള്ളണമെന്നതിനേ പറ്റി അമേരിക്കയിലും മറ്റു മുതലാളിത്ത രാജ്യങ്ങളിലും വലിയ തോതിൽ ആരായലുകൾ നടന്നു.

വന്ന മാറ്റങ്ങൾ രണ്ടു രീതിയിലുള്ളതായിരുന്നു. ഒന്നു ശാസ്ത്രവും മൂലധനവും തമ്മിലെ ബന്ധത്തിലുള്ള വ്യത്യാസം. രണ്ടാമതു ശാസ്ത്രവും തൊഴിലാളിയായ മനുഷ്യനും തമ്മിലെ ബന്ധത്തിലുള്ള വ്യത്യാസം. ഇത് രണ്ടിനെയും ശാസ്ത്രീയപരമായി ഉൾകൊള്ളാൻ നില വിലുള്ള ധനശാസ്ത്രത്തിന് (neo-classical economics) കഴിഞ്ഞില്ല, ആ പശ്ചാത്തലത്തിലാണു `Knowledge Economy' `Human Capital' എന്ന ആശയങ്ങൾ ഉയർന്നു വന്നത്. ശാസ്ത്രിയ വീക്ഷണം ഉൾകൊള്ളുന്ന ഒരു വിജ്ഞാനസമൂഹം' ആയിട്ടല്ല ഇതിനെ കണ്ടത്

പക്ഷേ നമുക്കു വരുന്ന കാലഘട്ടത്തെ മനുഷ്യസഹജമായ വിജ്ഞാന സമൂഹമായും സങ്കൽപ്പിക്കാം. അതിൽ ശാസ്ത്രപരമായ ചിന്തയ്ക്ക് വളരെ പ്രാധാന്യം ഉണ്ടാകും. ശാസ്ത്രത്തിന്റെ ഒരു പ്രത്യേകത അത് ശക്തിശാലിയായ –സൈദ്ധാതികമായ ധാരണകൾ/ആശയങ്ങൾ ഉൾകൊള്ളുന്നു എന്നതാണ്. ഉദാഹരണത്തിനായി ജീവശാസ്ത്രത്തിൽ കോശം, ധനശാസ്ത്രത്തിൽ വ്യാപരച്ചരക്ക്, രസതന്ത്രശാസ്–ത്രത്തിൽ മോളിക്യൂൾ എന്നി ആശയങ്ങൾ എടുക്കാവുന്നതാണ്. പക്ഷെ കഴിഞ്ഞ കുറച്ചു ദശകങ്ങളായി നടക്കുന്ന ഗവേഷണങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാകുന്നത്–സ്കൂളിൽ പഠിച്ച കുട്ടികളിലും അടിസ്ഥാനമായ സൈദ്ധാന്തികമായ ധാരണകൾ വളരുന്നില്ല എന്നതാണ്. സൈദ്ധാന്തികമായ ധാരണകൾ നമ്മുടെ സാധാരണ അനുഭവങ്ങളിൽ നിന്ന് ഉരിത്തിരിയുന്ന ഒന്നല്ല. ഉദാഹരണത്തിനായി, ഭൂമി ഉരുണ്ടതാണെന്നത് നമ്മുടെ ദൈനംദിന തോന്നലുകളിൽ നിന്ന് വിപരീതമാണ്.

കുട്ടി ചോദ്യത്തിന് ശരിയായ ഉത്തരം പറയുന്നത് കൊണ്ട് കുട്ടിക്ക് ധാരണയുണ്ട് എന്ന് നമുക്ക് നിശ്ചയിക്കാനാവില്ല. അതിന് കൂടുതൽ സൂക്ഷ്മമായ നിരീക്ഷണങ്ങൾ ആവശ്യമാണ്. ഇങ്ങനെയുള്ള സൈദ്ധാന്തിക ആശയങ്ങളെപ്പറ്റിയുള്ള മനോചിത്രണം (mentalmodel) കുട്ടികളുടെ മനസ്സിൽ വളരാനായി അവർക്ക് സൂക്ഷ്മമായി ആലോചിട്ടുണ്ടാക്കിയ പ്രശ്പരിഹാര പ്രവർത്തനങ്ങളിൽ പങ്കെടുക്കണം എന്ന് മാത്രമല്ല അതിൽ ടീച്ചറുടെ പ്രത്യേകമായ പങ്കെടുക്കലും അത്യാവശ്യമാണ്. പ്രവർത്തിനത്തിന്റെ ഭാഗമായി ടീച്ചർ ഉപയോഗിക്കുന്ന വാക്കുകളും മറ്റു ഉപകരണങ്ങളും കുട്ടികൾക്ക് ധാരണ ആവാഹിച്ചെടുക്കാൻ പറ്റിയ സാഹചര്യം സൃഷ്ടിച്ചെടുക്കുന്നു. പറഞ്ഞുകൊടുത്തിട്ടോ, കാണാപ്പാഠം പഠിച്ചിട്ടോ, കമ്പ്യൂട്ടറിൽ കണ്ടിട്ടോ കുട്ടിയുടെ മനസ്സിലുള്ള മനോചിത്രണം രൂപപ്പെടില്ല. വിചാരവും വികാരവും കൂടി ചേരുന്ന ഒന്നാണ് ആശയ നിർമാണം. അതിന് പ്രവർത്തളനങ്ങളിൽ കൂടെ പങ്കുചേരുന്ന ഒരു ടീച്ചർ ആവശ്യമാണ്.

ഇത് എങ്ങനെ ചെയ്യണമെന്നത്–ലോകമെമ്പാടും നമ്മൾ അഭിമുഖീകരിക്കുന്ന ഒരു പ്രതിസന്ധിയാണ്. പക്ഷെ ഇത് മറികടന്നാൽ അതിലൂടെ നമ്മളുടെ കുട്ടികൾ ഒരുവിജ്ഞാനസമൂഹത്തിന്റെ അരികിൽ നിന്ന് നോക്കുന്ന കാണികൾ അല്ലാതെ അതിനെ മനുഷ്യസഹജമായ ഒന്നാക്കി എടുക്കുന്ന ആളുകളായി മാറാം.

ഈ തരത്തിലുള്ള വിദ്യാഭാസം എങ്ങനെ ഉണ്ടാക്കിയെടുക്കണം എന്നത് ആലോചിച്ചു മാത്രമല്ല നീണ്ട സമയത്തേക്ക് തുടരുന്ന ജീവിക്കുന്ന മാതൃകകളിൽ' ഉണ്ടാക്കിയിട്ടും കൂടിയുമാണ്. അങ്ങനെയുള്ള ഒരുസംരഭത്തിൽ നമുക്ക് ആലോചിക്കുന്നതും ചെയ്യുന്നതും തമ്മിലുള്ള ബന്ധത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കാനും പറ്റും.

Machlup, F. (1962).The Production and Distribution of Knowledge in the United States. Princeton University Press.Machlup considered as knowledge"anything that is known by somebody and as "production of knowledge" any activity by which someone learns of something"

Drucker, P.F. (1999). Knowledge Worker Productivity – the biggest Challenge. CALIFORNIA MANAGEMENT RÂIEW VOL. 41, NO. 2 WINTER pp. 78-94.

Vosniadou, Stella (2014). Model based reasoning and the learning of counter-intuitive science concepts. https://doi.org/10.1174/021037013804826519.

Vygotsky said that in the traditional approach `Thinking was divorced from the full vitality of life, from the motives, interests,and inclinations of the thinking individual.'Vygotsky, L. (1998/1934). In R. W. Rieber (Ed.), The Collected Works of L. S. Vygotsky. Volume 5. p 37. New York: Plenum.

# ജീവിത ഗന്ധിയായ ഗണിതപഠനം

9

## ഗണിത വിദ്യാഭ്യാസം കേരളത്തിൽ

പ്രൊഫ. ഇ. കൃഷ്ണൻ

**കേ**രളത്തിലെ പുതിയ പാഠ്യപദ്ധതിയിൽ ഗണിതശാസ്ത്രം എങ്ങനെയാ യിരിക്കണം എന്ന് ആലോചിക്കുന്നതിനു മുന്നോടിയായി, തൊണ്ണൂറുകളിലെ സമഗ്രമായ പാഠ്യപദ്ധതി നവീകരണത്തിനു മുമ്പ് കേരളത്തിലെ വിദ്യാലയങ്ങളിൽ ഗണിതം കൈകാര്യം ചെയ്തിരുന്ന രീതികളും 2007 ലെ പാഠ്യപദ്ധതി ചട്ടക്കൂടിൽ അവതരിപ്പിച്ച വേറിട്ട മാർഗ്ഗങ്ങളും പരിശോധിക്കേണ്ടതുണ്ട്.

1970 കൾ വരെ ഗണിതക്രിയകൾ പരിശീലിപ്പിക്കുന്നതിലാണ് ഇന്ത്യയിലെ ഗണിതവിദ്യാഭ്യാസം ഊന്നൽ നൽകിയിരുന്നത്. തുടർന്ന് പല വിദേശരാജ്യങ്ങളിലും അറുപതകളിൽ പുതുക്കണക്ക് (New Math) എന്ന പേരിൽ നിലവിൽ വന്ന ഗണിത വിദ്യാഭ്യാസ രീതി ഇവിടെയും നടപ്പാക്കി. അമൂർത്തമായ ആശയങ്ങളിൽ അധിഷ്ഠിതമായ ഒരു ചിന്താ പദ്ധതിയായി ഗണിത ശാസ്ത്രം അവതരിപ്പിക്കുന്ന ഈ രീതി ഒരു പരാജയമാണെന്നു കണ്ട് വിദേശരാജ്യങ്ങളെല്ലാം പിൻവലിച്ചുവെങ്കിലും, തൊണ്ണൂറുകളിലെ പാഠ്യപദ്ധതി പരിഷ്ക്കരണം വരെ കേരളത്തിൽ ഈ രീതി തുടർന്നു. സിബിഎസ്.സി പാഠ്യപദ്ധതിയിലും, ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെ പാഠ്യപദ്ധതിയിലും, ഇതിന്റെ സ്വാധീനം ഇപ്പോഴും പ്രകടമാണ്.

ഗണിതത്തിലെ പ്രയോഗങ്ങളും തത്വങ്ങളും തമ്മിലുള്ള പരസ്പര ബന്ധം വ്യക്തമാക്കുന്ന തരത്തിലായിരിക്കണം ഗണിതവിദ്യാഭ്യാസം എന്നതാണ് 2007 ലെ പ്രധാന നിർദ്ദേശം. കേവലമായ യുക്തിയുടെ മാത്രം അടിസ്ഥാനത്തിൽ ആശയങ്ങൾ കൂട്ടിയിണക്കി പുതിയ ആശയങ്ങളിൽ എത്തിച്ചേരുന്ന ഗണിതത്തിന്റെ രീതിശാസ്ത്രവും കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. എന്നാൽ പാഠപുസ്തകങ്ങളും ബോധനരീതിയും പൂർണ്ണമായി ഈ രീതിയിലേക്ക് മാറിയിട്ടില്ല.

ഗണിതമെന്നാൽ കണക്കുകൂട്ടലുകൾ മാത്രമാണെന്ന് പല അധ്യാപകരും ഇപ്പോഴും തെറ്റിദ്ധരിക്കുന്നു. അതുകൊണ്ടു തന്നെ ക്രിയാരീതികളും സൂത്രവാക്യങ്ങളും യാന്ത്രികമായി പ്രയോഗിക്കാനുള്ള പരിശീലനമായി ഗണിത വിദ്യാഭ്യാസം ചുരുങ്ങിപ്പോകുന്നു. ഓരോ സന്ദർഭത്തിൽ ഉപയോഗിക്കേണ്ട ഗണിത ക്രിയകൾ തിരിച്ചറിയാനും, അവ വ്യത്യസ്ത രീതികളിൽ ചെയ്യാനുള്ള മാർഗ്ഗങ്ങൾ ആലോചിച്ച് ഏറ്റവും കാര്യക്ഷമമമായത് കണ്ടെത്തനുമുള്ള കഴിവാണ് വളർത്തേണ്ടത്. സങ്കീർണ്ണമായ ഗണിതക്രിയകൾ കമ്പ്യൂട്ടർ ഉപയോഗിച്ച് ചെയ്യുന്ന രീതിയും പരിചയപ്പെടുത്തേണ്ടതുണ്ട്. ഇതിനൊപ്പം ഇതിനായി ഉപയോഗിക്കുന്ന ഗണിതാശയങ്ങളും തിരിച്ചറിയണം.

അടുത്ത കാലം വരെ, യാതൊരു പ്രയോഗസാധ്യതയും ഇല്ലെന്നു കരുതിയിരുന്ന ഒരു ഗണിത ശാഖയാണ്, എണ്ണൽ സംഖ്യകളുടെ പഠനമായ സംഖ്യാശാസ്ത്രം (Number Theory). അതുകൊണ്ടുതന്നെ ഈ ഗണിതശാഖ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ഇന്നത്തെ കാലത്ത് കമ്പ്യൂട്ടറുകളിലൂടെയുള്ള വിനിമയങ്ങളുടെ സുരക്ഷ ഉറപ്പാക്കാനുള്ള സംവിധാനങ്ങൾ ഇതിലെ തത്ത്വങ്ങൾ ഉപയോഗിച്ചാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഈ ഗണിത ശാഖയുടെ പഠനം ചെറിയ ക്ലാസ്സുകൾ മുതൽ തന്നെ ആരംഭിക്കുന്നത് നന്നായിരിക്കും. കുട്ടികൾക്ക് സ്വന്തമായി ലളിതമായ പല ആശയങ്ങളും രൂപീകരിക്കാൻ കഴിയുന്ന വിധത്തിൽ ഇതിന്റെ ആദ്യപാഠങ്ങൾ ചിട്ടപ്പെടുത്താനും എളുപ്പമാണ്.

മറ്റു പല ശാസ്ത്രങ്ങളിലും ഗണിതം ഉപയോഗിക്കുന്ന രീതിയും, ഈ ശാസ്ത്രങ്ങളിലെ അന്വേഷണങ്ങളുടെ ഭാഗമായി പുതിയ ഗണിതാശയങ്ങൾ രൂപപ്പെടുന്നതും ഗണിത പാഠങ്ങളുടെ ഭാഗമാകണം. നിലവിലുള്ള ഗണിത പാഠപുസ്തകങ്ങളിൽ തന്നെ ഭൗതികശാസ്ത്രവുമായുള്ള ബന്ധം പലയിടങ്ങളിലും പരാമർശിച്ചിട്ടുണ്ടെങ്കിലും, അവയെല്ലാം പലപ്പോഴും അവഗണിക്കപ്പെടുന്നതായാണ് അനുഭവം. ഇതുപോലെതന്നെ സാമൂഹ്യ ശാസ്ത്രങ്ങളിലെ പല ഭാഗങ്ങളും, ഗണിതത്തിലെ സ്ഥിതി വിവരക്കണക്കുകൾ (Statistics), സാധ്യതാസിദ്ധാന്തം (Probability Theory) എന്നീ ശാഖകളും പരസ്പര ബന്ധിതമായാണ് അവതരിപ്പിക്കേണ്ടത്.

കേരളത്തിലെ മുൻകാല ഗണിത വിദ്യാഭ്യാസത്തിന്റെ അവലോകനവും, ഭാവിയിലെ ഗണിതവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ചില കാഴ്ചപ്പാടുകളുമാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇന്നത്തെ ഗണിത പാഠ്യപദ്ധതിയിലെ പോരായ്മകൾ പരിഹരിച്ചു കൊണ്ട്, സാർത്ഥകമായ ഗണിതവിദ്യാഭ്യാസം രൂപപ്പെടുത്താൻ ഇതു സഹായകമാകും എന്നാണ് പ്രതീക്ഷ.

# 10

## ഗണിതമെന്ന സംസ്ക്കാരം

ബി മധു, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷന്, മൈസൂരു

**ക**ണക്ക് പഠിക്കുന്നതിനെക്കുറിച്ചും പഠിപ്പിക്കുന്നതിനെക്കുറിച്ചുമുള്ള ചർച്ചകളിലെല്ലാം തന്നെ രണ്ടു ധ്രുവങ്ങളിലുള്ള ആശയങ്ങളുടെ സംഘർഷം കാണാവുന്നതാണ്. അതിലൊന്ന് ജീവിതത്തിലെ കണക്കിന്റെ അനിവാര്യതയാണെങ്കിൽ മറുവശത്ത് വിഷയം കൈകാര്യം ചെയ്യുന്നതിലെ അമൂർത്തത മൂലം ഗണിതപഠനത്തിൽ കടന്നുവരുന്ന സങ്കീർണ്ണതയാണ്. ആദ്യത്തേത് ഗണിതപഠനത്തെ ഒഴിവാക്കാൻ കഴിയാത്ത ഒന്നാക്കി മാറ്റുമ്പോൾ രണ്ടാമത്തെ പ്രശ്നം പലരേയും കണക്കു പഠിക്കുന്നതിൽ വിമുഖരാക്കുന്നുമുണ്ട്. ഇത്തരം സംഘർഷങ്ങളെ എങ്ങനെ അഭിസംബോധന ചെയ്യുന്നു എന്നതിലാണ് ഏതൊരു ഗണിതപാഠ്യപദ്ധതിയുടെയും വിജയം. കണക്കിനെ ജീവിതവുമായി ചേർത്തു നിർത്തുക എന്നത് ഇതിനൊരു പരിഹാരമായി പറയാമെങ്കിലും, ഉപയോഗിച്ച് പഴകിയതിനാലാകണം ജീവിതഗന്ധിയാകുക എന്നത് ലളിതമാകുക എന്നതിന് പകരമാണ് എന്നൊരു തോന്നൽ ജനിപ്പിക്കുന്നുണ്ട്, അതിനാൽ കുറേക്കൂടി ഉചിതമായ പ്രയോഗം ഗണിതത്തിന്റെ സംസ്ക്കാരം ഉൾക്കൊള്ളുന്ന തരത്തിൽ കരിക്കുലത്തെ വാർത്തെടുക്കുക എന്നതായിരിക്കും. കുട്ടിയുടെയും അതു വഴി സമൂഹത്തിന്റേയും മുന്നോട്ടുള്ള യാത്രയിൽ നേരിട്ടേക്കാവുന്ന പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ അവരെ സഹായിക്കുന്നതായിരിക്കണം ഗണിതപഠനം.

അത്തരമൊരു കരിക്കുലത്തെക്കുറിച്ച് ചിന്തിക്കാൻ ഒരുങ്ങുമ്പോൾ ഒരു വ്യക്തിയുടെ ജീവിതത്തിൽ കടന്നുവരുന്ന കണക്കിനെയും അതിന്റെ പഠനത്തെയും പല തലത്തിൽ കാണേണ്ടതുണ്ട്. ഓരോ വ്യക്തിയുടെയും നിത്യജീവിതത്തിൽ കടന്നുവരുന്ന കണക്കുകളുണ്ട്. അതിലുള്ള അറിവുകൾ അവർക്ക് അത്യന്താപേക്ഷികമാണ്. അത്തരം ഗണിതവും ഗണിതചിന്തകളും അബോധമായി തന്നെ നാമെല്ലാവരും ഉപയോഗിക്കുന്നതായി ഒന്നാലോചിച്ചാൽ തിരിച്ചറിയാവുന്നതാണ്. അതോടൊപ്പം തങ്ങളുടെ തൊഴിലിടങ്ങളിൽ അതതു തൊഴിലിന് ആവശ്യമായ കണക്കുകൾ ബോധപൂർവം തന്നെ നമ്മൾക്ക് കൈകാര്യം ചെയ്യേണ്ടതുണ്ട്. ഇക്കാര്യങ്ങളോടൊപ്പം മനുഷ്യൻ താൻ ജീവിക്കുന്ന സമൂഹത്തിൽ ഇടപെടേണ്ടതായുണ്ട്. സാമൂഹികജീവിതത്തിൽ തങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിനും സമർഥമായി പരിഹരിക്കുന്നതിനും ഗണിതചിന്ത അവരെ സഹായിക്കേണ്ടതുണ്ട്. അത് പ്രാഥമികമായ വിവരശേഖരണം തൊട്ട് സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളുടെ പരിഹാരം വരെ പലതുമാകാം. അതിനായി ഒരു പ്രശ്നത്തെയൊ ആശയത്തെയോ സമീപിക്കുമ്പോൾ അതിലടങ്ങിയിരിക്കുന്ന മൂർത്തവും അമൂർത്തവും ആശയങ്ങളെ ഉൾക്കൊള്ളാനും, യുക്തിയുക്തമായി ചിന്തിക്കാനും, അടിസ്ഥാനപ്രമാണങ്ങളിൽ നിന്ന് നിഗമനങ്ങളിലെത്തിച്ചേരാനും കുട്ടിക്കാവണം. 2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ ഭാഗമായ പൊസിഷന് പേപ്പറിൽ ഗണിത പഠനത്തിന്റെ വിശാലമായ ലക്ഷ്യമായി മുന്നോട്ടു വെച്ചിരുന്ന ചിന്തയുടെ ഗണിതവത്ക്കരണം (Mathematisation of Thought Process) തന്നെയാണ് ഇത്.

ഇതോടൊപ്പം ഉയർന്ന തലത്തിൽ ഗണിതം കൈകാര്യം ചെയ്യുന്നവർക്കിടയിൽ ആശയവിനിമയോപാധിയാവുക എന്നൊരു ദൗത്യം കൂടി കണക്കിന് ഉണ്ട്. സ്വയമൊരു ഭാഷയാകുന്നതൊടെ മറ്റേതൊരു ഭാഷയെപ്പോലെയും സൗന്ദര്യാത്മകമായ ഒരു തലം കണക്കിലും കടന്നു വരും. കവിത ആസ്വദിക്കുന്നതു പോലെയോ, ഒരു ചിത്രം കണ്ട് സന്തോഷിക്കുന്നതു പോലെയോ ഒരു ഗണിത ആശയം അവരിൽ ആന്തരീകമായ അനുഭൂതി വളർത്തണം. അതിനാൽ തന്നെ ഗണിതപഠനത്തിന്റെ മറ്റൊരു പ്രധാന ലക്ഷ്യം പഠിതാവിനെ ഗണിതചിന്തയുടെ കുറേക്കൂടി ഉയർന്ന മാനസികതലത്തിലേക്ക് നയിക്കാൻ കഴിയുക എന്നതു കൂടിയാകണം.

മനുഷ്യമസ്തിഷ്ക്കം തികച്ചും സ്വാഭാവികമായ രീതിയിൽ പാറ്റേണുകളെ തിരിച്ചറിയാൻ കഴിവുള്ളവയാണ്. അത്തരമൊരു സാധ്യത ഗണിതപഠനത്തിൽ ഉപയോഗിക്കേണ്ടതാണ്. വസ്തുക്കളുടെ ഗുണങ്ങളെ അളക്കുകയും അതുവഴി അവയെ താരതമ്യം ചെയ്യുകയും ചെയ്യുന്നതിനുള്ള ഗണിതത്തിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്ന ഒന്നാകണം ഗണിതപഠനം.

ഗണിതം സ്വയമൊരു ഭാഷയാകുമ്പോഴും കണക്ക് ക്ലാസിലെ ഭാഷ ക്ലാസിനു പുറത്ത് കുട്ടി ഉപയോഗിക്കുന്ന ഭാഷയിൽ നിന്ന് വ്യത്യസ്തമാണ്. എന്നാൽ ഉയർന്ന തലത്തിൽ ഗണിതം ഉപയോഗിക്കുന്നവരുടെ ഭാഷയുടെ മുറുക്കം അതിനൊട്ടില്ല താനും. അതിനാൽ തന്നെ ക്ലാസ് മുറിക്കു പുറത്തുള്ള ഭാഷയിൽ ജീവിക്കുന്ന കുട്ടിയെ കണക്കിന്റെ ഭാഷ പരിചയപ്പെടുത്തുകയും അതിലൂടെ കൂടുതൽ ഉയർന്ന തലത്തിൽ ഉപയോഗിക്കുന്ന ഗണിതത്തിന്റെ ഭാഷയിലേക്ക് അവരെ നയിക്കുകയും വേണം.

ഇത്തരത്തിൽ കണക്കിന്റെ എല്ലാ ഘടകങ്ങളെയും മനോഹരമായി സമ്മേളിപ്പിക്കുന്ന ഒന്നായിരിക്കണം കണക്കിന്റെ കരിക്കുലം. അത് ഇന്നത്തെ ലോകത്തെ തിരിച്ചറിയുന്നതിനും ലോകത്തെ മാറ്റിത്തീർക്കുന്നതിനും നാളത്തെ ലോകത്തെ നിർമ്മിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്ന ഒന്നായിരിക്കണം. ഗണിതപഠനത്തെ ഫലപ്രാപ്തിയിലെത്തിക്കുന്നത് കേവലം

കരിക്കുലത്തിലെ പുതുക്കൽ കൊണ്ടല്ല എന്നത് തർക്കമില്ലാത്ത കാര്യമാണ്. കുട്ടികളുടെ കൈവശ മെത്തുന്ന പാഠപുസ്തകങ്ങളുടെ അവർ നടത്തുന്ന പഠനപ്രവർത്തനങ്ങളും കുട്ടിക്ക് അറിവ് നിർമ്മിക്കാൻ സാഹചര്യം ഒരുക്കി കൊടുക്കുന്നവരായ അധ്യാപക രും കുട്ടികളുടെ പഠനപുരോഗതി സമയാസമയങ്ങ ളിൽ വിലയിരുത്തുന്ന പരീക്ഷകളും എല്ലാം തന്നെ ഗണിതത്തിന്റെ ദർശനം അതിന്റേതായ അർഥത്തിൽ പ്രതിഫലിക്കുന്ന വിധത്തിൽ തയ്യാറാക്കപ്പെടേണ്ടതുണ്ട്.

# ശാസ്ത്ര ബോധത്തിലേക്ക് നയിക്കുന്ന ശാസ്ത്ര പഠനം

11

## ശാസ്ത്രത്തിന്റെ പ്രവർത്തന രീതി സ്കൂൾ കരിക്കുലത്തിൽ

പ്രൊഫ. അജിത് പരമേശ്വരൻ, International Centre for Theoretical Sciences, Bengaluru

**ഭൗ**തിക ലോകത്തെക്കുറിച്ചുള്ള അറിവുകൾ നിർമ്മി ക്കാനുള്ള കണിശമായ ഒരു പ്രവർത്തന രീതിയും അങ്ങനെയുണ്ടാക്കിയ അറിവുകളുടെ ഒരു ശേഖരവു മാണ് ആധുനിക ശാസ്ത്രം. ദൗർഭാഗ്യകരമാകട്ടെ കു റേ വസ്തുതകളുടെ ഒരു സമാഹാരം മാത്രമായാണ് സ്കൂളിൽ ശാസ്ത്രം പഠിപ്പിക്കപ്പെടുന്നത്; ശാസ്ത്ര ത്തിന്റെ പ്രവർത്തന രീതി കുട്ടികൾ ശീലിക്കുന്നില്ല. 'ശാസ്ത്രത്തിന്റെ പ്രവർത്തന രീതി' എന്നതു പോലും മന:പാഠമാക്കേണ്ട ഒരു വിഷയമായാണ് പഠിപ്പിക്കുന്നത്.

യുക്തിയെ അടിസ്ഥാനമാക്കിയുള്ള ചിന്ത, തെളി വുകളെ ആധാരമാക്കി കാഴ്ചപ്പാടുകളെ മാറ്റാനുള്ള സന്നദ്ധത എന്നിവയാണ് ശാസ്ത്രത്തിന്റെ പ്രവർത്ത ന രീതിയുടെ കാതൽ. ശാസ്ത്ര ഗവേഷണത്തിൽ മാത്രമല്ല നമ്മൾ നിത്യേന നേരിടുന്ന പ്രശ്നങ്ങളെ വിശകലനം ചെയ്യാനും ഉചിതമായ തീരുമാനങ്ങളെ ടുക്കാനും ഈ പ്രവർത്തന രീതി ഉപയോഗപ്പെടും. വിവരപ്രളയവും വ്യാജവാർത്തകളും നിറഞ്ഞ ആധു നിക ലോകത്ത് ഇത് പ്രത്യേകം പ്രസക്തമാണ്.

പരിശീലത്തിലൂടെ മാത്രമേ ഈ പ്രവർത്തന രീതി ശീലിക്കാനാവൂ. സാമാന്യ ബുദ്ധിയും (common sense) യുക്തിചിന്തയും (rational thinking) ഒന്നല്ല. പല തര ത്തിലുള്ള യുക്ത്യബദ്ധങ്ങളും (logical fallacies) മുൻ വിധികളും (prejudices) ചായ്വുകളുമൊക്കെ (biases) നമ്മുടെ അനുമാനങ്ങളെ ബാധിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം. നമ്മൾ പരിഗണിക്കുന്ന തെളിവുകൾ വിശ്വാസ്യമാണോ എന്ന് പരിശോധിക്കണം.

അൽപ്പം പരിശീലനത്തിലൂടെ ആർക്കും ഈ പ്ര വർത്തന രീതി ശീലിക്കാനാവും. കുട്ടികൾക്ക് മുൻ വിധികളും ചായ്വുകളുമൊക്കെ മുതിർന്നവരേക്കാൾ കുറവായതുകൊണ്ട് അവർക്ക് ഇത് കൂടുതൽ എളു പ്പമാവും. ഇത് പ്രവർത്തനങ്ങളിലൂടെ പഠിപ്പിക്കുന്നത് (activity based learning) സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുന്നത് ശാസ്ത്ര ബോധമുള്ള പുതിയ തലമു റയെ വാർത്തെടുക്കാൻ സഹായകമായേക്കും.

12

## ശാസ്ത്രത്തെക്കുറിച്ചുള്ള അറിവും ശാസ്ത്രീയ മനോഭാവും

Prof. (Dr.) Kana M. Sureshan, FRSC, FASc, School of Chemistry,
Dean of Infrastructure and Planning, IISER Thiruvananthapuram

**ജ**നങ്ങൾക്കിടയിൽ ശാസ്ത്രീയ മനോഭാവത്തിന്റെ ആവശ്യകത അനുശാസിക്കുന്ന ഏക ഭരണഘടന ഇന്ത്യൻഭരണഘടനയാണ്. നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 51 എ (എച്ച്) അനുസരിച്ച്, ശാസ്ത്രീയ മനോഭാവം, മാനവികത, ചോദ്യം ചെയ്യൽ പ്രവണത എന്നിവ ആർജിക്കുകയും വളർത്തുകയും ചെയ്തു പരിവർത്തനത്തിനുവിധേയമാകുക എന്നത് ഓരോ ഇന്ത്യൻ പൗരന്റെയും കടമയാണ്. മാനവികത എന്നത് യുക്തിചിന്തയിൽഅധിഷ്ഠിതമായ, മനുഷ്യന് പ്രാധാ ന്യം നൽകി, അദൃശ്യ ശക്തികൾക്കോ, മിഥ്യസങ്കൽ പങ്ങൾക്കോ പ്രാധാന്യംനൽകാതെയുള്ള അന്ധവി ശ്വാസങ്ങൾക്ക് അടിമപ്പെടാതെയുള്ള, അനാചാരങ്ങൾ

പ്രവർത്തികമാക്കാതെ യുള്ള ഒരുജീവിതരീതി ആണ്. നിർഭാഗ്യവശാൽ ഇന്ത്യ അന്ധവിശ്വാസങ്ങളുടെ തല സ്ഥാനമാണ്; കേരളത്തിന്റെയും അവസ്ഥ മറ്റൊന്നല്ല. നാം നമ്മുടെ സാക്ഷരതയിൽ അഭിമാനിക്കുമ്പോൾ തന്നെ നമ്മുടെ കേരളവും അന്ധവിശ്വാസത്തിൽ മു ങ്ങിക്കുളിച്ചിരിക്കുകയാണ്. വായുവിൽ നിന്ന് ഭസ്മം ആവാഹിക്കുന്ന മനുഷ്യദൈവങ്ങൾക്കും മന്ത്രവാദി കൾക്കും മുള്ളാത്ത/ലക്ഷമിതരു കൊണ്ടു കാൻസർ മാറ്റുന്ന അത്ഭുതസിദ്ധന്മാർക്കും, വാസ്തുശാത്ര വി ധി പ്രകാരം വലിയസൗധങ്ങൾ വരെ പൊളിപ്പിക്കാൻ കെൽപുള്ള വാസ്തുശാസ്ത്ര വിദഗ്ധർക്കും പ്രകാശ വർഷങ്ങൾക്കപ്പുറമുള്ള നക്ഷത്രണങ്ങളെ പഴിച്ചു പൊ രുത്തവും പൊരുത്തക്കേടും ആരോപിച്ചു വിവാഹം മുടക്കാൻ കഴിവുള്ള ജ്യോതിഷികൾക്കും ധനികരാ വാൻ വേണ്ടി നരബലി നടത്തുന്ന ആളുകൾക്കും തഴ ച്ചുവളരാൻ ഉതകുന്ന വളക്കൂറുള്ള മണ്ണാണ് നമ്മുടെ നാട്. ശാസ്ത്രത്തെക്കുറിച്ചുള്ള അറിവ് ശാസ്ത്രീയ മനോഭാവം ഉറപ്പാക്കുന്നില്ല. പല ശാസ്ത്രജ്ഞർക്ക് പോലും ശാസ്ത്രീയ മനോഭാവമില്ല എന്നതാണ് വാ സ്തവം. അതുകൊണ്ടാണ് ബഹിരാകാശവാഹന വി ക്ഷേപണത്തിന് മുമ്പുവരെ അവർ പൂജ നടത്തുന്നത്. അന്ധവിശ്വാസങ്ങളുടെ പിന്നിൽ യുവതലമുറ വീഴു ന്നത് വലിയ ആശങ്കയാണ്. എവിടെയാണ് പ്രശ്നം? അതിനെക്കുറിച്ച് നമുക്ക് എന്ത് ചെയ്യാൻ കഴിയും? എന്റെ അവതരണത്തിൽ, വിദ്യാർത്ഥികൾക്കിടയിൽ അശാസ്ത്രീയ മനോഭാവത്തിന് കാരണമാകുന്നഘട കങ്ങളെക്കുറിച്ചും അടിയന്തിരമായി സ്വീകരിക്കേണ്ട പരിഹാര നടപടികളെക്കുറിച്ചും ചർച്ച ചെയ്യാൻ ഉദ്ദേ ശിക്കുന്നു.

13

# ശാസ്ത്രബോധം നിർമ്മിക്കാനുതകുന്ന ശാസ്ത്രവിദ്യാഭ്യാസം

ഡോ. ടി വി സജീവ്, ശാസ്ത്രജ്ഞൻ, കേരള വനഗവേഷണ ഇൻസ്റ്റിട്യൂട്ട്

**നി**ലനിൽക്കുന്ന സമൂഹത്തിലെ ഉൽപ്പാദക ബന്ധങ്ങ ളേയും തൊഴിലുകളെയും പ്രതുൽപാദിപ്പിക്കുക എന്നതാണ വിദ്യാലയങ്ങളുടെ ധർമ്മം. ഇപ്പോഴുള്ള ത്ര അധ്യാപകർ, വൈദ്യന്മാർ, വൈദികർ, കള്ളന്മാർ, പോലീസുകാർ, കൂലിപ്പണിക്കാർ മുതലായവരൊക്കെ ഇനിവരുന്നസമൂഹത്തിലും ഉണ്ടാകണം എന്നതാ ണ് അതിന്റെ ലക്ഷ്യം. നിലനിൽക്കുന്ന ജാതി, മത, വർഗമതിലുകൾക്ക് അനക്കം തട്ടാതെ ഇത് സാധ്യ മാക്കാനാണ് നിലവിൽ അധീശത്വമുള്ള പ്രത്യയശാ സ്ത്രത്തിന്റെ ഭരണകൂടസ്ഥാപനമായ വിദ്യാലയം ശ്രമിക്കുക. അതുകൊണ്ടു തന്നെ അന്ധധാരണകൾ ക്കും വിശ്വാസങ്ങൾക്കുമെതിരെ അതീവ പ്രഹരശേ ഷിയുള്ള, സാമൂഹിക നവോത്ഥാനത്തിന് ഗതിവേഗം കൊടുക്കുവാൻ കഴിയുന്ന ആധുനിക ശാസ്ത്രത്തെ അതിന്റെ എല്ലാ ശക്തിയും ഇല്ലാതാക്കി അവതരിപ്പി ക്കയാണ വിദ്യാലയങ്ങളിൽ ചെയ്യുക. ഇക്കാരണം കൊണ്ടാണ് ദീർഘനാൾ ശാസ്ത്രം പഠിപ്പിച്ചിട്ടും പ ഠിച്ചിട്ടും ശാസ്ത്രബോധം എന്ന സമൂഹത്തിൽ വേ രുപിടിക്കാത്തത്.

എന്നാൽ ഓരോ മനുഷ്യനെയും സ്പർശിക്കുന്ന തലത്തിലേക്ക് ആഗോള മുതലാളിത്തവും അതിനു സഹായമൊരുക്കികൊണ്ട് പ്രാദേശിക മുതലാളിത്ത വും വ്യാപിക്കുമ്പോൾ, സാമൂഹ്യ, സാമ്പത്തിക മണ്ഡ ലങ്ങളിൽ അതിദ്രുതം മാറ്റങ്ങൾ സംഭവിക്കുമ്പോൾ, വർഗീയമായ ചേരിതിരിവുകൾക്ക് ആഴം വർധിക്കു മ്പോൾ, ചുറ്റുമുള്ള പരിസ്ഥിതി ആഗോളവും പ്രാദേ ശികവുമായ കാരണങ്ങളാൽ ക്ഷയം നേരിടുമ്പോൾ, നമ്മുടെയൊക്കെ രക്ഷാകർതൃത്വത്തിൽ നിന്നും സ് കൂളിംഗിൽ നിന്നുംസമൂഹത്തിന്റെ വിചാരണയിൽ നിന്നും രക്ഷപ്പെട്ട് നമ്മുടെ കുട്ടികൾ സ്വാതന്ത്ര്യത്തി ലേക്ക് നാടുവിടുമ്പോൾ വിദ്യാലയത്തിന്റെ പ്രാഥമിക ധർമ്മത്തെ നമുക്ക് അഴിച്ചു പണിയേണ്ടതായിട്ടുണ്ട്. എന്നത്തേക്കാളുമേറെ ശാസ്ത്രബോധം ആവശ്യമായ ഈ സന്ദർഭത്തിൽ എങ്ങിനെയാണ് ശാസ്ത്രബോധ നിർമ്മിക്കുന്നതിനുതകും വിധം ശാസ്ത്രവിദ്യാഭ്യാ സത്തെ പുനഃസംവിധാനംചെയ്യുക എന്നതാണ് ഈ പ്രബന്ധം പരിശോധിക്കുന്നത്.

### നിർവചനം

മറ്റു ജ്ഞാനരൂപങ്ങളിൽ നിന്ന് ആധുനികശാസ് ത്രം വ്യത്യസ്തമാണ്. നന്നേ ചെറുപ്പത്തിൽ കുടുംബ പശ്ചാത്തലത്തിൽ നിന്നും മതബോധനങ്ങളിൽ നിന്നും മനസ്സിലാക്കുന്ന

എപ്പോഴും ശരിയായ, സത്യമായ, മാറ്റം സംഭവി ക്കാത്ത അറിവിന്റെ മാതൃകയല്ല ശാസ്ത്രത്തിന്റേത്. പുതിയഅറിവുകൾ നിരന്തരം ഉൽപ്പാദിപ്പിക്കപ്പെടുക യും പഴയധാരണകൾ നിരന്തരം തിരുത്തപ്പെട്ടു പോ കുന്നതായ ഭൂമികയാണ് ശസ്ത്രത്തിന്റേത്. ഈ വ്യ ത്യാസം കുട്ടികൾക്ക് അനുഭവവേദ്യമാകണമെങ്കിൽ ഒരു ഉൽപ്പന്നം എന്നരീതിയിലല്ല മറിച്ചു ഒരു പ്രക്രിയ എന്നനിലയിൽ ശാസ്ത്രത്തെ അതിന്റെ ചരിത്ര പശ്ചാ ത്തലത്തിൽ അവതരിപ്പിക്കാൻ കഴിയണം. പ്രായോ ഗികമായി അറിവുൽപ്പാദനത്തിന്റെ രീതിശാസ്ത്രവും, ഇനിയും ഉത്തരം കിട്ടാത്ത ചോദ്യങ്ങളും വിദ്യാർഥികൾ പരിചയപ്പെടണം. ശാസ്ത്രം ഇപ്പോഴും ഒരു തുറന്ന പുസ്തകമാണെന്നും മതഗ്രന്ഥങ്ങളെപ്പോലെ അത് അടഞ്ഞു പോയിട്ടില്ലെന്നും കുട്ടികൾ അറിയണം. ഈ അറിവുകളിലേക്ക് ആവേശത്തോടെ എത്തിച്ചേരാൻ കുട്ടികൾക്കാവും. സ്കൂളിൽ എത്തുന്നതിന് മുന്നേ തന്നെ അവർക്ക് നിരവധി ചോദ്യങ്ങളുണ്ട്. അറിയാ നായി ആത്മാർഥമായ ജിജ്ഞാസകൊണ്ട്ചോദിക്കു ന്നവ. ഈ ചോദ്യങ്ങൾ പക്ഷെ ഓരോ ക്ലാസ്സുകൾ

കയറിപ്പോകുന്ന മുറക്ക് കുറഞ്ഞു കുറഞ്ഞുവരുന്നതായാണ് അനുഭവം. മൗലികമായ ചോദ്യങ്ങൾ ചോദിക്കുവാനറിയാതെയാണ് അവർ വിദ്യാലയം വിടുക. വിദ്യാഭ്യാസ സമ്പ്രദായത്തിൽ ആദ്യ മാറ്റം വേണ്ടത് ഈ പരിക്ക് ഇല്ലാതാക്കാനാണ്.

### പഠനരീതി

ശാസ്ത്രം പഠിക്കുക നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയുമാണ്, അതുകൊണ്ടുതന്നെ ഇന്നത്തെ പഠനരീതി മാറേണ്ടതായിട്ടുണ്ട്. ഒരു വിഷയത്തെക്കുറിച്ച് നിരീക്ഷണ, പരീക്ഷണങ്ങളിലൂടെ ലഭിക്കുന്ന ദത്തങ്ങളെ വിലയിരുത്താനും വിശകലനം ചെയ്യുവാനും മാത്രമല്ല മുന്നറിവുകളെ വിമർശന വിധേയമാക്കുവാനുള്ള ശേഷിയും കൈവരുമ്പോൾ മാത്രമേ ശാസ്ത്ര ബോധത്തിലേക്ക് വളരാൻ വിദ്യാർഥികൾക്ക് കഴിയൂ. അധ്യാപകർ പറഞ്ഞു എന്നതുകൊണ്ട് വിശ്വസിക്കലല്ല പകരം സ്വയം തെളിവുകൾ കണ്ടെത്തി അറിയുക എന്നതാണ് ശാസ്ത്രത്തിന്റെ പഠനരീതി. ശാസ്ത്രം അഭ്യസിക്കുക എന്നത് ഒരു സർഗാത്മക പ്രവൃത്തിയായി തിരിച്ചറിയപ്പെടണം. ഓർമ്മിക്കുക എന്നതിനേക്കാൾ ചിന്തിക്കുക എന്നതിനാവണം പ്രധാന്യം. ഓരോവിഷയത്തെയും അതിന്റെ സമഗ്രതയിൽ മനസ്സിലാക്കാനുമാകണം. ലോജിക്കൽ ഫാലസികളെകൊണ്ട് നിറഞ്ഞ ഒരുസമൂഹത്തിൽ പറ്റിക്കപ്പെടാതെ ജീവിക്കാനായി എല്ലാ ഫാലസികളും അവയുടെ ഉപഫാലസികളും ഉദാഹരണ സഹിതം പരിചയപ്പെടേണ്ടതായിട്ടുമുണ്ട്. മുന്നിലെത്തുന്ന ഫാലസികളെ തിരിച്ചറിയുക എന്നത് ശാസ്ത്രബോധനിർമ്മിതിയുടെ അനിവാര്യഘടകമാണ്.

### ക്ലാസ്മുറി

ക്ലാസ്സ് മുറി ഒരുസമൂഹമാണ്. പുറത്തെ സമൂഹത്തിന്റെ എല്ലാ ഉച്ചനീചത്വങ്ങളും വർഗ്ഗ,വർണ്ണ, ജാതി, മത, രാഷ്ട്രീയ, ലിംഗഭേദങ്ങളും അധികാര രൂപങ്ങളും ഏറിയും കുറഞ്ഞും ക്ലാസ് മുറികളും പ്രവർത്തിക്കുന്നത് കാണാനാകും. പുറത്തെ സമൂഹം ജനാധിപത്യപരമാകണമെങ്കിൽ, സ്വാതന്ത്ര്യം ഉള്ള പൗരന്മാരുടേതാകണമെങ്കിൽ, ഉച്ചനീചത്വങ്ങൾ ഇല്ലാതാവണമെങ്കിൽ, അന്ധവിശ്വാസജടിലമല്ലാതാവണമെങ്കിൽ അതിനുള്ള ഏകവഴി ക്ലാസ്മുറികൾ അങ്ങിനെയല്ലാതാവുക എന്നതാണ്. കാരണം, ജനാധിപത്യവും സ്വാതന്ത്ര്യവും ഓരോദിവസവും വീണ്ടെടുക്കപ്പെടേണ്ടവയാണ്. ഇത് സാധ്യമാകണമെങ്കിൽ ക്ലാസ്സിൽ ഒരു നിഷ്ക്രിയ വിദ്യാർഥിപോലും ഉണ്ടാകരുത്. എല്ലാവരും സജീവമായി ഇടപെടുന്ന സമൂഹമായി ക്ലാസ്മുറിയെ മാറ്റിയെടുക്കുക എന്നതാവും അധ്യാപകരുടെ കർത്തവ്യം. നിറയെ അറിവുള്ള അധ്യാപകരിൽ നിന്ന് അറിവില്ലാത്ത വിദ്യാർഥികളിലേക്കു അറിവ് കൈമാറ്റം ചെയ്യുന്ന ഒരു പ്രക്രിയയല്ല ഇന്നത്തെ വിദ്യാഭാസം. ഒരുമിച്ചു പഠിക്കുക എന്നതാണ് പുതിയ രീതി. അപ്പോഴാണ് വിദ്യാർഥികളുടെ വ്യത്യസ്തമായ അറിവുകളും അനുഭവങ്ങളും അവർ നേടുന്ന വിദ്യാഭാസവുമായി കണ്ണി ചേർക്കപ്പെടുക.

### പരീക്ഷ

വിധിക്കാനുള്ളതാവരുത് പരീക്ഷ. ക്ലാസ്സിലെ കുട്ടികളെ ഒന്നു മുതൽ താഴേക്ക് നമ്പറിടുന്നപ്രക്രിയ അനാശാസ്യമാണ്. നിരവധി കുട്ടികളെ അപമാനിക്കലുമാണ്. വിലയിരുത്തലിന്റെ ലക്ഷ്യം പഠനപ്രക്രിയയിലെ കരടുകൾ കണ്ടെത്തി പരിഹരിക്കുക എന്നതാവണം. മത്സരിക്കാതിരിക്കുക എന്നതാണ് ഭൂമിക്കും പരിസ്ഥിതിക്കും നല്ലതെന്നും അതാണ് മുതലാളിത്തത്തിനെതിരെയുള്ള ആദ്യസമരായുധമെന്നും തിരിച്ചറിയപ്പെടണം.

ഒരുവർഷം നീണ്ടുനിന്ന, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ നടപ്പിലാക്കിയ മഴവിൽ എന്ന പദ്ധതിയിലൂടെ ഉരുത്തിരിഞ്ഞ ചിന്താമണ്ഡലമാണ് മുകളിൽ കുറിച്ചത്. പരാമർശിച്ച ഓരോ വിഷയത്തിന്റെയും സിദ്ധാന്തവും പ്രയോഗമാതൃകയും ഉദാഹരണങ്ങളും അനുഭവങ്ങളുമാണ് പ്രബന്ധാവതരണത്തിൽ ഉണ്ടാകുക.

## 14

# ക്ലാസ് മുറിക്കപ്പുറം: ആജീവനാന്തപഠനം പ്രോത്സാഹിപ്പിക്കുന്നതിൽ അനൗപചാരിക പഠന പരിതസ്ഥിതികളുടെ (മ്യൂസിയങ്ങളും ശാസ്ത്രപ്രദർശന കേന്ദ്രങ്ങളും) പങ്ക്

ഡോ. രതീഷ് കൃഷ്ണൻ, അസിസ്റ്റന്റ് പ്രൊഫസ്സർ, രസതന്ത്ര വിഭാഗം,
സർക്കാർ കോളേജ്, കാര്യവട്ടം, തിരുവനന്തപുരം

**ക**ഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി, അനൗപചാരിക പഠന പരിതസ്ഥിതികളുടെ വിദ്യാഭ്യാസമൂല്യം വർധിച്ചുകൊണ്ടിരിക്കുകയാണ്. ലോകമെമ്പാടും മ്യൂസിയങ്ങളും ശാസ്ത്രപ്രദർശന കേന്ദ്രങ്ങളും അവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കൂടുതൽ ഊന്നൽ നൽകിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ അവയെ ഇപ്പോൾ പ്രാഥമികമായി വിദ്യാഭ്യാസ സ്ഥാപനങ്ങളായാണ് കണക്കാക്കുന്നത്. പഠിതാക്കൾ നയിക്കുന്നതും ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്നതുമായ ഒരു പ്രക്രിയയായി പഠനം കണക്കാക്കപ്പെടുന്നതിനാൽ, ഔപചാരിക വിദ്യാഭ്യാസത്തിനു പരിപൂരകമായും ശാസ്ത്രീയവും സാങ്കേതികവുമായ സാക്ഷരത ഉറപ്പു

വരുത്തുന്നതിലും മ്യൂസിയങ്ങളും ശാസ്ത്രപ്രദർശന കേന്ദ്രങ്ങളും നിസ്തുലമായ പങ്കുവഹിക്കുന്നുണ്ട്. ഈ കേന്ദങ്ങളിലെല്ലാം ആശയവിനിമയത്തിന്റെ പ്രധാനമാർഗ്ഗം പ്രദർശനങ്ങളാണ്. ഉന്നതബിരുദങ്ങളോ അക്കാദമിക് പരിശീലനമോ സിദ്ധിക്കാത്തവർക്കും കൂടി സയൻസ് ആക്സസ് ചെയ്യാവുന്നതും ആകർഷകവുമായ രീതിയിൽ അവതരിപ്പിക്കുന്നതിലൂടെ പ്രദർശനങ്ങൾ അനൗപചാരിക പഠനപ്രക്രിയകളിൽ പ്രധാന സ്ഥാനം വഹിക്കുന്നു.

സന്ദർശകരുടെ പഠനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രാഥമിക മാർഗം പ്രദർശനങ്ങളാണെങ്കിലും, ഈ പഠനപരിതസ്ഥിതികൾ രൂപകൽപ്പന ചെയ്യുമ്പോൾ വിദ്യാഭ്യാസ ഗവേഷണം പലപ്പോഴും ഉപയോഗപ്പെടുത്താറില്ല. പകരം, മ്യൂസിയങ്ങളിലെയും ശാസ്ത്ര പ്രദർശന കേന്ദ്രങ്ങളിലെയും പ്രദർശനങ്ങളുടെ വികസനം ജീവനക്കാരുടെ അറിവിനെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ശാസ്ത്രവിദ്യാഭ്യാസ ഗവേഷണം അവലോകനം ചെയ്യുകയും അതിൽ ഏർപ്പെടുകയും ചെയ്യുന്നത് ഈ വൈദഗ്ധ്യത്തെ പൂർത്തീകരിക്കുകയും ശാസ്ത്രപ്രദർശനങ്ങളുടെ വിദ്യാഭ്യാസപരമായ ലക്ഷ്യം ഉറപ്പുവരുത്തുകയും ചെയ്യും എന്നത് നിസ്സംശയമാണ്. പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഫലപ്രദമായ പ്രദർശനങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശക്തമായ അടിത്തറ ശാസ്ത്ര വിദ്യാഭ്യാസ ഗവേഷണം നൽകുന്നു. വിവിധ പ്രായക്കാർക്കും പഠനശൈലികൾക്കും ഏറ്റവും ഫലപ്രദമായ അധ്യാപന, പഠന തന്ത്രങ്ങൾ ഗവേഷണത്തിലൂടെ കണ്ടെത്തി പ്രദർശനങ്ങൾ സന്ദർശകരെ ആകർഷിക്കുന്നതിലും പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിലും വിജയിക്കുന്ന തരത്തിൽ അവതരിപ്പിക്കാനുള്ള അവസരമാന് ഇതുവഴി സംജാതമാകുന്നത്.

പ്രദർശന വികസനം കൂടുതൽ ഗവേഷണാധിഷ്ഠിതമാക്കുക, ഗവേഷണ കണ്ടെത്തലുകൾ പ്രയോജനപ്പെടുത്തി മ്യൂസിയങ്ങളുടെ വിദ്യാഭ്യാസ സാധ്യതകൾ കൂടുതൽ മെച്ചപ്പെടുത്തുക തുടങ്ങിയവയുടെ പ്രാധാന്യത്തെക്കുറിച്ചു തർക്കങ്ങളുണ്ടാവില്ല. അതുപോലെ തന്നെ പ്രധാനമാണ് സന്ദർശകരുടെ അനുഭവങ്ങൾ പഠിക്കുകയും അവ ഇത്തരം കേന്ദ്രങ്ങളുടെ മാറിയ സ്വഭാവസവിഷേതകൾ എത്രത്തോളം പൂർത്തീകരിക്കുന്നുണ്ട് എന്ന് കണ്ടെത്തുന്നതും. വിദ്യാർഥികളുടെ ശാസ്ത്രപഠനത്തെ പിന്തുണയ്ക്കുന്ന സയൻസ്-കമ്മ്യൂണിക്കേഷൻ വേദികളുടെ (മ്യൂസിയങ്ങളും ശാസ്ത്ര പ്രദർശന കേന്ദ്രങ്ങളും) വിവിധ തരത്തിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി അവലോകനം ചെയ്യപ്പെടേണ്ടതുണ്ട്. നമ്മുടെ വിവിധ മ്യൂസിയങ്ങളും ശാസ്ത്ര പ്രദർശന കേന്ദ്രങ്ങളും വിദ്യാർത്ഥികളുടെ ശാസ്ത്രപഠന താൽപ്പര്യവും ആശയപരമായ ശ്രദ്ധയും ഉത്തേജിപ്പിക്കാൻ ഗൈഡഡ് എക്സ്പ്ലോറേറ്ററി ലേണിംഗിനായി അവതരിപ്പിച്ചിരിക്കുന്ന വ്യത്യസ്ത ഡിസൈനുകളുടെ സാധ്യതയും ഗുണനിലവാരവും പഠനവിധേയമാക്കേണ്ടതുണ്ട്. പ്രകൃതി/ചരിത്ര മ്യൂസിയങ്ങൾ, സയൻസ് മ്യൂസിയങ്ങൾ എന്നിവയിലെ പ്രദർശനങ്ങളുടെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെയും സ്കൂളുകളുടെ പ്രയോജനപ്പെടുത്തൽ, അത്തരം വേദികളിലേക്കുള്ള സന്ദർശനങ്ങൾ നൽകുന്ന പഠനവുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അനുഭവങ്ങളും അവലോകന വിധേയമാക്കേണ്ടതുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ ഈ പേപ്പർ, അനൗപചാരിക പഠന പരിതസ്ഥിതികൾ (മ്യൂസിയങ്ങൾ, പ്രദർശനങ്ങൾ മുതലായവ) കൂടുതൽ വികസിപ്പിക്കേണ്ടതിന്റെയും, അതിൽ ശാസ്ത്രവിദ്യാഭ്യാസ ഗവേഷണം ഉൾച്ചേരേണ്ടതിന്റെയും പ്രാധാന്യത്തെപ്പറ്റിയാണ്. എങ്ങനെയാണ് ഇത്തരം അനൗപചാരിക പഠന പരിതസ്ഥിതികളിലൂടെ ഔപചാരിക സയൻസ് വിദ്യാഭ്യാസത്തെ ശക്തിപെടുത്താനാവുക എന്നതും ഈ പേപ്പർ പരിശോധിക്കുന്നു.

# ചരിത്രബോധം ഉളവാക്കുന്ന ചരിത്ര പഠനം

15

## കുട്ടികൾ ചരിത്രം പഠിക്കുന്നതെന്തിന്?

പ്രൊഫ. കെ.എൻ. ഗണേഷ്

സ്കൂളുകളിലെ ചരിത്രപഠനം കനത്ത വെല്ലുവിളികളെ നേരിടുകയാണ്. ഒരു വശത്ത് ചരിത്രത്തിലെ കാതലായ വശങ്ങളെ എല്ലാം മുറിച്ചു മാറ്റി ചരിത്രത്തെ പൗരാണിക ഹിന്ദുമതത്തിന്റെ ആഖ്യനമാക്കി മാറ്റാൻ കേന്ദ്ര സർകാറും എൻ സി ഇ ആർ ടിയും കൊണ്ടുപിടിച്ചു ശ്രമിക്കുന്നു. ഒരു മാനവികവിഷയമെന്ന നിലയിൽ ചരിത്രപഠനത്തിനു വലിയ പ്രസക്തി ഇല്ലെന്നും അത് ശാസ്ത്രപഠനത്തിന്റെ ഒരു അനുബന്ധവിഷയമായി പഠിപ്പിച്ചാൽ മതിയെന്നും ശാസ്ത്രസാങ്കേതികവിദഗ്ധർ വിലയിരുത്തുന്നു. ചരിത്രം കൊണ്ട് തൊഴിൽ വിപണിയിൽ കാര്യമില്ലെന്നതാണ് ശരാശരി രക്ഷിതാക്കളുടെയും വലിയ വിഭാഗം പഠിതാക്കളുടെയും വി

ലയിരുത്തൽ. അതുകൊണ്ട് ചരിത്രം എന്ന വിഷയം നിലനിൽക്കുന്നത് ദേശാഭിമാനത്തിന്റെയും സാംസ്കരികപൈതൃകത്തെക്കുറിച്ചുള്ള ഓർമ്മകളുടെയും അടിസ്ഥാനത്തിലാണ്. ഇത് രണ്ടും മതങ്ങളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുമ്പോൾ ചരിത്ര പഠനവും മതചരിത്രപഠനമായിമാറുന്നു. എൻ സി ആർ ടി ചെയ്യുന്നത് ഇന്ത്യാചരിത്രത്തെ പൗരാണിക ഹിന്ദുചരിത്രമാക്കി മാറ്റുകയാണ്.

എൻ സി ഇ ആർ ടിയുടെ നിലപാടിൽ വന്നിട്ടുള്ള ഹിന്ദുത്വ നിലപാടിനെ വിമർശിക്കുകയും പരിഹാരം നിർദേശിക്കുകയും ചെയ്യുന്നതിൽ പ്രയാസമില്ല. പാഠപുസ്തകങ്ങളിൽ നിർദേശിച്ച മുസ്ലിം വിരുദ്ധഭാഗങ്ങൾ മാറ്റിയെഴുതുകയും ആർ എസ് എസ്സിനു അനുകൂലമായിസ്വാതന്ത്ര്യ സമരത്തെ വളച്ചോടിക്കാനുള്ള നീക്കം ഉപേക്ഷിക്കുകയും ചെയ്യുക, ഇന്ത്യൻ സംസ്കാരത്തിന്റെ മതനിരപേക്ഷമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും വിവിധ മതങ്ങളുടെ സംഭാവനകളെ സമഗ്രമായി ഉൾകൊള്ളിക്കുകയും ചെയ്യുക, ആധുനിക ചരിത്രകാരന്മാരുടെ സംഭാവനകൾ പരമാവധി ഉൾകൊള്ളിക്കുകയും ചെയ്യുക, ഇതൊക്കെ ചെയ്താൽ ചരിത്രകാരന്മാരും സാംസ്കരികപ്രവർത്തകരും പൊതുവേ തൃപ്തിപ്പെടും. ഇതുകൊണ്ട് ചരിത്രപഠനത്തിന്റെ ജനകീയ അംഗീകാരം വർധിക്കുമോ? തൊഴിൽനേടുക എന്നത് വിദ്യാഭ്യാസത്തിന്റെ മുഖ്യദൗത്യമായി കാണുന്ന ഇക്കാലത്തു അക്കാര്യം സംശയമാണ്. ചരിത്രപഠനത്തെ മത പഠനത്തിന്റെ അനുബന്ധമായി കാണുന്ന പ്രവണതയ്ക്ക് ആയിരിക്കും കൂടുതൽ സ്വീകാര്യത ഉണ്ടാകുക.

കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ ചരിത്രപഠനത്തിനു സംഭവിച്ച വലിയമാറ്റം പൊതുവിൽ ശ്രദ്ധിക്കപ്പെട്ടിട്ടില്ല. പുരാവസ്തു വിജ്ഞാനീയത്തിന്റെയും പ്രാചീന ജൈവവിജ്ഞാനീയത്തിന്റെയും കണ്ടെത്തലുകളുടെ മാനവികവികാസത്തെക്കുറിച്ചുള്ള ധാരണകൾ വൻതോതിൽ വളർന്നു. നിരവധി ലിപികൾ കണ്ടെത്തുകയും നിരവധി പ്രാചീനഗ്രന്ഥകളും രേഖകളും വായിക്കുകയും ചെയ്തതിന്റെ ഫലമായി നിരവധി നാഗരികതകളെയും സമൂഹരൂപങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ലഭിച്ചു. നരവംശശാസ്ത്രപഠനങ്ങൾ മാനവിക സംസ്കൃതികളെക്കുറിച്ചുള്ള ധാരണകളും വളർത്തി. ഈയിടെയായി ഭൂവിജ്ഞാനീയവും കാലാവസ്ഥ പഠനവും ജനിതകവും തന്മാത്രജീവശാസ്ത്രവുംപരിസ്ഥിതിവിജ്ഞാനീയവും അടക്കമുള്ള ശാസ്ത്ര പഠനങ്ങൾ ചരിത്ര പഠനത്തിന്റെ വികാസത്തെ വൻതോതിൽ സഹായിക്കുന്നുണ്ട്. ഇതെല്ലാം കൂടാതെ മനുഷ്യരുടെ എല്ലാവിധ പ്രവർത്തനനങ്ങൾക്കും ചരിത്രപരമായ ഉള്ളടക്കമുണ്ടാകും എന്ന തിരിച്ചറിവും വളർന്നുവരുന്നുണ്ട്. ഇവയെല്ലാം ഉൾപ്പെടുത്തി ചരിത്രം അതിവിപുലമായ പഠനശാഖയായി വളർന്നുവരുകയാണ്.

ജനങ്ങൾക്ക് ചരിത്രത്തോട് താൽപര്യമില്ല എന്ന് പറയുന്നതും ശരിയാകില്ല. സ്കൂൾ തലം മുതൽ പ്രാദേശിക ചരിത്രപഠനങ്ങൾക്ക് കിട്ടുന്ന സ്വീകാര്യത ഉദാഹരണമാണ്. ഈ ചരിത്ര ശേഖരണം ഒരു സാംസ്കാരിക പ്രവർത്തനമായി മാറുന്നു എന്നല്ലാതെ അതിന്റെ അടിസ്ഥാനത്തിലോ മറ്റു വിധത്തിലോ ചരിത്രപഠനം വളർത്തിയെടുക്കാൻ ആരും ശ്രദ്ധിക്കാറില്ല. പലർക്കും ചരിത്രപഠനം പുരാവസ്തുശേഖരണവും കൗതുക വസ്തുക്കളുടെ ശേഖരണവും കുടുംബചരിത്രവും സ്ഥലപുരാണവും ദേവാലയപുരാണങ്ങളും രേഖപ്പെടുത്തലും മാത്രമാണ്. സംസ്ഥാനചരിത്രത്തിൽ പോലും സ്വന്തം സ്ഥലത്തിന്റെയോ കുടുംബത്തിന്റെയോ നാൾവഴികൾ ഉണ്ടോ എന്ന് അന്വേഷിക്കുന്നവരെയും കാണാം. അത്തരം ഓർമകളെ ശാസ്ത്രീയമായി പഠിക്കണം എന്ന താൽപര്യം അവരിലും ഉണ്ടാകാറില്ല. ചരിത്രഗവേഷണം ധാരാളമായി നടക്കുന്നുണ്ട് എങ്കിലും പൊതുജീവിതത്തിൽ അവ സ്വാധീനം ചെലുത്തുന്നത് അപൂർവമാണ്. ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന ചില പാരമ്പര്യങ്ങളുമായി ബന്ധപ്പെടുത്തി ചരിത്രപഠനങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ ആണ് ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുന്നത്.

ജനങ്ങളുടെ ചരിത്രബോധത്തിൽ പ്രത്യക്ഷപ്പെടുന്ന ഇത്തരം ദൗർബല്യങ്ങൾക്ക് മുഖ്യകാരണം സ്കൂൾ ചരിത്രപഠനത്തിലെ വൈകല്യങ്ങളാണ്. പലതവണ പരിഷ്കരിക്കാൻ ശ്രമിച്ചിട്ടുള്ള മേഖലയാണ് സ്കൂൾ ചരിത്രപഠനം. ആദ്യം കേവലമായ വസ്തുതകളുടെ ആഖ്യാനം എന്ന നിലയിലാണ് ചരിത്രം പഠിപ്പിച്ചിരുന്നത്. പിന്നീട് ദേശാഭിമാനം, മതനിരപേക്ഷത, ജനാധിപത്യം, സാമൂഹ്യനീതി മുതലായ മൂല്യങ്ങൾ അവതരിപ്പിക്കണം എന്ന നിലയിൽ പാഠഭാഗങ്ങൾ മാറ്റി എഴുതി. ചരിത്രം പ്രത്യേക വിഷയമായി പഠിപ്പിക്കപ്പെട്ടതോടെ പ്രാചീനചരിത്രം, മധ്യകാലചരിത്രം, ആധുനികചരിത്രം എന്നിങ്ങനെ കാലഗണനാ പ്രകാരം വേർതിരിക്കുകയും അത്തരത്തിൽ എഴുതി പഠിപ്പിക്കുകയും ചെയ്തു. ഇവയോടൊപ്പം കേരളചരിത്രത്തിന്റെ ഭാഗങ്ങളും ചേർത്തു. എൻ സി ഇ ആർ ടി മാതൃകയിൽ പുരാവസ്തുവിജ്ഞാനീയം, എപിഗ്രാഫി തുടങ്ങിയവയെക്കുറിച്ചുള്ള പാഠങ്ങളും പിന്നീട് ചേർത്തു.

ഇതൊക്കെ ചെയ്തെങ്കിലും ചരിത്രം എന്തിനു പഠിക്കണം? എന്ന അടിസ്ഥാന ചോദ്യതിനുത്തരം നൽകാൻ പാഠപുസ്തകങ്ങൾക്ക് സാധിച്ചില്ല. ദേശീയകരിക്കുലം 2005 ൽ പോലും മൂല്യബോധത്തിന്റെയും പൗരധർമ്മത്തിന്റെയും സാമൂഹ്യനീതിയുടെയും തലങ്ങളിൽ ആണ് സാമൂഹ്യശാസ്ത്ര പാഠങ്ങൾ വിഭാവനം ചെയ്യപ്പെട്ടത്. അതനുസരിച്ചാണ് ചരിത്രപാഠങ്ങളും രൂപപ്പെട്ടത്. മനുഷ്യസമൂഹം തമ്മിൽ തമ്മിലും അവരും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെസംബന്ധിച്ചും സ്ഥലകാലബദ്ധമായ ജ്ഞാനരൂപം എന്ന നിലയിൽ ചരിത്രത്തെ അവതരിപ്പിക്കാനും ചരിത്രപഠനം ഉൽപാദിപ്പിച്ച വിവരങ്ങളെ ശാസ്ത്രീയമായി വിശദീകരിക്കാനുമുള്ള ശ്രമങ്ങൾ നടന്നില്ല. ഏറ്റവും പ്രധാനമായി ചരിത്രപഠനരീതികളെ സ്വന്തം സാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്തി ജ്ഞാനം ഉത്പാദിപ്പിക്കാനുള്ള ശാസ്ത്രീയമായി അന്വേഷിക്കാനുള്ള രീതികളിൽ സ്കൂൾതലത്തിൽ തന്നെ സ്വായത്തമാക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നുന്നതിലും ശ്രദ്ധിച്ചില്ല. കേരളത്തിൽ ഒൻപതാം സ്റ്റാന്റേഡിൽ നടപ്പിലാക്കപ്പെട്ട പ്രാദേശിക

ചരിത്ര പ്രൊജക്റ്റുകൾ പഠിതാക്കളിൽ ഏറെ താൽപര്യം ജനിപ്പിച്ചു എങ്കിലും പഠനത്തിന്റെ ഭാഗമായില്ല.

ഇതിന്റെ ഫലമായി സംഭവിച്ചത് പൊതുവിദ്യാഭ്യാസം പൂർത്തിയാക്കിയ ഒരു യുവാവിൽ ഇന്ത്യാക്കാരൻ എന്ന നിലയിൽ ചരിത്രപരവും ശാസ്ത്രീയവുമായ പോതുബോധനിർമിതി നടന്നില്ല എന്നത് തന്നെയാണ്. അതിന്റെ ഫലമായി വിവിധ ജാതിമതസമുദായങ്ങൾ അവരുടെ പാരമ്പര്യങ്ങൾക്ക് ഔപചാരിക സ്ഥിരീകരണം നൽകാനുള്ള വേദികളായി ചരിത്ര പാഠപുസ്തകങ്ങളെ കണ്ടു. അവരുടെ താൽപര്യങ്ങൾക്ക് നിരക്കാത്തതായ ചെറിയ പരാമർശങ്ങളെ പോലും ചോദ്യം ചെയ്തു. വ്യക്തികളെയും സംഭവങ്ങളെയും ഉൾപ്പെടുത്തുന്നതിനെയും ഒഴിവാക്കുന്നതിനെയും കുറിച്ചു ചർച്ചകൾ നടന്നു. ചിലയിടങ്ങളിൽ ചില സമുദായങ്ങൾക്ക് അമിതപ്രാധാന്യം നൽകുന്നതായി വരെ ചർച്ചകൾ ഉയർന്നു. സാമൂഹ്യനീതി, മതനിരപേക്ഷത, ജനാധിപത്യം തുടങ്ങിയ മൂല്യബോധവും ഭരണഘടന നിഷ്കർഷിക്കുന്ന തത്ത്വങ്ങൾ പരിചയപ്പെടുത്തുന്ന ഭാഗങ്ങൾ പോലും മതസമുദായങ്ങളുടെ അടിസ്ഥാനത്തിൽ വ്യഖ്യാനിക്കപ്പെടുകയും പ്രക്ഷോഭങ്ങൾ അരങ്ങേറുകയും ചെയ്തു. ശാസ്ത്രീയവും യുക്തിസഹവുമായ ചരിത്രപഠനം കശാപ്പുചെയ്യപ്പെടുന്ന അവസ്ഥയാണ് ഇതുകൊണ്ടുണ്ടായത്.

എൻ സി ഇ ആർ ടിയുടെ നീക്കത്തോടെ ഈ പ്രവണതകൾ അതിന്റെ പൂർണരൂപത്തിൽ എത്തിയിരിക്കുയാണ്. സഹസ്രാബ്ദങ്ങൾ പഴക്കമുള്ള പൗരാണിക ഹിന്ദു പാരമ്പര്യത്തിൽ രൂപപ്പെടുന്ന ഇന്ത്യാചരിത്രം എഴുതുമ്പോൾ അവിടെ മുഗൾ രാഷ്ട്രത്തിനോ മൗലാനആസാദ് അടക്കമുള്ള ആധുനിക മുസ്ലിം നേതാക്കളുടെ സംഭാവനകൾക്കോ പ്രസക്തിയില്ല. ഗാന്ധി വധം പോലും ആർ എസ് എസ് കാഴ്ചപ്പാടിൽ ചിത്രീകരിക്കണം. ഇതിനെതിരെ ഇടതു പക്ഷ രാഷ്ട്രീയ പാർട്ടികളും ചില ചരിത്രകാരന്മാരും സാംസ്കാരിക പ്രവർത്തകരുമല്ലാതെ വേറെ ആരും പ്രതികരിച്ചില്ല എന്നത് ശ്രദ്ധേയമാണ്. എൻ ഇ പി 2020 അനുസരിച്ച് ചരിത്രം മതനിരപേക്ഷവും ജനാധിപത്യപരവുമായ മൂല്യബോധം സൃഷ്ടിക്കാൻ ഉള്ളതല്ല. ഇന്ത്യക്കാർ എങ്ങനെ വൈദികകാലം മുതൽ ഇന്ന് വരെ സാംസ്കാരികമായി എങ്ങനെ വളർന്നുവന്നു എന്നതിന്റെ അവതരണം മാത്രമാണ്. ഇന്ത്യൻ ജനതയുടെ ചരിത്രമായ വികാസപരിണാമങ്ങൾ ശാസ്ത്രീയമായി പഠിക്കുകയല്ല കുട്ടി ചെയ്യുന്നത്. കുട്ടി പഠിക്കുന്നത് ഹൈന്ദവസംസ്കാരത്തിന്റെ ചരിത്രമാണ്. ഈ ചരിത്രത്തിൽ മുസ്ലിങ്ങളുടെയും ക്രിസ്ത്യാനികളുടെയും ദളിതരുടെയും ആദിവാസികളുടെയും സ്ത്രീകളുടെയും ചരിത്രം ഉൾപ്പെടുത്തണമോ എന്നായിരിക്കും പ്രശ്നം. ബഹുസ്വരവും ബഹുദേശീയവും ബഹുസംസ്കരികവുമായ ഇന്ത്യക്കാരന്റെ നാനാത്വവും സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളിലൂടെ അവർ സൃഷ്ടിച്ചെടുത്ത രാഷ്ട്രവും പൗരത്വവും എങ്ങനെ രൂപംകൊണ്ടു എന്ന അന്വേഷണത്തിന് പ്രാധാന്യം ലഭിക്കണമെന്നില്ല.

ചരിത്രമെന്നത് സ്വന്തം വാഴ്ത്തുപാട്ടോ അവഹേളനമോ അല്ല. മനുഷ്യരുടെ ഉയർച്ചതാഴ്ചകൾ എങ്ങിനെ ഉണ്ടായി എന്നും അവർ എങ്ങനെ ഇന്നത്തെ നിലയിൽ എത്തി എന്നുമുള്ള അന്വേഷണമാണ്. ഇത് കണ്ടെത്താനുള്ള അറിവും പരിശീലനവുമാണ് സ്കൂൾ തലത്തിൽ കുട്ടി നേടുന്നത്. തൽപര്യമനുസരിച്ച് കൂടുതൽ അന്വേഷിക്കാനും കണ്ടെത്താനുമുള്ള സാമഗ്രികൾ അയാൾ നേടുന്നു. ചരിത്രപരമായ ഈ കണ്ടെത്തലുകൾ ഇതൊരു സമൂഹത്തിന്റെയും വികാസത്തിന്റെ ആധാര ശിലകളിൽ പെടുന്നു. ചരിത്രത്തെ സാമുദായികമായി വ്യാഖ്യാനിക്കുന്നവർ സമുദായിക സ്വത്വവാദത്തിന്റെ വക്താക്കളാണ്. അവർ ലക്ഷ്യമിടുക കോർപ്പറേറ്റ് മൂലധനം വളർത്തിയെടുക്കുന്ന സാങ്കേതിക ഭൂപടത്തിൽ സ്വന്തം സ്ഥാനം ഉറപ്പിക്കുക എന്നത് മാത്രമായിരിക്കും. എന്നാൽ സാധരണ ജനങ്ങൾക്ക് അത് സാധ്യമല്ല. അവർ തന്നെയാണ് ചരിത്രത്തെ സൃഷ്ടിക്കുന്നത്. അതിന് അവർക്ക് ആവശ്യം സ്വന്തം നിലയെക്കുറിച്ചുള്ള ശാസ്ത്രീയവും യുക്തിസഹവുമായ അറിവാണ്. അത് അവർക്കുവേണ്ടി നിർമ്മിച്ചു കൊടുക്കുക ഏതൊരു ചരിത്ര പാഠപുസ്തകത്തിന്റെയും കർത്തവ്യമാണ്. ചരിത്രത്തെ ഒരു സാംസ്കാരിക ആഖ്യാന മായല്ല പഠിപ്പിക്കേണ്ടത് മറിച്ച് പഠിതാക്കളുടെ ഭൗതികസാഹചര്യങ്ങളിലുള്ള വളർച്ചയുടെ ശാസ്ത്രീയമായ അന്വേഷണമായാണ്. അതിലൂടെ അവർ എത്തിച്ചേരുന്ന തിരിച്ചറിവുകളാണ് അവരെ പുതിയ അന്വേഷണങ്ങൾക്ക് മാത്രമല്ല ഒരു പുതിയ ലോക നിർമ്മിതിക്കുള്ള ഊർജമായും പ്രവർത്തിക്കുക.

16

## ചരിത്രബോധം ഉളവാക്കുന്ന ചരിത്രപഠനം

പ്രൊഫ. ശിവദാസൻ. പി, പ്രൊഫസർ, ചരിത്ര വിഭാഗം, കോഴിക്കോട് സർവകലാശാല

**വ**ർത്തമാനകാലപ്രശ്നങ്ങളെ ചരിത്രജ്ഞാനത്തിലൂടെ മനസ്സിലാക്കുന്നതിനും അതിനനുയോജ്യമായ ഭൂതകാലത്തെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുവാനും സ്കൂളുകളിലെ ചരിത്രപഠനം സുപ്രധാന പങ്കുവഹിക്കുന്നു. വർഗീയവത്ക്കരണവും കമ്പോളവത്ക്കരണവും ഊർജ്ജിതമായ ഈ കാലത്ത് ചരിത്രപഠനം പുനക്രമീകരിക്കുവാൻ നാം തയ്യാറാകേണ്ടതുണ്ട്.

വിദ്യാർത്ഥികളിൽ നേരായ കാലഗണനാബോധം വളർത്തിയെടുക്കുന്നതിനോടൊപ്പം ചരിത്രപാഠഭാഗങ്ങൾ വിഭജിക്കുമ്പോൾ ശാസ്ത്രീയമായ രീതികൾ ഉപയോഗിക്കേണ്ടതുണ്ട്. പ്രാഥമിക സ്രോതസ്സുകൾ

നേരിട്ട് വിശകലനം ചെയ്യാനും വ്യാഖ്യാനിക്കാനും വിദ്യാർഥികളെ പഠിപ്പിക്കണം. വിമർശനാത്മക ചിന്തയെ പ്രോത്സാഹിപ്പിക്കുകയും വ്യത്യസ്ത വീക്ഷണങ്ങളോടുള്ള സഹാനുഭൂതിയും വിലമതിപ്പും വികസിപ്പിക്കുവാനും സാധിക്കണം. ചോദ്യങ്ങൾ ചോദിക്കുക, സംവാദങ്ങളിൽ ഏർപ്പെടുക, ഗവേഷണം നടത്തുക തുടങ്ങിയ അന്വേഷണാടിസ്ഥാന പഠനസമീപനങ്ങൾ ഉപയോഗിക്കേണ്ടതാണ്. വിഷയങ്ങളും പ്രശ്നങ്ങളുമടിസ്ഥാനമാക്കിയ പ്രാദേശിക ചരിത്രാന്വേഷണങ്ങളാണ് വിദ്യാർഥികളിലൂടെ യാഥാർത്ഥ്യമാക്കേണ്ടത്. പ്രശ്നങ്ങൾക്ക്പരിഹാരം കണ്ടെത്തുവാൻ കഴിയുന്ന വിധത്തിലാണ് ചരിത്രപഠനം നടക്കേണ്ടത്.

ചരിത്ര സംഭവങ്ങൾ സമകാലിക സമൂഹത്തെ എങ്ങനെ രൂപപ്പെടുത്തിയെന്ന് ചർച്ചചെയ്യുകയും ഭൂതകാലവും വർത്തമാനവും തമ്മിലുള്ള ബന്ധം സ്ഥാപിക്കാൻ വിദ്യാർത്ഥികളെ സഹായിക്കുകയും വേണം. സ്ത്രീകൾ, പാർശ്വവത്ക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ തുടങ്ങിയവരെയെല്ലാം കണക്കിലെടുത്തുകൊണ്ടാവണം പാഠ്യപദ്ധതി തയ്യാറാക്കേണ്ടതും ബോധനരീതിയും വിദ്യാലയത്തിലെ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടതും. ഇന്ത്യക്കാരുടെ ജീവിതത്തിന്റെ അടിസ്ഥാന സ്വഭാവം ബഹുസ്വരതയാണെന്നത് വിദ്യാർഥി തിരിച്ചറിയേണ്ടതുണ്ട്.

സ്കൂൾ പ്രതിനിധാനം ചെയ്യപ്പെടുന്ന പ്രദേശത്തിന്റെ ചരിത്രവും സംസ്കാരവും പ്രദർശിപ്പിക്കുന്നവയായിരിക്കണം വിദ്യാലയങ്ങൾ. സ്കൂൾ മ്യൂസിയങ്ങളും പുരാരേഖാലയങ്ങളും ഉണ്ടാവേണ്ടതുണ്ട്. ചരിത്രതെളിവുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കും. വിവിധ മ്യൂസിയങ്ങൾ, ലാബുകൾ, പുരാരേഖാശേഖരങ്ങൾ, സ്മാരകങ്ങൾ, പുരാവസ്തു ഉദ്ഘനന സ്ഥലങ്ങൾ എന്നിവഓൺലൈനായോ വെർച്ചൽ സംവിധാനം വഴിയോ സന്ദർശിക്കാവുന്ന സംവിധാനം ഉണ്ടാവണം. വെർച്ചൽ ടൂറുകൾ വഴി ക്ലാസ്റൂമിലിരുന്ന് കാര്യങ്ങൾ കണ്ടുപഠിക്കുവാൻ കഴിയുന്ന വിദ്യാർഥികളിൽ മികച്ച ഫലമുളവാക്കും. ബഹുവിഷയ സമീപനത്തിലൂടെ ജ്ഞാനനിർമ്മിതി നടക്കുന്ന കാലത്ത് അന്തർ വിഷയസമീപനവും ചരിത്രപഠനത്തിൽ പ്രയോഗിക്കപ്പെടേണ്ടതുണ്ട്.

ഡിജിറ്റൽ സ്വഭാവത്തിൽ ചരിത്ര വസ്തുതകളെ ദുർവ്യാഖ്യാനം ചെയ്തതും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരങ്ങൾ സോഷ്യൽമീഡിയയിൽ പരക്കുന്നത് അപകടമായിരിക്കുന്നു. ഇതിനെ നേരിടുന്നതിന് സർക്കാർ വകുപ്പുകളും ഗവേഷണസ്ഥാപനങ്ങളും ശാസ്ത്രീയവും നൂതനവുമായ അറിവ് വിദ്യാർഥികൾക്ക് ലഭ്യമാക്കുന്ന സംവിധാനം ഉണ്ടാവണം. പാഠഭാഗങ്ങൾ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങളും വസ്തുതകളും ലഭിക്കുന്നതിന് സർക്കാർ നിയന്ത്രണത്തിലുള്ള പാഠപുസ്തകത്തിന്റെ വെബ്സൈറ്റ് ഒരുക്കേണ്ടതാണ്. ഇന്റർനെറ്റ് ലഭ്യതയും കമ്പ്യൂട്ടർ ലാബുകളും ചരിത്രപഠനത്തിന് പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യങ്ങളായി കണക്കിലാക്കപ്പെടേണ്ടതുണ്ട്. ചരിത്രപഠനത്തിൽ താൽപര്യമുള്ള വിദ്യാർഥിയെ സൃഷ്ടിക്കുന്നതിൽ അധ്യാപക/അധ്യാപികയുടെ പങ്ക് പ്രധാനപ്പെട്ടതാണ്. ക്രിയാത്മകമായ ചരിത്രപഠന പ്രക്രിയക്കാണ് അധ്യാപകസമൂഹം നേതൃത്വം നൽകേണ്ടത്.

മേൽപ്പറഞ്ഞതുപോലെ നൂതനമായ സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിലൂടെ വിദ്യാർഥികൾക്കിടയിൽ ചരിത്രപരമായ അവബോധവും ധാരണയും സൃഷ്ടിക്കുവാനും, വിമർശനാത്മക ചിന്താശേഷി, സഹാനുഭൂതി, ഭൂതകാലത്തിന്റെ സങ്കീർണ്ണതയെയും പ്രാധാന്യത്തെയും കുറിച്ചുള്ള വിലമതിപ്പ് എന്നിവ വളർത്തിയെടുക്കുവാനും കഴിയും.

17

## ചരിത്രബോധമുളവാക്കുന്ന ചരിത്രപഠനം

വി.രാമൻകുട്ടി, വടക്കേടത്ത്, വെള്ളിനേഴി പാലക്കാട് ജില്ല, ഫോൺ 9847856997

### 1. എന്താണുചരിത്രം?

ജീവിതത്തെ നിരന്തരം പുതുക്കിപ്പണിയുന്ന ഒരേ ഒരുജീവിവർഗ്ഗമാണുമനുഷ്യൻ. സാമൂഹികവും സാംസ്ക്കാരികവും ഭൗതികവുമായ ചുറ്റുപാടിൽ ഉദ്ദേശ്യം നിറവേറ്റുന്നതിനായി കൂട്ടായി ഇടപെടുകയും മാറ്റംവരുത്തുകയുമാണ് മനുഷ്യരുടെ രീതി. ഇതാണ് അധ്വാനം.ഈ പ്രക്രിയയാണ് മനുഷ്യർക്കു ചരിത്രമുണ്ടാവാൻ കാരണം.

ചുറ്റുപാടിൽ ഇടപെടുന്ന മനുഷ്യരാണ് ചരിത്രം നിർമ്മിക്കുന്നത്. ചരിത്രത്തിന്റെ ചാലകശക്തി അധ്വാനവും അതുപ്രയോഗിക്കുന്ന മനുഷ്യരുമാണ്. ചരിത്രസംഭവങ്ങളും ചരിത്രത്തെ നയിച്ചവരായികണക്കാക്കപ്പെടുന്ന വ്യക്തികളും ചരിത്രത്തിന്റെ ഉൽപ്പന്നങ്ങളാണ്.

സംഭവങ്ങളുടെ കൂമ്പാരമായോ, ചരിത്രപുരുഷന്മാരുടെ ജീവിതകഥയായോ ചരിത്രത്തെ നോക്കിക്കാണുന്നതു ശരിയാവില്ല. അതേസമയം സംഭവങ്ങളും വ്യക്തികളും ചരിത്രഗതിയെ സ്വാധീനിക്കുമെന്നു കാണാതിരിക്കുന്നതും ഉചിതമല്ല.

ചുരുക്കത്തിൽ ചരിത്രമെന്നാൽ അധ്വാനം പ്രയോഗിക്കുന്നതിന്റെ ഫലമായി ചുറ്റുപാടിനെ നിരന്തരംപുതുക്കുന്ന പ്രക്രിയയാണ്. ജീവിതത്തെ തുടർച്ചയായി വളർന്നു വരുന്നവഴിയാണത്.

## 2. എന്താണു ചരിത്രബോധം?

Historical Consciounsess എന്ന ഇംഗ്ലീഷ് വാക്കിനെ ചരിത്രപരമായ അവബോധം എന്നു പറയുന്നതാവും കൂടുതൽ നല്ലത്. ചരിത്രം പഠിക്കുന്നതിലൂടെ വളർന്നുവരേണ്ടത് ചരിത്രപരമായ അവബോധമാണ്.

ചരിത്രത്തിന്റെ രണ്ടിടപെടൽ മേഖലകൾ സ്ഥലവും കാലവുമാണ്. സ്ഥലവും കാലവുമാണ് നിരന്തരം മാറിമാറിവരുന്നത്. പുതിയകാലത്ത്, പുതിയസ്ഥലത്ത് ജീവിതം വന്നെത്തിനിന്നതെങ്ങനെയെന്നും അതിനായി നടന്ന ഇടപെടലുകളെന്തൊക്കെയെന്നും ഇനി നാളെയിലേക്ക് ഏതുവഴിക്ക്, എങ്ങനെ മുന്നേറണമെന്നുമാണ് ചരിത്രപരമായ അവബോധത്തിന്റെ കാതൽ. കഴിഞ്ഞ കാലം, ഇന്നത്തെക്കാലം, വരുംകാലം എന്നിങ്ങനെ കാലത്തിന്റെ മൂന്നംശങ്ങളെയും സമഗ്രമായി ഉൾക്കൊള്ളുന്നതാണത്. കാലത്തിന്റെ ഏതെങ്കിലും ഒരംശത്തിൽ തറഞ്ഞുനിൽക്കുന്നതാവരുത്. ഇന്നത്തെ ചരിത്രപഠനത്തിന്റെ പ്രധാന പോരായ്മ അതുവല്ലാതെ ഭൂതകാലത്തിൽ തറഞ്ഞുനിൽക്കുന്നു എന്നതാണ്. ഭൂതകാലത്തോട് അന്ധമായ അഭിനിവേശമുണ്ടാകാനിതു വഴിവയ്ക്കുന്നുമുണ്ട്. ജനവിരുദ്ധശക്തികൾക്കിതുകൊണ്ടുള്ള നേട്ടം കാണാതിരുന്നുകൂടാ. അതിനു തടയിടണം.

ചരിത്രപരമായ അവബോധത്തിന് മൂന്നു തരത്തിലുള്ള പ്രകടിതരൂപങ്ങളുള്ളതായിക്കാണാം.

വ്യക്തികളെയോ, കുടുംബത്തെയോ (പലപ്പൊഴും തറവാടുകളെയോ) സാമുദായിക വിഭാഗങ്ങളെയോ ചരിത്രത്തിൽ തിരഞ്ഞുകണ്ടെത്തി സ്ഥാനപ്പെടുത്താനും അതിലഭിരമിക്കാനുമുള്ള പ്രേരണയാണൊന്ന്.

ഇല്ലാത്ത ഭൂതകാല മഹിമകളിൽ പൊള്ളയായ അമിതാഭിമാനം വളർത്തുക, അതുതിരിച്ചുപിടിക്കാനുള്ള വെപ്രാളം ഉണ്ടാക്കുക എന്നതുമാത്രമല്ല ഭൂതകാലത്തുതനിക്കും തന്റെ താൽപ്പര്യങ്ങൾക്കും എതിരായിനടന്നത് എന്നു താൻകരുതുന്ന സംഭവങ്ങൾക്കു പകരംവീട്ടുക എന്നതുകൂടി ലക്ഷ്യമായി വളർന്നുവരുന്ന ചിന്താധാരയാണു രണ്ടാമത്തേത്.

ഇന്നത്തെ ജീവിതം മുട്ടിനിൽക്കുന്നതടസ്സങ്ങളെന്തെന്നു വസ്തുതാപരമായി വിശകലനം ചെയ്തറിയാനും അതുമുറിച്ചുകടക്കാനുള്ള ചിന്താപരവും പ്രായോഗികവുമായ ഉപകരണമായി ചരിത്രത്തെ ഉപയോഗപ്പെടുത്താനും സാധ്യതയേകുന്നതാണ് മൂന്നാമത്തേത്.

ഇതിൽ ഒന്നും രണ്ടും രൂപങ്ങൾ ഇന്നത്തെ മേൽകീഴുകളും അടിച്ചമർത്തലുകളും അതേപോലെ നിലനിർത്താനുള്ള അധികാരത്തിന്റെ ആവശ്യമാണുനിറവേറ്റുന്നത്. അധികാരത്തിന്റെ പ്രയോഗം വഴി ബലപ്പെടുത്തുന്നതുകൊണ്ട് ഇവയ്ക്കു ജനമനസ്സിലാകെ പരന്നുവളരാനും സാമാന്യബോധമായി (Common Sense) ശക്തിപ്പെടാനും കഴിയുന്നുണ്ട്.

എന്നാൽ മൂന്നാമതായി സൂചിപ്പിച്ചതാണ് യഥാർഥത്തിൽ വളർന്നുവരേണ്ട ചരിത്ര പരമായ അവബോധത്തിന്റെ പ്രകടിതരൂപം. എന്തെന്നാൽ ഇതിനുമാത്രമേ സ്വാതന്ത്ര്യത്തിലും സമത്വത്തിലും സാഹോദര്യത്തിലുമൂന്നുന്ന ആധുനിക ജനാധിപത്യ ഇന്ത്യയുടെ / ലോകത്തിന്റെ മുന്നേറ്റം സാക്ഷാൽക്കരിക്കാനാവൂ.

കാര്യങ്ങൾ എന്തുകൊണ്ട് ഇന്നത്തെ അവസ്ഥയിലായി എന്നതിന്റെ വിശകലനമാണ് ഇവിടെ പ്രധാനപ്പെട്ടൊരു ചിന്താപ്രക്രിയ. അപ്പോൾ ഭൂതകാലമാകെ വർത്തമാന കാലത്തിന്റെ വിശകലന ഉപകരണമാവുകയാണ്. വിശകലനത്തിനാവട്ടെ വസ്തുനിഷ്ഠമായേ പ്രവർത്തിക്കാനാവൂ. ഒന്നും രണ്ടും രൂപങ്ങളിൽ ഭൂതകാലമൊരു വികാരമായാണ് ഉപയോഗിക്കുന്നത്. ഇവിടെ അതാകെ സ്ഥലകാലങ്ങളിലൂന്നിയുള്ള വസ്തുതകളായാണ് കടന്നുവരുന്നത്. കൂടാതെ ഒരു ചരിത്രപ്രക്രിയയുടെ ഗുണഭോക്താവാരാണ്, ഇരകളാരാണ് എന്ന വിമർശനചിന്ത കൊണ്ടാണ് ഇവിടെ അധികാരത്തിന്റെ ഇടപെടലിനെ വിലയിരുത്തുന്നത്. അതുകൊണ്ടുതന്നെ സാമൂഹികനീതിയിലൂന്നി വരും കാലത്തെ വിഭാവനചെയ്യാനും അതിനായി നിലകൊള്ളാനുമുള്ള ആശയത്തെളിച്ചവും പ്രവർത്തനോർജ്ജവുമാണിത് പ്രസരിപ്പിക്കുക.

എന്തുകൊണ്ട്? ആർക്കനുകൂലമായി? ആർക്കെതിരായി? എങ്ങനെ? എല്ലാവരോടും നീതി ചെയ്യണമെങ്കിൽ ഇനി എങ്ങനെയാവണം?

എന്നീ ചിന്താപ്രക്രിയയിലൂടെ വസ്തു നിഷ്ഠമായും വിമർശാവബോധത്തിലൂന്നിയും വികസിക്കുന്ന ചരിത്രപരമായ അവബോധമാവണം ചരിത്ര പഠനം ലക്ഷ്യമിടേണ്ടത്.

## 3. ചരിത്രപരമായ അവബോധത്തിനായുള്ള പഠനവഴികൾ

ഒന്നാമതായി പഠനം അന്വേഷണാത്മകവും വസ്തുനിഷ്ഠവുമാവണം.

വിവരങ്ങളും വസ്തുതകളും കൈമാറുന്നതിലവസാനിക്കുന്നതല്ല ഈ പഠനം. അന്വേഷണം, വിവരശേഖരണം, വിമർശനാവബോധത്തിലൂന്നിയുള്ളവിശകലനം, ഉചിതമായി വിവരങ്ങളെ തരംതിരിക്കൽ, കണ്ടെത്തലുകൾ നടത്തൽ, ഉൽപ്പാദിപ്പിച്ച അറിവിന്റെ ആവിഷ്ക്കാരം, തുടരന്വേഷണം വീണ്ടും ഈ പ്രക്രിയകളുടെ Spiraling (പുനരനുഭവം) എന്നരീതിയിൽ പ്രക്രിയാ ബന്ധിതമാവണം പഠനം.

സാമൂഹികവും സാംസ്ക്കാരികവും ഭൗതികവുമായ ജീവിതപ്രശ്നങ്ങളും / പഠനപ്രശ്നങ്ങളും പഠനത്തിന്റെ ഉള്ളടക്കമേഖലയായി യഥോചിതം ഉൾച്ചേർക്കാനാവണം. പ്രാദേശിക ജീവിതമണ്ഡലത്തിനു പ്രത്യേകമായ ഊന്നൽ നൽകണം. എങ്കിലേ പ്രത്യക്ഷവും പ്രാഥമികസ്രോതസ്സിൽ നിന്നുള്ളതുമായ വിവരശേഖരണസാധ്യത വർധിക്കൂ. പ്രാദേശിക ചരിത്രാന്വേഷണത്തിന്റെ പ്രക്രിയതന്നെ ദേശീയവും അന്തർദ്ദേശീയവുമായ പ്രമേയങ്ങൾക്കും സ്വീകരിക്കാനാവണം. വിവരസ്രോതസ്സിൽ ദ്വിതീയസ്രോതസ്സിന്റെ അനുപാതം കൂടുമെന്ന മാറ്റമേ കാര്യമായനുഭവപ്പെടാവൂ.

ചരിത്രത്തിൽനിന്നു മാറിനിന്നുകൊണ്ടു പഠിക്കലല്ല, ചരിത്രത്തിലിടപ്പെട്ടുകൊണ്ടു പഠിക്കാനാവണം. താൻ ജീവിക്കുന്ന സമൂഹത്തിന്റെ ചിന്തയിലും പ്രവൃത്തിയി

ലും നേരിട്ടിടപെടാനും ആധുനികജനാധിപത്യ ജീവിതമൂല്യങ്ങളുടെ വിളവിടങ്ങളായി അവയെ പരിവർത്തിപ്പിക്കാനുമുള്ള സന്ദർഭങ്ങളുള്ളതാവണം പഠനം.

ഇവിടെ ഉയർന്ന ചരിത്രപരതയും വിമർശനാവബോധവും, ഉൾക്കാഴ്ചയും ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന നൈതികതയും ഭരണഘടനാപരമായ ധാർമ്മികതയും മനുഷ്യരിലുള്ള വിശ്വാസവും ജനാധിപത്യപരമായ പെരുമാറ്റവഴക്കങ്ങളും തുടർച്ചയായി വളർത്തിക്കൊണ്ടു വരുന്നവരായിരിക്കണം അധ്യാപികമാർ.

ഒറ്റപ്പാഠപുസ്തകവും അതിലൂന്നിയ പരമ്പരാഗത എഴുത്തുപരീക്ഷയും എന്ന രീതിയിൽ നിന്നുമാറി Man Material interaction പലതലത്തിൽ സാധ്യമാക്കുന്ന പഠനസാമഗ്രികളും നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ സാധ്യതയുള്ള മൂല്യനിർണ്ണയവഴികളും രൂപപ്പെടുത്തണം.

# സാങ്കേതികവിദ്യ പഠനബോധന പ്രവർത്തനത്തിന്

18

## സാങ്കേതിക വിദ്യ പഠനബോധന പ്രവർത്തനത്തിന്

കെ അൻവർ സാദത്ത്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)

**വി**ദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും ഇന്ന് സാങ്കേതിക വിദ്യയുടെ ഉപയോഗവും പ്രസക്തിയും എന്നുമില്ലാത്തവിധം വർധിച്ചിട്ടുണ്ട്. ക്ലാസ്മുറികളിൽ പരിഹരിക്ക പ്പെടാതെ കിടന്നിരുന്ന പല പ്രശ്നങ്ങൾക്കും ഇന്ന് സാങ്കേതിക വിദ്യയുടെ ഉപയോഗം പരിഹാരമാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ പഠനാന്തരീക്ഷം ഒരുക്കുന്ന കാര്യത്തിലായാലും കുട്ടിയുടെ ശേഷി തിരിച്ചറിഞ്ഞ് പിന്തുണ നൽകുന്ന കാര്യത്തി ലായാലും കുട്ടിയെ വസ്തുനിഷ്ഠമായും സമഗ്രമായും വിലയിരുത്തുന്ന കാര്യത്തിലായാലും നിലവിലെ പ്രയാസങ്ങളെ മറികടക്കാൻ സാങ്കേതികവിദ്യയുടെ സമന്വയത്തിലൂടെ സാധ്യമായിട്ടുണ്ട്. പഠനോല്പന്നങ്ങൾ തയാറാക്കുക എന്ന തലത്തിൽ നിന്നും വിലയിരുത്തലിനും മെന്ററിങ്ങിനും എന്നു വേണ്ട കുട്ടികയുടെ വികാസപ്രക്രിയയിൽ നേരിട്ടും അല്ലതെയും സഹായിക്കുന്ന എല്ലാ മേഖലയിലും ഇന്ന് സാങ്കേതികവിദ്യ സഹായിയായി കടന്നു വരുന്നു. സാങ്കേതിക വിദ്യയുടെ ലഭ്യത ഉറപ്പാക്കലും അതിന്റെ വിന്യാസവുമാണ് കഴിഞ്ഞ പതിറ്റാണ്ടിൽ നാം അഭിമുഖീകരിച്ചിരുന്ന പ്രശ്നമെങ്കിൽ ഇന്ന് അനുയോജ്യമായത് തെരഞ്ഞെടുക്കുന്ന കാര്യത്തിലും സാങ്കേതിവിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പു വരുത്തുന്ന വിധത്തിലുള്ള രീതിശാസ്ത്രം രൂപീകരിക്കുന്ന കാര്യത്തിലൂമാണ് ശ്രദ്ധ പുലർത്തേണ്ടത്.

ഇന്റർനെറ്റ് അധിഷ്ഠിതമായ ജീവിതക്രമവും സാമൂഹികസാഹചര്യവും നിലവിൽവന്ന ഒരു കാലഘട്ടത്തിലാണ് വിദ്യാർഥികൾ ജീവിക്കുന്നത്. ഇന്റർനെറ്റ് പൗരന്റെ അവകാശമായി പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. Kerala Fiber Optic Network (KFON) സംവിധാനത്തിന്റെ ലക്ഷ്യം തന്നെ വിവേചനരഹിതമായി എല്ലാവർക്കും ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുക എന്നതാണ്. ലഭ്യത ഉറപ്പുവരുത്തുന്നതോളം തന്നെ പ്രധാനപ്പെട്ടതാണ് ഇവ ഉപയോഗിക്കുന്നതിനുള്ള വിദ്യാഭ്യാ സം കുട്ടിക്ക് നൽകുക എന്നത്. പ്രത്യേക വിഷയമായിത്തന്നെ സാങ്കേതിക വിദ്യാപഠനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. മറ്റു വിഷയങ്ങളുടെ പഠനം എളുപ്പമാക്കുക എന്നതു മാത്ര മാകരുത് സ്കൂളിലെ ഐടി പഠനത്തിന്റെ ലക്ഷ്യം. ഈ കാലഘട്ടത്തിൽ ആവശ്യമായ ജീവിത നൈപുണി എന്ന നിലയിൽ നവസാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജപ്പെടുത്താനും സാങ്കേതി വിദ്യ ഉപയോഗിക്കുന്നതിലുള്ള അജ്ഞത കാരണം ചൂഷണം ചെയ്യപ്പെടാതിരിക്കാനുള്ള സാഹചര്യം ഉറപ്പുവരുത്താനും പാഠ്യപദ്ധതിക്കാകണം. ഇന്റർനെറ്റ്, മൊബൈൽ ഫോൺ സാങ്കേതി ക വിദ്യയിലധിഷ്ഠിതമായ സേവനങ്ങളും പ്രവർത്തനങ്ങളുമായ ഇ-ലേണിങ്, എം-ലേണിങ്, മൊബൈൽ വാലറ്റ്, ഇ-ബാങ്കിങ്, ഇ-ഗവേണൻസ് സംവിധാനങ്ങൾ, ഇ-കോമേഴ്സ് തുടങ്ങിയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ശേഷികൾ കരസ്ഥമാക്കുന്നതിനുമുള്ള അവസരം പഠനത്തിന്റെ ഭാഗമായി ഉണ്ടായിരിക്കണം. മാത്രമല്ല, കമ്പ്യൂട്ടേഷണൽ തിങ്കിങ്, കോഡിങ് തുടങ്ങിയവലിയുള്ള അറിവും ഇന്നത്തെ കുട്ടിയെ സംബന്ധിച്ചിടത്തോളെ പ്രധാനപ്പെട്ടതു തന്നെ. നവ സാങ്കേതിവിദ്യയുമായി ബന്ധപ്പെട്ട

വിഷയങ്ങളിൽ തുടർപഠനം നടത്താനാഗ്രഹിക്കുന്ന കുട്ടികളെ കൂടി പരിഗണിക്കുന്ന വിധത്തിലാണ് പാഠ്യ പദ്ധതിയിലെ സാങ്കേതിക വിദ്യാപഠനവുമായി ബന്ധപ്പെട്ട ഉള്ളടക്കം ആസൂത്രണം ചെയ്യേണ്ടത്.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും ട്രൈബൽ മേഖലപോലെ പിന്നാക്ക മേഖലകളിലെ കുട്ടികൾക്കും പഠനപ്രക്രിയയിൽ ആവശ്യമായ പിന്തുണ നൽകുന്ന കാര്യത്തിൽ ഗണനീയമായ പുരോഗതിയുണ്ടാക്കാൻ സാങ്കേതി വിദ്യയുടെ ഫലപ്രദമായ ഉപയോഗം കൊണ്ട് കഴിയും. പിന്നാക്ക മേഖലകളിലെ കുട്ടികൾക്ക് അവരുടെ പ്രാദേശിക സാഹചര്യങ്ങൾക്കനു സരിച്ചു ള്ള സാമഗ്രികൾ തയാറാക്കുന്നതിന് സാങ്കേതികവിദ്യ ഉപയോഗിക്കേണ്ടതുണ്ട്. ശാരീരിക വെല്ലുവി ളികൾ നേരിടുന്ന കുട്ടികൾക്ക് അരുടെ പ്രയാസങ്ങളെ മറികടക്കാനും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താം.

കുട്ടികളുടെ കഴിവുകൾ വിഭിന്നമാണ്. ഇത്തരം കഴിവുകൾ പരിഗണിച്ചു കൊണ്ടുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുക എന്നത് അധ്യാപകർ നേരിടുന്ന വെല്ലുവിളിയാണ്. ഈ തലത്തിലും വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാൻ സാങ്കേതിക വിദ്യക്കാകും. വ്യത്യസ്ത അഭിരുചിക്കനുസരിച്ച ഉള്ളടക്കം നിർമിച്ച് സമാന്തരമായി ക്രമീകരിക്കാനും കുട്ടിയുടെ താത്പര്യത്തിനനുസരിച്ച് തെരഞ്ഞെ ടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കാനും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താം. വ്യത്യസ്ത നിലവാരത്തിലുള്ള ഉള്ളടക്കവും ഇത്തരത്തിൽ വിന്യസിക്കാം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സങ്കേ തം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന പെർഫോർമൻസ് ട്രാക്കിങ് പോലുള്ള സംവിധാന ങ്ങൾ പ്രയോജനപ്പെടുത്തിയാൽ കുട്ടികൾക്കാവശ്യമായത് കൃത്യമായി ലഭ്യമാക്കാം.

നിലവിലെ ഇന്റർനെറ്റ് ലഭ്യത (Internet Accessibility) പരിഗണിച്ച്, ഉൾച്ചേർന്ന വിദ്യാഭ്യാസത്തിൽ ഹൈബ്രിഡ് ലേണിങ്ങിന്റെ സാധ്യത ഉപയോഗപ്പെടുത്തണം. ഇതിൽ ഫലപ്രദ മായ ക്ലാസ്റൂം വിനിമയത്തിന് ഏറ്റവും അനുയോജ്യമായ വിനിമയരീതി അതത് അധ്യാപികയ്ക്ക് തിരഞ്ഞെടുക്കാനവസരം ഉണ്ടാകുന്നു. ക്ലാസ്റൂമിലെ മുഖാമുഖ പ്രവർത്തനത്തിന് പുറമേ ഓൺ ലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനുള്ള സൗകര്യങ്ങളും ഉണ്ടായിരിക്കണം. രക്ഷിതാക്ക ളുടെ പങ്കാളിത്തത്തോടെയാണ് കുട്ടി ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തേണ്ടത്. അതി നാൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുകയും ഇത് സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമാക്കുകയും വേണം. പഠനോപകരണങ്ങൾ അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതിയും പഠനരീതിയും പ്രാവർത്തിക മാവുമ്പോൾ പ്രസ്തുത പദ്ധതിയ്ക്ക് അനുസരിച്ച് സ്വയം നവീകരിക്കുന്നതിന് അധ്യാപകരെ സജ്ജ മാക്കിയെടുക്കേണ്ടതുണ്ട്. ഇതിന് നിരന്തരമായ ഐ.സി.ടി. പരിശീലനം ആവശ്യമാണ്. സാങ്കേതിക വിദ്യാസൗഹൃദ ക്ലാസ് മുറികളുമായി ചേർന്ന് പോകുന്നതിനും ഓരോ കുട്ടിയുടെയും ശാരീരിക, മാനസിക തലത്തിന് അനുസരിച്ച് സാങ്കേതികവിദ്യയുടെ സഹായത്തോടെ ഏറ്റവും അനുയോജ്യ മായ പഠനപ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും ഉദ്ഗ്രഥിത രീതിയിൽ നടപ്പാക്കുന്നതിനും, സാങ്കേ തികവിദ്യയുടെ സഹായത്തോടെ സൂക്ഷ്മവും കൃത്യമായ പഠനപുരോഗതി വിലയിരുത്തു ന്നതിനും രേഖപ്പെടുത്തുന്നതിനും അധ്യാപകരെ ശാക്തീകരിക്കുന്ന തരത്തിലാണ് അധ്യാപക പരിശീലനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

നിർമ്മിത ബുദ്ധിയുടെ ഉപയോഗവും പഠനബോധനപ്രക്രിയയുടെ ഭാഗമാക്കേണ്ടതുണ്ട്. എന്നാൽ വളരെ സൂക്ഷമതയോടെയാണ് ഇത് കൈകാര്യം ചെയ്യേണ്ടത്. വിവേകപൂർവ്വമല്ലാത്ത നിർമ്മിതബുദ്ധിയുടെ ഉപയോഗം വിദ്യാഭ്യാസമേഖലയിൽ പ്രത്യാഘാതങ്ങളുണ്ടാക്കും. നിർമ്മിത ബുദ്ധിയുടെ ഉൽപ്പന്നങ്ങളെ സമൂഹം ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തണം. ഈ കാര്യത്തിൽ കൃത്യവും സമയബന്ധിതവുമായ വിശകലനം ആവശ്യമാണ്. ഗവേഷണ ഉൽപ്പന്നങ്ങൾ ദീർഘകാലത്തേയ്ക്ക് സമൂഹത്തിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ തുടർച്ചയായി വിലയിരുത്തണം. ഇതിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട് ഉൽപ്പന്നങ്ങൾ ഉണ്ടാക്കു ന്നതിന് കഴിയണം. നേരിട്ടുള്ള പഠനത്തിന്റെ ഫലപ്രാപ്തി പരമാവധി ഉറപ്പാക്കുന്നതിനായി പാഠ്യ വസ്തുക്കളായും പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയും VR & AR ക്ലാസ്മുറികളിൽ ഉപയോഗിക്കാം. ദൃശ്യപഠനത്തിന് പുതിയ രീതി ആവിഷ്കരിക്കുന്നതിനും പഠിതാവിനെ പ്രചോദിപ്പിക്കുന്നതിനും പരിമിതികൾ ഉള്ള പഠിതാവിനും പഠന പ്രവർത്തനങ്ങളിൽ പൂർണ്ണമായും പങ്കെടുക്കുന്നതിനും വെർച്ച്വൽ റിയാലിറ്റി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കാം.

സാങ്കേതിക വിദ്യകളുടെ അതിവേഗ വളർച്ച പരിഗണിക്കാതെ പുതിയ കാലഘട്ടത്തിൽ മുന്നോട്ടു പോകാനാകില്ല. മികച്ച ആസൂത്രണവും കൃത്യമായ വിശകലനവും തിരഞ്ഞെടുപ്പിലുള്ള സൂക്ഷ്മതയും നിരന്തരമായ വിലയിരുത്തലും നടത്തി വേണമെന്നു മാത്രം. അതുപോലെ തന്നെ, വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന വിഭവ ലഭ്യതയിലെ അസമത്വം സാങ്കേതി വിദ്യയുടെ സഹായത്തോടെ പരിഹരിക്കപ്പെടണം. സാമ്പത്തിക, സാമൂഹിക, സാംസ്കാരിക, പ്രാദേശിക പ്രത്യേകതകൾ അറിവ് നേടുന്നതിന് തടസ്സമാകരുത്. പഠനബോധന പ്രക്രിയയിൽ ഇത്തരം സാഹചര്യങ്ങൾ നേരിടുന്നതിന് സഹായകരമായി വർത്തിക്കുക എന്നതാണ് സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ സാധ്യമാകേണ്ടത്.

19

# പഠനബോധനപ്രവർത്തനത്തിൽ സാങ്കേതികവിദ്യയുടെ പങ്ക്

ഡോ.അജിത്ത്കുമാർ ബി.പി. കോഴിക്കോട് യൂണിവേഴ്സിറ്റി, 9643258320

**ദൈ**നംദിന ജീവിതത്തിന്റെ മറ്റ് പല മേഖലകളെയും പോലെ വിദ്യാഭ്യാസ മേഖല യി ലും സാങ്കേതികവിദ്യയുടെ ഉപയോഗം സാധാരണമാണ്. മണലിലെഴുത്തും ബ്ലാക്ക്ബോർ ഡും, കമ്പ്യൂട്ടറിൽ ഘടിപ്പിച്ച LCD പ്രോജെക്റ്ററുമെല്ലാം ഇതിൽപ്പെടുന്നു. അടുത്ത കാലത്തായി നമ്മുടെ സ്കൂളുകളിലും കോളേജുകളിലും സ്മാർട്ട് ക്ലാസ്റൂം പോലുള്ള നിരവധി സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ വിന്യസിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി വരേണ്ട ചില നടപടികളെക്കുറിച്ചുള്ള ഒരു അവലോകനമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം. ശാസ്ത്ര വിഷയങ്ങളിൽ ഇന്ത്യയിലെ വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങളുമായി കഴിഞ്ഞ മുപ്പതു വർഷത്തോളം ഈ ലേഖകൻ നടത്തിയ ആശയവിനിമയങ്ങളും ഇടപെടലുകളും വഴി ഉരുത്തി രിഞ്ഞ ചില നിഗമനങ്ങളായും ഇതിനെ കണക്കാക്കാം. സാങ്കേതികവിദ്യയെ ആശ്രയിച്ചു കഴിയുന്ന ഒരുസമൂഹത്തിനും ശാസ്ത്രവിദ്യാഭ്യാസത്തെ അവഗണിക്കാൻ കഴിയില്ല. ശാസ്ത്ര പഠനം കാലോചിതമായി നിരന്തരമായി പരിഷ്കരിക്കപ്പെടേണ്ട ഒന്നാണ്. ഈയൊരു മേഖല യിൽ ഇന്ത്യയിലെ അവസ്ഥ ഒരു സംസ്ഥാനത്തിലും അത്ര ആശാവഹമല്ല എന്നതാണ് വസ്തു ത. സ്വതന്ത്ര സോഫ്ട്വെയറിന്റെ ഉപയോഗം തുടങ്ങിയ ചില കാര്യങ്ങളിൽ നമ്മൾ അല്പം മുൻപിലാണെന്നു പറയാം.

അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ കാണിക്കുന്ന താത്പര്യം പലപ്പോഴും അത് പ്രയോജനപ്പെടുത്തുന്നതിൽ നാം കാണിക്കുന്നില്ല. ഉദാഹരണമായി LCD പ്രോജെക്റ്ററുകളും സ്മാർട്ട് ക്ലാസ്റൂമുകളും വരുമ്പോൾ അതിൽ ഉപയോഗിക്കാൻ പറ്റിയ ഗുണനിലവാരമുള്ള ഉള്ളടക്കം സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനായി വിദ്യാഭ്യാസരംഗത്തെയും മൾട്ടിമീഡിയ മേഘലയി ലുമുള്ള വിദഗ്ധരുടെ ഒരു കൂട്ടായ്മ ഉണ്ടാക്കേണ്ടതാണ്. ടെക്സ്റ്റ്ബുക്കുകൾക്കു സമാന്തരമായി ഓഡിയോ-വീഡിയോ ഉല്പന്നങ്ങളും വിഭാവനം ചെയ്യേണ്ടതുണ്ട്.

ശാസ്ത്ര-ഗണിത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനുള്ള ഒരു ഉപകര ണമായി കമ്പ്യൂട്ടറുകളെ ഉപയോഗിക്കണം. വെറും കമ്പ്യൂട്ടർ ലിറ്ററസി ആവരുത് നമ്മുടെ ഉദ്ദേശം. ശാസ്ത്ര, ഗണിത വിഷയങ്ങൾ ആധുനികരീതിയിൽ കൈകാര്യം ചെയ്യാനുള്ള ഒരു ആയുധമായി വേണം കമ്പ്യൂട്ടറിനെ കാണാൻ.

ഇതിനായി എല്ലാ ശാസ്ത്ര, ഗണിത അധ്യാപകരും പൈത്തൺ പോലുള്ള ലളിതമായ പ്രോഗ്രാമിംഗ് ഭാഷ അറിഞ്ഞിരിക്കണം. ഗവേഷകർ ഉപയോഗിക്കുന്ന സിമുലേഷൻ പ്രോഗ്രാമുകളുടെ ലളിതമായ മാതൃകകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കണം. ഒരു ഉപഗ്രഹത്തിന്റെയോ പാർട്ടിക്കിൾ ആക്സിലറേറ്ററിനകത്തെ കണികകളുടെയോ സഞ്ചാരപഥ ങ്ങൾ കണക്കാക്കാൻ ഉപയോഗിക്കുന്ന പ്രോഗ്രാമുകൾ, DNA സീക്വൻസിങ് കോഡ് എന്നിവ സാധ്യമാവുന്ന ഉദാഹരണങ്ങളാണ്.

മേല്പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാൻ കോളേജ് തലത്തിൽ സ്വതന്ത്ര സോഫ്റ്റ്വെയർ നിർബന്ധമാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം അത് അനാവശ്യമായ സാമ്പത്തികബാധ്യത വരുത്തിവയ്ക്കുന്ന ഒരു നീക്കമായിരിക്കും. ഗവേഷണസ്ഥാപനങ്ങൾ പലപ്പോഴും സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിക്കുന്നത് സാമ്പത്തികവശം നോക്കിയല്ല, ആശ്രിതത്വം കുറയ്ക്കുക എന്നൊരു വശം കൂടിയുണ്ടതിന്. ഇന്ത്യയിലെ യൂണിവേഴ്സിറ്റികൾക്ക് വേണ്ടിയുള്ള ഏക കണികാപരീക്ഷണശാലയായ ഇന്റർ യൂണിവേഴ്സിറ്റി ആക്സിലറേറ്റർ സെന്ററിലെ കൺട്രോൾ സിസ്റ്റങ്ങളും മറ്റും സ്വതന്ത്ര സോഫ്റ്റ്വെയർ ടൂളുകൾ മാത്രം ഉപയോഗിച്ച് വികസിപ്പിച്ചെടു ത്തവയാണ്. സ്കൂൾ തലത്തിൽ സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിക്കുന്നുണ്ടെങ്കിലും കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം കുത്തക സോഫ്റ്റ്വെയറുമായി മല്ലിട്ടു കൊണ്ടിരിക്കുകയാ ണ്. ഉയർന്ന മുൻഗണന നൽകേണ്ട ഒരു പ്രശ്നമാണിത്.

ശാസ്ത്രപഠനത്തിൽ സിദ്ധാന്തങ്ങൾക്കും പരീക്ഷണങ്ങൾക്കും തുല്യപ്രാധാന്യമുണ്ടെങ്കിലും നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പരീക്ഷണങ്ങൾ ഏറെക്കുറെ അവഗണിക്കപ്പെടുന്നു. നിർവചനങ്ങൾ മനഃപാഠമാക്കുന്നത്തിൽ മാത്രം ഊന്നിക്കൊണ്ടുള്ള ഒരു വ്യവസ്ഥയിൽ നിന്നും പുറത്തിറങ്ങുന്ന വിദ്യാർഥികൾ വിജ്ഞാനം പ്രയോഗത്തിൽ വരുത്തുന്നതിൽ പരാജയപ്പെടുന്നു. ഉപകരണങ്ങളുടെ അഭാവം ഇതിനൊരു കാരണമാണ്. കഴിഞ്ഞ അമ്പതു വർഷത്തി നിടെ നമ്മുടെ കോളേജ് പരീക്ഷണശാലകളിലെ ഉപകരണങ്ങൾ വലുതായൊന്നും മാറിയിട്ടില്ല. ഗവേഷണ മേഖലയിൽ കമ്പ്യൂട്ടർ ശാസ്ത്രപരീക്ഷണത്തിനുള്ള ഉപകരണങ്ങളുമായി ഘടിപ്പി ച്ചു ഫലങ്ങൾ വിശകലനം ചെയ്യാൻ സോഫ്ട്വെയർ ഉപയോഗിക്കുന്നത് സാധാരണമാണ്. വികസിതരാജ്യങ്ങളിൽ വിദ്യാഭ്യാസരംഗത്തും ഇതേ രീതി ഉപയോഗപ്പെടുത്തുന്നു. നമ്മൾ ഈ കാര്യത്തിൽ വളരെ പുറകിലാണെന്ന യാഥാർഥ്യം തിരിച്ചറിഞ്ഞാണ് ഇന്റർ യൂണിവേഴ്സിറ്റി ആക്സിലറേറ്റർ സെന്റർ ഇതിനുവേണ്ടി 2005 ൽ ഒരു ഓപ്പൺ ഹാർഡ്വെയർ പ്രൊജക്റ്റ് തുടങ്ങിയത്. ഇന്ത്യയിലും പുറത്തും വളരെയധികം പിന്തുണ ഇതിനു ലഭിച്ചിട്ടുണ്ട്.

പര്യവേക്ഷണത്തിലൂടെയും പരീക്ഷണങ്ങളിലൂടെയും പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി Exp EYES കിറ്റ് പോലെയുള്ള ഉപകരണങ്ങൾ കേരളത്തിലെ സ്കൂളുകളിലും പരിചയപ്പെടു ത്തിയുണ്ടെ

ങ്കിലും വ്യാപകമായ തോതിൽ അധ്യാപകപരിശീലനം ഇനിയും നടക്കേണ്ടതായിട്ടു ണ്ട്. കൂടുതൽ ശാസ്ത്ര പരീക്ഷണങ്ങളുടെ വികസനവും ആവശ്യമാണ്. ഈ വിഷയത്തിൽ ഏറ്റവുമൊടുവിലുണ്ടായ വികസനം ഈ ഉപകരണം മൊബൈൽ ഫോണിൽ ഘടിപ്പിച്ചുപയോഗിക്കാം എന്നതാണ്. കൂടുതൽ വിവരങ്ങൾ https://sciscool.in/expeyes/index.html എന്ന സൈറ്റിൽ ലഭ്യമാണ്.

നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളും സ്കൂളുകളും തമ്മിൽ കൂടുതൽ ആശയവിനിമയം സാധ്യമാകണം എന്നതാണ് മറ്റൊരു കാഴ്ചപ്പാട്.. എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ അവരുടെ അക്കാദമിക് പ്രവർത്തനത്തിന്റെ ഭാഗമായി സ്കൂൾ തലപരീക്ഷണങ്ങൾ രൂപകൽപ്പന ചെയ്യുക യും വികസിപ്പിക്കുകയും ചെയ്യുകയും അവരിൽ ചിലരെങ്കിലും ഭാവിയിൽ സംരംഭകരായി മാറുകയും ചെയ്യുന്ന ഒരു സാധ്യത പരീക്ഷിക്കപ്പെടേണ്ടതാണ്.

പ്രകൃതിയുടെ നിഗൂഢതകളുടെ ചുരുളഴിക്കുക എന്നതാണ് ശാസ്ത്രത്തിന്റെ ആത്യന്തിക ലക്ഷ്യമെന്ന് കരുതപ്പെടുന്നുണ്ടെങ്കിലും വളരെയധികം ശാസ്ത്രീയ ഗവേഷണങ്ങൾ നടക്കു ന്നത് ദൈനംദിനജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായാണ്. ശാസ്ത്രവിദ്യാഭ്യാസത്തെ സമീപിക്കുമ്പോൾ മനസ്സിൽ വെയ്ക്കേണ്ടുന്ന ഒരു വസ്തുതയാണി ത്.

വിദ്യാർഥികളുടെ പ്രകടനം വിലയിരുത്തുന്നതിന് കമ്പ്യൂട്ടറൈസ്ഡ് സൊല്യൂഷനുകൾ നടപ്പിലാക്കാം. ഇതിന് ഗണ്യമായ ചിന്തയും പരിശ്രമവും ആവശ്യമായി വന്നേക്കാം. കോവിഡ് കാലത്ത് MOODLE പോലുള്ള ലേർണിംഗ് മാനേജ്മന്റ് സിസ്റ്റങ്ങൾ നടപ്പാക്കിയെങ്കിലും നമ്മൾ വീണ്ടും പഴയരീതിയിലേക്കു തിരിച്ചുപോകുകയാണ്.

കാതലായ പല പ്രശ്നങ്ങളും വളരെക്കാലമായി നിലവിലുണ്ടെങ്കിലും സാങ്കേതികവിദ്യ വേണ്ടരീതിയിൽ ഉപയോഗിച്ചാൽ നമ്മുടെ വിദ്യാഭ്യാസരംഗം ഒരു പരിധിവരെ മെച്ചപ്പെടും എന്നാണെന്റെ വിശ്വാസം

## 20

# 'നവസാങ്കേതികവിദ്യകൾ ചലിപ്പിക്കുന്നനവലോകം വിദ്യാഭ്യാസം എന്ന സാമൂഹ്യപരികല്പനയെതിരുത്തുന്നതെങ്ങനെ?'

അരുൺ രവി, കുളത്തൂർ, തിരുവനന്തപുരം – 695583

**ഭാ**വി, ഇന്നിന്റെയുള്ളിലേക്ക് കൂടുമാറിക്കഴിഞ്ഞിരിക്കുന്നു. ഈ മാറ്റത്തിന് പലതരം പ്രേരകങ്ങളുണ്ട്. ഭൗമരാഷ്ട്രീയസമവാക്യങ്ങളുടെ തിരുത്തുകൾ, കാലാവസ്ഥാമാറ്റം, പുതുചിന്തകളുടെ ആവിർഭാവം, അടിസ്ഥാനശാസ്ത്രത്തിന്റെ പുരോഗതി, മഹാമാരികളുടെ കടന്നുവരവ് അങ്ങനെ പലതരം സൂക്ഷ്മവും സ്ഥൂലവുമായകാരണങ്ങൾ നവലോകനിർമ്മിതിക്ക് കാരണമാവുന്നുണ്ട്. എന്നാൽ അതിലേറെ പ്രസക്തമായ ഒരു കാരണം നവസാങ്കേതികവിദ്യകളുടെ ഉയർച്ചയാണ്.

നവീനസാങ്കേതികവിദ്യകൾ ഏറ്റവുമധികം മാറ്റങ്ങൾ സൃഷ്ടിക്കുന്ന രണ്ട് മേഖലകൾ തൊഴിൽ രംഗവും വിദ്യാഭ്യാസമേഖലയുമാണ്.

ഈ മേഖലകളിൽ മാത്രമല്ല, മറ്റെല്ലാം തലങ്ങളിലും സ്വാധീനം ചെലുത്തുന്ന നമ്മുടെ നയ-നിയമ-ഭരണ വ്യവസ്ഥകളെല്ലാം തന്നെ പഴയകാല സാങ്കേതിക ലോകത്തിനു വേണ്ടി തയ്യാറാക്കിയവയും അവയുടെ നിയന്ത്രണത്തിൽ നിലനിന്നുപോകുന്നവയുമാണ്. അതിവേഗത്തിലൊരു മാറ്റം അവയെ ഒന്നുകിൽ കടപുഴക്കിക്കളയും, അല്ലെങ്കിൽ മാറ്റത്തിനെ പ്രതിരോധിച്ച് അവ അപ്രസക്തമാക്കപ്പെട്ടു പോകും. അത്തരമൊരവസ്ഥയിൽ തികച്ചും ജനകീയവും, വികേന്ദ്രീകൃതവുമായ ഒരു വികസനപദ്ധതി ഈ സാങ്കേതികവികാസത്തിനൊപ്പം പ്രവർത്തിക്കുന്നു എന്നത് ഉറപ്പാക്കേണ്ടതുണ്ട്.

''പരിവർത്തനനിർവഹണം'' (Change Management) എന്ന ആശയത്തിലധിഷ്ഠിതമായി വേണം ഈ വികസനപദ്ധതി രൂപീകരിക്കേണ്ടത്. ഒഴുകിയെത്തുന്ന ഈ മലവെള്ളപ്പാച്ചിലിനെ ചെറുചെറുനീർച്ചാലുകളായി നമ്മുടെ ജീവിതപരിസരങ്ങളിലേക്ക് കടത്തിവിടാനാവണം.

തൊഴിൽ മേഖലയിലുണ്ടാകുന്ന മാറ്റങ്ങളും വിദ്യാഭ്യാസത്തിൽ അതു ചെലുത്തുന്ന പങ്കും

- നിലനിൽക്കുന്ന തൊഴിലുകളിൽ വലിയൊരു ശതമാനം സ്ഥിരതൊഴിലുകൾ വരുന്ന ഏതാനും വർഷങ്ങൾക്കുള്ളിൽ ഇല്ലാതാക്കപ്പെടുകയോ അപ്രസക്തമാക്കപ്പെടുകയോ പുതിയ തൊഴിൽശേഷികൾ വേണ്ടിവരുന്ന രീതിയിൽ രൂപമാറ്റം ചെയ്യപ്പെടുകയോ ചെയ്യും എന്നാണ് നിരവധി പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.
- ഇതിൽ ആവർത്തനസ്വഭാവമുള്ള തൊഴിലുകളും, എളുപ്പത്തിൽ യന്ത്രവൽക്കരിക്കപ്പെടാവുന്ന (automate)തൊഴിലുകളും, മനുഷ്യന്റെപരിമിതികൾ ദോഷകരമായി ബാധിക്കുന്ന high precision ജോലികളുമെല്ലാം സമീപഭാവിയിൽ ഏതാണ്ട് പൂർണ്ണമായി ഇല്ലാതാക്കപ്പെടും.
- അടുത്ത ഏതാനുംകൊല്ലങ്ങൾക്കിടയിൽ ചെയ്യുന്ന തൊഴിലുകളുടെ അനുപാതത്തിൽ യന്ത്രങ്ങൾ മനു

ഷ്യനു മേൽ മേൽക്കൈ നേടും. ഇത് വ്യാപകമായ തൊഴിൽ നഷ്ടങ്ങൾക്ക് കാരണമാവും. അതിലേറെയും സാധാരണക്കാർ ചെയ്യുന്ന തൊഴിലുകൾ ആയിരിക്കും

- ആശയവിനിമയം, അനുരൂപീകരണം (adaptability), സ്ഥൈര്യം, സാമൂഹ്യബന്ധങ്ങൾ ഉണ്ടാക്കാനും സൂക്ഷിക്കാനുമുള്ള ശേഷി തുടങ്ങിയ മൃദുശേഷികൾ (softskills) തൊഴിൽ മേഖലയിൽ കൂടുതൽ പ്രസക്തമാക്കപ്പെട്ടു കൊണ്ടിരിക്കുന്നുണ്ട്. ഈ പ്രവണത ഇനിയും തുടരാനാണ് സാധ്യത.
- പരമ്പരാഗത തൊഴിൽരൂപങ്ങൾ ഇല്ലാതാവുന്നതോടെ അവയെ അടിസ്ഥാനപ്പെടുത്തി സൃഷ്ടിക്കപ്പെട്ട വിദ്യാഭ്യാസ ഘടനകൾ അപ്രസക്തമാവാൻ തുടങ്ങും.
- പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയാവും ഇത്തരത്തിൽ ഏറ്റവും വലിയ പ്രശ്നങ്ങൾ നേരിടാൻ പോകുന്നത്.
- ഈ മാറ്റങ്ങൾ വിദ്യാർത്ഥികളുടെ ഭാവി, അധ്യാപകരുടെ തൊഴിൽവ്യാപനം, അധ്യാപനരീതികൾ എന്നിവയെ ബാധിക്കും. പുതിയ തൊഴിലുകൾ ഉണ്ടാക്കപ്പെടുമെങ്കിലും അവയ്ക്ക് വേണ്ട ശേഷികൾ വിഭിന്നമായിരിക്കും. മാത്രവുമല്ല, അവ നിരന്തരം മാറ്റപ്പെടുന്നവയുമാവും.
- അറിവ് എന്ന ആശയത്തിനും വ്യതിയാനമുണ്ടാകുന്നുണ്ട്. Information കൂടുതൽ സ്വാംശീകരിക്കുക എന്ന പഴയരീതിയിൽ നിന്ന് അടിസ്ഥാനഡാറ്റയെ അപഗ്രഥിച്ച് അറിവ് നിർമ്മിക്കുക എന്ന പുതിയ ശേഷി കൂടുതൽ പ്രസക്തമാവുന്നുണ്ട്.

### വിദ്യാഭ്യാസം

- വിദ്യാഭ്യാസം ഒരു സാമൂഹികപരികൽപനയാണ് എന്ന് മനസ്സിലാക്കുമ്പോൾ സ്വാഭാവികമായും ചോദിക്കപ്പെടുന്ന ചോദ്യങ്ങളാണ് ''എന്താണ് വിദ്യാഭ്യാസം?'', ''എന്തിനാണ് വിദ്യാഭ്യാസം?'', ''എങ്ങനെ, ആർക്ക്, എപ്പോൾ വിദ്യാഭ്യാസം നൽകണം?'', ''എന്തൊക്കെ അടിസ്ഥാനസൗകര്യങ്ങൾ അതിന് ആവശ്യമുണ്ട്?'' എന്നിവ. ഈ ചോദ്യങ്ങളെല്ലാം പുതിയ സാഹചര്യത്തിൽ പുനർവിശകലനം ചെയ്യേണ്ടതുണ്ട്.
- വിദ്യാർത്ഥികളെ തുടർച്ചയായി മാറിക്കൊണ്ടിരിക്കുന്ന അനിശ്ചിതവും സങ്കീർണ്ണവും അവ്യക്തവുമായ (Volatile, Uncertain, Complex & Ambiguous) ഭാവിയിലേക്ക് തയ്യാറെടുപ്പിക്കേണ്ടത് അത്യാവശ്യമാണ്.
- അതിനായി ഇപ്പോൾ നിലനിൽക്കുന്നതും വരാനിരിക്കുന്നതുമായ സാമൂഹ്യ/സാമ്പത്തിക/രാഷ്ട്രീയ ഘടനകളെപ്പറ്റി വ്യക്തമായ പഠനങ്ങൾ നടത്തേണ്ടതുണ്ട്.
- നവസാങ്കേതികതകളെ പൊതുവായും സവിശേഷമായും മനസ്സിലാക്കുവാൻ പ്രത്യേകമായ ഒരു സംവിധാനം പൊതുവിദ്യാഭ്യാസരംഗത്ത് ഉണ്ടാക്കപ്പെടണം.- ഇവയ്ക്കനുസൃതമായി സ്വയം തിരുത്തപ്പെടാൻ കഴിയുന്ന രീതിയിലുള്ള ഒരു കരിക്കുലമാണ് അത്യാവശ്യം.
- ഈ മാറ്റങ്ങൾ ഇപ്പോൾ സ്കൂൾതലങ്ങളിൽ പഠിക്കുന്ന കുട്ടികളെയാവും ഏറ്റവും വലുതായി ബാധിക്കുക. പ്രത്യേകിച്ച് ഇപ്പോൾ ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികൾ അവരുടെ തൊഴിലന്വേഷണം തുടങ്ങുന്ന സമയത്ത് ഈ മാറ്റങ്ങൾ അവയുടെ പൂർണ്ണഭാവത്തിലേക്ക് മാറിയിട്ടുണ്ടാവും. അതിനുശേഷം സ്ഥിരമായ മാറ്റം ഒരു സ്വാഭാവികാവസ്ഥ ആയി കരുതപ്പെട്ടു തുടങ്ങും. അതുകൊണ്ടു തന്നെ, നവസാങ്കേതികലോകം ഒരു വിഷയമായും ഘടനാപരമായും സ്കൂൾതലത്തിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്.
- പുതിയ തൊഴിൽ/സാമൂഹ്യശേഷികൾ പ്രൈമറി തലംമുതൽ തന്നെ കുട്ടികളിലേക്ക് പകരേണ്ടതുണ്ട്.
- ഇതിനെ അഭിസംബോധന ചെയ്യാൻ അക്കാദമിക് ഏജൻസികകളും സാമൂഹ്യ സാമ്പത്തിക-വ്യവസായസ്ഥാപനങ്ങളുമായി സമ്പർക്കമുഖങ്ങൾ സൃഷ്ടിക്കുകയും അവയിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾക്കനുസരിച്ച് പാഠ്യപദ്ധതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താനും കഴിയണം.
- പാഠപുസ്തകങ്ങൾ, അധ്യയനശൈലികൾ, അധ്യാപക-വിദ്യാർത്ഥിബന്ധങ്ങൾ, വിദ്യാലയം എന്ന ആശയം എന്നിവിടങ്ങളിലെല്ലാം ഈ മാറ്റങ്ങൾ പ്രതിഫലിക്കപ്പെടേണ്ടതുണ്ട്.
- Ed-tech സാങ്കേതികവിദ്യകൾ ഉൾപ്പെടെ ഇപ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ - സാമൂഹ്യമായ വിശകലനങ്ങൾക്ക് വിധേയമാക്കപ്പെടുകയും അവ ആർക്ക്? എന്തിന് വേണ്ടിയുള്ളതെന്ന ചോദ്യം നിരന്തരം ചോദിക്കുകയും വേണ്ടതുണ്ട്. ഇതിനായി ഇപ്പോൾ പ്രചരിക്കുന്ന എഡ്-ടെക് സാങ്കേതിക ഉൽപന്നങ്ങളെ കൃത്യമായി പഠിക്കുകയും, അവയുടെ കണ്ടന്റ് (പ്രീപ്രൈമറി പ്രൈമറി-സെക്കണ്ടറി തലങ്ങളിൽ നിർബന്ധമായും) റെഗുലേറ്റ് ചെയ്യുകയും വേണം.
- Fixed text എന്ന ആശയത്തെ പൂർണ്ണമായും ഉപേക്ഷിച്ചു കൊണ്ടു മാത്രമേ മുന്നോട്ടു പോകാൻ പറ്റുകയുള്ളൂ. പ്രാദേശിക പാഠങ്ങൾ, Contextual lessons, Innovations എന്നിവയൊക്കെ സ്കൂൾ വിദ്യാഭ്യാസത്തിൽ പുതിയ രീതികളിൽ ഉൾച്ചേർക്കുന്നതിനെപ്പറ്റിആലോചിക്കേണ്ടതുണ്ട്
- മൂല്യനിർണ്ണയം, തുടർവിദ്യാഭ്യാസത്തിന്റെ മാനദണ്ഡങ്ങൾ എന്നിവയിലും ഈ മാറ്റങ്ങൾ കണക്കിലെടുക്കണം.
- വിദ്യാഭ്യാസഘടനകളുടെയും കോഴ്സുകളുടെയും സമയദൈർഘ്യവും സമയക്രമീകരണവും തുറന്ന് പരിശോധിക്കേണ്ടതുണ്ട്
- നവസാങ്കേതികതകളുടെപ്രാപ്യതയോ ശേഷികളോ ഇല്ലാത്തതു കാരണം വ്യക്തികളോ സമൂഹങ്ങളോ, അവരുടെ ജീവതഗുണനിലവാരത്തിൽ നിന്ന് താ

ഴേക്ക് പോകുന്ന അവസ്ഥയായ ഡിജിറ്റൽ ഭിന്ന ശേഷി പുതിയ കാലത്തിന്റെ പ്രധാനപ്രശ്നമാണ്.

- ഇതിനെ അഭിസംബോധന ചെയ്യുന്നതിന് സ്കൂൾ കുട്ടികൾ, വയോജനങ്ങൾ എന്നിവരെ കൂട്ടിയിണക്കുന്ന രീതിയിൽ ഡിജിറ്റൽ സാക്ഷരതാ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്
- ഇത്തരം ആശയങ്ങൾ ചർച്ച ചെയ്യുന്നതിനും വിദ്യാഭ്യാസമേഖലയിലെ സാങ്കേതികആവശ്യങ്ങൾ ടെക്നോളജി ഗ്രൂപ്പുകൾക്കും പോളിസി ഗ്രൂപ്പുകൾക്കുംപകർന്നുനൽകുന്നതിനും വിദ്യാഭ്യാസ വിദഗ്ദരും, മറ്റ് സ്റ്റേക്ഹോൾഡർമാരും ചേർന്ന് ഡിജിറ്റൽ അജണ്ടകളും പ്രോഡക്ട്ബാക്ക്ലോഗുകളും (നിരന്തരം കൂട്ടിച്ചേർക്കപ്പെടുന്ന ആവശ്യങ്ങളുടെ പുസ്തകങ്ങൾ) സൃഷ്ടിക്കേണ്ടതുണ്ട്. ഇവയുടെ നൈരന്തര്യവും ഉറപ്പു വരുത്തേണ്ടതുണ്ട്.

21

# സാങ്കേതികവിദ്യ പഠനബോധന പ്രവർത്തനത്തിൽ

ശ്രീനിവാസൻ കർത്ത

- വിവര സാങ്കേതികവിദ്യ മാത്രമല്ല ബോർഡിൽ എഴുതുന്ന ചോക്ക്, പഠനസഹായികളായ കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ, മാതൃകകൾ തുടങ്ങിയവയെല്ലാം വിദ്യാഭ്യാസത്തിൽ ഉപയോഗിക്കുന്ന സാങ്കേതികവിദ്യകളാണ്. ഒരു ആശയത്തിന്റെ മെച്ചപ്പെട്ട സംവേദനത്തിന് ഇതിൽ ഏതാണോ ഏറ്റവും ഫലപ്രദം അത് ഉപയോഗിക്കുകയാണ് വേണ്ടത്.
- ഏത് സാങ്കേതികവിദ്യ ഉപയോഗിച്ചാലും അത് കുട്ടിയുടെ അന്വേഷണതൃഷ്ണ, അറിവ് നിർമാണ പ്രക്രിയ, യുക്തിചിന്ത എന്നിവയെ ഇല്ലാതാക്കുന്നത് ആയിരിക്കരുത്.
- കളിക്കോപ്പുകളോടുള്ള കുട്ടികളുടെ താല്പര്യം, പഠനോപകരണങ്ങളുടേയും മാതൃകകളുടേയും നിർമ്മാണത്തിലൂടെയും ഉപയോഗത്തിലൂടെയും കൈവരുന്ന അനുഭവങ്ങൾ, വ്യക്തത ഇവയൊക്കെ മെച്ചപ്പെട്ട ആശയ സംവേദനത്തിനുള്ള സാധ്യതകളായി പ്രയോജനപ്പെടുത്താനാകണം.
- Digital ഉപകരണങ്ങളുടെ പ്രാപ്യതയിലും ഉപയോഗത്തിലും connectivity യിലും ഉള്ള തുല്യത, ഉൾച്ചേരൽ, ലിംഗസമത്വം എന്നിവ ഉറപ്പാക്കുക എന്നത് വിദ്യാഭ്യാസത്തിൽ വിവരസാങ്കേതികവിദ്യയുടെ ഉപയോഗത്തിന്റെ മുന്നുപാധി ആണ്. അല്ലാത്ത പക്ഷം അത് digital divide വർധിപ്പിക്കുന്നതിലേക്ക് നയിക്കും.
- സമൂഹം ഒന്നാകെ വിചാരിച്ചാൽ ഇത് സാധ്യമാണ് എന്ന് കോവിഡ് കാലത്തെ കേരളത്തിലെ അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്.
- വിവരസാങ്കേതികവിദ്യാ പഠനത്തിന് പ്രത്യേക ടീച്ചർ എന്നതിന് പകരം കേരളത്തിൽ എല്ലാ ടീച്ചർമാർക്കും പരിശീലനം നൽകുക എന്ന സമീപനം ഏറെ ഗുണം ചെയ്തു. പക്ഷെ പരിശീലനം ലഭിച്ച ടീച്ചർമാരിൽ നല്ലൊരു ശതമാനവും ഇവ ക്ലാസ് മുറികളിൽ പ്രയോഗിക്കുന്നില്ല എന്നത് ഗൗരവമായി കണക്കിലെടുക്കുകയും പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്.
- വിവരസാങ്കേതിക വിദ്യയുടെ നിലവിലുള്ള ഉപയോഗം നല്ലൊരു ശതമാനവും പാഠപുസ്തകത്തിന്റെ പവ്വർ പോയിന്റ് അവതരണമോ പാഠഭാഗത്തിന്റെ വെറും കോപ്പിയോ ആയി മാറുന്നുണ്ട്. എന്നാൽ ടീച്ചർക്കും കുട്ടിക്കും ബോധനത്തിനും പഠനത്തിനും ഏറെ ഗുണം ചെയ്യുന്ന ഗണിതപഠനത്തിനും മറ്റുമുള്ള Software കളുടെ ഉപയോഗം ഫലപ്രദമായവയാണ്.
- വിവര സാങ്കേതികവിദ്യ
    1. ഒരു പാഠ്യവിഷയമാണ്
    2. ബോധന ഉപാധിയാണ്
    3. Governance tool ആണ്

ഈ അവതണത്തിൽ ബോധന ഉപാധി എന്ന നിലക്കുള്ള വിവരസാങ്കേതികവിദ്യയുടെ ഉപയോഗമാണ് ചർച്ച ചെയ്യുന്നത്.

- ബോധന ഉപാധിയായി വിവരസാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്തുമ്പോൾ
    1. പഠന അവസരങ്ങൾ സൃഷ്ടിക്കാനും വികസിപ്പിക്കാനും ഉപയോഗിക്കുന്നു.
    2. പഠനബോധന പ്രക്രിയകളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.
- വിവര സാങ്കേതികവിദ്യ പഠനബോധന പ്രക്രിയകളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനുള്ള ഉപാധി ആകുമ്പോൾ
    1. കുട്ടിയുടെ അന്വേഷണ തൃഷ്ണയെ ഇല്ലാതാക്കുന്നത് ആയിരിക്കരുത്.
    2. കണ്ടും കേട്ടും തൊട്ടും രുചിച്ചും മണത്തും ഒക്കെ പഠിക്കേണ്ടവക്ക് പകരമായി വിവരസാങ്കേതികവിദ്യ മാറരുത്.
    3. അറിവ് നിർമാണ പ്രക്രിയയെ സഹായിക്കുന്ന

തും ശക്തിപ്പെടുത്തുന്നതും ആയിരിക്കണം.

4. വിമർശനാവബോധം വളർത്താൻ സഹായിക്കണം.
5. Open ended ആയ അവതരണങ്ങൾ അന്വേഷണത്തിന് പ്രേരണ നൽകും.
6. കുട്ടിക്ക് ആശയ സംവേദനം എളുപ്പമാക്കുക എന്നതായിരിക്കണം ലക്ഷ്യം. അധ്യാപകർക്ക് ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ എളുപ്പമുള്ളവ ആയിരിക്കണമന്നില്ല.
7. നേരിട്ട് കാണാൻ കഴിയാത്തവ, സൂക്ഷ്മ നിരീക്ഷണത്തിനുള്ള സാധ്യതയില്ലാത്തവ, നേരിട്ട് കാണാൻ പ്രേരിപ്പിക്കുന്നവ എന്നിവയൊക്കെ വിവര സാങ്കേതികവിദ്യയിലൂടെ അവതരിപ്പിക്കാം.

- വിവര സാങ്കേതികവിദ്യയുടെ മേഖല അനുദിനം മാറിക്കൊണ്ടിരിക്കയാണ്. ഈ ഒഴുക്കിനൊപ്പം മുന്നേറിയില്ലെങ്കിൽ നമ്മൾ പിന്തള്ളപ്പെട്ടു പോകും എന്നതിൽ സംശയമില്ല. പാഠ്യപദ്ധതി പരിഷ്കരണങ്ങൾ നടക്കുന്ന ഇടവേളക്ക് മുമ്പു തന്നെ ഒട്ടേറെ മാറ്റങ്ങൾ ഈ മേഖലയിൽ നടക്കും എന്നതിനാൽ കേരളത്തിലെ കരിക്കുലം ചർച്ചകളിൽ ഉയർന്നു വന്നതു പോലെ നൂതന സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്താനുള്ള ഒരു open slot പാഠപുസ്തകങ്ങളിൽ ഉണ്ടാവുകയും അതാത് കാലത്ത് അതിന് വേണ്ടി അധ്യാപകരെ തയ്യാറാക്കുകയും വേണം.
- കുട്ടികളിലേക്കുള്ള ആശയ സംവേദനം ഏറ്റവും എളുപ്പമാക്കാൻ ഉതകുന്ന ഒരു ഉപാധിയാണ് സാങ്കേതിക വിദ്യകൾ. അതിനാൽ അത് ഫലപ്രദമായി ഉപയോഗിക്കാൻ നമുക്കാകണം. എന്നാൽ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ശിലകളായ അറിവ് നിർമാണം, വിമർശനാവബോധം, നിരീക്ഷണം, അന്വേഷണം, യുക്തിചിന്ത തുടങ്ങിയവയുടെ പ്രയോഗവത്കരണത്തെ ഒരു തരത്തിലും ബാധിക്കാത്ത വിധത്തിൽ മാത്രമേ സാങ്കേതിക വിദ്യകളെ ഉപയോഗിക്കാവൂ.

# പ്രായത്തിനനുഗുണമായ പഠനം, അഭിരുചിക്കനുഗുണമായ പഠനം

22

## നമ്മുടെ സ്കൂൾ വിദ്യാഭ്യാസം ഇങ്ങനെ തന്നെ പോയാൽ മതിയോ?

ഡോ.സി.രാമകൃഷ്ണൻ, 9446464727

**സ്**കൂൾ പ്രായത്തിലുള്ള ഏതാണ്ടെല്ലാ കുട്ടികളിലും പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസം ക്രമത്തിൽ കടന്നുപോകുന്ന അവസ്ഥ കേരളത്തിലുണ്ട്. എല്ലാ ക്ലാസ്സിലും പരിശീലനം ലഭിച്ച അധ്യാപകർ നമുക്കുണ്ട്. വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കൾ അതീവ തൽപരരാണ്. സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ എല്ല സ്കൂളിലും ലഭ്യമാണ്. കൊഴിഞ്ഞു പോക്ക് താരതമ്യേന കുറവാണ്. സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും ഉള്ള കാരണങ്ങളാൽ പഠനത്തുടർച്ച ഉറപ്പാക്കാൽ കഴിയാത്ത കുട്ടികളും നമ്മുടെ ഇടയിലുണ്ട്. പ്രത്യേകിച്ചും ആദിവാസി മേഖലകളിൽ.

- പൊതുനിരീക്ഷണത്തിൽ സ്കൂൾ വിദ്യാഭ്യാസ കാര്യങ്ങൾ പൊതുവേ ഭദ്രമെന്ന് തോന്നും. എന്നാൽ അങ്ങനെയാണോ യഥാർത്ഥ അവസ്ഥ. ലോകത്തിൽ ശാസ്ത്രരംഗത്തും ശാസ്ത്രസാങ്കേതിക രംഗത്തും വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ തമസ്ക്കരിച്ചുകൊണ്ട് നാളിതുവരെ നാം പിന്തുടരുന്ന രീതി വിദ്യാഭ്യാസ ഉള്ളടക്കത്തിന്റെയും ബോധനത്തിന്റെയും കുട്ടികളെ വിലയിരുത്തുന്നതിന്റെയും കാര്യത്തിൽ നമുക്ക് തുടരാൻ കഴിയുമോ.
- കുട്ടി ജീവിക്കുന്ന ലോകവും ജീവിക്കേണ്ട ലോകവും അവിടെ നിലനിൽക്കുന്നതും ഭാവിയിലുണ്ടാകാവുന്ന പരിവർത്തനങ്ങളെയും കാണേണ്ടതില്ലേ. ഇത്തരം ഒരു വിശകലനം നടത്തുമ്പോൾ നിലനിൽക്കുന്നതും ഉണ്ടാകാവുന്നതുമായ ഉപകരണങ്ങളും, ഉത്പാദനരീതിയും ഉത്പാദന ബന്ധങ്ങളും വിശകലനം ചെയ്യേണ്ടതില്ലേ?
- അങ്ങനെ മാറുന്ന ലോകത്തിൽ എങ്ങനെ എല്ലാവരെയും ഉൾക്കൊള്ളാനും ഉൾച്ചേർക്കാനും കഴിയുന്ന ഒരു രീതിശാസ്ത്രം, അതായത് നിലവിലുള്ള മത്സരവിദ്യാഭ്യാസത്തിന് ബദലായി ജനായത്ത വിദ്യാഭ്യാസം എന്ന നിലപാടെടുത്തുകൊണ്ട് വികസിപ്പിക്കേണ്ടതില്ലേ.

- അറിവ് കേന്ദ്രസ്ഥാനത്ത് നിലനിൽക്കുന്ന ഒരു ലോകക്രമത്തിൽ കുട്ടികളെ പഴയകാലത്തെപ്പോലെ പരീക്ഷകൾക്ക് സജ്ജമാക്കാൻ വേണ്ടിയുള്ള അരിപ്പയായി മാറുന്ന ഒരു വിദ്യാഭ്യാസക്രമം നിലനിൽക്കുമോ.
- കാർഷിക സമൂഹത്തിന്റെ ഉല്പാദന രീതികളിലും ഉത്പന്ന ബന്ധങ്ങളിലും പൊളിച്ചെഴുത്ത് നടത്താൻ നീരാവിയെ ഊർജസ്രോതസ്സാക്കി മാറ്റിയ കാലത്തിന് കഴിഞ്ഞു. അതിൽനിന്ന് വൈദ്യുതി ഊർജസ്രോതസ്സായപ്പോൾ വളരെ വലിയ മാറ്റങ്ങൾ ഉണ്ടായി. പീന്നീട് ഇലക്ട്രോണിക്സ്, ഐ.ടി. സംവിധാനങ്ങൾ, സ്വയം നിയന്ത്രിത ഉപകരണങ്ങൾ എന്നിവ വന്നപ്പോൾ ഉണ്ടാക്കിയ മാറ്റം അത്ഭുതാവഹമായിരുന്നു. പിന്നീട് കാലംമാറി. ഇന്റർനെറ്റ് ഓഫ് തിംഗ്സ്. റൊബോട്ടിക്സ്, നിർമ്മിത ബുദ്ധി, ബിഗ്ഡാറ്റാ, ക്ലൗഡ് കമ്പ്യൂട്ടിക്ക് തുടങ്ങിയവയെല്ലാം ചെലുത്തിയ സ്വാധീനം വിവരണാതീതമാണ്. അറിവ് തന്നെ ചരക്കായി മാറി. ഇപ്പോൾ അവിടെ നിന്നും ബഹുദൂരം മുന്നേറി ഹ്യൂമൺ ജീനോം പ്രോജക്ട്, ബയോണിക്സ് രംഗത്ത് വന്ന മാറ്റങ്ങൾ എന്നിവയെല്ലാം അനതിവിദൂരമല്ലാത്ത കാലത്ത് നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിക്കും. ഇത്രമാത്രം വേഗത്തിൽ അറിവും സാങ്കേതിക വിദ്യയും ചലിച്ചുകൊണ്ടുരിക്കുമ്പോൾ ഗതകാലത്ത് എല്ലാം ഇന്ത്യയിലുണ്ടായിരുന്നുവെന്ന് ഉദ്ഘോഷിച്ച് മനുസ്മൃതിയിൽ നമ്മുടെ വിദ്യാഭ്യാസത്തെ തളച്ചിടാൻ ശ്രമിക്കുന്ന ദേശീയവിദ്യാഭ്യാസനയം 2020 നോടൊപ്പം ചലിക്കാൻ നമുക്ക് കഴിയുമോ?
- ഭാവിസമൂഹത്തിൽ അതിജീവിക്കണമെങ്കിൽ അറിവ് നിർമ്മിക്കാനുള്ള കഴിവ് കുട്ടികൾക്ക് ഉണ്ടാകേണ്ടതില്ലേ. നിലവിലുള്ള പരീക്ഷകൾ അ+ വാങ്ങുക എന്ന അതീവ ലളിത നിലപാടിൽ നിന്ന് കേരളീയ സമൂഹം മാറേണ്ടതില്ലേ. അങ്ങിനെയെങ്കിൽ സഹവർത്തന നൈപുണി (ഇീഹഹമയീൃമശേീ ടസശഹഹ) വിമർശനാത്മകമായി ചിന്തിക്കാനും പ്രശ്നങ്ങളെ കാണാനുമുള്ള നൈപുണി (ഇൃശ ശേരമഹ വേശിസശിഴ ടസശഹഹ) വിശകലന നൈപുണി, (അിമഹ്യശേരമഹ ടസശഹഹ), പ്രശ്നപരിഹരണ/നിർദാരണ നൈപുണി (ജൃീയഹലാ ടീഹ്ശിഴ ടസശഹഹ), കണ്ടെത്തിയ കാര്യങ്ങൾ മറ്റുള്ളവരുമായി വിനിമയം ചെയ്യാനുള്ള നൈപുണി എന്നിവയെല്ലാം കടന്നുപോകുന്ന വിദ്യാഭ്യാസ പ്രക്രിയയിലൂടെ കുട്ടി സ്വായത്തമാക്കേണ്ടതില്ലേ.
- ഇതെല്ലാം വേണമെങ്കിൽ നിലവിലുള്ള വിദ്യാഭ്യാസ രീതി അതേ പടി നിലനിൽക്കണം എന്ന് കരുതുന്നതിൽ അർഥമുണ്ടോ. കുട്ടി അറിവിന്റെ നിർമാതാവ് ആകണമെങ്കിൽ അതിനുള്ള അനുഭവങ്ങൾ വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമായി ഉണ്ടാകേണ്ടതില്ലേ.
- അങ്ങനെ കുട്ടി മാറണമെങ്കിൽ കുട്ടിയിൽ അന്തർലീനമായ കഴിവുകളെ തിരിച്ചറിയാനും പ്രയോജനപ്പെടുത്താനും കഴിയുന്ന ഒരു വിദ്യാഭ്യാസക്രമം വികസിപ്പിക്കേണ്ടതില്ലേ.
- അത്തരം ചിന്തകൾ നടക്കുമ്പോൾ വിവിധ പ്രായത്തിലുള്ള കുട്ടികൾക്ക് അവരവരുടെ അഭിരുചിക്കും താല്പര്യത്തിനും വൈഭവത്തിനും അനുസൃതമായ പഠനപ്രവർത്തനങ്ങൾക്കുള്ള ഇടം പാഠ്യപദ്ധതിയിൽ ഉണ്ടാകേണ്ടതില്ലേ.
- ഒരു ഭാഗത്ത് പ്രായത്തിനനുസരിച്ച് അറിവാർജിക്കാനുള്ള അവസരമുണ്ടാകണം. അതാണ് ഇപ്പോൾ നിലനിൽക്കുന്ന പഠനരീതി. ഒരേ പ്രായക്കാരായ കുട്ടികൾ ഒരു ക്ലാസ്സിലിരുന്ന് ഒരു പാഠപുസ്തകം ആധാരമാക്കി പഠനം നടത്തുന്നു. ഇത് പ്രധാനമാണ്. ഇപ്പോൾ സാർവത്രികമാകാത്ത പ്രക്രിയാബന്ധിത പഠനം പ്രോത്സാഹിപ്പിച്ചാൽ മതിയാകും. എന്നാൽ അഭിരുചിക്കനുസരിച്ച് പഠനം ഇങ്ങനെ ഒരേ പ്രായത്തിലുള്ളവരെ മാത്രം ഒരുമിച്ചിരുത്തി നടത്താൻ കഴിയില്ല. ഫുട്ബോളിൽ താല്പര്യമുള്ള കുട്ടികൾ സംഘം ചേർന്നാണ് ഫുട്ബോൾ ടീമുണ്ടാക്കുന്നത്. അല്ലാതെ ഒരേ പ്രായക്കാരുടെ ടീമല്ല. പ്രായത്തിന് നാം ചില ഘട്ടങ്ങൾ പറയും. അത് സബ്ജൂനിയർ, ജൂനിയർ, സീനിയർ എന്നിങ്ങനെയാണ് നാം ക്രമപ്പെടുത്താറ് പതിവ്. ഇത് ഗണിതത്തിൽ ആഴത്തിൽ അന്വേഷിക്കാൻ താല്പര്യമുള്ളവർക്കും ബാധകമാക്കിക്കൂടേ, കൃഷിയിൽ താല്പര്യമുള്ളവരുടെ കൂട്ടം ഒരേ പ്രായക്കാരുടേതാകേണ്ടതുണ്ടോ. ഇങ്ങനെ നിരവധി കഴിവുകളെ പട്ടികപ്പടുത്താം. ഓരോ കുട്ടിയുടെയും കഴിവും അഭിരുചിയും പരിഗണിച്ച്

  അറിവാർജിക്കാനുള്ള അവസരങ്ങളും പ്രായത്തിനനുഗുണമായ വിദ്യാഭ്യാസം തുടരുന്നതോടൊപ്പം ഒരുക്കേണ്ടതല്ലേ. ചില വിഷയമേഖലകൾ ആഴത്തിലറിയാനുള്ള അവസരങ്ങൾ ഒരുക്കിയാൽ മാത്രമേ എല്ലാറ്റിനും അ+ മതി എക്സലന്റ്സ് പ്രശ്നമല്ല എന്ന സാമൂഹിക നിലപാടിനെയും ചോദ്യം ചെയ്യാൻ കഴിയൂ.
- ഇങ്ങനെ പ്രായത്തിനനുഗുണമായ വിദ്യാഭ്യാസം ഒരുക്കുകയാണെങ്കിൽ നിലവിലുള്ള സ്കൂൾരീതികൾ, അത് ഉള്ളടക്കമാകാം, ബോധനരീതിയാകാം, സ്കൂൾ പഠന

സമയമാകാം, പഠനരീതിയാകാം, അതേപടി തുടരുവാൻ കഴിയുമോ? പരിവർത്തനങ്ങൾ വേണമെങ്കിൽ അതെങ്ങനെയാകണം.

കുട്ടികളിൽ അറിവും കഴിവും അതിജീവനത്തിനുള്ള ശേഷിയും വികസിപ്പിക്കണമെങ്കിൽ മാറ്റങ്ങൾ അനിവാര്യമാണ്. ഇതെല്ലാവരും അംഗീകരിക്കുന്നുണ്ട്. പക്ഷെ എങ്ങനെയെന്നതാണ് പ്രശ്നം. അതിന് നാം കണ്ടെത്തുന്ന മാർഗം അങ്ങനെ തന്നെ തുടരട്ടെ എന്നതാണ്. ഈ നിലപാടിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാലയങ്ങളെ എത്രകാലം നമുക്ക് സംരക്ഷിക്കാൻ കഴിയും?

23

# പ്രായത്തിനിണങ്ങുന്നപഠനം അഭിരുചിക്കിണങ്ങുന്നപഠനം

ഡോ. ആർ.സുരേഷ്കുമാർ, 9447202286

**ആ**ധുനികവിദ്യാഭ്യാസത്തെ കൂടുതൽ ശാസ്ത്രീയമായി ചിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പ്രായത്തിനും അഭിരുചിക്കും യോജിക്കുന്നവിധത്തിലുള്ള പഠനത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് തുടക്കംകുറിച്ചത്. ഒരുപരിധിവരെ ഒരു വിദ്യാർത്ഥിയുടെ പഠനത്തിന്റെ രണ്ട് ഘട്ടങ്ങളെയാണ് പ്രായവും അഭിരുചിയും സൂചിപ്പിക്കുന്നതെന്ന് പറയേണ്ടിവരും. മൂന്ന് വയസ് മുതൽ എട്ട് വയസ് വരെയുള്ള പഠനകാലയളവ് വളരെ പ്രാധാന്യമർഹിക്കുന്നതും വളരെ ശ്രദ്ധയോടെ ചിട്ടപ്പെടുത്തേണ്ടതുമാണെന്ന് ഇന്ന് ലോകമെമ്പാടും അംഗീകരിക്കുന്നു. അതിന് ശേഷം വരുന്നഘട്ടങ്ങളിലാണ് അഭിരുചിക്കിണങ്ങുന്ന പഠനം പ്രാധാന്യമർഹിക്കുന്നത്.

ജീൻപിയാഷെയുടെ മനശ്ശാസ്ത്ര സിദ്ധാന്തത്തിൽ ഒരുകുട്ടിയുടെ വികാസഘട്ടങ്ങൾ പ്രത്യേകമായി അടയാളപ്പെടുത്തിയത് പ്രായത്തിനനുസരിച്ചുള്ള പഠനത്തിന് നിയതമായ സമീപനങ്ങൾ സ്വീകരിക്കാൻ വിദ്യാഭ്യാസമേഖലക്ക് മാർഗരേഖയായി മാറി. ഒരു കുഞ്ഞ് ലോകത്തെ തിരിച്ചറിയുന്നതും മനസ്സിലാക്കുന്നതും വിവരങ്ങളെയും അനുഭവങ്ങളെയും ഉൾക്കൊള്ളുന്നതും രൂപപ്പെടുത്തുന്നതും ഇവയോടെല്ലാം സംവദിക്കുന്നതും തന്റെ പ്രായത്തിനനുസരിച്ചാണെന്ന് പിയാഷെ പറയുന്നു. അങ്ങനെ തന്റെ ധാരണകളെയും അറിവിനെയും നിർമ്മിക്കുക (Construct)യാണ് ചെയ്യുന്നത്. പ്രായത്തിനിണങ്ങുന്ന പഠനമെന്നത് കുട്ടിയുടെ പഠനസന്നദ്ധതയോടൊപ്പം ധാരണകളുടെതലം തിരിച്ചറിയുന്നതും അതിനനുയോജ്യമായ അധ്യയനരീതികൾ സ്വീകരിക്കുകയെന്നതും കൂടിയാണ്. കുഞ്ഞിന്റെ വികാസഘട്ടത്തെ പരിഗണിച്ചുകൊണ്ടുള്ളതുടക്കം നിശ്ചയിക്കപ്പെട്ട ലക്ഷ്യങ്ങളിലേക്കെത്തിച്ചേരാൻ വളരെയധികം സഹായിക്കും. രക്ഷിതാക്കളും അധ്യാപകരും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസരീതികൾ നിശ്ചയിക്കുമ്പോൾ ജീവശാസ്ത്രപരമായ വയസിനോടൊപ്പം മനശ്ശാസ്ത്രപരവും ബൗദ്ധികവും സാമൂഹികപക്വതയുമുൾപ്പെടെയുള്ള വികാസത്തിന്റെ പ്രായത്തെയും പ്രധാനമായി കാണേണ്ടതുണ്ട്. വികാസത്തിന്റെ നാഴികക്കല്ലുകൾ പിന്നിടുന്നത് ഏതെങ്കിലും പ്രത്യേക വയസ്സിലല്ലെന്നതും പലവയസ്സുകളുടെ പരിധിക്കുള്ളിലാണെന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സമ്മർദ്ദങ്ങൾ നൽകാതെ കുഞ്ഞിന്റെ വികാസത്തിനാവശ്യമായ സമയവും സാഹചര്യവും അനുവദിക്കുകയെന്നത് പ്രധാനവുമാണ്. അക്ഷരങ്ങൾ, അക്കങ്ങൾ, നിറങ്ങൾ തുടങ്ങിയ ആദ്യകാല വിദ്യാഭ്യാസത്തിന്റെ അളവുകോലുകൾക്കൊപ്പം വൈകാരികതയെയും സാമൂഹികമായ പെരുമാറ്റത്തെയും തിരിച്ചറിയുന്നതിനും നിയന്ത്രിക്കുന്നതിനും സ്വതന്ത്രമായ പഠനത്തിലുൾച്ചേരുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. സാമൂഹിക-വൈകാരിക മണ്ഡലങ്ങളിലൂന്നുന്ന ആദ്യകാല വിദ്യാഭ്യാസത്തിന്റെ ഈ അടിത്തറയിലാണ് ഭാവിയിലെ സങ്കീർണമായ പഠനത്തിന്റെ സ്റ്റേജ് തയ്യാറാക്കേണ്ടത്. ആദ്യവർഷങ്ങളിൽ ക്ഷമയില്ലാതെ കുഞ്ഞുങ്ങളിൽ ധാരാളം ആശയങ്ങൾ കുത്തിനിറക്കാൻ ശ്രമിക്കുമ്പോൾ അതവർക്ക് ഒരുതരത്തിലും ഗുണകരമാകില്ലെന്ന വസ്തുത ഉൾക്കൊള്ളേണ്ടത് അനിവാര്യമാണ്.

ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കുന്നത് ഒരു കുഞ്ഞ് പ്ലേസ്കൂളിൽ പോകാൻ തുടങ്ങുന്നതോടെയാണ്. ശൈശവത്തിന്റെ തുടക്കം മുതൽ പ്രീസ്കൂൾ, പ്രൈമറി, സെക്കന്ററി ഘട്ടങ്ങളിലൂടെ വികസന മന:ശാസ്ത്രത്തിന്റെ പരിഗണനകൾക്കനുസരിച്ച് പഠനം നടക്കുന്നതിനുള്ള അവസരമാണ് കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ടത്. പ്രായത്തിനനുസരിച്ച് പഠനമെന്നത് എട്ടാമത്തെ വയസ് വരെ വളരെശ്രദ്ധാപൂർവം ചിട്ടപ്പെടുത്തേണ്ടതായി കാണുന്നു. ജീൻപിയാഷയെപ്പോലെതന്നെ കൊമെനിയസ്, റൂസ്സോ, ഫ്രോബൽ, മോണ്ടിസ്സോറി, ബ്രൂണർ, വൈഗോട്സ്കി എന്നിവരെല്ലാം ശിശുവിദ്യാഭ്യാസത്തെക്കുറിച്ച് വ്യക്തമായ ധാരണകൾ നൽകിയിട്ടുള്ളവരാണ്. പ്രീ-പ്രൈമറിവിദ്യാഭ്യാസത്തിൽ യാന്ത്രികമായി പഠിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തരുതെന്ന് കൃത്യമായി അവർ നിർദേശിച്ചിരുന്നു. കളികളിലൂടെ സ്വാഭാവികവും ഫലപ്രദവുമായപഠനം നടന്നുകൊള്ളും. നിയന്ത്രണങ്ങളടിച്ചേൽപ്പിച്ചാൽ പഠിക്കാനുള്ള സ്വാഭാവിക പ്രവണത കുഞ്ഞുങ്ങൾക്ക് നഷ്ടപ്പെടും. യഥാർത്ഥത്തിൽ ആദിമമനഷ്യരുടെ കാലഘട്ടത്തിൽ ഭക്ഷ്യശേഖരണത്തിന്റെ ഭാഗമായി അലഞ്ഞുതിരിഞ്ഞിരുന്ന കുട്ടികൾ കളികളിലൂടെയാണ് ജീവിതശേഷികൾ വളർത്തിയെടുത്തിരുന്നതെന്ന് മനസ്സിലാക്കാം. ഭാഷ, ലിപി എന്നിവയൊക്കെ കൃത്യതയോടെ പ്രയോഗിക്കപ്പെടുന്നതിന് മുമ്പും കളികളിലൂടെ ജീവിതത്തിനാവശ്യമായ പഠനം നടന്നിരുന്നുവെന്നത് പഠനത്തിന്റെ തുടക്കം കളികളിലാണെന്ന ആധുനികകാഴ്ചപ്പാടുമായി ചേർന്ന്നിൽക്കുന്നതാണ്.

അയവുള്ളപാഠ്യപദ്ധതി, ചുറ്റുപാടുകളുമായി സംവദിച്ചുകൊണ്ട് ശാക്തീകരിക്കപ്പെടുന്ന കുട്ടികൾ, പാഠപുസ്തകങ്ങളുടെ പരിധിക്കുപരിയായി ആർജിക്കുന്ന അറിവുകൾ എന്നിവ പ്രൈമറിവിദ്യാഭ്യാസത്തിന്റെ സവിശേഷതകളാവണം. ഏത് വിഷയത്തിലും സർഗാത്മത വളരാനുള്ള സാഹചര്യം, സ്വയംപ്രകടിപ്പിക്കാനുള്ള അവസരം, വിനോദപരിപാടികളിലൂടെയുള്ള മാനസികാരോഗ്യം തുടങ്ങിയവ വിദ്യാർത്ഥികളുടെ പ്രകൃതത്തെ അംഗീകരിക്കുന്നത് കൂടിയാണ്. അപ്പർപ്രൈമറിയിൽ സഹവർത്തിതപഠനത്തിലൂടെ കൂടുതൽ ആത്മവിശ്വാസമുള്ളവരായി വിദ്യാർത്ഥികൾ വളരണം. വിവിധ സ്രോതസുകളിൽ നിന്ന് വിവരങ്ങൾ അന്വേഷിച്ചും

സാമൂഹ്യവിഷയങ്ങൾ തിരിച്ചറിഞ്ഞും ജനാധിപത്യപരമായ അന്തരീക്ഷത്തിലുള്ള പഠനമാണ് ഈ ഘട്ടത്തിൽ നടക്കേണ്ടത്. കൗമാരപ്രായക്കാരിലെ മാനസികശാരീരിക വ്യതിയാനങ്ങളും സ്വാതന്ത്ര്യബോധവും തത്വാധിഷ്ഠിതനിലപാടുകളും സാഹസികതയുമൊക്കെ പരിഗണിക്കുന്ന തരത്തിലുള്ള പഠനസാഹചര്യമാണ് സെക്കന്ററിതലത്തിൽ അനുവർത്തിക്കേണ്ടത്.

ആധുനികമായ വിദ്യാഭ്യാസസിദ്ധാന്തങ്ങൾക്ക് അനുപൂരകമാകുന്ന വിധത്തിലാണ് 2005ലെ ദേശീയപാഠ്യപദ്ധതി ചട്ടക്കൂടും 2007ലെ കേരള പാഠ്യപദ്ധതിചട്ടക്കൂടും തയ്യാറാക്കപ്പെട്ടത്. എന്നാൽ അവയുടെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയ പാഠ്യപദ്ധതികൾക്കും പാഠപുസ്തകങ്ങൾക്കും ലക്ഷ്യങ്ങളിൽ പലതും സാക്ഷാത്കരിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് ഇത്രയും വർഷത്തെ അനുഭവങ്ങൾ തെളിയിച്ചത്. പ്രായത്തിനനുസരിച്ചുള്ള പഠനത്തെ വ്യക്തതയോടെ ഘട്ടങ്ങളായി തിരിക്കാൻ കഴിഞ്ഞിരുന്നില്ല. ഓരോഘട്ടത്തിന്റെയും സവിശേഷതകൾ വ്യക്തമാക്കുമ്പോഴും വയസ്സിന്റെ അടിസ്ഥാനത്തിൽ അതിനെ കൃത്യമായിവേർതിരിച്ചിരുന്നില്ല. ദേശീയവിദ്യാഭ്യാസനയം–2020ൽ അത്തരമൊരു വിഭജനം നടത്തിയിരിക്കുന്നതായി കാണാം. കുട്ടിയുടെ വയസ്സിനെ വികാസഘട്ടങ്ങളുമായി ബന്ധിപ്പിച്ചാണ് വിദ്യാലയപ്രവേശന മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. ഒന്നാംക്ലാസിലെ പ്രവേശനത്തിന് ആറ് വയസ് പൂർത്തിയായിരിക്കണമെന്ന നിർദേശം പൂർണമായും നടപ്പിലാക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെടുമ്പോൾ പാഠ്യപദ്ധതിയുടെ മറ്റ് ലക്ഷ്യങ്ങളെ വിമർശിക്കുമ്പോഴും ഈ ആവശ്യം ശരിയാണെന്ന തോന്നൽ പലർക്കുമുണ്ടാകുന്നതിന് കാരണം പ്രായത്തിനനുസരിച്ചുള്ള പഠനമെന്നതിന്റെ ശാസ്ത്രീയനിഗമനങ്ങളോട് അവ യോജിക്കുന്നുവെന്നതാണ്. അഞ്ചുവയസ്സിൽ ഒന്നാംക്ലാസ് പ്രവേശനമെന്ന കാലങ്ങളായി തുടരുന്നരീതി പെട്ടെന്ന് ഒഴിവാക്കുമ്പോൾ മറ്റ് നിരവധി പ്രശ്നങ്ങൾക്ക് അതിടയാക്കുമെന്നതാണ് തൽക്കാലം പഴയരീതി തുടരുന്നതിന് കാരണം. നിരവധിരക്ഷിതാക്കൾ ഇപ്പോൾ ആറ് വയസാകുമ്പോഴാണ് മക്കളെ ഒന്നാംക്ലാസിൽ ചേർക്കുന്നതെന്ന വസ്തുതയുമുണ്ട്. ഒരുപൊതുധാരണയുടെ അടിസ്ഥാനത്തിൽ ഒരുവർഷം ഒന്നാംക്ലാസ് പൂർണമായും ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം ഒഴിവാക്കുന്ന തരത്തിൽ പ്രായോഗിക സമീപനത്തോടെ മാത്രമേ ഒന്നാംക്ലാസിലെ പ്രവേശനത്തിന് ആറ് വയസ്സ് എന്നത് നടപ്പിലാക്കാനാവൂ.

ഒരു കുട്ടിയുടെ അഭിരുചിക്കിണങ്ങുന്ന പഠനമെന്നത് ഏറ്റവും പ്രധാനപ്പെട്ട മൂന്ന് വയസ് മുതൽ എട്ട് വയസ് വരെയുള്ള ഘട്ടത്തെ പിന്തുടർന്ന് വരുന്നതാണെന്ന് പറയാം. അഭിരുചിയെന്നത് കുട്ടിയുടെ ഉള്ളിൽ അന്തർലീനമായിരിക്കുന്ന പ്രത്യേകകഴിവിനെ സൂചിപ്പിക്കുന്നതാണ്. പ്രായത്തിനനുഗുണമായ പഠനവും അഭിരുചിക്കനുഗുണമായ പഠനവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നുവെന്നും പറയാം. ശരിയായ വികാസഘട്ടങ്ങളിലൂടെ ശാസ്ത്രീയമായ പഠനരീതികൾ പിന്തുടരുന്ന കുട്ടികളിൽ ജന്മസിദ്ധമായ അഭിരുചികൾക്ക് സ്വാഭാവികമായ പരിപോഷണമുണ്ടാകുന്നതാണ്. വിദ്യാർത്ഥികൾ അഭിരുചിക്കിണങ്ങുന്ന വിദ്യാഭ്യാസത്തിലേക്ക് സെലക്ടീവായി മാറേണ്ടത് സെക്കന്ററി ഘട്ടത്തിന്റെ അവസാനവും അതിന്റെ തുടർച്ചയിലുമാണ്. അഭിരുചിയെയും താൽപര്യത്തെയും രണ്ടായിവേർതിരിക്കാവുന്ന ചെറിയ വ്യത്യാസങ്ങളുണ്ടെന്ന് പറയാം. ചില കാര്യങ്ങൾ ചെയ്യുന്നതിനും അവയിൽ അതുല്യമായ മികവ് പ്രകടിപ്പിക്കുന്നതിനുമുള്ള അന്തർലീനമായ കഴിവിനെ അഭിരുചിയെന്ന് വിശേഷിപ്പിക്കാം. ചില പ്രവർത്തന–തൊഴിൽ–പ്രൊഫഷണൽ മേഖലകളോട് അഭിനിവേശതുല്യമായ ഇഷ്ടം പ്രകടിപ്പിക്കാറുള്ളത് അഭിരുചിയുടെ ഉദാഹരണമാണ്. താൽപര്യമെന്നത് അറിവിന്റെയും അനുഭവങ്ങളുടെയുമടിസ്ഥാനത്തിൽ വളർന്നുവരാൻ സാധ്യതയുള്ള കാര്യങ്ങളാണ്. സെക്കന്ററിഘട്ടത്തിലെത്തി നിൽക്കുന്ന ഒരുവിദ്യാർത്ഥിക്ക് അഭിരുചിയുള്ള മേഖലയിലേക്ക് പഠനം വ്യാപിപ്പിക്കുന്നതിന് നിലവിൽ പ്രായോഗികമായി പലവിധ പ്രതിസന്ധികളും നേരിടേണ്ടിവരുന്നുണ്ട്. മാതാപിതാക്കൾ തീരുമാനിക്കുന്നതിനനുസരിച്ച് താൽപര്യമേഖലകൾ മാറ്റേണ്ടിവരുന്ന വിദ്യാർഥികൾ ധാരാളമാണ്. സാമൂഹ്യപദവികൾക്കിണങ്ങുന്ന തൊഴിൽ/പ്രൊഫഷണൽ മേഖലകളിലാണ് പലരും എത്തിച്ചേരുന്നത്. അഭിരുചികൾക്ക് പ്രാധാന്യമില്ലാത്തയിടങ്ങളിൽ വർഷങ്ങൾ ചെലവഴിച്ച് മികവ് തെളിയിക്കാനാവാതെ പോകുന്നവർ നിരവധിയാണ്.

വിഷയ മേഖലകൾ കണ്ടെത്താൻ സഹായിക്കാനെന്ന പേരിൽ വിവിധതരം അഭിരുചി പരീക്ഷകൾ നടക്കാറുണ്ടെങ്കിലും അവയുടെശാസ്ത്രീയത ചോദ്യചിഹ്നങ്ങളാണ്. പ്രവേശനപരീക്ഷകളെല്ലാം തന്നെ അഭിരുചിയെക്കാൾ ബന്ധപ്പെട്ട വിഷയങ്ങളിലെ ധാരണകളെ ഒബ്ജക്ടീവ് ചോദ്യങ്ങളിലൂടെ അളക്കാനാണ് ശ്രമിക്കുന്നത്. കോച്ചിംഗ് രീതിയിലുള്ള തയ്യാറെടുപ്പിക്കലാണ് അതിന്റെ ഭാഗമായി നടക്കുക. അവിടെയെല്ലാം അഭിരുചി എന്നതിന് പ്രാധാന്യമില്ലാതാകുന്നു. സ്വാഭാവിക മികവുകളെയും ജന്മനാലുള്ള കഴിവുകളെയും തിരിച്ചറിയുന്നതിനും താൽപര്യങ്ങൾ, മൂല്യങ്ങൾ, വ്യക്തിത്വ സവിശേഷതകൾ എന്നിവക്കനുസൃതമായ തൊഴിൽ/പ്രൊഫഷണൽമേഖല കണ്ടെത്തുന്നതിനും സഹായിക്കേണ്ടതാണ് അഭിരുചിപരീക്ഷകൾ. ഉത്തരത്തിലുള്ള സ്വഭാവഗുണങ്ങൾ തിരിച്ചറിഞ്ഞ് രക്ഷിതാക്കൾക്കും അധ്യാപകർക്കും കൗൺസലിംഗ് വിദഗ്ധർക്കും കുട്ടികളുടെ പഠനത്തിന്റെ ഗതിമാറ്റം നിശ്ചയിക്കുന്ന സഹായം നൽകാൻ കഴിയേണ്ടതാണ്. കേരളം പുതിയ സ്കൂൾപാഠ്യപദ്ധതി വികസിപ്പിക്കാൻ ശ്രമംനടത്തുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായത്തിനും അഭിരുചിക്കും ഇണങ്ങുന്ന പഠനത്തിനുള്ള സാധ്യതകൾക്കും പ്രാധാന്യം നൽകേണ്ടതുണ്ട്.

24

# വിദ്യാഭ്യാസത്തിൽ തിയ്യേറ്ററിനുള്ള സാധ്യതകൾ; കേരളത്തിലെ കുട്ടികളുടെ നാടക വേദികളെ മുൻ നിർത്തിയുള്ള ഒരന്വേഷണം

മനോജ്. വി. കൊടുങ്ങല്ലൂർ & അജിത പാടാരിൽ, തൃശ്ശൂർ, +91 94 97 564756/ +91 94 976268

## 1. കുട്ടികളുടെ തിയ്യേറ്റർ എന്ത്? എന്തിന്? എങ്ങനെ?

ആധുനിക വിദ്യാഭ്യാസ ചിന്തകനും ജ്ഞാന നിർമ്മിതീവാദക്കാരനു (Knowledge Constructvist) മായ ഹാവാർഡ് ഗാർണർ മനുഷ്യബുദ്ധിയെ സംബന്ധിച്ച് അവതരിപ്പിച്ച പുതിയ നിരീക്ഷണങ്ങൾ, നമ്മുടെ വിദ്യാഭ്യാസ-ബോധന രീതിശാസ്ത്രത്തിൽ (Pedagogy) വലിയൊരു പൊളിച്ചെഴുത്തിന് കാരണമാക്കി. 1983-ൽ Multiple intelligence എന്ന പേരിൽ പുറത്തുവന്ന അദ്ദേഹത്തിന്റെ സിദ്ധാന്തം ലോകത്താകമാനം പിന്നീട് ആധുനിക വിദ്യാഭ്യാസ ചിന്തയുടെ ആണിക്കല്ലായി പരിണമിച്ചു.

1983-ൽ അദ്ദേഹം തയ്യാറാക്കിയ Frames of mind എന്ന പ്രബന്ധത്തിൽ മനുഷ്യബുദ്ധിയുടെ ഏഴുതരത്തിലുള്ള വികാസത്തെ സംബന്ധിച്ചുള്ള സൂചനകൾ നൽകുകയുണ്ടായി.

1999-ൽ Intelligence Reframed : Multiple intelligence for the 21st century എന്ന തന്റെ കൃതിയിൽ ബുദ്ധിയുടെ ചില പുതിയ മേഖലകളെ സംബന്ധിച്ചുകൂടി അദ്ദേഹം പറഞ്ഞുവെച്ചു.

പഠനമെന്നത് സാമൂഹികവും മന:ശാസ്ത്രപരവുമായൊരു പ്രക്രിയയാണെന്നും ബുദ്ധിയെന്നത് നിത്യജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യക്തിയുടെ കഴിവാണെന്നും ഗാർണർ വിവക്ഷിച്ചു. മനുഷ്യന്റെ ബുദ്ധിക്ക് ബഹുമുഖങ്ങൾ ഉണ്ടെന്നും അദ്ദേഹം പറഞ്ഞുവെച്ചു. ജനിച്ചുവീഴുന്ന മുഴുവനാളുകളിലും ബുദ്ധിയുടെ ഈ ബഹുമുഖ മേഖലകൾ ഉണ്ടായിരിക്കുമെന്നും അതിൽ അനുകൂലമായ അവസരങ്ങൾ ലഭിക്കുകയാണെങ്കിൽ എല്ലാവരിലും എല്ലാത്തരം ബുദ്ധികൾക്കും പുരോഗതി ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നും ഗാർണർ തന്റെ പ്രബന്ധങ്ങളിൽ എടുത്തു പറഞ്ഞു. അതിൽ തന്നെ ഒരാൾക്ക് ഏറെ താൽപര്യവും കഴിവും കാണിക്കുന്ന ബുദ്ധിയെ വികസിപ്പിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണെങ്കിൽ അതതു മേഖലകളിൽ പ്രതിഭകളെ സൃഷ്ടിക്കാമെന്നുമാണ് ഗാർണറുടെ ഈ സിന്താന്തത്തിന്റെ കാതൽ.

ഗാർണറുടെ വിദ്യാഭ്യാസ ചിന്തകൾ സമീപകാലത്തെ കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ സൈന്താന്തിക അടിത്തറകൾ രൂപപ്പെടുത്തുന്നതിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുള്ള ഒന്നാണ്. Multiple intelligence, ജ്ഞാനനിർമ്മാണം, സാമൂഹിക ജ്ഞാനനിർമ്മാണം, സമഗ്ര ഭാഷാദർശനം തുടങ്ങിയ സംജ്ഞകൾ വിദ്യാഭ്യാസത്തിന്റെ ഉയർന്ന തലങ്ങളിൽ നടക്കുന്ന അക്കദമിക ചർച്ചകളിൽ മാത്രമല്ല ഏറ്റവും താഴെ നടക്കുന്ന അധ്യാപക പരിശീലനങ്ങളിലും വിദ്യാഭ്യാസ സംവാദങ്ങളിലും ഉപയോഗിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്. എന്നാൽ ഈ സിന്താന്തങ്ങൾ പ്രായോഗികവത്ക്കരിച്ചപ്പോൾ ഇവ നടപ്പിലാക്കാൻ ഏറെ സാധ്യതകളുള്ള ഒരു ബോധനരീതിശാസ്ത്രമെന്ന നിലയിൽ 'തിയ്യേറ്ററിന്റെ' സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ലായെന്ന വിമർശനം നിലനിൽക്കുന്നു.

മേൽ സൂചിപ്പിച്ചതരത്തിൽ ബഹുമുഖ ബുദ്ധിയുടെ (Multiple intelligence) വികാസത്തെ പരിഗണിച്ചുകൊണ്ട് കുട്ടികളുടെൽ സമഗ്രവികാസം ലക്ഷ്യമിട്ടുകൊണ്ട് വിദ്യാഭ്യാസത്തിനായി തിയ്യേറ്റർ (Theatre for Education) എന്നത് സജീവമായി പരിഗണിക്കപ്പെടേണ്ട ഒന്നാണ്. 'കുട്ടികളുടെ തിയ്യേറ്ററിനെ' അത്തരത്തിൽ ഗൗരവത്തോടെയുള്ള പരിശോധനയ്ക്കോ ചർച്ചയ്ക്കോ വിധേയമാക്കിയിട്ടില്ലായെന്ന എന്ന വിമർശനം ഈ മേഖലയിൽ ഇടപെടുന്നവരിൽ ശക്തമാണ്. ബുദ്ധിയുടെ വികാസം സാധ്യമാകുന്നത് ഒരു വ്യക്തിയുടെ മുന്നിലുള്ള സാധ്യതകളും സംസ്കാരവും തമ്മിലുള്ള നിരന്തരമായ ഇടപഴകലുകൾ വഴിയാണെന്ന് ഗാർണർ എടുത്തുപറയുന്നു. ഈയൊരു സാധ്യത സൃഷ്ടിച്ചെടുക്കാൻ ഏറ്റവും ഫലപ്രദമായ ഒരു ബോധന രീതിശാസ്ത്രമെന്ന നിലയിൽ തിയ്യേറ്ററിന്റെ സാധ്യതകൾ അപാരമാണെന്ന് നമുക്ക് തിരിച്ചറിയൻ കഴിയും. തിയ്യേറ്ററെന്നത് കേവലം അതിന്റെ ഒരു ഭാഗം മാത്രമായ നാടകത്തിനപ്പുറത്ത് സംഗീതം, നൃത്തം, ചലനം, അനുകരണം, ഫൈൻ ആർട്ട്, ദൃശ്യകല, പെർഫോമെൻസ്സ് ആർട്ട്, ഗണിതം, ശാസ്ത്രം, ചരിത്രം,.......... തുടങ്ങി ബുദ്ധിയുടെ ബഹുമുഖവളർച്ചയ്ക്ക് സഹായകരമാകുന്ന എല്ലാ സാധ്യതകളും നമുക്കുമുന്നിൽ തുറന്നുതരുന്നു. ഈയൊരർഥത്തിൽ കുട്ടികളുടെ തിയ്യേറ്റർ പ്രവർത്തനങ്ങളെ സമീപിക്കാൻ കേരളീയ വിദ്യാഭ്യാസത്തിനോ കേരളത്തിലെ നാടക-വിദ്യാഭ്യാസ പ്രവർത്തകർക്കോ ഇതുവരേയും കഴിഞ്ഞിട്ടില്ല.

Theatre for Education എന്ന സങ്കൽപ്പത്തിലൂന്നിനിന്നുകൊണ്ട് ഒരു ക്ലാസ്മുറിയെ വിഭാവനം ചെയ്താൽ, ഇന്നത്തെ വിദ്യാലയ - ക്ലാസ്മുറി ഘടനയിൽ വലിയ പൊളിച്ചെഴുത്തലുകൾതന്നെ നടത്തേണ്ടി വരും. ഒരു ഉദാഹരണമെന്ന നിലയിൽ, ഇന്ന് നമ്മുടെ വിദ്യാലയങ്ങളിൽ നിലവിലുള്ള സാധാരണ ക്ലാസ് മുറിക്കകത്തുനിന്ന് ബെഞ്ചുകളും ഡസ്കുകളും സ്കൂൾ ലൈബ്രറികളിലേക്ക് എടുത്തു മാറ്റിയുകയും ലൈബ്രറിയെ കുട്ടികൾക്ക് പുസ്തകം വായിച്ച് കുറിപ്പെടുക്കാനുള്ള

ഇടമായും, ക്ലാസ് മുറികൾ വായിച്ചെടുത്ത അറിവുകൾ അവതരിപ്പിക്കാനും.. ആടാനും.. പാടാനും.. കളിക്കാനും.. നിർമ്മിക്കാനും.. പരീക്ഷണങ്ങൾ നടത്താനും.. സഹായകരമായ ഒരിടമായി മാറ്റിയെടുക്കേണ്ടിവരും. വിശാലമായൊരു 'തിയ്യേറ്റർ' അഥവ ഒരു 'Pedagogical Workshop' തന്നെയായിരിക്കും അത്.

അത്തരം ക്ലാസ് മുറികളിലെ ഷെൽഫുകളിൽ നിറയെ കളർ ചായങ്ങൾ.. കൊത്തുപണി ഉപകരണങ്ങൾ.. നിർമ്മാണ വസതുക്കൾ.. പരീക്ഷണത്തിനും നിരീക്ഷണത്തിനുമുതകുന്ന ലാബോറട്ടറി ഉപകരണങ്ങൾ.. വാദ്യ- സംഗീതോപരണങ്ങൾ.. കോസ്റ്റുമുകൾ... മേയ്ക്കപ്പ് സാധനങ്ങൾ... സ്പോർട്ടിനും കായിക പരിശീലനത്തിനുമുള്ള ഉപകരണങ്ങൾ.. കാർഷികോപകരണങ്ങൾ... തുടങ്ങിയവായിരിക്കും ഉണ്ടായിരിക്കുക. ഇത്തരത്തിൽ 'സർഗാത്മക വിദ്യാഭ്യാസത്തിന് തിയ്യേറ്റർ' (Theatre for Creative Education) എന്ന സങ്കൽപം വളർത്തികൊണ്ടുവരുന്നതിന് ഉതകുന്ന ചർച്ചകളും സംവാദങ്ങളും സമൂഹ ത്തിലെമ്പാടും ഉയർത്തികൊണ്ടുവരേണ്ടതുണ്ട്.

## കേരളത്തിലെ കുട്ടികളുടെ തിയ്യേറ്ററിന്റെ ഭാവി - പൊതുനിർദ്ദേശങ്ങൾ

- കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ മുഖ്യ ഗവേഷണ-പരിശീലന സ്ഥാപനമെന്ന നിലയിൽ എസ്.സി.ഇ.ആർ.ടി.യും സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളും ഈ വിഷയം സംബന്ധിച്ച ഗൗരവപ്പെട്ട അന്വേഷണങ്ങളും പഠനങ്ങളും പരിശീലനങ്ങളും അടിയിന്തിരമായ ആരംഭിക്കണം. സ്കൂൾ അധ്യാപകർക്കായി, യൂണിവേഴ്സിറ്റികൾ, തിയ്യേറ്റർ പഠനകേന്ദ്രങ്ങൾ, ഡ്രാമാസ്കൂളുകൾ എന്നിവ വഴി 'കുട്ടികളുടെ തിയ്യേറ്ററും വിദ്യാഭ്യസവും' എന്ന വിഷയത്തിലൂന്നികൊണ്ടുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുക.
- നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളുടെ മുഖ്യഅജണ്ടയിലൊന്നായി കുട്ടികളുടെ തിയ്യേറ്റർ പ്രവർത്തനങ്ങൾ മാറണം. അതിനുള്ള നയരൂപീകരണം നടത്തണം. ഇതുസംബന്ധിച്ച് വിപുലമായ സംവാദങ്ങളും നടക്കുമെന്ന് ഉറപ്പുവരുത്തണം. പ്രവർത്തനത്തിൽ സജീവമായി നിൽക്കുന്ന കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ/ജില്ലകൾതോറും കുട്ടികളുടെ നാടകോത്സവങ്ങൾ നടക്കുമെന്ന് ഉറപ്പുവരുത്തുക. കേരളത്തിന്റെ അന്താരാഷ്ട്ര നാടകോത്സവം' ഇറ്റ്ഫൊക്കിൽ' കുട്ടികളുടെ നാടകങ്ങൾക്കായി പ്രത്യേക വിഭാഗം ആരംഭിക്കണം.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ നാടകവേദി പ്രവർത്തനങ്ങൾക്കുള്ള പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. കുടുംബശ്രീ ബാലസഭകൾ തിയ്യേറ്റർ-നാടക പ്രവർത്തനങ്ങൾ വഴി കുറേക്കൂടി സജീവമാക്കി മാറ്റുക. കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ ജില്ലാ-സംസ്ഥാന തലങ്ങളിൽ കുട്ടികൾക്കായി നാടകോത്സവങ്ങൾ സംഘടിപ്പിക്കുക. താലൂക്ക്-ജില്ലാ ലൈബ്രറി കൗൺസിലുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് വായനശാലകൾ കേന്ദ്രീകരിച്ചുകൊണ്ട് കുട്ടികളുടെ നാടകവേദികൾ രൂപീകരിക്കാനും മുന്നോട്ടു കൊണ്ടുപോകാനുമുള്ള പദ്ധതികൾ ഏറ്റെടുക്കുക. ലൈബറി കൗൺസിലുകളുടെ നേതൃത്വത്തിൽ ജില്ലാ-സംസ്ഥാന തലങ്ങളിൽ കുട്ടികൾക്കായി നാടകോത്സവങ്ങൾക്ക് രൂപം നൽകുക.
- എസ്.സി.ഇ.ആർ.ടി. പോലുള്ള വിദ്യാഭ്യാസ ഗവേഷണ - പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ, സർവ്വകലാശാലകൾ തുടങ്ങിയവർ സ്കൂൾ അധ്യാപകർക്കായി വിദ്യാഭ്യാസത്തിന്റെ മന:ശാസ്ത്രം, മനുഷ്യന്റെ ബുദ്ധിവികാസം, വിദ്യാഭ്യാസത്തിൽ കുട്ടികളുടെ തിയ്യേറ്ററിനുള്ള പ്രാധാന്യം, തിയ്യേറ്റർ ടെക്കിനിക്കുകൾ എന്നിവ സംബന്ധിക്കുന്ന പരിശീലന പരിപാടികൾ നിരന്തരമായി സംഘടിപ്പിക്കുക.
- വിവിധ അക്കദമിക സ്ഥാപനങ്ങളിൽനിന്നും നാടക പഠനം പൂർത്തിയായി വരുന്ന നാടക പ്രവർത്തകർക്ക് സ്ഥിരമായി തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുവരുത്തുക. പഠനം പൂർത്തിയാക്കിയ മുഴുവൻ തിയ്യേറ്റർ പ്രവർത്തകർക്കും ജീവിക്കാൻ ആവശ്യമായ വേതനം ഉറപ്പുവരുത്തികൊണ്ട് തൊഴിൽ സാധ്യതകൾ സൃഷ്ടിക്കണം.

വിദ്യാലയങ്ങൾ, അധ്യാപക പരിശീലനങ്ങൾ, കുടുംബശ്രീ-ബലസഭാ സംവിധാനങ്ങൾ, ലൈബ്രറി കൗൺസിൽ, തുടങ്ങീ കുട്ടികളുടേതായ മുഴുവൻ പൊതുവിടങ്ങളിലും ഇതിനുള്ള സാധ്യതകൾ സൃഷ്ടിച്ചെടുക്കാൻ കഴിയും.

# പൗരബോധവും സ്കൂൾ വിദ്യാഭ്യാസവും

25

## പൗരബോധം

ഷീനാ ഷുക്കൂർ

**ഓ**രോ പൗരനും സമൂഹത്തിനുവേണ്ടിയാണെന്നും സമൂഹത്തിന്റെ യഥാർഥ താൽപ്പര്യങ്ങൾ പൗരന്റെ താൽപ്പര്യങ്ങളാണെന്നും തിരിച്ചറിയുന്നതാണ് പൗര ബോധം. സമൂഹത്തിന് വേണ്ടി പ്രവർത്തിക്കാൻ പൗര ബോധമുള്ളവർ എപ്പോഴും തയ്യാറായിരിക്കണം.

ആധുനിക വിദ്യഭ്യാസ രീതിയനുസരിച്ചാണ് രാജ്യത്തുടനീളമുള്ള കുട്ടികൾ രാവിലെ ഉണർന്നു ആഴ്ചയിൽ അഞ്ച് ദിവസവും സ്കൂളിൽ പോകുന്നത്.

മൂല്യബോധം, സഹിഷ്ണുത, നേതൃഗുണം, ശാസ്ത്രീയ മനോഭാവം മുതലായവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസം സഹായിക്കണം. ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് ഉപയോഗപ്രദമായ രീതിയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തആൻ ഉതകുന്ന ബോധന രീതി വഴി മാത്രമേ പൗരബോധം സൃഷ്ടിക്കാനാകൂ.

വോട്ടവകാശം വിനിയോഗിച്ചുകൊണ്ടു തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കനാകണം. മെച്ചപ്പെട്ട അറിവ്, ധാരണ, ഉടമസ്ഥാവകാശം എന്നിവയുടെ അടിസ്ഥാനത്തിൽ സമൂഹത്തിന്റെ ഭരണകാര്യങ്ങളിൽ സജീവമായി പങ്കെടുക്കുന്ന വിവരമുള്ള ഒരു പൗരസമൂഹത്തെയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

മൂല്യബോധം, സഹിഷ്ണുത, നേതൃഗുണങ്ങൾ, ശാസ്ത്രീയ മനോഭാവം മുതലായവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസം സഹായിക്കുകയും ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് ഉപയോഗപ്രദമായ രീതിയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തനാകണം

വിവിധ വിഷയങ്ങൾ പഠിക്കുന്നതിലൂടെ ലഭിക്കുന്ന അറിവ് സമൂഹത്തിന്റെ പുരോഗതിക്കും മനുഷ്യ ജീവിതം ആയാസരഹിതവുമാക്കുവാനും വേണ്ടി ഫലപ്രദമായി വിനിയോഗിക്കാൻ ഒരു വ്യക്തിയെ സജ്ജരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യം. വിദ്യാഭ്യാസത്തിലൂടെ/ഒരു വിദ്യാർത്ഥി തന്റെ രാജ്യം എങ്ങനെ ഭരിക്കപ്പെടുന്നുവെന്നും ഒരു പൗരന്റെ അവകാശങ്ങളും കടമകളും എന്താണെന്നും മനസ്സിലാക്കുകയും അതുവഴി സമൂഹത്തിൽ ജനാധിപത്യബോധമുള്ള ഒരു പൗരനാകുകയും ചെയ്യുന്നു,. പരസ്പര ആശ്രയത്വം, പൗരബോധം, സമയനിഷ്ഠ, മാനവികത തുടങ്ങിയ ഗുണങ്ങൾ പരിശീലിക്കാൻ വിദ്യാഭ്യാസം സഹായിക്കുന്നു. മൂല്യബോധം, പാരിസ്ഥിതിക അവബോധം, ശാസ്ത്രീയ മനോഭാവം, സഹിഷ്ണുത, നേതൃത്വഗുണം തുടങ്ങിയ ഗുണങ്ങൾ വികസിപ്പിക്കാനും വിദ്യാഭ്യാസം സഹായിക്കുന്നു. വിദ്യാഭ്യാസത്തിലൂടെ, ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് ഉപയോഗപ്രദമായ രീതിയിൽ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയും. മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമീപനത്തിലൂടെ നമുക്ക് ജനങ്ങളിൽ പൗരബോധം വളർത്താം. ഈ ലക്ഷ്യത്തോടെയാണ് സർക്കാരുകൾ വിദ്യാഭ്യാസ നയങ്ങൾ രൂപീകരിക്കുന്നത്.

26

## പൗരബോധവും പൊതുവിദ്യാഭ്യാസവും

ജഗജീവൻ. എൻ., 9447172199

**സാ**മൂഹ്യനീതി, ലിംഗതുല്യത, മതേതരത്വം എന്നീ മൂല്യങ്ങൾ നിലനിൽക്കുന്നതും നിരന്തരം നവീകരിപ്പെടുന്നതും ശക്തമായ ജനാധിപത്യ സമൂഹങ്ങളിലാണ്. ഉയർന്ന പൗരബോധമുള്ള സമൂഹങ്ങളിലാണ് ജനാധിപത്യം വികസിക്കുന്നതും ശക്തിപ്പെടുന്നതും. ഇവയെ സ്വാധീനിക്കുന്നത് വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസ കരിക്കുലവും ഉള്ളടക്കവും പ്രക്രിയും ഇതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. ഭരണകൂടങ്ങൾ വിദ്യാഭ്യാസ സംവിധാനത്തിലൂടെ നിരന്തരം ഇടപെടൽ നടത്തുന്നതും മതമൗലികവാദികളും മറ്റ് പിന്തിരിപ്പൻ

ശക്തികളും വിദ്യഭ്യാസ മേഖലയിൽ സമാന്തര ശൃംഖല വളർത്തുന്നതും അതുകൊണ്ടുതന്നെയാണു. മാത്രമല്ല ഇക്കാലയളവിൽ നമ്മൾ അഭിമുഖീകരിക്കുന്ന മറ്റു വെല്ലുവിളികളും ചെറുതല്ല. വർദ്ധിക്കുന്ന സാമ്പത്തിക അന്തരം, മത മൗലിക ശക്തികളുടെ വളർച്ച, വിദ്യാഭ്യാസ രംഗത്തെ വലതുപക്ഷ വൽക്കരണവും കാവിവൽക്കരണവും, ലിംഗ വിവേചനം, കമ്പോളവൽക്കരണം, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ, ആരോഗ്യ മേഖലയിലെ പുത്തൻ വെല്ലുവിളികൾ, വിഭവ വിനിയോഗത്തിലെ തെറ്റായ പ്രവണതകൾ തുടങ്ങി വ്യത്യസ്ത മേഖലകളിൽ ഇന്ന് നമ്മൾ നേരിടുന്ന വെല്ലുവിളികളും കുടി പരിഗണിച്ചു കൊണ്ടു വേണം വിദ്യാഭ്യാസ രംഗത്ത് ഇടപെടൽ വേണ്ടത്. സ്കൂൾ വിദ്യാഭ്യാസവും പൗരബോധവും എന്ന വിഷയത്തെ സമീപിക്കുമ്പോഴും ഈ വെല്ലുവിളികളെ സമീപിക്കേണ്ടത് എങ്ങനെ എന്നും ചിന്തിക്കണം. ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ വിദ്യാഭ്യാസ രംഗത്ത് വിപുലമായ ഇടപെടൽ അനിവാര്യമാണ്. നയവ്യതിയാനങ്ങൾക്ക് എതിരെ നടത്തുന്ന പ്രതിരോധ സമരങ്ങൾക്ക് ഒപ്പം ക്ലാസ് മുറികളും പാഠപുസ്തകങ്ങളും പഠന പ്രക്രിയും കൂടുതൽ സർഗ്ഗാത്മകവും ജനപങ്കാളിത്തമുള്ളതും സാമൂഹ്യ കേന്ദ്രീകൃതവുമായ പ്രവർത്തനമാക്കി മാറ്റേണ്ടതുണ്ട്. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ ഇതൊരു പ്രസ്ഥാനമായി മാറേണ്ടതുണ്ട്.

മുകളിൽ സൂചിപ്പിച്ച മൂല്യങ്ങളിൽ അധിഷ്ഠിതവും നിലവിലുള്ളതും ഉയർന്നു വരുന്നതുമായ പുതിയ പ്രശ്നങ്ങളെ നേരിടുന്നതിനും അതിജീവിക്കുന്നതിനും കഴിയുന്ന തരത്തിൽ ഉത്തരവാദിത്വ ബോധമുള്ള പൗരസമൂഹം വിദ്യാഭ്യാസത്തിലൂടെ രൂപപ്പെട്ടുവരേണ്ടതുണ്ട്. കാലഘട്ടത്തിന്റെ എല്ലാവിധ സവിശേഷതകൾക്കുമനുസരിച്ച് പുതിയ അറിവിന്റെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ മാനവീയ മൂല്യങ്ങൾ നവീകരിക്കാനും അതനുസരിച്ച് പൗരോത്തരവാദിത്വം നിറവേറ്റാനും കഴിയുന്ന പൗരബോധമുള്ള സമൂഹമാണ് നമുക്ക് വേണ്ടത്. ശാസ്ത്ര ബോധവും ശാസ്ത്രത്തിന്റെ രീതിശാസ്ത്രവും സ്വാംശീകരിക്കാൻ കഴിയുന്ന വിദ്യാഭ്യാസ രീതിയിലൂടെ മാത്രമേ ഇതിനു കഴിയൂ. നിരീക്ഷണം, പരീക്ഷണം, വിശകലനം, വിമർശനാത്മക വിശകലനം തുടങ്ങിയ രീതികൾ പിന്തുടരാൻ കഴിയുന്ന വിദ്യാഭ്യാസ പ്രക്രിയിലൂടെ മാത്രമേ ഉത്തരവാദിത്വ പൗരബോധത്തിന്റെ ഉടമയായി ഒരു വ്യക്തി രൂപപ്പെടുകയുള്ളു. അതിന് ഉതകുന്നതായിരിക്കണം വിദ്യാഭ്യാസം. അസമത്വം, അനീതി എന്നിവയ്ക്ക് എതിരെ ചോദ്യങ്ങൾ ചോദിക്കാനും കാരണങ്ങൾ അന്വേഷിക്കാനും ശേഷി ഉണ്ടാകണം. ഓരോന്നിന്റേയും പരസ്പരബന്ധം മനസ്സിലാക്കാനും കൂട്ടായ പ്രവർത്തനത്തിന്റെ ശക്തി ഉൾക്കൊള്ളാനും ഉതകുന്നതായിരിക്കണം നേടുന്ന വിദ്യാഭ്യാസം.

കേരളത്തിന്റെ വികസനത്തിലും ജനാധിത്യ ബോധത്തിലും മതേതര ബോധവും ഇടവും വികസിപ്പിക്കുന്നതിലും നമ്മുടെ പൊതുവിദ്യാഭ്യാസവും വിദ്യാലയങ്ങളും വലിയ തോതിൽ സ്വാധീനിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യവൽക്കരണം നമ്മുടെ പൊതു വിദ്യാഭ്യാസ രംഗത്തെ ദുർബലപ്പെടുത്താൻ കാരണമായി, ഇത് നമ്മുടെ സമൂഹത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ കുറേക്കാലമായി പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ പ്രസ്തുത പ്രതിസന്ധിയെ ഒരു പരിധി വരെ മറികടക്കാൻ സഹായിച്ചെങ്കിലും സ്വകാര്യ- പ്രത്യേകിച്ച് മത സ്ഥാപനങ്ങൾ ഉണ്ടാക്കിയെടുത്ത സ്വാധീനം ഇന്നും വികസിക്കേണ്ട ജനാധിപത്യ ബോധത്തിലും മാനവീയ മൂല്യബോധത്തിനെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത് ഉത്തരവാദിത്വപൗരബോധസൃഷ്ടിക്ക് തടസ്സമാകുന്നുണ്ട്.

പൗരബോധമെന്നത് പൊതുസമൂഹത്തിന്റെ നീതിപൂർവമായ വളർച്ചക്കും നിലനിൽപിനും വികസനത്തിനും സുരക്ഷക്കും തുല്യതക്കും വേണ്ടി പങ്കാളിയാകാനുള്ള നൈപുണ്യമാണ്. ഇത് കേവലം പാഠഭാഗങ്ങൾ വഴിയോ അധ്യാപകരിൽ നിന്നോ മാത്രം ആർജ്ജിക്കാൻ കഴിയുന്നതല്ല. പങ്കാളിത്തം, അനുഭവം, പ്രായോഗിക പരിചയം എന്നിവയിലൂടെ മനസ്സിലാക്കിയും വിശകലനം ചെയ്ത് സ്വാംശീകരിച്ചും നേടേണ്ടതാണ്. അങ്ങനെ ആർജ്ജിക്കുന്ന നൈപുണ്യമേ പ്രായോഗിക ജീവിതത്തിൽ വിനിയോഗിക്കാൻ ആത്മവിശ്വാസം കിട്ടുകയുള്ളൂ. മത-ജാതി-ലിംഗ-പ്രദേശ-സാമ്പത്തിക വ്യത്യാസങ്ങൾ ഇല്ലാതെ ഒന്നിച്ച് വിജ്ഞാന സമ്പാദനവും പ്രവർത്തനവും നടത്താൻ അവസരം ഉറപ്പാക്കുന്നതായിരിക്കണം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ശാസ്ത്രത്തിന്റേയും സാങ്കേതിക വിദ്യയുടെയും സമൂഹത്തിന്റെയും വികാസം നമ്മുടെ സാമൂഹ്യ സംവിധാനങ്ങളെ ആകെ മാറ്റിയിരിക്കുന്നു. അതുകൊണ്ടു തന്നെ കുട്ടികൾക്ക് പുതിയ അറിവുകളും സാങ്കേതിക വിദ്യകളും എത്തിച്ചേരുന്നതിൽ പ്രായം/ പഠിക്കുന്ന ക്ലാസ്സിന്റെ പോലും വ്യത്യസ്തതകൾ ബാധിക്കാതായിട്ടുണ്ട് ഈ സാഹചര്യത്തിൽ വിദ്യാലയത്തിന്റെ ഘടനയിലും ബോധന രീതിയിലും മാറ്റം അനിവാര്യമാണ്. നമ്മുടെ ഓരോ പഞ്ചായത്ത് / നഗരസഭകളിലും - ഭരണ സംവിധാനം, ഉൽപാദന കേന്ദ്രങ്ങൾ, ഉൽപാദന കൂട്ടായ്മകൾ, സേവന ഏജൻസികൾ, സേവനത്തിനായുള്ള കൂട്ടായ്മകൾ, സാമൂഹ്യ സംഘടനാ സംവിധാനങ്ങൾ, പൊതു സാംസ്കാരിക കൂട്ടായ്മകൾ, പരിസ്ഥിതി കൂട്ടായ്മകൾ തുടങ്ങി - സമൂഹത്തിന്റെ വികാസത്തിനെ സ്വാധീനിക്കുന്ന നിരവധി പൊതുസ്ഥാപനങ്ങളുണ്ട്. ഇതിൽ പങ്കാളിയായി പ്രവർത്തിക്കാനും പ്രായോഗിക പ്രവർത്തനത്തിലൂടെ പഠിക്കാനും അവസരമൊരുക്കുന്ന രീതിയാണ് ഇനി നാം സ്വീകരിക്കേണ്ടത്. ചുരുക്കത്തിൽ വിദ്യാലയങ്ങൾ വിജ്ഞാന സമ്പാദനത്തിനുള്ള പൊതുവഴികാട്ടിയും പങ്കാളിത്ത - അനുഭവാധിഷ്ഠിത പഠന പ്രക്രിയക്കുള്ള അവസരങ്ങൾ സൃഷ്ടിച്ചും പുതിയ രീതി സ്വീകരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ പ്രക്രിയ സ്ക്കൂൾ കേന്ദ്രീകൃതമായി നിലനിൽക്കുന്നതിൽ നിന്നും മാറ്റി സൂൾ നിലനിൽക്കുന്ന സമൂഹവുമായി സമന്വയിച്ചു പ്രവർത്തിക്കുന്ന രീതി സ്വീകരിക്കേണ്ടതുണ്ട്. അവധിക്കാലമെന്നും പ

ഠനക്കാലമെന്നും വേർതിരിവില്ലാതെ സമൂഹവുമായി നിരന്തര പങ്കാളിത്ത പ്രവർത്തന രീതിയിലേക്ക് മാറ്റാൻ കഴിയണം.

പരിസ്ഥിതി സംരക്ഷണം, നീതിപൂർവമായ വിഭവ വിനിയോഗം, മാലിന്യ സംസ്ക്കരണം. പൊതുയിടങ്ങൾ സംരക്ഷിക്കൽ, ശുചിത്വ മാലിന്യ സംസ്ക്കരണം, പാർശ്വവൽക്കരിക്കപ്പെട്ടവരെ ഉൾച്ചേർക്കൽ, ലിംഗതുല്യത, മുതിർന്ന പൗരരുടെ സംരക്ഷണം തുടങ്ങി മനുഷ്യ ജീവിത ഗുണതയെ സ്വാധീനിക്കുന്ന എല്ലാ ഘടകങ്ങളിലും സുസ്ഥിരതയും നിരന്തര നവീകരണവും ഉണ്ടാകണമെങ്കിൽ, ലക്ഷ്യം കൈവരിക്കണമെങ്കിൽ ഉത്തരവാദിത്വമുള്ള പൗരർ ഉണ്ടായി വരാൻ ഉതകുന്നതാകണം നമ്മുടെ പൊതുവിദ്യാഭ്യാസം. ഈ വിഷയങ്ങളിൽ പ്രയോഗിക പ്രവർത്തനങ്ങൾ ചെയ്ത് ശീലിക്കാനും തെറ്റായ രീതികൾ തിരിച്ചറിഞ്ഞ് തിരുത്തൽ ശക്തിയായി സ്വന്തം വീട്ടിലും സമൂഹത്തിലും ഇടപെടാൻ ശ്രമിക്കുകയും / അവസരം ലഭിക്കുകയും വേണം. ചുരുക്കത്തിൽ ശരിയായ രീതികൾ കണ്ടും പ്രയോഗിച്ചും പങ്കാളിയായും മനസ്സിലാക്കാനും കഴിയുന്ന തരത്തിൽ അധ്യാപകരും ക്ലാസ് മുറിയും വീടും സമൂഹവും ശ്രദ്ധികേണ്ടതുണ്ട്. ഇത്തരം പ്രവർത്തന രീതികൾ ഇന്ന് നിരവധി സ്ക്കൂളുകൾ പിന്തുടരുന്നുണ്ട്. ഉദാ: മാണിക്കൽ ഗ്രാമപഞ്ചായത്തിലെ പാറക്കൽ സ്കൂളും SMC യും PTA യും സ്ക്കൂൾ സ്ഥിതി ചെയ്യുന്ന കവലയിലെ വ്യാപാരികളും ചേർന്ന് സ്ക്കൂളും പരിസര പ്രദേശവും സമ്പൂർണ മാലിന്യവിമുക്ത പ്രദേശമായുന്നതിനുള്ള പ്രവർത്തനം നടപ്പിലാക്കുന്നുണ്ട്. ഇതിൽ സ്കൂളിലെ കുട്ടികൾക്ക് നൽകുന്ന പങ്കാളിത്തവും അധ്യാപകരും രക്ഷിതാക്കളും ഇക്കാര്യത്തിൽ ഒന്നിച്ചു നീങ്ങുന്നതും കുട്ടികളിൽ നല്ല ഉത്സാഹവും അത്മവിശ്വാസവും സൃഷ്ടിക്കുന്നത് നമുക്ക് കാണാൻ കഴിയും. ഇതേ രീതിയിൽ ഭിന്നശേഷി ക്കാരായ കുട്ടികൾക്ക് ഒപ്പം കളിക്കാനും പഠിക്കാനും അവസരം നൽകുന്ന സ്കൂളുകൾ, വയോജനങ്ങൾക്ക് ഒപ്പം കൂട്ടുകാരായി പ്രവർത്തിക്കാൻ അവസരം നൽകുന്ന സ്കൂളുകൾ, പരിസര സംരക്ഷണത്തിന്റെ ഭാഗമായി മരം വച്ചു പിടിപ്പിക്കൽ, കണ്ടൽക്കാടുകൾ സംരക്ഷണം നടത്തുന്ന സ്ക്കൂളുകൾ, ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂളുകൾ, ഭവന രഹിതരായ കുട്ടികൾക്ക് വീടുവച്ച് നൽകാൻ ശ്രമിക്കുന്ന കുട്ടികൾ ഇങ്ങനെ നിരവധി പ്രവർത്തനങ്ങൾ സ്ക്കൂൾ പഠന പ്രവർത്തനത്തിന്റെ ഭാഗമായി ചെയ്യുന്ന സ്കൂളുകൾ ഇന്ന് ധാരാളമുണ്ട്. ഈ പ്രവർത്തനം കുട്ടികളിൽ മാത്രമല്ല. അധ്യാപകരിലും രക്ഷിതാക്കളിലും നാട്ടുകാരിലും വലിയ മാറ്റങ്ങളും ഉത്തരവാദിത്വ ബോധവും ഉണ്ടാക്കുന്നു. സ്കൂളും കുട്ടികളും ചേർന്നു നടത്തുന്ന പ്രവർത്തനങ്ങൾ നാട്ടിലും വലിയ മാറ്റത്തിന് കാരണമാകുന്നു. ഇത് മുകളിൽ സൂചിപ്പിച്ച സ്ക്കൂളുകളുടെ അനുഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. ഇത്തരം സവിശേഷ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിരവധി സ്ക്കൂളുകൾ കേന്ദ്രീകരിച്ചു നടക്കുന്നുണ്ട്. ഇവയെക്കുറിച്ച് പഠിക്കാനും മികച്ച ഫലം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും നമുക്ക് കഴിയണം. ഒപ്പം ഇത്തരം നൂതന പ്രവർത്തനങ്ങൾ പ്രാദേശികമായി ആരംഭിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകാൻ അനുയോജ്യമായ സംവിധാനത്തിനും രൂപം നൽകേണ്ടതുണ്ട്.

# സ്കൂൾ ജനാധിപത്യ സംവിധാനങ്ങൾ
## (പിടിഎ, എസ്എംസി, സ്കൂൾ പാർലമന്റ്)

27

## 'പൊതുവിദ്യാഭ്യാസ ജനാധിപത്യവത്കരണവും വിദ്യാർത്ഥിനേതൃത്വ പരിപോഷണവും'

പി.എം.ആർഷോ, സെക്രട്ടറി, എസ്.എഫ്.ഐ കേരള, കെ. അനുശ്രീ, പ്രസിഡന്റ് എസ്.എഫ്.ഐ

**പ**രിപൂർണ്ണമായി കുറ്റമറ്റതല്ലെങ്കിലും പൊതുവിൽ വളരെ മികച്ച രീതിയിൽ തന്നെയാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസനടത്തിപ്പെന്നു ആമുഖമായി ചേർക്കട്ടെ. ഇനിയും മികവിലേക്ക് അനുസ്യൂതം ഉയർത്തപ്പെടേണ്ട ഒട്ടനവധി മേഖലകൾ അവശേഷിക്കുന്നുമുണ്ട്. അതിൽതന്നെ വിദ്യാർത്ഥികളുടെ നേതൃപാടവവും, വിദ്യാർത്ഥി മനസ്സുകളിൽ ജനാധിപത്യ-മതേതരമൂല്യങ്ങളുടെ പരിപോഷണവും ഉറപ്പാക്കുന്ന ഇടപെടലുകൾക്കുവേണ്ടിയുള്ള സംവാദങ്ങൾക്കുതുടക്കമിടലാണ് ഈ പ്രബന്ധം കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടുതലായും നിലവിലെ വ്യവസ്ഥയിലെ കുറവുകൾ ചൂണ്ടിക്കാണിക്കുക എന്നുള്ളതാവും ഈ പ്രബന്ധം നൽകുന്ന സംഭാവന. ഇതിന്റെ വെളിച്ചത്തിൽ കൂടുതൽ വിദ്യാഭ്യാസ വിചക്ഷണരോടും അധ്യാപകരോടുമെ

ല്ലാം ആലോചിച്ചു പരിഹാര നിർദേശങ്ങൾ കണ്ടെത്തേണ്ടിയുമിരിക്കുന്നു.

വിദ്യാർത്ഥികളിൽ നേതൃപാടവം പരുവപ്പെടുത്തുന്ന ഏറ്റവും അടിസ്ഥാന നിലവാര ഇടപെടൽ എന്നുള്ളത് ക്ലാസ്സ്ലീഡർ ഉത്തരവാദിത്വത്തിൽ നിന്ന് തന്നെയാണ് ആരംഭിക്കുന്നത്. ക്ലാസ്സ്ലീഡർ തിരഞ്ഞെടുപ്പുകൾക്കോ, ലീഡറുടെ ചുമതലകൾക്കോ കൃത്യമായ മാർഗ്ഗരേഖകൾ ഇല്ലെന്നുള്ളത് പലപ്പോഴും ഇത്തരം തിരഞ്ഞെടുപ്പുകൾ അധ്യാപകരുടെ ഇഷ്ടപാത്രങ്ങളായ വിദ്യാർത്ഥികളെ മാത്രം ഇത്തരത്തിൽ ഉത്തരവാദിത്തപ്പെടുത്തുന്ന സ്ഥിതിവിശേഷം സംജാതമാക്കുന്നു. അതിന്റേതായ ഗുണങ്ങളുണ്ടായിരിക്കെത്തന്നെ ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന വലിയ മറുവശം കൂടി ഉണ്ടെന്നുള്ളത് ആശങ്കാജനകമാണ്. ഇത്തരം തിരഞ്ഞെടുപ്പ് പ്രീതികൾ വിദ്യാർത്ഥികളിൽ സ്വജനപക്ഷപാതം സാധാരണമായ ഒന്നാണെന്ന അപകടകരമായ ചിന്തയ്ക്ക് വേരിടുന്നു. ഇതുവഴി മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യാവകാശം എന്ന അടിസ്ഥാനതത്വം ധ്വംസിക്കപ്പെടുന്നു എന്നുള്ളതാണ് മറ്റൊന്ന്.

ഒരു അധ്യയനവർഷം മുഴുവൻ ഒരാൾലീഡർ എന്നത് മാറ്റി, പ്രതിമാസ തിരഞ്ഞെടുപ്പ് പ്രീതികൊണ്ട് വരികയും, ഒരിക്കൽ തിരഞ്ഞെടുക്കപ്പെട്ടയാൾ പിന്നീട് അടുത്ത അധ്യയനവർഷം മാത്രം തിരഞ്ഞെടുക്കപ്പെടുകയും ചെയ്യൂ എന്നുറപ്പുവരുത്തുകയും ചെയ്യുകവഴി കുഞ്ഞുമനസ്സുകളിൽ ദുരയും അധികാരബോധവും മുക്തമായ നേതൃത്വബോധം വികസിപ്പിക്കാൻ ഏറെ സഹായിക്കുകയും ചെയ്യും. ക്ലാസ്സിലെ തുടർ പ്രവർത്തനങ്ങളിലും മറ്റു ഇതര പ്രവർത്തികളിലും ക്ലാസ്സ് അധ്യാപകർ തങ്ങളോടൊപ്പം നിർത്തി ക്രമീകരണങ്ങൾക്ക് നേതൃപരമായ പങ്കുപരിശീലിപ്പിക്കുക കൂടി വേണം. മേല്പറഞ്ഞവയെല്ലാം സ്കൂൾലീഡറുടെ കാര്യത്തിലും ബാധമാക്കുന്നതും നന്നായിരിക്കും. എന്നാൽ ഇക്കാര്യത്തിൽ ഒരാൾക്ക് ഒരൂഴം മാത്രമാക്കി പരിമിതപ്പെടുത്തുകയും കാലാവധി ഒരുഅധ്യയന വർഷക്കാലമാക്കുകയും വേണം.

സ്കൂൾ ക്ലബ്ബുകളുടെ നേതൃത്വരീതികൾക്ക് കാര്യമായ മാറ്റം കൊണ്ടുവരേണ്ട സമയംഅധികരിച്ചുവെന്നത് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടുന്ന ഘട്ടത്തിലാണ് നിൽകുന്നത്. ലോകോത്തര മാതൃകയായി നാം തുടങ്ങിയ ഒന്നായിരുന്നു ഇത്തരം ക്ലബ് പ്രവർത്തനങ്ങൾ. തിരഞ്ഞെടുപ്പുകൾക്കായി മേല്പറഞ്ഞരീതികൾ അനുവർത്തിക്കുകയും പ്രവർത്തനരീതിയിൽ കാതലായമാറ്റങ്ങൾ വരുത്തുകയും വേണം. നിലവിൽ അധ്യാപകർ നിർദേശിക്കുന്ന പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾചെയ്യുന്നു എന്നതാണ് രീതി. ആശയങ്ങൾ രൂപീകരിക്കുന്നതും, പ്രവർത്തനങ്ങളാസൂത്രണം ചെയ്യുന്നതും, നടപ്പിലാക്കുന്നതുമടക്കം എല്ലാപ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കൂട്ടായ ആലോചനകൾ വഴിയാവേണ്ടതുണ്ട്. അതിനായി ഇത്തരംക്ലബ്ബുകൾക്കു ഒരധ്യാപകനും, ഒരുവിദ്യാർത്ഥി (ക്ലബ്ബ്ലീഡർ/സെക്രട്ടറി) എന്നതിന് പകരം ഇവർരണ്ടുപേരും മറ്റു ചിലവിദ്യാർത്ഥികളും കൂടി ഉൾകൊള്ളുന്ന ചെറിയ ഒരു സംഘം ഒരു കൂടിയാലോചന സമിതിയായി പ്രവർത്തിക്കുന്നത് മികച്ച ആശയസൃഷ്ടിക്കും അതോടൊപ്പം കൂട്ടായ നേതൃബോധം, സംഘബോധം എന്നിവ ജൈവികമായ തന്നെ വിദ്യാർത്ഥികളുടെ മനസ്സിൽസന്നിവേശിപ്പിക്കുന്നതിനും വലിയൊരളവിൽ സഹായകരമാകും.

ആർട്സ്, ഗെയിംസ്, സ്പോർട്സ് ഗ്രൂപ്പ് നേതൃത്വവും പ്രവർത്തനരീതികളും ഇത്തരത്തിൽ പരിവർത്തിപ്പിക്കുന്നതു അത്യന്താപേക്ഷികമാണ്.

നിലവിൽ പലസ്കൂളുകളിലും സ്കൂൾ പാർലമെന്റ് ഉണ്ടെങ്കിലും തിരഞ്ഞെടുപ്പുകൾ പ്രഹസനവും ഏറിയ പങ്കും അധ്യാപരുടെ ഇഷ്ടവും, പഠനപ്രവർത്തനങ്ങളിലെ മികവുമൊക്കെയാണ് തിരഞ്ഞെടുപ്പ് അലിഖിതമാനദണ്ഡങ്ങളായി പരിഗണിക്കുന്നത്. ഇത്തന്നെ തിരഞ്ഞെടുപ്പും, ഉദ്ഘാടനവും, അസ്സംബ്ലിയിൽ ആധ്യക്ഷവും എന്നതിനപ്പുറത്തേക്കു വിദ്യാർത്ഥികളുടെവ്യക്തിത്വവികസനത്തിനോ, നേതൃപാടവപരിപോഷണത്തിനോ, പൗരബോധവളർച്ചക്കോ, സാമൂഹിക ഉത്തരവാദിത്വബോധം ഉത്പാദിപ്പിക്കുന്നതിനോ യാതൊരു വിധത്തിലും ഉതകുന്ന തരത്തിലല്ല നിലവിലെ സംവിധാനം പ്രവർത്തിക്കുന്നത്. ഇത്തരം ഉദാത്തമായ മൂല്യങ്ങൾ നാമ്പിടീപ്പിക്കുന്നതും, വളർത്തി പരിപാലിപ്പിക്കുന്നതുമാക്കി സ്കൂൾ പാർലമെന്റ് സംവിധാനം മാറ്റിയെടുക്കാൻ ഉതകും വിധം കൃത്യമായ മേൽനോട്ട സംവിധാനം കൊണ്ട് വരേണ്ടതുണ്ട്. പഠ്യേതരപ്രവർത്തനങ്ങളുടെ ആശയരൂപീകരണം മുതൽ ആസൂത്രണത്തിലും നടത്തിപ്പിലും അധ്യാപകർ വിദ്യാർത്ഥികളെ കൂടെനിർത്തുകയും ഉത്തരവാദിത്വങ്ങൾ പ്രായത്തിനനുസൃതമാം വിധംനൽകുകയും വേണം. ഇത്തരത്തിൽ പഠനപാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ മികച്ചസംയോജനംവഴി വിദ്യാർത്ഥികളുടെ സമൂലമുന്നേറ്റവും, പങ്കാളിത്തരീതിവഴി നേതൃ, സംഘഗുണങ്ങൾ വിദ്യാർത്ഥികളിൽ പരിപോഷിപ്പിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ സാധിക്കും.

അവസാനമായി, അധ്യാപകരക്ഷാകർത്തൃ കൂട്ടായ്മ എന്നവേദി നാം അധ്യാപ, രക്ഷാകർതൃ, വിദ്യാർത്ഥി സമിതികളാക്കി പുതുക്കി നിശചയിക്കേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികൾക്ക് വലിയരീതിയിൽ ഊർജം നൽകുന്നതും അവരുടെ മനസ്സിലെ പുത്തനാശയങ്ങളും മറ്റും വലിയ പരിചയസമ്പന്നരായ ആളുകളുടെ മുന്നിൽ അവതരിപ്പിക്കാനും, വിഷയങ്ങളെ ആശയതലത്തിനുമപ്പുറം കാലികമായും, പ്രായോഗികമായും നോക്കിക്കാണുന്നതിനും മറ്റും അവരെ പ്രാപ്തരാക്കുകകൂടിചെയ്യും. ഈ സമിതികളിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന നിശ്ചിത എണ്ണംവിദ്യാർത്ഥി പ്രതിനിധികളെ ഉൾപെടുത്തുന്നതിനും മേല്പറഞ്ഞരീതികൾ തന്നെ അവലംബിക്കാവുന്നതാണ്.

കൂട്ടായ ഒരു പരിശ്രമം വഴി നല്ല രീതിയിലുള്ള മാറ്റങ്ങൾക്കു തുടക്കം കുറിക്കാനും അതുവഴി മികച്ച ഒരുപൗരസമൂഹത്തെ വാർത്തെടുക്കാനും കൂടി ഉതകുന്ന ഒന്നായി നമ്മളുടെ വിദ്യാഭ്യാസസംവിധാനം ഇത് വഴിപ്രാപ്തമാവും

28

# വിദ്യാലയങ്ങളിലെ ജനകീയമായ പിന്തുണാ സംവിധാനങ്ങൾ

ദിലീപ് കുമാർ.പി, 9495214401

**അ**ധ്യാപക രക്ഷാകർത്തൃ സമിതി - [PTA ], മാതൃ പി.ടി. എ [MPTA], SMC, School Parliament, corner PTA/പ്രദേശിക പി.ടി.എ എന്നിവയാണ് പ്രധാന വിഭാഗത്തിലെ ജനകീയ പിന്തുണാസംവിധാനങ്ങൾ.

ഒരുവിദ്യാലയത്തിലെ അധ്യാപകരും രക്ഷാകർത്താക്കളും ചേർന്ന് രൂപവൽക്കരിക്കുന്ന സമിതിയാണ് ആ വിദ്യാലയത്തിന്റെ പി.ടി.എ. ഒരു രക്ഷാകർത്താവ് പ്രസിഡണ്ടും പ്രിൻസിപ്പൽ / പ്രധാനാധ്യാപകൻ കൺവീനറുമായുള്ള ഭരണ സമിതിയാണിത്. പി.ടി.എ അംഗങ്ങളിൽ നിന്നാണ് പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നത്. ഇതുപോലെ വൈസ് പ്രസിഡണ്ടിനേയും പ്രവർത്തക സമിതി അംഗങ്ങളേയും പി.ടി.എ ജനറൽ ബോഡിയിൽ നിന്നും തെരഞ്ഞെടുക്കും.

അധ്യാപകരും രക്ഷിതാക്കളും പരസ്പരം അറിയുക വിദ്യാർത്ഥികളുടെ അക്കാദമിക - അക്കാദമികേതര പ്രവർത്തനങ്ങൾ ചർച്ച ചെയ്യുക, വിദ്യാലയത്തിന്റെ ഭൗതിക പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് വേണ്ട കർമപദ്ധതി തയ്യാറാക്കുക

എന്നതാണ് ഈ സമിതിയുടെ പ്രധാന ചുമതലകൾ.

കുട്ടികളുട പഠന കാലത്ത് അമ്മമാരുടെ കൈത്താങ്ങും ശ്രദ്ധയും വളരെ ആവശ്യമാണ്. അമ്മമാരുടെ നല്ല ഇടപെടലുകൾ സ്കൂൾ അന്തരീക്ഷത്തിൽ തന്നെ വലിയ മാറ്റങ്ങൾ വരുത്തും. അതുകൊണ്ടു തന്നെ മാതൃപി.ടി.എ സ്കൂളിൽ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു.

പി.ടി.എ.ജനറൽ ബോഡിയിൽ നിന്നാണ് മാതൃ പി.ടി.എ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നത്.

സ്കൂളിലെ ഉച്ച ഭക്ഷണ പദ്ധതിയുമായി സഹകരിക്കൽ , അധ്യാപകരുമായി ഊഷ്മളബന്ധം സ്ഥാപിച്ച് കുട്ടിയുടെ അക്കാദമിക - അക്കാദമികേതര പ്രവർത്തനങ്ങളിൽ കൈത്താങ്ങ് നൽകൽ, സ്കൂൾ ശുചിത്വം, അക്കാദമികേതരപ്രവർത്തനങ്ങൾ (ക്യാമ്പുകൾ, വാർഷികം, മേളകൾ, ജൈവ വൈവിധ്യ ഉദ്യാനം, പച്ചക്കറിത്തോട്ടം മുതലായവ..... ) എന്നിവയിൽസഹായിക്കൽ തുടങ്ങിയവയാണ് മതർ പി.ടി.എ യുടെ പ്രധാന ചുമതലകൾ. പി.ടി.എ യുടെ പ്രവർത്തനങ്ങളിലൊക്കെ തന്നെ മാതൃപി.ടി എ ചേർന്ന് നിന്ന് പ്രവർത്തിക്കുന്നതിലൂടെ വിദ്യാലയത്തിന്റെ പുരോഗതി സാക്ഷാത്കരിക്കപ്പെടുന്നു.

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം, അൺ എയ്ഡഡ് സ്ഥാപനങ്ങൾ ഒഴികെയുള്ള എല്ലാ സർക്കാർ സ്കൂളുകളിലും 2 വർഷത്തിലൊരിക്കൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയുംപുനഃസംഘടിപ്പിക്കുകയും വേണം. എല്ലാ രക്ഷിതാക്കളും ഉൾപ്പെടുന്ന ജനറൽ ബോഡി യോഗത്തിൽ നിന്നാണ് എസ്എംസി പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, രക്ഷിതാക്കളുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, അധ്യാപക പ്രതിനിധികൾ തുടങ്ങിയവർ ഇതിൽ ഉൾപ്പെടണം. തിരഞ്ഞെടുത്ത പ്രതിനിധികളിലെ വിദ്യാർത്ഥി ഏതെങ്കിലും കാരണത്താൽ സ്കൂളിൽ നിന്ന് പോയി ടിസി നൽകുകയോ കോഴ്സ് പൂർത്തിയാക്കിയ ശേഷം വിടുകയോ ചെയ്താൽ ബാക്കിയുള്ള കാലയളവിലേക്കുള്ള ഒഴിവിലേക്ക് സമാന വിഭാഗത്തിലെ രക്ഷിതാവിനെ തിരഞ്ഞെടുക്കണം. എക്സ്-ഓഫീഷ്യോ അംഗമോ കൺവീനറോ ജോയിന്റ് കൺവീനറോ ഒഴികെ, 750-ൽ താഴെയുള്ള വിദ്യാർത്ഥികളുള്ള ഒരു സ്കൂളിൽ, കൺവീനറും ജോയിന്റ് കൺവീനറും ഒഴികെ മൊത്തം അംഗങ്ങൾക്ക് 16 അംഗങ്ങളാകാം. 750-ൽ കൂടുതൽ വിദ്യാർത്ഥികളുള്ള ഒരു സ്കൂളിൽ, കൺവീനറും ജോയിന്റ് കൺവീനറും ഒഴികെ മൊത്തം അംഗങ്ങൾക്ക് 20 പേർ ആകാം. കമ്മിറ്റിയിലെ 75% അംഗങ്ങളും വിദ്യാർത്ഥികളുടെ മാതാപിതാക്കളോ മാതാപിതാക്കളുടെ അഭാവത്തിൽ രക്ഷിതാക്കളോ ആയിരിക്കണം. അതോടൊപ്പം - മാതൃ-രക്ഷാകർതൃ-അധ്യാപക അസോസിയേഷനിലെ അംഗങ്ങൾ, തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ, രക്ഷിതാക്കൾ അല്ലെങ്കിൽ രക്ഷിതാക്കൾ - സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ, പ്രത്യേക പരിഗണനയ്ക്ക് അർഹരായ വിദ്യാർത്ഥികൾ. പിന്നോക്ക വിഭാഗങ്ങളെയും വിഷാദ വിഭാഗത്തെയും പ്രതിനിധീകരിക്കുന്ന രക്ഷിതാക്കൾക്ക് മതിയായ പ്രാതിനിധ്യം നൽകണം. ബാക്കിയുള്ള 25% അംഗങ്ങൾ താഴെ നൽകിയിരിക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ളവരായിരിക്കണം. സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഡ് അല്ലെങ്കിൽ ഡിവിഷൻ അംഗം (ബി) സ്കൂളിൽ നിന്ന് തിരഞ്ഞെടുത്ത ഒരു അധ്യാപകൻ (സി) രക്ഷിതാക്കൾ തിരഞ്ഞെടുത്ത സ്ഥലത്ത് നിന്നുള്ള ഒരു വിദ്യാഭ്യാസ വിദഗ്ധൻ. ഭരണപരമായ കാര്യങ്ങളുടെ നിർവ്വഹണത്തിനായി, ഒരു ചെയർമാനോ വൈസ് ചെയർമാനോ മാതാപിതാക്കളിൽ നിന്ന് - പ്രതിനിധികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടണം. കമ്മിറ്റിയുടെ എക്സ് ഒഫീഷ്യോ മെമ്പർ കൺവീനർ ഹെഡ്മാസ്റ്ററോ ടീച്ചറോ ആയിരിക്കും. ഹയർസെക്കൻഡറി വിഭാഗമുള്ള സ്കൂളുകളിൽ പ്രിൻസിപ്പൽ എക്സ് ഒഫീഷ്യോ അംഗം കൺവീനറും എച്ച്എം ജോയിന്റ് കൺവീനറുമായിരിക്കും. കുട്ടികളുടെ സംരക്ഷണം, ആരോഗ്യം, പോഷകാഹാരം, മനഃശാസ്ത്രം, കമ്മിറ്റി ഏറ്റെടുക്കുന്ന ഭരണപരമായ പ്രവർത്തനങ്ങൾ എന്നിവ

സംബന്ധിച്ച് വിദഗ്ധ അഭിപ്രായം തേടുന്നതിന് ഒരേ സമയം മൂന്ന് വിദഗ്ധരെ ക്ഷണിക്കാൻ കൺവീനർക്ക് അവകാശമുണ്ട്.

അസിസ്റ്റന്റ് എജ്യുക്കേഷണൽ ഓഫീസർ കമ്മിറ്റിയുടെ രൂപീകരണം, അംഗങ്ങൾക്ക് നൽകിയ പരിശീലനങ്ങൾ എന്നിവ സ്ഥിരീകരിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം.

സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, സ്കൂൾ വികസന പദ്ധതി തയ്യാറാക്കുകയും അത് നടപ്പിലാക്കാൻ ശുപാർശ ചെയ്യുകയും ചെയ്യുക, സംസ്ഥാന സർക്കാരിൽ നിന്നോ തദ്ദേശ സ്വയംഭരണ വകുപ്പുകളിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ലഭ്യമായ സാമ്പത്തിക സഹായ വിതരണം കാണുക.

സ്കൂളിന്റെ നടത്തിപ്പ് (ഭൗതികം/അക്കാദമികം ) മെച്ചപ്പെടുത്തുന്നതിനായി രൂപികരിക്കുന്ന ഒരു ഗ്രൂപ്പാണ് സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്. പ്രസ്തുത സപ്പോർട്ടിംഗ് ഗ്രൂപ്പിൽ പ്രദേശത്തെ മുൻ അധ്യാപകർ, പ്രാദേശിക പ്രമുഖർ, പൂർവ്വ വിദ്യാർത്ഥികൾ , പി ടി എ , മദർ പി ടി എ എന്നിവർ ഉൾപെടുന്നു. വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾക്ക് കാതലായ മാററം വരുത്താനും അക്കാദമിക പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാനും ഒരു നല്ല എസ്.എസ് ജി ക്ക് സാധ്യമാകും. ആവശ്യത്തിന് അധ്യാപകരില്ലാത്ത വിദ്യാലയങ്ങളിൽ എസ്. എസ്.ജി അംഗങ്ങളിൽ നിശ്ചിതയോഗ്യതയുള്ളവരുടെ സൗജന്യ സേവനം പി.ടി.എ , വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ അനുമതിയോടെ ഉപയോഗപ്പെടുത്താറുമുണ്ട്. കൂടാതെ സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പിൽ ഉൾപ്പെട്ട ഏവരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ സ്കൂളിന്റെ പാഠ്യ- പാഠ്യേതര രംഗങ്ങളിൽ മെച്ചപ്പെട്ട നിലവാരം കൈവരിക്കാനും സാധിക്കും.

ഒരു വിദ്യാലയത്തിൽ മുൻകാലങ്ങളിൽ പഠിച്ച വിദ്യാർത്ഥികളുടെ കൂട്ടായ്മയാണ് പൂർവ വിദ്യാർത്ഥി കൂട്ടായ്മ (old Students Assosciation).

ഈ കൂട്ടായ്മയ്ക്ക് പ്രായം ബാധകമല്ല. ഒരാൾ ഒരു വിദ്യാലയത്തിൽ കുറഞ്ഞ കാലം മാത്രം പഠിച്ച് മറ്റ് വിദ്യാലയത്തിൽ തുടർ പഠനം നടത്തുന്നുണ്ടെങ്കിലും / പഠനം മതിയാക്കി ജോലി ചെയ്യുന്നുണ്ടെങ്കിലും അയാൾക്ക് ആദ്യ വിദ്യാലയത്തിലെ പൂർവ വിദ്യാർഥി എന്ന നിലയിൽ ആ വിദ്യാലയത്തിലെ പൂർവ വിദ്യാർത്ഥി കൂട്ടായ്മയിൽ ചേർന്ന് പ്രവർത്തിക്കാവുന്നതാണ്.

വിദ്യാലയത്തിന്റെ അക്കാദമിക - അക്കാദമികേതര പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഫലപ്രാപ്തിയിലെത്തിക്കുന്നതിനുമായി ആ വിദ്യാലയത്തിലുള്ള കുട്ടികൾ വരുന്ന പ്രദേശങ്ങളെ കേന്ദ്രീകരിച്ച് കോർണർ പി.ടി.എ കൾ സംഘടിപ്പിക്കാവുന്നതാണ്.

അക്കാദമിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി രാത്രി കാല/ വൈകുന്നേര ക്ലാസുകൾ, അവധിക്കാലങ്ങളിൽ വിവിധ ക്യാമ്പുകൾ, പൊതു വിദ്യാലയത്തു നിന്നും അതാത് വർഷം നേടിയെടുത്ത ശേഷികൾ പ്രകടമാക്കുന്ന കുട്ടികളുടെ മികവുത്സവം, എൻറോൾമെന്റ് ക്യാമ്പെയിൻ, കുട്ടികളെ നല്ല വായനക്കാരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, നാടൻകളികൾ, വിവിധ മേളകൾക്കുള്ള തയ്യാറെടുപ്പ് , പച്ചക്കറി കൃഷി എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ കോർണർ പി.ടി.എ കൾക്ക് ഏറ്റെടുത്ത് വിജയിപ്പിക്കാവുന്നതാണ്.

ഒരു കൂട്ടം തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾ സ്കൂളിന്റെ പ്രവർത്തന പുരോഗതിക്കായി നിലകൊള്ളുന്നതാണ് സ്കൂൾ പാർലമെന്റ് സ്പീക്കർ, ലീഡർ, വൈസ് ലീഡർ എന്നിവരെ തിരഞ്ഞെടുക്കുന്നത് കുട്ടികളാണ്.

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പിലൂടെ ജനാധിപത്യ വ്യവസ്ഥിതി കുട്ടികൾ അനുഭവിച്ചറിയുന്നു. അത് പാർലമെന്റ് പ്രവർത്തനം മനസ്സിലാക്കാൻ അവരെ പ്രാപ്തരാക്കുന്നു. കുട്ടികൾ സ്വതന്ത്രമായി അവരുടെ പ്രതിനിധികളെ

തിരഞ്ഞെടുക്കുന്നു. അധ്യാപകരുടെ നേതൃത്വത്തിൽ ബാലറ്റ് പേപ്പർ ഉപയോഗിച്ച് കുട്ടികൾ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു. വിവിധ ബൂത്തുകളിലായി പോളിംഗ് ഉദ്യോഗസ്ഥരായി വിദ്യാർത്ഥികൾ വളരെ അഹ്ളാദത്തോടെ ഇലക്ഷൻ നടപടികൾ പൂർത്തിയാക്കുന്നു. നാമനിർദേശ പത്രിക സമർപണം, തെരഞ്ഞെടുപ്പ് പ്രചരണം,...... മുതൽ ഫലപ്രഖ്യാപനം വരെയുള്ള പ്രവർത്തനങ്ങൾ യഥാർത്ഥ തെരഞ്ഞെടുപ്പ് പോലെ നടത്തുന്നത് തെരഞ്ഞെടുപ്പിനെ കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും കുട്ടികളിൽ അറിവ് നിർമാണം നടക്കുന്നതിന് സഹായകമാകുന്നു സ്കൂൾ പാർലമന്റ് ഇലക്ഷൻ ഡിജിറ്റൽ

സംവിധാനത്തിലൂടെ നടത്തുന്ന വിദ്യാലയങ്ങളുമുണ്ട് എന്നത് ശ്രദ്ധേയമാണ്.

സ്കൂൾലീഡർ, വൈസ് ലീഡർ, സ്പീക്കർ ഇവർക്കു പുറമേ ക്ലാസ് ലീഡർമാരെ കൂടി ഉൾപെടുത്തി അവർക്ക് വിവിധ ക്ലബ്ബുകളുടെ / വകുപ്പുകളുടെ (ആരോഗ്യം, കലാകായികം, ഉച്ച ഭക്ഷണം, ശുചിത്വം, ജൈവ വൈവിധ്യ ഉദ്യാനം, ലൈബ്രറി, വിവിധ മേളകൾ ലരേ... ) ചുമതല കൂടി നിശ്ചയിച്ച് നൽകി അവരുടെ അഭിപ്രായങ്ങൾ/നിർദേശങ്ങൾ എന്നിവ നിർഭയം പ്രകടിപ്പിക്കുന്ന തരത്തിൽ കാര്യക്ഷമമായി സ്കൂൾ പാർലിമെന്റ് പ്രവർത്തനം നടത്തിയാൽ അത് വിദ്യാലയ പുരോഗതിക്ക് മുതൽക്കൂട്ടാവും.

# അരികുവൽക്കരിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസം

29

## നിലമ്പൂർ താഴ്വരയിലെ ചോലനായ്ക്ക കുട്ടികളുടെ വിദ്യാഭ്യാസം– ബദൽമാർഗങ്ങൾക്കായുള്ള ഒരു അന്വേഷണം

ഡോ. രമേഷ്. കെ

**ഗോ**ത്രവർഗക്കാരിൽ വേട്ടയാടിയും കാട്ടുകിഴങ്ങുകൾ ശേഖരിച്ചും കഴിയുന്നവർ വളരെ അപൂർവമാണ് (ഭാനു 1989). നിലമ്പൂർ താഴ്വരയിലെ ചോലനായക്കന്മാർ ഇത്തരം അപൂർവത ഇന്നും നിലനിർത്തുന്ന വിഭാഗമാണ്. അതീവ ദുർബല ഗോത്രവിഭാഗങ്ങളിൽ സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന ആദിവാസി വിഭാഗമാണ് ചോലനായ്ക്കന്മാർ. നിലമ്പൂർ, ചുങ്കത്തറ, കരുളായി എന്നീ റേഞ്ചുകളിലെ ചോലക്കാടുകളിലാണ് ഇവർ പാർപ്പുറപ്പിച്ചിരിക്കുന്നത്. തമിഴും കന്നടവും കലർന്ന ഒരു വാമൊഴിയാണ് ഇവരുടെ ഭാഷ.നിലനിൽപ്പിനെ ആധാരമാക്കിയുള്ള സമ്പത്ത് വ്യവസ്ഥയാണ് (Subsistence economy) ഇവരുടേത്.

### കണ്ടെത്തലുകൾ

ചോലനായ്ക്ക കുട്ടികൾക്കായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ അവരുടെ ആവാസ കേന്ദ്രങ്ങൾക്ക് പുറത്താണ് സ്ഥിതിചെയ്യുന്നത്. ഇതുമൂലം കുട്ടികൾ വിദ്യാഭ്യാസം നേടുന്നതിനായി കുടുംബം ഉപേക്ഷിച്ച് അവർക്ക് അപരിചിതമായ അന്തരീക്ഷത്തിലേക്ക് കുടിയേറേണ്ടതായി വരുന്നു. ഇത് കുട്ടികളെ സ്കൂൾ ഉപേക്ഷിക്കുന്നതിന് പ്രേരിപ്പിക്കുന്നു. വിദ്യാലയത്തിൽ തുടരുന്നകുട്ടികൾ മനസ്സില്ലാമനസ്സോടെയാണ് തുടരുന്നത്.

റസിഡൻഷ്യൽ വിദ്യാലയങ്ങളിലെ സാഹചര്യങ്ങൾ കുട്ടികളുടെ ജീവിത സാഹചര്യത്തിന് ഇണങ്ങുന്നതല്ല, ഹോസ്റ്റലുകളുടെ ഭക്ഷണക്രമം സെറ്റിൽമെന്റിലെ ആഹാരരീതിയിൽനിന്നും തികച്ചും വ്യത്യസ്ഥമാണ്. പ്രകൃതിയെ ആരാധിക്കുന്ന ചോലനായ്ക്കർ വർഷത്തിൽ ഒരിക്കൽ മാത്രമാണ് ദൈവത്തെ മുഖ്യമായും അനുസ്മരിക്കുന്നത്. എന്നാൽ ഹോസ്റ്റലുകളിലെ പ്രാർഥനാരീതി തികച്ചും ഭിന്നമാണ്.

ചോലനായ്ക്കകുട്ടികളുടെ വിദ്യാഭ്യാസത്തിനാവശ്യമായ പ്രൈമറി വിദ്യാലയങ്ങൾ ചോലനായ്ക്ക സെറ്റിൽമെന്റുകളിൽ തന്നെ ആരംഭിക്കണം. ആദ്യരണ്ടു വർഷങ്ങളിലെ വിദ്യാഭ്യാസം അതതു സെറ്റിൽമെന്റുകളിലെ വളണ്ടിയർമാരുടെ പിന്തുണയോടെ പ്രാവർത്തികമാക്കാം. ഇതിനായി കമ്മ്യൂണിറ്റി വിദ്യാലയങ്ങൾ എന്ന സങ്കല്പം പ്രാവർത്തികമാക്കാം. മാഞ്ചീരിയിലെ ഏറ്റവും അനുയോജ്യമായ സ്ഥലത്ത് പ്രൈമറി (മൂന്നു മുതൽ ഏഴുവരെ) വിദ്യാലയം ഹോസ്റ്റൽ സൗകര്യങ്ങളോടെ ആരംഭിക്കണം. ഹൈസ്കൂൾ ഘട്ടത്തിൽ ചോലനായ്ക്ക കുട്ടികൾക്ക് പൊതുവിദ്യായങ്ങളിൽ മറ്റുകുട്ടികളോടൊപ്പം പഠിക്കുവാൻ അവസരമൊരുക്കാം. ഒന്ന് രണ്ട് ക്ലാസുകളിലെ വിനിമയത്തിനായി പാഠഭാഗങ്ങൾ ചോലനായക്ക വാമൊഴിയുടെ സാഹായത്തോടെ തയ്യാറാക്കവുന്നതാണ് അക്കാദമിക വിദഗ്ധന്മാരരുടെയും സന്നദ്ധപ്രവർത്തകരുടേയും പിന്തുണയോടെ വിദ്യാഭ്യാസം ലഭിച്ച ചോലനായ്ക്ക യുവാക്കളുടെ സേവനം പ്രയോജനപ്പെടുത്തി ഒന്ന് രണ്ട് ക്ലാസുകളിലെ പാഠഭാഗങ്ങൾ വികസിപ്പിക്കുകയും വിനിമയം ചെയ്യുകയും ചെയ്യുന്നത് കൂടുതൽ ഫലപ്രദമായിരിക്കും.

വിദ്യാഭ്യാസ പുരോഗതിക്ക് ആവശ്യമായ റോഡുകളും പാലങ്ങളും വിദ്യാലയങ്ങൾ പ്രവർ ത്തിപ്പിക്കാൻ വേണ്ട കെട്ടിടങ്ങളും പ്രൈമിറ ഹെൽത്ത് സെന്ററും അംഗനവാടികളും നിർമിക്കുക.

ചോലനായ്ക്ക സെറ്റിൽമെന്റുകളുടെ സാഹചര്യം കൂടി പരിഗണിച്ചുകൊണ്ട് വിദ്യാലയ കലണ്ടർ രൂപീകരിക്കുക. പ്രവർത്തനസമയം വനത്തിലെ സാഹചര്യത്തിനിണങ്ങും വിധം ക്രമീകരിക്കുക.

സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തി ചോലനായ്ക്ക രക്ഷിതാക്കൾക്കായി ബോധവൽക്കരണം സംഘടിപ്പിക്കുക. ചോലനായ്ക്കർക്കിടയിൽ സമ്പൂർണ സാക്ഷരത നേടുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുക. കൊഴിഞ്ഞുപോയവർക്കായി തുല്യതാ പരീക്ഷകൾ വഴി തുടർപഠനം ഉറപ്പുവരുത്തുക. തൊഴിൽപരിശീലന സംവിധാനങ്ങളിലൂടെ അഭ്യസ്ഥവിദ്യരുടെ തൊഴിലും വരുമാനവും ഉറപ്പുവരുത്തുക.

സെറ്റിൽമെന്റുകളിലേക്കുള്ള പ്രവേശനത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന കർശന നിയന്ത്രണമാണ്.

വിദ്യാഭ്യ സന്നദ്ധപ്രവർത്തകർക്ക് ചോലനായ്ക്ക സെറ്റിൽമെന്റിൽ ആവശ്യാനുസരണം പ്രവേശിക്കാനുള്ള അനുമതി ഉറപ്പുവരുത്തുക. വിദ്യാഭ്യാസ പ്രവർത്തകർക്ക് ആവശ്യമായ യാത്രാസൗകര്യങ്ങൾ ഐ.റ്റി.ഡി.പി. ഏർപ്പെടുത്തുക.

അതീവ ദുർബല ഗോത്രവിഭാഗമെന്ന നിലയിൽ ഇവരുടെ വിദ്യാഭ്യാസത്തിനും സാമൂഹീകരണത്തിനും ആവശ്യമായ സത്വര നടപടികൾ സമയബന്ധിതമായി കൈകൊള്ളത്തപക്ഷം ഈ ജനവിഭാഗം ഭൂമുഖത്തു നിന്നുതന്നെ നിഷ്കാസിതമാകാൻ ഇടയാകും. നിലവിലെ ഭക്ഷ്യശേഖരണ രീതി അവർക്ക് ദീർഘകാലം തുടരാനാകില്ല. വനനിയമങ്ങളിലെ മാറ്റം കാലാവസ്ഥാവ്യതിയാനം, പാരിസ്ഥിതിക പ്രശ്നങ്ങൾ ശോഷിച്ചു വരുന്ന വനസമ്പത്ത് എന്നിവയെല്ലാം അവരുടെ ജീവിതത്തിലും ഇരുൾ പടർത്തുന്നുണ്ട്.

30

## അരികുവൽക്കരിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസം

ഹരിസെന്തിൽ.എം., എച്ച്.എം, ജി.യു.പി.എസ്, അകത്തേത്തറ, 9495529575

**അ**ട്ടപ്പാടി- പാലക്കാട് ജില്ലയിലെ ഒരു ഗിരിവർഗ്ഗ മേഖലയാണ്. ഏതാണ്ട് ആലപ്പുഴ ജില്ലയോളം വിസ്തൃതിയുള്ളതും, ഇന്ത്യയിലെ ഏക ട്രൈബൽ താലൂക്കും ആണ്. നീലഗിരി മലയുടെ തെക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്നതിനാൽ മലയഴകും, പുഴയഴകും ഈ പ്രദേശത്തിന്റെ മാറ്റ് കൂട്ടുന്നു. കിഴക്കോട്ട് ഒഴുകുന്ന ഭവാനിയും, പടിഞ്ഞാറ് ഒഴുകുന്ന ശിരുവാണിയും അട്ടപ്പാടിയെ മൂന്നു പഞ്ചായത്തായി വിഭജിക്കുന്നു. അഗളി, ഷോളയാർ, പുത്തൂർ ഈ മൂന്ന് പഞ്ചായത്തുകളിലായി ഏതാണ്ട് 140 ഓളം ട്രൈബൽ കോളനികളിൽ (ആദിവാസി ഊരുകൾ) ഗോത്രവിഭാഗക്കാർ വസിച്ചു വരുന്നു. മൂന്ന് ആദിവാസി വിഭാഗമാണ് ഇവിടെ ജീവിച്ച് വരുന്നത്. ഇരുളർ, കുറുമ്പർ, മുഡുഗർ ഇതിൽ കുറുമ്പ വിഭാഗം പ്രാകൃത ഗോത്രവിഭാഗമാണ്. ഇവരെക്കൂടാതെ കുടിയേറ്റക്കാരായ കേരള, തമിഴ് ജനതയും ഇവരോടൊപ്പം ഉണ്ട്. ഭൂരിഭാഗവും ആദിവാസികൾ എന്ന നിലയിൽ നിന്ന് ഇപ്പോൾ വ്യത്യാസം വന്നിട്ടുണ്ട്. ഈ വ്യത്യാസം അവരുടെ ജീവിതത്തിലും വളരെ വലിയ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ 25 വർഷത്തിനിടിയിൽ വലിയ മാറ്റം തന്നെ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് ഇടതുപക്ഷ ഭരണകാലഘട്ടങ്ങളിൽ. അതെടുത്ത്പറയാൻ കാരണം അട്ടപ്പാടിയിൽ വിദ്യാഭ്യാസ മേഖലയിൽ ഒരു വലിയ വഴിത്തിരിവ് എന്ന് പറയുന്നത്. 1996-97 കാലഘട്ടത്തിലാണ് ഒരു വലിയ അധ്യാപക നിയമനം ഉണ്ടാവുന്നത്. ഒരു പക്ഷെ കേരളത്തിൽ തന്നെ ആദ്യമായിരിക്കും ഒരു ലിസ്റ്റിൽ നിന്ന് അയ്യായിരത്തോളം പേരെ നിയമിക്കുന്നത്. അത് ശ്രീ. E.K നായനാർ സർക്കാരിന്റെ ഭരണകാലമായിരുന്നു. നാൽപതോളം ചെറുപ്പക്കാർ അട്ടപ്പാടിയിലെ വിവിധ വിദ്യാലയങ്ങളിൽ ആദ്യഘട്ടത്തിൽ നിയമനം കിട്ടി വരുകയുണ്ടായി. അതേ കാലഘട്ടത്തിലാണ് ഉജഋജ കേരളത്തില് പാലക്കാട് ജില്ല ഉൾപ്പടെ 5 ജില്ലകളിൽ നടപ്പാക്കുന്നത്. പുതിയ പഠന തന്ത്രങ്ങളും, പുതിയ അധ്യാപകരും പരമ്പരാഗത രീതി തുടർന്നു വന്നിരുന്ന പഴയ തലമുറക്കാരായ അധ്യാപകർക്കും, വിദ്യാലയങ്ങൾക്കും പുത്തൻ ഉണർവേകി. അക്കാലയളവ് വരെ ഒരു തരത്തിൽ പറഞ്ഞാൽ കുറച്ചു വിഭാഗം അധ്യാപകരെങ്കിലും ആദിവാസികളെ ചൂഷണം ചെയ്തിരുന്നു. മദ്യാപാനത്തിനും ലഹരിക്കും അടിമയായ വിദ്യാഭ്യാസ പ്രവർത്തകർ (അധ്യാപകർ) അന്ന് മിക്ക വിദ്യാലയങ്ങളിലും ഉണ്ടായിരുന്നു. അതിന്റെ ദോഷങ്ങൾ അന്നത്തെ കുട്ടികളും അനുഭവിച്ചിട്ടുണ്ട്.

DPEPയുടെ ഭാഗമായി അവധിക്കാല പരിശീലനങ്ങൾ, ക്ലസ്റ്റർ പരിശീലനങ്ങൾ ചിതറിക്കിടന്നിരുന്ന അധ്യാപക മനസ്സുകളെയും വിദ്യാലയങ്ങളെയും ഒന്നിപ്പിച്ചു. വിദ്യാലയ പ്രവർത്തനങ്ങളെ ആവേശമായി ഏറ്റെടുക്കുകയും, അക്കാദമിക മുന്നേറ്റത്തിനായി വ്യത്യസ്ത ചിന്തകൾ, ആശയങ്ങൾ മുന്നോട്ട് വരികയും ചെയ്തു. മുഴുവൻ ഗോത്ര വിഭാഗം കുട്ടികളെയും വിദ്യാലയത്തിൽ എത്തിക്കുക, വിദ്യാഭ്യാസം നൽകുക എന്ന ഉത്തരവാദിത്തം പുതു തലമുറ ഏറ്റെടുത്തു. അതിന്റെ ഭാഗമായി അധ്യാപകർ നിരവധി വെല്ലുവിളികൾ നേരിട്ടിരുന്നു. അതിൽ പ്രധാനം ഭാഷാപരമായ വെല്ലുവിളിയാണ്. ഒന്നാം ക്ലാസ്സിൽ എത്തുന്ന കുട്ടി പറയുന്നതെന്തെന്ന് അധ്യാപകന് മനസ്സിലാകാത്ത അവസ്ഥ. ഇരുള, മുഡുഗ, കുറുമ്പ എന്നീ വിഭാഗക്കാർ വ്യത്യസ്ത ഗോത്രഭാഷകളും വ്യത്യസ്ത ആചാരങ്ങളും പിന്തുടർന്നവരായിരുന്നു. കുട്ടികളുമായുള്ള ആശയവിനിമയം സുഗമമായാലേ പഠനം ആയാസമാകൂ. ഈ ഒരു പ്രശ്നം പ്രോജക്റ്റിൽ ചർച്ച ചെയ്യുകയും, ചർച്ചാവസാനം ബന്ധഭാഷാ നിഘണ്ടു തയ്യാറാക്കുക എന്ന തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്തു. തുടർന്ന് അഭ്യസ്തവിദ്യരായ ഗോത്ര വിഭാഗക്കാർ, പഴയകാല അധ്യാപകർ, ഊര് മൂപ്പന്മാർ എന്നിവരടങ്ങുന്ന ഒരു റിസോഴ്സ് ഗ്രൂപ്പ് മൂന്ന് ഗോത്ര വിഭാഗത്തിന്റെ ബന്ധഭാഷാ നിഘണ്ടു രൂപപ്പെടുത്തി. ദൈനംദിന ജീവിതത്തിൽ കുട്ടി ഉപയോഗിക്കുന്ന എല്ലാ പദങ്ങളും ഉൾപ്പെടുത്തിയായിരുന്നു നിഘണ്ടു തയ്യാറാക്കിയത്. ബന്ധഭാഷാ നിഘണ്ടു കുട്ടിയുടെ ആശയവിനിമയത്തെ ഏറെ സഹായിച്ചു. തുടർന്ന് ഇതിനൊരു ശാശ്വത പരിഹാരം കാണാൻ സർക്കാർ പിന്തുണയോടെ പാലക്കാട് ഒരു സ്പെഷ്യൽ

TTC കോഴ്സ് സംഘടിപ്പിച്ചു. ഒരു ബാച്ച് മുഴുവനും ഗോത്രവിഭാഗക്കാരായ വിദ്യാർത്ഥികൾ. അങ്ങനെ 40 അധ്യാപക വിദ്യാർത്ഥികൾ ഒരേ ബാച്ചിൽ പഠിച്ചിറങ്ങി. തുടർന്ന് ഗോത്രവിഭാഗക്കാർ TTC അപേക്ഷിക്കുകയും തുടർന്ന് നിരവധിപേർ കോഴ്സ് പൂർത്തിയാക്കി ജോലി ചെയ്ത് വരുന്നു. ഇന്ന് അവർക്കിടയിൽ ജീവനക്കാരുടെ സംഘടന തന്നെയുണ്ട്.

വ്യത്യസ്ത ആഘോഷങ്ങളും ആചാരങ്ങളും പിന്തുടർന്നു വന്നിരുന്ന ഗോത്രജനതയ്ക്ക് പൊതുസംവിധാനത്തിലെ ഓണം, ക്രിസ്തുമസ് എന്നീ അവധികൾ അവരുടെ ജീവിത രീതിയുമായി പൊരുത്തപ്പെടുന്നതായിരുന്നില്ല. അവർക്ക് തനതായ ആഘോഷങ്ങൾ - മല്ലീശ്വര ഉത്സവം, പൊങ്കൽ ലരേ. എന്നീ വേളകളിൽ വിദ്യാലയങ്ങൾ ശൂന്യമായിരിക്കും. ഇന്ന് ആ പ്രശ്നങ്ങൾ ഒരു പരിധി വരെ അനുഭവപ്പെടുന്നില്ല.

പുതിയ അധ്യാപക നിയമനത്തോടുകൂടി വിദ്യാലയം ഉണർന്നു എങ്കിലും അപ്പോഴും വളരെ ഉൾപ്രദേശങ്ങളിലും വനാന്തരങ്ങളിലും താമസിക്കുന്ന കുട്ടികൾ വിദ്യാഭ്യാസത്തിന് പുറത്ത് തന്നെയായിരുന്നു. അവരെ വിദ്യാലയത്തിൽ എത്തിക്കുക എന്നത് ഉയർന്ന വെല്ലുവിളിയായിരുന്നു. ഏതാണ്ട് അന്നത്തെ (199697) സർവ്വെ അനുസരിച്ച് 600 ഓളം കുട്ടികൾ അപ്പോഴും സ്കൂളിന് പുറത്തായിരുന്നു.

ഊരുകൾ തോറും കയറി ഇറങ്ങി കുട്ടികളെ വിദ്യാലയത്തിൽ എത്തിക്കാൻ ബോധവൽക്കരണവും, മറ്റു സംവിധാനങ്ങൾ (ഹോസ്റ്റൽ) ഉപയോഗിക്കണം എന്നും അവരെ പറഞ്ഞ് മനസ്സിലാക്കി. ആ ഒരു യാത്രയിൽ ഒരു Lay ാമിന്റെ വാക്കുകൾ ആണ് പിന്നീട് വിദ്യാഭ്യാസ മേഖലയിൽ തന്നെ ഒരു വിപ്ലവം സൃഷ്ടിച്ചത്. ആ വാക്കുകൾ.

'സാറെ കുട്ടി സ്കൂളിലേക്ക് വന്നില്ലെങ്കിൽ സ്കൂൾ കുട്ടീടെ അടുത്ത് കൊണ്ട് വന്നാൽ പോരെ'.

MGLCഎന്ന ആശയത്തിന് അങ്ങനെയാണ് തുടക്കം കുറിക്കുന്നത്. ആന്ധ്രാപ്രദേശിലെ E-In-വാലി മോഡൽ കാർഡുകൾ ഉപയോഗിച്ച് വ്യത്യസ്ത പ്രായക്കാരെ ഒന്നിച്ചിരുത്തി പരിശീലിപ്പിച്ചു. നാലാംതരം നിലവാരത്തിൽ എത്തിയാൽ കുട്ടിയെ ഒരു മൂല്യനിർണ്ണയത്തിന് വിധേയനാക്കി തൊട്ടടുത്തുള്ള ഹോസ്റ്റൽ സൗകര്യമുള്ള ഗവ. സ്കൂളിലേയ്ക്ക് മാറ്റും. അങ്ങനെ പഠിച്ച് ഉയർന്ന നിലയിൽ എത്തിയ ഒരു പാട് നേർസാക്ഷ്യങ്ങൾ അട്ടപ്പാടിയിൽ ഉണ്ട്. ഒഏഘഇകൾ അട്ടപ്പാടിയിൽ മാത്രമല്ല. കുട്ടിയ്ക്ക് സ്കൂൾ അപ്രാപ്യമായ എല്ലാ ഇടങ്ങളിലും പിന്നീട് ആരംഭിച്ചു. പിന്നീട് ചിലത് ഘജ സ്കൂളുകളായി അപ്ഗ്രേഡ് ചെയ്തു. ഒഏഘഇകൾ പിന്നീട് അകട എന്ന് മാറി. തുടർന്ന് ഇപ്പോഴത്തെ സർക്കാർ അവ പൂർണ്ണമായും നിർത്തലാക്കി. കാരണം കുട്ടികൾക്ക് യഥേഷ്ഠം യാത്രാസൗകര്യവും, വിദ്യാലയവും ആയിക്കഴിഞ്ഞു. ഒഏഘഇകളിൽ ജോലി ചെയ്തിരുന്ന അധ്യാപകർ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരായി പരിഗണിച്ച് ജോലി നൽകുകയും ചെയ്തു. MGLC കൾക്ക് സർക്കാർ അന്ന് നല്ല ശ്രദ്ധയും ഫണ്ടും നൽകിയിരുന്നു. കുട്ടികൾക്ക് ആഘോഷപരിപാടികൾ പഠനയാത്രകൾ വിവിധ ക്ലാസ്സുകൾ എന്നിവ നടത്തിയതിലൂടെ വലിയ മുന്നേറ്റമാണ് ഉണ്ടാക്കാൻ കഴിഞ്ഞത്.

ഇന്ന് അട്ടപ്പാടിയിൽ ഗവൺമെന്റ്/എയ്ഡഡ്/ അൺ എയ്ഡഡ്/ പ്രൈവറ്റ് വിഭാഗങ്ങളിൽ ആവശ്യത്തിന് വിദ്യാലയങ്ങൾ ഉണ്ട്.

13പ്രീപ്രൈമറി, 28 LP വിഭാഗം, 16 OP വിഭാഗം, 12 HS വിഭാഗം, 5 HSS വിഭാഗം, 2 VHSC വിഭാഗം വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ 1ഗവ. കോളേജ്, 1 IHRD കോളേജ്, 1 ഗവ. ITI, 1 അൺ എയ്ഡഡ് പോളിടെക്നിക് എന്നീ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസ പരമായി ഒരുപാട് മുന്നോട്ട് പോകാൻ അട്ടപ്പാടിക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാസമ്പന്നരായ ഗോത്രവിഭാഗക്കാർ പല ഉയർന്ന സ്ഥാനങ്ങളിലും ജോലി ചെയ്ത് വരുന്നു. അവരുടെ ജീവിത രീതിയിലും നിലവാരത്തിലും മാറ്റം വരുന്നു. അതുകൊണ്ട് തന്നെ അവർ ഊര് സമ്പ്രദായത്തിൽ നിന്നും മാറിവരാൻ ആഗ്രഹിക്കുന്നു. പലതും അട്ടപ്പാടിക്ക് പുറത്ത് പോയി സെറ്റിൽ ചെയ്യുന്നു.

ആദിവാസി വിഭാഗത്തിൽ തന്നെ ഏതാണ്ട് രണ്ടായിരത്തിലധികം സർക്കാർ ജീവനക്കാർ ഉണ്ടെന്നാണ് കണക്ക്. കഴിഞ്ഞ കാല നൂറ്റാണ്ടിനുള്ളിൽ പ്രകടമായ അല്ലെങ്കിൽ വിപ്ലവകരമായ വിദ്യാഭ്യാസ മാറ്റം ഉണ്ടായിട്ടുണ്ട് എന്ന പറയാൻ കഴിയും. അതിൽ ഇടത് പക്ഷ സർക്കാരിന്റെ ദീർഘവീക്ഷണത്തോടുകൂടിയ ഇടപെടൽ ഏറെ സഹായകമായിട്ടുണ്ട്.

അട്ടപ്പാടിയിലെ ആദിവാസികൾ വിദ്യാഭ്യാസപരമായും, മറ്റുരീതിയിലും, ഉയർച്ചയുടെ /വികസനത്തിന്റെ /മുന്നേറ്റത്തിന്റെ പാതയിലാണ്. ഈ പാത സാമൂഹികമായും, സാമ്പത്തികമായും വർഗ്ഗീയമായുമുള്ള അന്തരം ഇല്ലാതാനുള്ള ലക്ഷ്യത്തിലേക്കാണ്.

# 31

# പാർശ്വവൽകൃതരുടെ ബഹുമുഖങ്ങളായ വിദ്യാഭ്യാസ പ്രശ്നങ്ങൾ

ധന്യ പി വാസു, ജില്ലാ പ്രോഗ്രാം ഓഫീസർ, സമഗ്ര ശിക്ഷാ, കോട്ടയം, 9446714880

**പാ**ർശ്വവത്കൃത വിദ്യാഭ്യാസ പ്രശ്നങ്ങൾ ബഹു മുഖ പ്രശ്നമായതിനാലും സമൂഹത്തിനനുസരിച്ചു വ്യത്യസ്തമായതിനാലും ഇടപെടലുകളും തികച്ചും അനുരൂപീകൃതമാവണം. കേരളത്തിലെ ആദിവാസി മേഖലകളായാലും ഇതര സംസ്ഥാന തൊഴിലാളി മേ ഖലകളായാലും തീരദേശ മേഖലകളായാലും മറ്റു പാർ ശ്വവത്കൃത മേഖലകളായാലും വിദ്യാലയ പ്രാപ്യത, നിലനിർത്തൽ, തുല്യത, ഗുണത എന്നിവയൊക്കെ പരിഗണന വിഷയമാക്കേണ്ടതുണ്ടെങ്കിലും പ്രത്യേ കമായി തയ്യാറാക്കപ്പെട്ട അക്കാദമിക ഇടപെടലുകൾ രൂപപ്പെടുത്തേണ്ടതും കൃത്യമായി വിനിമയം ചെയ്യ പ്പെടേണ്ടതുമുണ്ട്.

ആദിവാസി മേഖലകൾ തന്നെ വിദൂര വനാന്തര വിഭാഗങ്ങളും, മുഖ്യധാരാ മേഖലകളിൽ കോളനിക ളായി വസിക്കുന്നവരും, മുഖ്യധാരാ മേഖലകളിൽ ചിതറി വസിക്കുന്നവരും, വനത്തിനോട് ചേർന്നുള്ള ഭാഗങ്ങളിൽ വസിക്കുന്നവരും, നാടോടി വിഭാഗങ്ങ ളും ഉണ്ട്. ഇവരോരോ വിഭാഗത്തിനും പ്രാദേശിക അനുരൂപീകൃത ഇടപെടലുകൾ ആവശ്യമാണെന്ന തല്ല, ഒരേ വിഭാഗത്തിലെ ഒരേ സാഹചര്യങ്ങളിലെ വ്യത്യസ്ത കുടികൾ/ ഊരുകളിൽ പോലും പ്രത്യേക അനുരൂപീകൃത ഇടപെടലുകൾ രൂപപ്പെടേണ്ടതുണ്ട് എന്നതാണ് വെല്ലുവിളി. പ്രാദേശിക ഭാഷയിലും, സം സ്കാരത്തിലും, അനുഭവങ്ങളിലും,ആചാരങ്ങളിലും എല്ലാം പ്രകടമായ വ്യത്യാസം ദൃശ്യമാണ്. ഇത്തരം വ്യത്യസ്തതകളെ സൂക്ഷ്മതലത്തിൽ പരിഗണിച്ചുകൊ ണ്ടുള്ള വിദ്യാഭ്യാസ ഇടപെടലുകൾ പ്രാദേശികമായി തയ്യാറാക്കേണ്ടുന്നതിനുള്ള പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തുക എന്നത് വിദ്യാഭ്യാസ രീതിയുടെ ഭാഗമായിത്തന്നെ വരണം. ഇത്തരം ഇടപെടലുകൾ വിദ്യാഭ്യാസത്തിന്റെ ആദ്യ ഘട്ടത്തിൽ മാത്രമാവും ആവശ്യമായി വരിക. ക്ലാസ് മുറികളിലേക്ക് കുട്ടികളെ ജൈവികമായി സ്വാഗതം ചെയ്യുന്ന പ്രാരംഭ പ്രവർത്ത നങ്ങൾ. പഠന പ്രവർത്തനങ്ങളെ മുന്നറിവുകളുമായി ബന്ധിപ്പിച്ചു നൽകിക്കൊണ്ട് പ്രാദേശിക അനുഭവത്തി ലൂടെ പഠനം ആസ്വാദ്യകരവും ഗുണകരവുമാക്കുന്ന സാധ്യതകൾ രൂപപ്പെടുത്തണം. ഇടുക്കി കോട്ടയം എറണാകുളം ജില്ലകളിൽ ആദിവാസി മേഖലയിലെ അനുഭവങ്ങൾ ഇത്തരം പ്രവർത്തനങ്ങളുടെ ആവശ്യ കതയാണ് ഗവേഷകന് ബോധ്യപ്പെടുത്തിയത്.

ഇടമലക്കുടി ഉൾപ്പെടെയുള്ള വനാന്തര മേഖലക ളിൽ സ്കൂൾ അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിലൂ ടെ പ്രകടമായ മാറ്റങ്ങൾ സൃഷ്ടിക്കാനാവും. എന്നാൽ നാടോടി വിഭാഗങ്ങളായ മലമ്പണ്ടാരം ഉൾപ്പെടെയു ള്ളവർക്ക് അവരുടെ അനിവാര്യ യാത്രയ്ക്കിടയിലെ അനുഭവങ്ങൾ പഠനവുമായി ഉൾച്ചേർക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുകയും പഠന നേട്ടങ്ങളെയും നൈപുണികളെയും ഊന്നിക്കൊണ്ട് പഠന സാഹച ര്യങ്ങൾ പുനർചിന്തനീയ വിഷയമാക്കുകയും മൂല്യ നിർണയം അപ്രകാരം അനുരൂപീകൃതമാക്കുകയും വേണ്ടതുണ്ട്. പ്രാദേശിക ഭാഷയിൽ മാത്രമുള്ള പഠനം ഭാവിയിലെ ഉന്നതവിദ്യാഭ്യാസത്തിൽ നിന്നും തങ്ങളെ മാറ്റിനിർത്തുമെന്ന ആശങ്കയും രക്ഷിതാക്കൾക്കുണ്ട്. പ്രാദേശിക സാധ്യതകളെ സംരക്ഷിക്കുന്നതോടൊപ്പം മുഖ്യധാരാ സാധ്യതകൾ പ്രയോജനകരമാക്കുന്നതി നുള്ള അവസരവും ലഭ്യമാക്കേണ്ടതുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് അവരുടെ രക്ഷിതാക്കളുടെ കുടിയേറ്റത്തിന്റെ സ്വഭാവ മനുസരിച്ചുള്ള അനുരൂപീകൃത പഠന സാധ്യതകളാണ് പ്രയോജനകരമാവുക. സ്ഥിരമായി കേരളത്തിൽ ജീ വിക്കുവാൻ തീരുമാനിക്കുന്നവർക്ക് ആദ്യഘട്ടത്തിൽ മാത്രമേ പിന്തുണ ആവശ്യമുണ്ടാകൂ. ആദ്യ ക്ലാസ്സുക ളിലെ ഭാഷ പിന്തുണയ്ക്കായി മുതിർന്ന കുട്ടികളെ ഉപയോഗപ്പെടുത്തുക മാത്രം മതിയാവും. ഇത്തരം കുട്ടികൾക്കായി നമ്മുടെ ക്ലാസ് മുറികളിലെ ശിശു സൗഹൃദ രീതിശാസ്ത്രം, അധ്യാപകരുടെ മനോഭാവം എന്നിവയുടെ മെച്ചപ്പെടുത്തൽ ഊന്നുന്ന അനുഭവ ങ്ങൾ അധ്യാപകർക്ക് ലഭ്യമാക്കുവാൻ സാധിക്കണം. എന്നാൽ ഇടയ്ക്കിടെ വന്നു പോകുന്ന, നിരവധി സം സ്ഥാനങ്ങളിലേക്ക് ജോലി ആവശ്യങ്ങൾക്കായി കുടി യേറുന്ന തൊഴിലാളികളുടെ കുട്ടികൾക്ക് അവരുടെ പഠന തുടർച്ച ഉറപ്പാക്കുന്നതിന് ബന്ധിപ്പിക്കൽ ഭാഷ ഉപയോഗിച്ചുകൊണ്ടുള്ള നൈപുണി അധിഷ്ഠിത ക്യാ പ്സ്യൂളുകളാവും പ്രയോഗികമാവുക. കുട്ടിയുടെ പ ഠന തുടർച്ച തടസ്സമില്ലാതെ സാധ്യമാക്കുന്ന ചാനൽ സൃഷ്ടിച്ചു നല്കാനാവണം. മൂന്നാറിലെ തമിഴ് മേഖല കളിൽ ധാരാളം രക്ഷിതാക്കൾ കുട്ടികളെ വിദ്യാലയ ത്തിലേക്കയക്കത്തിന് കാരണമായി പറഞ്ഞത് തമിഴ് ഭാഷാ പഠനം കുട്ടികളുടെ തുടർപഠനത്തിന് ആത്മവി ശ്വാസം കെടുത്തുന്നു എന്നതാണ്. ഇടയ്ക്കുള്ള ക്ലാസ്സു കളിൽ വന്നു ചേരുന്ന കുട്ടികൾക്കും ബോധന ഭാഷ വലിയ പ്രശനം തന്നെയാണ്. അവരിലും പ്രാദേശിക ആവശ്യത്തിനനുസരിച്ചുള്ള മോഡ്യൂളുകൾ രൂപപ്പെ ടുത്തുവാൻ അധ്യാപകരെ പ്രാപ്തരാക്കണം. ഇത്ത രം പ്രവർത്തനങ്ങൾക്കൊപ്പം കുട്ടികളുടെ മാതൃഭാഷ അവരുടെ അവകാശമെന്നിരിക്കെ മാതൃഭാഷ അനു ഭവങ്ങൾ ഓൺലൈൻ സാധ്യതകളിലൂടെയെങ്കിലും ലഭ്യമാക്കുകയും ആവാം.

ഒരോ അരികുവല്കൃത സമൂഹത്തിനായും ഒരു പക്ഷെ അരികുവല്കൃത വ്യക്തിക്കായും സാമൂഹിക ഇടപെടലുകളും വ്യക്തിഗത ഇടപെടലുകളും രൂപ പ്പെടേണ്ടതായി വരും. അതിന്നായി അധ്യാപക സമൂ ഹത്തെയും രക്ഷാകർതൃ സമൂഹത്തെയും തയ്യാറാ ക്കേണ്ടതുണ്ട്.

32

# അരികുവൽക്കരിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസം

ബീന പി., 'അരുണിമ', നരിക്കുനി പി.ഒ., കോഴിക്കോട്, :673585., 9496110108

**കൈത്താങ്ങ് :**

കൊഴിഞ്ഞുപോക്ക് എന്ന പ്രശ്നത്തെ മറികടക്കാനായി 2006–07 അധ്യയനവർഷം നടപ്പിലാക്കിയ പ്രവർത്തനമാണ് കൈത്താങ്ങ്.

സാർവത്രിക വിദ്യാഭ്യാസം പ്രാവർത്തികമാക്കുമ്പോൾ വിദ്യാലയത്തിന്റെ സ്ഥലപരിധിയിലുള്ള പണിയ വിഭാഗത്തിൽപ്പെട്ട മുഴുവൻ കുഞ്ഞുങ്ങളെയും ഹാജർ പുസ്തകത്തിൽ ചേർക്കാൻ കഴിയുന്നുണ്ടെങ്കിലും വർഷം മുഴുവൻ നിലനിർത്താൻ കഴിയാതെ പോകുന്നു. ഇത് പഠന പിന്നാക്കാവസ്ഥക്കും കൊഴിഞ്ഞുപോക്കിനും കാരണമാകുന്നു. ഈ ഒരു അവസ്ഥയുടെ അടിസ്ഥാന കാരണം കണ്ടെത്തി പ്രശ്നം പരിഹരിച്ചേ തീരൂ. അതിനായി ഈ കുഞ്ഞുങ്ങളുടെ വിദ്യാലയത്തിനകത്തും പുറത്തുമുള്ള അവസ്ഥകളും ഗൃഹാന്തരീക്ഷവും പഠന വിധേയമാക്കി. വിവിധ സ്രോതസ്സുകളിൽ നിന്നും കുഞ്ഞുങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ചു. അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ സങ്കേതങ്ങളിലെ നിരന്തര സന്ദർശകരായി സ്നേഹത്തോടെ അവരോടൊപ്പം ചേർന്നു. തുടക്കത്തിലെ അകൽച്ചയും അപരിചിതത്വവും പതുക്കെ മാറ്റിയെടുത്തു. തുടിയടിച്ചും പാട്ടു പാടിയും ആഹ്ലാദിച്ചും, ഭാഷ പഠിച്ചും, കളിച്ചും, ഭക്ഷണം ശേഖരിച്ചും, കഴിച്ചും പരസ്പരം മാനസിക അടുപ്പം സ്ഥാപിച്ചു. അവർ സ്വന്തം കുഞ്ഞുങ്ങളായി മാറി.

വിവിധ സങ്കേതങ്ങളിൽ നിന്ന് വിദ്യാലയത്തിലെത്തുന്ന പണിയ വിഭാഗം കുഞ്ഞുങ്ങളുടെ പ്രകൃതവും വിദ്യാലയത്തെ സമീപിക്കുന്ന രീതിയും സമാനമാണ്. എന്നാൽ ഇത് ക്ലാസ്സ് മുറികളിലെത്തുന്ന മറ്റു വിഭാഗം കുട്ടികളിൽ നിന്ന് തികച്ചും വിഭിന്നമാണ്. സാമൂഹ്യ ജീവിത ക്രമത്തിലുള്ള വ്യത്യാസമാണ് ഇതിനു കാരണം. ഇതര പട്ടിക വിഭാഗത്തിൽ നിന്നും പണിയ വിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതി, ജീവിത രീതി, ഭാഷ, വേഷം, ആഹാരം, ആചാരം, അനുഷ്ഠാനം, വിശ്വാസം എന്നിവയെല്ലാം തികച്ചും വ്യത്യസ്ഥവും തനിമയുള്ളതും കെട്ടുറപ്പുള്ളതുമാണ്. സങ്കേതങ്ങളിൽ കുഞ്ഞുങ്ങൾ എല്ലാ കൂട്ടായ്മയിലും പങ്കാളികളും അഭിപ്രായ സ്വാതന്ത്ര്യമുള്ളവരും പ്രവർത്തനനിരതരുമാണ്. വിദ്യാലയത്തിൽ ഇവർ വിമുഖരും പിന്നാക്കക്കാരുമാകുന്നതിനുള്ള കാരണം ഇവരുടെ സാമൂഹ്യ ജീവിത പരിസരം പരിഗണിക്കാത്ത നിലവിലെ വിദ്യാലയ സമീപനവും രീതികളുമാണ്.

എസ്.ആർ.ജി., എസ്.എം.സി., പി.ടി.എ., പണിയ വിഭാഗം രക്ഷിതാക്കളുൾപ്പെടുന്ന പ്രത്യേക പി.ടി.എ., ഇവരുടെ ഭാഷയും സംസ്കാരവുമറിയാവുന്ന മറ്റു വിഭാഗക്കാർ എന്നിവരുടെ കൂട്ടായ്മയിലൂടെ ഈ കുഞ്ഞുങ്ങളോടുള്ള സമീപനത്തിലും വിദ്യാലയ പ്രവർത്തനങ്ങളിലും അവരെ ചേർത്തു നിർത്തുന്ന തരത്തിലുള്ള മാറ്റങ്ങൾ വരുത്തി. ഇവരുടെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും പരിമിതികൾക്കും പരിഗണന നൽകി. സങ്കേത സന്ദർശന വേളകളിൽ ശേഖരിച്ചതും കുഞ്ഞുങ്ങൾ വീടുകളിൽ നിന്ന് പാടിപ്പതിഞ്ഞതും പലപ്പോഴായി അവർ പങ്കുവെച്ചതുമായ തുടിയും പാട്ടുകളും കളികളും കടംകഥകളും ചൊല്ലുകളും കഥകളും നിർമാണ വിദ്യകളും അവരുടെ ശൈലികളും സന്ദർഭാനുസരണം അവരുടെ ഭാഷയും ഉൾച്ചേർത്ത് മൂന്നുമണി മുതൽ നാലു മണി വരെയുള്ള സമയത്ത് വിദ്യാലയത്തിൽ അവരുടെ മാത്രം ഗ്രൂപ്പിൽ പ്രയോഗവൽക്കരിച്ചു. നാടോടി സാഹിത്യത്തോടൊപ്പമോ അതിനേക്കാളുയരത്തിലോ സ്ഥാനമർഹിക്കുന്ന വിപുലവും വിചിത്രവുമായ തനതു സംസ്കാരം വിളിച്ചോതുന്ന ഗോത്ര സാഹിത്യത്തിനുടമകളാണിവർ.

കൈത്താങ്ങ് എന്ന പ്രവർത്തനത്തിലൂടെ കുഞ്ഞുങ്ങളുടെ ആത്മവിശ്വാസം വർദ്ധിച്ചു. തങ്ങൾ ആനുകൂല്യം പറ്റാൻ മാത്രമുള്ളവരല്ലെന്ന ബോധ്യം കൈവന്നു. അടിമ മനോഭാവത്തിൽ നിന്ന് നേതൃപാടവത്തിലേക്ക് ഉയർന്നു. സ്വന്തം സംസ്കാരത്തിൽ അഭിമാനമുള്ളവരായി. അധ്യാപകർ തങ്ങൾക്കു കൂടി വേണ്ടി നിലകൊള്ളുന്നു എന്ന ആത്മവിശ്വാസം കൈവന്നു. വിദ്യാലയം പരിഗണനയും സംരക്ഷണവും ആഹ്ലാദവും ലഭിക്കുന്ന, തന്നെ ഉൾക്കൊള്ളുന്ന ഇടമാണെന്ന് കുഞ്ഞ് തിരിച്ചറിഞ്ഞു. അവരെ വിദ്യാലയത്തിലേക്ക് ആകർഷിക്കാനും നിലനിർത്താനും കഴിഞ്ഞു.

**കൈവിളക്ക് :**

2007–08 അധ്യയന വർഷം പണിയവിഭാഗത്തിലുള്ള കുഞ്ഞുങ്ങളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി രൂപം നൽകിയ പ്രവർത്തനമാണ് കൈവിളക്ക്. മുൻവർഷം കൈത്താങ്ങ് എന്ന പ്രവർത്തനത്തിലൂടെ ഈ കുഞ്ഞുങ്ങളെ സജീവമാക്കാനും വിദ്യാലയത്തിലേത്തിക്കാനും കഴിഞ്ഞെങ്കിലും ക്ലാസ്സ്മുറികളിലെ പൊതു പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഇവർ താത്പര്യം കാണിക്കുന്നില്ല. നിർബന്ധപൂർവ്വം പങ്കെടുപ്പിക്കാൻ ശ്രമിക്കുമ്പോൾ വീണ്ടും ഹാജരില്ലായ്മയിലേക്ക് നയിക്കുന്നു. തനത് ഗ്രൂപ്പിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിലെ ആവേശവും പങ്കാളിത്തവും താൽപര്യവും ചടുലതയും പൊതു പഠന പ്രവർത്തനങ്ങളിലും എങ്ങനെ നിലനിർത്താമെന്നുള്ള കൂടിയാലോചനകളും ഇടപെടലുകളും നടത്തി. ഇവരുടെ മാനസിക പങ്കാളിത്തമില്ലായ്മക്ക് കാരണം അന്യവും അപ്രാപ്യവുമായ പാഠപുസ്തകങ്ങളും മുൻപരിചയമില്ലാത്തതും ജീവിതഗന്ധിയല്ലാത്തതുമായ ക്ലാസ്സ് പ്രവർത്തനങ്ങളുമാണ്.

താൽപര്യങ്ങൾ മുതലെടുത്തുകൊണ്ട് പഠനപ്രവർത്തനങ്ങളിലേക്ക് നയിക്കാൻ ഇവരുടെ ജീവിതത്തിൽ നിന്ന് അടർത്തിയെടുത്ത പ്രവർത്തനങ്ങൾ സ്വാഭാവികമായി കോർത്തിണക്കി ഒരു പഠനരീതി ആവിഷ്കരച്ചു. പ്രൈമറി തലത്തിലുള്ള ഭാഷ, ഗണിതം, പരിസ്ഥിതി പഠനം എന്നിവയിലെ അടിസ്ഥാന സി.ഒ. കണ്ടെത്തി. ഗോത്ര വിഭാഗത്തിലെ രക്ഷിതാക്കളുടെ സഹായത്തോടെ ആഖ്യാന രൂപത്തിൽ തനിമയുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി. ആവശ്യാനുസരണം ഭാഷ ഉൾച്ചേർത്തു. ഉദ്ഗ്രഥിത രീതിയിൽ വ്യത്യസ്ത തീമുകളെ അടിസ്ഥാനമാക്കി 1.പിരക്കല് ബാത്തമാ, 2.ദൈവത്തെ കാണൽ, 3.കമ്പളഞാട്ടി, 4.പുത്തരിച്ചുണ്ട എന്നീ പാഠഭാഗങ്ങൾ ഉൾപ്പെടുത്തി കൈവിളക്ക് എന്ന പേരിൽ കൈപ്പുസ്തകം തയാറാക്കി. ഇത് ഉപയോഗപ്പെടുത്തി എല്ലാ അധ്യാപകർക്കും ഈ കുഞ്ഞുങ്ങളോട് ഇഴുകിച്ചേർന്ന് സംവദിക്കാനും പഠനപ്രവർത്തനങ്ങൾ നൽകാനും കഴിയുന്നു.

കൈവിളക്കിലെ പ്രവർത്തനങ്ങൾ കുഞ്ഞുങ്ങൾ താൽപര്യത്തോടെ ഏറ്റെടുത്തു. പഞ്ചേന്ദ്രിയാനുഭവങ്ങളുള്ളതുകൊണ്ട് നിരീക്ഷണം, താരതമ്യം, അപഗ്രഥനം എന്നീ മേഖലകളിൽ മികച്ച നിലവാരം പുലർത്തി. ശബ്ദമാധുര്യവും മെയ്വഴക്കവും കൈവഴക്കവും കലാ കായിക പ്രവർത്തനങ്ങളിലെ മിടുക്കിന് മിഴിവേകി. മറ്റു കുട്ടികൾക്കൊപ്പം ഗ്രൂപ്പിൽ സങ്കോചമില്ലാതെ ഇടപഴകി. പണിയ ഭാഷക്ക് ലിപിയില്ലെങ്കിലും ഭാഷയുടെ എല്ലാ സവിശേഷതകളുമുള്ളതുകൊണ്ട് ഭാഷാകേളികളിൽ മികവുപുലർത്തി. ചതുഷ്ക്രിയ, പ്രശ്നാപഗ്രഥനം എന്നിവയിൽ താൽപര്യത്തോടെ പങ്കാളികളായി. രക്ഷിതാക്കളും മുതിർന്ന കുട്ടികളും വിദ്യാലയത്തിൽ അധ്യാപകർക്കൊപ്പം പഠനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഇത് ഭാഷ, ശൈലി, ശരീരഭാഷ എന്നിവയുടെ തനിമ നിലനിർത്താനും കുഞ്ഞുങ്ങളിൽ ആശയഗ്രഹണം എളുപ്പമാക്കാനും സഹായകമായി. വിദ്യാലയത്തിനു പുറത്തും കുഞ്ഞുങ്ങളും രക്ഷിതാക്കളും അധ്യാപകരോട് സ്നേഹവും അടുപ്പവും സൗഹൃദവും സൂക്ഷിക്കുന്നു എന്നിവയെല്ലാം കൈവിളക്കിന്റെ ലക്ഷ്യത്തേക്കാൾ വലിയ നേട്ടങ്ങളാണ്.

ഒരു വിദ്യാലയത്തെ അടിസ്ഥാനമാക്കി തയാറാക്കിയ പദ്ധതിയാണ് കൈത്താങ്ങ്, കൈവിളക്ക് എന്നിവ. അതിനാകട്ടെ, ഗോത്രഭാഷ – ഇവിടെ പണിയ ഭാഷ – വിനിമയത്തിനും വ്യവഹാരത്തിനും വേണ്ടിയുള്ള മാർഗ്ഗദർശിയുടെ (മെന്റർ) സഹായമാണ് പ്രധാനമായിരുന്നത്.

തദ്ദേശഭരണതലത്തിൽ ഇത്തരം പദ്ധതി നടപ്പാക്കുന്നതിന് ആ തദ്ദേശഭരണ പ്രദേശത്തെ വിദ്യാഭ്യാസ സമിതി (പിഇസി/വിഇസി) യുടെ നേതൃത്വത്തിൽ ആകണം ഇത് ആവിഷ്കരിക്കുന്നത്. ചില തദ്ദേശഭരണ പ്രദേശത്താകട്ടെ, ഒന്നിൽ കൂടുതൽ ഗോത്രഭാഷ ഉണ്ടായേക്കാം. ഓരോ ഗോത്രത്തിന്റേയും പ്രാദേശിക പാഠം തയാറാക്കാൻ കഴിയേണ്ടതുണ്ട്.

ഇത് കുറെക്കൂടി സൂക്ഷ്മ തലത്തിൽ ശ്രദ്ധ പുലർത്തേണ്ട പ്രവർത്തനമാണ്. നിലവിലുള്ള പ്രാദേശിക വിദ്യാഭ്യാസ സമിതികൾ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് വേണ്ടത്ര സജ്ജമായിരിക്കയില്ല. അതിനാൽ വിദ്യാഭ്യാസ ഓഫീസർമാരുടെ മേൽനോട്ടവും നിയന്ത്രണവും പ്രാദേശിക വിദ്യാഭ്യാസ സമിതികൾക്കുണ്ടാകണം. അതിനുതകുന്ന വിധം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ / ബ്ലോക്ക് പ്രോഗ്രാം ഓഫീസർ / ഡയറ്റ് ഫാക്കൽറ്റി തുടങ്ങിയ അക്കാദമിക രംഗത്തെ ഉദ്യോഗസ്ഥരുടെ പ്രവർത്തനം പുനഃക്രമീകരിക്കണം.

യാന്ത്രികമായ പ്രാദേശിക പാഠം എന്നതാവാൻ പാടുള്ളതല്ല. അതുകൊണ്ടുതന്നെ അക്കാദമിക വിദഗ്ധരുടെ നിരന്തര മേൽനോട്ടവും പരിഷ്കരണവും ഇതിനുണ്ടാകണം.

# ഭാഷാ പഠനവും ഭാഷയിലൂടെയുള്ള പഠനവും

33

## ഭാഷാപഠനവും ഭാഷയിലൂടെയുള്ള പഠനവും

ഡോ. കാവുമ്പായി ബാലകൃഷ്ണൻ, 9447614774

**ഭാ**ഷയും പഠനവുമായി ബന്ധപ്പെട്ട ചർച്ചകൾ പുതുതല്ല. ഇന്ത്യയിൽ ആധുനികവിദ്യാഭ്യാസം ആരംഭിച്ച കാലംമുതൽക്കേ ഇത്തരം ചർച്ചകളും ആരംഭിച്ചിരുന്നു. അതിപ്പോഴും തുടരുന്നു, ഇനിയും തുടരാനാണ് സാധ്യത.

ഈ ചർച്ചകളിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ പലതാണ്. ഏതൊക്കെ ഭാഷകളാണ് പഠിപ്പിക്കേണ്ടത്, ഏത്ഘട്ടം മുതൽക്കാണ് ഭാഷാപഠനം ആരംഭിക്കേണ്ടത്, ഭാഷാപഠനം എങ്ങനെയായിരിക്കണം, ഏതുഭാഷയിലൂടെയാണ് വ്യത്യസ്ത വിഷയങ്ങൾ പ

റിപ്പിക്കേണ്ടത് - ഇത്തരം പ്രശ്നങ്ങളും അവയ്ക്കുള്ള വിശദീകരണങ്ങളുമായാണ് ഈ ചർച്ചകളൊക്കെ മുന്നോട്ടുപോകാറുള്ളത്.

ഭാഷാശാസ്ത്രജ്ഞരും ശിശുമനശ്ശാസ്ത്രവിദഗ്ധരും സാമൂഹിക-രാഷ്ട്രീയ ചിന്തകരും ഒക്കെ ഈ വിഷയത്തിലുള്ള അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യസ്ത കാലഘട്ടങ്ങളിൽ അന്നത്തെ ഭരണാധികാരികൾ രൂപവൽകരിച്ച കമ്മീഷനുകൾ അവരുടെ റിപ്പോർട്ടുകളിൽ ഈ പ്രശ്നങ്ങൾ ഗൗരവപൂർവം ചർച്ചചെയ്യുകയും അവരുടേതായ നിഗമനങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. പലപ്പോഴും സമൂഹത്തിന്റെ സാമാന്യബോധം രൂപപ്പെടുത്തുന്ന നിഗമനങ്ങൾ ഒരു വഴിക്കും ശാസ്ത്രീയ പഠനങ്ങളുടെ നിഗമനങ്ങൾ മറുവഴിക്കും പോകുന്നതായാണ് കണ്ടുവരുന്നത്. അധികാരികളാകട്ടെ, സാമാന്യബോധത്താൽ നിർണീതമായ സാമൂഹികാവശ്യങ്ങളുടെ പിന്നാലെ പോകാൻ നിർബന്ധിതരാവുകയും ചെയ്യുന്നു.

ഭാഷ എന്നാൽ ആശയവിനിമയോപാധി മാത്രമല്ലെന്നത് പൊതുവെ അംഗീകരിക്കപ്പെട്ട കാര്യമാണ്. അത്, സംസ്കാരത്തിന്റെ വാഹകമാണ്, അധികാരത്തിന്റെ ഉപകരണമാണ്. ഭാഷാപഠനചർച്ചകളിൽ ഇക്കാര്യങ്ങളും പ്രസക്തമാണ്.

പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള ചില വസ്തുതകളുണ്ട്.

1. തലച്ചോറിന് ഏറ്റവും അധികം വികാസമുണ്ടാകുന്നത് അഞ്ചുവയസ്സുവരെയുള്ള കാലത്താണ്. അക്കാലത്ത് ഏതു ഭാഷയും പഠിക്കാൻ കുട്ടിക്ക് സാധിക്കും. അതു കഴിഞ്ഞാൽ വളർച്ചയുടെ തോത് കുറയും.
2. അമ്മയുടെ ഭാഷയാണ് കുട്ടിയുടെ തലച്ചോറിൽ ആദ്യം പതിയുന്നത്. അത് കുട്ടി പെട്ടെന്ന് പഠിക്കുകയും ചെയ്യും. മാതൃഭാഷ നന്നായി പഠിച്ച ഒരു കുട്ടിക്ക് മറ്റേതു ഭാഷയും എളുപ്പത്തിൽ പഠിക്കാൻ കഴിയും.
3. സ്കൂളിൽ ഏതൊക്കെ ഭാഷകൾ ഏതൊക്കെ ഘട്ടങ്ങളിൽ പഠിപ്പിക്കണമെന്നുള്ളത് അതത് പ്രദേശത്തെ സാമൂഹിക-സാംസ്കാരിക സവിശേഷതകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ട കാര്യമാണ്.
4. മാതൃഭാഷയിലൂടെ പഠിക്കുന്ന കുട്ടികൾ അക്കാദമികമായി കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നു എന്നു അനേകം പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.
5. മാതൃഭാഷയിലൂടെ പഠിപ്പിക്കണം എന്നു പറയുമ്പോൾ മറ്റു ഭാഷകൾ പഠിക്കേണ്ടതില്ല എന്ന് ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. വിഷയങ്ങൾ മാതൃഭാഷയിലൂടെ പഠിക്കുമ്പോൾ കൂടുതൽ വേഗത്തിൽ കുട്ടികൾക്ക് ഉൾക്കൊള്ളാൻ സാധിക്കുന്നു എന്നത് ശാസ്ത്രീയമായി തെളിയിച്ച വസ്തുതയാണ്.
6. മലയാളം പഠിപ്പിക്കുന്നത്, മലയാളത്തിൽ ബിരുദവും ബിരുദാനന്തരബിരുദവും ഉള്ളവരാണ്. എന്നാൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നത് ഇംഗ്ലീഷ് ഭാഷ സൂക്ഷ്മമായി, ശാസ്ത്രീയമായി പഠിച്ചവരല്ല. അത് നമ്മുടെ നാട്ടിലെ ഇംഗ്ലീഷ് പഠനത്തിന്റെ നിലവാരം ശോഷിക്കുന്നതിന് കാരണമായിട്ടുണ്ട്. 2010 മുതൽക്കാണ് ഇതിനൊരു മാറ്റം വന്നത്. എന്നാൽ അതിപ്പോഴും പൂർണമായിട്ടില്ല.
7. വിഷയങ്ങൾ മാതൃഭാഷയിലൂടെ പഠിപ്പിക്കണം. ഇംഗ്ലീഷ്പഠനം ഇന്നത്തെ കാലത്ത് ഒഴിവാക്കാനാവില്ല. അതുകൊണ്ട് ഇംഗ്ലീഷ്പഠനം വളരെ ശാസ്ത്രീയമായി നടത്തണം.
8. ഇംഗ്ലീഷ്മാധ്യമവിദ്യാഭ്യാസമാണ് മെച്ചപ്പെട്ട വിദ്യാഭ്യാസം എന്ന പൊതുബോധമാണ് നിലവിലുള്ളത്. ടടഘഇ പരീക്ഷയിൽ 50 ശതമാനത്തിൽ അധികം കുട്ടികളും ഉപയോഗിക്കുന്നത് ഇംഗ്ലീഷ് ചോദ്യക്കടലാസുകളാണ്. അനധികൃതമായി ഇംഗ്ലീഷ്മീഡിയം ക്ലാസുകൾ നിലനിൽക്കുന്നുണ്ടെന്നാണ് അത് സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസപരമായി മാത്രമല്ല സാമൂഹികമായും ഈ അവസ്ഥ ഒഴിവാക്കേണ്ടതുണ്ട്.

34

## മലയാള പഠനവും മലയാളത്തിലൂടെയുള്ള പഠനവും

ഡോ. പി.പവിത്രൻ

**മ**നുഷ്യൻ ഭാഷയെ സൃഷ്ടിച്ചു എന്നു പറയുന്നതിനേക്കാൾ ശരി ഭാഷ മനുഷ്യനെ സൃഷ്ടിച്ചു എന്നു പറയുന്നതാവും. ബുദ്ധിപരവും വൈകാരികവും സാമൂഹ്യവുമായി മനുഷ്യൻ ഇതരജീവികളിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നത് സങ്കീർണവും സൂക്ഷ്മവുമായ ഒരു വിനിമയ വ്യവസ്ഥയെന്ന നിലയിൽ ഭാഷ മനുഷ്യന്റെ കൈവശമുള്ളതിനാലാണ്. അതിൽ മനുഷ്യന്റെ സൂക്ഷ്മവൈകാരിക ലോകത്തെയും മനോഭാവത്തെയും രൂപപ്പെടുത്തുന്നത് മാതൃഭാഷയുമാണ്. മാതൃഭാഷകളും ഇതരഭാഷകളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് 1867-ൽ റവ.ജോർജ്ജ് മാത്തൻ സൂചിപ്പിച്ചത് ശ്രദ്ധേയമാണ്. ഭാഷയ്ക്ക് പദാർത്ഥം എന്നും ഭാവാർത്ഥം എന്നും രണ്ടു തലങ്ങളുണ്ടെന്നും അതിൽ പദാർത്ഥം എല്ലാ ഭാഷകളിലൂടെയും ഒരാൾക്ക് ലഭിക്കുമെന്നും ഭാവാർത്ഥം ലഭിക്കുന്നത് മാതൃഭാഷയിലാണെന്നുമാണ് അദ്ദേഹം വ്യക്തമാക്കിയത്. ഭൗതികമായ വസ്തുപ്രപഞ്ചത്തെ സൂചിപ്പിക്കാനുള്ള ശേഷിയെയാണ് അദ്ദേഹം പദാർഥം എന്നു വിളിച്ചത്, ആ പ്രപഞ്ചത്തിലോ

രോന്നിനോടുമുള്ള നമ്മുടെ വൈകാരിക ബന്ധത്തെയാണ് അദ്ദേഹം ഭാവാർത്ഥം എന്നു വിളിച്ചത്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ മാധ്യമം മാതൃഭാഷയായിരിക്കണം എന്ന് അദ്ദേഹം അന്നു തന്നെ വാദിച്ചുപോന്നതും.

1835ലെ മെക്കാളെയുടെ ഭാഷാ നയം കൊളോണിയിൽ കാലത്തു തന്നെ തിരുത്തപ്പെടുന്നുണ്ട്. ജെയിംസ് മില്ലിനെപ്പോലുള്ളവർ അന്നു തന്നെ വാദിച്ചത് പാശ്ചാത്യ വിജ്ഞാനവും സാഹിത്യവുംമ ഇന്ത്യക്കാരെ പഠിപ്പിക്കേണ്ടത് ഇന്ത്യൻ ഭാഷകളിലായിരിക്കണം എന്നാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം ഫലപ്രദമാകുക ഇംഗ്ലീഷിലൂടയല്ല മാതൃഭാഷയിലുടെയാണ് എന്നർത്ഥം. പാശ്ചാത്യ വിജ്ഞാനങ്ങളെ ഇന്ത്യക്കാരിലെത്തിക്കുന്നതിനുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസവും ഇംഗ്ലീഷിലൂടെയുള്ള വിദ്യാഭ്യാസവും രണ്ടാണെന്ന കാഴ്ചപ്പാട് അക്കാലത്ത് ഇംഗ്ലീഷുകാർക്കു തന്നെയുണ്ടായിരുന്നു എന്നാണിത് കാണിക്കുന്നത്. 1852 ലെ സ്ട്ര....കമ്മിഷൻ.....ലും 1882 ലെ... ലുമെല്ലാം മാതൃഭാഷയുടെ പ്രാധാന്യം സൂചിപ്പിച്ചിരുന്നു. ദേശീയപ്രസ്ഥാനകാലത്ത് രാഷ്ട്രത്തിന്റെ സമഗ്രവിമോചനത്തിന്റെ അടിസ്ഥാനങ്ങളിലൊന്നായി മാതൃഭാഷാ മാധ്യമ വിദ്യാഭ്യാസം മനസ്സിലാക്കപ്പെട്ടു. 1948-ലെ ഡോ.രാധാകൃഷ്ണൻ കമ്മിഷനും 1964-66 കാലത്തെ കോത്താരി കമ്മിഷനുമെല്ലാം ഉയർത്തിപ്പിടിച്ചത് ഈ സമീപനം തന്നെ. മതപരമായ വിഭജനത്തെ മറികടന്ന് നാം പ്രാഥമികമായി മനുഷ്യസമൂഹത്തിന്റെ ഭാഗമാകുന്നത്, ഒരേ ഭാഷ സംസാരിക്കുന്നവരുടെ കൂട്ടായ്മയെന്ന നിലയിൽ, മാതൃഭാഷാസമൂഹമെന്ന നിലയിലാണ് എന്ന കാഴ്ചപ്പാടും ദേശീയ പ്രസ്ഥാന കാലഘട്ടത്തിലാണ് ഉയർന്നു വന്നത്. ഭാഷാസംസ്ഥാനങ്ങളെന്ന കാഴ്ചപ്പാട് ഇതിന്റെ അടിസ്ഥാനത്തിലാണ് രൂപപ്പെട്ടത്. 1956-ൽ കേരളം രൂപീകരിക്കപ്പെട്ടതും ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽത്തന്നെ. കേരളം മലയാളത്തെയല്ല, മലയാളം ആധുനിക കേരളത്തെയാണ് രൂപപ്പെടുത്തിയത് എന്നർത്ഥം. മതേതരവും ജനാധിപത്യപരവുമായ ആധുനിക സമൂഹമെന്ന നിലയിലുള്ള നമ്മുടെ വളർച്ച നമ്മുടെ ഭാഷയുടെ വളർച്ചയുമായും ചേർന്നു കിടക്കുന്നു. ഇംഗ്ലീഷുൾപ്പെടെയുള്ള ഇതരഭാഷകൾക്ക് വ്യക്തികളെ സൃഷ്ടിക്കാൻ കഴിയുമെങ്കിലും സമൂഹത്തിന്റെ സമഗ്രമോചനം മാതൃഭാഷയുടെ വികാസവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഈ നിലപാട് 1957-ലെ ആദ്യത്തെ സർക്കാരും ഉയർത്തിപ്പിടിച്ചിരുന്നു. വിജ്ഞാനസമൂഹ നിർമിതിയുടെയും കേരളത്തിലെ മുഖ്യഉപാധി മാതൃഭാഷയായ മലയാളം തന്നെയായാരിക്കും. വിജ്ഞാനനിർമാണ ശേഷിയും വിനിമയ ശേഷിയുമുള്ള ഏതാനും വ്യക്തികളെ നിർമിക്കലല്ല. സമൂഹത്തെ ആകെ നിർമിക്കലാണല്ലോ നമ്മുടെ ലക്ഷ്യം.

ലോകഭാഷകളിൽ സംസാരിക്കുന്നവരുടെ എണ്ണത്തിൽ 26- ആം സ്ഥാനത്താണ് മലയാളം. ചില കണക്കുകളിൽ അത് 31-ആം സ്ഥാനം വരെയുമാകുന്നുണ്ട്. ഏതു നിലയിലായാലും ഗ്രീക്ക് ഉൾപ്പെടെ പല വികസിത യൂറോപ്യൻ ഭാഷകളെക്കാളും ആളുകൾ സംസാരിക്കുന്ന ഭാഷയാണ് മലയാളം. ഇന്ത്യയിൽ ഒരു സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ശതമാനം ആളുകൾ സംസാരിക്കുന്ന ഭാഷയും മലയാളം തന്നെ. 97 ശതമാനത്തോളം ജനങ്ങൾ മലയാളം മാതൃഭാഷയായുള്ളവരാണ്. കേരളത്തിൽ ഹിന്ദുവിന്റെയും മുസ്ലിമിന്റെയും കൃസ്ത്യാനിയുടെയും പൊതുഭാഷ എന്ന നിലയിൽ നമ്മുടെ മതേതരമായ ഐക്യത്തിന്റെ പ്രതിനിധിയുമാണ് മലയാളം. ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി മതേതരമായ നമ്മുടെ ഐക്യത്തിന്റെ പ്രതീകം മലയാളം തന്നെ.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും മാതൃഭാഷയോടുള്ള അവഗണനയുടെ കാര്യത്തിൽ ഇന്ത്യയിലും ലോകത്തിൽത്തന്നെയും നമുക്ക് ഉന്നതമായ സ്ഥാനമാണുള്ളത്. അതിലേറ്റവും പ്രധാനപ്പെട്ടത് വിദ്യാഭ്യാസമേഖല തന്നെ. സി.ബി.എസ്.ഇ, ഐ.സി.എസ്.സി സിലബസുകൾ പിന്തുടരുന്ന സ്കൂളുകളായിരുന്നു ഒരു കാലത്ത് ഇംഗ്ലീഷ് മാധ്യമപഠനത്തിന്റെ പ്രധാനരംഗമെങ്കിൽ ഇന്ന് ആ സ്ഥിതി മാറിയിരിക്കുന്നു.

പൊതുവിദ്യാലയങ്ങൾ ഇംഗ്ലീഷ് മാധ്യമത്തിലായിരിക്കൊണ്ടിരിക്കുന്നു. അറുപത് ശതമാനത്തോളം വിദ്യാർത്ഥികൾ പത്താംക്ലാസിൽ പൊതു പരീക്ഷയെഴുതുന്നത്.പഠനമാധ്യമെന്ന നിലയിൽ മലയാളം ഭീഷണി നേരിടുന്നു.

പഠനവിഷയമെന്ന നിലയിലുള്ള മലയാളത്തിന്റെ അവസ്ഥയും ഭിന്നമല്ല. ഇംഗ്ലീഷ് മാധ്യമത്തിലാണ്. ബ്രിട്ടീഷുകാരുടെ വിഭജനയുക്തിയുടെ ഭാഗമായി രൂപപ്പെട്ട ഓറിയന്റൽ സ്കൂളുകളിൽ മലയാളം ഒരു പഠനവിഷയമേ അല്ല. മലയാളം മാധ്യമമായതിനാൽ ഒരു വിഷയമായി മലയാളം പഠിച്ചില്ലെങ്കിലും കുഴപ്പമില്ല എന്ന നിലപാടാണ് ഈ സ്ഥാപനങ്ങൾ ഒരു കാലത്ത് സ്വീകരിച്ചത്. ഇപ്പോൾ മാധ്യമവും ഇംഗ്ലീഷായിക്കൊണ്ടിരിക്കുന്നു. ഈ പൊതുവിദ്യാലയങ്ങളിൽ മലയാളം തീരെ പഠിക്കാതെയും ഒരു കുട്ടിക്ക് പത്താംക്ലാസ് ജയിക്കാം.

2011 ലാണ് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ ഉൾപ്പെടെ കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും പത്താംക്ലസ് വരെ മലയാളം നിർബന്ധിത ഒന്നാം ഭാഷയായിരിക്കുമെന്ന സർക്കാർ ഉത്തരവ് വന്നത്. 2017-ൽ ഇത് കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ നിയമവുമായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഒരു നടപടിയും ഉണ്ടായിട്ടില്ല. ഇതു പരിശോധിക്കുന്നതിനുള്ള നിർദ്ദിഷ്ട സംവിധാനങ്ങളൊന്നും പ്രവർത്തനക്ഷമമായിട്ടില്ല. 2011 ലെ ഉത്തരവിൽത്തന്നെ പ്ലസ് റ്റു തലത്തിൽ പാഠപുസ്തകങ്ങൾ മലയാളത്തിൽക്കൂടി നൽകണം എന്ന നിർദ്ദേശമുണ്ടായിരുന്നു. ഇപ്പോൾ പാഠപുസ്തകത്തിന്റെ സോഫ്റ്റ് കോപ്പി തയ്യാറാക്കിയിട്ടുണ്ട്. വർഷങ്ങളായി ഇനിയും അച്ചടിച്ചിട്ടില്ല. മാതൃഭാഷാമാധ്യമ പഠനത്തെ ബോധപൂർവം നിരുത്സാഹപ്പെടുത്തുന്ന നടപടികളാണ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സ്വീകരിക്കുന്നത് എന്ന ഒരു അന്വേഷണം നടത്തുന്നത് നന്നാവും. വീഴ്ച കാണിക്കുന്നവർക്കെതിരെ നടപടിയും എടുക്കേണ്ടതാണ്.

സ്കൂൾ തലത്തിൽ മാതൃഭാഷ നേരിടുന്ന പ്രതിസന്ധിയുടെ പരിഹാരം ആ തലത്തിൽ എടുക്കുന്ന നടപടികൾ മാത്രമല്ല, മലയാള മാധ്യമത്തിൽ വേണ്ടവർക്ക് ഏതു തലംവരെയും ഉന്നത വിദ്യാഭ്യാസം നടത്താനുള്ള സാധ്യതകൾ കേരളത്തിലുണ്ടാകണം. ഏതു ഉദ്യോഗത്തിനുള്ള പരീക്ഷയും മലയാളത്തിലെഴുതാമെന്നു വരണം. കേന്ദ്രസർക്കാർ ഇന്ത്യൻഭാഷകളെ പ്രൊഫഷണൽ വിദ്യാഭ്യാസമാധ്യമമാക്കുന്നതിനുള്ള ചില സാധ്യതകൾ തുറന്നിട്ടിട്ടുണ്ട്. ഇതിനോട് ഇപ്പോൾ കേരളം നിഷേധാത്മക നിലപാടാണെടുത്തിട്ടുള്ളത്. കേന്ദ്ര വിദ്യാഭ്യാസ നയത്തിലെ ജനവിരുദ്ധ നിലപാടുകളെ എതിർക്കുമ്പോൾത്തന്നെ ഇത്തരം സാധ്യതകൾ ഉപയോഗിക്കണം. ഇന്നത്തെ ഇന്റർനെറ്റ് ലോകത്ത് ഇംഗ്ലീഷുൾപ്പെടെയുള്ള ഏതു ഭാഷയിലെ അറിവുകളും മലയാളത്തിലെത്തിക്കുന്നതിന് ഒരു തടസ്സവുമില്ല. അതിനുള്ള ബോധപൂർവമായ ഇടപെടലുകൾ വേണം.

മസ്തിഷ്ക ചോർച്ചയെക്കുറിച്ചും നമ്മുടെ വിദ്യാർത്ഥികൾ കൂട്ടത്തോടെ വിദേശത്തേക്ക് കുടിയേറുന്നതിനെക്കുറിച്ചും നാം ആവലാതി പറയുന്നുണ്ടല്ലോ. ഈ നാടിനോട് വൈകാരിക ബന്ധം വിദ്യാർത്ഥിക്കുണ്ടാവണമെങ്കിൽ മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസവും മാതൃഭാഷാ സാഹിത്യവിദ്യാഭ്യാസവും ആവശ്യമാണ്. അനുഭൂതിയിലൂടെ നിർമിക്കപ്പെടുന്ന മനോഭാവം കൊണ്ടു മാത്രമേ സ്വന്തം നാടിനോടും ജനതയോടും പ്രതിബദ്ധതയുള്ള ജനതയെ സൃഷ്ടിക്കാനാവൂ. ന്യൂനപക്ഷഭാഷകളെയും ഗോത്രഭാഷകളെയും പരമാവധി പ്രോത്സാഹിപ്പിക്കുന്ന നടപടികളും ഇതൊടൊപ്പം വേണം. തുടങ്ങേണ്ടത് മുഖ്യഭാഷയായ മലയാളത്തിലാണെന്നു മാത്രം

35

# ഭാഷാപഠനത്തിന്റെ ഗുണതയും ഇതരവിഷയങ്ങളുടെ പഠനത്തിൽ അത് ചെലുത്തുന്ന സ്വാധീനവും

കെ.ആർ. അശോകൻ, (റിട്ട.) ഡയറ്റ് ഫാക്കൽറ്റി, കണ്ണൂർ, 9497532049

**കേ**രളത്തിലെ പ്രൈമറി സെക്കൻഡറി ക്ലാസുകളിൽ നടപ്പാക്കുന്ന ഭാഷാ പഠനത്തിൽ വ്യവഹാര രൂപങ്ങളെ അടിസ്ഥാനപ്പെടുത്തി കൊണ്ടുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സംഭാഷണം, വിവരണം, കഥ, കവിത, ജീവചരിത്രം, ആത്മകഥ, പലതരത്തിലുള്ള കുറിപ്പുകൾ, വർണ്ണന, കത്ത്, അപേക്ഷ, നോട്ടീസ് (അറിയിപ്പ്), പോസ്റ്റർ തുടങ്ങിയ ഏതെങ്കിലും ഒരു രൂപത്തിലാണ് ഭാഷ നമുക്ക് മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. അഥവാ, നാം ഭാഷ പ്രയോഗിക്കുന്നത് അങ്ങനെ ഏതെങ്കിലും രൂപത്തിലാണ് എന്നതിനാൽ ഏറെ സ്വാഭാവികത്വവും ആധികാരികതയും ഇത്തരം രൂപങ്ങളെ ആധാരമാക്കിയുള്ള പഠനത്തിന് ഉണ്ടെന്ന് കാണാം.

ടീച്ചർ അവതരിപ്പിക്കുന്ന നിശ്ചിതമായ ചില പഠന പ്രശ്നങ്ങളുടെ ചർച്ചയുമായി ബന്ധപ്പെട്ട് പാഠപുസ്തകത്തിലും മറ്റും നിർദേശിച്ചിട്ടുള്ള ഏതെങ്കിലും വ്യവഹാരരൂപം കുട്ടികൾ വായിക്കുകയാണ് പഠനത്തിന്റെ ആദ്യപടി. അതുമായി ബന്ധപ്പെട്ട് കുട്ടികളോട് ചെയ്യാൻ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്കോ പ്രതികരണങ്ങൾക്കോ ആയി പാഠഭാഗത്തെ വീണ്ടും സന്ദർശിക്കുകയും ആശയഗ്രഹണപരമായി വായിക്കുകയും പാഠപുസ്തകം / അധ്യാപകസഹായി / ടീച്ചർ നിർദ്ദേശിക്കുന്ന വ്യവഹാര രൂപത്തിൽ പ്രതികരണങ്ങൾ എഴുതിയോ പറഞ്ഞു അവതരിപ്പിക്കുകയുമാണ് പിന്നീട് കുട്ടികൾ ചെയ്യുന്നത്. ഇത് ഒറ്റയ്ക്കോ കൂട്ടായോ ആകാം. അങ്ങനെ രൂപപ്പെട്ട എഴുത്തിനെ/ അവതരണത്തെ, അധ്യാപികയുടെ സഹായത്തോടെ ക്ലാസിൽ വച്ച് രൂപപ്പെടുത്തിയ ചില മാനദണ്ഡങ്ങൾ/ വിലയിരുത്തൽ സൂചകങ്ങൾ വെച്ച് പരിശോധിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതോടെയാണ് ഭാഷാ പഠനം വഴി നേടേണ്ട ആശയ ഗ്രഹണപരവും ആശയപ്രകാശാനപരവും സൗന്ദര്യാവബോധപരവുമായ അറിവുകളും ശേഷികളും കുട്ടികൾ നേടേണ്ടത്. അനുയോജ്യമായ പ്രക്രിയകളിലൂടെ നടക്കുമ്പോൾ ആവശ്യബോധത്തോടെയുള്ള വായനയും (ആശയഗ്രഹണവും) എഴുത്തും അതുവഴിയുള്ള ഭാഷാപരമായ മികച്ച ശേഷികളും കുട്ടികൾക്ക് ലഭിക്കുമെന്നതാണ് ഈ സമീപനത്തിന് ഏറ്റവും വലിയ മെച്ചം. നമ്മുടെ ഭാഷയിലും സാഹിത്യത്തിലും ചിരപ്രതിഷ്ഠ നേടിയ ആധികാരിക രചനകളെ ആധാരമാക്കുക വഴി സാംസ്കാരിക – സൗന്ദര്യ അവബോധവും കുട്ടികൾക്ക് ഈ പഠന രീതിയിലൂടെ സിദ്ധിക്കുന്നതാണ്. പക്ഷേ ഇത്തരത്തിൽ സമഗ്രമായ ഭാഷാപ്രയോഗ ജ്ഞാനവും സാംസ്കാരിക-സൗന്ദര്യ അവബോധവും ഇന്ന് പ്രൈമറി സെക്കന്ററി ക്ലാസുകളിൽ സൃഷ്ടിക്കപ്പെടുന്നുണ്ടോ? പലപ്പോഴും ഇല്ല എന്നതാണ് നമ്മുടെ ക്ലാസുകളിൽ നടക്കുന്ന ഭാഷാ പഠനത്തെ, വിശേഷിച്ച് മലയാള ഭാഷാപഠനത്തെ നിരീക്ഷിക്കുമ്പോഴുള്ള അനുഭവം.

എന്തുകൊണ്ടാണ് ഈ അവസ്ഥ നമ്മുടെ ഭാഷാ പഠനത്തിന് വന്നുചേരുന്നത് എന്ന് പരിശോധിക്കുമ്പോൾ പരസ്പരബന്ധം ഉള്ളതെങ്കിലും തനിമയുള്ള പ്രധാനപ്പെട്ട നാലു കാര്യങ്ങളാണ് ഇവിടെ ചൂണ്ടിക്കാട്ടുന്നത്:

1. വ്യവഹാരരൂപാധിഷ്ഠിതമായ പഠനത്തെയും ബോധനത്തെയും സംബന്ധിച്ച ധാരണക്കുറവുകാരണം ലാഘവത്വം നിറഞ്ഞ സമീപനം ക്ലാസ്സ്മുറികളിൽ സ്വീകരിക്കുന്നതിനാൽ..

2. സാമൂഹ്യ ജ്ഞാനനിർമ്മിതിവാദപരമായ ക്ലാസ്സുകളിൽ കുട്ടികൾ നടത്തേണ്ട പ്രകടനം അഥവാ പ്രശ്നപരിഹരണം സംബന്ധിച്ച ധാരണ നൽകുന്നതിന് ടീച്ചർ നടത്തേണ്ടുന്ന പെരുമാറ്റപരവും ചിന്താപരവുമായ മാതൃകാവത്കരണം( behavioural and cognitive modeling), നടത്തിയ പ്രവർത്തനങ്ങളിൽ നിന്ന് പാഠങ്ങളുൾക്കൊള്ളാൻ കുട്ടികളും ടീച്ചറും ചേർന്ന് നടത്തേണ്ടുന്ന പരിചിന്തനസെഷനുകൾ(reflective sessions) തുടങ്ങിയ
3. സൂക്ഷ്മപ്രക്രിയകൾ നടക്കാത്തതിനാൽ..
4. എഴുത്തു പരീക്ഷയ്ക്കും അതിൽ ലഭിക്കുന്ന ഗ്രേഡിനും സമൂഹം കൽപ്പിക്കുന്ന അമിത പ്രാധാന്യത്തിന് വഴങ്ങി, ആശയഗ്രഹണപരമായ വായനയുടെയും വിശകലനത്തിന്റെയും പ്രക്രിയകൾ അവഗണിച്ചുകൊണ്ട് എഴുത്തുപ്രവർത്തനങ്ങൾക്കു മാത്രമേ ക്ലാസ്സ്മുറികളിൽ പ്രാധാന്യം ലഭിക്കുന്നുള്ളൂ എന്നതിനാൽ..
5. യുക്തിസഹമല്ലാത്ത ഉള്ളടക്കഭാരം പാഠപുസ്തകത്തിലും പാഠ്യപദ്ധതിയിലും നിലനിൽക്കുന്നതുകൊണ്ട് പഠനപ്രക്രിയകൾ അവഗണിച്ച് ചേഷ്ടാവാദപരമായതും ഉല്പന്നത്തിൽ മാത്രം ഊന്നുന്നതുമായ പ്രവർത്തനങ്ങളിലേക്ക് ക്ലാസ്സ്റൂംപഠന പ്രക്രിയ ചുരുങ്ങുന്നതിനാൽ..

ഇങ്ങനെ നടക്കുന്ന ഭാഷാ പഠനത്തിന്റെ ഗുണനിലവാരക്കുറവ് മറ്റു വിഷയങ്ങളുടെ, വിശേഷിച്ചും, ശാസ്ത്ര – ഗണിതശാസ്ത്ര – സാമൂഹികശാസ്ത്ര വിഷയങ്ങളുടെ പഠനത്തിന്റെ ഗുണതയെയും, കേരള സാഹചര്യത്തിൽ ഗണ്യമായ തോതിൽ ബാധിക്കുന്നു. കേരളത്തിലെ പകുതിയിലധികം കുട്ടികൾ ഇപ്പോൾ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിലാണ് പഠിക്കുന്നതെന്നതാണ് ആ സവിശേഷ സാഹചര്യം.

കുട്ടികളുടെ ഭാഷാപരവും സാഹിത്യപരവുമായ ശേഷികൾ ഇതരവിഷയങ്ങളുടെ പഠനത്തെ ഗുണകരമായി സ്വാധീനിക്കുന്നുണ്ടെന്നതിന് നിരവധി പഠന ഗവേഷണങ്ങൾ തെളിവു നൽകുന്നുണ്ട് (Sampa 2003). തങ്ങൾക്ക് താരതമ്യേന വഴക്കമില്ലാത്ത ഒരു ഭാഷ (ഇംഗ്ലീഷ്) ക്ലാസ്സുകളിൽ ഉപയോഗിക്കേണ്ടിവരുമ്പോൾ അധ്യാപകർ വിദ്യാർഥി-കേന്ദ്രിത ബോധന പ്രവർത്തനങ്ങളിൽ നിന്ന് മാറി പരമ്പരാഗതവും മിക്കപ്പോഴും ചേഷ്ടാവാദപരവുമായ (behaviouristic) പഠിപ്പിക്കൽ നടത്തുന്നതും ഭാഷാപഠനത്തിനെന്ന പോലെ ഇതരവിഷയപഠനത്തിനും പരിക്കുകളേല്പിക്കുന്നു.

ഭാഷയാണ് വിദ്യാഭ്യാസത്തിലെ സകലതും എന്നു പറയാനാകില്ലെങ്കിലും ഭാഷ കൂടാതെ വിദ്യാഭ്യാസത്തിലെ ഏതൊന്നും ഒന്നുമല്ലാതായിത്തീരും(" Language is not everything in education,but without language everything is nothing in education "-H.Ekkehard Wolff:Optimizing Learning and Education in Africa-The Language Factor, Chapter 2.)

36

# ഭാഷാ പഠനം ലിഖിതപാഠങ്ങളിലും ഭാഷയിലൂടെയുള്ള പഠനം വിദേശഭാഷയിലും കേന്ദ്രീകരിക്കുമ്പോൾ സംഭവിക്കുന്നത്– പ്രബന്ധ രൂപരേഖ

ഡോ. പ്രിയാ വർഗീസ്, അസി. പ്രൊഫസർ, മലയാള വിഭാഗം, ശ്രീ. കേരളവർമ്മ കോളേജ്

**ഭാ**ഷയുടെ ദൈനംദിന പ്രയോഗരൂപങ്ങൾ ശ്രാവ്യ, ദൃശ്യ രൂപങ്ങൾക്ക് വലിയതോതിൽ പ്രമുഖ്യം കിട്ടുന്ന തരത്തിൽ മാറിയിട്ടുണ്ട്. പക്ഷേ നമ്മുടെ ബോധനശാസ്ത്രം ഈ മാറ്റങ്ങളെ ഉൾക്കൊള്ളുന്ന വിധത്തിൽ ഇനിയും മാറിയിട്ടില്ല. ഭാഷാപഠനത്തിന്റ സിലബസ്സും മൂല്യനിർണയവും ഇപ്പോഴും ഭാഷയുടെ ലിഖിത പാഠത്തെയും മനഃപ്പാഠമാക്കൽ ശേഷിയെയും കേന്ദ്രീകരിച്ചാണ് ആസൂത്രണം ചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്തെ സിലബസ്സുകളിൽ പോലും ഒരു ശ്രാവ്യ പുസ്തകമോ ഡിജിറ്റൽ പുസ്തകമോ ഇനിയും സ്ഥാനം പിടിച്ചതായി കാണാൻ സാധിക്കില്ല. ഓൺലൈൻ പഠനം ആവശ്യത്തിലധികം പ്രോത്സാഹിക്കപ്പെടുമ്പോഴും പഠനസാമഗ്രികൾ അച്ചടി മാധ്യമത്തിൽ മാത്രമേ പാടുള്ളൂ എന്ന് ചിന്തിക്കുന്നതിന്റെ താല്പര്യം എന്താണ്?

ഭാഷാ ബോധനത്തിന്റ ഭാഗമായുള്ള മൂല്യനിർണയത്തിലും സർഗാത്മകമായ രചന, ആശയവ്യക്തതയോടെ സംസാരിക്കാനുള്ള ശേഷി, ലിഖിത പാഠത്തെ ദൃശ്യവൽക്കരിക്കാനും തിരിച്ചുമുള്ള പഠിതാവിന്റെ ശേഷി ഇവ എത്രമാത്രം അളക്കപ്പെടുന്നു എന്ന് പരിശോധിച്ചാൽ കാര്യമായിട്ടൊന്നുമില്ല എന്ന് തന്നെയാവും ഉത്തരം. നിരന്തര മൂല്യനിർണയ പ്രക്രിയകളിൽ പോലും ഇത്തരം മേഖലകൾ അവഗണിക്കപ്പെടുന്നതായിട്ടാണ് കാണുന്നത്. ഒരു തരത്തിലുള്ള അച്ചടി മേധാവിത്തം ഭാഷാ ബോധനത്തിന്റെ മേഖലയിൽ നിലനിൽക്കുന്നു.മാതൃഭാഷ ഉൾപ്പടെഅതിജീവിക്കുന്നത് പലപ്പോഴും അച്ചടി ഇതര രൂപങ്ങളിലാണെന്നും വരുന്നു. ഇതിലൂടെ ഭാഷ പഠിച്ചവർ ഒരുപാട് പേരുണ്ടെങ്കിലും ഭാഷ പ്രയോഗിക്കാൻ ശേഷിയുള്ളവർ വളരെ കുറച്ചു മാത്രമേ ഉള്ളൂ എന്ന അവസ്ഥ സംജാതമാകുന്നു.

ബോധനം പഠിതാവിന് ചിന്തിക്കാൻ ശേഷിയുള്ള ഭാഷയിലാവണം എന്നത് ബോധനശാസ്ത്രചിന്തകളിൽ വളരെ മുൻപ് തന്നെ അംഗീകാരം നേടിയിട്ടു

ള്ളതാണെങ്കിലും കൊളോണിയൽ ദാസ്യം പേറുന്ന നമ്മുടേത് പോലെയുള്ള രാജ്യങ്ങളിൽ ഇപ്പോഴും അത് പ്രയോഗവൽക്കരിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു തന്നെ ഭാഷാ നൈപുണിയുടെ പേരിൽ പൊലിഞ്ഞു പോകേണ്ടി വന്ന ഗണിതപ്രതിഭകളും ശാസ്ത്രപ്രതിഭ കളും നമ്മുടെ വിദ്യാലയങ്ങളിൽ ഇന്നും ഉണ്ടാവുന്നു. ബോധനത്തെ പുസ്തകകേന്ദ്രിതമല്ലാതാക്കുന്നതിലൂടെ ഈ പ്രശ്നത്തിനും ഒരു പരിഹാരമാകും. കമ്പ്യൂട്ടർ സാക്ഷരത ഇന്ന് നമ്മുടെ സ്കൂൾ കോളേജ് കരിക്കു ലത്തിൽ ഇടം പിടിച്ചിട്ടുണ്ട്. അതേസമയം മലയാളം കമ്പ്യൂട്ടിങ്ങിനു ലഭിക്കുന്ന പ്രാതിനിധ്യം പരിശോധി ക്കപ്പെടേണ്ടതുണ്ട്. ഭാഷാ പരാധീനതകളുമായി ഗവേ ഷണപ്രബന്ധങ്ങൾ എഴുതേണ്ടി വരുന്ന ശാസ്ത്രഗ വേഷകരോ ഗണിതഗവേഷകരോ തങ്ങൾ നിർമ്മിച്ച അറിവ് സമൂഹത്തിന് പകർന്നു നൽകും എന്ന് പ്രതീ ക്ഷിക്കുന്നതിൽ പരിമിതിയുണ്ട്. മാതൃഭാഷാബോധ നവും സാഹിത്യപഠനത്തിലും ഓർമ്മശേഷിയിലും മാത്രമായി പരിമിതപ്പെടുമ്പോൾ ജീവിതങ്ങൾ കൈ കാര്യം ചെയ്യുന്ന ഫയലുകളും അവ പരിശോധിച്ച് ഇറക്കുന്ന ഉത്തരവുകളും എല്ലാം ആശയവ്യക്തതയി ല്ലാത്തവയായി പരിണമിച്ചാൽ അത്ഭുതപ്പെടാനില്ല. വി ദ്യാഭ്യാസമേഖലയിൽ ഈ പ്രശ്നങ്ങൾ ഗൗരവമായി ചർച്ച ചെയ്യപ്പെടാത്തിടത്തോളം കാലം വായിച്ചാൽ മനസ്സിലാവുന്ന ഭാഷയിലുള്ള വിധിന്യായങ്ങൾ എല്ലാ പൗരർക്കും ലഭിക്കുക പൊതുമുതൽ മുടക്കി സർവക ലാശാലകൾ പുറത്തിറക്കുന്ന ഗവേഷണപ്രബന്ധങ്ങൾ അത് സ്ഥിതിചെയ്യുന്ന പ്രദേശത്തെ മഹാ ഭൂരിപക്ഷം മനുഷ്യർക്കും മനസ്സിലാകുന്ന ഭാഷയിൽ ആയിരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളും വിദൂരഭാവിയിൽ പോലും സാക്ഷാത്കരിക്കപ്പെടാത്തവയായി അവശേഷിക്കും.

# ആരോഗ്യ കായിക കലാ വിദ്യാഭ്യാസം

37

## ആരോഗ്യ കായിക വിദ്യാഭ്യാസം-നവീന കാഴ്ചപ്പാട്

ഡോ.അജീഷ്.പി.ടി, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, 9846024102

**ആ**രോഗ്യ കായിക പഠനത്തിലൂടെ വിദ്യാർത്ഥികളു ടെ ശാരീരികവും മാനസികവും സാമൂഹികവുമായ അവസ്ഥ മെച്ചപ്പെടുന്നതോടൊപ്പം കായിക ക്ഷമതയു ടെ പരിമിതി മറികടക്കുക, ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുക, അനാരോഗ്യകരമായ ഭക്ഷണ ശീല ങ്ങൾ ഉപേക്ഷിക്കുക, മാനുഷികമൂല്യങ്ങൾ വളർത്തി ക്കൊണ്ടുവരിക, ലഹരി ഉപയോഗങ്ങളിൽ നിന്ന് മോച നം തുടങ്ങിയ ഗുണങ്ങൾ ലഭ്യമാകുന്നു. അടിസ്ഥാന ജീവിത നൈപുണികൾ ആർജിക്കുവാൻ കഴിയുന്ന തോടൊപ്പം പ്രവർത്തനാധിഷ്ഠിതവും പ്രയോഗപരവു മായ ശേഷികൾ കൂടി കുട്ടികൾ ഇതിലൂടെ ആർജിക്കു ന്നു. നിലവിലുള്ള കാലഘട്ടം പരിശോധിക്കുമ്പോൾ മനുഷ്യ ജീവിതത്തിൽ കായികമായ അധ്വാനത്തിന്റെ ആവശ്യം പൂർണമായും കുറയുകയും യന്ത്രങ്ങളെ മാ ത്രം ആശ്രയിക്കേണ്ട നിലയിലേക്ക് ജീവിത സാഹച ര്യം മാറിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ മനുഷ്യന്റെ ആരോഗ്യ സംരക്ഷണത്തിന് ഇതര കായിക മാർഗങ്ങൾ തേടേണ്ടതായി വന്നിരിക്കുകയാണ്. അതിനാൽ നില വിലുള്ള വിദ്യാഭ്യാസ സംവിധാനത്തിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ കാലിക പ്രസക്തി കൂ ടിവരികയാണ്. കായിക വിനോദങ്ങളിലും കളികളി ലും സ്ഥിരമായി പങ്കെടുക്കു ന്നതിലൂടെ മസ്തിഷ്ക വികാസത്തിനും അതിലൂടെ അക്കാദമിക മികവ് കൂ ടുതൽ ഉയർത്തുന്നതിനും കഴിയുമെന്ന് നിരവധി പ ഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയൊരു വിപത്താണ് ജീവിതശൈലി രോഗങ്ങളുടെ അതിതീവ്രവ്യാപനം. നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ഇത്തരം രോഗി കളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവാണ് ഓരോ ദിവസം കഴിയുംതോറും ഉണ്ടായിക്കൊണ്ടിരി ക്കുന്നത്. മരുന്നു കഴിച്ച് അസുഖം മാറ്റാമെന്ന ന്യൂജൻ ആരോഗ്യ സങ്കൽപ്പത്തിന് ബദലായി രോഗങ്ങൾക്ക് ഇടം കൊടുക്കാത്ത ശരീര പരിപാലന രീതിയായി ശാസ്ത്രീയ കായിക പഠന സംവിധാനം ബാല്യകാ ലം മുതൽ കുട്ടികളുടെ പൊതുവായ ശീലങ്ങളുടെ പട്ടികയിൽ ഇടം പിടിക്കേണ്ടതുണ്ട്. 'ആരോഗ്യമാണ് സമ്പത്ത്' എന്ന കാഴ്ചപ്പാടിന് കരുത്ത് പകരുവാൻ കഴിയുന്ന രീതിയിൽ രോഗപ്രതിരോധത്തിന്റെ നൂതന ശരീരപരിപാലന മാതൃക കേരളത്തിൽ കൂടുതൽ ശക്തി പ്പെടേണ്ടതുണ്ട്. പ്രീ പ്രൈമറി തലം മുതൽ ഓരോ കുട്ടിയും കായികമായി ആർജിക്കേണ്ട ശേഷികളും കഴിവുകളും ഘട്ടംഘട്ടമായി നേടിയെടുക്കുന്ന രീതി യിൽ കായിക സാക്ഷരത കൈവരിക്കുന്ന പുതിയ രീതിശാസ്ത്രം സമൂഹത്തിൽ രൂപപ്പെട്ടു വരണം.

ആരോഗ്യവിദ്യാഭ്യാസത്തിന്റെ ഭാഗമായി പോഷ കാഹാരം, ശരിയായ ആരോഗ്യനിലവാരം, എന്നിവ പാഠ്യപദ്ധതിയുടെ ഭാഗമാകണം. പ്രീ-പ്രൈമറി തല ത്തിൽ പ്രവേശനം നേടുന്ന ഘട്ടം മുതൽ തന്നെ ഓരോ

കുട്ടിയുടെയും ആരോഗ്യസംബന്ധമായ വിവരങ്ങൾ ശാരീരികക്ഷമത എന്നിവ വിലയിരുത്തി രേഖപ്പെടുത്തുന്ന 'ഹെൽത്ത് ആന്റ് ഫിറ്റ്നസ് റിക്കോർഡ്' ഏർപ്പെടുത്തണം. അടിസ്ഥാനചലനശേഷികൾ, ശരീരപരിപാലനശേഷികൾ, സൂക്ഷ്മ-സ്ഥൂല പേശീചലനങ്ങൾ എന്നിവ സംബന്ധിച്ച അടിസ്ഥാനകായികസാക്ഷരത കുട്ടികൾക്ക് ലഭ്യമാക്കേണ്ടതാണ്. പ്രായത്തിനും താൽപര്യത്തിനും കഴിവിനുമനുസരിച്ച് കായികയിനം തിരഞ്ഞെടുക്കാൻ കുട്ടികൾക്ക് അവസരം നൽകണം. മികവ് പുലർത്തുന്ന കായികയിനത്തിൽ വിദഗ്ധപരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകാനുള്ള നടപടി ആവിഷ്കരിക്കേണ്ടതാണ്. ഇതിനുള്ള ശാസ്ത്രീയ കായിക പരിശീലന പരിപാടി ആസൂത്ര ണം ചെയ്തു നടപ്പിലാക്കുകയും മികവ് പുലർത്തുന്നവർക്ക് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും വിദഗ്ധപരിശീലനങ്ങൾ നേടാൻ അവസരമുണ്ടാകണം.

കായികപഠനത്തിന്റെ ഭാവിസാധ്യതകൾ മനസ്സിലാക്കി ഉന്നതപഠനത്തിലേക്ക് നയിക്ക ത്തക്ക വിധത്തിൽ ഉയർന്ന ക്ലാസുകളിൽ കായികപഠനത്തിന്റെ പൊതുമേഖലകൾ ഉൾപ്പെടു ത്തണം. സ്പോർട്സ് സയൻസ്, സ്പോർട്സ് മെഡിസിൻ, സ്പോർട്സ് ബയോമെക്കാനി ക്സ്, സ്പോർട്സ് സൈക്കോളജി, സ്പോർട്സ് ഫിസിയോളജി തുടങ്ങിയവ സംബന്ധിച്ച പ്രാഥമിക ധാരണകൾ കൈവരിക്കാൻ അവസരം നൽകേണ്ടതാണ്. കായികമികവ് കൈവ രിക്കുന്ന കുട്ടികൾക്ക് വൈദഗ്ധ്യം നേടുന്നതിനും മികച്ച കായികക്ഷമത കൈവരിക്കു ന്നതിനും 14 ജില്ലകളിലും ജി.വി.രാജ സ്പോർട്സ് സ്കൂൾ മാതൃകയിൽ ഓരോ കായിക പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്. സമുദ്രജല സാമീപ്യംകൊണ്ടും പുഴകളും കായലുകളും കുളങ്ങളും കൊണ്ടും ജലസമൃദ്ധമായ സംസ്ഥാനം എന്ന നിലയ്ക്ക് നീന്തൽ പഠനസാധ്യതകൾക്കുള്ള അവസരമൊരുക്കണം. ഭിന്നശേഷിയുള്ളവരെ അവർ ആഗ്രഹിക്കുന്ന തരത്തിലും അവർക്ക് കഴിയുന്ന തരത്തിലുമുള്ള കായികപ്രവർത്തനങ്ങളിൽ പങ്കെടു പ്പിക്കുകയും മറ്റു കുട്ടികളോടൊപ്പം തന്നെ കായികപങ്കാളിത്തത്തിന് അവസരം നൽകു കയും ചെയ്യണം. സ്പോർട്സ് - കായിക പങ്കാളിത്തനിരക്കിൽ ആൺ-പെൺ അന്തരം വലിയതോതിൽ നിലനിൽക്കുന്നുണ്ട്. ലിംഗഭേദമില്ലാതെ കുട്ടികളുടെ ആവശ്യങ്ങളും താത്പര്യങ്ങളും തുല്യമായ നിലയിൽ പരിഗണിക്കുന്നതും ലിംഗസമത്വം പ്രോത്സാഹിപ്പി ക്കുന്നതുമായിരിക്കണം. സഹവർത്തിത്വം, സഹകരണം, പരസ്പരബഹു മാനം, വികാരനിയന്ത്രണം, ജയപരാജയങ്ങളെ സമചിത്തതയോടെ നേരിടാനുള്ള കഴിവ്, സഹാനുഭൂതി, ഫലപ്രദമായ ആശയവിനിമയം തുടങ്ങിയ ജീവിതനൈപുണികളുടെ പരിശീലനക്കള രികളായി കളിക്കളങ്ങളും ആരോഗ്യ-കായികപഠനവും മാറണം. സ്പോർട്സ് പേഴ്സൺഷിപ്പ്, ഫെയർ പ്ലേ ഇവയിലൂടെ ന്യായമായ മത്സരം, ബഹുമാനം, സൗഹൃദം, സമത്വം, കളിക്കളത്തിലും പുറത്തും ലിഖിതവും അലിഖിതവുമായ നിയമങ്ങളോടുള്ള ആദരവ്, ധാർമികമൂല്യങ്ങളോടുള്ള ബഹുമാനം എന്നീ മൂല്യങ്ങളും പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ മികവ് കൈവരിക്കാൻ കുട്ടികൾക്ക് കഴിയണം. നിലവിലുള്ള കായിക ഇനങ്ങൾക്ക് പുറമേ അന്യം നിന്നുകൊണ്ടിരിക്കുന്ന തദ്ദേശീയകായിക വിനോദങ്ങളെക്കൂടി പ്രോത്സാഹിപ്പി ക്കുന്ന തരത്തിൽ കുട്ടികളുടെ പ്രായത്തിനൊത്തതും സ്വതന്ത്രവും സ്വാഭാവികവും പ്രകൃതി യെയും പരിസ്ഥിതിയെയും സന്ദർഭോചിതമായി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ളതുമായ കായികകേളികൾക്കും (Natural Play) ഇടം നൽകണം.

ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം വരുത്തിവെക്കുന്ന വ്യക്തിഗതവും സാമൂഹികവുമായ പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്ന ഉള്ളടക്കവും കായികപ്രകടനം മെച്ച മാകാൻ ഉത്തേജകമരുന്നുകൾ ഉപയോഗിക്കുന്നതിന്റെ ദൂഷ്യഫലങ്ങളും കൃത്യമായി ബോധ്യപ്പെടുത്തുന്നതിന് അവസരമൊരുക്കണം. ഓൺലൈൻ-ഓഫ്‌ലൈൻ ബ്ലെൻഡഡ് ലേണിംഗ് രീതിയിൽ പഠനപ്രക്രിയ പുന:ക്രമീകരിക്കണം. നൂതന വിവരസാങ്കേതിക വിദ്യ യുടെ സാധ്യതകൾ ആരോഗ്യകായിക വിദ്യാഭ്യാസത്തിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന ഉള്ളടക്കത്തോടൊപ്പം അവയുടെ അമിതോപയോഗം ഉണ്ടാക്കുന്ന (സ്ക്രീൻ ടൈം പോലെയുള്ളവ) ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ധാരണ പകരുവാൻ കഴിയണം. ആഗോളതലത്തിൽ കാലാകാലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന നൂതന പ്രവ ണതകളെകൂടി ഉൾപ്പെടുത്തിക്കൊണ്ട് കായികാധ്യാപകർക്ക് ഇൻസർവീസ് കോഴ്സു കൾ നൽകണം. മറ്റ് വൈജ്ഞാനികവിഷയങ്ങൾക്കൊപ്പം മതിയായ പരിഗണന നൽകുകയും പ്രൈമറിതലം മുതൽ ഹയർ സെക്കൻഡറിതലം വരെ പരീക്ഷ നടത്തി ഗ്രേഡിങ് നൽകുക യും വേണം. ഹൈസ്കൂൾ/ ഹയർസെക്കൻഡറി പരീക്ഷാസർട്ടിഫിക്കറ്റുകളിൽ മറ്റ് വിഷയ ങ്ങളോടൊപ്പം തന്നെ ആരോഗ്യ-കായികവിദ്യാഭ്യാസത്തിൽ കുട്ടിയുടെ ഗ്രേഡും രേഖപ്പെടു ത്തണം. ആരോഗ്യ-കായികവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ എല്ലാ കുട്ടികൾക്കും കൈവരി ക്കാൻ സാധ്യമാകുന്ന തരത്തിൽ പൂർണ്ണ സ്കൂൾ (whole school) സമീപനം സ്വീകരിക്കണം. എല്ലാ കുട്ടികളുടെയും ആരോഗ്യപരമായ അവസ്ഥയും ശാരീരികക്ഷമതയും ഉറപ്പാക്കണം.

ആരോഗ്യ-കായികവിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് വേണ്ടി സ്കൂളുകളും സമൂഹവും തമ്മിലുള്ള ബന്ധം സുദൃഢമാക്കണം. മാനേജ്മെന്റ് തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങൾ, പ്രാദേശികക്ലബ്ബുകൾ, രക്ഷിതാക്കൾ, ജീവനക്കാർ എന്നിവരുടെ പിന്തുണ യോടെ സ്കൂളിലെ കായികപഠനത്തെ പരിപോഷിപ്പിക്കാനുള്ള സാഹചര്യം ഓരോ സ്കൂളിലും രൂപപ്പെടുത്താൻ സാധിക്കണം. പഠനത്തിൽ വിദ്യാർഥികളുടെ താല്പര്യം, സന്നദ്ധത, മുൻ ഗണന എന്നിവ കണക്കിലെടുത്തുകൊണ്ട് ക്രിയാനിരതപഠനം (Active learning) നിർവഹിക്കുന്നതിനുള്ള തന്ത്രങ്ങൾക്ക് രൂപം നൽകണം. മത്സരാധിഷ്ഠിത സ്പോർട്സ് ഇന ങ്ങൾക്ക് കുറഞ്ഞ പ്രാധാന്യം നൽകി സമഗ്രമായ കായികശേഷീ വികസനത്തിന് ഊന്നൽ നൽകണം. വിനോദോപാധിയായി ജീവിതകാലം മുഴുവൻ നിലനിൽക്കുന്നതും ശാരീരിക

മാനസിക സുസ്ഥിതി കൈവരിച്ച് ആരോഗ്യസംസ്കാരം രൂപപ്പെടുത്തുന്നതുമായ സമീപനം വേണം. അത്‌ലറ്റിക് മികവ് മാത്രം പരിഗണിക്കാതെ എല്ലാ പഠിതാക്കൾക്കും കായിക വിദ്യാഭ്യാസം നൽകൽ എന്ന സങ്കല്പത്തിന് ഊന്നൽ നൽകണം. വ്യക്തിഗത ശാരീരിക ക്ഷമതയ്ക്ക് ഊന്നൽ നൽകിയുള്ള പരിശീലനം നൽകണം. ടീം അടിസ്ഥാനത്തിൽ നടന്ന മത്സരാധിഷ്ഠിത കായികയിനങ്ങൾക്ക് വ്യക്തിഗത ഇനങ്ങളോടൊപ്പം പ്രാധാന്യം നൽക ണം. പരമ്പരാഗത കായിക സ്പോർട്സിന ങ്ങളോ ടൊപ്പം നവീന ഇനങ്ങളെയും ഉൾപ്പെടു ത്തി കുട്ടികളിലെ താൽപര്യം നിലനിർത്താൻ നടപടിയുണ്ടാകണം. ആരോഗ്യശീലങ്ങ ളോടൊപ്പം പോഷണവും ശുചിത്വപാഠങ്ങളും ഉൾക്കൊള്ളിക്കാൻ ശ്രമിക്കണം. ഒിവര വിനിമയസാങ്കേതിക വിദ്യയോടൊപ്പം സവിശേഷമായ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് കായിക വിദ്യാഭ്യാസം സാങ്കേതികവിദ്യയിൽ അധിഷ്ഠിതമാക്കാൻ ശ്രമിക്കണം. ആത്യന്തികമായി കായികവിദ്യാഭ്യാസം ജനനന്മയ്ക്കും ജനക്ഷേമത്തിനും ഉപയോഗപ്രദമാകുന്ന തരത്തിൽ വിപുലമായ സാധ്യതകളിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പൊതുഇടപെടൽ എല്ലായിടങ്ങളിൽ നിന്നും ഉണ്ടാകണം.

38

# പൊതുവിദ്യാഭ്യാസത്തിൽ കായിക സാക്ഷരതയുടെ പ്രസക്തി

ഡോ.ബിപിൻ.ജി

**2000–ാം**ണ്ടോടെ ലോകത്താകമാനമുള്ള ജനതയുടെ ആരോഗ്യ സ്ഥിതിയെക്കുറിച്ചും, പ്രത്യേകിച്ച് ഇന്ത്യയെക്കുറിച്ചും അതിഭീതിതമായ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ WHO അടക്കമുള്ള ആരോഗ്യ സംഘടനകൾ പുറത്ത് വിട്ടിരുന്നു. ഇത്തരം വാർത്തകളുടെയും അതിനോടനുബന്ധിച്ച് വിവിധ തലത്തിൽ നടക്കുന്ന ചർച്ചകളിലൂടെയും സാഹചര്യത്തിലാണ് 2007 ൽ കേരളത്തിൽ ഇടത് ജനാധിപത്യമുന്നണി അധികാരത്തിലെത്തുന്നത്. സ്കൂൾ കുട്ടികളുടെ ശാരീരിക ക്ഷമതയുടെ അളവ് പരിശോധിക്കുന്നതിനായി, പൊതുവിദ്യാഭ്യാസം, ആരോഗ്യം, കായികം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ 5–ാം ക്ലാസ്സ് മുതൽ 10–ാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ ശാരീരിക ക്ഷമത പരിശോധിക്കുവാൻ തീരുമാനിച്ചു. 85% വരുന്ന കുട്ടികൾക്ക് ശരാശരി കായിക ക്ഷമത കൈവരിക്കാനായില്ല എന്നതായിരുന്നു പരിശോധനാ ഫലം.

ശൈലീമാറ്റം എന്നതാണ് ഏക പോംവഴി എന്നും വിദഗ്ദർ നിർദ്ദേശിച്ചു. കായിക പ്രവർത്തനങ്ങളിൽ ദൈനംദിനം ഇടപെടുന്ന ശീലം കുട്ടികളിൽ ഉണ്ടാക്കി എടുത്താൽ മാത്രമെ ഈ പ്രശ്നം പരിഹരിക്കാനാവൂ എന്നും അവർ സൂചിപ്പിക്കുകയുണ്ടായി. ആരോഗ്യ –കായിക–വിദ്യാഭ്യാസം എന്ന പേരിൽ കായിവിദ്യാഭ്യാസത്തെ മാറ്റി ഒരു പൊതുപ്രശ്നമായിക്കണ്ട് ഏറെ ശ്രദ്ധ പതിപ്പിക്കേണ്ട വിഷയമായി ഇത് പാഠ്യപദ്ധതിയുടെ ഭാഗമാക്കുക എന്നതായിരുന്നു ഈ വിപത്തിനെ ചെറുക്കുന്നതിനായി കണ്ടെത്തിയ മാർഗ്ഗം. കായിക പ്രവർത്തനങ്ങൾ ജീവിതശൈലിയുടെ ഭാഗമാക്കുന്നതിലൂടെ ആരോഗ്യം നിലനിർത്തുന്നതിനും, ദൈനംദിന പ്രവർത്തികൾ പിഴയേതുമില്ലാതെ നടത്തുന്നതിനാവശ്യമായ ശാരീരിക ക്ഷമത കൈവരിക്കുകയുമായിരുന്നു. ആരോഗ്യ കായിക വിദ്യാഭ്യാസം ലക്ഷ്യം വെച്ചിരുന്നത്.

2000 ത്തിൽ ആരോഗ്യകായിക വിദ്യാഭ്യാസവും ആയിരുന്നു പ്രാധാന്യമേറിയ ശ്രദ്ധ പതിപ്പിക്കേണ്ട വിഷമെങ്കിൽ 2020 ൽ അത് കായിക സാക്ഷരതയാണ്. എന്താണ് കായിക സാക്ഷരത കൊണ്ടുദ്ദേശിക്കുന്നത്. 3 വയസ്സ് മുതൽ 12 വയസ്സ് വരെയുള്ള വളർച്ചയുടെ ഘട്ടങ്ങളിൽ സ്വായത്തമാക്കേണ്ട ചലന നൈപുണികളെയും, വളർച്ചയുടെ ഘട്ടങ്ങളിൽ നടത്തപ്പെടുന്ന സ്വാഭാവിക പരിശോധനകളുടെ ഭാഗമായി കണ്ടെത്തുന്ന ചെറിയതും വലുതുമായ പിഴവുകളുടെ തിരുത്തൽ കൂടിയാണ് കായിക സാക്ഷരത. ഭാഷാ പഠനത്തിന് അക്ഷരങ്ങളുടെ പ്രാധാന്യം പോലെയും, ഗണിത പഠനത്തിന് അക്ഷരങ്ങളുടെ പ്രസക്തി പോലെയുമാണ് കായിക വിദ്യാഭ്യാസത്തിന് കായിക സാക്ഷരരത.

ഇന്ത്യയിലെ 24 ലക്ഷത്തോളം വരുന്ന കുട്ടികളിൽ നടത്തിയ പഠനത്തിൽ 84% കുട്ടികൾക്ക് കായിക സാക്ഷരത ലഭ്യമാകുന്നില്ല എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഓരോ പ്രായത്തിലും ആരംഭിക്കേണ്ട കായിക സാക്ഷരതാ പ്രവൃത്തികളും അവ പൂർത്തീകരിക്കേണ്ട പ്രായവും വളരെ വിശദമായി തന്നെ വിദഗ്ധർ ചാർട്ട് രൂപത്തിൽ പുറത്ത് വിട്ടിട്ടുണ്ട്. എങ്ങനെ നടക്കണം, എങ്ങനെ ഓടണം, എങ്ങനെ എറിയണം, എങ്ങനെ ഒഴിഞ്ഞു മാറണം എന്നിവയൊക്കെ സ്വായത്തമാക്കുന്നതിലൂടെ പ്രാഥമികമായ ചലന നൈപുണികൾ ശീലിക്കുവാനും പിശകുള്ളവ തിരുത്താനും നമുക്ക് കഴിയുന്നു. കായിക സാക്ഷരതയാണ് ഏറ്റവും പ്രാഥമികവും, പ്രധാനപ്പെട്ടതും ശാസ്ത്രീയമായി അടിത്തറയായി കണക്കാക്കപ്പെടുന്നതുമായ ചലന മാതൃകകൾ. ഇത് സ്വായത്തമാക്കിയ കുട്ടികൾക്ക് പ്രയാസമേതുമില്ലാതെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി നിർദ്ദേശിക്കുന്ന പ്രവൃത്തികളിൽ ഏർപ്പെടാനാവും എന്നതിൽ സംശയം ഏതും ആവശ്യമില്ല. കായിക സാക്ഷരത നമ്മുടെ പാഠ്യ പദ്ധതിയുടെ ഭാഗമാകേണ്ടത് തീർത്തും അനിവാര്യമായ ഒന്നാണ്. ഇത് നേടിയെടുക്കേണ്ട പ്രായത്തിൽ തന്നെ നേടിയെടുക്കേണ്ടവയാണ്. അതിന് നമ്മുടെ കുട്ടികൾക്ക് വേണ്ട സൗകര്യങ്ങളും സാഹചര്യങ്ങളും ഒരുക്കി കൊടുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

39

# സമകാലിക വിദ്യാഭ്യാസപ്രക്രിയയിൽ കലാപഠനത്തിന്റെ അനിവാര്യത

ഡോ.രജിത രവി, അസിസ്റ്റന്റ് പ്രൊഫസർ, കേരള കലാമണ്ഡലം

"Art awakens a sense of real by establishing an intimate relationship between our inner being and the universe at large, bringing us a consciounsess of deep joy ---Ravindranatha Tagore"

മൂല്യാധിഷ്ഠിതമായ വ്യക്തിത്വവികാസവും അതുവഴി ആരോഗ്യമുള്ള സമൂഹനിർമ്മിതിയുമാണ് വിദ്യാഭ്യാസപ്രക്രിയയുടെ അടിസ്ഥാനലക്ഷ്യം. ആത്യന്തികമായി മാനവികതയും മനുഷ്യത്വവും വിഭാവനം ചെയ്യാൻ പ്രാപ്തമായതുകൂടിയാവണം വിദ്യാഭ്യാസം. മനുഷ്യൻ മാനവികത ആർജ്ജിക്കുന്നത് അവ ചുറ്റുമുള്ള പരിസര മൂല്യങ്ങളിൽ നിന്നാണ്. ഇത് മനുഷ്യസമൂഹ വികസനത്തിന്റെ വസ്തുനിഷ്ഠമായ പ്രക്രിയയും അനിവാര്യമായ നിയമവുമാണ്. പ്രാദേശികമായ അറിവുകളെയും സംസ്കാര സവിശേഷതകളെയും നിരാകരിച്ചുകൊണ്ട് ജ്ഞാനസമൂഹ നിർമിതി സാധ്യമല്ല. ഈയൊരുപശ്ചാത്തലത്തിലാണ് പൊതുവിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുന്ന കലാപഠനത്തിന്റെ പ്രസക്തിയെക്കുറിച്ച് ചർച്ച ചെയ്യുന്നത്.

കാലാകാലങ്ങളായി നിലവിൽ വന്ന ദേശീയ, സംസ്ഥാന കരിക്കുല ശുപാർശകളിൽ കലാപഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദമാക്കുന്നുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളും അതിനെ തുടർന്ന് വന്ന പഠനറിപ്പോർട്ടുകളും ആണ് ഈപഠനത്തിന്റെ പ്രഥമാകരം. നിലവിലുള്ള കലാപഠനത്തിന്റെ സാധ്യതകളെയും പരിമിതികളെയും അടയാളപ്പെടുത്തുന്നതിനും ഈപഠനത്തിൽ ശ്രമിച്ചിട്ടുണ്ട്.

കല, ഒഴിവിടങ്ങളിലെ ആനന്ദോപാധി മാത്രമല്ല. നിരവധി അടരുകളുള്ള സമൂഹത്തിന്റെസാംസ്കാരിക ദർപ്പണം കൂടിയാണ് എന്നതിരിച്ചറിവിൽ വേണം കലയെ സമീപിക്കുവാൻ. കലാപഠനം ചരിത്രപഠനവും ഭാഷാപഠനവും നരവംശപഠനവും സാമൂഹ്യപഠനവും ഒക്കെയടങ്ങുന്ന ബഹുമുഖ പദ്ധതിയാണ്. അത്തരത്തിലുള്ള ഒരുഗൗരവ പൂർണമായ സമീപനം കലാവിദ്യാഭ്യാസപ്രക്രിയയിൽ രൂപപ്പെട്ടു വരേണ്ടത് അവശ്യമാണ്.

എല്ലാകലകളും പ്രതിരോധാത്മകമായിട്ടാണ് രൂപംകൊണ്ടതും വളർന്നതും നിലനിന്നതും. ഒരു പ്രത്യേകചരിത്രഘട്ടത്തിൽ ഈ കലകളുടെ, വിശേഷിച്ചും ശാസ്ത്രീയകലകളുടെ ആധിപത്യം സമൂഹത്തിലെ അധികാരമുള്ളവരുടെ അവകാശമായിമാറി. സാധാരണക്കാർ ഇത്തരം കലകളിൽനിന്ന് അകന്നുനിന്നു. വർത്തമാനകാലത്ത് ശാസ്ത്രീയകലകൾ മതപരമായ പരിസരത്തിൽ ചേർത്തുവയ്ക്കാൻ ശ്രമംനടക്കുന്നത് അപകടകരമാണ്. കലകളെകുറിച്ച്, അതിന്റെ ചരിത്രത്തെക്കുറിച്ച്, നാൾവഴികളെക്കുറിച്ച് കൃത്യമായ ബോധം പുതിയ തലമുറയ്ക്ക് ഉണ്ടായേ മതിയാവൂ. എല്ലാകലകളും മനുഷ്യശരീരത്തിന്റെയും മനുഷ്യമനസ്സിന്റെയും വികാരവിചാരങ്ങളുടെ സത്യസന്ധമായ ആവിഷ്കാരം എന്നതിൽ കവിഞ്ഞ് മതമോ, ജാതിയോ, ലിംഗമോ, വർണ്ണമോ, വംശമോ, അതിന്റെ സൗന്ദര്യത്തെയോ, രൂപത്തെയോ, നിർണയിക്കുന്നില്ല എന്ന വസ്തുത സമൂഹം മനസ്സിലാക്കേണ്ടതുണ്ട്. കലാസാക്ഷരതയിലൂടെ മാത്രമെ അതുസാധ്യമാകൂ. കലാബോധനവും കലയിലൂടെയുള്ള ബോധനവും (Art integration) കലാപഠനത്തിന്റെസാധ്യതകളാണ്. സർഗാത്മകതയുടെ ഇടങ്ങളായി നമ്മുടെ ക്ലാസ്സ്മുറികൾ മാറുകയും ബോധനം ആഹ്ലാദകരമായ പ്രക്രിയയായി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഇടയിൽ തുടരട്ടെ.

40

# കലാ വിദ്യാഭ്യാസത്തിന് ഒരു പൊതു കാഴ്ചപ്പാട്

ആനയടി പ്രസാദ്, ഡയറ്റ് ഫാക്കൽറ്റി, (റിട്ട.) 9447256014

പ്രശ്നങ്ങളെ നേരിടാനും പ്രശ്നപരിഹരണത്തിനുള്ള മാർഗങ്ങൾ അന്വേഷിക്കുവാനും, മാനവികത നിലനിർത്തി സഹജീവികളോട് ആദരവ്പ്രകടിപ്പിച്ചു മുന്നോട്ടുപോകുവാനും കഴിയുന്ന തലമുറയെ വാർത്തെടുക്കുവാൻ കുട്ടികളുടെ സർഗാത്മകതക്ക് പ്രാധാന്യം നൽകി കൊണ്ടുള്ള വിദ്യാഭ്യാസ രീതിക്ക് മാത്രമേ കഴിയുകയുള്ളൂ എന്ന് വിദ്യാഭ്യാസ ഗവേഷകരും അഭിപ്രായപ്പെടുന്നു. എല്ലാ കുട്ടികളും സർഗധനരാണ്.പുതിയ കണ്ണുകളോടെ അവർ ലോകത്തെ കാണുന്നു. മൗലിക രീതിയിൽ അതിനോട് അവർ പ്രതികരിക്കുന്നു. സർഗ്ഗസൃഷ്ടി നടത്തുന്നു. ഭാവനയാണ് സൃഷ്ടിപരതയുടെ ജീവൻ. അതുകൊണ്ടാണല്ലോ ആൽബർട്ട് ഐൻസ്റ്റീൻ അറിവിനെക്കാൾ പ്രധാനപ്പെട്ടത് ഭാവനയാണെന്ന് പറഞ്ഞത്. മനുഷ്യൻ ഒരു സാ

മൂഹ്യ ജീവിയാണ് അതുകൊണ്ടുതന്നെ സാമൂഹ്യ ഇടപെടലുകളിലൂടെയാണ് കുട്ടികൾ അറിവുകൾ ആർജിക്കുന്നതെന്ന് വൈഗോസ്കിയും സിദ്ധാന്തിക്കുന്നു. സാമൂഹ്യ പ്രശ്നങ്ങളെ വിമർശനാത്മകമായി വിശകലനം ചെയ്യുന്നതിന് കലകൾക്ക് കഴിയും,

കലാപ്രവർത്തനങ്ങൾ കുട്ടികളുടെ കർമ്മോത്സുകതയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിന് അനുഭവങ്ങൾ ഒരുക്കുന്നു. കലാധിഷ്ഠിത വിദ്യാഭ്യാസത്തിന് മികച്ച സംഭാവനകൾ ഇതിൽ നൽകാനാകും. സാമൂഹ്യ പഠന ബോധന രൂപങ്ങളായി കലയും സാഹിത്യവും എക്കാലവും അവയുടെ ധർമ്മം നിറവേറ്റിയിട്ടുണ്ട്. വിദ്യാഭ്യാസ ചിന്തകളുടെയും ശാസ്ത്രജ്ഞരുടെയും ആശയങ്ങൾ വിരൽചൂണ്ടുന്നത് സർഗാത്മക പാഠ്യപദ്ധതിയിലേക്കാണ്.വിവിധ പ്രക്രിയകളിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളെയും, സംവേദനങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന പഠനാനുഭവങ്ങൾ ജൈവ ഓർമ്മക്കും പ്രശ്നപരിഹരണ ചിന്തകൾക്കും സഹായകരമായ നാഡീ ബന്ധങ്ങൾ സാധ്യമാക്കുന്നു. ആസൂത്രണം ചെയ്ത കലാ വിദ്യാഭ്യാസത്തിന് പുതിയ നാഡീ ബന്ധങ്ങൾ ഉളവാക്കാനും വിട്ടുപോയ നാഡീ ബന്ധങ്ങളെ പുനസ്ഥാപിക്കാനും കഴിയുമെന്ന് മറിയം ഡയമണ്ട്സ് പറയുന്നു.

NCF 2005, KCF 2007 ഇവയുടെ നിലപാടുകൾ ഉൾകൊണ്ടുകൊണ്ട് 2011 –12 അധ്യയനവർഷം കൊല്ലം ജില്ലാപഞ്ചായത്തും കൊല്ലം ഡയറ്റും സംയുക്തമായി ഏറ്റെടുത്തു നടപ്പിലാക്കിയ ഒരുകലാ പ്രൊജക്റ്റ് ആണ് കലാഗ്രാമം. കൊല്ലം ജില്ലയിലെ ഹൈസ്കൂൾ വിഭാഗത്തിലെ 8, 9 ക്ലാസ്സിലെ മുഴുവൻ വിദ്യാർഥികളിൽ നിന്നും തിരഞ്ഞടുക്കപെട്ട 50 കുട്ടികൾക്കുവീതം ആകെ (150കുട്ടികൾ) സംഗീതം, ചിത്രകല, നാടകം എന്നീ മൂന്നു മേഖലകളിലാണ് പഠനാനുഭവങ്ങൾ ഒരുക്കിയത്. ജില്ലയിലെ 3 എഡ്യൂക്കേഷൻ ഡിസ്ട്രിക്ടുകൾ കേന്ദ്രീകരിച്ചാണ് പരിശീലനം നടത്തിയത്. സ്കൂൾ അവധിദിനങ്ങളാണ് ഇതിനായി ഉപയോഗിച്ചത്. ഏറ്റവും നല്ല അധ്യാപകരെയാണ് ഇതിനായി തെരെഞ്ഞെടുത്തത്. വിദ്യാഭ്യാസ ഓഫീസർമാരും മറ്റ് സംവിധാനങ്ങളും ഇതിനാൽ കൃത്യമായ മോണിറ്ററിങ് നടത്തി. ഒരു എഡ്യൂക്കേഷൻ ഡിസ്ട്രിക്ടിൽ ഒരു venue എന്നരീതിയിൽ ആണ് കുട്ടികൾ ഒത്തുകൂടിയത്. മാസത്തിൽ ഒരുദിവസം ജില്ലാപഞ്ചായത്തിന്ലെ പൊതു മീറ്റിംഗിൽ റിവ്യൂ നടത്തപ്പെട്ടു. വെക്കേഷൻ കാലത്തു 5ദിവസത്തെ റെസിഡെൻഷൽ ക്യാമ്പും ചിത്രപ്രദർശനവും കുട്ടികളുടെ അരങ്ങേറ്റവും നടന്നു.

കലാഗ്രാമം പരിപാടിയുടെ അനുഭവങ്ങൾ ഉൾക്കൊണ്ടു കൊണ്ട് 2015 ൽ ചാത്തന്നൂർ നിയോജകമണ്ഡലം സമഗ്ര വിദ്യാഭ്യാസപരിപാടിയുടെ ഭാഗമായി കൊല്ലം ഡയറ്റിന്റെ അക്കാദമിനേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയായിരുന്നു കിലുക്കാംപെട്ടിയും പൂത്തുമ്പികളും എന്ന കലാവിദ്യാഭ്യാസ സഹവാസ ക്യാമ്പ്. സംഗീതം, നാടകം, ചിത്രരചന എന്നീ മേഖലകളിൽ ഗവേഷണാടിസ്ഥാനത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചത്. ചാത്തന്നൂർ വിദ്യാഭ്യാസ ഉപജില്ലയിലെ കുട്ടികളാണ് പങ്കെടുത്തത്. അദ്ധ്യാപകർ, രക്ഷിതാക്കൾ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ടാണു ത്രിദിനസഹവാസ ക്യാമ്പ് പൂർത്തീകരിച്ചത്. കലാ പഠന പാഠ്യപദ്ധതിയുടെ വിനിമയത്തിന് സഹവാസ ക്യാമ്പുകൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന അനുഭവ പാഠങ്ങൾ ചർച്ച ചെയ്യുവാൻ ക്യാമ്പുകൾ സഹായകരമായി.

41

## ആരോഗ്യ–കായിക ക്ഷമതയും പൊതുവിദ്യാഭ്യാസവും

ഒ. കെ വിനീഷ്, കണ്ണൂർ, 9446577491

''**കു**ട്ടികളിൽ അന്തർലീനമായിരിക്കുന്ന വികാരങ്ങളുടെ സ്വതന്ത്രമായ ആവിഷ്കാരമാണ് കളികൾ.'' കളികളിലൂടെ ശാരിരിക വികാസം, മാനസിക സന്തോഷം, സ്വാതന്ത്ര്യം, സംതൃപ്തി, തുടങ്ങിയ അടിസ്ഥാന വികാരങ്ങളെ തൃപ്തിപെടുത്തുകയുംമാനുഷിക മൂല്യങ്ങളെ പരിപോക്ഷിപ്പിക്കുകയും ചെയ്യുന്നു. കുട്ടിക്കാലത്തെ കളികൾ പിന്നീടുള്ള ജീവിതത്ത ഘട്ടങ്ങളിലെ അങ്കുരിച്ച ഇലകളാണ്.ചിട്ടയായ ശാരീരിക പ്രവർത്തനങ്ങൾ കുട്ടികളെയും കൗമാരക്കാരെയും കായികക്ഷമത മെച്ചപ്പെടുത്താനും, ഉത്കണ്ഠ, വിഷാദം തുടങ്ങിയ മാനസികാവസ്ഥയുടെ ലക്ഷണങ്ങൾ നിയന്ത്രിക്കുവാനും,ജീവിതശൈലി രോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കാനും സഹായിക്കും. കളികളിലൂടെ ശാരീരികക്ഷമതയ്ക്കൊപ്പം ന്യൂറോ ഇലക്ട്രിക് പ്രവർത്തനം വർദ്ധിക്കുന്നതിനാൽ അക്കാദമിക് നേട്ടം മെച്ചപ്പെടുന്നത് ഗവേഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ലോകാരോഗ്യ സംഘടനയുടെ കാഴ്ചപ്പാടിൽ ആരോഗ്യമെന്നത് കേവലം രോഗങ്ങളില്ലാത്ത അവസ്ഥയല്ല, മറിച്ച് ശാരീരികവും, മാനസികവും, സാമൂഹ്യവുമായ ക്ഷേമ അവസ്ഥയാണ്. ഈ അവസ്ഥ കൈവരിക്കുന്നതിലൂടെ സാമൂഹ്യമായും സാമ്പത്തികമായും ഉൽപ്പന്നക്ഷമതയുള്ള ജനതയെ വാർത്തെടുക്കുന്നതിനും സാധിക്കുന്നു.ആരോഗ്യ–കായികകക്ഷമതവികസനത്തിന്റെ അടിസ്ഥാനതത്വമാണ് കായിക പ്രവർത്തനം. എല്ലാ വിഭാഗം ജനങ്ങള്ക്കും ആവശ്യംവേണ്ട കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുള്ള അവസരം ഉറപ്പാക്കുന്നതിന്, മെച്ചപ്പെട്ട കളിസ്ഥലങ്ങളും മികച്ച അദ്ധ്യാപക പരിശീലകരെയും ആവശ്യമായ കായിക ഉപകരണങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. കായിക മേഖലയിൽ കേരളത്തിന്റെക ചരിത്രത്തിലെ രണ്ടാം

നവോത്ഥാന കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്ന ഇടതുപക്ഷ സർക്കാർ ഈ ആവശ്യങ്ങൾക്ക് നല്ലനിലയിൽ പ്രാധാന്യം നല്കിവരുന്നുണ്ട്..

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിദ്യാഭ്യാസമുൾപ്പെടെ സമഗ്ര മേഖലയിലും വളരെയധികം പുരോഗതി കൈവരിച്ച സംസ്ഥാനമാണ് നമ്മുടെ കേരളം. ലോകാരോഗ്യ സംഘടനയുടെ കാഴ്ചപ്പാടിൽ ഒരു വ്യക്തിയുടെ സർവതോന്മുഖമായ വികാസമാണ് ആരോഗ്യം. ആരോഗ്യം കൈവരിക്കുവാൻ മികച്ച കായികക്ഷമതയ നേടേണ്ടതുണ്ട്. ജീവിതശൈലി രോഗങ്ങളാൽ ജനങ്ങളെ ചികിത്സിക്കുന്നതിന് ഉണ്ടാവുന്ന സാമ്പത്തിക ചിലവുകൾ ഓരോ രാജ്യത്തെയും വളരെയധികം ആഘാതപ്പെടുത്തുന്നു. ഈ സാഹചര്യത്തിലാണ് രോഗം വരാതെ മികച്ച ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള ഏറ്റവും മികച്ച മാർഗമായ കായികക്ഷമത വർധിക്കുന്നത്.

കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റെകകായിക വികസനത്തിന്റെക പരമപ്രധാനമായ അടിസ്ഥാനതത്വം മുന്നിസർത്തി ഏറ്റവും ശാസ്ത്രീയവും, അത്യാധുനികവും, മെച്ചപ്പെട്ടതുമായ കളിക്കളങ്ങൾ സംസ്ഥാനത്തിന്റെി എല്ലാ പ്രദേശത്തും ഉറപ്പാക്കുന്നതിൽ ഊർജ്ജിപതമായ നടപടികളാണ് സ്വീകരിച്ചത്. തത്ഫലമായി രാജ്യത്തിന് മാതൃകയായ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഏറ്റവും മികച്ച നിരവധി കളിക്കളങ്ങൾ ഒരുക്കി.സംസ്ഥാന സ്പോർട്സ് വകുപ്പിന്റെയ നേതൃത്വത്തിൽ ഏറ്റവും വിദഗ്ധരായ പരിശീലകരുടെ സേവനവും, മെച്ചപ്പെട്ട കായിക അടിസ്ഥാന സംവിധാനങ്ങളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ കളിക്കളങ്ങൾ ഏറ്റവും അത്യാധുനിക സംവിധാനത്തിൽ നവീകരിച്ചു വരികയാണ്.

ലോകരാജ്യങ്ങൾക്കിടയിൽ ക്യൂബ, ചൈന പോലുള്ള രാജ്യങ്ങൾ സ്പോർട്സിനെ ഗവൺമെന്റ് പദ്ധതികളിൽ ഉൾപ്പെടുത്തി അവരുടെ നയങ്ങൾക്ക് അനുസൃതമായി വളർത്തുന്നസമഗ്രജനകീയമുന്നേറ്റ നയം മാതൃകയാക്കേണ്ടതാണ്. സ്പോർട്സിനെ അതിന്റെ തകാല്പനികതയുടെ ഏറ്റവും ജനകീയ ആകർഷക രൂപമായ അമച്വർ സ്പോർട്സിനെ പരിപോഷിപ്പിക്കുന്നതിനോടൊപ്പം മികവ് പ്രകടിപ്പിക്കുന്ന താരങ്ങളെ കണ്ടെത്തി അവർക്ക് വളർന്നുവരുവാനുള്ള പ്രൊഫഷണൽ സമീപനവുമാണ് സ്വീകരിക്കേണ്ടത്.

കായിക മേഖലയിൽ സംസ്ഥാനത്തിന്റൊ ഏറ്റവും വലിയ കരുത്ത് കായിക സംസ്കാരം ഉൾക്കൊള്ളുന്ന വലിയൊരു വിഭാഗം ജനങ്ങളും ഉയർന്ന കായികക്ഷമത പുലർത്തുന്ന യുവാക്കളുമാണ്. സംസ്ഥാനതല കായിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്കായിക വകുപ്പിന് കീഴിൽജനാധിപത്യ വ്യവസ്ഥയിൽ രൂപംകൊണ്ടിട്ടുള്ള സംസ്ഥാന സ്പോർട്സ് കൗൺസിലും, കായികയുവജന കാര്യാലയവുമാണ്. സംസ്ഥാനത്തെ വിവിധ ഗെയിമുക്കള്ക്കുണള്ള കായിക സംഘടനകൾ, കേരള ഒളിമ്പിക് അസോസിയേഷൻ,കേരള സംസ്ഥാന യുവജന ക്ഷമ ബോർഡ്, ജില്ലാ സ്പോർട്സ് കൗൺസിലുകൾ, സ്പോർട്സ് സ്കൂളുകൾ, സ്പോർട്സ് ഹോസ്റ്റലുകൾ, എലൈറ്റ് സെന്ററുകൾ, സ്പോർട്സിന് ഏറെ പ്രാമുഖ്യം നല്കുന്ന വിവിധ സ്കൂളുകൾ, കോളേജുകൾ, തുടങ്ങി സ്പോർട്സിനെ സ്നേഹിച്ച് രൂപംകൊള്ളുന്ന ജനകീയകൂട്ടായ്മ ക്ലബ്ബുകൾതുടങ്ങിയവ സംസ്ഥാനത്തെ സ്പോട്സ്ന്റെ ചാലക ശക്തികളാണ്.

വനിതാ സ്പോർട്സിനും ട്രാൻസ്സ ജെന്റർ സ്പോർട്സിനും കേരളം മാതൃകാപരമായ പ്രവർത്തനമാണ് നടത്തിവരുന്നത്. സ്പോർട്സിൽ പങ്കെടുക്കുന്നതിലൂടെ പെൺകുട്ടികൾക്കും സ്ത്രീകൾക്കും ട്രാൻസ് ജെന്റർ വിഭാഗത്തിനും ഉയർന്ന ആത്മവിശ്വാസം, ആത്മാഭിമാനം, ശാരീരിക-മാനസിക വികാസം കൈവരിക്കുവാൻ സാധിക്കുന്നു.ജീവിതത്തെ മാറ്റിമറിക്കാനുള്ള കരുത്ത് സ്പോർട്ടിനുണ്ട്. ടീം വർക്ക്, സ്വാശ്രയത്വം, പ്രതിരോധം, ആത്മവിശ്വാസം എന്നിവ മെച്ചപ്പെടുത്തികൊണ്ട് ലിംഗസമത്വം ഉറപ്പാക്കുവാൻ സാധിക്കുന്നു.

ലിംഗസമത്വവും സ്ത്രീ ശാക്തീകരണവും സാക്ഷാത്കരിക്കുന്നതിന് സ്പോർട്സ് ഒരു മാധ്യമമാണ്. ടീം വർക്ക്, സ്വാശ്രയത്വം, സഹിഷ്ണുത എന്നിവയുടെ മൂല്യങ്ങൾ പഠിപ്പിച്ചുകൊണ്ട് ലിംഗസമത്വത്തിന്റെ മികച്ച പ്രേരകരകുവാൻ സ്പോർട്സിന് കഴിയും. പെൺകുട്ടികൾക്ക് അവരുടെ വീടുകളിലും സമൂഹങ്ങളിലും അക്രമങ്ങളിൽ നിന്ന് സാമൂഹിക ബന്ധങ്ങളും അഭയവും നൽകാൻ കഴിയും,

നെൽസൺ മണ്ടേല പറഞ്ഞത് 'കായികരംഗത്തിന് ലോകത്തെ മാറ്റാനുള്ള ശക്തിയുണ്ട്. അതിന് പ്രചോദനം നൽകാനുള്ള ശക്തിയുണ്ട്. ആളുകളെ ഒന്നിപ്പിക്കാൻ അതിന് ശക്തിയുണ്ട്. അത് അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ യുവാക്കളോട് സംസാരിക്കുന്നു. ഒരു കാലത്ത് നിരാശയുണ്ടായിരുന്നിടത്ത് സ്പോർട്സിന് പ്രതീക്ഷ സൃഷ്ടിക്കാൻ കഴിയും.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിദ്യാഭ്യാസമുൾപ്പെ ടെ സമഗ്ര മേഖലയിലും വളരെയധികം പുരോഗതി കൈവരിച്ച സംസ്ഥാനമാണ് നാം. ലോകാരോഗ്യ സംഘടനയുടെ കാഴ്ചപ്പാടിൽ ഒരു വ്യക്തിയുടെ സർവതോന്മുഖമായ വികാസമാണ് ആരോഗ്യം. ആരോഗ്യം കൈവരിക്കുവാൻ മികച്ച കായികക്ഷമതയ നേടേണ്ടതുണ്ട്. ജീവിതശൈലി രോഗങ്ങളാൽ ജനങ്ങളെ ചികിത്സിക്കുന്നതിന് ഉണ്ടാവുന്ന സാമ്പത്തിക ചിലവുകൾ ഓരോ രാജ്യത്തെയും വളരെയധികം ആഘാതപ്പെടുത്തുന്നു. ഈ സാഹചര്യത്തിലാണ് രോഗം വരാതെ മികച്ച ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള ഏറ്റവും മികച്ച മാർഗ്ഗമായ കായികക്ഷമത കൈവരിക്കുക.

ജീവിതശൈലി രോഗികളുടെ കേന്ദ്രമായി നമ്മുടെ സംസ്ഥാനം മാറുന്നത് ആശങ്ക ഉളവാക്കുന്നതാണ്. ഐക്യരാഷ്ട്ര സംഘടനയുടെ നിർദേശപ്രകാരവും, ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട് പ്രകാരം

ആഗോളതലത്തിൽതന്നെ ജനങ്ങളുടെ കായികക്ഷമത വളരെയധികം കുറവാണ്. ഇതിനൊരു മാറ്റം വരണമെങ്കിൽ ആഴ്ചയിൽ 150 മുതൽ 300 മിനിറ്റ് നേരം കായിക വ്യായാമങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്.

ജനങ്ങളെ എല്ലാവരെയും ചലനാത്മകമായി മാറ്റുന്നതിനാണ് കൂടുതൽ ശ്രദ്ധ നൽകേണ്ടത്. ലോകം വളരെ വേഗത്തിൽ ചലിക്കുന്നുണ്ടെങ്കിലും ജനങ്ങളുടെ ശാരീരിക ചലനങ്ങളിൽ ആ വേഗത കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല അടിസ്ഥാന കായിക വിദ്യാഭ്യാസം കേരളത്തിലെ ഗ്രാമ നഗര വ്യത്യാസമില്ലാതെ എല്ലാവിഭാഗം ജനങ്ങളിലും എത്തിക്കുകയും അതിലൂടെ ശക്തമായ ഒരു കായിക സംസ്കാരം രൂപപ്പെടേണ്ടതുണ്ട്.

കായിക സാക്ഷരത പ്രവർത്തനം ആരംഭിക്കേണ്ടത് ഒരു കുട്ടി ജനിക്കുന്നത് മുതലാണ്. നാലു മാസമാകുമ്പോൾ കമഴ്ന്ന് കിടക്കാൻ തുടങ്ങുന്ന കുട്ടി ഒരു വർഷം ആകുമ്പോൾ നടക്കാൻ തുടങ്ങുന്നു. മൂന്ന് വയസ്സിൽ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെമ ഭാഗമായി സ്കൂളുകളിലേക്ക് എത്തുന്ന കുട്ടി രസകരമായ കളികളിലൂടെയും,അനുഭവങ്ങളിലൂടെയും അവനിൽ ജ്ഞാനം നിർമ്മിക്കപ്പെടുന്നു. സ്കൂൾ കാലഘട്ടത്തിൽ എല്ലാ കുട്ടികൾക്കും അവശ്യം വേണ്ട മിനിമം ആരോഗ്യ സംബന്ധിയായ കായികക്ഷമത നിലനിർത്തുന്നതിനും, മെച്ചപ്പെടുത്തുന്നതിനും ഉള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഉറപ്പാക്കണം.കായിക മേഖലയിൽ മികവു പുലർത്തുന്ന കുട്ടികളെ കണ്ടെത്തുവാനും അവർക്ക് മികച്ച ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങൾ കായികവകുപ്പ് ലഭ്യമാകും.

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു തൊഴിൽ മേഖലയിലേക്ക് പോകുന്ന വ്യക്തികൾക്ക് അയാളുടെ നിത്യജീവിതത്തിൽ അവശ്യംവേണ്ട ആരോഗ്യ സംബന്ധിയായ കായികക്ഷമത നിലനിർത്തുന്നതിനുള്ള പ്രവര്ത്തരനങ്ങളിൽ ഒരു ദിവസം കേവലം അരമണിക്കൂറെങ്കിലും ചെലവഴിക്കുന്ന സംസ്കാരം കായികവിദ്യാഭ്യാസത്തിലൂടെ രൂപപ്പെടണം. സ്കൂളിന്റെക തുടർച്ചയെന്നോണം കോളേജ് മേഖലയിലേക്ക് എത്തുന്ന കുട്ടികൾക്ക് എല്ലാ ദിവസവും കായിക പ്രവർത്തനങ്ങൾ ഏർപ്പെടുവാനുള്ള സാഹചര്യം വിദ്യാഭ്യാസത്തിന്റെു ഭാഗമായി ഉറപ്പാക്കണം. മികവുള്ള കുട്ടികളെ സംസ്ഥാനത്തെയും രാജ്യത്തിന്റെലയും അഭിമാനതാരങ്ങളായി മാറ്റുവാനുള്ള സംവിധാനങ്ങൾ സംസ്ഥാനത്ത് കായിക വകുപ്പ് ഉറപ്പാക്കും.

കായിക ക്ഷമത മെച്ചപ്പെടുന്നതിലൂടെ ഒരു വ്യക്തി ഏറ്റവും നല്ല ഉൽപ്പന്നപരമായ വ്യക്തിയായി സമൂഹത്തിൽ മാറുകയാണ്.സംസ്ഥാനത്തിന്റെക സാമ്പത്തിക സാമൂഹ്യപുരോഗതിയിൽ ഇത്തരം വ്യക്തികൾ കാര്യക്ഷമമായി പങ്കുവഹിക്കാൻ കഴിയുന്നു.കായിക സാക്ഷരത കുട്ടി ജനിക്കുമ്പോൾ മുതൽ തുടങ്ങുന്നതിനാൽ പ്രാരംഭഘട്ടത്തിൽ ആർജിക്കുന്നതിന് രക്ഷിതാക്കളെ ബോധവൽക്കരിക്കുക. സ്കൂളുകളിൽ എത്തുന്ന കുട്ടികൾക്ക് അവരുടെ ക്ലാസ്സ് പുരോഗതിക്കുള്ള ഒരു മാനദണ്ഡമായി കായികക്ഷമത മികവും പരിഗണിക്കണം. എല്ലാ വിദ്യാർഥികൾക്കും കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ അവസരം വിദ്യാഭ്യാസതലത്തിൽ ഉറപ്പാക്കണം.

പ്രീപ്രൈമറിതലം മുതൽ ഹയർസെക്കൻഡറിതലം വരെ സ്കൂളുകളിൽ കായിക സംവിധാനങ്ങൾ, മികച്ച ഉപകരണങ്ങൾ, കായിക അധ്യാപകർക്ക് വിദഗ്ധ പരിശീലനം എന്നിവ ലഭ്യമാകുവാൻ പൊതുവിദ്യാഭ്യാസ വകുപ്പും കായികവകുപ്പും സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കും. അതോടൊപ്പം ഏറ്റവും പ്രസക്തമായ കാര്യമാണ് കായിക അധ്യാപകരുടെ കുറവ് ഈ വിഷയം സർക്കാരിന്റെക ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അവർ പരിഹരിക്കുന്നതിനും പൊതുവിദ്യാഭ്യാസവകുപ്പ് മുൻകൈയെടുക്കണം.

ഓരോ പ്രദേശത്തെ പ്രാദേശിക ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കണ്ടെത്തുകയും അവിടത്തെ കായിക ഇനങ്ങൾക്ക് പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ കായിക ഉപകരണങ്ങൾ, ശാസ്ത്രീയമായ പരിശീലനം എന്നിവ കായിക വകുപ്പിന്റൈ മേൽനോട്ടത്തിൽസജ്ജമാക്കും.

സംസ്ഥാനത്തെ എല്ലാ കളിസ്ഥലങ്ങളും വരുന്ന അഞ്ച് വർഷം കൊണ്ട് കളിയോഗ്യമാക്കാനുള്ള കർമ്മ പരിപാടിക്ക് കായികവകുപ്പ് നേതൃത്വം നൽകും. ഇതിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും കായിക പ്രവർത്തനങ്ങൾ ഏർപ്പെടുന്ന അതിനുള്ള സാഹചര്യവും സംവിധാനങ്ങളും സജ്ജമാക്കും. പൊതുവിദ്യാലയങ്ങളിൽ മികവു പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് തുടർന്ന് ശാസ്ത്രീയമായി കായിക പരിശീലനം നൽകുന്ന മികവിന്റെ കേന്ദ്രങ്ങളാക്കി സ്പോര്ട്സ്ാ സ്കൂളുകളെ മറ്റും.സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് ഏറ്റവും മികവുറ്റ പ്രകടനം കാഴ്ചവയ്ക്കുന്നതിനു വേണ്ടി സ്പോർട്സ് സെന്റർ ഓഫ് എക്സലൻസ് ആരംഭിക്കും.

പൊതുജനങ്ങൾക്ക് സുരക്ഷിതമായ രീതിയിൽ ഒത്തുചേരാനാകുന്ന പൊതു സ്ഥലങ്ങളിൽ ജനങ്ങളുടെ ശാരീരികക്ഷമത മെച്ചപ്പെടുത്തുന്നതിനായി ഏറ്റവും ആകർഷകമായ രീതിയിൽ നാച്ചുറൽ ഫിറ്റ്നസ് പാർക്കുകൾ സ്ഥാപിക്കും.

കായികവിദ്യാഭ്യാസആരോഗ്യ - തദ്ദേശസ്വയം ഭരണവകുപ്പുകളുടെ സംയുക്ത സഹകരണത്താൽ സംസ്ഥാനത്ത് കായികസംസ്കാരം രൂപപ്പെടുത്തി കായിക സാക്ഷരത കൈവരിക്കുന്നതിനുള്ള കർമ്മ പരിപാടി നടപ്പിലാക്കണം.അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലും പൊതുജനങ്ങൾക്ക് കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരങ്ങൾ നൽകുക. ''എന്റെ കായികക്ഷമത നാടിന്റെ ക്ഷമത'' സംസ്ഥാനത്തെ എല്ലാവിഭാഗം ജനങ്ങളെയും കായികക്ഷമതയുള്ള പൗരന്മാരാക്കി മാറ്റുക. വരുന്ന അഞ്ചുവർഷം കൊണ്ട് കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ കായിക

സാക്ഷരത നേടിയ സംസ്ഥാനമായി പ്രഖ്യാപിക്കുവാൻ കഴിയേണ്ടതുണ്ട്.

സംസ്ഥാന കായിക- വിദ്യഭ്യാസ- ആരോഗ്യ വകുപ്പുകളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് കായികപ്രവർത്തനങ്ങൾ ചെയ്യുവാൻ അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലും ജനങ്ങൾക്ക് കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഉള്ള അവസരമൊരുക്കുക. ദിവസേന 60 മിനിട്ട് മുതൽ 30 മിനിട്ട് വരെ ശരാശരി ആഴ്ചയിൽ അഞ്ച് മുതൽ ആറ് ദിവസം വരെ കായിക പ്രവർത്തനങ്ങൾ ചെയ്യുക. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ആരോഗ്യമുള്ള ഉത്തമ പൗരന്മാരായി വാർത്തെടുക്കുക. രണ്ടുവർഷം കൊണ്ട് സംസ്ഥാനത്തെ ഇന്ത്യയിലെ ആദ്യത്തെ ഫിറ്റ്നസ് സംസ്ഥാനമായി പ്രഖ്യാപിക്കുവാൻ കഴിയുന്നതാവണം നമ്മുടെ ലക്ഷ്യം.

# എല്ലാ കുട്ടികളേയും ഉൾക്കൊള്ളിക്കുകയും ഉൾച്ചേർക്കുകയും ചെയ്യുന്ന പാഠ്യപദ്ധതി

42

## പാർശ്വവൽക്കരിക്കപ്പെട്ടവരില്ലാത്ത ക്ലാസ്മുറികളിലേക്ക്

ഡോ. രതീഷ് കാളിയാടൻ

**ഓ**രോ പഠിതാവിന്റെയും സവിശേഷമായ കഴിവുകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കാനുള്ള അവസരമൊരുക്കലാണ് ഉൾച്ചേർന്നുള്ള വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. എല്ലാ പഠിതാക്കൾക്കും തുല്യതയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസാവസരം ഒരുക്കൽ പൊതുവിദ്യാഭ്യാസ സംവിധാനത്തിന്റെ ഉത്തരവാദിത്വമാണ്. ചരിത്ര പരവും സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവുമായ കാരണങ്ങളാൽ പാർശ്വവത്ക്കരിക്കപ്പെട്ട വിവിധ വിഭാഗം പഠിതാക്കൾ പൊതുവിദ്യാലയങ്ങളുടെ ഭാഗമാണ്. ഓരോ വിഭാഗത്തിനും സവിശേഷമായ കഴിവുകളും ശേഷികളുമുണ്ട്. പക്ഷെ അവ തിരിച്ചറിഞ്ഞ് സൂക്ഷ്മതല ആസൂത്രണം നടത്തി പരിപോഷി പ്പിക്കുന്നതിന് പലവിധ പരിമിതികൾ നിലവിലുണ്ട്. അവ മറികടക്കു ന്നതിന് സ്വീകരിക്കാവുന്ന നടപടികൾ:

- ഓരോ പഠിതാവിന്റെയും കഴിവുകൾ, ശേഷികൾ, അഭിരുചികൾ കണ്ടെത്താൻ ശാസ്ത്രീയമായ രീതി വികസിപ്പിക്കൽ.
- കണ്ടെത്തപ്പെട്ട കഴിവുകൾ, ശേഷികൾ, അഭിരുചികൾ വികസിപ്പിക്കുന്നതിന് സവിശേഷമായ അക്കാദമിക ഇടപെടലുകൾ വികസിപ്പിക്കൽ.
- ഓരോ പഠിതാവിന്റെയും സവിശേഷതകൾക്ക് ഇണങ്ങുംവിധം ക്ലാസ്മുറി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സൂക്ഷ്മതല ആസൂത്രണരേഖ വികസിപ്പിക്കൽ.
- ഭൂമിശാസ്ത്രപരമായ സവിശേഷതകളാൽ പാർശ്വവത്ക്കരിക്കപ്പെ ട്ടവരുടെ വിദ്യാഭ്യാസ കാര്യത്തിൽ അവരവരുടെ പ്രദേശത്തിന് സാമൂഹിക - സാംസ്കാരികാവസ്ഥയ്ക്കും ഇണങ്ങുന്ന പ്രാദേശിക പാഠങ്ങൾ വികസിപ്പിക്കൽ, മൂല്യനിർണ്ണയത്തിന് വിധേയമാക്കൽ.
- പൊതു ഉള്ളടക്കത്തിന്റെ പ്രാദേശികവത്ക്കരണം, മൂല്യനിർണ്ണയോപാധികൾ വികസിപ്പിക്കൽ.
- ഗോത്രവിഭാഗക്കാരുടെ വിദ്യാഭ്യാസത്തിന് സവിശേഷ ശ്രദ്ധ നൽകൽ. പ്രൈമറി ക്ലാസുകളിലെങ്കിലും ഗോത്രഭാഷയിൽ വിദ്യാഭ്യാസം നേടാനും ആശയവിനിമയം നടത്താനും അവസരമൊരുക്കൽ.
- ഇടമലക്കുടി പോലെ തീർത്തും സവിശേഷമായ സാഹചര്യങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങൾക്ക് പ്രാദേശിക സവിശേഷതകൾക്ക് ഇണങ്ങുംവിധം പഠനസമയം / അക്കാദമിക വർഷം ക്രമീകരിക്കൽ.
- പ്രതിഭാധനരായ പഠിതാക്കൾക്ക് സ്വതന്ത്രമായും നിർഭയമായും തങ്ങളുടെ കഴിവുകൾ വികസിപ്പിക്കാനും പ്രതിഫലിപ്പിക്കാനും അവസരമൊരുക്കൽ.
- ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിന് അനുരൂപീകൃത പാഠ്യപദ്ധതി, പഠനോപകരണങ്ങൾ മുതലായവ വികസിപ്പിക്കൽ.
- ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവർക്ക് സാമൂഹ്യവത്ക്കരണത്തിന് ഊന്നൽ നൽകി പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കൽ.
- എല്ലാ കുട്ടികൾക്കും പൊതുവിദ്യാലയങ്ങളിൽ പഠനാവസരം ഒരുക്കൽ.
- ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസം സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ ബാധ്യതയാക്കി കയ്യൊഴിയുന്ന സമ്പ്രദായം അവസാനിപ്പക്കണം. പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ സവിശേഷതകൾക്ക് ഇണങ്ങുംവിധം പാഠഭാഗങ്ങൾ വിനിമയം ചെ

യ്യാൻ എല്ലാ അധ്യാപകരെയും പ്രാപ്തമാക്കൽ.

- ഓരോ പഠിതാവും സവിശേഷ വ്യക്തിത്വത്തിന് ഉടമയാണെന്ന് തിരിച്ചറിഞ്ഞ് അനുരൂപീകരണവും വ്യക്തിഗത ആസൂത്രണവും നടത്താൻ മുഴുവൻ അധ്യാപകരെയും പ്രാപ്തമാക്കൽ.
- ഭിന്നശേഷിക്കാർക്ക് വ്യക്തിഗത ആസൂത്രണത്തിൽ ആരോഗ്യ പരി പാലനവും പ്രധാനമാണെന്ന് കണ്ട് ആവശ്യമായ ഇടപെടലുകൾ എന്തെല്ലാമെന്ന് തിരിച്ചറിയാൻ അധ്യാപകരെ പ്രാപ്തരാക്കൽ.
- ഉൾച്ചേർന്നുള്ള വിദ്യാഭ്യാസമാണ് ഭിന്നശേഷിക്കാർക്ക് ഉറപ്പാക്കേ ണ്ടതെന്ന് റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസ്സബിലിറ്റീസ് ആക്ട് 2016 അസന്നിഗ്ധമായി വ്യക്തമാക്കിയ സ്ഥിതിക്ക് സ്പെഷ്യൽ സ്കൂളുകൾ ഇന്നത്തെ രീതിയിൽ തുടരുന്നതിന്റെ പ്രസക്തി പരിശോധിക്കൽ.
- പൊതുവിദ്യാലയങ്ങളിൽ പ്രത്യേക വിദ്യാഭ്യാസത്തിനുള്ള പ്രത്യേക സൗകര്യമൊരുക്കൽ.
- പൊതുവിദ്യാലയങ്ങളിൽ ശാരീരികമോ ബുദ്ധിപരമോ ആയ വൈരുധ്യങ്ങൾ തടസ്സമാകാതെ അനുയോജ്യ വിദ്യാഭ്യാസം നടത്താനുള്ള സൗകര്യമൊരുക്കൽ.
- തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരു സ്ഥാപനമെങ്കിലും വിദ്യാഭ്യാസം പൂർത്തീകരിക്കാനും ആരോഗ്യപരിചരണത്തിനും അവസരമൊരുക്കി പൂർണ്ണാർത്ഥത്തിൽ ഭിന്നശേഷി സൗഹൃദമാ ക്കൽ.

43

# വിദ്യാഭ്യാസത്തിലെ ഉൾച്ചേർക്കലും ഗുണതയും

ഡോ.ടി.പി. കലാധരൻ, ഡയറ്റ് ഫാക്കൽറ്റി, (റിട്ട.) 9605101209

**എ**ല്ലാവരെയും വിദ്യാഭ്യാസത്തിൽ ഉൾച്ചേർക്കുക എന്നത് കേവലം വിദ്യാലയപ്രവേശനം കൊണ്ട് പരിമിതപ്പെടുന്നില്ല. അവസരം ഒരുക്കുന്നതുകൊണ്ടുമാത്രം ഗുണതയുണ്ടാകണമെന്നുമില്ല. വൈവിധ്യത്തിന്റെ ചേരുവയാണ് വിദ്യാലയങ്ങളിൽ ഉണ്ടാകേണ്ടത്. എല്ലാ വിഭാഗങ്ങളുടെയും പൂർണ പങ്കാളിത്തം ആവശ്യപ്പെടുന്നതും എല്ലാവരെയും വിലമതിക്കുന്നതും തുല്യ അവസരവും നേട്ടവും ഉറപ്പു വരുത്തുന്നതുമാകണം ഉൾച്ചേർക്കലിന്റെ വിദ്യാഭ്യാസം. ഉൾച്ചേർക്കലിന് പല മാനങ്ങളുണ്ട്. സൂക്ഷ്മതലത്തിൽ വൈവിധ്യങ്ങളെ പരിശോധിച്ച് പ്രതികരിക്കുകയാണ് വേണ്ടത്.

## സാംസ്കാരികമായ ഉൾച്ചേർക്കൽ

ചില വിഭാഗങ്ങളുടെ സാംസ്കാരിക സവിശേഷതകൾ മൂടിവെക്കുക, അവഗണിക്കുക, അവമതിപ്പുണ്ടാകും വിധമുള്ള സൂചനകൾ നൽകുക അതുവഴി ആ പഠിതാവുൾപ്പെടുന്ന സാംസ്കാരിക സമൂഹത്തിൽ നിന്നു അയാളെ അന്യവത്കരിക്കുക എന്നിവ ഔദ്യാഗിക പാഠ്യപദ്ധതിയുടെ ഭാഗമായി നടക്കുന്നുണ്ട്.പഠന സാമഗ്രികളിൽ പ്രതിഫലിക്കുന്നത് തന്റെ കൂടി ജീവിതമാണെന്ന് കുട്ടികൾക്ക് തോന്നാൻ വഴിയൊരുക്കണം. നഗര കേന്ദ്രിതമായ മധ്യവർഗ ജീവിതത്തെ ഉദാത്തവത്കരിക്കുന്നതാകരുത് പഠന സാമഗ്രികൾ.പാഠ്യപദ്ധതി വിനിമനയത്തിൽ പ്രാദേശിക സമൂഹത്തിന്റെ സാംസ്കാരിക ജീവിതവും അറിവുകളും ലയിച്ചു വരേണ്ടതുണ്ട്. ഇതിനർഥം പ്രാദേശികതയിൽ ഒതുങ്ങുക എന്നുമല്ല. സാംസ്കാരികമായ ഉൾച്ചേർക്കൽ ഔദ്യോഗികസംവിധാനത്തിന്റെ പ്രധാന നയമായി മാറുകയും ഓരോ വിദ്യാലയത്തിനും ഉൾച്ചേർക്കലിന്റെ കാഴ്ചപ്പാടും കർമപദ്ധതിയും ഉണ്ടാവുകയും ചെയ്യുമ്പോഴാണ് കാര്യങ്ങളിൽ മാറ്റം ഉണ്ടാവുക.

## ഭാഷാപരമായ ഉൾച്ചേർക്കൽ

മാതൃഭാഷയാലാകണം വിദ്യാഭ്യാസം എന്ന് വിദഗ്ധർ കാലങ്ങളായി പറഞ്ഞുകൊണ്ടിരിക്കുന്നു. ഭാഷാന്യൂനപക്ഷങ്ങളുടെയും ലിപിയില്ലാത്ത ഗോത്രഭാഷാസമൂഹത്തിന്റെയും ഇതരസംസ്ഥാനക്കാരുടെ മക്കളുടെയും മാതൃഭാഷ പ്രസക്തമാണെന്ന് തിരിച്ചറിയാനാകണം. വിവിധപഠനങ്ങള് പ്രകാരം കൊഴിഞ്ഞു പോക്കിന് കാരണങ്ങളിലൊന്ന് വിനമയഭാഷയാണ്.

മാതൃഭാഷാ മാധ്യമ വിദ്യാർഥികളും ഇംഗ്ലീഷ് മാധ്യമ വിദ്യാർഥികളും എന്ന നിലയിൽ വിദ്യാർഥി സമൂഹം ഓരോ വിദ്യാലയത്തിലും വിഭജിക്കപെട്ടിരിക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, വീട്ടിൽ വിദ്യാഭ്യാസ പിന്തുണ നൽകാൻ കഴിയാത്ത രക്ഷിതാക്കളുടെ മക്കളും അല്ലാത്തവരുടെ മക്കളും എന്ന നിലയിലാണ് ഇപ്പോൾ ഇത് കാണപ്പെടുന്നത്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളും മലയാള മാധ്യമ ഡിവിഷനുകളിൽ ചേർക്കപ്പെടുന്നു. ഇതിലൂടെ വിവേചനപാഠ്യപദ്ധതിയാണ് വിദ്യാലയങ്ങൾ സൃഷ്ടിക്കുന്നത്.

## പാർശ്വവത്കൃതരും ഉൾച്ചേർക്കലും

വിവധ അക്കാദമികനിലവാരപഠനങ്ങളിലെ സാമൂഹിക വിഭാഗാടിസ്ഥാനത്തിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് വ്യത്യസ്ത സാമൂിഹക വിഭാഗങ്ങൾ തമ്മിൽ നിലവാരത്തിന്റെ കാര്യത്തിൽ അന്തരം പ്രകടമാണെന്നാണ്. മുൻ ദേശീയ നിലവാര പഠനറിപ്പോർട്ടിലും കേരളത്തിൽ പട്ടികവർഗ വിഭാഗമാണ് ഏറ്റവും പിന്നിൽ നിൽക്കുന്നത്. ഭാഷാപരവും സാംസ്കാരികവുമായ ഘടകങ്ങൾ, കുടികളിൽ നിന്നുള്ള ഗതാഗതസൗകര്യം, പഠനപിന്തുണ നൽകാനുള്ള സംവിധാനം, പഠനപി

ന്നാക്കാവസ്ഥ പരിഹരിക്കൽ എന്നിവ പ്രശ്നങ്ങളാണ്. നിലമ്പൂരിലെ ചോലനായ്കരുടെയും ഇടമലക്കുടിയിലെ മുതുവാൻ വിഭാഗത്തിന്റെയും വിദ്യാഭ്യാസ പിന്നാക്കാവസ്ഥയെക്കുറിച്ച് ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ പഠനത്തിൽ നിന്നും ഇക്കാര്യം മനസ്സിലാക്കാം. ഓരോ കുടിയെയും കണ്ടുള്ള ആസൂത്രണം നടത്തിക്കൊണ്ടല്ലാതെ ഇതിനു പരിഹാരം സാധ്യമല്ല. വിവിധവകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അവയുടെ പ്രയോജനം പൂർണമായും കിട്ടത്തക്കവിധം ഏകോപിത പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നും കാണാം.

### ഭിന്നശേഷി വിഭാഗങ്ങളും ഉൾച്ചേർക്കലും

ഭൗതികസൗകര്യങ്ങളുടെ അനുരൂപീകരണത്തിൽ കേരളം ബഹുദൂരം മുന്നോട്ടുപോയി. എന്നാൽ സ്കൂള് തലത്തിൽ തലത്തിൽ പാഠ്യപദ്ധതി അനുരൂപീകരണത്തിൽ വേണ്ടത്രമുന്നേറാന് കഴിഞ്ഞിട്ടില്ല. ഭാഷാപരമായ അനുരൂപീകരണം, ഉള്ളടക്കപരമായ അനുരൂപീകരണം, പ്രക്രിയാപരമായ അനുരൂപീകരണം, വിലയിരുത്തൽ പ്രവര്ത്തനങ്ങളിലെ അനുരൂപീകരണം തുടങ്ങിയവയെല്ലാം പാഠ്യപദ്ധതി രൂപീകരണത്തിൽ പ്രതിഫലിക്കണം.

ഭിന്നശേഷീസൗഹൃദ വിദ്യാലയത്തിനെക്കുറിച്ച് മാത്രമല്ല ചിന്തിക്കേണ്ടത് ഭിന്നശേഷീസൗഹൃദ സമൂഹത്തെക്കുറിച്ചും ആലോചിക്കണം. കുട്ടി ജീവിക്കുന്ന സാഹചര്യം കുട്ടിയുടെ പഠനത്തെ സ്വാധീനിക്കും. ഓരോ കുട്ടിയുടേയും കുടുംബത്തിന്റെയും വ്യത്യസ്തമായ ആവശ്യങ്ങൾ കണ്ടെത്തി ക്രിയാത്മകമായി ഇടപെടാൻ കഴിയുന്ന സംവിധാനം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്.

### തീരവാസിവിദ്യാർഥികളുടെ പ്രശ്നങ്ങൾ

തീരദേശവാസികളായ കുട്ടികളുടെ പഠനനിലാവരം തൃപ്തികരമല്ലെന്ന് കണ്ടെത്തലുകളുണ്ട്. ഫിഷറീസ് സ്കൂളുകൾ ഭൗതികസൗകര്യങ്ങളിലും അക്കാദമിക നിലവാരത്തിലും പ്രതീക്ഷിതനിലവാരത്തിലെത്തിയിട്ടില്ലെന്ന് പഠനങ്ങള് സൂചിപ്പിക്കുന്നു. പ്രകൃതിക്ഷോഭം ഉണ്ടാകുന്ന വേളയിൽ രണ്ടു തരം പ്രശ്നങ്ങൾ കുട്ടികൾ നേരിടുന്നു. അവര് പഠിക്കുന്ന വിദ്യാലയങ്ങള് ദുരിതാശ്വാസ ക്യാമ്പുകളായി മാറുന്നതിനാൽ പഠന നഷ്ടം ഉണ്ടാകുന്നു. മറ്റൊന്ന് മിക്കവര്ഷവും പ്രകൃതിക്ഷോഭം കാരണം വീട് നഷ്ടപ്പെടുകയോ വീട്ടിൽ നിന്നും സുരക്ഷിതപാർപ്പിടങ്ങളിലേക്ക് മാറിത്തമാസിക്കുകയോ ചെയ്യേണ്ടിവരുന്നു. അരക്ഷിതാമായ ഒരു പഠനാന്തരീക്ഷമാണ് അവർക്ക് കുറച്ചുകാലത്തേക്ക് ലഭിക്കുക. തീരപ്രദേശത്തിന്റെ സവിശേഷസാഹചര്യം പരിഗണിച്ചുള്ള വിദ്യാഭ്യാസ ഇടപെടൽ വേണം.

### സാങ്കേതികരംഗത്തിന്റെ കുതിപ്പ് മൂലമുണ്ടാകുന്ന വിടവുകൾ

സാമ്പത്തികമായ അസമത്വം പല രീതിയിൽ കുട്ടികളുടെ പഠനത്തെ ബാധിക്കും. ദാരിദ്ര്യരേഖയോടടുത്തു കിടക്കുന്ന ജനവിഭാഗത്തിന് ആധുനിക സാങ്കേതികവിദ്യാസൗകര്യങ്ങൾ ഇതരസമൂഹങ്ങളെപ്പോലെ പ്രാപ്യമല്ല. വിജ്ഞാനസ്രോതസ്സുകളുടെ പ്രാപ്യതയിലെ ഈ തടസ്സം കുട്ടികളെയും ബാധിക്കും. മറ്റു വിഭാഗങ്ങളിലെ കുട്ടികൾ എല്ലാവിധ ആധുനികസാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്തി മുന്നേറുമ്പോൾ ഇത്തരം കുട്ടികള്ക്ക് കാഴ്ചക്കാരായി നിൽക്കേണ്ടിവരും. പിന്തുണനൽകാനുള്ള രക്ഷിതാക്കളുടെ നൈപുണിയിലും അന്തരമുണ്ട്. വാർഡ്, അയൽക്കൂട്ടതലങ്ങളിൽ പഠനമുറികൾ എന്ന സവിധാനം പ്രസക്തമാകുന്നത് ഈ പശ്ചാത്തലത്തിലാണ്. ഡിജിറ്റൽ വിടവ് ഇല്ലാതാക്കാനുള്ള ശ്രമങ്ങൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുൻകൈ എടുക്കണം. കുട്ടികളെ സഹായിക്കുന്ന പ്രാദേശികമായി മെന്റർമാരെ നിയോഗിക്കേണ്ടിവരും.

### ലിംഗനീതിയിലധിഷ്ഠിത വിദ്യാലയം

തുല്യതാബോധത്തിന് വിഘാതമായി നിൽക്കുന്ന വിദ്യാലയത്തിലെ എല്ലാത്തരം പ്രവർത്തനങ്ങളും ചുമതലാവിഭജനങ്ങളും ശീലങ്ങളും പുനരാലോചനയ്ക്ക് വിധേയമാകേണ്ടതുണ്ട്. ദ്യാലയജനാധിപത്യവേദികൾ ശക്തിപ്പെടുത്താനും വിദ്യാലയ നിയമങ്ങൾ പരിഷ്കരിക്കാനും തയ്യാറാകണം. വിദ്യാലയത്തിലെ സംഘടനാ സംവിധാനങ്ങളിലുള്ള അധികാര സ്ഥാനങ്ങളിലെ പങ്കാളിത്തം മുതൽ ഏതെങ്കിലും ഒരുവിഭാഗത്തിന്റെ മേൽക്കോയ്മാബോധം വികസിപ്പിക്കുന്ന പ്രത്യക്ഷമോ പരോക്ഷമോ ആയ ഘടകങ്ങള് പാടില്ല.

### സവിശേഷ കഴിവുകൾ ഉള്ളവരും ഉൾചേർക്കലും

വിദ്യാർഥിയിൽ അന്തർലീനമമായ എല്ലാ കഴിവുകളെയും പുറത്തെടുക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസമെന്നു പറയുമെങ്കിലും പ്രതിഭകളായ കുട്ടികള് അവസരം ലഭിക്കാത്തതിനാൽ സാധ്യമായ ഉയർന്ന തലത്തിലേക്ക് പോകുന്നില്ല. ടാലന്റ് ലാബ് എന്ന ആശയം കേരളം അവതരിപ്പിച്ചിരുന്നു. പ്രതിഭകളെയും സവിശേഷമായ കഴിവുകളും താൽപര്യങ്ങളുമുള്ള കുട്ടികളെയും അഭിസംബോധന ചെയ്യേണ്ടതുണ്ട്.

ഭാവികേരളസമൂഹത്തെ മുന്നിൽക്കണ്ട് വിദ്യാലയ നേതൃത്വവും അധ്യാപകരും രക്ഷിതാക്കളും വിദ്യാർഥികളും വിദ്യാലയവുമായി ബന്ധപ്പെടുന്ന എല്ലാവരും സംയുക്തമായി വികസിപ്പിക്കുന്ന മാനദണ്ഡങ്ങളും നിലപാടുകളും പെരുമാറ്റരീതികളും ഉൾച്ചേർക്കലിനുള്ള ഉന്നതമായ തുടക്കമായി മാറും. ഉൾച്ചേരലിന്റെ സംസ്കാരമുള്ള വിദ്യാലയം ഈ പ്രദേശത്തുണ്ട് എന്ന് അഭിമാനത്തോടെ നാടിന് പറയാൻ കഴിയണം.

44

# എല്ലാ കുട്ടികളെയും ഉൾക്കൊള്ളിക്കുകയും ഉൾച്ചേർക്കുകയും ചെയ്യുന്ന പാഠ്യപദ്ധതി

ഷൂജ എസ്.വൈ, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, സമഗ്ര ശിക്ഷാ കേരളം

**പൊ**തുവിദ്യാലയങ്ങളിലെ ക്ലാസ് റൂമുകൾ നിലവിലുള്ള സമൂഹത്തിന്റെ പരിശ്ഛേദങ്ങളാണ്. ഗോത്ര വർഗ്ഗമേഖലയിലുള്ള കുട്ടികൾ, തീരദേശ മേഖലയിൽ നിന്നുള്ള കുട്ടികൾ, അതിഥി തൊഴിലാളികളുടെ കുട്ടികൾ, ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ട കുട്ടികൾ, ഭൂമിശാസ്ത്രപരമായി വെല്ലുവിളി നേരിടുന്ന പ്രദേശങ്ങളിലെ കുട്ടികൾ, മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾ, ദളിത് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾ, നഗര ദരിദ്രർ, ബുദ്ധിപരവും ശാരീരികമാനസിക ഇന്ദ്രിയ സംബന്ധമായി വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ തുടങ്ങി അധിക പിന്തുണ ആവശ്യമുള്ള കുട്ടികൾ പൊതുവിദ്യാലയങ്ങളിലെ ക്ലാസ്റൂമുകളുടെ ഭാഗമാണ്. ഇത്തരം ക്ലാസ്റൂമുകളെ അഭിസംബോധന ചെയ്യുന്നതാകണം രൂപപ്പെട്ടുവരുന്ന പാഠ്യപദ്ധതി. സമീപനം, ഉള്ളടക്കം, വിനിമയം, മൂല്യനിർണയം, ബോധനരീതി എന്നിവ അയവുള്ളതും എല്ലാ വിഭാഗങ്ങളെയും പരിഗണിക്കുന്ന തരത്തിലുള്ളതും ആയാൽ മാത്രമേ "ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ പേർക്കും" എന്ന ലക്ഷ്യത്തിലെത്താൻ സാധിക്കുകയുള്ളൂ. വിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള സംവിധാനങ്ങൾ ഇത്തരം കുട്ടികൾക്കായി അനുയോജ്യമാക്കുന്നതോടൊപ്പം അധിക പിന്തുണയ്ക്കായി മതിയായ സഹായ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇതിലേക്കായി അധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരെ പ്രത്യേകം സജ്ജരാക്കുന്നതിനുള്ള പരിപാടികൾ പാഠ്യപദ്ധതിയുടെ ഭാഗമാകണം. ഇത് മുന്നിൽ കണ്ടാകണം അധ്യാപക പരിപ്രവർത്തന പരിപാടിയുടെ ഉള്ളടക്കം, അധ്യാപക വിദ്യാർത്ഥികളുടെ പഠന പദ്ധതി, എന്നിവ രൂപകല്പന ചെയ്യേണ്ടത്.

സ്കൂളുകളിൽ എത്തിച്ചേരൽ, വാസ ഇടങ്ങളിൽ മതിയായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ, വാസ ഇടങ്ങളിൽ മെച്ചപ്പെട്ട സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കൽ, ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ, കാലാവസ്ഥ, ഭൂമിശാസ്ത്രം, തൊഴിൽ തുടങ്ങിയവ പരിഗണിച്ച് വിദ്യാലയ സമയക്രമം പുന:ക്രമീകരിക്കൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ഏജൻസികളുടെ സംയോജനം, ഗോത്ര മേഖല, നഗരസഭകൾ, ഭിന്നലിംഗക്കാർ, അനാഥരായ കുട്ടികൾ, സാമൂഹ്യവും സാമ്പത്തികവമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾ തുടങ്ങിയ വിഭാഗങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രത്യേകമായി പരിഗണിക്കപ്പെടണം.

ഗോത്ര വർഗ്ഗ മേഖല/അതിഥി തൊഴിലാളികൾ എന്നീ വിഭാഗങ്ങൾ അനുഭവിക്കുന്ന ഭാഷാ പ്രശ്നങ്ങൾ മറി കടക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ടാകണം. ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ആദ്യകാല വിദ്യാഭ്യാസം കുട്ടികളുടെ വീട്ടുഭാഷയിൽ തന്നെ ആരംഭിക്കണം. കുട്ടികളുടെ ജീവിത പരിസരം, ജീവനോപാധികൾ, സാംസ്കാരിക ഇടങ്ങൾ എന്നിവ പഠന നേട്ടങ്ങൾ ആർജിക്കുന്നതിനുള്ള ഉള്ളടക്കങ്ങളായി പരിണമിക്കണം. തുടർന്ന് വരുന്ന കാലഘട്ടത്തിൽ മലയാളം ഉൾപ്പെടെയുള്ള വിവിധ ഭാഷകൾ ആർജിക്കുന്നതിനും ബോധന മാധ്യമം കുട്ടിയുടെ താത്പര്യത്തിനനുസരിച്ച് മാറുന്നതിനും അവസരം ലഭ്യമാക്കണം. ഗോത്ര ഭാഷയിൽ നിന്നും മറ്റ് ഭാഷകളിലേക്കുള്ള പരിവർത്തനം ഒരു ഭാഷയുടെ പുറംതള്ളലിന് കാരണം ആയിക്കൂട. ആശയവിനിമയോപാധി എന്നതിലുപരി ഭാഷ എന്നത് ഒരു സംസ്കാരത്തിന്റെ ഭാഗം എന്ന നിലയിൽ എല്ലാ ഭാഷകളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം കുട്ടികളിൽ ഭൂരിഭാഗവും സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് പ്രവേശിക്കുന്നില്ല. മഹാ ഭൂരിപക്ഷവും ജീവിത മാർഗ്ഗങ്ങളിലേക്ക് കടക്കുകയാണ് ചെയ്യുന്നത്. ഉപജീവനത്തിനായി സ്കൂൾ വിദ്യാഭ്യാസ കാലത്തുതന്നെയുള്ള തൊഴിൽ ശേഷി വികസനത്തിന്റെ ആവശ്യകത ഇത് ചൂണ്ടിക്കാണിക്കുന്നു. സെക്കന്ററിതലം മുതൽ അഭിരുചികൾ തിരിച്ചറിഞ്ഞ് തൊഴിൽ നൈപുണി നേടുന്നതിനും 11, 12 ക്ലാസുകളിൽ പഠനത്തോടൊപ്പം തൊഴിൽ പരിശീലനം നേടുന്നതിനുമുള്ള അവസരങ്ങൾ തെരഞ്ഞെടുക്കാൻ കുട്ടികൾക്ക് ഇടങ്ങൾ ഉണ്ടാകണം. ഉപരിപഠനത്തിന് പോകാത്ത കുട്ടികൾക്കായി പ്രത്യേക സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ പൊതുവിദ്യാലയങ്ങളുടെ ഭാഗമായി ഉണ്ടാകേണ്ടതുണ്ട്. രക്ഷിതാക്കളുടെ പങ്കാളിത്തം ഇത്തരം സെന്ററുകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

RPWD Act 2016 ൽ പറയുന്ന 21 കാറ്റഗറി കുട്ടികൾക്കും അനുയോജ്യമാകുന്ന രീതിയിൽ പഠന ബോധന പ്രക്രിയ, പഠനസാമഗ്രികൾ, മൂല്യനിർണ്ണയം മാറ്റിത്തീർക്കേണ്ടതുണ്ട്. കുട്ടികളുടെ താല്പര്യം പരിഗണിച്ച് വിഷയങ്ങൾ തെരഞ്ഞെടുക്കാനും തെരഞ്ഞെടുക്കപ്പെടുന്ന വിഷയങ്ങൾക്ക് വേണ്ട പിന്തുണ കുട്ടിയുടെ സമീപസ്ഥ സ്കൂളുകളിൽ ഉണ്ടാകാനും ശ്രദ്ധിക്കണം. പൊതുവിദ്യാഭ്യാസം കഴിഞ്ഞും പ്രത്യേകമായി കുട്ടി തെരഞ്ഞെടുത്ത വിഷയത്തിൽ ഉപരിപഠന സാധ്യത

കൾ സൃഷ്ടിക്കണം. ഇത്തരം വിഷയങ്ങൾക്ക് നിരന്തര മൂല്യനിർണ്ണയം നടത്തുന്നതിനായി അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകണം.

പാഠഭാഗങ്ങൾക്കുശേഷം പാഠപുസ്തകങ്ങളിൽ നൽകുന്ന പ്രവർത്തനങ്ങളിൽ ഭിന്നശേഷിക്കാരായ വിവിധ കാറ്റഗറിയിൽപ്പെട്ട കുട്ടികൾക്കും ചെയ്യാവുന്ന തരത്തിലുള്ള ലളിതമായ പ്രവർത്തനങ്ങൾ പ്രത്യേക സൂചനകൾ നൽകി ഉൾപ്പെടുത്തണം. പാഠപുസ്തകത്തിൽ പാഠഭാഗങ്ങളിൽ ചിലത് വിവിധ കാറ്റഗറികൾക്ക് അനുയോജ്യമായ രീതിയിൽ അനുരൂപീകരിച്ച് അനുബന്ധമായി നൽകുക. ഓരോ പാഠ ഭാഗങ്ങളിലെയും അനുരൂപീകരണം ക്യു.ആർ.കോഡുകളാക്കി പാഠപുസ്തകത്തിൽ ഉൾച്ചേർക്കുക. പാഠപുസ്തകത്തിന്റെ കവർ പേജുകളിൽ ഭിന്നശേഷികുട്ടികളുടെ അവകാശം, അവരുടെ സാമൂഹ്യപിന്തുണ ഉറപ്പാക്കൽ തുടങ്ങിയവ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഉണ്ടാകണം.

അധ്യാപക വിദ്യാർഥികളുടെ പഠന കാലയളവിൽ ഒരു സെമസ്റ്റർ പൂർണ്ണമായും ഇൻക്ലൂസീവ് എഡ്യൂക്കേഷന് വേണ്ടി മാറ്റി വയ്ക്കുക. ഇതിന്റെ ഭാഗമായി ഓട്ടിസം സെന്ററുകൾ, സ്പെഷ്യൽ കെയർ സെന്ററുകൾ, സ്പെഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ അധ്യാപക പരിശീലനത്തിന് നിശ്ചിത ദിവസം ഉണ്ടാകണം. ഐ.ഇ.പി തയ്യാറാക്കുന്നതിൽ അധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകണം.

വിവിധ ഭിന്നശേഷി വിഭാഗത്തിൽപെട്ട കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ ടി.എൽ.എം, അധ്യാപകരുടെയും, സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ സ്പെഷ്യൽ കെയർ സെന്ററുകൾ കേന്ദ്രീകരിച്ച് നിർമ്മിക്കേണ്ടതുണ്ട്. ബ്രെയ്‌ലി സ്റ്റേഷനറി, എമ്പ്രയ്സ്ഡ് മെറ്റീരിയൽ& ചാർട്ട്സ്, വർക്ക് ഷീറ്റുകൾ, ടോക്കിംഗ് ടെക്സ്റ്റ് തുടങ്ങിയവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകണം. പ്രാദേശിക അനുഭവങ്ങൾ ഉൾച്ചേർക്കുന്ന വിധത്തിൽ മൾട്ടിപ്പിൾ എക്സിപീരിയൻസ് ലഭിക്കത്തക്ക രീതിയിലുള്ള വർക്ക് ബുക്കുകൾ ഉണ്ടാകണം.

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വിവിധ ശേഷികളും നൈപുണികളും കണ്ടെത്തുന്നതിനും അവ വികസിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതി ഉണ്ടാകണം. അപ്പർ പ്രൈമറി മുതൽ സെക്കന്ററിതലം വരെയുള്ള ക്ലാസുകളിൽ കുട്ടികളിൽ തൊഴിൽ ആഭിമുഖ്യം ഉണ്ടാകുന്നതിനായി പരമാവധി തൊഴിലുകളുമായി ബന്ധപ്പെടുത്തി പഠനനേട്ടങ്ങൾ ആർജിക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കണം. സെക്കന്ററി തലത്തിൽ 9, 10, 11 ക്ലാസുകളിൽ തൊഴിൽ മേഖലയിലേക്ക് കുട്ടിയെ പരിവർത്തിപ്പിക്കുന്നതിനായുള്ള പ്രത്യേക പരിശീലന പദ്ധതിയും 12-ാം ക്ലാസിൽ കുട്ടിയ്ക്ക് ആഭിമുഖ്യമുള്ള ഒരു തൊഴിൽ വൈദഗ്ധ്യം ലഭിക്കുന്ന തരത്തിൽ സംരംഭങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലനം നൽകാവുന്നതാണ്. 12-ാം ക്ലാസ് കഴിഞ്ഞ് ഉപരിപഠനത്തിനായി പോകാത്ത കുട്ടികൾക്കായി ഒരു വർഷം നീണ്ടു നിൽക്കുന്ന തൊഴിൽ പരിശീലനം പ്രാദേശിക പരിഗണനകൾ കൂടി പരിശോധിച്ച് ആസൂത്രണം ചെയ്യണം.

കുട്ടികളുടെ പരിമിതികൾ ആരംഭത്തിലേ കണ്ടെത്തുന്നതിനും ഇടപെടുന്നതിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം. ഇതിനായി പ്രത്യേക സ്ക്രീനിംഗ് ടൂളുകൾ വികസിപ്പിക്കുകയും അധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, രക്ഷിതാക്കൾ തുടങ്ങിയവർക്ക് പരിശീലനം നൽകുകയും വേണം. പരിമിതികൾ ഉണ്ടെന്ന് സംശയിക്കുന്ന കുട്ടികളെ കണ്ടെത്തി മതിയായ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ ഉണ്ടാകണം. ഭിന്നശേഷിക്കാരായി കണ്ടെത്തുന്ന കുട്ടികൾക്ക് മതിയായ ശാരീരിക മാനസിക ആരോഗ്യ സംരക്ഷണത്തിനായി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളും ഡിപ്പാർട്ടുമെന്റുകളുമായി സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതിനായി പ്രവർത്തന പദ്ധതി ഉണ്ടാകണം. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് മാതൃകയിൽ സ്ഥാപനം ഉണ്ടാകേണ്ടതുണ്ട്.

എല്ലാ പൊതുവിദ്യാലയങ്ങളും ഭിന്നശേഷി സൗഹൃദങ്ങളായി മാറേണ്ടതുണ്ട്. ഭൗതിക സാഹചര്യങ്ങൾ, അക്കാദമിക, സാമൂഹ്യ ഉൾച്ചേർക്കൽ തുടങ്ങിയവയിൽ ഭിന്നശേഷി സൗഹൃദ വിദ്യാലയങ്ങൾ എങ്ങനെ ആകണം എന്നിതിനെ സംബന്ധിച്ച് രേഖകൾ ഉണ്ടാകേണ്ടതുണ്ട്.

തീവ്രമായ പരിമിതുകളോ, ചലന പരിമിതികളോ കാരണം സ്കൂളുകളിൽ എത്തിച്ചേരാൻ സാധിക്കാത്ത കുട്ടികളുടെ വിദ്യാഭ്യാസത്തിനും സാമൂഹ്യവൽക്കരണത്തിനും പ്രത്യേക നയരേഖ ഉണ്ടാകേണ്ടതുണ്ട്. തുടർന്ന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസത്തെ സംബന്ധിച്ച ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. കിടപ്പിലായ കുട്ടികളുടെയും കുടുംബാംഗങ്ങളുടെയും ജീവിത ആവശ്യങ്ങൾ മനസ്സിലാക്കി അവരെ ശാക്തീകരിക്കുകയും അയൽപക്ക പിന്തുണ ഉറപ്പാക്കുകയും ചെയ്യുക എന്നത് കിടപ്പിലായ കുട്ടികളെ സംബന്ധിച്ച് അത്യന്താപേക്ഷിതമാണ്. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾ എൻട്രോൾ ചെയ്യപ്പെട്ട സ്കൂളുകളിലെ സഹപഠിതാക്കളുടെ ഗ്രൂപ്പുകൾ രൂപീകരിച്ച് (ചങ്ങാതിക്കൂട്ടം) അവധി ദിവങ്ങളിലും വിശേഷ ദിവസങ്ങളിലും കിടപ്പിലായ കുട്ടികളുടെ വീടുകളിൽ പഠനത്തിനും വിനോദത്തിനും ഉള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കി നിശ്ചിത ഇടവേളകളിൽ കിടപ്പിലായ കുട്ടികൾക്ക് സ്കൂൾ അനുഭവം പ്രദാനം ചെയ്യണം.

വിദ്യാഭ്യാസത്തോടൊപ്പം പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ സാമൂഹ്യവൽക്കരണ പ്രക്രിയ പ്രാധാന്യത്തോടെ നടക്കേണ്ടതുണ്ട്. ഇത് സാധ്യമാക്കുന്നതിന് പരിമിതി അനുഭവിക്കുന്നവരെ ഒപ്പം ചേർത്ത് മുന്നോട്ടു കൊണ്ടുപോകുന്നതിന് സന്നദ്ധത

യുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കേണ്ടതാവശ്യമാണ്. സഹപഠിതാക്കൾ, രക്ഷിതാക്കൾ, പൊതു ജനങ്ങൾ എന്നീ വിഭാഗങ്ങൾക്കായി പ്രത്യേക ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. ഇതിനായി സിനിമ, വിവിധ കലാരൂപങ്ങൾ, പ്രകടനങ്ങൾ, മാധ്യമങ്ങൾ, സോഷ്യൽ മീഡിയ തുടങ്ങി എല്ലാ സാധ്യതകളും ഉപയോഗിക്കേണ്ടതുണ്ട്.

അധ്യയനത്തോടൊപ്പം കലാ, കായിക പ്രവർത്തനങ്ങളിൽ അവസര തുല്യത ഉറപ്പാക്കേണ്ടത് ആവശ്യമാണ്. ഭിന്നശേഷിയുള്ള കുട്ടികൾക്കായി നിലവിലുള്ള പരിശീലനങ്ങളും, മത്സരങ്ങളും അനുയോജ്യമാക്കേണ്ടതുണ്ട്. നിലവിലുള്ള ഇനങ്ങൾ പ്രത്യേക വിഭാഗങ്ങൾക്കായി അനുയോജ്യമാക്കുകയും ഓരോ വിഭാഗങ്ങൾക്കും പങ്കാളിത്തം ഉറപ്പാക്കുന്ന വിധത്തിലുള്ളവ ശാസ്ത്രീയമായി രൂപകല്പന ചെയ്യുകയും വേണം. പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഭിന്നശേഷിക്കാർ ഉൾപ്പെടെ പരിമിതി അനുഭവിക്കുന്ന എല്ലാപേർക്കും പങ്കാളിത്തം ഉറപ്പു വരുന്ന തരത്തിൽ രൂപകല്പന ചെയ്യണം. ഇത് അരികുവൽക്കരിക്കപ്പെട്ടവരുടെ സാമൂഹ്യവൽക്കരണ പ്രക്രിയയുടെ ആദ്യ ചുവടുവയ്പാകും.

45

# എല്ലാ കുട്ടികളെയും ഉൾക്കൊള്ളുകയും ഉൾച്ചേർക്കുകയും ചെയ്യുന്ന പാഠ്യപദ്ധതി

Dr.Anilkumar A K, Headmaster, GVHSS Nedumon, Pathanamthitta,
(Former Research Officer, SCERT Kerala), 9447637119

**ജാ**തി-മത-വർഗ്ഗ-സാംസ്കാരിക സാമ്പത്തിക സാമൂഹിക ഭേദമന്യേ യാതൊരു വിവേചനവും ഇല്ലാതെ ഗോത്രവർഗ വിഭാഗക്കാർ, തീരദേശവാസികൾ, ലിംഗപരമായി വ്യത്യസ്തത പുലർത്തുന്ന കുട്ടികൾ, ഭിന്നശേഷിക്കാരായ കുട്ടികൾ, ഭൂമിശാസ്ത്രപരമായി വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നുള്ളവർ, ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്നവർ, നഗരവൽക്കരണം കാരണവും മറ്റു പല കാരണങ്ങളാലും അരിക്കുവൽക്കരിക്കപ്പെട്ടുപോയ കുടുംബങ്ങളിലെ കുട്ടികൾ, സാമൂഹിക സാംസ്കാരിക പിന്നാക്കാവസ്ഥയിലുള്ളവരും മുന്നാക്കാവസ്ഥയിലുള്ളവരും, സമൂഹത്തിൽ അവഗണന അനുഭവിക്കുന്നവർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, പാർശ്വവൽക്കരിക്കപ്പെട്ടവർ, പ്രതിഭാധനരായ കുട്ടികൾ, മറ്റു സംസ്ഥാനങ്ങളിലെ തൊഴിലാളി കുടുംബത്തിലെ കുട്ടികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ, അനാഥരും രക്ഷിതാക്കളിൽ നിന്ന് പിരിഞ്ഞിരിക്കുന്ന കുട്ടികൾ തുടങ്ങിയവർക്ക് ഒരേ ക്ലാസ്സ് മുറിയിലിരുന്ന് മുഖ്യധാരാ വിദ്യാഭ്യാസം പൂർണതോതിൽ തന്നെ ലഭ്യമാക്കുന്ന വിദ്യാഭ്യാസമാണ് ഉൾചേർന്ന വിദ്യാഭ്യാസം. സംസ്ഥാനത്തെ വിദ്യാഭ്യാസ പ്രായമായ എല്ലാ കുട്ടികൾക്കും വിദ്യാലയ പ്രവേശനം നൽകുവാൻ നമുക്ക് സാധിച്ചിട്ടുണ്ടെങ്കിലും എല്ലാ കുട്ടികളെയും പരിപൂർണ്ണമായ അർത്ഥത്തിൽ ഉൾചേർക്കുവാൻ നമുക്ക് ഇന്നും കഴിഞ്ഞിട്ടുണ്ടോ എന്നത് വിമർശനാത്മക ചിന്തയ്ക്ക് വിധേയമാക്കേണ്ട വസ്തുതയാണ്. പ്രതിഭാധനരായ കുട്ടികൾക്ക് അവരുടെ താൽപര്യങ്ങളും അസാധാരണമായ കഴിവുകളും പരിപോഷിപ്പിക്കുന്നതിന് പാഠപുസ്തകങ്ങൾക്കപ്പുറത്തു നിന്നുള്ള പ്രതിഭാപരിപോഷണ പരിപാടികൾ നടപ്പിലാക്കേണ്ടത് അനിവാര്യമാണല്ലോ. അതുപോലെ തന്നെയാണ് ശാരീരിക മാനസിക വൈകാരിക പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് അവരുടെ പ്രതിസന്ധികളെ മറികടക്കുന്നതിന് സവിശേഷ ശ്രദ്ധയും കൈത്താങ്ങും നൽകേണ്ടത്. തുല്യ അവസരങ്ങൾ അല്ല നാം ഓരോ കുട്ടിക്കും പ്രദാനം ചെയ്യേണ്ടത് പകരം അനുയോജ്യമായ അവസരങ്ങൾ ബോധപൂർവം സൃഷ്ടിച്ചു നൽകിക്കൊണ്ട് ഉറപ്പുവരുത്തുന്ന അവസരതുല്യതയാണ്.

നമ്മുടെ സംസ്ഥാനത്തെ ഗോത്ര വിഭാഗങ്ങൾ ഇന്നും ഒന്നാം തലമുറ വിദ്യാഭ്യാസ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരാണ്. നിലവിലുള്ള പാഠ്യപദ്ധതി ഗോത്ര സംസ്കാരത്തെ അംഗീകരിക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യുന്നില്ലെന്ന് കാണാം. പ്രീപ്രൈമറി ക്ലാസുകളിലും പ്രൈമറി ക്ലാസുകളിലും മാതൃഭാഷയിൽ പഠനം നടത്തുകയാണ് കുട്ടികളിൽ ആത്മവിശ്വാസവും സർഗാത്മകതയും വളർത്തിയെടുക്കുന്നതിന് ഏറ്റവും അനുയോജ്യം. ദ്വിഭാഷാ പഠനരീതി ഗോത്ര വിഭാഗത്തിൽപെടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിന് കൂടുതൽ അനുയോജ്യമായിരിക്കും.അതിഥി തൊഴിലാളി കുടുംബങ്ങളിലെ പതിനായിരത്തിൽ പരം കുട്ടികൾ സംസ്ഥാനത്തെ വിവിധ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. ഗോത്ര വിഭാഗങ്ങൾക്ക് അനുയോജ്യമായിട്ടുള്ള ദ്വിഭാഷാ പഠനരീതി തന്നെ സ്ഥിരതാമസക്കാരായിട്ടുള്ള മറ്റു സംസ്ഥാനത്തെ കുട്ടികളുടെ പഠനകാര്യത്തിൽ സ്വീകരിക്കേണ്ടതുണ്ട്.

ട്രാൻസ്ജെൻഡർ കുട്ടികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് കേരളത്തിൽ 24 ശതമാനമാണ്. വിദ്യാഭ്യാസം പൂർത്തീകരിക്കാനാവാത്തതും സമൂഹത്തിൽ നിന്ന്

ഏൽക്കുന്ന അവമതിപ്പും വിവേചനവും കാരണം അന്യ സംസ്ഥാനങ്ങളിലേക്ക് കുടിയേറുകയാണ് പലപ്പോഴും ട്രാൻസ്ജെൻഡർ വിഭാഗം ചെയ്യുന്നത്. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ അതിശക്തമായ ബോധവൽക്കരണ പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ കൊഴിഞ്ഞുപോക്ക് ബോധ്യപെടുത്തുന്നു.

2016ൽ നിലവിൽവന്നിട്ടുള്ള ഭിന്നശേഷിക്കാരുടെ അവകാശ നിയമപ്രകാരം 21 ശാരീരിക മാനസിക അവസ്ഥകളെയാണ് നിയമപരമായി ഭിന്നശേഷി വിഭാഗക്കാരായി അംഗീകരിച്ചിട്ടുള്ളത്. ഓരോ ഭിന്നശേഷി വിഭാഗത്തിൽപെടുന്ന കുട്ടിയുടെയും ശാരീരിക മാനസിക അവസ്ഥ വ്യത്യസ്തമാണ്. നിലവിലെ പാഠ്യപദ്ധതി ഓരോ ഭിന്നശേഷി വിഭാഗത്തിലെയും കുട്ടികളുടെ വൈവിധ്യത്തെ അഭിസംബോധന ചെയ്യുന്നില്ല. അതിനാൽ തന്നെ ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന മുഴുവൻ കുട്ടികൾക്കും വിദ്യാലയ പ്രവേശനം നൽകുവാൻ നമുക്ക് സാധിച്ചിട്ടുണ്ടെങ്കിലും അവരെയെല്ലാം അക്കാദമികപരമായി ഉൾചേർക്കുവാൻ നമ്മുടെ വിദ്യാലയങ്ങൾക്ക് ഇന്നും കഴിഞ്ഞിട്ടില്ല.

പൊതുസമൂഹത്തിന്റെ ഭിന്നശേഷി വിഭാഗത്തോടുള്ള കാഴ്ചപ്പാടുകളിൽ മാറ്റം വന്നിട്ടുണ്ടെങ്കിലും മാറ്റത്തിന്റെ ഗതിവേഗം വളരെ ചെറുതാണ്. കാഴ്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്വയം എഴുതാനും വായിക്കുവാനും കഴിയണമെങ്കിൽ ബ്രെയിലി ഭാഷ അറിയേണ്ടതുണ്ട്. എന്നാൽ പൊതുവിദ്യാലയങ്ങളിൽ കുട്ടികൾക്ക് ബ്രെയിലി ഭാഷ പഠിക്കുവാനുള്ള അവസരം നിലവിലില്ല. പരിപൂർണ്ണമായും കേൾവിയില്ലാത്ത/ സംസാരശേഷിയില്ലാത്ത കുട്ടികളുടെ ആശയവിനിമയ ഭാഷ IndianSignLanguage ആണ്. എന്നാൽ ഇന്ന് ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്കോ സ്പെഷ്യൽ എജ്യംക്കേറ്റർമാർക്കോ IndianSignLanguage ഉപയോഗിക്കുന്നതിൽ വേണ്ടത്ര ഗ്രാഹ്യമില്ലാത്തത് ഇത്തരം വിഭാഗത്തിലെ കുട്ടികളുടെ പഠനത്തെ സാരമായിട്ട് തന്നെ ബാധിക്കുന്നുണ്ട്.

ഓട്ടിസം എന്ന അവസ്ഥയുള്ള കുട്ടി, സെൻസറി പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ട്. സെൻസറി പ്രശ്നങ്ങൾ നേരിടുമ്പോൾ അത്തരം പ്രശ്നങ്ങൾക്ക് താൽകാലിക പരിഹാരം ഉണ്ടാക്കി വീണ്ടും പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ഓട്ടിസം എന്ന അവസ്ഥയുള്ള കുട്ടി പഠിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും സെൻസറി റൂമുകൾ ഉണ്ടാകേണ്ടത് കുട്ടിയുടെ അവകാശമാണ്. പഠനവൈകല്യം ഉള്ള കുട്ടികൾ വിദ്യാലയത്തിൽ ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഭിന്നശേഷിക്കാരുടെ അവകാശനിയമം 2016 പ്രകാരം ഒരു കുട്ടിക്ക് എട്ടു വയസ്സാകുമ്പോഴോ, അല്ലെങ്കിൽ മൂന്നാം ക്ലാസിൽ പഠിക്കുമ്പോഴോ പഠനവൈകല്യ നിർണയം നടത്തി പരിഹാരബോധനം ലഭിക്കുന്നതിന് അർഹതയുണ്ട്. എന്നാൽ കേരളത്തിൽ നിലവിൽ ഒരു കുട്ടി സെക്കന്ററി തലത്തിൽ പത്താംതരത്തിൽ എത്തുമ്പോൾ മാത്രമാണ് പഠനവൈകല്യ നിർണയം നടത്തുന്നത്.

ഭിന്നശേഷി വിഭാഗത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ എന്ന വിഭാഗത്തിലാണ് ഉള്ളത്. ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികളെ അക്കാദമികപരമായി ഉൾചേർക്കുന്നതിന് നമുക്കിന്നും വേണ്ടത്ര കഴിഞ്ഞിട്ടില്ല. ക്ലാസ്സ് മുറികളിൽ ശാസ്ത്രീയവും അനുയോജ്യമായവുമായ പരിഗണന ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു നൽകുന്നതിന് പകരം തികച്ചും അശാസ്ത്രിയമായ 'അക്കാദമിക്ക് എൻഗേജ്മെന്റ് ഉറപ്പാക്കൽ' എന്ന രീതിയാണ് ഭൂരിഭാഗം ക്ലാസ്സ് മുറികളിലും ഇന്ന് നടന്നുവരുന്നത്. ഉൾചേർന്ന വിദ്യാഭ്യാസ സമ്പ്രദായത്തിൽ വ്യക്തിഗത പഠന പിന്തുണയും (ഐ.ഇ.പി) ക്ലാസ്സ്റൂം അനുഭവങ്ങളും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടിയെ സംബന്ധിച്ചിടത്തോളം ഒരുപോലെ പ്രാധാന്യമർഹിക്കുന്നു.

പൊതുവിദ്യാലയങ്ങൾക്കു പുറമെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി സംസ്ഥാനത്ത് 500ൽപരം അംഗീകൃത വിദ്യാലയങ്ങൾ ഉണ്ട്. അവരെകൂടി ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ സമൂഹത്തിനേ ഉൾചേർന്ന വിദ്യാഭ്യാസത്തിന്റെ പൂർണ്ണത അവകാശപെടുവാൻ കഴിയുകയുള്ളൂ.നമ്മുടെ പൊതുവിദ്യാലയങ്ങളിൽ പ്രതിഭാധനരായ കുട്ടികളും അതിതീവ്രമായ വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽപ്പെടുന്നതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളും പഠിക്കുന്നുണ്ട്. ഇവർക്കെല്ലാവർക്കും ഒരേ തരത്തിലുള്ള വർഷാന്ത്യ മൂല്യനിർണയ രീതി തികച്ചും അശാസ്ത്രീയമാണ്. മൾട്ടിലെവൽ ഇവാലുവേഷൻ സിസ്റ്റം ആണ് ഇതിനൊരു പരിഹാരമായി നിർദ്ദേശിക്കുവാനുള്ളത്. ഓട്ടിസം എന്ന അവസ്ഥയുള്ള കുട്ടികൾക്ക് 'ഓൺ ഡിമാന്റ് എക്സാമിനേഷൻ' സിസ്റ്റം നടപ്പിലാക്കികൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടി 33 സവിശേഷ വിദ്യാലയങ്ങളും കാഴ്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടി 12 സവിശേഷ വിദ്യാലയങ്ങളും കേരളത്തിൽ നിലവിലുണ്ട് സവിശേഷ വിദ്യാലയങ്ങളിലെ കുട്ടികൾക്കും സാധാരണ കുട്ടികളോടൊപ്പമുള്ള പഠനം സാധ്യമാക്കുന്നതിനുവേണ്ടി സവിശേഷ വിദ്യാലയങ്ങളിൽ റിവേഴ്സ് ഇൻക്ലൂഷൻ സിസ്റ്റം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചനകൾ ഉണ്ടാകേണ്ടതാണ്.

മേൽപ്പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെയെല്ലാം അക്കാദമികപരമായി ഉൾചേർക്കുന്നതിന് മാർഗനിർദേശങ്ങൾ നൽകുന്നതിനും നൂതന സഹായ സാങ്കേതികവിദ്യയുടെ ലഭ്യത ഉറപ്പുവരുത്തി അനുയോജ്യമായ വിദ്യാഭ്യാസവും അവസരതുല്യതയും പ്രദാനം ചെയ്യുന്നതിനും സംസ്ഥാനത്ത് 'ഇൻക്ലൂസീവ് എജ്യൂക്കേഷൻ സെല്ലിന് രൂപം നൽകേണ്ടതാണ്.

46

# ഉൾച്ചേർന്ന വിദ്യാഭ്യാസം

ഡോ. എ കെ അബ്ദുൽ ഹക്കീം

**പൊ**തു വിദ്യാഭ്യാസരംഗത്ത് ഗുണാത്മകവും ഗണാത്മകവുമായ അതുല്യ നേട്ടമാണ് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം കൈവരിച്ചിട്ടുള്ളത്. കേരളത്തിന്റെ വിദ്യാഭ്യാസ നയങ്ങളും മികവുകളും ആഗോള അടിസ്ഥാനത്തിൽ തന്നെ ഏറെ ചർച്ചയ്ക്കും പ്രശംസയ്ക്കും വിധേയമായിട്ടുണ്ട്.

'ഉൾച്ചേർന്ന വിദ്യാഭ്യാസം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സമൂഹത്തിലെ എല്ലാവരെയും ഒരു കുടക്കീഴിൽ ഉൾച്ചേർത്തു കൊണ്ട് എല്ലാവർക്കും അനുയോജ്യമായ അവസരങ്ങൾ ഉറപ്പുവരുത്തി വ്യവസ്ഥാപിതമായി അനുയോജ്യമായ വിദ്യാഭ്യാസം നൽകുക എന്നുള്ളതാണ്.

ഗോത്രവർഗ വിഭാഗക്കാർ, തീരദേശവാസികൾ, ലിംഗപരമായി വ്യത്യസ്തത പുലർത്തുന്ന കുട്ടികൾ, ഭിന്നശേഷിക്കാരായ കുട്ടികൾ, പ്രതിഭാധനരായ കുട്ടികൾ, ഭൂമിശാസ്ത്രപരമായി വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നുള്ളവർ, നഗരവൽകരണം കാരണവും മറ്റു പല കാരണങ്ങളാലും അരികുവൽക്കരിക്കപ്പെട്ടുപോയ കുടുംബങ്ങളിലെ കുട്ടികൾ, അഥിതി തൊഴിലാളി കുടുംബത്തിലെ കുട്ടികൾ, പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികൾ, അനാഥരും രക്ഷിതാക്കളിൽ നിന്ന് പിരിഞ്ഞിരിക്കുന്ന കുട്ടികൾ തുടങ്ങിയവർക്ക് ജാതി-മത-വർഗ-സംസ്കാരിക-സാമ്പത്തീക-സാമൂഹിക ഭേദമെന്യേ യാതൊരുവിധ വിവേചനവും ഇല്ലാതെ സമപ്രായക്കാരായ സാധാരണ കുട്ടികളോടൊപ്പം മുഖ്യധാരാ വിദ്യാഭ്യാസം പൂർണതോതിൽ തന്നെ ലഭ്യമാക്കുന്ന വിദ്യാഭ്യാസ പ്രക്രിയയാണ് 'ഉൾച്ചേർന്ന വിദ്യാഭ്യാസം' (Inclusive Education).

വിദ്യാഭ്യാസ പ്രക്രിയയിൽ ബഹുമുഖ വെല്ലുവിളികൾ മൂലം ഏറ്റവും അധികം പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം എന്ന നിലയ്ക്കും ഏറ്റവും കൂടുതൽ പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗം എന്ന നിലക്കും ഭിന്നശേഷിയുള്ള കുട്ടികൾക്ക് വേണ്ടി ഇനിയും ഒട്ടേറെ കാര്യങ്ങൾ ഉൾച്ചേർന്ന വിദ്യാഭ്യാസത്തിൽ ഊന്നൽ നൽകുകയും ചർച്ച ചെയ്യുകയും നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതുണ്ട്.

എല്ലാ കുട്ടികളെയും പോലെത്തന്നെ, ഭിന്നശേഷിയുള്ള കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് വികസിപ്പിക്കുന്നതിനും വെല്ലുവിളികൾ മറികടക്കുന്നതിനും സമഗ്ര വികസനം സാധ്യമാക്കുന്നതിനും അവർക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസവും പുനരധിവാസ പ്രക്രിയയും പ്രാപ്യമാകേണ്ടതുണ്ട്. അതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

- സാമൂഹ്യ നീതി വകുപ്പും, ആരോഗ്യ വകുപ്പും, പൊതു വിദ്യാഭ്യാസ വകുപ്പും ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.
- രോഗ പ്രതിരോധ പ്രവത്തനങ്ങളും ബോധവൽക്കരണങ്ങളും ശക്തമാക്കുക.
- നേരത്തെയുള്ള കണ്ടെത്തലുകൾ കൂടുതൽ ഗൗരവതരമാക്കുക.
- നേരത്തെയുള്ള ഇടപെടലുകൾ അനുയോജ്യവും കാര്യക്ഷമമാക്കുക. ഏർലി ഇന്റെർവെൻഷൻ സെന്ററുകൾ (Early Intervention Centres) സ്ഥാപിക്കുക.
- തുടർപ്രവത്തനങ്ങളും പരിഹാര പ്രവർത്തനങ്ങളും വ്യവസ്ഥാപിതമായി നടപ്പിലാക്കുക.
- അധ്യാപകർ, വിദ്യാഭാസ വിദഗ്ദ്ധർ, സവിശേഷ അദ്ധ്യാപകർ, ഡോക്ടർമാർ, മനശ്ശാസ്ത്ര വിദഗ്ദ്ധർ, മറ്റ് പുനരധിവാസ വിദഗ്ദ്ധർ (സ്പീച് തെറാപ്പിസ്റ്റ്, ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ഓഡിയോളോജിസ്റ്റ്, ഓഡിറ്ററി വെർബൽ തെറാപ്പിസ്റ്റ്...) സോഷ്യൽ വർക്കർമാർ തുടങ്ങിയവരുടെ പ്രവർത്തനങ്ങളും സാമൂഹ്യ നീതി വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും ഇടപെടലുകൾ ഏകോപിപ്പിച്ച് വളരെയധികം കാര്യക്ഷമതയോടെ കൊണ്ടുപോകേണ്ടതുണ്ട്
- വിദ്യാഭ്യാസ പ്രായമായ 3 വയസ്സുള്ള മുഴുവൻ കുട്ടികളെയും അംഗനവാടി/ സർക്കാർ അംഗീകൃത പ്രീ-പ്രൈമറിയുടെ ഭാഗമാക്കുക.
- അംഗനവാടി/ പ്രീ-പ്രൈമറി സംവിധാനത്തിലൂടെ കുട്ടികൾക്ക് പഠനത്തോടും തുടർവിദ്യാഭ്യാസം നേടുന്നതിനും ഉള്ള അതിയായ ആഗ്രഹം ഉണ്ടാക്കിയെടുക്കുക. (പ്രത്യേകിച്ചും തീരദേശ മേഖല, ഗോത്ര വിഭാഗങ്ങൾ അധിവസിക്കുന്ന മേഖല, നഗരവത്കരണം കാരണം അന്യവൽകരിക്കപ്പെട്ടു കുട്ടികൾ ഉള്ള മേഖലകൾ എന്നി ഇടങ്ങളിൽ അടിയന്തിര പ്രാധാന്യത്തോടെ വിദ്യാഭ്യാസ വളണ്ടിയർമാരുടെ സഹായത്തോടെ ഇടപെടലുകൾ നടത്തേണ്ടതുണ്ട്).
- ഭിന്നശേഷി വിഭാഗത്തിൽ ഉൾപെടുവാൻ സാധ്യതയുണ്ടെന്ന് കരുതുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണനയും പരിഹാര പ്രവർത്തനങ്ങളിലൂടെ പിന്തുണയും ഉറപ്പാക്കുക
- 3, 4 ക്ലാസുകളിൽ പഠനവൈകല്യ നിർണ്ണയം പൂർത്തിയാക്കുകയും മുഴുവൻ കുട്ടികൾക്കും പരിഹാരബോധന പ്രവർത്തനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. (ഹൈസ്കൂൾ ക്ലാസ്സുകളിൽ മാത്രം നടക്കുന്ന പഠനവൈകല്യ നിർണ്ണയം പരിപൂർണ്ണമായും ഒഴിവാക്കേണ്ടതാണ്).

- നിലവിലുള്ള ഓട്ടിസം സെന്ററുകൾ ഏതെങ്കിലും പൊതുവിദ്യാലയത്തിന്റെ ഭാഗമായി നിലനിർത്തുകയോ, അല്ലെങ്കിൽ ഒരു ബി ആർ സി പരിധിയിലെ ഒരു വിദ്യാലയമെങ്കിലും Model Inclusive School for Children with ASD എന്ന നിലയിലേക്ക് ഉയർത്തുകയോ ചെയ്യുക.
- മുഴുവൻ Model Inclusive School for Children with ASD-യിലും തെറാപ്പിസ്റ്റുമാരുടെ സേവനം ഉറപ്പാക്കേണ്ടതുണ്ട്.
- Cross Disability മേഖലയിൽ 6 മാസത്തെ ഗവ.അംഗീകൃത കോഴ്സിന് രൂപം നൽകണം.
- ഒരു വിദ്യാലയത്തിലെ ഒരു ടീച്ചറെങ്കിലും Cross Disability മേഖലയിൽ 6 മാസത്തെ ഗവ.അംഗീകൃത കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കണം.
- Cross Disability മേഖലയിൽ 6 മാസത്തെ ഗവ.അംഗീകൃത കോഴ്സ് പൂർത്തിയാക്കുന്ന അധ്യാപകർക്ക് SITCമാർക്ക് നൽകുന്നതുപോലെ പ്രതിമാസ സ്റ്റൈപൻഡ് നൽകുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണ്.
- മുഴുവൻ വിദ്യാലയങ്ങളിലും സ്പെഷ്യൽ കെയർ സെന്ററുകളും സ്പെഷ്യൽ എജ്യുക്കേറ്റർമാരുടെ മുഴുവൻ സമയ സേവനവും കുട്ടികളുടെ എണ്ണത്തിനും ഭിന്നശേഷിയുടെ തീവ്രതക്കും തരത്തിനും പ്രത്യേകാവശ്യത്തിനും അനുസരിച്ച് ഉറപ്പുവരുത്തണം.
- സ്പെഷ്യൽ കെയർ സെന്ററുകളിലൂടെ ഐ.ഇ.പി ലഭിക്കുന്നതിന് അർഹതയുള്ള മുഴുവൻ കുട്ടികൾക്കും വ്യക്തിഗത പിന്തുണ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ കഴിയണം.
- അനുയോജ്യമായ അത്യാധുനിക സഹായ ഉപകരണങ്ങൾ ക്ലാസ് മുറികളിലും സ്പെഷ്യൽ കെയർ സെന്ററുകളിലും വീടുകളിലും ലഭ്യമാക്കുക.
- കുട്ടികളുടെ പ്രത്യേകാവശ്യങ്ങൾക്കനുസരിച്ച് ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യകൾ പരമാവധി ഒരുക്കുക പ്രയോജനപ്പെടുത്തുക.
- ESTEEM മാതൃകയിൽ വ്യത്യസ്ത തൊഴിൽ മേഖലകളിൽ ധാരാളം പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- രക്ഷാകർതൃ ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുക.
- അനുരൂപീകരിച്ച പഠന ബോധന സാമഗ്രികൾ ലഭ്യമാക്കുക.
- റിസർച്ച് ആൻഡ് ഡോക്യുമെന്റഷന് പ്രോത്സാഹിപ്പിക്കുക.
- കിടപ്പിലായ കുട്ടികൾക്ക് വേണ്ടി പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്തത് നടപ്പിലാക്കുക.
- സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് വേണ്ടി കലാ –കായിക– പ്രവൃത്തി പരിചയ മേഖലകളിൽ ധാരാളം പ്രോത്സാഹനം നൽകുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ചിട്ടപ്പെടുത്തുക.
- തടസ്സരഹിതവും ഭിന്നശേഷി സൗഹൃദവും ശിശുകേന്ദ്രീകൃതവുമായ അന്തരീക്ഷം സൃഷ്ടിക്കുക

# ലിഗസമത്വം, ലിംഗനീതി

47

## ലിംഗനീതി: അധ്യാപകരുടെ പങ്കും പ്രസക്തിയും

ആർ പാർവതി ദേവി

**വി**കസനത്തിൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം വളരെ മുന്നിൽ ആണെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നുണ്ടെങ്കിലും ഒരു മറുമുഖം ഉണ്ടെന്ന് മറ്റു ചില കണക്കുകൾ ബോധ്യപ്പെടുത്തുന്നു. അത് സ്ത്രീകളും ട്രാൻസ് വിഭാഗങ്ങളും നേരിടുന്ന അതിക്രമങ്ങളുടെ കണക്കാണ്.സമൂഹത്തിലെ പകുതിയിലേറെ വരുന്ന ഒരു വിഭാഗം സ്വകാര്യ,പൊതു ഇടങ്ങളിൽ നിരന്തരം അതിക്രമങ്ങൾ നേരിടുന്നുവെന്നത് ലിംഗപരമായ അസമത്വത്തിന്റെ കാഠിന്യം വ്യക്തമാക്കുന്നതാണ്. (ലിംഗപരമായ എന്ന പ്രയോഗം തന്നെ പുരുഷാധിപത്യപരമാണ് എന്ന വിമർശനം ഉണ്ടെങ്കിലും തത്കാലം അങ്ങനെ തന്നെ പറഞ്ഞുപോകുന്നു.) കേരളത്തിൽ വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ സ്ത്രീകൾ മുന്നിൽ ആണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികളാണ് എണ്ണത്തിൽ കൂടുതൽ.

എൻജിനിയറിങ്, മെഡിസിൻ പോലെയുള്ള പ്രഫഷണൽ കോഴ്സിനുൾപ്പടെ പെൺകുട്ടികൾ മുൻകാലത്തെ അപേക്ഷിച്ച് വർധിച്ചു വരുന്നുണ്ട്.

കുട്ടികളെ സ്കൂളിൽ ചേർക്കുന്ന കാര്യത്തിലും കേരളത്തിൽ ലിംഗഭേദം ഇല്ല എന്നത് യാഥാർഥ്യമാണ്. എന്നാൽ സമൂഹത്തിന്റെ ആൺകോയ്മാ മനോഭാവം വിദ്യാഭ്യാസ രംഗത്ത് അത്ര തന്നെ ശക്തിയോടെ പ്രതിഫലിക്കുന്നു എന്നത് ആശങ്കാജനകമാണ്. അടുത്തയിടെ സി എസ് ഇ എസ് നടത്തിയ പഠനത്തിൽ ഉൾപ്പടെ ഈ പ്രശ്നം ഗൗരവത്തോടെ അഭിസംബോധന ചെയ്യണമെന്ന് നിരീക്ഷിക്കുന്നു.

ലിംഗനീതിയുടെ മേഖലയിൽ മാത്രമല്ല, സമൂഹത്തിലെ എല്ലാത്തരം അസമത്വങ്ങളെയും ഊട്ടിയുറപ്പിക്കുന്ന വിദ്യാഭ്യാസ അന്തരീക്ഷം ആണ് നിലനിൽക്കുന്നത്. ചരിത്രത്തെ നിരാകരിക്കുന്ന, ശാസ്ത്രത്തെ വികലമാക്കുന്ന ശ്രമങ്ങൾ ഇന്ത്യയിൽ കടുത്ത ആശങ്ക പരത്തുന്ന രാഷ്ട്രീയാന്തരീക്ഷത്തിൽ പ്രത്യേകിച്ചും.

പാഠപുസ്തകങ്ങളുടെ ജെൻഡർ ഓഡിറ്റ് സംബന്ധിച്ച് അടുത്തയിടെ ചില ചിന്തകളും പ്രവർത്തനങ്ങളും കേരളത്തിൽ നടക്കുന്നുണ്ട്. യൂണിഫോം ജെൻഡർ ന്യൂട്രൽ ആക്കുന്നതിനും ചില സ്കൂളുകൾ മുന്നോട്ടു വന്നിട്ടുണ്ട്.

എന്നാൽ ഇതുകൊണ്ട് മാത്രമായില്ല. നമ്മുടെ വിദ്യാഭ്യാസ ദർശനം വിദ്യാർഥീ വിദ്യാർത്ഥിനികൾ ജ്ഞാനോത്പാദകർ ആകുക എന്നതാണ്. വിവരങ്ങൾ അപഗ്രഥിക്കുകയല്ല, മറിച്ച്, വിജ്ഞാനം സൃഷ്ട്ടിക്കുന്നവർ ആകണം പഠിതാക്കൾ. പാഠപുസ്തകത്തിലുള്ളതെല്ലാം മനഃപാഠമാക്കി എ പ്ലസ് വാങ്ങുന്നതോടെ രക്ഷിതാക്കൾക്ക് സന്തോഷമാകുന്ന അവസ്ഥയിൽ അതിനപ്പുറത്തേക്ക് ഒരു ചിന്തയോ പ്രവർത്തനമോ ആവശ്യമാണെന്ന്അധ്യാപകരും കുട്ടികളും കരുതുന്നില്ല. പലതരം ഓൺ ലൈൻ ആപ്പ്കൾ കോവിഡിന് ശേഷം വിപണി കയ്യടക്കിയിട്ടുള്ളത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും മാർഗവും തകർക്കുന്നു.

ഈ അവസ്ഥക്ക് മാറ്റം ഉണ്ടാകണമെങ്കിൽ അധ്യാപകർ ആരാണെന്നതു സംബന്ധിച്ച് നവീനമായ കാഴ്ചപ്പാട് ഉണ്ടായിവരണം. വിജ്ഞാന സമൂഹത്തിലേക്ക് മാറാൻ തീരുമാനിച്ചിട്ടുള്ള കേരളത്തിന് അനിവാര്യമായ മാറ്റത്തിനു തയാറാകേണ്ടതുണ്ട്. സ്കൂളുകൾ അധികാരത്തിന്റെയും സാമൂഹ്യനിയന്ത്രണത്തിന്റെയും പ്രശ്നങ്ങളുമായി കോർത്തിണക്കിയിട്ടുള്ള സാമ്പത്തിക,സാംസ്കാരിക,സാമൂഹ്യ സ്ഥലികൾ ആണെന്ന തിരിച്ചറിവിൽ നിന്നു കൊണ്ട് നയങ്ങൾ രൂപീകരിക്കണം. ഇവിടെയാണ് അധ്യാപകരുടെ പങ്ക് വ്യക്തമാക്കേണ്ടത്. Henry Giroux എന്ന ഫ്രഞ്ച് വിദ്യാഭ്യാസ വിദഗ്ധൻ അഭിപ്രായപ്പെടുന്നത് അധ്യാപകർ transformative intellectuals ആകണം എന്നാണ്. അതായത് അടിസ്ഥാനപരമായ മാറ്റം കൊണ്ടുവരാൻ അധ്യാപകർക്ക് പ്രാപ്തി ഉണ്ടാകണം.

ബൗദ്ധികമായ അധ്വാനത്തിനുള്ള സൈദ്ധാന്തിക അടിത്തറ വിദ്യാർത്ഥികളിൽ ഉറപ്പിക്കാൻ അധ്യാപകർക്ക് സാധിക്കണം.

അധ്യാപകർ സാങ്കേതിക വിദഗ്ധരോ അധ്യാപനം പരിശീലനമോ അല്ല. സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ ചട്ടക്കൂട്ടിൽ പറയുന്നത് പോലെ പുതിയതലമുറയെ ഉത്തരവാദിത്വമുള്ള പൗരരായി മാറ്റുക ആണ് വിദ്യാഭ്യാസത്തിലൂടെ വേണ്ടത്.

അതിനുള്ള പരിശീലനവും സാമൂഹ്യബോധവും ബൗദ്ധിക വികാസവും അധ്യാപകർക്ക് ഉണ്ടായിരിക്കണം.

ജെൻഡർ അവബോധം ഇന്നത്തെ സാഹചര്യത്തിൽ ഭൂരിപക്ഷം അധ്യാപകർക്കും ഉണ്ടാകാൻ സാധ്യതയില്ല. കാരണം മതം, ജാതി, പ്രദേശം, ലിംഗം, വർണം തുടങ്ങി പലതരത്തിലുള്ള ഭേദങ്ങൾ ശ്രേണീബദ്ധമായിരിക്കുന്ന ഇന്ത്യൻ സമൂഹത്തിലാണ് നാം ജീവിക്കുന്നത്. കൃത്യമായ രാഷ്ട്രീയ ബോധ്യങ്ങൾ ഇല്ലാത്തവർക്ക് മുകളിൽ സൂചിപ്പിച്ച ഭേദ ഭാവങ്ങളിൽ നിന്നും മോചനം ഉണ്ടാവില്ല. സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ ഉള്ള ഭേദചിന്തകൾ ആഴത്തിൽ വേരോടി നിൽക്കുന്ന അധ്യാപകർക്ക് കുട്ടികളെ വിശാലമായ ജനാധിപത്യ ബോധത്തിലേക്ക് കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കാൻ ആവില്ല.

ഇതേ വിദ്യാഭ്യാസ രീതികളിൽ പഠിക്കുകയും ജീവിത സാഹചര്യങ്ങളിൽ ജീവിക്കുകയും ചെയ്തവർ തങ്ങളുടെ മൂല്യവ്യവസ്ഥയെ അടുത്ത തലമുറയിലേക്ക് പകരുക മാത്രമേ ചെയ്യൂ.

കേരളത്തിൽ പാഠപുസ്തകങ്ങൾ ജെൻഡർ ഓഡിറ്റിന് വിധേയമാക്കുന്നതിന് ചില നടപടികൾ ആരംഭിച്ചിട്ടുണ്ട്. സി എസ് ഇ എസ് പഠനത്തിൽ സ്കൂളുകളിൽ ലിംഗാവബോധ പ്രവർത്തനം അടിയന്തിരമായി നടക്കണം എന്ന് പറയുന്നുണ്ട്.ഇപ്പോൾ തന്നെ വൈകിപ്പോയി എന്നാണ് പഠനം സൂചിപ്പിക്കുന്നത്. അങ്ങനെ ഒരു സമഗ്രമായ പ്രവർത്തനം തുടങ്ങേണ്ടത് അധ്യാപകരിൽ നിന്നും ആണെന്നാണ് അനുഭവം തെളിയിക്കുന്നത്. മുപ്പത് വര്ഷം മുൻപ് ജെൻഡർ വർണരാജിയെ കുറിച്ച് പറഞ്ഞു കൊണ്ട് പരമ്പരാഗത സമൂഹത്തെ ഞെട്ടിച്ച ജൂഡിത്ത് ബട് ലർ പറയുന്നത് സ്കൂളുകളിൽ എന്ത് പഠിപ്പിക്കണം എങ്ങനെ പഠിപ്പിക്കണം എന്നത് സംബന്ധിച്ച് യുദ്ധങ്ങൾ (battles must take place) തന്നെ നടക്കട്ടെ എന്നാണ്. എങ്കിൽ മാത്രമേ മുന്നോട്ട് പോകാൻ കഴിയൂ.

മനഃശാസ്ത്രജ്ഞർ പറയുന്നത് ആറു വയസ്സിനുള്ളിൽ ഒരു കുട്ടിയുടെ വ്യക്തിത്വ വികസനത്തിന് അടിത്തറ പാകി കഴിയുമെന്നാണ്. കതിരിന്മേൽ വളം വക്കുന്നതിന്റെ വിഡ്ഢിത്തം നമുക്കും പരിചിതമാണ്. സർക്കാരിന്റെ ശ്രദ്ധ അടിയന്തിരമായി പതിക്കേണ്ട ഒരു വിഷയം ആണിത്. അപൂർവം ചില പൊതു വിദ്യാലയങ്ങളിൽ പ്രീ പ്രൈമറിക്ളാസ് ഉണ്ടെങ്കിലും ശാസ്ത്രീയമായ പഠനമല്ല അവിടെ നടക്കുന്നത്. പ്രീപ്രൈമറിയിലും പ്രൈമറികളാസ്സുകളിലും പഠിപ്പിക്കുന്ന അധ്യാപകരുടെ അടിസ്ഥാന യോഗ്യത ചുരുങ്ങിയത് ബിരുദം എങ്കിലും ആകണം. നേരത്തെ സൂചിപ്പിച്ച മാറ്റം കൊണ്ടുവരാൻ കരുത്തുള്ള ബുദ്ധിജീവികൾ ആയ അധ്യാപകർ ആയി ഇവരെ പരിശീലിപ്പിക്കേണ്ട

തുണ്ട്. ജെൻഡർ ബോധം ഉൾക്കൊള്ളുകയും അതനുസരിച്ചു ബോധനരീതിയിൽ അധ്യാപകർ നൂതന സാദ്ധ്യതകൾ പരീക്ഷിക്കുകയും വേണം.

ബിഎഡ്, ഡി എൽ ഇ ഡി തുടങ്ങിയ കോഴ്സുകളിലെ സിലബസ്സിൽ ജെൻഡർ പ്രധാന വിഷയം ആകണം. സൈദ്ധാന്തികവും പ്രായോഗികവുമായ ക്ളാസ്സുകളിലൂടെ പുരുഷാധിപത്യ പ്രവണതകളെ ചോദ്യം ചെയ്യാനും ചെറുക്കാനും ആൺകുട്ടികളെയും പെൺകുട്ടികളെയും പ്രാപ്തരാക്കാൻ കഴിയുന്നവരായി അധ്യാപകർ മാറണം.

വിദ്യാർഥിസമൂഹത്തിനും ഏകതാനസ്വഭാവം അല്ല. സാമ്പത്തിക, സാമൂഹ്യ,സാംസ്കാരിക വ്യത്യസ്തതകളുള്ള ഒരു കൂട്ടം ആണ് നമ്മുടെ ഒരു ക്ലാസ്. ഇവരെ ഓരോരുത്തരെയും സമത്വചിന്തയോടെ അഭിസംബോധന ചെയ്യുക എന്നത് അധ്യാപകർക്ക് ലളിതമായി ചെയ്യാനാവില്ല. സ്വയം മാറ്റത്തിനു വിധേയരായി, സ്വന്തം ആന്തരിക വ്യക്തിത്വത്തെ അപനിർമിച്ചുകൊണ്ടു മാത്രമേ അത് പ്രാവർത്തികമാകൂ. അധ്യാപന പരിശീലനത്തിന് അത്തരത്തിൽ ഒരു ലക്ഷ്യം കൂടി ഉണ്ടാകണം.

പൊതുവിദ്യാലയങ്ങളേക്കാൾ എണ്ണത്തിൽ കൂടുതൽ ആണ് സ്വകാര്യ, എയ്ഡഡ് സ്കൂളുകൾ. അൺ എയിഡഡ്,സി ബി എസ സി സ്കൂളുകൾ വേറെയും. സ്വകാര്യ സ്കൂളുകൾ നടത്തുന്നത് കൂടുതലും മത, ജാതി വിഭാഗങ്ങൾ ആണ്. കേരളത്തിൽ ക്രിസ്ത്യൻ, മുസ്ലിം, എൻ എസ എസ, എസ എൻ ഡി പി, മാനേജ്മെന്റുകൾക്ക് കീഴിലാണ് കൂടുതൽ സ്കൂളുകളും.

മതേതരത്വം, പൗരബോധം, ജനാധിപത്യം, ലിംഗനീതി തുടങ്ങിയ വിഷയങ്ങൾക്ക് ഈ

സ്കൂളുകൾ പ്രാധാന്യം നൽകുമെന്ന് കരുതാൻ ആവില്ല. സ്കൂൾ അസംബ്ലിയിലെ പ്രാർത്ഥന മുതൽ കലാമേളയും കായിക മത്സരവും വരെ സംഘടിപ്പിക്കുന്നതിൽ ഈ കുറവ് കാണാൻ കഴിയും. ഓരോ സ്കൂളിന്റെയും സ്വഭാവം അവിടെ പഠിക്കുക്കുന്നവരിലും പഠിപ്പിക്കുന്നവരിലും പ്രതിഫലിക്കുന്നു.

അതിനാൽ എല്ലാ പൊതുവിദ്യാലയങ്ങളിലും പാഠപുസ്തകങ്ങൾ മാത്രമല്ല, ബോധനരീതിയും, പ്രവർത്തന ശൈലിയും ഏകരൂപത്തിൽ ഉള്ളതാകണം. എല്ലാ സ്കൂളുകളിലും സഹ വിദ്യാഭ്യാസം ഏർപ്പെടുത്തുക എന്നതാണ് ഏറ്റവും പ്രധാനം. പ്രാർത്ഥന, യൂണിഫോം, കായിക, കലാ പ്രവർത്തനങ്ങൾ, തുടങ്ങിയ എല്ലാറ്റിനും ഐക്യരൂപ്യം ഉണ്ടാകണം.

ലിംഗസമത്വത്തിൽ ഊന്നി നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ നടക്കുന്നതെന്ന് ഉറപ്പുവരുത്താൻ ഒരു മേൽനോട്ട സംവിധാനം അഭികാമ്യമാണ്. പൊതു സമൂഹത്തിൽ ജെൻഡർ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഒരു സംസ്ഥാന തല സമിതിക്ക് ഇതിന്റെ ഉത്തരവാദിത്വം നൽകാവുന്നതാണ്.

12 വർഷത്തെ വിദ്യാഭ്യാസം നേടി പുറത്തിറങ്ങുന്ന ഒരു വ്യക്തി പാഠപുസ്തകങ്ങളിൽ നിന്നല്ലാതെ എന്തൊക്കെ സ്വാംശീകരിച്ചിട്ടുണ്ട് എന്ന പരിശോധനക്ക് സംവിധാനം ഉണ്ടാകുന്നത് നല്ലതാണ്. അതിൽ അധ്യാപകരുടെ പങ്ക് കൂടി വിലയിരുത്തപ്പെടണം. ലിംഗാവബോധം നിർബന്ധമായും പരിശോധിക്കപ്പെടണം. ക്വിസ് പോലെയുള്ള രീതികൾ അതിനായി ഉപയോഗിക്കാൻ കഴിയും.

ഒരിക്കൽ കൂടി Henry Giroux :

Making the political more pedagogical means utilizing forms of pedagogy that embody political interest that are emancipatory in nature ; that is using form of pedagogy that treat students as critical agents; make knowledge problematic; utilize critical and affirming dialogue; and make the case for struggling for a qualitatively better world for all people.

48

## ലിംഗവിവേചനം എന്നത്

Dr.Amruthraj R.M., Specialist in Women's Studies, Kerala Institute of Local Administration

**ലിം**ഗവിവേചനം എന്നത് വളരെ വ്യാപകമായും എന്നാൽ പലപ്പോഴും പരോക്ഷവും സൂക്ഷ്മതലത്തിലുമാണ് നിലനിൽക്കുന്നത്. ഒരു സാമൂഹ്യ സ്ഥാപനം എന്ന നിലയിലും സാമൂഹ്യവൽക്കരണത്തിന്റെ ഏജന്റ് എന്ന നിലയിലും വിദ്യാഭ്യാസ സമ്പ്രദായം നിലനിൽക്കുന്ന ലിംഗപദവി വാർപ്പ് മാതൃകകളെയും ലിംഗവിവേചനങ്ങളെയുംശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന വിമർശനവും പ്രസക്തമാണ്. കഴിഞ്ഞ മൂന്നു ദശാബ്ദമായി പെൺകുട്ടികളുടെ വിദ്യാഭ്യാസവും, അവരുടെ കൊഴിഞ്ഞുപോക്കും – നിലനിർത്തലും ഒരു പ്രധാന ലക്ഷ്യമായി നമ്മുടെ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി ഉണ്ടെങ്കിലും ഇന്ത്യയിലെയും കേരളത്തിലെയും വിദ്യാഭ്യാസവിചക്ഷണരും ഫെമിനിസ്റ്റ് പണ്ഡിതരുംഇതിനേവേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ലെന്ന് വേണം മനസ്സിലാക്കാൻ.

ലിംഗ ഭേദമില്ലാതെ വിദ്യാർഥികളുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നമ്മുടെ അധ്യാപകരെയും സ്കൂളുകളെയുംസജ്ജീകരിക്കേണ്ടതുണ്ട്. അതിനുതകുന്ന, വിവിധ രാജ്യങ്ങളിൽ ഇതിനോടകം തന്നെ അനുവർത്തിച്ചു വരുന്ന ചില അനുകരണീയമായ മാതൃകകൾ നിർദ്ദേശ രൂപത്തിൽ ചുവടെ ചേർക്കുന്നു.

1) അധ്യാപകർക്ക് ലിംഗാവബോധ പരിശീലനം നൽകുക.
2) പാഠപുസ്തകങ്ങളിലും പഠന സാമഗ്രികളിലെയും ലിംഗ പക്ഷപാതം ഇല്ലാതാക്കുക.
3) ഹാജർ പുസ്തകങ്ങളിൽ കുട്ടികളുടെ പേര് ലിംഗാടിസ്ഥാനത്തചന്റ വേർതിരിക്കാതിരിക്കുക.
4) ക്ലാസ് റൂമിന് അകത്തും സ്കൂളിലും കുട്ടികളെ ലിംഗ അടിസ്ഥാനത്തിൽ വേർതിരിച്ച് ഇരുത്താതിരിക്കുക.
5) ജൻഡർ ന്യൂട്രൽ യൂണിഫോം പ്രോത്സാഹിപ്പിക്കുക.
6) എല്ലാ ജൻഡറിലും ഉള്ള കുട്ടികൾക്ക് പൊതുവായി കളിക്കാവുന്ന കളികളെ പ്രോത്സാഹിപ്പിക്കുക.
7) സ്കൂളുകളിൽ ക്രഷ് സംവിധാനവും ചെറിയ കുട്ടികളെ പരിപാലിക്കുന്ന സൗകര്യവും ലഭ്യമാക്കണം.
8) പ്രായത്തിന് അനുയോജ്യമായ ലൈംഗിക വിദ്യാഭ്യാസം നൽകുക.
9) പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം സംഘടിപ്പിക്കുക.
10) നിലനിൽക്കുന്ന ലിംഗ വിവേചനങ്ങളെ അഭിസംബോധനചെയ്യുവാൻ, വിവിധ ലിംഗ വിഭാഗങ്ങളിൽ ഉള്ളകുട്ടികൾക്കിടയിൽ ആരോഗ്യപരമായ സൗഹൃദം വളർത്താനുള്ള എല്ലാ സാഹചര്യവും സ്കൂൾ അന്തരീക്ഷത്തിൽ ബോധപൂർവം സൃഷ്ടിക്കുക.

49

# ലിംഗസമത്വം ലിംഗനീതി

ഡോ.ടി.ഗീനാകുമാരി

**മ**തസാമുദായിക താത്പര്യങ്ങൾക്കും വിദ്യാഭ്യാസ രംഗത്തെ വാണിജ്യ വൽക്കരണത്തിനും സഹായകമായ പുത്തൻ വിദ്യാഭ്യാസനയം സാമൂഹ്യ നീതിക്കായുള്ള ശ്രമങ്ങൾക്ക് കടുത്ത പ്രതിരോധം സൃഷ്ടിക്കുന്നുണ്ട്.ഈ പശ്ചാത്തലത്തിലാണ് ലിംഗനീതിപൂർവ്വകമായ വിദ്യാഭ്യാസവും അത് സൃഷ്ടിക്കേണ്ടുന്ന സമത്വാധിഷ്ഠിത സമൂഹത്തെയും കുറിച്ചു ചർച്ച ചെയ്യേണ്ടത്. നിലവിലെ സ്ഥിതി,പുതിയ വെല്ലുവിളികൾ,പുതിയ ആവശ്യങ്ങൾ എന്നിവയെ സംബന്ധിച്ച ചർച്ചയും പുതിയ പരിപ്രേക്ഷ്യങ്ങളും രൂപപ്പെടുത്തേണ്ടതുണ്ട് എന്നതിനെ സംബന്ധിച്ചു കൂടുതൽ വിശദീകരണങ്ങൾ ആവശ്യമില്ല.

## നിലവിലെ സ്ഥിതി

1. മെച്ചപ്പെട്ട സാമൂഹ്യജീവിതത്തിനുവേണ്ടി വ്യക്തിയെ തയ്യാറാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം.സാമൂഹ്യനീതിക്കും തുല്യതയ്ക്കും വേണ്ടിയുള്ള പോരാട്ടങ്ങളിലൂടെയാണ് കേരളീയ വിദ്യാഭ്യാസരംഗം വളരുകയും സമൂഹത്തിന്റെ മതനിരപേക്ഷ, ജനാധിപത്യബോധത്തോടൊപ്പം വികസിക്കുകയും എല്ലാത്തരം വിവേചനങ്ങളെയും വേരോടെ പിഴുതെറിയാൻ കരുത്താർജിക്കുകയും ചെയ്തത്. പെൺകുട്ടികൾ, അധഃസ്ഥിതർ തുടങ്ങിയവരുടെ വിദ്യാഭ്യാസത്തിനായി നടന്ന ബോധപൂർവമായ പരിശ്രമങ്ങളെല്ലാം ഇങ്ങനെയാണുണ്ടായത്.എന്നാൽ കുടുംബഘടനയിലും സാമൂഹ്യജീവിതത്തിലും ഒട്ടേറെ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും തുല്യതയിലധിഷ്ഠിതമായ സ്ത്രീ-പുരുഷ ബന്ധമോ, അതിനനുഗുണമായ ലിംഗാവബോധമോ (Gender consciounsess) വളർത്തിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നത് കേരളത്തിലെ അക്കാദമിക സമൂഹം ഗൗരവത്തോടെ കാണേണ്ട വിഷയമാണ്.
2. ലിംഗനീതിയും ലിംഗ സമത്വവും ഉറപ്പുനൽകുന്ന ഒരു വിദ്യാഭ്യാസപദ്ധതിയുടെ അഭാവം കേരളത്തിലുണ്ട്. ഗാർഹിക ഇടങ്ങളിൽ നിന്നുമാത്രമല്ല കുട്ടികളെ സ്ത്രീ- പുരുഷ ദ്വന്ദത്തെയും വാർപ്പ് മാതൃകകളെയും സായത്തമാക്കുന്നത്. പരമ്പരാഗതമായി നിലനിൽക്കുന്ന പുരുഷാധിപത്യ ഘടനയുടെ മാതൃകകൾ തന്നെ യാണ് സ്കൂളുകളിലും ക്ളാസ്സുമുറികളിലും കുറെയേറെ പാഠപുസ്തകങ്ങളിൽ(പാഠപുസ്തക വ്യാഖ്യാനങ്ങളിൽ) നിന്ന് പുതു തലമുറക്ക് ലഭിക്കുന്നത്.
3. കേരളത്തിലെ വിദ്യാഭ്യാസത്തെ ശിശു കേന്ദ്രീകൃതം ആക്കുമെന്നു പറയുന്നതിനൊപ്പം തന്നെ നിൽക്കേണ്ടതാണ് ശിശു ലിംഗനീതി സൗഹൃദമെന്നത്. പുരുഷേതര ലിംഗവിഭാഗത്തിനു കൂടി സൗഹൃദമാവണം എന്ന ചിന്തയേ കാണുന്നില്ല.
4. വിദ്യാഭ്യാസവും സാക്ഷരതയും കൊണ്ട് മാത്രം ലിംഗനീതി ഉറപ്പാക്കാൻ ആവില്ല എന്നതിന്റെ ഏറ്റവും നല്ല തെളിവാണു കേരളം. വിദ്യാഭ്യാസത്തിലൂടെ നിലനിൽക്കുന്ന ധാരണകളെ അട്ടിമറിക്കാൻ കഴിയുമ്പോൾ മാത്രമേ ആ വിദ്യാഭ്യാസവും സാക്ഷരതയും സാമൂഹ്യമാറ്റത്തിലേക്ക് നയിക്കുന്നുള്ളു. അത് അന്ധവിശ്വാസത്തിന്റെ കാര്യത്തിലായാലും ലിംഗാവബോധത്തിന്റെ കാര്യത്തിലായാലും. അതിനുസഹായകമാവാൻ ഇന്നത്തെ പാഠ്യപദ്ധതിക്ക് കഴിയുന്നില്ല. അതുകൊണ്ടു തന്നെ ജൻഡർ സൗഹൃദ വിദ്യാഭ്യാസ പദ്ധതി ആവശ്യമാണ്. അടിസ്ഥാന സൗകര്യം, പാഠ്യപദ്ധതി, ബോധന പദ്ധതി തുടങ്ങി എല്ലാ തലങ്ങളിലും ലിംഗനീതി എന്ന കാഴ്ചപ്പാടിലുള്ള പൊളിച്ചെഴുത്തു അനിവാര്യമാണ്.

## എന്താണ് വേണ്ടത്

വിദ്യാഭ്യാസ മേഖലയിലെ ലിംഗനീതി സമീപനങ്ങൾ ഏറ്റവും പുരോഗമനപരവും സാമൂഹ്യനീതിയുടെ അടിസ്ഥാന സങ്കൽപ്പങ്ങൾക്ക് അനുസൃതവുമാകണം. സമൂഹത്തിൽ പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്ന, യുവതലമുറയെ സ്വാധീനിക്കാൻ ശക്തിയുള്ള ആശയങ്ങൾക്കും പ്രവർത്തനരീതികൾക്കും അക്കാദമിക- അച്ചടക്ക മാനദണ്ഡങ്ങൾക്കും മുൻഗണന കൊടുത്തുള്ള പുതിയ മാതൃകകൾ ഉണ്ടാക്കിയെടുക്കാൻ കേരളത്തിനു സാധിക്കണം. വിദ്യാഭ്യാസ മേഖയിലെ ലിംഗനീതിയെക്കുറിച്ചു ചിന്തിക്കുമ്പോൾ രണ്ടു കാര്യം പ്രധാനമായി കണക്കിലെടുക്കേണ്ടതുണ്ട്. ഒന്ന് ലിംഗവിവേചനം ഒരു ഘടനാപരമായ പ്രശ്നം, രണ്ടു ലിംഗപദവി ഒരു അക്കാദമിക വ്യവഹാരം /സമീപനം. ഇവ രണ്ടും ഒരുമിച്ചു പടിപടിയായി കുട്ടികളുടെ ബോധതലത്തിലേക്ക് പകർത്തുന്നതിനുള്ള പാഠ്യക്രമമാണ് വേണ്ടത്

### 1. സഹവിദ്യാഭ്യാസം

20--ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് പഠിക്കുന്ന വിദ്യാലയങ്ങളെക്കുറിച്ച് ചിന്തിക്കാൻപ്പോലും കഴിഞ്ഞിരുന്നില്ല. ആ ഘട്ടത്തിലാണ് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി സ്കൂളുകൾ ആരംഭിക്കുകയും വനിതാ അധ്യാപകരെ നിയമിക്കുകയും ചെയ്യേണ്ടിവന്നത്. കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസപുരോഗതിക്ക് ഈ നടപടികൾ തീർച്ചയായും ആക്കം കൂട്ടിയിട്ടുണ്ട് എന്നത് വസ്തുതയാണെങ്കിലും കാലക്രമേണ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ സ്കൂളുകൾ എന്നത് കാലഹരണപ്പെട്ട കാഴ്ചപ്പാടാണെന്നും ലിംഗനീതിയും ലിംഗതുല്യതയും സമഭാവനയും വളർന്നുവരണമെങ്കിൽ സഹവിദ്യാഭ്യാസം (Co-education) ആണ് പ്രോത്സാഹിപ്പിക്കേണ്ടതെന്ന ചിന്താധാര കേരളീയ സമൂഹത്തിൽ വളർന്നുവരികയുണ്ടായി. ആൺ-പെൺ കുട്ടികൾക്കായി പ്രത്യേകം സ്കൂളുകൾ എന്ന ധാരണ ക്രമേണ മാറുകയും ബഹുഭൂരിപക്ഷം പ്രൈമറി വിദ്യാലയങ്ങളും മിക്സഡ് വിദ്യാലയങ്ങളാകുകയും ചെയ്തതാണ് നമ്മുടെ ചരിത്രം.

സഹവിദ്യാഭ്യാസത്തിലൂടെ പരസ്പര ബഹുമാനവും ലിംഗസമത്വവും ഉറപ്പാക്കാനും ഇന്ന് സമൂഹത്തിൽ നിലനിന്നുപോരുന്ന സ്ത്രീവിരുദ്ധ മനോഭാവം മാറ്റിയെടുക്കുന്നതിനും പെൺകുട്ടികളോടും സ്ത്രീകളോടും മാന്യമായ പെരുമാറ്റം വളർത്തിയെടുക്കുന്നതിനും സാധിക്കുമെന്നാണ് സഹവിദ്യാഭ്യാസവുമായി ബന്ധപ്പെട്ടിട്ടുള്ള പഠനങ്ങൾ തെളിയിക്കുന്നത്.

### 2. സ്വകാര്യ- മത-സമുദായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പൊതുവിദ്യാലയങ്ങളിൽ പെൺകുട്ടികളുടെ സാന്നിധ്യത്തിനും ഇടപെടലുകൾക്കും ആൺ പെൺ സൗഹൃദങ്ങൾക്കും കൂടുതൽ ദൃശ്യതയുണ്ടായതായി പൊതുവേ വിലയിരുത്താവുന്നതാണ്. എന്നിരുന്നാലും ആണധികാരപ്രകടനങ്ങളും വിവേചനങ്ങളും നിലനിൽക്കുന്നു എന്നതും അംഗീകരിക്കേണ്ടി വരുന്നുണ്ട്. മറ്റ് പൊതു ഇടങ്ങളെക്കാൾ ജനാധിപത്യത്തിന്റെയും തുല്യതയിലേക്കുള്ള മുന്നേറ്റങ്ങളുടെയും സാധ്യതകളും സംവാദങ്ങളും ഉയർന്നുവരേണ്ട ഇടങ്ങളാവണം വിദ്യാലയങ്ങൾ. മാത്രമല്ല പൊതുസമൂഹത്തിലേക്ക് പുരോഗമന ആശയങ്ങളേയും പ്രയോഗങ്ങളേയും പ്രസരിപ്പിക്കുന്നതിനു കൂടി വിദ്യാഭ്യാസ മേഖലയ്ക്ക് കഴിയേണ്ടതാണ്. അപ്പോൾ മാത്രമാണ് വിദ്യാഭ്യാസത്തിന്റെ സാമൂഹ്യ ഉത്തരവാദിത്വം നിർവഹിക്കപ്പെടുന്നത്. പല സ്വകാര്യ വിദ്യാലയാന്തരീക്ഷങ്ങളും അടഞ്ഞ ഇടങ്ങളായി നിലനിൽക്കുകയും മത സാമുദായിക യാഥാസ്ഥിതികത പിൻപറ്റുകയും ചെയ്യുന്നുണ്ടെന്നത് വിസ്മരിക്കാനാവില്ല.അത് മാറേണ്ടതുണ്ട്. അച്ചടക്കത്തിന്റെ വാളോങ്ങി അടിച്ചമർത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾ വെല്ലുവിളി തന്നെയാണ്

### 3. കരിക്കുലം പരിഷ്കരണം

വായനയുടെയും നിരീക്ഷണങ്ങളുടെയും പരീക്ഷണങ്ങളുടെയും വിശകലനങ്ങളുടെയും അറിവന്വേഷണങ്ങളുടെയും നിഗമനങ്ങളുടെയും അറിവുത്പാദനത്തിന്റെയുമൊക്കെ ഇടങ്ങളായി വികസിക്കേണ്ട ക്ലാസുമുറികളുടെ അന്തരീക്ഷം മുൻവിധികളുടെയും ശീലങ്ങളുടെയും യാഥാസ്ഥിതിക ധാരണകളുടെയും മാറ്റമില്ലാത്ത ഇടങ്ങളായി നിൽക്കുന്നു എന്നത് പരിഹരിക്കപ്പെടേണ്ടതാണ്. അതിനാൽ തന്നെ ലിംഗനീതിയുടെയും തുല്യതയുടെയും അന്തരീക്ഷം വിദ്യാലയത്തിനുള്ളിൽ നിന്ന് രൂപപ്പെടുത്തിയെടുക്കുന്നതിനായി കരിക്കുലം എങ്ങനെ പരിഷ്ക്കരിക്കാം എന്ന് ഗൗരവത്തിൽ ആലോചിക്കേണ്ടതുണ്ട്.

### 4. ജെന്റർ മുൻവിധികൾ

അറിവിന്റെ ഉല്പാദന വിതരണ കേന്ദ്രമായി വിഭാവനം ചെയ്യപ്പെടുന്ന വിദ്യാലയങ്ങൾ യാഥാസ്ഥിതിക സമൂഹത്തിന്റെ ജെന്റർ മുൻവിധികളിൽ നിന്ന് ഏറെയൊന്നും മുന്നേറിയിട്ടില്ല. ശരീരഭാഷ, വസ്ത്രധാരണം, ജെന്റർ റോളുകൾ എന്നിവയിലെല്ലാം ഈ മുൻവിധികൾ പ്രവർത്തിക്കുന്നുണ്ട്. ഇത് ആണിനെയും പെണ്ണിനെയും എന്ന പോലെ വിദ്യാലയങ്ങളിലെ ലിംഗ / ലൈംഗിക ന്യൂനപക്ഷങ്ങളേയും പ്രതിസന്ധിയിലാക്കുന്നുണ്ട്. അധ്യാപകരും സിലബസുമെല്ലാം ലിംഗപദവീപരമായ ഇത്തരം മുൻവിധികളെ നിലനിർത്തുന്നതിൽ പങ്ക് വഹിക്കുന്നുണ്ട്. യാഥാസ്ഥിതിക സാമൂഹ്യ സാഹചര്യങ്ങളിൽ വളരുന്ന കുട്ടികൾ ലിംഗപദവി സംബന്ധമായി നില നിൽക്കുന്ന മുൻവിധിയോടു കൂടിയ ആശയങ്ങളും പ്രയോഗങ്ങളും സ്കൂളുകളിൽ നിന്നും ശീലമാക്കിയാൽ അവരെ പിന്നീട് മാറ്റിയെടുക്കുക എളുപ്പമല്ല. അതുകൊണ്ടു തന്നെ ലിംഗനീതി സംബന്ധമായ അറിവ് സ്കൂളുകളിൽ നിന്ന് തന്നെ കിട്ടേണ്ടതുണ്ട്.

### 5. വിദ്യാലയാന്തരീക്ഷവും മാറണം

വിദ്യാലയത്തിനകത്തും പുറത്തും തുല്യ പദവിയുള്ള വ്യക്തികളായി ഇടപെടാൻ കുട്ടികളെ പര്യാപ്

തരാക്കണം. ഇതിനായുള്ള മാനസികവും ശാരീരികവും ബൗദ്ധികവുമായ വികാസം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉണ്ടാകുന്ന വിധമാകണം വിദ്യാലയാന്തരീക്ഷവും പാഠ്യപദ്ധതിയും. പെൺകുട്ടികളെ ബോധവൽക്കരിക്കുകയും ശാക്തീകരിക്കുകയും ചെയ്തതു കൊണ്ടു മാത്രം നടപ്പിക്കാൻ സാധിക്കുന്ന ഒന്നല്ല ഇത്. സമൂഹത്തിൽ അധികാര പദവിയുടെ സൗകര്യങ്ങളനുഭവിക്കുന്ന ഏത് വിഭാഗത്തിനും അത് അതേപടി നിലനിർത്താൻ ആഗ്രഹിക്കുക സ്വാഭാവികമാണ്. അതേ സമയം ഏത് വ്യവസ്ഥയിലും അതിന്റെ ദോഷങ്ങളും നഷ്ടങ്ങളും അനുഭവിക്കേണ്ടി വരുന്നവർ മാറ്റത്തിനായി നിലകൊള്ളുകയും ചെയ്യും. പിതൃമേധാവിത്വത്തിന്റെ സംരക്ഷകരായിരിക്കുന്ന സ്ത്രീകൾ പോലും തങ്ങളുടെ സുരക്ഷിതത്വത്തേയും സാമൂഹ്യപദവിയേയും മുൻനിർത്തിയുള്ള ഭയങ്ങളാൽ കൂടിയാണ് തൽസ്ഥിതി തുടരാനാഗ്രഹിക്കുന്നത്. തങ്ങളുടെ സ്വതന്ത്രവും തുല്യ നിലയിലുള്ളതുമായ ഇടപെടലുകൾ സ്വാഭാവികമായി അംഗീകരിക്കപ്പെടുന്ന അവസ്ഥയിൽ മാറ്റത്തിന് അവർ മടിക്കുകയുമില്ല. പിതൃമേധാവിത്വം സൃഷ്ടിച്ചെടുക്കുന്ന ആൺ പെൺ മാതൃകകളേക്കുറിച്ചും അധികാരം സ്വത്വ രൂപീകരണത്തിൽ എങ്ങനെ ഇടപെടുന്നു എന്നതിനെക്കുറിച്ചും ആൺകുട്ടികളും പെൺകുട്ടികളും മനസ്സിലാക്കേണ്ടതുണ്ട്. സ്കൂളുകളിൽ നൽകുന്ന ലളിത പാഠങ്ങളുടെയും പ്രയോഗങ്ങളുടെയും തുടർച്ചയിൽ കൂടുതൽ ഗഹനമായ പാഠങ്ങളിലേക്കും ലിംഗ പദവീപരമായ തുല്യത ലക്ഷ്യമാക്കുന്ന പ്രയോഗങ്ങളിലേക്കും പിന്നീടവർ എത്തേണ്ടതുണ്ട്.അത്തരത്തിൽ വിദ്യാലയാന്തരീക്ഷങ്ങളെ രൂപപ്പെടുത്തണം

### 6. ലൈംഗിക വിദ്യാഭ്യാസം

ലൈംഗികതയെ സംബന്ധിച്ച ലിഖിതവും അലിഖിതവുമായ പല ഭാവനകൾ ചേർന്ന് രൂപപ്പെടുന്നതാണ് കുട്ടികളുടെ ലൈംഗികതാ സംബന്ധമായ അറിവുകൾ. ആൺ കുട്ടികൾ ചെറിയ പ്രായത്തിൽ തന്നെ വീടിനു പുറത്തുള്ള ലോകവുമായി ഇടപെടുകയും ലൈംഗികതയേയും ആണത്തത്തെയും കുറിച്ചുള്ള പറച്ചിലുകളും വിശ്വാസങ്ങളും സ്വാംശീകരിക്കുകയും ചെയ്യുന്നു. അന്ധവിശ്വാസങ്ങളും അധികാരങ്ങളും കൂടിച്ചേർന്നു കിടക്കുന്ന ഈ ലൈംഗിക അറിവുകളിൽ ശാസ്ത്രീയതയുടെയും യാഥാർത്ഥ്യത്തിന്റെയും വെളിച്ചം കടത്തിവിട്ട് ഇതിനെ തിരുത്തേണ്ടതുണ്ട്. പുരുഷന്റെ ആസ്വാദന വസ്തുവായി സ്ത്രീ ശരീരത്തെയും സ്ത്രീ ശരീരത്തിൽ നിലനിൽക്കുന്ന ഒന്നായി ലൈംഗികതയേയും അവതരിപ്പിക്കുന്ന പാഠങ്ങൾ വിമർശനാത്മകമായി പഠിപ്പിക്കുന്നതോടൊപ്പം പരസ്പര താല്പര്യത്തോടെയും സമ്മതത്തോടെയുമുള്ള കൂടിച്ചേരലിന്റെ സൗന്ദര്യത്തെ മനസ്സിലാക്കുന്നതിന് സഹായകരമായ പാഠങ്ങൾ കൂട്ടിച്ചേർക്കുകയും വേണം. ലൈംഗിക വിദ്യാഭ്യാസം എന്ന് കേൾക്കുമ്പോഴെ സദാചാര വാളുമായി ചാടിയിറങ്ങുന്നവരും പരിഹസിക്കുന്നവരുമായ ഒരു വിഭാഗത്തെ സംബന്ധിച്ച് ലൈംഗിക വിദ്യാഭ്യാസമെന്നത് ലൈംഗിക ബന്ധത്തിലേർപ്പെടുന്നതെങ്ങനെ എന്ന് പഠിപ്പിച്ചു കൊടുക്കൽ മാത്രമാണ്. ശാസ്ത്രീയമായ ലൈംഗിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക എന്നത് മാത്രമാണതിനു പരിഹാരം.

### 7. ലിംഗാവബോധമുള്ള അധ്യാപക സൃഷ്ടി

മേൽപറഞ്ഞതൊക്കെയും സാധ്യമാക്കുന്നതിന് ലിംഗാവബോധവും ശാസ്ത്രാവബോധവുമുള്ള അധ്യാപകരിലൂടെ മാത്രമേ കഴിയൂ. പൊതു ഇടങ്ങൾ പുരുഷന്റെതും ഗാർഹിക ഇടങ്ങൾ സ്ത്രീയുടേതുമായിരിക്കുന്നത് ഉചിതമായി കരുതുന്ന പൊതുബോധം സന്നിവേശിക്കപ്പെട്ട അധ്യാപകരാണ് ബഹു ഭൂരിപക്ഷം. അച്ചടക്കമുള്ള ക്ലാസ്സുകളിൽ അടങ്ങിയിരുന്ന് പഠിക്കുന്ന പെൺകുട്ടികളാണ് അവിടെ മാതൃകാ വിദ്യാർത്ഥിനികൾ.ആൺകുട്ടികളുടെ അച്ചടക്കമില്ലായ്മകൾ വിദ്യാലയങ്ങളിൽ കുറെയൊക്കെ അനുവദനീയമാണ്. ബ്രാഹ്മണാധിപത്യ സാമൂഹ്യ സംവിധാനത്തിൽ പല ജാതികൾക്ക് പല ശിക്ഷകളുണ്ടായിരുന്നതിന് സമാനമായി ലിംഗാധികാര സംബന്ധമായ ഇത്തരം ന്യായവിധികളെ മുറുകെ പിടിക്കുന്നവരുണ്ട്. ശിക്ഷിക്കുകയോ ശാസിക്കുകയോ ചെയ്യാതിരിക്കുമ്പോഴും പെൺകുട്ടികളിൽ നിന്ന് അനുസരണം മാത്രം പ്രതീക്ഷിക്കുന്ന ദൃശ്യമല്ലാത്ത അധികാരപ്രയോഗങ്ങൾ പെൺകുട്ടികളെ നിശ്ശബ്ദരാക്കുന്നുണ്ട്. കുട്ടികളെക്കാൾ പുരുഷാധിപത്യ ഫ്യൂഡൽ മൂല്യങ്ങൾ പിന്തുടരുന്ന അധ്യാപക സമൂഹത്തെയും സമൂല പരിവർത്തനത്തിനു വിധേയമാക്കേണ്ടതുണ്ട്. അധ്യാപരുടെ തുടർ പഠനവും അധ്യാപക പരിശീലനവും നിലനിൽക്കുന്ന വാർപ്പ് മാതൃകകളെ അതിജീവിക്കാൻ പ്രാപ്തരാക്കുന്നവയാവണം

# ജന്ററും
# വിദ്യാഭ്യാസവും

50

## വിദ്യാഭ്യാസത്തിലെ ലിംഗഭേദം

കെ.ബദറുന്നീസ, സെക്രട്ടറി, കെ.എസ്.ടി.എ

**ജെന്റർ** എന്നത് വ്യത്യസ്ത ലിംഗവിഭാഗങ്ങൾ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതും ലിംഗ പദവിയുമായി ബന്ധപ്പെട്ടതും സാമൂഹ്യ മായി രൂപപ്പെടുന്നതും നിർണയിക്കപ്പെടുന്നതുമായ ഒന്നാണ്. പലപ്പോഴും ലിംഗസമത്വവും ലിംഗനീതിയും തെറ്റായി വ്യാഖ്യാനിക്കാറുണ്ട്. സമത്വമെന്നത് ശാരീരികമായ പ്രത്യേകതകളുമായി ബന്ധിപ്പിച്ചു മാത്രം കാണുന്ന കാഴ്ചപ്പാടുള്ളവർ ലിംഗസമത്വമെന്നത് തികച്ചും സാങ്കൽപികവും അസാധ്യവുമാണെന്ന് കരുതുന്നു. ലിംഗനീതി എന്ന പദത്തിന് സാമൂഹ്യമായ അർത്ഥം കണ്ടെത്താൻ വേഗത്തിൽ കഴിയുന്നു. യഥാർത്ഥത്തിൽ സമത്വത്തിലേക്കുള്ള ചുവടുവെയ്പിലെ അനിവാര്യമായ ഘട്ടമോ ഘടകമോ ആണ് ലിംഗനീതി. ആൺ പെൺ ട്രാൻസ് ജെന്ററടക്കമുള്ള എല്ലാ ലിംഗവിഭാഗങ്ങൾക്കും സമൂഹത്തിൽ തുല്യ അവകാശങ്ങളും അവസരങ്ങളും ലഭ്യമാവുക എന്നതാണ് ലിംഗസമത്വം.

നമ്മുടെ ഭരണഘടനയും മറ്റു നിയമങ്ങളും ലിംഗസമത്വമെന്നത് സാമൂഹ്യപരവും ജനാധിപത്യപരവു വിവേചനരഹിതവുമായ രാഷ്ട്ര സങ്കൽപവുമായി ബന്ധപ്പെട്ടാണ് പരിഗണിക്കുന്നത്. ലിംഗ നിഷ്പക്ഷത gender neutrality എന്ന ആശയം തെറ്റിദ്ധരിക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നു. നയങ്ങൾ, ഭാഷ, മറ്റു സാമൂഹിക ഘടകങ്ങൾ, സമൂഹം കൽപ്പിച്ചു നൽകിയ ലിംഗപരമായ റോളുകൾ അനുസരിച്ച് റോളുകൾ വേർതിരിക്കുന്നത് ഒഴിവാക്കണമെന്നതാണ് gender neutrality. മതം, വിശ്വാസം, സദാചാരം എന്നീ സങ്കുചിതമായ സാമൂഹ്യ ഘടകങ്ങളാൽ gender neutrality നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ചോദ്യം ചെയ്യപ്പെടുകയും വ്യക്തിസ്വാതന്ത്ര്യമെന്ന മൗലിക അവകാശം ഹനിക്കപ്പെടുകയും ചെയ്യുന്ന ദുരനുഭങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ഉയർന്നു വരുന്ന പശ്ചാത്തലത്തിൽ, പുരോഗമന സമൂഹം എന്നത് നാടിന്റെ ഭൗതിക വികസനവും നാട്ടുകാരുടെ അടിസ്ഥാന അവകാശങ്ങൾ നിറവേറ്റപ്പെടുന്നതുമായി ചുരുങ്ങുകയോ ചുരുക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന സാമൂഹ്യപശ്ചാത്തലത്തിൽ gender issues വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടുക എന്നതും കേരളീയ സമൂഹത്തെ പരിവർത്തനത്തിന് വിധേയമാക്കുക എന്നതും അനിവാര്യമായിരിക്കുന്നു. കേരളത്തിൽ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കികൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ gender education മേഖലയിൽ സൈദ്ധാന്തികവും പ്രായോഗികവുമായ ഇടപെടലുകൾ നടത്താനും മാറ്റങ്ങൾ കൊണ്ടുവരാനും നമുക്കാവണം.

### വിദ്യാഭ്യാസവും ലിംഗഭേദവും

വിവിധ ലിംഗവിഭാഗങ്ങളുടെ വിദ്യാഭ്യാസ മേഖലയിലെ പ്രാപ്യത, അക്കാദമിക നേട്ടം, അവസരങ്ങളുടേയും ലഭ്യത എന്നിവയുടെ പഠനമാണ് വിദ്യാഭ്യാസത്തിലെ ലിംഗ പദവി പഠനം. മുമ്പ് കാലത്ത് ശാരീരികമായ വ്യത്യസ്തതകളെ കുറിച്ചാണ് ലിംഗപദവി പഠനത്തിൽ ഊന്നിയിരുന്നത്. എന്നാൽ പുതിയ പഠനങ്ങൾ തെളിയിക്കുന്നത് ശാരീരികമായ പ്രത്യേകതകൾക്കും വ്യത്യസ്തതകൾക്കും ചെറിയ പങ്ക് മാത്രമേ വിദ്യാഭ്യാസത്തിലുള്ളൂവെന്നാണ്. രക്ഷിതാക്കളുടെ ജീവിതവീക്ഷണത്തിലെ വ്യത്യസ്തതകളും മറ്റു സാമൂഹിക ഘടകങ്ങളും വിദ്യാഭ്യാസത്തിലെ ലിംഗപരമായ അസമത്വത്തിനും വേർതിരിവിനും അവസരനിഷേധത്തിനു കാരണമാകുന്നു.

### ഇന്ത്യൻവിദ്യാഭ്യാസം- ലിംഗനീതിപ്രശ്നങ്ങൾ

ദാരിദ്ര്യം, പരമ്പരാഗത മൂല്യങ്ങളും ആചാരങ്ങളും വിശ്വാസങ്ങളും വിദ്യാഭ്യാസ അവസരങ്ങൾക്ക് പരിധി നിശ്ചയിക്കുന്നു. വിദ്യാഭ്യാസ മേഖലയിലെ ലിംഗപരമായ അതിക്രമങ്ങൾ, ശൈശവ വിവാഹം, വീടും വിദ്യാലയവും തമ്മിലുള്ള ദൂരവും മറ്റു സുരക്ഷിതത്വ പ്രശ്നങ്ങളും, സ്ത്രീ സൗഹൃദമായ ടോയ്‌ലറ്റുകളുടെ അഭാവം, മറ്റുള്ളവ

### കേരളം

UDISE 2022 റിപോർട് പ്രകാരം പ്രൈമറി തലത്തിൽ 100 ശതമാനം പ്രവേശനം സാധ്യമായ, കുട്ടികളുടെകൊഴിഞ്ഞുപോക്കില്ലാത്ത കേരളത്തിൽ ദാരിദ്ര്യം വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യത്തിന്റെ അപര്യാപ്തതയും വിദ്യാഭ്യാസ നിഷേധത്തിനും വിവേചനത്തിനും കാരണമാവുന്നില്ല.

ഭൗതികസൗകര്യങ്ങളുടെ കാര്യത്തിൽ കേരളത്തിലെ വിദ്യാലയങ്ങളിൽ അത്ഭുതകരമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിൽ പൂർണത കൈവരിക്കാനായിട്ടില്ല.

നമ്മുടെ സ്കൂളുകളിലെ കളിസ്ഥലം, ലൈബ്രറി,ലാബുകൾ തുടങ്ങിയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ആൺ പെൺകുട്ടികൾക്ക് ലഭ്യമാവുന്ന സമയവും പ്രാമുഖ്യവും വ്യത്യസ്തമാണ്.

കളിസ്ഥലങ്ങളിൽ നിറഞ്ഞാടുന്നത് ഭൂരിഭാഗവും ആൺകുട്ടികളാണ് എന്നതാണ് യാതാർത്ഥ്യം.

സ്പോർട്സ്, ഗെയിംസ്, കായിക ക്ഷമതാ പരിശീലനങ്ങൾ എന്നിവയിലെല്ലാം ആൺകുട്ടികൾക്കാണ് മുൻഗണന ലഭിക്കുന്നത്. എന്നാൽ കലാരംഗത്ത് ഒരു പരിധി വരെ genderneutrality കൈവരിക്കാൻ നമുക്കായിട്ടുണ്ട്.

2022 ലെ ദേശീയ കുടുംബാരോഗ്യ സർവ്വേ പ്രകാരം സാക്ഷരതയുടെ കാര്യത്തിൽ ഏറ്റവും കുറഞ്ഞ ആൺ പെൺ വിടവുള്ള സംസ്ഥാനമാണ് കേരളം.ഇന്ത്യയിൽ സാക്ഷരതയിലെ ജന്റർ ഗ്യാപ് 12.9 ശതമാനമാണെങ്കിൽ കേരള ത്തിൽ ഇത് 2.2 ശതമാനം മാത്രമാണ്. ധസായ രതി – പു96.2 % – സ്ത്രീ– 95.2% പ കേരളത്തിൽവിദ്യാലയ പ്രവേശനത്തിൽ ലിംഗ പരമായ വിടവ് ഇല്ലായെന്നു തന്നെ പറയാം.എന്നാൽസ്കൂൾ പ്രവർത്തന പങ്കാളിത്തം, വിദ്യാഭ്യാസത്തിന്റെ തുടർച്ച, തൊഴിൽ എന്നിവയിലെല്ലാം ഏറിയും കുറഞ്ഞും ലിംഗപരമായ അസമത്വം നിലനിൽക്കുന്നു പാർശ്വവൽകൃത സമൂഹങ്ങളിൽ ഇതിന്റെ തോത് കൂടുതലാണ്.

പാഠ്യപദ്ധതി, പാഠപുസ്തകം, വിദ്യാലയ അന്തരീക്ഷം, ബോധന രീതികൾ, സ്കൂൾ ഘടന എന്നിവയെല്ലാം ലിംഗഭേദം കാണാം.പാഠപുസ്തക രചന സമിതി, രചയിതാക്കൾ, പുസ്തകത്തിലെ ചിത്രങ്ങൾ, ഭാഷാപ്രയോഗങ്ങൾ, ഉദാഹരണങ്ങൾ, പഠന പ്രവർത്തനങ്ങൾ എന്നിവയെല്ലാം നിലവിലുള്ള ലിംഗഭേദം നിലനിർത്തി പോരാൻ പാകത്തിലുള്ളതാണ്.

തികച്ചും അശാസ്ത്രീയമായപെൺപള്ളിക്കൂടങ്ങൾ ഇന്നും കേരളത്തിൽ നിലവിലുണ്ട്.

സഹകരണ മനോഭാവവും സഹവർത്തിത്വവും നിഷേധിക്കപ്പെടുന്ന രൂപത്തിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കൂടി ചേരലുകളെയും കൂട്ടായ പഠന പ്രവർത്തനങ്ങളെയും അംഗീകരിക്കാത്ത മനോഭാവവും പശ്ചാത്തലവും ഭൂരിഭാഗം വിദ്യാലയത്തിലും കാണാം. ഈ പശ്ചാത്തലം നിലനിർത്തുന്നതിൽ ചിലഅധ്യാപകർ വളരെ തൽപരരാണ്.

കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങളിൽ വിരളമെങ്കിലും അധ്യാപകർ പ്രതികളാകുന്ന അപമാനകരമായ സംഭവങ്ങളും വിദ്യാലയങ്ങളിൽ നിന്ന് റിപോർട് ചെയ്യപ്പെടാറുണ്ട്.

വിദ്യാലയവും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മേൽഘടകങ്ങളെല്ലാം ജെന്റർ ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതുണ്ട്.

ശാസ്ത്ര പഠനവും മറ്റെല്ലാ വിഷയങ്ങളിലും ശാസ്ത്രീയമായ പഠനരീതി സ്വീകരിക്കുക എന്നത് അറിവിനെ അവബോധമാക്കി മാറ്റിയെടുക്കാൻ അത്യാവശ്യ ഘടകമാണ്.

ലിംഗ ഭേദമന്യേ പുതിയ തലമുറയിലെ കുട്ടികൾ സമത്വം കാംക്ഷിക്കുന്നവരും വ്യക്തിസ്വാതന്ത്ര്യം അവകാശമായി കണക്കാക്കുന്നവരുമാണ്. ഈ കാരണങ്ങൾ കൊണ്ടു കൂടിയാവാം നമ്മുടെ നാട്ടിൽ വിദ്യാഭ്യാസ അവസരങ്ങൾ ഉണ്ടായിട്ടും കുട്ടികൾ ഹയർ സെക്കന്ററിക്കു മുകളിലുള്ള വിദ്യാഭ്യാസത്തിനായി യൂറോപ്യൻ രാജ്യങ്ങളിലും മറ്റു വിദേശ രാജ്യങ്ങളിലേക്കും പോകാനുള്ളപ്രവണത പ്രകടിപ്പിക്കുന്നത്.ഈ വിഷയത്തിലെ gender element പരിശോധിക്കപ്പെടണം.കുട്ടികളുടെപ്രതീക്ഷക്കൊത്ത തൊഴിൽ സാഹചര്യങ്ങൾ നമ്മുടെ നാട്ടിൽ സൃഷ്ടിക്കപ്പെടുകയും അതിനനുസരിച്ച് സെക്കന്ററി തലം മുതൽതൊഴിൽ വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.തൊഴിൽ വിദ്യാഭ്യാസത്തിലൂടെ വിദ്യാഭ്യാസത്തിലെ gender gap കുറയ്ക്കാനും കൂട്ടായ്മ വളർത്താനും കഴിയും.

ഹയർ സെക്കന്ററി തലത്തിൽ ജനിതക കാരണങ്ങളാലുണ്ടാകുന്ന മറ്റു ലിംഗവിഭാഗങ്ങളുടെ (ട്രാൻസ് ജെന്റേഴ്സ്) സവിശേഷതകൾ കൂറേ കൂടി പ്രകടമാവുകയും ഇതിന്റെ ഭാഗമായി ചില കുട്ടികളിലെങ്കിലും സ്വത്വ പ്രതിസന്ധിയും മാനസിക സംഘർഷങ്ങളും അനുഭവിക്കേണ്ടി വരുന്ന അവസ്ഥയുണ്ടാകും. സാമൂഹ്യമായ കാരണത്താൽ കുടുംബവും സമൂഹവും അവർക്ക് പിന്തുണ നൽകുന്നതിനു പകരം ഈ പ്രശ്നത്തെ ഒളിച്ചുവെക്കാനും അടിച്ചമർത്താനും പ്രേരിപ്പിക്കുന്നതും സ്വാഭാവികമെന്ന പോലെ സംഭവിക്കുന്നു.

ഇത്തരം കുട്ടികൾക്കുണ്ടാകുന്ന സ്വത്വ പ്രതിസന്ധിയും പ്രശ്നങ്ങളും തിരിച്ചറിയാനും അവരെ ഉൾകൊള്ളാനും കഴിയുംവിധം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായവും വിദ്യാലയ അന്തരീക്ഷവും വിശാലമാകേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിലെ ലിംഗഭേദത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പ്രധാനമായ ഒന്നാണ് ലൈംഗിക വിദ്യാഭ്യാസം.കുട്ടികൾക്ക് അവരുടെ പ്രായത്തിനും വളർച്ചക്കുമനുസരിച്ച ജൈവശാസ്ത്രപരമായ വിജ്ഞാനവും ലൈംഗിക വിദ്യാഭ്യാസവും വിദ്യാലയങ്ങളിൽ ഉറപ്പു വരുത്തേണ്ടതുണ്ട്.

രക്ഷാകർത്തൃവിദ്യാഭ്യാസത്തിൽ ജന്റർ പ്രശ്നങ്ങളും അവയുടെ പരിഹാരങ്ങളും ഉൾപ്പെടുത്താനും നീതിയിലധിഷ്ഠിതമായ സമൂഹ രൂപീകരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും കഴിയണം.

ചുരുക്കത്തിൽലിംഗനീതി ലിംഗസമത്വാവ ബോധം എന്നിവ വളർത്തിയെടുക്കാൻ നിലവിലുള്ള രീതിയിൽ പൊളിച്ചെഴുത്ത് അനിവാര്യമാണ്.

51

# ലിംഗനീതിയും വിദ്യാഭ്യാസവും

അജില കെ, സംസ്ഥാന സമിതി അംഗം, കെ.എസ്.ടി.എ.

**ലി**ംഗവിവേചനം പുരുഷാധിപത്യ സമൂഹത്തിന്റെ സ്വാഭാവികതയാണ്. അതൊരു അനീതിയോ ചൂഷണമോ എന്തിന് ഒരു വിവേചനം പോലുമാണെന്ന് നാം പലപ്പോഴും തിരിച്ചറിയുന്നില്ല. ലിംഗവിവേചനത്തിനെതിരായി ചിന്തിക്കുന്നവർ പോലും പൂർണമായും അതിന്റെ പിടിയിൽ നിന്നും മോചിതരുമല്ല. അത്രമാത്രം സ്വാഭാവികതയോടെ നാമെല്ലാം അതിനെ സ്വാംശീകരിച്ചിട്ടുണ്ട്. നമ്മളെ നമ്മളാക്കുന്ന സാംസ്കാരിക ബോധത്തിലേക്ക് നമ്മളെ എത്തിക്കുന്ന, പൊതുബോധത്തിലൂന്നിയ എല്ലാ സാമൂഹ്യവൽക്കരണ പ്രവർത്തനങ്ങളും പുരുഷാധിപത്യമൂല്യബൊധത്തിലൂന്നിയതാണ്. ഗർഭപാത്രത്തിൽ വച്ചു തന്നെ കുഞ്ഞിനെ ആണാക്കാനും പെണ്ണാക്കാനുമുള്ള പ്രവർത്തനങ്ങൾ നമ്മൾ തുടങ്ങുന്നു....ലിംഗവൈവിദ്ധ്യത്തിന്റെ സാധ്യതകൾ പോലും കടന്നു വരുന്നില്ല. ജനനം മുതൽ കൃത്യമായ ആൺ/പെൺ മാതൃകകളിലേക്ക് അവർ വളർത്തിയെടുക്കപ്പെടുന്നു. ആ കളത്തിനകത്ത് നിൽക്കാതെ കുതറുന്നവർ നിഷ്കാസിതരാക്കപ്പെടുന്നു.

സിമോൺ ദ ബുവേ പറഞ്ഞതുപോലെ ' പെണ്ണ് ജനിക്കുകയല്ല, നിർമ്മിക്കപ്പെടുകയാണ് ' നമ്മുടെ സോഷ്യലൈസേഷൻ പ്രോസസ്സുകളുടെ സൂക്ഷ്മ പരിശോധന ഇത് കൃത്യമായി തെളിയിക്കുന്നു.ആ ദ്യഘട്ടം ഗർഭപാത്രം മുതൽ തുടങ്ങുകയും കുടുംബത്തിലൂടെയും ചുറ്റുപാടുകളിലൂടെയും വികസിക്കുകയും ചെയ്യുന്നു. പുരുഷാധിപത്യ സമൂഹത്തിന്റെ എല്ലാ നിയമങ്ങളും അനുസരിച്ചുള്ള ഈ പരുവപ്പെടുത്തൽ കൃത്യമായ ആൺ/പെൺ നിർമ്മിതിയാണ് നടത്തുന്നത്. ഇതിൽ നിന്നും എന്തെങ്കിലും മാറ്റം കൊണ്ടുവരേണ്ടത് വിദ്യാഭ്യാസമാണ്. അതിൽ നമ്മുടെ വിദ്യാഭ്യാസം എത്രമാത്രം ശാസ്ത്രീയമായ ഇടപെടൽ നടത്തുന്നുണ്ട് എന്ന പരിശോധന ഇനിയുള്ള മുന്നോട്ടുപോക്കിനു അനിവാര്യമാണു.

വിദ്യാഭ്യാസ സംവിധാനത്തിന്റെ മാനേജ്മെന്റ് സിസ്റ്റം, സ്കൂളുകൾ, അവയുടെ മാനേജ്മെന്റ്, അതുമായി ബന്ധപ്പെട്ട വിവിധ ഏജൻസികൾ, പശ്ചാത്തല സൗകര്യങ്ങൾ, അധ്യാപകർ, ടെക്സ്റ്റ് ബുക്കുകൾ, ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ തുടങ്ങി വിദ്യാലയത്തിൽ കുട്ടി നേരിട്ട് ഇടപെടുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ നിന്നും സ്വാംശീകരിക്കുന്ന സാംസ്കാരിക അവബോധം എത്തരത്തിലുള്ളതാണ് എന്ന പരിശോധന വളരെ പ്രധാനമാണ് പഠിപ്പിക്കുന്ന തത്വങ്ങളെക്കാൾ കുട്ടിയെ സ്വാധീനിക്കുന്നത് അവൾ/ൻ സ്വാംശീകരിക്കുന്ന അനുഭവാധിഷ്ഠിത അറിവുകളാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ തന്റെ ചുറ്റുപാടുമായുള്ള ഇടപെടലുകളിലൂടെ കുട്ടി നിർമ്മിക്കുന്ന അറിവുകൾ. അത് ലിംഗസമത്വ ബോധത്തിലും ജനാധിപത്യബോധത്തിലും ഊന്നിയതാവണമെങ്കിൽ അവളുടെ/അവന്റെ മുൻപിൽ അവൾ/ൻ കാണുന്ന മാതൃകകൾ അത്തരത്തിലുള്ളതാവണം വിദ്യാലയം കുട്ടിക്ക് നൽകുന്ന മാതൃകകൾ.

പ്രധാന പഠനോപകരണം എന്ന നിലയിൽ ടെക്സ്റ്റ് ബുക്കിൽ നടത്തിയ പരിശോധന:

1) പൊതുവായ അഭിസംബോധന നടത്തുമ്പോഴെല്ലാം പുരുഷനെയാണ് അഭിസംബോധന ചെയ്യുന്നത്
2) മനുഷ്യാവംശം എന്നതിന് പകരമായി അവൻ എന്ന പദം സ്വാഭാവികതയോടെ ഉപയോഗിക്കുന്നു. സ്ത്രീ എന്നത് ഭാര്യ എന്നതിന് തുല്യമായി ഉപയോഗിക്കുന്നു
3) എല്ലാ കഥകളും ഉള്ളടക്കവും സ്ത്രീപുരുഷ ദ്വന്ദ്വങ്ങളിൽ ഒതുങ്ങുന്നു. ജെൻഡർ സ്പെക്ട്രം എന്ന ആശയം ബയോളജിയിൽ പ്രത്യൂല്പാദനവ്യവസ്ഥ ചർച്ച ചെയ്യുന്ന ഭാഗത്ത് പോലും വരുന്നില്ല.
4) ലിംഗവൈവിധ്യവും ഉൾപ്പിരിവുകളും ചർച്ച ചെയ്യാനുള്ള ശ്രമം എവിടെയും ഇല്ല.
5) ചെറിയ ക്ലാസ്സുകളിൽത്തന്നെ ലിംഗപരമായ അധികാര വിഭജനം കൃത്യമായി ഉറപ്പിക്കുന്നു
6) പൊതുബോധം മുന്നോട്ട് വയ്ക്കുന്ന ചുമതലകളും റോളുകളും തന്നെയാണ് പുരുഷനും സ്ത്രീക്കും അനുവദിച്ച് നൽകിയിട്ടുള്ളത്
7) ചിത്രീകരണങ്ങളിൽ സ്ത്രീ ഇടവും പുരുഷ ഇടവും വളരെ വ്യക്ത്മാവുന്നു പൊതുയിടങ്ങളിൽ പുരുഷനും ഗൃഹ പരിസരങ്ങളിൽ സ്ത്രീയും
8) തൊഴിൽ വിഭജനം...ശാരീരികാധ്വാനം വേണ്ട തൊഴിലുകൾ, യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കൽ, ഉയർന്ന വിദ്യാഭ്യാസ യോഗ്യതകൾ വേണ്ട തൊഴിലുകൾ തുടങ്ങിയവയെല്ലാം പുരുഷന്.

വീട്ട്ജോലികൾ ചെടികളുടെ പരിപാലനം പോലുള്ളവ സ്ത്രീകൾക്ക്.

9) പ്രഥമശുശ്രൂഷ പോലെയുള്ള സ്കിൽഡ് പ്രവർത്തനങ്ങൾ ചെയ്യാൻ പുരുഷന്മാർ മാത്രം.
10) ഡോക്ടർ, എന്ജിനീയർ തുടങ്ങിയ ഹൈ പ്രൊഫൈൽ ജോലികളിലും പുരുഷനെ മാത്രമേ കാണുന്നുള്ളൂ.
11) മാതൃത്വ മഹനീയതയിലും സ്ത്രീത്വ മഹനീയതയിലും ഊന്നിയ സ്ത്രീ ബിംബങ്ങൾ.
12) ശാസ്ത്ര, ചരിത്ര, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിലെ സ്ത്രീ, ദളിത്, ട്രാൻസ് വ്യക്തികൾ തുടങ്ങിയവരുടെ സാന്നിധ്യവും അവരുടെ സംഭാവനകളും ചർച്ച ചെയ്യപ്പെടുന്നില്ല.

13) ടെക്സ്റ്റ് ബുക് രചനയിലെ വിവിധ ചുമതലകളിലെ സ്ത്രീ സാന്നിധ്യം പരിമിതമാണ്. ഘഏആഠക ഝഅ+ വ്യക്തികളുടെ സാന്നിധ്യമേ ഇല്ല. ആർടിസ്റ്റുകൾ പുരുഷന്മാർ മാത്രമാണ്. ഒന്നോ രണ്ടോ വനിതാ എഴുത്തുകാരുടെ രചനകളൊഴിച്ചാൽ മറ്റെല്ലാ രചനകളും പുരുഷ എഴുത്തുകാരുടെതാണ്.

പശ്ചാത്തല സൗകര്യങ്ങളുടെ കാര്യമെടുത്താൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വ്യത്യസ്ത ക്ലാസ്സ്മുറികളും കോറിഡോറുകളും ഉള്ള സ്കൂളുകൾ ഇന്നും നിലനിൽക്കുന്നു. ടൊയ്‌ലറ്റ് സൗകര്യങ്ങളുടെ അപര്യാപ്തത,ജെൻഡർ ഫിക്സിങ് സംശയങ്ങളുള്ള കുട്ടികൾക്ക് ആൺ/പെൺ ടോയ്‌ലറ്റുകൾ ഉണ്ടാക്കുന്ന സുരക്ഷിതത്വമില്ലായ്മ തുടങ്ങിയവ പരിഹരിക്കപ്പെടേണ്ടതുണ്ട്

**സ്കൂൾ മാനേജ്മെന്റ്:**

അച്ചടക്കം, പൊതു സമൂഹവുമായുള്ള ഇടപെടൽ, തീരുമാനങ്ങളെടുക്കൽ തുടങ്ങിയവയെല്ലാം ഭൂരിപക്ഷം സ്കൂളുകളിലും ചില പുരുഷാദ്ധ്യാപകരിൽ കേന്ദ്രീകരിക്കുന്നു. എസ് എം സി, പി ടി എ തുടങ്ങി സ്കൂൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കമ്മറ്റികളെല്ലാം നയിക്കുന്നത് പുരുഷന്മാരാണ്. സ്ത്രീ നയിക്കുന്ന മദർ പി ടി എ ക്കു നൽകുന്ന ചുമതല എപ്പോഴും ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ടതായിരിക്കും. അധ്യാപകർ ഭൂരിപക്ഷവും പൊതുബോധം മുന്നോട്ടു വക്കുന്ന ജൻഡർ ബോധമാണ് പിൻപറ്റുന്നത് അതിനനുസരിച്ചാണു ക്ലാസറൂം പ്രവർത്തനങ്ങളും മറ്റു പ്രവർത്തനങ്ങളും പ്ലാൻ ചെയ്യുന്നത്. അധ്യാപക പരിശീലനം അത്കൊണ്ടു തന്നെ സമഗ്രമായ പരിവർത്തനം ലക്ഷ്യമിട്ടുള്ളതാവണം. എന്നാൽ അധ്യാപക പാഠ്യപധതി ഇപ്പോഴും ജെൻഡർ ബൈനറിയിലാണ് നിൽക്കുന്നത്. ഭാഷ:ക്ലാസ് റൂം പ്രവർത്തനങ്ങളിലും ടെക്സ്റ്റ് ബുക്കുകളിലും പൊതുവായും ഭാഷ പുരുഷ കേന്ദ്രീകൃതമാണ്. ജൻഡർ ഉൾച്ചേർക്കലിനാവശ്യമായ പദാവലികൾ ഇനിയും നിർമ്മിക്കപ്പെടേണ്ടതുണ്ട്. അത്തരത്തിൽ നിഘണ്ടു നിർമ്മിക്കാനുള്ള ശ്രമങ്ങളുണ്ടാവണം. ചൊല്ലുകളെയും പ്രയോഗങ്ങളെയും വിമർശനാത്മകമായി വിലയിരുത്താൻ അവസരം ഉണ്ടാവണം.

**വസ്ത്രം**

അധ്യാപികമാരുടെ വസ്ത്രധാരണം ഇപ്പോഴും ചർച്ചയാവുന്ന അവസ്ഥ ഇവിടെയുണ്ട്. എന്നാലും വലിയ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കുട്ടികളുടെ യൂണിഫോം ഇപ്പോഴും വലിയ മാറ്റമില്ലാതെ തുടരുകയാണ്. ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ വിദ്യാർഥികൾക്ക് അവസരം നൽകണം. ഞങ്ങളുടെ സ്കൂളിൽ കുട്ടികൾക്ക് യൂണിഫോം കളർ കോഡ് നൽകി പാന്റ്സും ഷർട്ടുമാണു സ്കൂൾ നിർദേശിക്കുന്ന യൂണിഫോം, താല്പര്യമുള്ള കുട്ടികൾക്ക് അവരുടെ ഇഷ്ടമനുസരിച്ചു ചുരീദാർ, ഓവർകോട്ട് എന്നിവ ധരിക്കാം എന്ന് നിർദേശം വച്ചു. ഇപ്പോൾ 70 % ത്തിലധികം കുട്ടികൾ പാന്റ്സും ഷർട്ടുമാണ് ധരിക്കുന്നത്. അവരുടെ ഇടയിൽ നടത്തിയ ഒരു അഭിപ്രായ സർവെയിൽ 63% കുട്ടികളും പാന്റ്സും ഷർട്ടും കൂടുതൽ സൗകര്യപ്രദമാണ് എന്ന് അഭിപ്രായപ്പെട്ടു. 65% കുട്ടികൾ ഈ വേഷം കൂടുതൽ സമഭാവനയുണ്ടാക്കുന്നുണ്ട് എന്ന് അഭിപ്രായപ്പെട്ടു. 62% കുട്ടികൾ ഈ വേഷം അവർക്ക് കൂടുതൽ ആത്മവിശ്വാസം നൽകുന്നുണ്ട് എന്ന് അഭിപ്രായപ്പെട്ടു. ലിംഗസമത്വ ബോധവും ജനാധിപത്യബോധവും ഏതെങ്കിലും ഒന്നോ രണ്ടോ പാഠഭാഗങ്ങളിൽ ചർച്ച ചെയ്യുന്നതുകൊണ്ട് മാത്രമായില്ല അത് ജീവിതത്തിൽ എല്ലാ പ്രാവർത്തികമാക്കാനുള്ളതാണെന്ന് കുട്ടി തിരിച്ചറിയുന്ന വിധത്തിൽ എല്ലാ ഇടങ്ങളിലും സമത്വം നിലനിർത്താൻ സംവിധാനത്തിനാവണം

# കുട്ടികളും ആരോഗ്യവും
## (കുട്ടികളും മാനസികാരോഗ്യവും, കുട്ടികളും ശാരീരികാരോഗ്യവും)

52

## Sensitizing school teachers to bring about child developmental and mental health perspective in teaching learning activity

Dr. Jayaprakash.R, Professor of Paediatrics, Child Psychiatrist, Behavioural Paediatrics Unit, SAT Hospital, Government Medical College, Thiruvananthapuram, 9447432017

Learning about the developmental and mental health nature of the child is very essential in creating a developmentally appropriate learning atmosphere and experience in the class room. We have to update the understanding of teaching faculty regarding cognitive neuropsychology and developmental psychology of children and thereby empowering them to take learner centric and developmental as

well as mental health approach in the curriculum transactions.

Child developmental and mental health is a state of achievement of expected developmental, cognitive, social, and emotional milestones. Mentally healthy children and adolescents will have satisfying social relationships and effective coping skills.The due importance is given to the physical health of the children and adolescents in all social groups. But developmental, behavioural and mental health aspects of the children are not getting enough concerns.

In this context a sensitization program should be developed to sensitize school teachers in order to bring about child developmental and mental health perspective in teaching learning activity and school environment. In this regard a questionnaire is developed to do a developmental and mental health analysis of the children by the school teachers. All school teachers should be sensitized and trained to use this questionnaire. Only the trained teachers will be permitted to use this questionnaire.The questionnaire will have six domains namely family, personal, social, educational, emotional and sexual. Each domain will have multiple items which will analyze the child temperament in detail. It will help the teachers to understand the mental health and developmental uniqueness of each student.It will empower the teachers to bring about developmental and mental health perspective in teaching learning activity in the school. It will also help teachers to get an understandingand to do screening the developmental disorders, behavioural disorders and emotional disorders among students.

Questionnaire for developmental and mental health profile analysis of children and adolescents

i. Family sphere(For each item mark yes/no)
ii. Personal sphere (For each item mark yes/no)
iii. Social sphere.(For each item mark yes/no)
iv. Educational sphere.(For each item mark yes/no)
v. Emotional (For each item mark yes/no)
vi. Sexual sphere(For each item mark yes/no)

Note:Each domain will have multiple items. Items are not included here due to space constraints. It will be presented during the session. The interview of each student should be done with their. Confidentiality should be maintained. It is only an analytical questionnaire and not diagnostic. After analyzing with the questionnaire teacher can counsel the child and contact the parent after convincing the student for the family intervention if needed. If the teacher/ primary counselor found it difficult to deal with the problem of the child he/she should refer the child to a mental health professional.

53

## കുട്ടികളുടെ പ്രാരംഭപരിരക്ഷയും സ്കൂൾ യോഗ്യതയും

ഡോ.പി എൻ എൻ പിഷാരോടി, കൺസൾട്ടന്റ്,പീഡിയട്രിക് ന്യൂറോഡെവലപ്മെന്റ്, ആലുവാ,
ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് കേരളാശാഖയുടെ മുൻപ്രസിഡണ്ട്.

**ഏ**താണ്ട് നൂറുശതമാനം കുട്ടികളും സ്കൂളിൽ ചേരുന്നവരും അവിടെ തുടരുന്നവരും ആണെന്നിരിക്കെ അവരുടെ ശാരീരിക മാനസിക ആരോഗ്യത്തിന്റെയും പഠന നൈപുണ്യത്തിന്റെയും മൂല്യനിർണ്ണയവും നിരന്തരവിലയിരുത്തലും ആവശ്യമായ ഇടപെടലുകളും കൃത്യമായ ഒരു പദ്ധതിയുടെ കീഴിൽ കൊണ്ടുവരിക താരതമ്യേന എളുപ്പമാണ്. സ്കൂൾ ആരോഗ്യപരിപാടി പല ഘട്ടങ്ങളിലായി വിവിധരൂപത്തിൽ നിലവിലിരുന്നിട്ടുണ്ടെങ്കിലും സർവ്വതലസ്പർശിയായ ലക്ഷ്യബോധത്തോടുകൂടിയുള്ള ഒരു പദ്ധതി ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.അതെങ്ങനെയായിരിക്കണമെന്നും അതിന്റെ അടിസ്ഥാന ഘടകങ്ങൾ എങ്ങനെ വേണമെന്നും ഉള്ള ഒരു പരിശോധനയാണിവിടെ നടത്താനൊരുങ്ങുന്നത്.

കുട്ടികളുടെ കഴിവിനനുസരിച്ചുള്ള വിദ്യാഭാസ വിജയത്തിനും അതുവഴി വ്യക്തിപരവും സാമൂഹികവുമായ അഭ്യുന്നതി നേടുന്നതിനും അവരുടെ മാനസിക ശാരീരിക ആരോഗ്യവും കുടുംബസുസ്ഥിതിയും അനിവാര്യ ഘടകങ്ങളാണ്.കുട്ടികളുടെ ആരോഗ്യം അമ്മയുടെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു എന്നതിനാൽ ഭാവി മാതാക്കളാകാൻ പോകുന്ന പെൺകുട്ടികളുടെ ആരോഗ്യപരിരക്ഷയിലാണ് ഈ സുദീർഘപ്രക്രിയ ആരംഭിക്കുന്നത് എന്ന് എടുത്തുപറയേണ്ടതില്ലല്ലോ.പെൺകുട്ടികളുടെ മാനസിക ശാരീരിക സ്വാസ്ഥ്യവും പ്രത്യുത്പ്പാദന ആരോഗ്യ വിജ്ഞാനവും (reproductive health) മുൻ നിർത്തിയുള്ള ഇടപെടലുകൾ സ്കൂൾ ആരോഗ്യപരിപാടിയുടെ അനിവാര്യതകളാണ്. ഇന്നിത് നാമമാത്രമായേ നടക്കു

ന്നുള്ളു. ഗർഭിണിയായ അമ്മയുടെ മാനസികവും ശാരീരികവുമായ ആരോഗ്യം കുട്ടിയുടെ ആരോഗ്യത്തിൽ പ്രധാനപങ്കുവഹിക്കുന്നവയാണ്.

നവജാത ശിശു അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്.ആദ്യത്തെ മൂന്നു നാലു വർഷംകൊണ്ട് മസ്തിഷ്ക്കം അതിന്റെ വളർച്ച പൂർത്തീകരിക്കുന്നതായിക്കാണാം.ഈ സമയത്ത് കുട്ടിക്ക് വളരുന്ന ചുറ്റുപാടുകൾ എത്രത്തോളം ഉത്തേജനാത്മകമാണ് എന്നതിനെ ആശ്രയിച്ചായിരിക്കും ഈ കുട്ടിയുടെ ഭാവി നൈപുണികൾ വികസിക്കുന്നത്.ആദ്യത്തെ മൂന്നു വർഷം കുടുംബത്തിലും പിന്നീടുള്ള മൂന്നു വർഷം ഏതെങ്കിലും തരത്തിലുള്ള, (അങ്കണവാടികൾ,സ്വകാര്യ പ്ളേ സ്കൂളുകൾ പോലുള്ളവ) ശിശുവികാസകേന്ദ്രങ്ങളിലും കുട്ടികൾക്കാവശ്യമായ ധിഷണാപര ഉത്തേജനങ്ങൾ ലഭിക്കണം.ഇതിൽ രണ്ടാം ഘട്ടം സ്കൂൾ യോഗ്യത (school readiness) കൈവരിക്കാനും ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കാനുമുള്ള തയ്യാറെടുപ്പാണ്. പ്രായംകൊണ്ടുമാത്രം ലഭിക്കുന്ന ഒന്നല്ല ഈ യോഗ്യത.കൃത്യമായ ഇടപെടൽ വഴി ഉണ്ടാക്കിയെടുക്കേണ്ട ഒരു നൈപുണിയാണത്.തുടർന്നുള്ള രണ്ടോ മൂന്നോ വർഷത്തെ പ്രാഥമിക വിദ്യാഭ്യാസത്തോടെ കുട്ടിയുടെ ശക്തിയും പരിമിതിയും പ്രകടമാകുന്നു.ഓരോരുത്തരുടേയും ശേഷിക്കനുസരിച്ചുള്ള ഇടപെടലുകൾ ആവിഷ്ക്കരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ട ഘട്ടമാണിത്.വിവിധ കാരണങ്ങളാൽ സവിശേഷ ശ്രദ്ധ (special needs) വേണ്ടവരെ കണ്ടെത്താനും അവർക്കാവശ്യമായ പിന്തുണാസംവിധാനങ്ങൾ വികസിപ്പിക്കാനുമാകണം.

കുട്ടികളുടെ മാനസികവളർച്ചയ്ക്ക് (Early Childhood Care and Education-ECCE) അനിവാര്യമായ സംവിധാനം ഗുണപരമായി വികസിപ്പിക്കുക എന്നത് മനുഷ്യ വിഭവശേഷീവികസനത്തിന്റെ ഏറ്റവും ഫലപ്രദമായ നിക്ഷേപമായിരിക്കും.സ്കൂൾ ആരോഗ്യ പരിപാടിയുടെ അടിസ്ഥാനം ഇവിടെനിന്നായിരിക്കണം.

# വിദ്യാഭ്യാസം സാംസ്കാരിക പ്രവർത്തനം

54

## സംസ്ക്കരിക്കേണ്ട വിദ്യാഭ്യാസം

കെ.പി. രാമനുണ്ണി, പി.ഒ. പെരുമണ്ണ, കോഴിക്കോട്-19

**വി**ദ്യാഭ്യാസം സാംസ്ക്കാരിക പ്രവർത്തനം എന്ന വിഷയം ചർച്ച ചെയ്യുമ്പോൾ ഏത് തരം സാംസ്ക്കാരിക പ്രവർത്തനം എന്ന ചോദ്യമുയരും. ഒരു സമൂഹത്തിന്റെ സ്വഭാവ സർവ്വസ്വത്തെയാണ് പൊതുവെ സംസ്ക്കാരമെന്ന പദം സൂചിപ്പിക്കുന്നത്. ഇതിൽ ഭാഷ, ഭക്ഷണം, വസ്ത്രധാരണം, കല, വിശ്വാസം, ആചാരാനുഷ്ഠാനങ്ങൾ, ഉൽപാദന സംവിധാനങ്ങൾ തുടങ്ങി പലതും ഉൾപ്പെടും. മേൽപ്പറഞ്ഞ വ്യാവഹാരികമായ സംഗതികളെ അഭിസംബോധന ചെയ്യുന്ന പ്രവർത്തനം മാത്രമായാൽ മതിയോ വിദ്യാഭ്യാസം? അതോ ഇതെല്ലാം സാദ്ധ്യമാക്കിത്തീർക്കുന്ന സമൂഹത്തിന്റെ മൗലിക സ്വഭാവസൃഷ്ടിക്ക് വേണ്ട സംസ്ക്കാരചിത്തതയെ, മനുഷ്യത്വത്തെ, മാനവികതയെ പരിചരിക്കുന്നതാകണോ വിദ്യാഭ്യാസമെന്നതാണ് അടിസ്ഥാന പ്രശ്നം.

അങ്ങനെ നോക്കുമ്പോൾ വിദ്യാഭ്യാസം സംസ്ക്കാരത്തിന്റെ ഭൗതികതലത്തിലുപരി ആത്മീയതല പ്രവർത്തനമാകണമെന്ന് പറയേണ്ടിവരും. ആ ആത്മീയതയാകട്ടെ കള്ള സ്വാമിമാരുടേതോ, വ്യാജ മൗലവിമാരുടേതോ, ക്രിമിനൽ പള്ളീലച്ചന്മാരുടേതോ അല്ല. മഹാത്മജി വിശദീകരിച്ച പോലെ നേരം വെളിച്ചമായാൽ തനിക്കെന്ന പോലെ അയൽക്കാരനും പ്രാതൽ ലഭിക്കുന്നുണ്ടോ എന്ന ചിന്തയുടേതാണ്. ചുരുക്കത്തിൽ 'കൺസേൺ ഫോർ ദ അദർ' അഥവാ അപരപരിഗണനയുടെ ഉൽപാദനമായിരിക്കണം വിദ്യാഭ്യാസത്തിൽ രൂഢമൂലമായിരിക്കേണ്ട ലക്ഷ്യം. അദറിന്റെ നിർവ്വചനത്തിൽ അന്യരാജ്യക്കാരനും അന്യഭാഷക്കാരനും അന്യമതക്കാരനും അന്യജാതിക്കാരനും മാത്രമല്ല ഇതരജീവജാലങ്ങളും പ്രകൃതിയും ഉൾപ്പെടുകയും വേണം. അതെല്ലാം നിവൃത്തിക്കാതെ മറ്റ് എന്ത് വിദ്യാഭ്യാസം കൊണ്ട് ആർജ്ജിച്ചിട്ടും കാര്യമില്ല. നല്ലൊരു വ്യക്തിയെ, നല്ലൊരു പൗരനെ, നല്ലൊരു മനുഷ്യനെ ഉണ്ടാക്കിയെടുക്കാനാണ് കുട്ടികളെ സ്ക്കൂളിൽ വിടേണ്ടതെന്ന പഴയ പറച്ചിലിൽ ഈ തത്വം ഒളിഞ്ഞിരിപ്പുണ്ട്. എന്നാൽ ഇന്ന് ടെക്നോളജി പഠിക്കാനോ, കോമേഴ്സ് പഠിക്കാനോ, ഭാഷ പഠിക്കാനോ, എൻട്രൻസ് പാസ്സാകാനോ, ലക്ഷങ്ങളുടെ ശമ്പളക്കാരനാകാനോ എല്ലാമാണ് സമൂഹം പുതുതലമുറയെ വിദ്യാഭ്യാസ്ഥാപനങ്ങളിലേക്ക് കെട്ടുകെട്ടിക്കുന്നത്. ജീവിതത്തെക്കുറിച്ച് ചിന്തിപ്പിക്കാതെ ജീവിതോപാധികളെക്കുറിച്ച് മാത്രം ചിന്തിപ്പിക്കുക എന്ന വികലത മേൽപ്പറഞ്ഞ സമീപനത്തിലുണ്ട്.

ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്ന വിദ്യാർത്ഥി തന്നെക്കുറിച്ച് ചിന്തിക്കുന്നു. തന്നെക്കുറിച്ച് ചിന്തിക്കുന്ന വിദ്യാർത്ഥി തന്നെ താനാക്കുന്ന അപരനെക്കുറിച്ചും സമൂഹത്തെക്കുറിച്ചും ചിന്തിക്കുന്നു. സമൂഹത്തെക്കുറിച്ച് ചിന്തിക്കുന്ന വിദ്യാർത്ഥി സമൂഹത്തിന്റെ നിലനിൽപ്പിന് ആധാരമായ പ്രകൃതിയെക്കുറിച്ചും ചിന്തിക്കുന്നു. ജീവിതോന്മുഖരും മനുഷ്യോന്മുഖരും ജീവോന്മുഖരുമായ വിദ്യാർത്ഥികൾക്ക് ജീവിതത്തിനും മനുഷ്യനും ജീവനും വിനാശകരമായ എല്ലാറ്റിനോടും കലഹിക്കേണ്ടി വരും. അതിന് അവരെ പ്രാപ്തമാക്കുമ്പോഴേ വിദ്യാഭ്യാസം സംസ്ക്കരിക്കുന്ന പ്രവർത്തനമായി മാറുകയുള്ളു.

55

## വിദ്യാഭ്യാസം-ഒരു സാംസ്കാരിക ചിന്ത

ഡോ. ഖദീജാ മുംതാസ്

**എ**ൺപതുകളോടെയായിരിക്കണം മാതാപിതാക്കളുടെയും അധ്യാപകരുടെയും കമ്പോള താൽപ്പര്യങ്ങളും ഫ്യൂഡൽ അധികാരപ്രയോഗങ്ങളും കൈകോർക്കുന്ന അത്യന്തം ശിശു വിരുദ്ധമായ അടിസ്ഥാന വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് കേരളത്തിലെ വിദ്യാലയങ്ങൾ പ്രവേശിച്ചത്. 3-4 ദശകങ്ങളായുള്ള വിദ്യാലയങ്ങളിലെ ഈ ഫ്യൂഡൽ അന്തരീക്ഷത്തിൽ നിന്നൊരു പിടഞ്ഞു മാറൽ സാധ്യമാക്കിയതും സാംസ്കാരിക ചിന്തകളേക്കാൾ ശാസ്ത്ര പുരോഗതി കൊണ്ടു തന്നെയാണ്. ടെക്നോളജിയുടെ സഹായമില്ലാതെ വിദ്യാഭ്യാസം സാധ്യമാവാതിരിക്കുകയും ആവിഷയത്തിൽ അധ്യാപകരേക്കാൾ വിദ്യാർത്ഥികളുടെ ഇളം ബുദ്ധി മുൻകൈ നേടിത്തുടങ്ങുകയും ചെയ്തതോടെ അധ്യാപകർക്കും മാറാതെ വയ്യെന്നായി. ആദരിക്കപ്പെടേണ്ട ഗുരുക്കൾ എന്ന പരിവേഷം അഴിച്ചു വച്ച് വിദ്യാർത്ഥികളുടെ സുഹൃത്തുക്കളും ടെക്നോളജിയുടെ ചതിക്കുഴിയിൽ വീഴാതെ അവരെ ശ്രദ്ധാപൂർവം മുന്നോട്ടു നടത്തേണ്ട മെന്റർമാരുമാണ് തങ്ങളെന്ന് ബുദ്ധിയും വിവേകവുമുള്ളവർ മനസ്സിലാക്കിയും തുടങ്ങി.ഏതായാലും വിദ്യാർഥികളുടെ സുഹൃത്തുക്കളായിരിക്കുന്നതിൽ ഒരു സർഗാത്മകതയുണ്ട്. അധികാരം നിലനിൽക്കുന്നിടത്ത് പുലരുന്നതല്ലല്ലോ സർഗാത്മകത.

എങ്കിലും, അത്രയും മതിയോ? അധ്യാപകാധിപത്യത്തിൽ നിന്ന് യന്ത്രാധിപത്യത്തിലേക്ക് കുട്ടികൾ വഴുതിപ്പോവാതിരിക്കാൻ ഈ മെന്റർ പദവി കൊണ്ടു മാത്രം സാധ്യമാകുമോ? ആവില്ല. കാരണം, വേരുകളില്ലാത്ത ഒരു സമൂഹം എത്ര പുരോഗതിയുടെ ലക്ഷണം കാണിച്ചാലും വെട്ടിയിട്ട മരത്തിലെ കിളിർപ്പുകൾ പോലെ അവ പട്ടുപോവാനിടയുണ്ട്. ഭൂതത്തിൽ വേരുകളില്ലാത്ത തലമുറ തന്നെയാണ് ഭാവിയിൽ ഫാഷിസത്തിന്റെ വക്താക്കളാവുന്നത്. പ്രണയക്കൊലകൾ നടത്തുന്നത്.ജാതിക്കൊലകൾക്ക് മുതിർന്നവർക്ക് കൂട്ടുനിൽക്കുന്നത്. ദാമ്പത്യത്തിൽ പരാജിതരാവുന്നതും.ഉപകരണ മാത്ര യുക്തി (Instrumental rationality) യല്ല സംവേദനാത്മകമായ യുക്തി (communicative rationality) എന്നു പറയുന്നതും അതുകൊണ്ടു തന്നെ.

സംവാദാത്മകമായ യുക്തി, അതു നൽകുന്ന വിമോചനം, അതിനെപ്പറ്റിയാണ് വിദ്യാഭ്യാസ ചിന്തകൻ പൗലോ ഫ്രെയർ പറയുന്നത്. അതിന് വിദ്യാർത്ഥികളും അധ്യാപകരും സുഹൃത്തുക്കളാവേണ്ടതുണ്ട്.

ചരിത്ര വക്രീകരണങ്ങളും വെട്ടിമാറ്റലുകളും ജീർണ്ണ പാരമ്പര്യ പുനഃസ്ഥാപന ശ്രമങ്ങളും കേന്ദ്രതലത്തിൽ കരിക്കുലത്തെ വികലമാക്കുമ്പോൾ ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യങ്ങളുടെ ചാരുതയും പ്രാദേശിക കലകളും അവയിലടങ്ങിയ പ്രതിരോധ പാഠങ്ങളും കൂടുതൽ കൂടുതൽ ഉൾപ്പെടുത്തി സംസ്ഥാനങ്ങൾ അതിന്റെ ഉത്തരവാദിത്തങ്ങൾ വിപുലപ്പെടുത്തേണ്ടി വരും.

സമ്പ്രദായിക സ്കൂളുകളിൽ അസംതൃപ്തയും ലഹളക്കാരിയുമായിക്കഴിഞ്ഞ ടോട്ടോചാൻ എന്ന പെൺകുട്ടിയെ അപ്പാടെ മാറ്റിയെടുക്കാൻ ജപ്പാനിലെ ടോമോ സ്കൂളിനായതെങ്ങനെയായിരുന്നു? പ്രകൃതിയെ നിരീക്ഷിച്ചും, കഥാപുസ്തങ്ങൾ വായിച്ചും, മനുഷ്യാധ്വാനത്തിന്റെ വിലയറിഞ്ഞും വളർന്ന അവൾ ലോകമറിയുന്നവളായി. ശാസ്ത്രസാഹിത്യ പരിഷത് ആ ആത്മകഥാപര പുസ്തകം മലയാളത്തിലേക്ക് 1996ൽ തന്നെ വിവർത്തനം ചെയ്തിറക്കിയത് സ്കൂളുകൾ എങ്ങനെ സർഗാത്മകമാക്കാം എന്ന വിവേക ചിന്ത കൊണ്ടു തന്നെയാവണം.

ജൈവികമായ ഉൾപ്രേരണകളെ അമർത്തി കൃത്രിമ അച്ചടക്കവും സ്വഭാവ രൂപീകരണവും നടത്തുമ്പോഴാണ് അന്തർ സംഘർഷം തീർക്കാൻ മനുഷ്യർ മറ്റു മാർഗങ്ങൾ തേടുന്നത്. വിദ്യാലയങ്ങളും അധ്യാപകരും മാനസികമായി പിന്തള്ളുന്ന 'പിൻബെഞ്ചുകാരും' തങ്ങളുടെ അഹംബോധത്തെ ആ രീതിയിൽ തൃപ്തിപ്പെടുത്താൻ തുനിഞ്ഞെന്നു വരും. മദ്യവും മയക്കുമരുന്നുകളും ലൈംഗിക പരീക്ഷണങ്ങളും നിഗൂഢ ഓൺലൈൻ ചങ്ങാത്തങ്ങളും ഒക്കെ ഇവയുടെ പ്രതിഫലനങ്ങൾ കൂടിയാണ്. ഒരൊറ്റ വർഷത്തിൽ (2016-17) കേരളത്തിൽ 60 പ്ലസ് ടൂ വിദ്യാർത്ഥികൾ ആത്മഹത്യയ്ക്ക് ശ്രമിച്ചുവെന്നും 29 പേർ ആ ശ്രമത്തിൽ ''വിജയിച്ചു''വെന്നും ഉള്ളത് നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. അച്ചടക്കമെന്നത് കുട്ടികളുടെ മനസ്സിൽ തിരിച്ചറിവിലൂടെ ഉരുത്തിരിയേണ്ട ഒന്നാണ്. ക്ലാസ്സിൽ നല്ല പിള്ള ചമഞ്ഞിരിക്കുകയും ചോദ്യങ്ങൾ ചോദിക്കാൻ ഭയക്കുകയും അധ്യാപകർ ഉരുവിട്ടു പ

റിപ്പിച്ചവ ഉത്തരക്കടലാസിൽ പകർത്തുകയും ചെയ്യുന്നതല്ല അച്ചടക്കം. 'അക്ഷമനായിരിക്കാൻ വേണ്ട ധൈര്യം എന്റെ മകനുണ്ടാവാൻ അനുവദിക്കുക. ധീരനായിരിക്കാനുള്ള ക്ഷമയും' എന്ന് അധ്യാപകരോട് മഹാനായ ഒരച്ഛൻ (എബ്രഹാം ലിങ്കൺ) എഴുതിയത് ഒന്നര നൂറ്റാണ്ടു മുമ്പാണ് !

ഭരണഘടനാ മൂല്യങ്ങൾ കൂടിയായ സാഹോദര്യം,സമത്വം, (ലിംഗ) നീതി എന്നിവയും മാനവികത, പ്രകൃതിബോധം തുടങ്ങിയ ശ്രേഷ്ഠഗുണങ്ങളും കുട്ടികൾ ആർജ്ജിക്കേണ്ടത് വിവരങ്ങളായല്ല. സാമൂഹു പാഠപുസ്തകങ്ങളിൽ നിന്നോ മോറൽ ക്ലാസുകളിൽ നിന്നോ നേരിട്ടല്ല. നല്ല സാമൂഹ്യ ബന്ധങ്ങളിലൂടെയും കലകളിലൂടെയും സാഹിത്യത്തിലൂടെയുമാണ്.' ഒരു കള്ളന്റെയോ കൊലപാതകിയുടെയോ കഥ ഒരു സദാചാര വാദിയുടെ കഥയേക്കാൾ ചിലപ്പോൾ മികച്ച ജീവിതസന്ദേശം നൽകിയെന്നു വരും. ഒരു ലൈംഗിക തൊഴിലാളിയുടെ വാക്കുകളിലൂടെയാകാം ലിംഗാധികാരത്തെ റദ്ദു ചെയ്യുന്ന ഏറ്റവും തെളിച്ചമുള്ള ദർശനം ഒരാളിലെത്തുക.

ലൈംഗിക വികാരം ഒരു സ്വാഭാവികതയാണ്. 10-12 വയസ്സു മുതൽ കുഞ്ഞുങ്ങളിൽ അത്തരം വികാരങ്ങൾ മൊട്ടിട്ടു തുടങ്ങുന്നുമുണ്ട്.ശാരീരികവൃതിയാനങ്ങളും പതുക്കെപ്പതുക്കെ ആ പ്രായം മുതൽ തന്നെ ഉണ്ടായിത്തുടങ്ങുകയും ചെയ്യുന്നു. കുട്ടികളിൽ വിദ്യാഭ്യാസമെന്ന നിലയിൽ ഏറെ വിവരങ്ങൾ കുത്തിച്ചെലുത്താൻ ശ്രമിക്കുമ്പോഴും ജീവന്റെ നിലനിൽപ്പിനു തന്നെ ആധാരമായ ലൈംഗികതയെ സമീപിക്കാൻ നമുക്ക് മടിയാണ്. ആ മടിയും ഭയവുമാകട്ടെ, ലിംഗഭേദത്തെ അംഗീകരിച്ചു തന്നെ ഒന്നിച്ച് കളിച്ചുവളരാനും, പരസ്പരം സുഹൃത്തുക്കളായും വ്യക്തിപര പ്രയാസങ്ങളിൽ ഉത്ക്കണ്ഠപ്പെട്ടും സർഗാത്മകമായി വളരാനുള്ള കുട്ടികളുടെ അവകാശത്തെ ഹനിക്കും വിധമായിത്തീർന്നിരിക്കുന്നു. പ്രത്യേകം ആൺ പെൺ സ്കൂളുകൾ, ക്ലാസ് മുറികളിലെ പ്രത്യേക ഇരിപ്പിടങ്ങൾ എന്നിങ്ങനെ ആ ബന്ധങ്ങളിൽ നിഗൂഢതയും ഭേദചിന്തകളും നമ്മൾ തന്നെ വളർത്തിയെടുക്കുന്നു. ലൈംഗികമായ ആകാംക്ഷകൾ, ആകർഷണങ്ങൾ ഒക്കെ അടക്കി നല്ല കുഞ്ഞുങ്ങളാവാൻ നിർബന്ധം ചെലുത്തപ്പെടുമ്പോൾ അവർ മററു മാർഗങ്ങളിലൂടെ അവയെ അറിയാൻ ശ്രമിക്കും. പോൺ വീഡിയോകളിലൂടെ, ഗൂഗിളിലൂടെ, മഞ്ഞപ്പുസ്തകങ്ങളിലൂടെ, നിറം പിടിപ്പിച്ച കഥകളിലൂടെ അവരത് സാധിതമാക്കും.സമൂഹത്തിൽ ഇന്ന് നിലനിൽക്കുന്ന ലിംഗാധികാരപരമായ ആശയങ്ങൾ കമ്പോളത്തിന്റെ ആഘോഷപരതയുടെ കൂടി മേമ്പൊടി ചേർത്ത് വരുമ്പോൾ അത് സ്വന്തം സഹപാഠികളെപ്പോലും ചൂഷണം ചെയ്യുന്ന അവസ്ഥയിലേയ്ക്ക് ആൺകുട്ടികളെ എത്തിക്കാം. പെൺകുട്ടികളെയും ആൺകുട്ടികളെയും മുതിർന്നവരാൽ ലൈംഗിക ചൂഷണം ചെയ്യപ്പെടുന്ന അവസ്ഥയിലേക്കെത്തിക്കുകയും ചെയ്യാം. വികലമായ ലിംഗാധികാരത്തിന്റെ സന്ദേശമാണ് വളഞ്ഞ വഴിയിലൂടെ എളുപ്പം ആർജിതമാവുന്നത് എന്നതിനാൽ തന്നെയാണ് 'പ്രണയക്കൊല'കളും നിരന്തരം സംഭവിക്കുന്നത്.

ഒരുവളോടൊ ഒരുവനോടോ തോന്നുന്ന ആസക്തിയെയോ അതിലടങ്ങിയ പുരുഷാധികാരയുക്തിയെയോ പ്രണയമായി തെറ്റിദ്ധരിക്കുന്ന യുവതയുടെ കാലമാണിത്. സൗഹൃദത്തിലൂടെയും പരസ്പരം മനസ്സിലാക്കലിലൂടെയും സ്വാഭാവികമായി ഉണർന്നു വരേണ്ട പാരസ്പര്യമാണ് പ്രണയമെന്നു മനസ്സിലാക്കിക്കാൻ പ്രണയകവിതകളും കഥകളുമായുള്ള നിരന്തരസമ്പർക്കം ഒരാളെ സഹായിച്ചേക്കും. ഭോഗത്തിനപ്പുറം പരസ്പരമുള്ള കരുതൽ,പരസ്പരമുള്ള ഉത്ക്കണ്ഠ, ത്യാഗത്തിനുള്ള സന്നദ്ധത എന്നിവയൊക്കെ കൂടിയാണ് പ്രണയം എന്നവർ അറിയേണ്ടതുണ്ട്. ലൈംഗികതയിലെ പരസ്പരാംഗീകാരത്തെപ്പറ്റി, അതിലെ ആഹ്ളാദത്തെപ്പറ്റി ശാസ്ത്രത്തോടൊപ്പം പ്രതിപാദിക്കുന്ന നല്ല ലൈംഗികജ്ഞാന പുസ്തകങ്ങൾ ഇന്ന് ലഭ്യമാണ്. അവ കരിക്കുലത്തിൽ ഉൾപ്പെടുത്താനുള്ള ഹൃദയവിശാലതയാണ് സമൂഹത്തിന് ഉണ്ടായി വരേണ്ടത്. ലൈംഗികത സ്വാഭാവികമാണ്, ജന്തു സഹജമാണ്. അതിന്റെ സംസ്കരണമാണ് മനുഷ്യരെ മനുഷ്യരാക്കുന്നത്.

പ്രണയഭാവമെന്നതിനും വിശാലമായ അർത്ഥതലങ്ങളുണ്ട്. പ്രകൃതിയോടും എല്ലാ ജീവജാലങ്ങളോടും വ്യത്യസ്ത സംസ്കാരങ്ങളും ഉപസംസ്കാരങ്ങളുമായി പലയിടങ്ങളിലായി കഴിയുന്ന മനുഷ്യരോടും ഒക്കെ സ്വാഭാവികമായി ഉടലെടുക്കുന്ന ഒന്നാണത്. അതുണ്ടാവാൻ വേണ്ട മാനസിക സ്വാതന്ത്ര്യം അവർക്കനുവദിച്ചു കൊടുത്താൽ മാത്രം മതി. പ്രകൃതി നിരീക്ഷണവും ലോക കാര്യങ്ങളിലുള്ള അറിവും ശരിയായ ചരിത്രബോധവും രാഷ്ട്രീയവും എല്ലാം ഇതിനാവശ്യമുണ്ട്. വിദ്യാർത്ഥികളിലേക്ക് തുറന്നു വെച്ച സ്കൂൾ ലൈബ്രറിയും കലാ-സാഹിത്യ പ്രവർത്തനങ്ങളും വിദ്യാലയ വളപ്പിലെ കൃഷിയും ഒന്നിച്ചുള്ള യാത്രകളും ക്യാമ്പുകളും സാമൂഹ്യ പ്രവർത്തനങ്ങളും സമൂഹ പാചകം പോലും ഇതിനാവശ്യ,മായ പശ്ചാത്തലമൊരുക്കും.

ദീർഘകാലമായി നിലനിൽക്കുന്ന വിദ്യാഭ്യാസ നയങ്ങൾ, സിലബസ് ഭാരം, പരീക്ഷകൾ ഇവയൊക്കെ സർഗമനസ്സുള്ള അധ്യാപകരെയും തങ്ങളുടെ യഥാർത്ഥ കർത്തവ്യങ്ങളിൽ നിന്ന് വ്യതിചലിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. കുട്ടികളെ മനസ്സിലാക്കുക, ഓരോരുത്തരുടെയും പ്രത്യേക കഴിവുകൾ കണ്ടെത്തി പ്രചോദിപ്പിക്കുക, അവരുടെ സാമൂഹ്യ, കുടുംബ സാഹചര്യങ്ങളെ അനുഭാവപൂർവം ഉൾക്കൊള്ളുക, പ്രചോദനമേകുക എന്നതൊക്കെ അവരാൽ മാത്രം സാധ്യമാകുന്ന കാര്യങ്ങളാണ് താനും.ആ സൗമ്യമായ അധികാരസാന്നിധ്യത്തെ മനസ്സിലാക്കിക്കൊണ്ടു തന്നെയായിരിക്കണം ഇരുപതാം നൂറ്റാണ്ടിന്റെ തത്വചിന്തകൻ ബർ ട്രാന്റ് റസ്സൽ ഇങ്ങനെ പറഞ്ഞത് - 'അധികാരത്തിന് ഒരു പരിധി വരെ വിദ്യാഭ്യാസത്തിൽ സ്ഥാനമുണ്ട്. അത് പ്രയോഗിക്കുന്ന ആൾക്ക് ഉന്നതമായ സ്വാതന്ത്ര്യ ബോധമുണ്ടാവണമെന്നു മാത്രം.'

വിദ്യാഭ്യാസത്തിന്റെ സാംസ്കാരിക തലം എന്നതിന് ഉന്നതമായ സ്വാതന്ത്ര്യ ബോധമുള്ള അധ്യാപകരുടെ സാന്നിധ്യമെന്നു കൂടി അർത്ഥമുണ്ട്.

# ഘടനാപരമായ മാറ്റങ്ങൾ (സിസ്റ്റമിക് റിഫോംസ്)

56

## സിസ്റ്റമിക് റിഫോംസ് (ഘടനാപരമായ പരിഷ്കാരങ്ങൾ)

എൻ ടി ശിവരാജൻ, ജനറൽ സെക്രട്ടറി, കെഎസ്ടിഎ

**വ്യ**വസ്ഥാപരമായ മാറ്റങ്ങൾ എന്നതിലൂടെ ലക്ഷ്യമാക്കുന്നത് നിലനിൽക്കുന്ന സ്കൂൾ വിദ്യാഭ്യാസത്തിലെവ്യവസ്ഥയിലും സംവിധാനങ്ങളിലും ഉള്ള കുറ്റങ്ങളും കുറവുകളും പരിഹരിച്ച് മെച്ചപ്പെട്ടതും കാലികവുമായ ഒരു വ്യവസ്ഥ സാധ്യമാക്കുക എന്നതാണ്. ഒരു നവ കേരളമാണ് നാം സ്വപ്നം കാണുന്നത്. ഈ സ്വപ്നം യാഥാർത്ഥ്യത്തിന്റെ പടവുകൾ കയറിക്കൊണ്ടിരിക്കുകയാണ് എല്ലാ മേഖലയിലും നവകേരളത്തെ കുറിച്ചുള്ള പ്രതീക്ഷകൾക്കനുസരിച്ചുള്ള വിപുലവും ബോധപൂർവ്വമായ പരിഷ്കാരങ്ങൾ നടന്നു വരികയാണ്.

ഇന്ന് നിലനിൽക്കുന്ന വ്യവസ്ഥ കേരളത്തിൽ രൂപപ്പെട്ടത് ദശകങ്ങളായി നടന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെഫലമായാണ്. അവയിൽ എടുത്തു പറയേണ്ട മുന്നേറ്റം ഉണ്ടായത് 1957ലെ വിദ്യാഭ്യാസ ബില്ലിലൂടെയും അതോടൊപ്പം ചേർന്ന് നടന്ന കാർഷിക ബന്ധ നിയമങ്ങളുടെയും ഒക്കെ ഫലമായാണ്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കൃത്യമായ ഒരു നിയമവും കൃത്യമായ ഒരു വ്യവസ്ഥയിൽ ഇവിടെ രൂപപ്പെട്ടത് ഈ കാലഘട്ടത്തിലാണ്.

പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് വ്യവസ്ഥാപരമായ പരിഷ്കാരങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഓരോ മേഖലയിലും നിലവിലിരിക്കുന്ന അവസ്ഥയിലെ പോരായ്മകൾ പരിശോധിക്കുകയും അവ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ ആരായുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് ഇതിനകം കമ്മീഷനുകൾ പഠനം നടത്തുകയും നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം എന്ന വിദഗ്ധസമിതി റിപ്പോർട്ട്, കെ.എസ്.ടി.എ നേതൃത്വം നൽകി രൂപീകരിച്ച പൊതുവിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് എന്നിവ എടുത്തു പറയേണ്ടവയാണ്.

വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളും നിയമങ്ങളും പൂർണമായി നിരാകരിച്ച് മുന്നോട്ട് പോകാൻ സംസ്ഥാനത്തിന് കഴിയില്ല. വിദ്യാഭ്യാസ അവകാശനിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് വിദ്യാഭ്യാസ ചുമതലകൾ പങ്ക് വയ്കപ്പെട്ടിരിക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ട് വയ്ക്കുന്ന പല നിലപാടുകളും കോർപ്പറേറ്റ് വരേണ്യ വർഗീയ താല്പര്യങ്ങൾ നടപ്പാക്കുന്നതിനുള്ള ഹിഡൻ അജണ്ടകൾ നിറഞ്ഞവയാണ്.

പഞ്ചായത്തീരാജ് നിയമമനുസരിച്ച് പ്രൈമറി വിഭാഗം സ്കൂളുകളുടെ ഭരണച്ചുമതല ഗ്രാമപഞ്ചായത്തുകൾക്കും സെക്കന്ററി വിഭാഗം ഉൾപ്പെട്ട സ്കൂളുകളുടെ ചുമതല ജില്ലാ പഞ്ചായത്തുകൾക്കും ആണ്. പ്രാദേശികമായ വൈവിധ്യങ്ങള ഉൾകൊണ്ടു കൊണ്ട് പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നേതൃത്വപരമായ ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകൾക്കായിരിക്കണം. ഇതിനാവശ്യമായ അധികാരങ്ങളും സംവിധാനങ്ങളും പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമാകണം. ഒരു പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ കുട്ടികളേയും സമഗ്രതയിൽ കണ്ടു കൊണ്ട് സാമൂഹീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കണം. കുട്ടികളുടെ ഗ്രാമസഭകൾ പോലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ പ്രാദേശിക ഭരണകൂടങ്ങൾക്ക് കഴിയണം. പ്രാദേശിക വൈദഗ്ദ്ധ്യത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ പ്രാദേശിക ഭരണ കൂടങ്ങൾക്ക് കഴിയണം.

കേരളത്തിലെ വിദ്യാലയങ്ങളിൽ ബഹുഭൂരിപക്ഷവും എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളാണ്. ഈ വിദ്യാലയങ്ങളിലെ അധ്യാപക നിയമനം, ഭൗതിക സാഹചര്യ വികസനം തുടങ്ങിയ കാര്യങ്ങളിൽ പരിമിതമായ ഇടപെടൽ മാത്രമേ സർക്കാർ സംവിധാനങ്ങൾക്ക് നടത്താൻ കഴിയുന്നുള്ളൂ. ഇത്തരം വിദ്യാലയങ്ങളിൽ പ്രാദേശിക ഭരണകൂടത്തിന് ഫലപ്രദമായി ഇടപെടാൻ കഴിയാത്ത അവസ്ഥയുണ്ട്. കുട്ടികളുടെ പക്ഷത്ത് നിന്നുകൊണ്ട് പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്താൻ കഴിയേണ്ടതുണ്ട്.

AEO, DEO, DDE, RDD തുടങ്ങിയ വിദ്യാഭ്യാസ ഭരണ സംവിധാനങ്ങളാണ് നിലവിലുള്ളത്. പ്രൈമറി വിദ്യാലയങ്ങളുടെ ഭരണപരമായ ചുമതല ഗ്രാമപഞ്ചായത്തിന് നിലനിൽക്കുമ്പോൾ തന്നെ തങ്ങളുടെ നിയമപരമായ ചുമതല നിർവഹിക്കുന്നതിന് നിലവിൽ എക്സിക്യൂട്ടീവ് സംവിധാനം അപര്യാപ്തമാണ് – ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ഒരു എഡ്യൂക്കേഷൻ ഓഫീസറുടെ തസ്തികയുടെ അനിവാര്യതയാണ് ഇവിടെ വ്യക്തമാകുന്നത്. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കാൻ അധികാരമുള്ള ഒരു

വിദ്യാഭ്യാസ സംവിധാനം നിലവിലില്ല. മാത്രമല്ല സെക്കന്ററി വിഭാഗം സ്കൂളുകളുടെ മോണിറ്ററിംഗ് ചുമതല നിർവഹിക്കാൻ ഇപ്പോൾ നിലവിലുള്ള AEO, DEO സംവിധാനങ്ങളിലൂടെ സാധ്യമാകാത്ത അവസ്ഥയും ഉണ്ട്. വിദ്യാഭ്യാസ ജില്ല എന്ന നിലവിലെ സംവിധാനം വില്ലേജ് ബ്ലോക്ക് താലൂക്ക് ജില്ല തുടങ്ങിയ റവന്യൂ ഭരണ സംവിധാനങ്ങളുമായി ചേർന്നു പോകാത്തതിന്റെ പ്രശ്നങ്ങളും ഉണ്ട്. അതിനാൽ തന്നെ പഞ്ചായത്ത് വിദ്യാഭ്യാസ ഓഫീസർ, ബ്ലോക്ക് തല ഓഫീസർ, ജില്ലാതല ഓഫീസർ എന്ന പുനക്രമീകരണം അനിവാര്യമാണ്.

ഓരോ കുട്ടിക്കും മികച്ച വിദ്യാഭ്യാസം ലഭ്യമാക്കാൻ കഴിയുന്നഅധ്യാപകരെയും പഠന സാമഗ്രികളേയും സജ്ജമാക്കാൻ കഴിയുന്ന ഗവേഷണ സ്ഥാപനമായി എസ്സിഇആർടി ഇനിയും ഉയരേണ്ടിയിരിക്കുന്നു. ഉയർന്ന തലത്തിൽ അക്കാദമിക നേതൃത്വം നൽകാൻ ശേഷിയുള്ള ഫാക്കൽറ്റികളെ കണ്ടെത്തി നിയമിക്കാൻ കഴിയുന്ന തരത്തിൽ സ്പെഷ്യൽ റൂളും മറ്റനുബന്ധ നിയമങ്ങളും തയ്യാറാക്കണം. ഡയറ്റുകളുടെ അക്കാദമികവും ഭരണപരവുമായ നേതൃത്വം എസ്സിഇആർടിക്കായിരിക്കണം – ഡയറ്റുകളിലെ നിയമങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ സ്പെഷ്യൽ റൂൾ രൂപീകരിക്കാൻ കഴിഞ്ഞു എന്നത് ശ്ലാഘനീയമാണ്. ജില്ലകളിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാമിക നേതൃത്വം നൽകുന്ന സ്ഥാപനമായി ഡയറ്റുകളെ വളർത്തിയെടുക്കേണ്ടതുണ്ട്. പ്രീപ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള കാര്യങ്ങൾ ഇതിന്റെ പരിധിയിൽ കൊണ്ടുവരണം –

സീമാറ്റ്, എസ്ഐഇടി, കൈറ്റ്, ബിആർസി, സിആർസി തുടങ്ങിയ സംവിധാനങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തന രീതി കൂടുതൽ പഠനവിധേയമാക്കുകയും പരിഷ്ക്കരിക്കുകയും വേണം.

PTA, SMC, സ്കൂൾ വികസന സമിതി, സ്കൂൾ സംരക്ഷണ സമിതി, SMDC, MPTA, ക്ലാസ് PTA പൂർവവിദ്യാർത്ഥി സമിതി, പൂർവാധ്യാപക സമിതി, പ്രാദേശിക PTA തുടങ്ങി വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കുന്ന വിവിധ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽ SMC സജീവമാണ്. അത്തരം സ്കൂളുകളിൽ PTA സജീവമല്ല. മറ്റിടങ്ങളിൽ PTA സജീവമാണ് SMC നിർജീവവും – മറ്റ് പല സമിതികളും രൂപീകരണം നടക്കുന്നതല്ലാതെ സജീവമായ നിരന്തര പ്രവർത്തനം പല സ്കൂളുകളിലും നടക്കുന്നില്ല. ഈ സമതികളുടെ പ്രവർത്തനം കൂടുതൽ സജീവവും ശാസ്ത്രീയവുമാക്കുന്നതിനു ഗൗരവമായ പഠനവും ഇടപെടലും ആവശ്യമാണ്.

സ്കൂളിന്റെ പ്രവർത്തനങ്ങളിലും തീരുമാനങ്ങളിലും പ്രയോഗതലത്തിൽ കുട്ടികൾക്ക് റോൾ കുറവാണ് എന്നാണ് കാണുന്നത്. സ്കൂൾ പാർലമെന്റ് സജീവമായി പല സ്കൂളുകളിലും പ്രവർത്തിക്കുന്നില്ല. സ്കൂളുകളിൽ സ്കൂൾ ഭരണഘടനയും ക്ലാസ് ഭരണഘടനയും കുട്ടികളുടെ പങ്കാളിത്തത്തോടെ രൂപീകരിക്കണം. കുട്ടികളുടെ അവകാശങ്ങൾ പൂർണമായും പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ സ്കൂൾ പാർലമെന്റിലൂടെ കഴിയണം. പഞ്ചായത്തിലെ 18 വയസ്സിന് താഴെയുള്ള മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കുട്ടികളുടെ ഗ്രാമസഭ പോലുള്ള സങ്കല്പങ്ങൾ പ്രാവർത്തികമാക്കാൻ ഗ്രാമ പഞ്ചായത്തുകൾക്ക് കഴിയുന്ന സാഹചര്യം ഉണ്ടാകണം.

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ബഹുഭൂരിപക്ഷം കുട്ടികളും ഹൈസ്കൂൾ / ഹയർസെക്കന്ററി അറ്റാച്ച്ഡ് ആയിട്ടുള്ള വിദ്യാലയങ്ങളിലാണ് പഠിക്കുന്നത്. സ്വതന്ത്ര എൽപി യുപി വിദ്യാലയങ്ങൾ എണ്ണത്തിൽ വളരെ കൂടുതൽ ആണെങ്കിലും അവിടെ പഠിക്കുന്ന കുട്ടികൾ താരതമ്യേന കുറവാണ്.

1988 ൽ കോളേജിൽ നിന്ന് പ്രീഡിഗ്രിയെ വേർതിരിച്ച് പ്രത്യേക ബോർഡ് രൂപീകരിക്കാനാണ് അന്നത്തെ യു.ഡി.എഫ് സർക്കാർ തീരുമാനിച്ചത്. രൂക്ഷമായ ചെറുത്തു നില്പിനെ തുടർന്നാണ് ഈ തീരുമാനം നടക്കാതെ പോയത്. പിന്നീട് വന്ന നായനാർ സർക്കാർ ഹയർസെക്കന്ററി സ്കൂളിന്റെ ഭാഗമാക്കുകയുണ്ടായി. ഏതാണ്ട് ഒന്നര ദശകത്തോളം സെക്കന്ററി ഹയർസെക്കന്ററി വ്യത്യാസം ഇല്ലാതെ ഒരു കുടക്കീഴിൽ തന്നെ സെക്കന്ററി വിദ്യാഭ്യാസം മുന്നോട്ട് പോയി. തുടർന്ന് ക്രമേണ രണ്ടും രണ്ട് വിഭാഗമായി മാറുന്ന അവസ്ഥയാണ് ഉണ്ടായത്. ഒരു സ്കൂളിൽ രണ്ട് മേലധികാരി. രണ്ട് ഓഫീസ്, രണ്ട് അസംബ്ലി, രണ്ട് തരം യൂണിഫോം എന്ന അവസ്ഥ. എന്താണൊ ഹയർസെക്കന്ററി വ്യാപനത്തിലൂടെ ലക്ഷ്യമാക്കിയത്. അത് തകിടം മറിയുന്ന അവസ്ഥ. അധ്യാപകർ തമ്മിലും കുട്ടികൾ തമ്മിൽ പോലും എതിർ ധ്രുവങ്ങളിലായി മാറുന്ന അവസ്ഥ സംജാതമായി. സ്കൂൾ സൗകര്യങ്ങൾ ആ വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ഒരു പോലെ പ്രയോജനപ്പെടുത്താൻ കഴിയാത്ത അവസ്ഥ. ഈ സാഹചര്യത്തിലാണ്, പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി വേർതിരിവില്ലാതെ ഒരു സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികളും ഒരു മേലധികാരിയുടെ ചുമതലയിൽ വരണം എന്ന നിർദ്ദേശം രൂപപ്പെട്ടത്.

കാലഘട്ടം മുന്നോട്ടുവയ്ക്കുന്ന വെല്ലുവിളികളെ നിരന്തരം അഭിമുഖീകരിച്ചുകൊണ്ട് മാത്രമേ വിദ്യാഭ്യാസ മേഖലയ്ക്ക് മുന്നോട്ടുപോകാൻ ആവുകയുള്ളൂ. ഇത്തരം മുന്നോട്ടുപോകലുകൾ എല്ലാവരെയും ഉൾക്കൊള്ളുന്നതാകണം അങ്ങനെ സംവിധാനത്തെ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനും ആധുനികീകരിക്കുന്നതിനും കഴിയണമെങ്കിൽ പുതിയ സാധ്യതകളെ പ്രയോജനപ്പെടുത്തേണ്ടതുണ്ട് ഇതിന് കഴിയണമെങ്കിൽ ഘടനാപരമായ മാറ്റങ്ങൾ അനിവാര്യമാണ്. മാറ്റങ്ങൾ കച്ചവട വർഗീയ താല്പര്യങ്ങൾക്ക് അനുസൃതമായി സംഭവിക്കാനുള്ള സാധ്യത മുന്നിൽ കാണണം എല്ലാവരെയും ഉൾക്കൊള്ളുന്നതും ജനാധിപത്യ പരവുമാകുമ്പോഴാണ് ഘടനാ മാറ്റം യാഥാർത്ഥ്യമാകുന്നത്. അത് ഉറപ്പുവരുത്തേണ്ടത് പുരോഗമന പ്രസ്ഥാനങ്ങളുടെയും അധ്യാപക സംഘടനകളുടെയും ചുമതല കൂടിയായും മാറുന്നു.

57

# വിദ്യാഭ്യാസ വ്യവസ്ഥയുടെ പുനഃസംഘടന

ഡോ.ആർ.വിജയമോഹനൻ, (റിട്ട.) ഡയറ്റ് പ്രിൻസിപ്പാൾ

**കു**ട്ടിയുടെ വിദ്യാഭ്യാസത്തെ സ്വാധീനിക്കുന്ന ആന്തരികവും ബാഹ്യവുമായ എല്ലാ ഘടകങ്ങളും ഉൾച്ചേർന്നതാണ് **വിദ്യാഭ്യാസ വ്യവസ്ഥ. സാർവത്രിക വിദ്യാഭ്യാസം എന്ന** ലക്ഷ്യം നാം കൈവരിച്ചുവെങ്കിലും പഠന ഗുണനിലവാരം,തുല്യത,ലിംഗ നീതി,ഭൗതിക സൗകര്യങ്ങൾ, അധ്യാപക ശാക്തീകരണം, അധികാര ശൃംഖല,ഏകോപനം തുടങ്ങിയവയുമായി ബന്ധപ്പെട്ട രണ്ടാം തലമുറ പ്രശ്നങ്ങൾ പൂർണമായി പരിഹരിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ല. നിലവിലുള്ള വിദ്യാഭ്യാസ വ്യവസ്ഥ പുനഃസംഘടിപ്പിക്കേണ്ടതിന്റെ അനിവാര്യതയാണ് ഇത് സൂചിപ്പിക്കുന്നത്.

സ്കൂൾ വിദ്യാഭ്യാസ ഘടനയും ഉദ്യോഗസ്ഥ വിന്യാസവും : വർഷങ്ങളായി നിലനിൽക്കുന്ന വിദ്യാഭ്യാസഘടന തന്നെ സംസ്ഥാനത്ത് പിന്തുടരുന്നതിൽ പ്രശ്നമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ പ്രീപ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള പീനം ഒറ്റ യൂണിറ്റായി കാണുന്നതു കൊണ്ടും പ്രീപ്രൈമറിയുടെ തുടർച്ചയാണ് പ്രൈമറി എന്നുള്ളതുകൊണ്ടും 3 വർഷ പ്രീപ്രൈമറി ഘട്ടം കൂടി ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതാണ് ഉചിതം. ഹൈസ്കൂളിനോട് ചേർന്നുള്ള പ്രീ പ്രൈമറി, പ്രൈമറി വിഭാഗങ്ങളെ സ്വതന്ത്രമാക്കി പ്രത്യേക ഭരണ നിർവഹണത്തിൻ കീഴിൽ കൊണ്ടുവരേണ്ടതുണ്ട്. നിലവിലെ പഞ്ചായത്ത് രാജ് നിയമത്തോടും വികേന്ദ്രീകൃതാസൂത്രണത്തോടും പൊരുത്തപ്പെടുന്നതാകണം വിവിധ തലങ്ങളിലുള്ള ഔദ്യോഗിക സ്ഥാനങ്ങളും ഉദ്യോഗസ്ഥ സംവിധാനവും. ബന്ധപ്പെട്ട പ്രാദേശിക ഭരണകൂടത്തിന്റെ നിർവഹണ ഉദ്യോഗസ്ഥനും വിദ്യാഭ്യാസ കൺവീനറുമായി ഇവർ പ്രവർത്തിക്കണം.ഇവരുടെ നിയമന മാനദണ്ഡങ്ങൾ സർക്കാർ തീരുമാനിക്കണം.

സംസ്ഥാനത്തിലെ ഹയർ സെക്കന്ററി വരെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും മേധാവി ഒരു ഐ.എ.എസ് ഉദ്യോഗസ്ഥനായിരിക്കണം (DGE). ഇദ്ദേഹത്തിനു കീഴിൽ വിവിധ വിഭാഗങ്ങളുടെ ചുമതല വഹിക്കുന്ന അഡീഷണൽ ഡയറക്ടർമാർ ഉണ്ടാകണം. 'സമഗ്ര ശിക്ഷാ കേരളം' എന്നത് ഒരു പ്രോജക്ട് എന്നതിലുപരി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഒരു ഭാഗമായി മാറണം. വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന കോർഡിനേറ്റർമാർ ഒരേ സമയം പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഓഫീസർമാരായും വിദ്യാഭ്യാസ ഓഫീസർമാരുടെ സഹായികളായും പ്രവർത്തിക്കണം. ജില്ലാതല അക്കാദമിക ചുമതല ഡയറ്റിനായിരിക്കണം. ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളുടെ അക്കാദമിക കോർഡിനേറ്റർമാരായി ഡയറ്റ് ഫാക്കൽറ്റികൾക്ക് ചുമതല നൽകണം. പഞ്ചായത്ത് വിദ്യാഭ്യാസ സമിതികൾ(പി.ഇ.സി) പുന:സംഘടിപ്പിക്കണം. പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയും പി.ഇ.സിയും തമ്മിലുള്ള ഏകോപനം ശക്തമാക്കണം. വാർഡ്തലത്തിൽ വിദ്യാഭ്യാസ സമിതികൾ (ണളഇ)രൂപീകരിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ താഴെ തലത്തിലെത്തിക്കണം.

പരീക്ഷാ ബോർഡിന്റെ പുന:സംഘടന: പൊതു പരീക്ഷകൾ, മത്സര പരീക്ഷകൾ, സ്കോളർഷിപ്പ് പരീക്ഷകൾ തുടങ്ങിയവയുടെ ആസൂത്രണത്തിനും നിർവഹണത്തിനും മോണിട്ടറിംഗിനുമായി ഒരു സംസ്ഥാനതല പരീക്ഷാ ബോർഡ് രൂപീകരിക്കണം. വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധർ ഈ ബോർഡിൽ ഉണ്ടാകണം.

അക്കാദമിക സ്ഥാപനങ്ങളുടെ ഏകോപനവും പരസ്പര ബന്ധവും: സംസ്ഥാനത്ത് അക്കാദമിക രംഗത്ത് നടക്കേണ്ട ആശയരൂപീകരണവും പ്രവർത്തനാസൂത്രണവും മേൽനോട്ടവും എസ്.സി.ഇ.ആർ.ടിക്കു തന്നെയായിരിക്കണം. എസ്.സി.ഇ.ആർ.ടിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ബി.എഡ് കോഴ്സിന്റെ ഒന്നോ രണ്ടോ ബാച്ചുകൾ ആരംഭിക്കാൻ സാധിക്കണം. ജില്ലയിലെ അക്കാദമിക നേതൃത്വം ഡയറ്റിനായിരിക്കണം.

വിവിധ വിദ്യാലയ സമിതികളുടെ ഏകോപനവും പുന:സംഘടനയും: ക്ലാസ് പിടിഎ കളും സ്കൂൾ പിടിഎ യും കൂട്ടുത്തരവാദിത്തത്തോടെ പ്രവർത്തിക്കാനുള്ള തന്ത്രം ആവിഷ്കരിക്കണം. അക്കാദമികവും ഇതരവുമായ പ്രവർത്തനങ്ങൾ രണ്ട് സമിതികളും ഏറ്റെടുക്കണം. എല്ലാ ക്ലാസുകളിലെയും പ്രതിനിധികൾ സ്കൂൾ പിടിഎയിൽ ഉണ്ടാകണം. പി.ടി.എ, എസ്.എം.സി എന്നിവയയുടെ വ്യത്യസ്തത നിലനിർത്തിക്കൊണ്ട് അവയ്ക്ക് ഒരു ഏകീകൃത ഘടനയും പ്രവർത്തന മാർഗരേഖ ഉണ്ടാകണം.

അനംഗീകൃത/അംഗീകൃത വിദ്യാലയങ്ങൾ ഇനി ആവശ്യമില്ല : സർക്കാരിന്റെ അംഗീകാര ത്തോടെയും അല്ലാതെയും കച്ചവട താത്പര്യത്തോടെ പ്രവർത്തിക്കുന്ന സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകൾക്ക് വരും വർഷങ്ങളിൽ പ്രവർത്താനാനുമതി(ച.ഛ.ഇ) നൽകേണ്ടതുണ്ടോ എന്ന് സർക്കാർ പരിശോധിക്കണം. നിലവിലുള്ള പൊതു വിദ്യാലയങ്ങൾ ശക്തിപ്പെടുത്തി അയൽപക്ക സ്കൂൾ സംവിധാനം നടപ്പിലാക്കണം.

കുട്ടികളുടെ എണ്ണത്തിലുള്ള വലിയ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കണം : ഒരു വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം വളരെ കുറയുന്നതും ക്രമാതീതമായി വർധിക്കുന്നതും നിരവധിയായ പ്രശ്നങ്ങളാണ് സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്. വിദ്യാലയങ്ങളെ തമ്മിൽ സംയോജിപ്പിച്ചും എന്നാൽ അവയെ നിലനിർത്തി കൊണ്ടും, എൽ.പി, യു.പി, ഹൈസ്കൂൾ തലങ്ങളിൽ പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ എണ്ണം നിജപ്പെടുത്തിക്കൊണ്ടും ഇക്കാര്യം പരിഹരിക്കാൻ കഴിയണം.

പഠന മാധ്യമവും പഠന സമയവും : പ്രീ പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള പഠന മാധ്യമം മാതൃഭാഷയിലാകണം എന്ന ശക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുകയും ഇംഗ്ലീഷ് ഭാഷാപഠനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. കുട്ടികളുടെ പഠനത്തിന് ഏറ്റവും ഉചിതമായ സമയം പ്രഭാതത്തിനോടു ചേർന്നുള്ള സമയമാണെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. രാവിലെ പത്ത് മണി എന്നത് പ്രഭാതത്തിൽ നിന്ന് താരതമ്യേന വളരെ അകലെയായ ഒരു സമയമാണ്. നിലവിലെ സ്കൂൾ പഠന സമയക്രമത്തിൽ ഉചിതമായ മാറ്റം അനിവാര്യം തന്നെ.

സ്കൂൾ പ്രവൃത്തി ദിനങ്ങൾ, ക്ലാസ് ദൈർഘ്യം, യൂണിഫോം : 2009 ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള സാധ്യായ ദിനങ്ങൾ കുട്ടിക്ക് ലഭ്യമാകണം. പ്രവൃത്തി ദിനങ്ങൾ തികയുന്ന മുറയ്ക്കു മാത്രം വിദ്യാലയങ്ങൾക്ക് അവധി നൽകുന്ന രീതി സ്വീകരിക്കണം. അധ്യാപകരെ നോൺ വെക്കേഷൻ ജീവനക്കാരായി പരിഗണിക്കുന്ന കാര്യവും ആലോചിക്കണം. ക്ലാസ് ടീച്ചർ സമ്പ്രദായം നിലനിൽക്കുന്ന പ്രീപ്രൈമറി,പ്രൈമറി ക്ലാസ്സുകളിൽ ഒരു മണിക്കർ പീര്യേഡ് എന്നതിൽ അയവുള്ള ഒരു സമീപനം സ്വീകരിക്കുന്നതാവും ഉചിതം. മറ്റ് കുട്ടികളുമായി ഇടപഴകുന്നതിനും സർഗാത്മക ചിന്തകൾ പങ്കുവയ്ക്കുന്നതിനും ഉല്ലസിക്കുന്നതിനും കുട്ടികൾക്ക് മതിയായത്ര ഇടവേളകൾ കിട്ടുന്ന തരത്തിലാകണം പീര്യേഡിന്റെ ദൈർഘ്യം. കുട്ടികളിൽ തുല്യതാ ബോധം ജനിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സ്കൂൾ യൂണിഫോം പദ്ധതി ആരംഭിച്ചതെങ്കിലും പൂർണ അർത്ഥത്തിൽ ഇത് ഉൾക്കൊള്ളാൻ സാധിച്ചില്ല എന്നു മാത്രമല്ല ചില അനഭിലഷണിയ പ്രവണതകൾക്കും ഇതത് ഇടയാക്കി. കുട്ടികൾക്ക് ആവശ്യമായ പരിഗണനയും അവസരങ്ങളും പിന്തുണയും നൽകി മറ്റുള്ളവർക്കൊപ്പമാണ് തന്റെ സ്ഥാനവും എന്ന് സ്വയം ബോധ്യപ്പെടാനാണ് അവസരം ലഭിക്കേണ്ടത്.

മികച്ച ഭൗതിക സൗകര്യങ്ങളും ശക്തമായ ജനാധിപത്യ സംവിധാനങ്ങളും : സർക്കാർ വിദ്യാലയങ്ങളിൽ പൊതുവെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ സാധിച്ചിട്ടുണ്ട്. ഇത് പൂർണതയിലെത്തിക്കണം. എയ്ഡഡ് സ്വകാര്യ വിദ്യാലയങ്ങളുടെ കാര്യത്തിൽ പ്രായോഗിക പരിഹാരങ്ങൾ കാണണം.സ്കൂൾ കാമ്പസുകൾ സങ്കീർണമായ ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. സ്കൂൾ പാർലമെന്റുകൾ ഉൾപ്പെടെ വിദ്യാർത്ഥികളുടെ ജനാധിപത്യ വേദികളും മറ്റ് സ്കൂൾതല സമിതികളും ശക്തമാക്കിക്കൊണ്ടു മാത്രമേ ഇത് മറികടക്കാൻ കഴിയൂ.

സ്കൂൾ തല മോണിട്ടറിംഗ് : പ്രവർത്തന ബാഹുല്യത്തിനിടയിൽ ക്ലാസ്/വിദ്യാലയ മോണിറ്ററിംഗ് കാര്യക്ഷമമായി നിർവഹിക്കാൻ പ്രഥമാധ്യാപകന് സാധ്യമല്ലാത്ത സ്ഥിതിക്ക് എല്ലാ സ്കൂൾ പ്രഥമാധ്യാപകരെയും ക്ലാസ് ചുമതലയിൽ നിന്നും ഒഴിവാക്കണം. മോണിട്ടറിംഗ് സംബന്ധിച്ച് കാലാകാലങ്ങളിൽ ആവശ്യമായ മാർഗനിർദേശങ്ങളും പരിശീലനങ്ങളും വിദ്യാഭ്യാസ വകുപ്പ് നൽകേണ്ടതുണ്ട്. എല്ലാ തലങ്ങളിലും ശാസ്ത്രീയവും കാര്യക്ഷമമായ മോണിറ്ററിംഗ് രീതി അവലംബിക്കണം.

മികച്ച അധ്യാപക സമൂഹ സൃഷ്ടിയിലേക്ക് : അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത കൂടാതെ അധ്യാപനാഭിരുചിയും ആഭിമുഖ്യവും കഴിവും ഉള്ളവരെ അധ്യാപനവൃത്തിയിലേക്ക് തെരഞ്ഞെടുക്കണം. എയ്ഡഡ് സ്കൂൾ അധ്യാപക നിയമനവും പി.എസ്.സിക്കു വിടണം.കലാ,കായിക, പ്രവൃത്തി വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള അധ്യാപകരെയും സ്പെഷ്യൽ എഡ്യുക്കേറ്റർമാരെയും എല്ലാ വിദ്യാലയങ്ങളിലും നിയമിക്കണം. അധ്യാപക വിദ്യാർത്ഥി അനുപാതം ക്രമീകരിക്കണം. സീനിയോറിറ്റിയും ഒപ്പം മികവും പരിഗണിച്ചുകൊണ്ടുള്ള ഒരു പ്രമോഷൻ രീതി എല്ലാ തലങ്ങളിലും നടപ്പിലാക്കണം. പ്രമോഷൻ ലഭിച്ചവർക്ക് പ്രത്യേക ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കണം. പഠന ദിനങ്ങൾ നഷ്ടപ്പെടാത്ത വിധം വേണം അധ്യാപക ശാക്തീകരണ പരിപാടികൾ നടത്താൻ.അധ്യാപകർക്ക് ഉപരിപഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകാം. അധ്യാപക പരിശീലന സ്ഥാപനങ്ങളിലെ അധ്യാപകർക്കും കാലാകാലങ്ങളിൽ പരിശീലനം നൽകണം.

ഉദ്യോഗസ്ഥ സ്ഥലം മാറ്റം: ജൂൺ മാസത്തിൽ അധ്യയനം ആരംഭിക്കുന്നതിനു മുമ്പുതന്നെ നടത്താൻ കഴിയണം. കോർപറേറ്റ് മാനേജ്മെന്റ് വിദ്യാലയങ്ങളിലും കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രൊമോഷനും സ്ഥലം മാറ്റവും നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. ഗോത്രവർഗ മേഖലയിലും പാർശ്വവൽക്കൃത ജനവിഭാഗങ്ങൾ കൂടുതലുള്ള മേഖലകളിലും അധ്യാപക നിയമനത്തിൽ കാലവിളംബം വരുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

മേളകളുടെ പുനഃസംഘടന അനിവാര്യം : പഞ്ചായത്ത് രാജ് സംവിധാനത്തിന് പൊരുത്തപ്പെടുന്ന രീതിയിൽ സംഘടിപ്പിക്കണം. ബ്ലോക്കുതല (ഇപ്പോഴത്തെ ഉപജില്ലാതലം) മേളയിൽ എല്ലാ വിദ്യാലയങ്ങളിൽ നിന്നും പങ്കെടുക്കുന്ന രീതി ഒഴിവാക്കണം. പഞ്ചായത്ത് തലത്തിൽ അതിനുള്ള അവസരം നൽകണം. അധ്യാപകരുടെയും കുട്ടികളുടെയും ക്ലാസ് സമയം നഷ്ടപ്പെടാത്തവണ്ണം മേളകൾ നടത്തുന്ന കാര്യം ആലോചിക്കണം.

അധ്യാപക സംഘടനകളുടെ ആധിക്യം മൂലമുള്ള പ്രശ്നങ്ങൾ ഇല്ലാതാകണം : റഫറണ്ടത്തിലൂടെ ഇക്കാര്യം പരിഹരിക്കാൻ കഴിയുമെങ്കിൽ നടപ്പാക്കണം. അധ്യാപക സംഘടനകളുടെ അവകാശങ്ങൾ തടയാതെ, അവരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് പ്രത്യേക മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിലെ അധ്യാപകരുടെ രാഷ്ട്രീയ പാർട്ടി പ്രവർത്തന സ്വാതന്ത്ര്യ വുമായി ബന്ധപ്പെട്ട് വ്യക്തമായ നിലപാട് കൈക്കൊള്ളണം. മേൽ സൂചിപ്പിച്ച കാര്യങ്ങൾ പരിഗണിച്ചു കൊണ്ട് ആവശ്യമായ മാറ്റങ്ങൾ കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ടതാണ്.

# പഠന ബോധന സമീപനങ്ങൾ

58

## അറിവുനിർമ്മാണവഴി ഉറപ്പാക്കുന്ന ബോധനം

ഡോ. എം.വി.ഗംഗാധരൻ (റിട്ട.സീനിയർ ലക്ചറർ,ഡയറ്റ് കാസറഗോഡ്), 9495073510

സ്കൂൾവിദ്യാഭ്യാസത്തിൽ കേരളം കുറെ വർഷങ്ങളായി പിന്തുടരുന്ന പാഠ്യപദ്ധതിയുടെ അടിത്തറയായി സ്വീകരിച്ചത് സാമൂഹ്യജ്ഞാനനിർമിതി വാദമാണ് (Social constructivism). ഇതിനനുപൂരകമായി വിമർശനാത്മക ബോധനം (critical Pedagogy) ശിശുകേന്ദ്രിത സമീപനം (child centered approach) പ്രശ്നോന്നിത വിദ്യാഭ്യാസം (problem pausing education) തുടങ്ങിയവയും മുന്നോട്ടുവച്ചു.കുട്ടിക്ക് അറിവ് നിർമ്മിക്കാനുള്ള കഴിവുണ്ടെന്നതാണ് സാമൂഹ്യജ്ഞാനനിർമിതി വാദത്തിന്റെ പ്രധാന അടിത്തറ. തന്റെ ഇപ്പോഴത്തെ അറിവുനില പര്യാപ്തമല്ലാതെ വരുന്ന സന്ദർഭമുണ്ടാകുമ്പോൾ ചുറ്റുപാടുമുള്ള സാധ്യതകൾ ധതന്നെക്കാൾ അറിവും കഴി വുമുള്ളവരുടെ സഹായം, മികച്ച മാതൃകകൾ, അനുഗുണമായ ബൗദ്ധിക ഉപകരണങ്ങൾ (Cognitive tools) തുടങ്ങിയ വപ പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടി കൂടുതൽ മെച്ചപ്പെട്ട അറിവ് നിർമിക്കാനുള്ള പ്രവർത്തനത്തിൽ ഏർപ്പെടും. സഹവർത്തിതവും സഹകരണാത്മകവുമായ പ്രവർത്തനവും പ്രവർത്തനാന്തരീക്ഷവും ഇതിന് അനിവാര്യമാണ്. സാമൂഹ്യ ജ്ഞാന നിർമിതി വാദത്തിന് വേറെയും പ്രായോഗിക വശങ്ങളുണ്ട്. ശരിമാതൃകകളോടു താരതമ്യം ചെയ്ത് സ്വയം വിലയിരുത്തി കുട്ടി തന്റെ അറിവ് മെച്ചപ്പെടുത്തും, ഇങ്ങനെ വിലയിരുത്താൻ വേണ്ട മാനസികോപകരണങ്ങളുടെ (mental tools) സ്വാംശീകരണം അറിവുനിർമാണത്തെ പോഷിപ്പിക്കുന്ന പ്രധാന മാനസികപ്രവർത്തനമാണ്,ഇത്തരം മാനസികപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള സന്ദർഭവും സഹായവും ക്ലാസ്മുറിയിൽ ഒരുക്കലും സമയോചിതമായി മടക്കധാരണ നൽകലും ഉണ്ടാകുന്ന മികവുകളെ പ്രോത്സാഹിപ്പിക്കലും അഭിനന്ദിക്കലുമാണ് അധ്യാപകരുടെ പ്രധാന റോൾ എന്നിവ ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ്.

ഈ അടിസ്ഥാന വശങ്ങൾ പരിഗണിക്കുന്നതും അതിന് അനുകൂലവും അനുഗുണവുമായിരിക്കണം സ്കൂളിലും ക്ലാസ്മുറിയിലും സ്വീകരിക്കേണ്ട പഠന-ബോധന സമീപനങ്ങൾ. പഠനവുമായി ബന്ധപ്പെട്ട പഠനപ്രക്രിയ, പഠനസമയം, പഠനാന്തരീക്ഷം, പഠനോപകരണങ്ങൾ, വിലയിരുത്തൽ, ഗൃഹപഠനം, അധ്യാപകരുടെ റോൾ, വിദ്യാലയസംവിധാനങ്ങൾ തുടങ്ങിയവയിലെല്ലാം ഈ സമീപനം പ്രതിഫലിക്കണം.

### പഠനപ്രക്രിയ

അറിവുനിർമാണം നടക്കുന്ന ക്ലാസുകളിൽ ആശയരൂപീകരണത്തിന് ആവശ്യമായ സമയം നിർണയിക്കുന്നത് അറിവുനിർമാണത്തിന്റെ പ്രക്രിയയാണ്. കുട്ടികളുടെ നിലവിലുള്ള അറിവിന്മേൽ പഠനപ്രശ്നം രൂപപ്പെടുക, അതിന്റെ പരിഹരണത്തിനായി കുട്ടി വ്യക്തിഗത ഉദ്യമങ്ങളിൽ ഏർപ്പെടുക, ക്ലാസുമുറിയെന്ന സമൂഹത്തിൽ അവ അവതരിപ്പിക്കുക, രൂപപ്പെടുന്ന അറിവുരൂപങ്ങൾ മെച്ചപ്പെടുത്താനുള്ള മാനദണ്ഡങ്ങൾ കുട്ടികളുമായിച്ചേർന്ന് രൂപപ്പെടുത്തുക,ഈ മാനദണ്ഡങ്ങൾ ഉപയോഗിച്ച് തങ്ങൾ പിന്തുടർന്ന പ്രക്രിയയും രൂപപ്പെടുത്തിയ ഉല്പന്നവും വിലയിരുത്തുകയും മെച്ചപ്പെടുത്തുകയും പരിഷ്കരിച്ചു തയ്യാറാക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള സാമാന്യപ്രക്രിയകൾ ഏതൊരു അറിവുനിർമാണക്ലാസിലും കുട്ടികൾ നടത്തേണ്ടതാണ്.അതെല്ലാം സ്വയമേവ സംഭവിക്കുകയില്ല. പഠിതാക്കളെ പ്രചോദിപ്പിക്കുക, അവർക്കു മുന്നിൽ പഠനപ്രശ്നം അവതരിപ്പിക്കുക,അവരുടെ പ്രകടനങ്ങളെ നിരീക്ഷിച്ച് വിലയിരുത്തിക്കൊണ്ട് ആവശ്യമായ പ്രോത്സാഹനങ്ങളും നിർദേശങ്ങളും ചിന്താപ്രേരണകളും സാമഗ്രികളും മറ്റും നൽകുക (വാസ്തവത്തിൽ, ഇതാണ് തുടർവിലയിരുത്തലിന്റെ-continuous evaluation-കാതൽ), മനസ്സിലാക്കിയതെന്തെന്ന് വ്യക്തമാവാൻ പഠിതാക്കളെ സഹായിക്കുക തുടങ്ങി അധ്യാപിക / അധ്യാപകൻ നടത്തുന്ന ബോധനപ്രക്രിയകളുടെ ഭാഗമായാണ് ഇത്തരം പഠനപ്രക്രിയകൾ ഫലപ്രദമായി നടക്കുക.അറിവു നിർമാണത്തിന്റെ ഈ പ്രക്രിയകൾ പാലിക്കപ്പെടുകയെന്നതിൽ സന്ധി പാടില്ലാത്തതാണ്.

### പഠനസമയം

ഈ രീതിയിൽ പഠനം നടത്താൻ ആവശ്യമായ സമയം കിട്ടുന്നില്ലെന്നത് പഠനപ്രക്രിയ ചിട്ടയായി പാലിക്കാതിരിക്കുന്നതിനും പഠനഫലം കൃത്യമായി ലഭിക്കാതിരിക്കുന്നതിനും കാരണമായിട്ടുണ്ട്. ഇത് ഏതുവിധേനയും പരിഹരിക്കപ്പെടണം. ഓരോ വിഷയ

ത്തിലും നിരവധി പഠനപ്രവർത്തനങ്ങളും അവയുടെ വിലയിരുത്തൽ പ്രവർത്തനങ്ങളും നിർദേശിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കുമായി ആകെ എത്രസമയം വേണ്ടിവരുമെന്ന് പാഠ്യപദ്ധതി - പാഠപുസ്തക രൂപീകരണസമയത്ത് ശാസ്ത്രീയമായി കണക്കാക്കുന്ന രീതി ഇപ്പോൾ നിലവിലില്ല. പകരം, ആകെ ലഭിക്കുന്ന പ്രവൃത്തിദിനങ്ങൾ ഉപയോഗിച്ച് 'എല്ലാം ചെയ്യാൻ' അധ്യാപകർ നിർബന്ധിക്കപ്പെടുകയാണ്.അപ്രതീക്ഷിത അവധികൾ, അധ്യാപകർ ദീർഘകാലം അവധിയിലാകുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്തായ്ക, ഉച്ചഭക്ഷണ പരിപാടിയുടെ സംഘാടനപ്രവർത്തനങ്ങൾ, വിവിധതരം മേളകളും മത്സരങ്ങളും നടത്തുന്നതിനും കുട്ടികളെ പങ്കെടുപ്പിക്കുന്നതിനും നിയോഗിക്കപ്പെടൽ തുടങ്ങിയ അനേകം കാര്യങ്ങൾ ക്ലാസുമുറിയിൽ കുട്ടികൾക്കു ലഭിക്കേണ്ട അധ്യാപക സാന്നിധ്യം വലിയ തോതിൽ നഷ്ടപ്പെടുത്തുന്നുണ്ട്. ഇതെല്ലാം ബാധിക്കുന്നത് കുട്ടികൾക്ക് ശാസ്ത്രീയമായി ലഭിക്കേണ്ട പഠനാനുഭവങ്ങളുടെ അളവിനെയും അതിന്റെ സമ്പുഷ്ടതയെയുമാണ്.

പഠനപ്രക്രിയ നൈരന്തര്യത്തോടെ നടക്കണമെങ്കിൽ കുറച്ചുകൂടി സമയദൈർഘ്യം പീര്യേഡുകൾക്ക് ആവശ്യമാണ്. എൽ.പി. ക്ലാസ്സുകളിൽ ക്ലാസ്ടീച്ചർ സമ്പ്രദായം നടപ്പാക്കുന്നതുവഴി ഇതു കുറെയൊക്കെ സാധ്യമാക്കാം. കൂടാതെ,തന്റെ ക്ലാസിന്റെ സാഹചര്യത്തിനുസരിച്ച് ഓരോ വിഷയത്തിനും ആവശ്യമായ വിധം സമയക്രമീകരണം വരുത്താൻ ടീച്ചർക്ക് സ്വാതന്ത്ര്യം ലഭിക്കുകയും വേണം.

### പഠനാന്തരീക്ഷം

അന്വേഷണാത്മകപഠനത്തിന് ഏറ്റവും അനുയോജ്യമായ അന്തരീക്ഷമാവണം ക്ലാസിൽ പുലരുന്നത്. ഭൗതികസൗകര്യങ്ങളിലും വൈകാരിക-മാനസികതലത്തിലും ഇത് പ്രധാനമാണ്. ഇരിപ്പിടസൗകര്യങ്ങൾ സംഘപഠനത്തിനും പൊതുഅവതരണത്തിനും സർഗാത്മകപ്രകടനങ്ങൾക്കും വഴങ്ങുന്ന തരത്തിൽ യഥാസമയം പുന:ക്രമീകരിക്കാൻ പറ്റുന്ന വഴക്കത്തോടെയുള്ളതായിരിക്കണം. കുട്ടികളുടെ പുസ്തകങ്ങളും മറ്റു സാമഗ്രികളും ചിട്ടയായി സൂക്ഷിക്കാനും പഠനോപകരണങ്ങൾ ആവശ്യാനുസരണം എടുക്കാവുന്ന തരത്തിൽ ക്രമീകരിക്കാനും വേണ്ട സൗകര്യങ്ങളുണ്ടാവണം. ക്ലാസ് ലൈബ്രറി, വായനമൂല തുടങ്ങിയ സംവിധാനങ്ങൾ കൂടിയേ തീരൂ. കുട്ടികളുടെ രചനകളും ഉല്പന്നങ്ങളും പ്രദർശിപ്പിക്കാനും പുനരുപയോഗിക്കാനും പറ്റിയ ഇടങ്ങൾ ഉണ്ടാകണം. സംശയങ്ങളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിർഭയമായി അവതരിപ്പിക്കാൻ കുട്ടികൾക്ക് സാധിക്കണം. പ്രോത്സാഹനവും അഭിനന്ദനവും ലഭിച്ചുകൊണ്ടേയിരിക്കണം. വ്യത്യസ്ത പഠനവേഗങ്ങളോടുകൂടിയ എല്ലാ കുട്ടികൾക്കും (ഭിന്നശേഷിക്കാർക്കടക്കം) അർഹമായ അവസരവും പരിഗണനയും പിന്തുണയും അധ്യാപകർ ഒരുക്കുന്നുണ്ടാകണം. വിശ്വാസവും അഭിമാനബോധവുമുള്ള അന്തരീക്ഷത്തിലേ പഠനം സുഗമമാവൂ.

### പഠനോപകരണങ്ങൾ

അറിവുനിർമ്മാണ പ്രക്രിയയിലധിഷ്ഠിതമായ പഠനത്തിന് പഠന -ബോധന ഉപകരണങ്ങൾ അനിവാര്യമാണ്. എല്ലാ കുട്ടികൾക്കും മതിയായ അനുഭവമൊരുക്കാൻ കഴിയുംവിധം എണ്ണത്തിലും വൈവിധ്യത്തിലും സമ്പന്നമായ രീതിയിൽ പഠനോപകരണങ്ങൾ ഒരുക്കണം. എല്ലാ ക്ലാസിലെയും എല്ലാ വിഷയത്തിലെയും പഠനത്തിന് വർഷം മുഴുവൻ ആവശ്യമുള്ള എല്ലാ പഠനോപകരണങ്ങളും നിർമ്മിച്ചും ശേഖരിച്ചും വാങ്ങിയും മറ്റുതരത്തിലും ഒരുക്കിവെച്ചിട്ടുള്ള പഠനോപകരണ സമ്പുഷ്ടവിദ്യാലയമായി മാറണം. വിലയിരുത്തൽ

അറിവുനിർമ്മാണം സുഗമമായ രീതിയിൽ നടന്നു മുന്നേറുന്നു എന്ന് യഥാസമയം ഉറപ്പുവരുത്തലാണ് വിലയിരുത്തലിന്റെ ഭാഗമായി നടക്കേണ്ട പ്രധാന കാര്യം. അതായത് വിലയിരുത്തൽ പഠനത്തോടൊപ്പം നടക്കേണ്ടതാണ്. ഇന്നത്തെ എഴുത്തുപരീക്ഷകൾ ഈയടിസ്ഥാനത്തിൽ ഒട്ടും അനുയോജ്യമല്ല. പഠിപ്പിക്കൽ കഴിഞ്ഞ് എപ്പോഴോ നടത്തുന്ന പരിശോധന കുട്ടിക്ക് അറിവ് നിർമ്മിക്കുന്നതിൽ പ്രത്യേകിച്ച് സംഭാവനയൊന്നും നൽകുകയില്ല.തടസ്സം കണ്ടെത്തലോടൊപ്പം, അതിനേക്കാൾ പ്രധാനമായി, നടക്കേണ്ടത് തടസ്സം നീക്കാനുള്ള സഹായം നൽകലാണ്. അതില്ലാത്ത വിലയിരുത്തൽ നിഷ്ഫലമാണ്.

### ഗൃഹപാഠം

സാമ്പ്രദായികരീതിയിലുള്ള ഗൃഹപാഠങ്ങൾ ഗുണം ചെയ്യില്ലെന്നു മാത്രമല്ല തടസ്സമുണ്ടാക്കുകയും ചെയ്യും. നിർമിച്ച അറിവ് പ്രയോഗിക്കപ്പെടുന്ന പുതിയ സന്ദർഭങ്ങൾ (സാഹിത്യരചനകൾ, കലാപ്രകടനങ്ങൾ, മറ്റു ജീവിത സന്ദർഭങ്ങൾ...) അനുഭവിക്കാനും,തനിക്ക് ഇവ പ്രയോഗിക്കാൻ കഴിയുന്ന സന്ദർഭങ്ങളിൽ (സംഭാഷണം, കൃഷി, യാത്രകൾ തുടങ്ങിയ ജീവിത വ്യവഹാരങ്ങൾ) ഏർപ്പെടാനുമുള്ള വേളകളാകണം ഗൃഹപാഠങ്ങൾ. ഇങ്ങനെയുള്ള അവസരങ്ങൾവഴിയാണ് തന്റെ അറിവിനെ സ്വയം വിലയിരുത്തി കൂടുതൽ മികവിലേക്കുയർത്താൻ പഠിതാവിന് കഴിയുക.

### മറ്റു സംവിധാനങ്ങൾ

അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാലയസംവിധാനം എന്നിവയിലെല്ലാം മേൽപ്പറഞ്ഞ അടിസ്ഥാനത്തിൽ വിഭാവനം ചെയ്ത മാറ്റങ്ങൾ പുലരണം. കുട്ടി നടത്തുന്ന സാമൂഹ്യ-സാംസ്കാരിക പ്രവർത്തനമായ പഠനത്തിന് അനുകൂലമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും പ്രവർത്തിക്കുന്ന ഒരു സമഗ്ര പരിപാടിയായി വിദ്യാലയപ്രവർത്തനം (Schooling) മാറുമ്പോൾ മാത്രമേ പാഠ്യപദ്ധതിയിൽനിന്ന് ഉദ്ദേശിക്കുന്ന പൂർണഫലം ലഭിക്കൂ.

59

# പഠനബോധനസമീപനം

വി.അജയകുമാർ

**കു**ട്ടി എങ്ങനെയാണോ പഠിക്കുന്നത്? അങ്ങനെ തന്നെ പഠിക്കാൻ കുട്ടിയെ സഹായിക്കുക എന്നതാണ് ശരിയായ ബോധനരീതി. അറിവ് നിർമ്മാണ പ്രക്രിയയിൽ അടിസ്ഥാനപരമായി സമാനതകൾ ഉള്ളപ്പോഴും പഠന വേഗതയിലും പഠന രീതിയിലും പ്രകൃതത്തിലും ഓരോ കുട്ടിയും വ്യത്യസ്തരാണ്. ഒരേ പഠന വസ്തുത പല കുട്ടികൾക്കും പല വേഗതയിൽ ആയിരിക്കും നേടാൻ കഴിയുന്നത്അതുപോലെതന്നെ ചിലർക്ക് ഒരു കാര്യം കേട്ടു മനസ്സിലാക്കാൻ കഴിയും മറ്റു ചിലർക്ക് ചർച്ചകളിൽ ഏർപ്പെടുമ്പോഴാണ് കൃത്യമായ അറിവ് നിർമ്മിക്കാൻ കഴിയുന്നത്. മറ്റു ചിലർക്ക് സംവാദങ്ങൾ ഏർപ്പെടുമ്പോഴും ചിലർക്ക് കായിക പ്രവർത്തികളിൽ ഏർപ്പെടുമ്പോഴും ചിലർക്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴും ഒക്കെയാണ് അറിവ് നിർമ്മിക്കാൻ കഴിയുന്നത്. വിവിധ പഠന രീതികളിൽ പ്രാവീണ്യം ഉള്ളവരും ധാരാളം ഉണ്ട്. ഒരു കാര്യം ഉറപ്പാണ്. ചിന്തയിലാണ് പഠനം നടക്കുന്നത്. അനുഭവപ്പെട്ട ഒരു പ്രശ്നം, വിശകലനം ചെയ്യുകയും അതിന്റെ പരിഹാര രീതി കണ്ടെത്തുകയും ആ പ്രശ്നത്തെ പരിഹാരിക്കാനായി വ്യത്യസ്ത മാർഗങ്ങളിലൂടെ കടന്നു പോവുകയും ചെയ്യുമ്പോഴാണ് ചിന്ത നടക്കുന്നത്. ഈ ചിന്തയാണ് ജ്ഞാന നിർമ്മിതിക്ക് ആധാരം. കുട്ടിക്ക് തന്റെ ചിന്തയെ ക്കുറിച്ച് ചിന്തിക്കുന്നതിനും തന്റെ ചിന്താ പ്രക്രിയയിലെ പോരായ്മകൾ സ്വയം തിരിച്ചറിയുന്നതിനും അവസരം ലഭിക്കണം.

അറിവ് നിർമ്മാണത്തിന് പ്രധാന്യം നൽകുന്ന ശിശുകേന്ദ്രീകൃതവും പപ്രവർത്തനാധിഷ്ഠിതവുമായ പാഠ്യപദ്ധതി നിലവിൽ വന്നിട്ട് ദശകങ്ങൾ പിന്നിട്ടിട്ടും ഇപ്പോഴും നമ്മുടെ ക്ലാസ് മുറികളിൽ ബഹുഭൂരിപക്ഷവും ബിഹേവിയറിസ്റ്റ് രീതിയില് തന്നെയാണ് പ്രവർത്തിക്കുന്നത്. കേവലമായ അറിവിന്റെ വിതരണക്കാരായി അധ്യാപകർ മാറിപ്പോകുന്ന അവസ്ഥയാണ് പലപ്പോഴും കാണുന്നത്, അധ്യാപകൻ ഒരു കാര്യം വിശദീകരിച്ചു പറയുമ്പോഴാണ് കുട്ടി പഠിക്കുന്നത് എന്ന ധാരണയാണ് പല അധ്യാപകരും രക്ഷാകർത്താക്കളും വച്ചുപുലർത്തുന്നത്. ഇത്തരം വിശദീകരണം രീതികളും ഡെമോൺസ്ട്രേഷനുകളും കുട്ടിയെ പഠനത്തിൽ വളരെ കുറച്ചു മാത്രമേ സഹായിക്കുകയുള്ളൂ എന്ന് നാം ഇനിയും തിരിച്ചറിയേണ്ടിയിരിക്കുന്നു. ചിന്തോദ്ദീപകമായ ചോദ്യങ്ങളിലൂടെ അധ്യാപകൻ ക്ലാസിൽ നടത്തുന്ന സംവാദങ്ങൾ ഒരു പരിധി വരെ അറിവ് നിർമ്മാണത്തിന് സഹായിക്കുന്നുണ്ട് എന്നത് നിഷേധിക്കുവാൻ കഴിയില്ല എന്നാൽ ഓരോ കുട്ടിയേയും ഉൾച്ചേർത്തു കൊണ്ടുള്ള ശരിയായ പഠനത്തിന് ഈ രീതി ഫലപ്രദമല്ല.

കുട്ടിക്ക് അനുഭവപ്പെടുന്ന പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി നടത്തുന്ന സൂക്ഷ്മവും കൃത്യവുമായ പ്രക്രിയകളാണ് പഠനത്തിലേക്ക് നയിക്കുന്നത്. പ്രശ്നം അനുഭവപ്പെടൽ, അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തൽ, അതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കൽ, പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടൽ, ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കൽ, രൂപീകരിച്ച നിഗമനങ്ങളെ തെളിവുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ, പുതിയ തെളിവുകൾ കണ്ടെത്തൽ,പുതിയ സന്ദർഭത്തിൽ പ്രയോഗിച്ചു നോക്കൽ, നേടിയ അറിവിനെ വീണ്ടും വീണ്ടും പുന:പരിശോധിക്കൽ തുടങ്ങിയ പ്രക്രിയകളിലൂടെയാണ് ശരിയായ പഠനം നടക്കുന്നത്. ഈ പ്രക്രിയയിലൂടെ കുട്ടിക്ക് കടന്നുപോകാനുള്ള അവസരം സൃഷ്ടിക്കുകയാണ് പഠനബോധന സമ്പ്രദായത്തിലൂടെ അധ്യാപകൻ ചെയ്യേണ്ടത് കുട്ടിക്ക് സ്വന്തം അനുഭവങ്ങളെ മുന്നനുഭവങ്ങളുമായി ബന്ധിപ്പിച്ച് താരതമ്യം ചെയ്ത് കൂടുതൽ മെച്ചപ്പെട്ട അറിവ് നേടാനും പുതിയ നിഗമനങ്ങൾ രൂപീകരിക്കാനും സ്വയം വിലയിരുത്തി മെച്ചപ്പെടാനും അവസരങ്ങൾ ലഭിക്കണം. അൺലേൺ ചെയ്യാനുള്ള കഴിവും മനോഭാവവും വളരുക എന്നത് പരമ പ്രാധാനമാണ്.

ഓരോ കുട്ടിയേയും ഉൾച്ചേർത്തുകൊണ്ടുള്ള പഠനബോധന സമ്പ്രദായമാണ് നടക്കേണ്ടത് ഇന്ന് സാധാരണയായി ക്ലാസിൽ നടന്നുവരുന്ന പഠനബോധന സമ്പ്രദായങ്ങൾ കേട്ട് പഠിക്കാൻ കഴിവുള്ള മുൻനിരക്കാർ എന്ന് അറിയപ്പെടുന്ന ഒരു വിഭാഗം കുട്ടികളെ മാത്രമാണ് പരിഗണിക്കപ്പെടുന്നത്. കേട്ടു പഠിക്കാനും വായിച്ചു പഠിക്കാനും സവിശേഷ കഴിവുള്ള ഏതാനും കുട്ടികൾ മാത്രമാണ് ഇവിടെ പരിഗണിക്കപ്പെടുന്നത്.

ബഹുമുഖ ബുദ്ധി ശേഷിയുള്ളവരാണ് കുട്ടികൾ. എല്ലാ കുട്ടികളും ബഹുമുഖ ബുദ്ധി ശേഷിയുള്ളവരാണെങ്കിലും ചില കഴിവുകളിൽ അവർ സവിശേഷ മികവ് പുലർത്തി എന്ന് വരാം. അതുപോലെ തന്നെ ചില കഴിവുകളിൽ അവർക്ക് പരിമിതി ഉണ്ട് എന്നും വരാം. ഒരു കുട്ടി എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടണം എന്ന് കരുതുന്നത് ശരിയല്ല. എല്ലാത്തിലും ടാലന്റ് ഉള്ളതായി ഒരു കുട്ടിയും ഉണ്ടാകാൻ സാധ്യതയില്ല. ഒരു കുട്ടി എല്ലാത്തിലും എ പ്ലസ് നേടി എന്ന് പറഞ്ഞാൽ ആ കുട്ടി എല്ലാത്തിലും ഉയർന്ന നിലവാരം പുലർത്തുന്നു എന്ന് അർത്ഥവുമില്ല. ഓരോ കുട്ടിയുടെയും സവിശേഷ ടാലന്റ് കണ്ടെത്തുകയും അതിന്റെ പരമാവധിയിലേക്ക് ഉയരാൻ അവനെ സഹായിക്കുകയും ചെയ്യുക എന്നത് പരമപ്രധാനമാണ്. അതുപോലെ തന്നെ അതിജീവനത്തിന് ആവശ്യമായ ഏതെങ്കിലും

ശേഷികളിൽ കുട്ടി പിന്നാക്കം നിൽക്കുന്നുണ്ടെങ്കിൽ ആ പരിമിതി മറികടക്കാൻ അവനെ സഹായിക്കുക, ആവശ്യമായ പിന്തുണ നൽകുക എന്നതും ഏറെ പ്രധാനമാണ്.

ഓരോ കുട്ടിക്കും പങ്കാളിത്തം ലഭിക്കുന്ന രീതിയിൽ ക്ലാസ് റൂം പ്രക്രിയ മാറേണ്ടിയിരിക്കുന്നു. ഇതിനായി ഓരോ കുട്ടിയുടേയും കഴിവും പരിമിതിയും തിരിച്ചറിയുകയും അനുയോജ്യമായ പഠന ബോധന പ്രക്രിയ ബോധപൂർവ്വമായി ആസൂത്രണം ചെയ്ത് പ്രവർത്തന ശൃംഖലകൾ നടപ്പാക്കണം.

ഒരു പഠന പ്രശ്നം അനുഭവപ്പെടുന്നതിന് തന്നെ വ്യത്യസ്ത കുട്ടികൾക്ക് വ്യത്യസ്ത രീതികൾ അനിവാര്യമായി വന്നേക്കാം. ഇതുപോലെ ഓരോ പ്രക്രിയയിലും ഒരോ കുട്ടിക്കും വൈവിധ്യമാർന്ന പിന്തുണയാണ് ലഭിക്കേണ്ടത്.

ശരിയായ പഠന ബോധന രീതി നടപ്പാക്കുന്ന ക്ലാസ്സിന്റെ സവിശേഷതകൾ ചുവടെ കൊടുക്കുന്നു.

1. കുട്ടിയുടെ ആത്മ വിശ്വസം സ്വതന്ത്ര ചിന്ത പ്രശ്ന പരിഹരണ രീതി, വിമർശനാമക ചിന്ത എന്നിവക്ക് ഊന്നൽ നൽകുന്നത്
2. ആധുനിക ജനാധിപത്യ സങ്കല്പങ്ങൾക്ക് ഇണങ്ങുന്നതും വിദ്യാഭ്യാസ തുല്യതയിലും നീതിയിലും അധിഷ്ഠിതമായതും
3. ഒരേ പ്രശ്നം വ്യത്യസ്തങ്ങളായ രീതികളിൽ വിശകലനം ചെയ്യാനും പരിഹരിക്കാനുമുള്ള അവസരം ഉറപ്പാക്കുന്നത്
4. വ്യത്യസ്ത പഠനരീതികളിലൂടെ കടന്നു പോകാൻ അവസരം ലഭിക്കുന്നത്.
5. സഹകരണാത്മകവും സഹവർത്തിതവുമായ പഠനത്തിന് ഇടം നൽകുന്നത്.
6. ഗവേഷണത്തിന് പ്രാധാന്യം നൽകുന്നത്.
7. ക്ലാസ്സിലെ നാല് ചുവരുകൾക്ക് പുറത്തേക്ക് പഠനം വ്യാപിപ്പിക്കാൻ ഉതകുന്നത്
8. പാഠഭാഗത്തുള്ള ആശയങ്ങളെ കുട്ടികൾക്ക് വെല്ലുവിളി ഉണർത്തുന്ന പഠന പ്രശ്നങ്ങളായി അനുഭവപ്പെടുത്തുകയും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ചിന്താ പ്രക്രിയകളിലൂടെ കടന്നു പോകാൻ ഉതകുന്നത്.
9. പ്രശ്ന വിശകലനം, ഊഹം രൂപീകരിക്കൽ, ശേഖരിക്കേണ്ട ദത്തങ്ങൾ തീരുമാനിക്കൽ, ദത്തശേഖരണം, മോഡലിംഗ്, പ്രശ്നപരിഹരണം. വിലയിരുത്തൽ സൂചകങ്ങൾ കണ്ടെത്തൽ, സ്വയം വിലയിരുത്തൽ, ചിന്താ പ്രക്രിയയെക്കുറിച്ചുള്ള ചിന്ത, സാമാന്യവൽക്കരിക്കൽ, പുതിയ സന്ദർഭത്തിൽ പ്രയോഗിച്ച് കൂടുതൽ തെളിവുകൾ കണ്ടെത്താൻ അവസരം ലഭിക്കുന്നത്..
10. വ്യത്യസ്ത വ്യവഹാരങ്ങളിൽ വിശദീകരിക്കാൻ അവസരം ലഭിക്കുന്നത്.
11. ഓരോ കുട്ടിയുടേയും. സവിശേഷ കഴിവുകൾ, കണ്ടെത്തുന്നതിനും അവയെ അംഗീകരിക്കുന്നതിനും ഉതകുന്ന നിരന്തര ഇടപെടലും പിന്തുണയും ലഭ്യമാക്കുന്നത്.
12. സ്വന്തം കഴിവുകളേയും ധാരണകളേയും സ്വയം വിലയിരുത്താനും മെച്ചപ്പെടുത്താനും ഇടം നൽകുന്നത്.
13. ബോധന മാധ്യമം സൃഷ്ടിക്കുന്ന ചിന്താ തടസ്സങ്ങൾ ഇല്ലാതാക്കുന്നതിന് ഉതകുന്നത്.
14. എല്ലാത്തരം പാർശ്വവല്കരണങ്ങളും ഇല്ലാതാക്കുന്നതിനും ഭിന്ന ശേഷിക്കാർ ഉൾപ്പെടെ എല്ലാവരേയും ഓരോ പ്രവർത്തനത്തിലും ചേർത്ത് നിർത്തുന്നത്.
15. ഉള്ളടക്ക ധാരണകൾക്കൊപ്പം പ്രക്രിയാശേഷികളും മാനവ മൂല്യങ്ങളും വികസിക്കാൻ ഉതകുന്നതാകണം.
16. ഓരോ കുട്ടിയ്ക്കും പങ്കെടുക്കാനും ചിന്തിക്കാനും പറയാനും ഇടം നൽകുന്നതാകണം

60

# പഠനബോധന പ്രക്രിയ വെല്ലുവിളികളും സാധ്യതകളും

ഡോ.വി.പരമേശ്വരൻ, മുൻ ഡയറ്റ് ഫാക്കൽറ്റി, കോഴിക്കോട്, 9496727616

**വി**ദ്യാഭ്യാസത്തിന്റെ ഗുണത നിർണയിക്കുന്നതിൽ പഠനബോധന പ്രക്രിയയ്ക്ക് നിർണായകമായ സ്ഥാനമാണുള്ളത്. സാമൂഹ്യജ്ഞാനനിർമ്മിതി സിദ്ധാന്തത്തിൽ അധിഷ്ഠിതമായ പാഠ്യപദ്ധതിയിൽ പഠനപ്രക്രിയ തീർച്ചയായും ശിശു കേന്ദ്രിതവും അനുഭവവാധിഷ്ഠിതവും മാനസിക പ്രക്രിയക്കും ക്ലാസ് റൂം പ്രക്രിയയും വലിയ പ്രാധാന്യം നൽകുന്നതും ആയിരിക്കണം. അറിവിന്റെ അതിവേഗ വളർച്ചയുടെ കാലഘട്ടത്തിൽ എല്ലാ അറിവും നേരിട്ട് സ്വായത്തമാക്കുക അസാധ്യം തന്നെ. അതിനാൽ പഠിക്കുന്നത് എങ്ങനെ എന്ന് പഠിക്കുകയാണ് വേണ്ടത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സുപ്രധാനമായ നൈ പുണി (21st. centaury skills) കമ്മ്യൂണിക്കേഷൻസ്കിൽ, ക്രിയേറ്റിവിറ്റി, ക്രിട്ടിക്കൽ തിങ്കിംഗ്, പ്രോബ്ലം സോൾവിംഗ്, ഇൻഫർമേഷൻ ടെക്നോളജി സ്കിൽസ്, ഡിജിറ്റൽ ലിറ്ററസി എന്നിവയാണ്. ഇവയെല്ലാം സ്വായത്തമാക്കേണ്ടത് പഠനബോധന പ്രക്രിയയിലൂടെയാണ്.

പ്രക്രിയയിൽ ഉണ്ടാകുന്ന വിടവ് ഈ കഴിവുകൾ ആർജ്ജിക്കുന്നതിന് തടസ്സമാകും. അത് കുട്ടിയുടെ പഠനത്തെ ദോഷകരമായി ബാധിക്കും.

**പഠന ബോധന പ്രക്രിയ നിർണയിക്കുന്ന ഘടകങ്ങൾ**

- പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ / ലക്ഷ്യം/ പ്രസ്താവന /ലേണിങ് ഔട്ട്കം
- പാഠ്യപദ്ധതിപൊതുസമീപനം
- വിഷയ സമീപനങ്ങൾ
- മൂല്യനിർണയ സമീപനം
- പാഠ്യപദ്ധതിയിൽ ഉൾ ചേർന്ന മനഃശാസ്ത്ര സിദ്ധാന്തങ്ങളും ദർശനങ്ങളും തത്വങ്ങളും
- പഠന പ്രവർത്തനങ്ങളും പഠന തന്ത്രങ്ങളും പഠന സാമഗ്രികളും
- നിശ്ചിത വിഷയത്തിലുള്ള ജ്ഞാനം

ഈ ഘടകങ്ങളുടെ സമഗ്ര ധാരണയുടെ അടിസ്ഥാനത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന, പഠനബോധന പ്രക്രിയ ആസൂത്രണം ചെയ്തുകൊണ്ടേ പാഠ്യപദ്ധതി നിർദേശിക്കുന്ന പഠനബോധന പ്രക്രിയ ഫലപ്രദമായി വിനിമയം ചെയ്യാൻ കഴിയൂ.

**വെല്ലുവിളികൾ**

ഈ കാര്യത്തിൽ നിരവധി വെല്ലുവിളികൾ നാം നേരിടുന്നുണ്ട് അവയിൽ പ്രധാനപ്പെട്ട ചിലത് സൂചിപ്പിക്കാനും അവയ്ക്കുള്ള പരിഹാര പ്രവർത്തനങ്ങൾ നിർദ്ദേശിക്കുവാനും ആണ് ഇവിടെ ശ്രമിക്കുന്നത്.

- പാഠ്യപദ്ധതി ലക്ഷ്യങ്ങൾ നിർണയിക്കുന്നതിലെ പരിമിതി (ശേഷികൾ നൈപുണി മൂല്യങ്ങൾ ധാരണ മനോഭാവം) എന്നിവയുടെ നില കൃത്യമായി നിശ്ചയിച്ചിട്ടില്ല.
- വിലയിരുത്തൽ രീതി കൃത്യമല്ല.
- എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന പഠന പഠനപ്രക്രിയ ഇല്ല.
- പഠന നേട്ടം ഉറപ്പിക്കുന്നില്ല.
- പരിഹാര പഠനം പഠനപ്രക്രിയയുടെ ഭാഗമായി നടപ്പാക്കുന്നില്ല.
- അറിവ് നിർമ്മാണത്തിൽ അധിഷ്ഠിതമായ പഠന ബോധന പ്രക്രിയ നടപ്പാക്കുന്നില്ല.
- സൂക്ഷ്മതലആസൂത്രണം നടത്തുന്നതിലെ പ്രായോഗികത ധാരണക്കുറവ്.
- സമയക്കുറവ്.
- ഉള്ളടക്ക ബാഹുല്യം.
- മൂല്യനിർണയവും പാഠ്യ പ ദ്ധതിലക്ഷ്യങ്ങളും പരസ്പരം ബന്ധമില്ല.
- നിരന്തരം മൂല്യനിർണയം കടലാസിൽ മാത്രം മാർക്ക് നൽകാനുള്ള ഒരു ഉപാധി.
- അധ്യാപക പരിശീലനങ്ങൾ തുടർ ശാക്തീകരണ പരിപാടികൾ എന്നിവ കാര്യക്ഷമം അല്ല.
- മോണിറ്ററിങ്ങിന്റെയും തത്സ്ഥലസഹായം എന്നിവ ഉറപ്പാക്കി അധ്യാപകനെ സഹായിക്കുന്നതിനും കഴിയുന്നില്ല

**നിർദ്ദേശങ്ങൾ**

- പഠന ലക്ഷ്യം/ ലേണിങ്ങ് ഔട്ട്കം എന്നിവ ക്ലാസ് തലത്തിൽ വേണ്ട നില നിർണയിക്കുക. വിലയിരുത്തൽ സൂചകങ്ങൾ കൃത്യമായി നൽകുക.
- അറിവു നിർമ്മാണ ഘട്ടങ്ങൾ, പഠിതാവിന്റെ പ്രകൃതം, എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന, വിവിധ നിലവാരക്കാരെ പരിഗണിക്കുന്ന, പരിഹാരപഠനത്തിന് അവസരം നൽകുന്ന, അനുയോജ്യമായ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന, നിരന്തര വിലയിരുത്തൽ നടത്തുന്ന പഠനപ്രക്രിയ ഉൾക്കൊള്ളുന്ന, പാഠസൂത്രണം സൂക്ഷ്മതലത്തിൽ നിർവഹിക്കാൻ കഴിവുള്ള അധ്യാപകരെ സജ്ജക്കുക.
- അതുവരെ മികച്ച അധ്യാപകരെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന പാഠാസൂത്രണ രേഖ അനുരൂപീകരിച്ച് വിനിമയം ചെയ്യുന്നതിന് അവസരം ഒരുക്കുക.
- പരിഹാരപഠനം പഠനപ്രക്രിയയുടെയും ദിനാചരണങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, ശില്പശാലകൾ, എന്നിവയുടെയും ഭാഗമായി നടപ്പാക്കുക.
- അധ്യാപക പരിശീലന പരിപാടി (ഇൻ സർവീസ്, പ്രീസർവ്വീസ്) അറിവുനിർമ്മാണ ഘട്ടങ്ങൾ ഉൾക്കൊള്ളുന്ന പഠനപ്രക്രിയ സംബന്ധിച്ച പ്രായോഗിക ധാരണയും ശേഷിയും നൈപുണിയും മനോഭാവവും ഉറപ്പാക്കുക.
- പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന മൂല്യനിർണയ രീതി പ്രായോഗികമായി നടപ്പാക്കുക.
- അധ്യാപകർക്ക് സഹായം നൽകുന്നതിന് സംവിധാനം ഉറപ്പാക്കുക.ഇതിനായി വകുപ്പ് ഉദ്യോഗസ്ഥർ, ഡയറ്റ്,ബിആർസി,സി ആർ സി പ്രഥമാധ്യാപകർ എന്നിവരെ ശാക്തീകരിക്കുക.
- പ്രതിമാസ ക്ലസ്റ്റർ സംവിധാനം ഇതിനായി പുനസംഘടിപ്പിക്കുക.
- എല്ലാവർഷവും നിശ്ചിത ശതമാനം അധ്യാപകരെ റിസോഴ്സ് ഫുൾ ആക്കുന്നതിന് പ്രത്യേക പരിപാടി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപപ്പെടുത്തുക
- ഓരോ ടേമിലും ഡയറ്റ്, എസ് സി ആർ ടി,സീ മാറ്റ് നേതൃത്വത്തിൽ പഠനങ്ങൾ നടത്തി മികവിലേക്ക് നയിക്കുക.
- ഇങ്ങനെ ആസൂത്രിതമായി ലക്ഷ്യബോധത്തോടെ പഠനബോധനപ്രക്രിയ ഫലപ്രദമാക്കുന്നതിനുള്ള ഇടപെടൽ നടത്തിയാൽ സ്വാഭാവികമായും ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കും. ഇതിനു സഹായകമായ നിരവധി ട്രൈ ഔട്ടുകൾ കേരളത്തിൽ ഡയറ്റുകളുടെയും ബിആർസികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ നടന്നിട്ടുണ്ട് അവ ക്രോഡീകരിക്കാനും പ്രയോജനപ്പെടുത്താനും ശ്രമിക്കുകയും വേണം.

# തദ്ദേശ ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസവും

61

## കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

ടി. ഗംഗാധരൻ, 9495754727

**കേ**രളത്തിൽ ഏറ്റവും കൂടുതൽ പൊതുസ്ഥാപന ങ്ങളുള്ള തിദ്യാഭ്യാസ മേഖലയിലാണ്. 13000ത്തോ ളം വിദ്യാലയങ്ങളും 15000ൽ പരം പ്രി–സ്കൂളുകളും അവയിൽ ഉൾപ്പെടുന്നു. അനൗപചാരികവിദ്യാ ഭ്യാ സകേന്ദ്രങ്ങളെന്ന നിലയിൽ, പതിനായിരത്തിൽ പരം ഗ്രന്ഥാലയങ്ങളെയും ഇവയുടെ കൂട്ടത്തിൽ പെടുത്താ വുന്നതാണ്. അങ്ങനെ നോക്കുമ്പോൾ നാടിന്റെ മാറ്റ ത്തിൽ ഏറ്റവും കൂടുതൽ പങ്കുവഹിക്കാൻ കഴിയുന്ന ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് എന്ന കാര്യം നിസ്തർക്കമാണ്.

മേൽപ്പറഞ്ഞ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അവ സ്ഥയിൽ കഴിഞ്ഞ 30 വർഷക്കാലത്തിനിടയിൽ ഉണ്ടായ മാറ്റങ്ങൾ പരിശോധിക്കുമ്പോൾ ഈ മാറ്റത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക് എത്രത്തോളം ഉണ്ടായിട്ടു ണ്ട് എന്നത് വളരെ വ്യക്തമായി കാണാൻ സാധിക്കും. 1994 നുമുമ്പ്കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളു ടെ നടത്തിപ്പിൽതദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയ മപരമായി ഒരു പങ്കാളിത്തവും ഉണ്ടായിരുന്നില്ല.1993 ൽപ്രാബല്യത്തിൽ വന്നതദ്ദേശ ഭരണസംബന്ധിയായ ഭരണഘടനാ വ്യവസ്ഥകളും തുടർന്ന് നിലവിൽ വന്ന സംസ്ഥാന തദ്ദേശഭരണ നിയമങ്ങളും ഈ രം ഗത്ത് വിപ്ലവ സമാനമായ മാറ്റങ്ങളുണ്ടാക്കി. ത്രിതല പഞ്ചായത്തുകൾക്ക് ഭരണഘടന വ്യവസ്ഥ ചെയ്ത 29 അധികാരമേഖലകളിലുംനഗര ഭരണകൂടങ്ങൾക്ക് വ്യവസ്ഥ ചെയ്ത 18 അധികാരങ്ങളിലും വിദ്യാഭ്യാസം എന്ന വിഷയം ഉൾപ്പെടുത്തി എന്നതാണ് ഈ മാറ്റ ങ്ങളുടെ അടിസ്ഥാനം. എന്നാൽ വിദ്യാഭ്യാസത്തിൽ എന്തൊക്കെ അധികാരങ്ങൾ തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് കൈമാറണം എന്നത് സംസ്ഥാന നിയമസഭ കളുടെ അധികാരപരിധിയിൽ പെട്ടതിനാൽ ഇന്ത്യയി ലെ വിവിധ സംസ്ഥാനങ്ങൾ തമ്മിൽ ഇക്കാര്യത്തിൽ വലിയ അന്തരം കാണാം. കേരളത്തിൽ തന്നെ250ല ധികം അധികാരങ്ങളുള്ള വിദ്യാഭ്യാസ മേഖലയിൽ കേവലം 11 അധികാരങ്ങൾ മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി നീക്കിവെച്ചത്. ഇത്രയും അധി കാരങ്ങൾ ഉപയോഗിച്ചുകൊണ്ട് തന്നെ എന്തെല്ലാം മാറ്റങ്ങൾ വിദ്യാഭ്യാസ രംഗത്ത് വരുത്താൻ കഴിയും എന്നതിന്റെ തെളിവാണ് കഴിഞ്ഞ 30 വർഷക്കാലത്തെ കേരളത്തിലെ വിദ്യാഭ്യാസരംഗത്തിന്റെ പുരോഗതി.

വിദ്യാഭ്യാസ ഭരണരംഗത്ത് കേരളവും ഇതര സം സ്ഥാനങ്ങളും തമ്മിലുള്ള പ്രധാനപ്പെട്ട ഒരു വ്യത്യാ സം കേരളത്തിൽ നിയമം നൽകിയ അധികാരങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ വ്യക്തമായ സർക്കാർ ഉത്തരവുകളും മറ്റു ഭരണ നടപടികളും ഉണ്ടാ യപ്പോൾ കേരളത്തിന് പുറത്ത് പൊതുവേ അധികാര ങ്ങൾ നിയമത്തിന്റെ ഏടുകളിൽ മാത്രമായി ഒതുങ്ങി നിന്നു എന്നതാണ്. കേരളത്തിൽ തന്നെ കഴിഞ്ഞ 30 വർഷക്കാലമായി പുതിയ അധികാരങ്ങളോ സംവിധാന ങ്ങളോ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ കഴി ഞ്ഞിട്ടില്ല എന്നപരിമിതിയും ഉണ്ട്.ഒരു കാര്യം നിസ്സം ശയം പറയാവുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസം അടക്കമുള്ള ഭരണ രംഗങ്ങളിൽ കൂടുതൽ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നൽകുക വഴി സമൂഹത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും എന്നതാണ്. ഇക്കാര്യത്തിൽ തുടർന്ന് എന്തൊക്കെ ചെയ്യാൻ സാധിക്കും എന്നതാണ് നമ്മുടെ ചർച്ചയ്ക്ക് വിഷയമാകേണ്ടത്. അതിൽ ഭരണാധികാരങ്ങൾ മാത്ര മല്ല നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരവും സാമ്പത്തിക അധികാരങ്ങളും എല്ലാം ഉൾപ്പെടുന്നു അങ്ങനെ വിദ്യാഭ്യാസ ഭരണത്തിൽ സ്വ യംഭരണക്ഷമത കൈവരിക്കാൻ തക്കവിധത്തിലുള്ള മാറ്റങ്ങളാണ് ഉണ്ടാകേണ്ടത്.

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അധികാരങ്ങളി ല്ലാത്തഒരു തദ്ദേശ ഭരണ സ്ഥാപനം പോലും കേ രളത്തിലില്ല എന്നത് എടുത്തു പറയേണ്ട കാര്യമാ ണ്.എന്നു മാത്രമല്ല,വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകം സ്റ്റാന്റിങ്ങ് കമ്മിറ്റിയുംആ മേഖലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനുംസ്റ്റാന്റി ങ്ങ് കമ്മിറ്റിയെസഹായിക്കാറുംപ്രത്യേക നിർവ ഹണ ഉദ്യോഗസ്ഥന്മാരുംഅടങ്ങുന്ന സംവിധാനവു മുണ്ട്.ഫലത്തിൽ,വിദ്യാഭ്യാസരംഗത്തെ സർക്കാർ നയങ്ങൾ,പ്രാദേശിക സവിശേഷതകൾ പരിഗണിച്ചു കൊണ്ട്നടപ്പിലാക്കാനുള്ള സംഘടനാ സംവിധാന ങ്ങളും ധനവിഭവങ്ങളും ഉൾച്ചേർന്നതാണ് നമ്മുടെ വ്യവസ്ഥ.ആ വ്യവസ്ഥയെഎങ്ങനെയാണ് ഇനിയും നവീകരിക്കുന്നത് എന്നതിനനുസരിച്ചിരിക്കും കേര ളത്തിന്റെ ഭാവി.

# ജനായത്ത വിദ്യാലയങ്ങൾ

62

## സ്കൂളിങ്ങിന്റെ ജനാധിപത്യവല്ക്കരണം

Dr. N. Sureshkumar, Former SCERT faculty & senior lecturer DIET

**"F**or every household today, rich or poor, education has the same relevance as salt did in 1930" (Shilendra, 2020)

സ്വാതന്ത്ര്യസമരമൂല്യങ്ങളും സ്കൂളിങ്ങും അത്രത്തോളം വേർതിരിക്കാനാവാത്ത താണ്. നമ്മുടെ ജനാധിപത്യം, ഭരണഘടന അനുശാസിക്കുന്ന വിധം സമ്പുഷ്ടമാവണമെങ്കിൽ ഓരോരുത്തർക്കും പൗരബോധവും ജനാധിപത്യ സംസ്കാരവുമുണ്ടാകണം. അതിന് നിർണ്ണായകം ഗുണമേന്മയുള്ള സ്കൂൾ വിദ്യാഭ്യാസമാണ്. ജനാധിപത്യ രാജ്യങ്ങളിൽ ജനാധിപത്യം ദുർബ്ബലപ്പെടുന്ന പ്രവണത പൊതുവെ കാണുന്നു. നമ്മുടെ രാജ്യത്ത് ജനാധിപത്യ സംവിധാന ങ്ങളെയാകെ, എക്സിക്യൂട്ടീവ് തങ്ങളുടെ താല്പര്യാനുസരണം ദുരുപയോഗം ചെയ്യുന്നത് പ്രകട മാണ്. ജനാധിപത്യത്തിന്റെ ഒഴിച്ചുകൂടാനാവാത്ത സവിശേഷതകളാണ്; വിയോജിപ്പ് പ്രകടി പ്പിക്കൽ, ചോദ്യം ചെയ്യൽ, എതിരഭിപ്രായങ്ങളോട് സഹിഷ്ണുത, വ്യക്തിത്വത്തെയും സ്വത്വത്തെയും മാനിക്കൽ, ആവിഷ്കാര സ്വാതന്ത്ര്യം, മതേതരത്വം, വൈവിധ്യങ്ങളെ ഉൾച്ചേർക്കൽ തുടങ്ങിയവ. ഇവ ഒരു വ്യക്തിയിൽ രൂപപ്പെടുന്നത് കുട്ടിക്കാലത്തെ സ്കൂളിങ് വഴിയാണ്. ജനാധിപത്യത്തിന്റെ ധാർമ്മികതയും മൂല്യങ്ങളും ആർജിച്ചവർക്കു മാത്രമേ തങ്ങളുടെ ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും അവ പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ.

"If the schools of a democratic society do not exist for and work for the support and extension of democracy, then they are either socially useless or socially dangerous...." Mursell (1955). നമ്മുടെ വിദ്യാലയങ്ങളിൽ വിഷയ പഠനങ്ങളുടെയും തുടർന്നുള്ള പരീക്ഷാ ഫലത്തിന്റെയും അതിപ്രസരം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങളെ നിരാകരിക്കുകയോ മങ്ങലേല്പിക്കുകയോ ചെയ്യുന്നു. സ്കൂൾ കുട്ടികൾ ജീവിതത്തിൽ നിന്നും അവർ വരുന്ന സമൂഹത്തിൽ നിന്നുമാർജിച്ചിരിക്കുന്ന അറിവും അനുഭവങ്ങളും പരിഗണിക്ക പ്പെടാത്ത ഒരു കൃത്രിമ ഔദ്യോഗിക അറിവുനേടൽ മാത്രമായി സ്കൂളിങ് പലപ്പോഴും മാറുന്നു. സ്കൂൾ എന്ന സ്ഥാപനത്തിന് അവിടുത്തെ കുട്ടികളും അധ്യാപകരും അവരുടെ അച്ഛനമ്മമാരും സമൂഹവും ചേർന്നുള്ള ഒരസ്തിത്വവും മഹത്വവുമുണ്ട്. ഇത് കേന്ദ്രീകൃതമായ അനുശാസനകളുടെയും നിയന്ത്രണങ്ങളുടെയും ആധിക്യമൂലം നിഷ്പ്രഭമാവുന്നു. സ്കൂളിങ്ങുമായി ബന്ധപ്പെട്ട മിക്കവാറും പ്രവർത്തനങ്ങളുടെ തീരുമാനങ്ങളിൽ ബഹുഭൂരിപക്ഷമായ പഠിതാക്കൾക്ക് തീരെ പങ്കില്ല. മുതിർന്നവർ, അവരുടെ സൗകര്യമനുസരിച്ചു മാത്രമാണ് എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത്. ക്ലാസ്മുറിയിലെ പ്രവർത്തനങ്ങളിൽ സാധ്യമാവുന്നയിടങ്ങളിൽ പോലും കുട്ടികളുടെ അഭിപ്രായ ങ്ങൾ പരിഗണിക്കുക വിരളമാണ്. കുട്ടികൾ ഓരോ കാര്യവും തങ്ങളുടേ തെന്ന രീതിയിൽ ഏറ്റെടു ക്കുകയും അവ വിശകലനം ചെയ്യുകയും വിമർശന വിധേയമാക്കി അറിവു രൂപീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ ജനാധിപത്യ മൂല്യങ്ങളുടെ ശീലം ഓരോകുട്ടിയും ആർജിക്കുകയുള്ളൂ. അതിന് കുട്ടികളും അധ്യാപകരും ഒന്നായി കുട്ടിയുടെ സാമൂഹിക പശ്ചാത്തലം (social origin) കൊണ്ടുണ്ടാവുന്ന വൈജാത്യങ്ങൾക്കതീതമായി ഓരോ ആളിന്റെയും സ്വത്വത്തെ അംഗീകരി ക്കുകയും ബഹുമാനിക്കുകയും വേണം. എങ്കിലേ അതനുസരിച്ച് ഓരോ ആൾക്കും ആവിഷ്കരി ക്കുന്നതിന് സ്വാതന്ത്ര്യമുള്ള ഇടമായി സ്കൂൾ മാറുകയുള്ളൂ.

ഇതിനു തടസ്സമായി നില്ക്കുന്ന ഘടകങ്ങൾ നിരവധിയാണ്. അധ്യാപകരുടെ ജനാധിപത്യ ബോധമില്ലായ്മ, അധ്യാപക വിദ്യാഭ്യാസത്തിന്റെ പരിമിതി, അധ്യാപകരുടെ നിയമന പ്രക്രിയയിലെ ന്യൂനതകൾ, പ്രൊഫഷണലായി അധ്യാപക സമൂഹത്തിന്റെ വളർച്ചയില്ലായ്മ, അധ്യാപകന്റെ ഒട്ടോണമി ഇല്ലായ്മ, കരിക്കുലത്തിലെ പരിമിതികൾ, പാഠപുസ്തകത്തിന്റെ അതിപ്രസരം, ഉള്ളടക്കത്തിന്റെ ആധിക്യം, സമൂഹത്തിന്റെ വിദ്യാഭ്യാസകാഴ്ചപ്പാടിലുള്ള അപര്യാ പ്തത, ശരിയായ വിദ്യാഭ്യാസ ലക്ഷ്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വിദ്യാഭ്യാസരംഗ ത്തെ നയപരമായ 'മുൻകൈ'യുടെ അഭാവം, സ്കൂളിങ് പ്രോസസിന്റെ അന്യവല്കരണം, സ്വന്തം ഭാഷയിൽ പറയുവാനും കേൾക്കാനും പഠിക്കാനും ആവിഷ്കരിക്കുവാനു മുള്ള കുട്ടിയുടെ അവകാശത്തിന്റെ നിഷേധം ഒക്കെ ഉദാഹരണങ്ങൾ.

"... education is not only preparation for life but life itself" (Michael. W. Apple & James. A. Beane) ജീവിതത്തിനുള്ള പരിശീലനവും ജീവിതവുമാണ് സ്കൂളിങ്. ഓരോ കുട്ടിയുടെയും പഠനവും വി

കാസവും ജീവിക്കാനുള്ള അവകാശത്തിനൊപ്പമുള്ള മൗലിക അവകാശമാണ് (Article 21A, Constitution of India) അതിനുള്ള മാർഗം ഓരോ കുട്ടിയുടെയും അറിവും കഴിവും പ്രതിഭയും പരിഗണിച്ചുകൊണ്ടുള്ള ഒരു പഠന പ്രക്രിയയാണ് (RTE-2009,

29 B) അതിന് കഴിയുന്ന സാഹചര്യം ഓരോ കുട്ടിയുടെയും വ്യക്തിത്വത്തിനും സവിശേഷ തയ്ക്കും ഉതകുന്ന വിധത്തിൽ ക്ലാസിലെയും സ്കൂളിലെയും എല്ലാ അനുഭവ സന്ദർഭങ്ങളും മാറണം. ഒരു ഉദാഹരണം പരിശോധിക്കാം. പലിശ നിരക്ക് 1 = PNR കണക്കാക്കുന്ന ഒരു യു. പി. ക്ലാസിലെ ഗണിത സന്ദർഭം. ഓരോ കുട്ടിയോടും അവശ്യ മുൻകരുതലോടെ തങ്ങളുടെ വീട്ടിൽ ഏത് ബാങ്കിൽ നിന്നെങ്കിലും കടമെടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ അന്വേഷിച്ചു വരാൻ പൊതുചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നു. അടുത്ത ദിവസം ഓരോ ആളും കടത്തിന്റെ വിവരങ്ങൾ, തുകയും ബാങ്കും, പൊതുചർച്ചയ്ക്ക് വയ്ക്കുന്നു. ഒറ്റയ്ക്കും കൂട്ടുകാരുമായും ചേർന്ന് പലിശ കണക്കാക്കുന്നു. അധ്യാപക സഹായത്തോടെ ഓരോ വീട്ടിലെയും കടത്തിന്റെ സ്വഭാവമനുസരിച്ചും വ്യത്യാസപ്പെടുന്നത് ചർച്ചയാവുന്നു. ഏതു ബാങ്കിലാണ് കൂടുതൽ പലിശ? ഏതുതരം കടത്തിന്? അതെന്താകാര്യം? എന്താണ് കടം? എന്തിനാണ് കടമെടുത്തത്? കടം എടുക്കാമോ? എടുക്കുന്നുവെങ്കിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ? തിരികെ കൊടുത്തില്ലെങ്കിൽ എന്താണ് പ്രശ്നം? കടം എടുക്കുന്നതിന്റെ ഗുണവും ദോഷവുമെന്ത്? കടക്കെണി എന്താണ്? നമുക്കു മാത്രമേ കടമുള്ളോ? സർക്കാർ കടമെടുക്കാറുണ്ടോ? എന്തിന്? തുടങ്ങി കടത്തിന്റെ ആവശ്യകത, പലിശ നിരക്കിലെ വ്യത്യാസം, കടബാധ്യത, പണവിനിയോഗത്തിന്റെ അച്ചടക്കം, ധാർമ്മികത മിതവ്യയം തുടങ്ങിയ മൂല്യങ്ങളിലേക്ക് ഓരോകുട്ടിയും പിൽകാലത്തേക്ക് പോകുന്നതിന്റെ തുടക്കമായി, ഈ ജനാധിപത്യവല്കരിക്കപ്പെട്ട പഠനസന്ദർഭം മാറുന്നു. ഗണിതമടക്കമുള്ള ഏത് പഠനവസ്തുതയും ക്ലാസ്റൂം ജനാധിപത്യ വല്കരണത്തിലൂടെ വിനിമയം ചെയ്യാൻ കഴിയും. ഇത്തരം അനുഭവ ത്തുടർച്ചയുടെ നൈരന്തര്യമേ, കുട്ടിയുടെ പഠനവും ജീവിതവും പൗരബോധവും ജനാധിപത്യ സംസകാരവും മറ്റുമൂല്യങ്ങളും ഉൾച്ചേരുന്ന വിധത്തിൽ കൗതുകകരമാവുകയുള്ളൂ. അങ്ങനെ ജനാധിപത്യ മൂല്യങ്ങളും രീതികളും ശീലിച്ച് ഓരോ കുട്ടിയും ജീവിതത്തിലും സമൂഹത്തിലും രാജ്യത്തും സൃഷ്ടിപരമായി ഇടപെടാൻ പാകമാവുകയുള്ളൂ. അങ്ങനെ സ്കൂളിങ് സന്തോഷപ്രദവും ജനാധിപത്യപരവുമാകട്ടെ.

# രക്ഷാകർത്ത്യവിദ്യാഭ്യാസം

63

## രക്ഷാകർത്തൃവിദ്യാഭ്യാസം സമഗ്രവീക്ഷണം അനിവാര്യം

കെ.ടി.രാധാകൃഷ്ണൻ

**എ**ല്ലാതരത്തിലുള്ള കഴിവുകളുടെയും വികാസം ഉറപ്പുവരുത്തി സമൂഹത്തെ പുരോഗമിപ്പിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. ബഹുസ്വരമായ സമൂഹത്തിലിടപഴകാനും വ്യത്യസ്തമായ കഴിവുകളാർജിക്കാനുമുള്ള ശേഷികൾ വിദ്യാഭ്യാസപ്രക്രിയയിലൂടെ പഠിതാക്കൾക്ക് ലഭിക്കണം. ഭാവിസമൂഹത്തെ രൂപപ്പെടുത്തുന്ന ബോധപൂർവമായ പ്രക്രിയയാണത്. ഇതിനുപകരിക്കുന്ന മൂല്യങ്ങളും മനോഭാവങ്ങളും മതനിരപേക്ഷവും ജനാധിപത്യപരവും ശാസ്ത്രബോധത്തിലധിഷ്ഠിതവുമായ ഒരു സാമൂഹ്യാന്തരീക്ഷത്തിലേ വളർന്നുവരികയുള്ളൂ. സമൂഹത്തിന്റെ എല്ലാ നന്മകളും ഉൾക്കൊള്ളുന്ന, വിപുലമായ സാമൂഹ്യവത്കരണം സാധ്യമാക്കുന്ന ചെറു ചെറു ഘടകങ്ങളാണ് വിദ്യാലയങ്ങൾ. എല്ലാതരത്തിലുള്ള സാമൂഹ്യ പ്രാധിനിത്യവും അനിവാര്യമായ പൊതു ഇടങ്ങളാണിവ. ഇത്തരം സ്ഥാപനങ്ങളെ സർഗാത്മകവും സമ്പന്നവുമാക്കുന്നതിൽ രക്ഷാകർത്താക്കളുടങ്ങുന്ന പൊതുസമൂഹത്തിന്റെ അറിവും കഴിവും ഇടപെടൽ ശേഷികളും ഫലപ്രദമായി വർധിപ്പിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസം വീട്ടിൽ നിന്നു തുടങ്ങുന്നു. സ്കൂളിൽ നിന്നും നാട്ടിൽ നിന്നും ചുറ്റുപാടുകളിലൂടെയും മാധ്യമങ്ങളിലൂടെയുമെല്ലാം അത് വളരുന്നു. ഇവയിലെല്ലാം നവീനവിദ്യാഭ്യാസ സങ്കല്പങ്ങളിൽ നിന്നുകൊണ്ട് തിരിച്ചറിവോടെ രക്ഷാകർത്താക്കൾക്ക് ഭാഗഭാക്കാവാനാവണം. അതുവഴി മികച്ച രക്ഷാകർതൃശേഷിയും സംതൃപ്തിയും കൈവരിക്കാനാവണം. രക്ഷാകർതൃവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ക്രിയാത്മകമായ ചിന്തയിലേക്കും ഇവ നയിക്കണം. ഇങ്ങനെ ബഹുമുഖമായ

പങ്കാളിത്തമാവണം രക്ഷാകർതൃവിദ്യാഭ്യാസത്തിന്റെ പ്രധാന ഊന്നൽ. വിദ്യാഭ്യാസ പ്രക്രിയയുടെ കാഴ്ചപ്പാടുൾക്കൊള്ളൽ, പഠനം, പഠനപ്രക്രിയ വിലയിരുത്തൽ, കുട്ടികളുടെ പ്രായം. പ്രകൃതം അഭിരുചി എന്നിവയും പഠന മനഃശാസ്ത്രത്തെ സംബന്ധിച്ച സാമാന്യ ധാരണകളും രക്ഷിതാക്കളിൽ പടിപടിയായി എത്തിക്കാൻ മികച്ച രക്ഷാകർതൃവിദ്യാഭ്യാത്തിലൂടെ കഴിയും. രക്ഷിതാക്കൾ തമ്മിൽ വിവിധ അനുഭവങ്ങൾ പങ്കുവെയ്ക്കാനും പിന്തുണാരീതികൾ പരിചയിക്കാനും മികച്ച ആശയവിനിമയ രീതികൾ രൂപപ്പെടുത്താനും രക്ഷാകർതൃസമൂഹത്തിനാവും. മെച്ചപ്പെട്ട സാമൂഹ്യബന്ധങ്ങൾക്കും കൂട്ടായ്മകൾക്കും ഇത് വഴി തെളിക്കും. കുഞ്ഞുങ്ങളോടിടപഴകുമ്പോൾ കരുതേണ്ട മനശാസ്ത്രസമീപനം രൂപപ്പെടുത്താനും ശിശുവിന്റെ സ്വഭാവം മെച്ചപ്പെടുത്തി രക്ഷാകർത്താക്കളുടെ മാനസികാരോഗ്യം നിലനിർത്താനും ഇത് സഹായകരമാവും. സാമൂഹ്യമായ അറിവുനിർമാണപ്രക്രിയയും വിമർശനാത്മക പഠനവുമാണ് ഇന്നിന്റെ ആവശ്യം. ഇതാക്കെ സ്കൂളിനകത്തു മാത്രമോ പാഠപുസ്തകങ്ങളിൽ മാത്രമോ ഒതുങ്ങുന്നതല്ല. അധ്യാപകരും വിദ്യാർഥികളും മാത്രമല്ല അറിവുനിർമാണത്തിലെ ഘടകങ്ങൾ. സമൂഹത്തിന്റെ മുവുവൻ സജീവമായ പങ്കാളിത്തം ഇതിന്നാവശ്യമാണ്. പണിയിടങ്ങളിൽ പോയി പഠിക്കൽ, ചെയ്തു പഠിക്കൽ, സംഘം ചേർന്നു പഠിക്കൽ, അന്വേഷിച്ചു പഠിക്കൽ, തുടങ്ങിയവയെല്ലാം പഠനപ്രക്രിയയിൽ പ്രധാനമാണ്. സമപ്രായക്കാരോടു മാത്രമല്ല; മറ്റുള്ളവരോടും വിവിധ സ്ഥാപനങ്ങളിൽ ചെന്നും, വൈദഗ്ധ്യമുള്ളവരോടുമൊക്കെ ചേർന്നു നിന്നുകൊണ്ടാണ് സാമൂഹ്യവും വിമർശനാത്മകവുമായ ജ്ഞാന സമ്പാദനം പുരോഗമിക്കുക. ഇത്തരം ധാരണകൾ എത്ര രക്ഷിതാക്കൾക്കുണ്ട്?

ഇന്ന് കുടംബങ്ങളിലെ കുട്ടികൾ പരിമിതപ്പെട്ടു. ജീവിതഗുണത വലിയതോതിൽ വർധിച്ചു. സാമൂഹ്യസുരക്ഷിതത്വവും സാമൂഹ്യനീതിയും കേരളത്തിൽ ഏറെ മുമ്പിലെത്തി. ഒട്ടനവധി സൂചകങ്ങളിൽ ഇന്ത്യയ്ക്ക് മാതൃകയായി. ഇതോടൊപ്പം ജീവിത പുരോഗതിയിലുണ്ടായ മാറ്റങ്ങൾ മധ്യവർഗ വൽക്കരണത്തിനും ഇടയാക്കി. ആഗോളവത്ക്കരണ നവലിബറൽ സാഹചര്യങ്ങൾ വിദ്യാഭ്യാസമടക്കമുള്ള സാമൂഹ്യക്ഷേമ നടപടികളെയും സേവനങ്ങളെയും കമ്പോളവത്ക്കരിച്ചും ഇത്തരം സാഹചര്യങ്ങൾ രക്ഷിതാക്കളിൽ തെറ്റായ ഉത്കണ്ഠകളും കണ്ണുമടച്ചുള്ള അനുകരണങ്ങളും വ്യാപകമാക്കി. എളുപ്പത്തിൽ പണം സമ്പാദിക്കുന്നതിനുള്ള ഒരുപകരണണായി വിദ്യാഭ്യാസത്തെ കണ്ടുതുടങ്ങി. അതിനുള്ള കടുത്ത മത്സരങ്ങളിലേക്ക് കുട്ടികളെ ആനയിക്കുകയും ചെയ്തു. ഏതെങ്കിലും ഒരിനത്തിൽ മികച്ച ഗ്രേഡ് ലഭിച്ചില്ലെങ്കിൽ കടുത്ത നിരാശയിലേക്കും കുടുംബങ്ങളെ മാനസിക സംഘർഷങ്ങളിലേക്കും എത്തിച്ചു.

രക്ഷാകർത്തൃവിദ്യാഭ്യാസത്തിന് ഇക്കാര്യങ്ങളിൽ ക്രിയാത്മകമായ ഇടപെടൽ രീതികൾ വികസിപ്പിക്കാനാവും. വിദ്യാഭ്യാസം കൊണ്ട് അർഥമാക്കുന്നതെന്തെന്നും ഉപകരണാത്മകമായ രീതിയിൽ വിദ്യാഭ്യാസത്തെ കാണാൻ തുടങ്ങിയാൽ കുട്ടികളുടെ അഭിരുചികളും കഴിവുകളും പ്രവർത്തനസന്നദ്ധതയും മുളയിലേ കരിച്ചു കളയുന്നതിനു തുല്യമാകുമെന്ന് രക്ഷിതാക്കൾ തിരിച്ചറിയണം. ആധുനിക രീതിയിലുള്ള എല്ലാ തൊഴിൽ – ഗവേഷണ മേഖലകളിലും കേവലമായ അറിവുകൾക്കപ്പുറത്ത് സാമൂഹ്യമായ ജ്ഞാനത്തേയും വിമർശനാത്മകമായ കഴിവുകളെയുമാണ് വിലയിരുത്തപ്പെടുന്നത് എന്ന യാഥാർഥ്യം തിരിച്ചറിയണം. യഥാർഥത്തിൽ രക്ഷാകർതൃ വിദ്യാഭ്യാസം ആരംഭിക്കേണ്ടത് കുഞ്ഞ് ജനിക്കുന്നതിനും സ്കൂൾ പ്രവേശനത്തിനും മുമ്പായിരിക്കണം. കുഞ്ഞിന്റെയും അമ്മയുടെയും പോഷകാഹാരം മുതൽ രോഗപ്രതിരോധ നടപടികൾ വരെ ഉൾപ്പെടുന്നതാവണമത്. ശൈശവകാല പരിചരണം, സംരക്ഷണം, ശിശുമനഃശാസ്ത്രം, കളി അനുഭവങ്ങളിലൂടെയുള്ള വികാസ മേഖലകളുടെ വളർച്ച എന്നിവ വ്യാപകമായ രക്ഷാകർതൃ വിദ്യാഭ്യാസത്തിലൂടെ പൊതുബോധമായി മാറണം. ഈ ഘട്ടത്തിൽ ഔദ്യോഗിക വിദ്യാഭ്യാസ രീതികളിലേക്ക് കുഞ്ഞുങ്ങളെ അയയ്ക്കുന്നത് ദോഷമാണുണ്ടാക്കുകയെന്ന കാര്യം ശിശുമനഃശാസ്ത്രതത്വങ്ങളും ലോകമെമ്പാടുമുള്ള അനുഭവങ്ങളും വിശകലനം ചെയ്ത് ബോധ്യപ്പെടുത്താനാവണം.

കുട്ടി ജീവിക്കുന്ന ചുറ്റുപാടുമായി ബന്ധപ്പെട്ടാണ് പഠനം തുടങ്ങുന്നത്. ചുറ്റുപാടിന്റെ ഭാഷയാണ് ആശയവിനിമയത്തിന് ഏറെ എളുപ്പമാവുക. അതിനാൽ മാതൃഭാഷയിലൂടെയുള്ള പഠനം, അയൽപക്ക പഠനം തുടങ്ങിയവയുടെ യുക്തി രക്ഷിതാക്കൾക്ക് തിരിച്ചറിയാൻ കഴിവു നേടണം. സ്കൂളുകളിലെ പഠനപ്രക്രിയ നിരന്തര വിലയിരുത്തൽ ക്ലാസ് പി.ടി.എ. ടേം വിശകലനം, വാർഷിക ക്യാമ്പുകൾ, പഠനയാത്രകൾ, വിവിധ മേളകൾ എന്നിവയെല്ലാം രക്ഷാകർത്താക്കൾക്കു കൂടി പരിചിതമായിരിക്കണം. പാഠ്യപദ്ധതിയുമായി ഇവയ്ക്കെല്ലാമുള്ള ബന്ധം വ്യക്തമാക്കണം. ഇത്തരം കാര്യങ്ങളിലെല്ലാം ആശയരൂപീകരണം രക്ഷാകർതൃസമിതികളുടെ കൂടി പങ്കാളിത്തത്തോടെയാവണം നടത്തേണ്ടത്. കുട്ടികളെ അറിയൽ, ഗൃഹസന്ദർശനം, സ്കൂൾ അന്തരീക്ഷമൊരുക്കൽ, വൃത്തിയും വെടിപ്പുമുള്ള ചുറ്റുപാട് സൃഷ്ടിക്കൽ, ഭൗതിക സൗകര്യവികസനവും നവീകരണവും എന്നിവയെല്ലാം രക്ഷിതാക്കൾ കൂടി നേതൃത്വം നൽകി നടത്തുമ്പോൾ അവയ്ക്ക് സ്ഥായീഭാവം കൂടും. അധ്യാപകരും കുട്ടികളും രക്ഷിതാക്കളും തമ്മിലുള്ള തുടർച്ചയായ ആശയവിനിമയം, കുട്ടികളുടെ പഠന ഉത്പന്നങ്ങൾ രേഖകൾ തുടങ്ങിയവ പരസ്പരം നിരീക്ഷിക്കുകയും വിഭവങ്ങൾ പങ്കുവെക്കുകയും ചെയ്യുന്ന സംസ്കാരമാണ് രക്ഷാകർത്താക്കളിൽ വളർത്തേണ്ടത്. രക്ഷാകർതൃബന്ധം കേവലമായ നേട്ടങ്ങളിലൊതുങ്ങരുത്. വികലമായ കാഴ്ചപ്പാടുകളും ഉദാസീനമായ പങ്കാളിത്തവും മാറണം. എന്റെ കുട്ടിയുടെ കാര്യം കഴിഞ്ഞാൽ ഉപേക്ഷിക്കുന്നതല്ല വിദ്യാലയങ്ങൾ എന്ന ധാരണ വളർത്തി സമൂഹത്തിന്റെ സൃഷ്ടിപരമായ ഇടപെടലുകൾക്ക് രക്ഷാകർതൃ വിദ്യാഭ്യാസം വഴിയൊരുക്കണം.

കുഞ്ഞുങ്ങളെ വീട്ടിൽ എങ്ങനെ വളർത്തണമെന്നും ക്ലാസ്സിലും സ്കൂളിലും എന്റെ ഇടപെടൽ ഏതുതരത്തിലാവണമെനനും തിരിച്ചറിഞ്ഞ് മികച്ച മനുഷ്യജീവികളെ വളർത്തിയെടുക്കുന്നതിനുള്ള പരിശീലനം കൂടിയാവണം രക്ഷാകർതൃവിദ്യാഭ്യാസം. സ്കൂളുകൾ തുറക്കുന്നതിനു മുമ്പേ തന്നെ രക്ഷാകർതൃവിദ്യാഭ്യാസത്തിന്റെ സമഗ്രമായ പാക്കേജും കരിക്കുലവും തയ്യാറാക്കണം. എല്ലാ മാസവും രക്ഷിതാക്കളുമായി നേരിട്ടുള്ള ബന്ധം സാധ്യമാവത്തക്കവിധം വികേന്ദ്രീകൃതമായ കൂടിച്ചേരലുകൾ ഉണ്ടാവണം. രക്ഷാകർത്തൃവിദ്യാഭായസത്തിനായി മികച്ച ട്രെയിനർമാരെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതുണ്ട്. വിരമിച്ച അധ്യാപകർ, മനഃശാസ്ത്രജ്ഞർ, വിദ്യാഭ്യാസ വിദഗ്ധർ തുടങ്ങിയവരുടെ പങ്കാളിത്തം കൂടി ഉറപ്പാക്കാൻ സാധിക്കുന്നതാണ്. പാഠ്യപദ്ധതി രൂപീകരണത്തിന്റെ എല്ലാ ഘട്ടങ്ങളിലും രക്ഷാകർതൃ പ്രാധിനിത്യത്തോടെയുള്ള ജനകീയമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാവണം. അഭ്യസ്തവിദ്യരായ രക്ഷിതാക്കളാണ് ഇന്നുള്ളത്. ഇതൊരു വിലപ്പെട്ട മൂലധനമാണ്. നവീനമായ വിദ്യാഭ്യാസ സങ്കല്പങ്ങളും വിദ്യാലയ പ്രവർത്തനങ്ങളും സംയോജിപ്പിച്ചുകൊണ്ടുപോകാൻ ഈ സാധ്യത ഉപയോഗപ്പെടുത്തണം. ദേശീയ സംസ്ഥാന പാഠ്യപദ്ധതി ആശയങ്ങളെ എങ്ങനെ ഓരോ വിദ്യാലയത്തിനും ചേരുന്ന വിധം കാമ്പുചോരാതെ പ്രാദേശിക പ്രസ്കതമാക്കാമെന്നത് പരമപ്രധാനമാണ്. ഇക്കാര്യത്തിലും കേരളത്തിലെ സമ്പന്നമായ രക്ഷാകർതൃ സമൂഹത്തിനും വലിയ സംഭാവനകൾ നൽകാനാവും.

വിദ്യാലയം കുട്ടികളും അധ്യാപകരും രക്ഷിതാക്കളും പൂർവവിദ്യാർഥികളും നാട്ടുകാരും പ്രാദേശിക സർക്കാരുകളുമെല്ലാമടങ്ങുന്ന വൈവിധ്യവും ഏകത്വവുമുള്ള ഒരു നല്ല യൂണിറ്റാണ്. മതനിരപേക്ഷവും ജനാധിപത്യപരവുമായ ഈ അന്തരീക്ഷത്തെ വളർത്തിയെടുക്കുകയും പരസ്പര ബഹുമാനത്തിലും ഉയർന്ന മൂല്യങ്ങളിലും അധിഷ്ഠിതമായ സമഗ്രമായ പ്രവർത്തനങ്ങൾക്ക് ആശയതലത്തിലും പ്രയോഗതലത്തിലും രക്ഷാകർതൃ വിദ്യാഭ്യാസം സഹായകരമാവണം.

രക്ഷാകർതൃവിദ്യാഭ്യാസത്തിന് പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രത്യേകമായ സംവിധാനങ്ങൾ ഒരുക്കണം. ഭാവി സമൂഹത്തിന്റെ വികാസത്തിനുതകുന്ന തീരുമാനങ്ങളെടുക്കാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കാൻ ഗവേഷണ പ്രവർത്തനങ്ങളും അനുഭവവിനിമയവും ഈ സംവിധാനത്തിനൊരുക്കാനാവും.

64

# രക്ഷാകർത്തൃ വിദ്യാഭ്യാസം

ടി.കെ.നാരായണദാസ്, 9447301174

**കേ**രളത്തിലെ രക്ഷിതാക്കൾ വിദ്യാസമ്പന്നരാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് സജീവ ശ്രദ്ധയുള്ളവരാണ്. ഇത് ഏറെ അഭിലഷണീയമാണ്. എന്നാൽ വിദ്യാഭ്യാസത്തെക്കുറിച്ച് ശാസ്ത്രീയ ധാരണകളാണ് ഉള്ള തെന്ന് പറയാൻ കഴിയില്ല. കമ്പോളം സൃഷ്ടിക്കുന്ന പൊതുബോധമാണ് അവരുടെ താല്പര്യങ്ങൾക്ക് രൂപം നല്കുന്നത്. ഈ താല്പര്യങ്ങൾ തങ്ങളുടെ കുട്ടികൾക്കു മേൽ അടിച്ചേല്പിക്കുകയാണ് ചെയ്യുന്നത്. ശരാശരി രക്ഷിതാവ് കുട്ടികളുടെ ഉടമസ്ഥർ (owner) എന്ന മനോഭാവമാണ് വച്ചു പുലർത്തുന്നത്. പരിപാലകർ എന്ന ധാരണയല്ല.

കുട്ടികൾക്കും അവകാശങ്ങളും ഇഷ്ടാനിഷ്ടങ്ങളുമുണ്ടെന്ന് പരിഗണിക്കുന്നില്ല.

മധ്യവർഗ മനോഭാവമുള്ള രക്ഷിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസം തങ്ങളുടെ ' പ്രിസ്റ്റീജ് സിമ്പൽ 'ആയാണ് കാണുന്നത്. സ്കൂൾ തെരഞ്ഞെടുക്കുന്നതിലും പഠനമാധ്യമം തെരഞ്ഞെടുക്കുന്നതിലും ഈ മിത്ഥ്യാഭിമാനമാണ് അവരെ നയിക്കുന്നത്. കുട്ടികളുടെ സർവ്വ തോന്മുഖമായ വികസനമോ, സാമൂഹ്യ ജീവി എന്ന നിലയിലുള്ള വ്യക്തിത്വ വികാസമോ അല്ല.

ഇക്കാര്യങ്ങൾ അപപഠനം ചെയ്യുക എന്നത് രക്ഷാകർതൃ വിദ്യാഭ്യാസത്തിന്റെ മുഖ്യ ലക്ഷ്യമാവേണ്ടതുണ്ട്. അതുകൊണ്ടു തന്നെ പാഠ്യ പദ്ധതി മാറ്റം നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി രക്ഷാ കർതൃ വിദ്യാഭ്യാസം ഉടനെ സംഘടിപ്പിക്കേണ്ടതുണ്ട്. എന്റെ കുട്ടികൾ എന്ന ചിന്തക്കു പകരം നമ്മുടെ കുട്ടികൾ എന്ന ചിന്തയിലേക്കു വളരുന്ന സാമുഹ്യ രക്ഷാകർതൃത്വമാകണം നമ്മുടെ ആത്യന്തികലക്ഷ്യം.

കുട്ടി ചിന്തിക്കുന്ന ഭാഷയിൽ, സ്വപ്നം കാണുന്ന ഭാഷയിൽ പഠിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ രക്ഷാകർതൃവിദ്യാഭ്യാസത്തിന്റെ ഭാഗമായി കഴിയണം. ലോകത്തെല്ലാം വികസിത രാജ്യങ്ങളിലുൾപ്പെടെ അതാണ് നിലവിലുള്ള തെന്ന് ബോധ്യപ്പെടുത്തണം. അതോടൊപ്പം ഇംഗ്ലീഷും നന്നായി പഠിക്കണമെന്ന ധാരണയും പങ്കു വെക്കണം. ജനാധിപര്യ ജീവിത സംസ്കാരം, മത നിരപേക്ഷത, (സർവ്വ മത സമഭാവന) ലിംഗ നീതി, സമത്വം, സാഹോദര്യം എന്നിവ കുട്ടി സ്വാംശീകരിക്കുക എന്നത് സ്കൂളിലെ പഠനത്തിന്റെ ലക്ഷ്യമാവണം. അതോടൊപ്പം അവ ആർജിക്കുന്നതിനുള്ള അനുഭവങ്ങൾ ഒരുക്കുന്നതിന് സഹായകമായ ഗാർഹികാന്തരീക്ഷം സൃഷ്ടിക്കുന്നത് രക്ഷിതാക്കളുടെ കൂടി ഉത്തരവാദിത്വമാണ്. ശാസ്ത്രിയ മനോഭാവവും യുക്തിചിന്തയുമുള്ള ആധുനിക മനുഷ്യനായി തന്റെ കുഞ്ഞു വളരുന്നതിൽ രക്ഷിതാവിനുള്ള പങ്ക് ബോധ്യപ്പെട്ടുത്താനാവണം. വിവിധ രീതിയിലുള്ള രക്ഷാകർതൃത്വത്തെക്കുറിച്ച് ധാരണ നല്കുകയും തങ്ങൾ

ഏതു വിഭാഗത്തിൽ പെടുന്നു എന്നു വിലയിരുത്താൻ അവ സ രം നല്കുകയും വേണം. ആധികാരിക രക്ഷാകർതൃത്വം (Authoritative parenting) എന്ന തിനേക്കാൾ ജനാധിപത്യപരമായ രക്ഷാകർതൃത്വം (Democratic parenting) എന്നു പയോഗിക്കുന്നതാവും ശരി. കുട്ടികൾക്ക് സ്വാതന്ത്ര്യവും ഉത്തരവാദിത്വവും നല്കുന്ന രീതിയിലുള്ള രക്ഷാകർതൃത്വം എന്ന നിർവ്വചനം മതിയാകും. വീട്ടുകാര്യങ്ങളിൽ മുതിർന്നവരും (പുരുഷനും സ്ത്രീയും) കുട്ടികളും ചർച്ച ചെയ്തു തീരുമാനമെടുക്കുന്ന രീതി – ജനാധിപത്യ കുടുംബാന്തരീക്ഷം ഏറ്റവും പ്രധാനമാണ്. അപ്പോഴാണ് ഒരു വിട് 'സ്നേഹവീടാവുക'. പ്രീ സ്കൂൾ – പ്രീ പ്രൈമറി തുടങ്ങിയ പദപ്രയോഗങ്ങൾ ശരിയാണോ എന്ന് പരിശോധിക്കണം. ഈ ഘട്ടം ഔപചാരിക വിദ്യാഭ്യാസത്തിനു തുടക്കം കുറിക്കാനുള്ളതല്ല. എഴുത്തിനും വായനക്കും പ്രാമുഖ്യം കൊടുത്തുകൂട. കളികൾക്കും, ശാരീരികക്ഷമതക്കും ഇന്ദ്രിയങ്ങളും അവയവങ്ങളും തമ്മിലുള്ള ഏകോപനത്തിനുമെല്ലാം പ്രാധാന്യം നല്കുന്ന ശാസ്ത്രീയ പരിചരണ രീതിയാണ് വേണ്ടത്. ഫിൻലന്റ് ഉൾപ്പെടെയുള്ള വികസിത രാജ്യങ്ങളിൽ 6, 7 വയസ്സിലാണ് ഔപചാരികവിദ്യാഭ്യാസ മാ രംഭിക്കുന്നത് എന്ന് ബോധ്യപ്പെടുത്താനാകണം. രക്ഷിതാക്കളാകാൻ പോകുന്ന വർക്കും ഈ പരിശീലനം നല്കണം. പഞ്ചായത്ത് – വാർഡ് തല വിദ്യാഭ്യാസ സമിതികൾ മുഖാന്തരം നടക്കേണ്ട സമൂഹ വിദ്യാഭ്യാസത്തിന്റെ ഭാഗമാകണം ഇത്.

കുട്ടികളുടെ അവകാശം എന്ന വിഷയം രക്ഷാ കർതൃ വിദ്യാഭ്യാസത്തിൽ വിശദമായി തന്നെ നല്കണം. ലോക രാഷ്ട്രങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ശിക്ഷാ നിരോധന നിയമമുൾപ്പെടെ (അയർലാന്റ്) ബാലാവകാശ സംരക്ഷണ നിയമങ്ങളും ബാലാ വകാശക്കമ്മീഷൻ, ഇം ര, ശിശുക്ഷേമ സമിതി, JJB തുടങ്ങി കേരളത്തിൽ സജീവമായ സംവിധാനങ്ങളെക്കുറിച്ചും ബോധ്യപ്പെടുത്തണം.

കുട്ടികളിൽ വളരേണ്ട മനോഭാവങ്ങൾ : ശാസ്ത്രീയമനോഭാവം, ചരിത്ര പരമായ സമീപനം, വിമർശനാത്മക വിശകലനം, സർവമതസമഭാവന, ലിംഗനീതി, ജനാധിപത്യ സമീപനം തുടങ്ങിയവ.

### രക്ഷിതാക്കളുടെ യോഗങ്ങളിലെ പങ്കാളിത്തം വർധിപ്പിക്കാൻ

1. കൂലിപ്പണിക്കാരായ വരുമാനം കുറഞ്ഞവർക്ക് ദിന ബത്ത നല്കുക.

   സർക്കാർ – പൊതുമേഖലാ ജീവനക്കാർക്ക് duty leave നല്കുക.
2. രക്ഷാകർതൃയോഗങ്ങളുടെ സമയ ക്രമത്തിൽ മാറ്റം വരുത്തുക. (കൂലിപ്പണിക്കാർക്ക് വൈകുന്നേരം 6 മണിക്കോ 7 മണിക്കോ..)
3. ചില ഓൺലൈൻ യോഗങ്ങൾ സംഘടിപ്പിക്കുക. ചില ക്ലാസ്സുകൾ ഓൺലൈനായി നല്കാം.
4. എല്ലാ ക്ലാസ്സിലും രക്ഷിതാക്കളുടെ വാട്സാപ് ഗ്രൂപ്പുകൾ രൂപീകരിക്കുക. കുട്ടികളെ സംബന്ധിച്ച് രക്ഷിതാക്കളുമായി നിരന്തരം സംവദിക്കാൻ ഇതു പകരിക്കും.
5. യു. റ്റ്യൂബ്, വിക്ടർ ചാനൽ എന്നിവ രക്ഷാകർതൃ വിദ്യാഭ്യാസത്തിന് ഉപയോഗിക്കാം
6. സ്കൂൾ പ്ലാനിങ്ങിലും (വാർഷിക പ്രവർത്തന കലണ്ടർ രൂപീകരണം) നടത്തിപ്പിലും രക്ഷിതാക്കളെ പങ്കാളികളാക്കുക.
7. രക്ഷിതാക്കളുടെ ടെക്സ്റ്റ്.

എല്ലാ രക്ഷിതാക്കൾക്കും പാഠ്യ പദ്ധതിയനുസരിച്ച് ടെക്സ്റ്റു ബുക്ക് തയ്യാറാക്കുക. ആധുനിക പഠനതന്ത്ര വും രക്ഷിതാവിന്റെ മാറിയ ഉത്തരവാദിത്വവും പ്രതിപാദിക്കണം.

'മാറുന്ന പഠനം, മാറേണ്ട രക്ഷാകർതൃത്വം.'

'മാറുന്ന മക്കൾക്കൊപ്പം' –

'മാറാം മക്കൾക്കൊപ്പം'

പേരെന്തെങ്കിലുമാകട്ടെ

കുട്ടികളുടെ പാഠപുസ്തകത്തിനൊപ്പം തയാറാക്കണം. പൊതുവായ പുസ്തകത്തിനു പുറമെ ഓരോ ക്ലാസ്സിനും പ്രത്യക കൈപ്പുസ്തകവും നല്കണം.

രക്ഷാകർതൃ വിദ്യാഭ്യാസം – പാഠ്യ പദ്ധതീ പരിഷ്കരണത്തിനുള്ള മുന്നൊരുക്കവും തുടർച്ചയും, 2024–ൽ പാഠപുസ്തമിറ ങ്ങണം എന്നാണ് ലക്ഷ്യം. എങ്കിൽ രക്ഷാ കർതൃ വിദ്യാഭ്യാസം ഇപ്പഴേ തുടങ്ങണം. ഈ ഒരു വർഷം മുഴുവൻ പാഠ്യ പദ്ധതി മാറ്റത്തിനുള്ള മുന്നൊരുക്കമാവണം. ഇതിനു മുമ്പുള്ള പരിഷ്കരണങ്ങൾ വേണ്ടത്ര വിജയിക്കാതെ പോയതിനു കാരണം രക്ഷിതാക്കളുടെ തെറ്റായ പൊതുബോധമാണ്. അവിടെയാണ് സ്ഥാപിത താല്പര്യക്കാർ കയറിക്കളിച്ചത്.

സ്കൂൾ തന്നെയാണ് പ്രായോഗികമായി രക്ഷാകർതൃ വിദ്യാഭ്യാസത്തിന്റെ കേന്ദ്രം. എല്ലാ വിദ്യാലയങ്ങളിലും Parent centre ആരംഭിക്കാനുള്ള നിർദ്ദേശം ഉടൻ പ്രാവർത്തിക മാക്കണം. പാഠ്യ പദ്ധതി ചട്ടക്കൂട് പൂർത്തിയായിക്കഴിഞ്ഞാൽ ഉടനെ ഈ അവധിക്കാലത്തു തന്നെ തുടങ്ങണം. അധ്യാപകരേയും രക്ഷിതാക്കളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള വരേയും മെന്റർമാരായി ഉപയോഗിക്കാം. ഞറേ. അധ്യാപകരേയും. എല്ലാ രക്ഷിതാക്കൾക്കും ലഭ്യമാകത്തക്ക വണ്ണം ശാക്തീകരണ പരിപാടി ഉടനെ ആരംഭിക്കണം. പാഠ്യ പദ്ധതി നടപ്പിലായ ശേഷവും തുടരണം. സ്ഥിരം സംവിധാനമാകണം. ഇതോടൊപ്പം തന്നെ ത്രിതല സ്വയം ഭരണ സംവിധാനങ്ങളെയും രക്ഷാ കർതൃ വിദ്യാഭ്യാസത്തിന് തയ്യാറാക്കണം. പഞ്ചായത്ത്, വാർഡു തല വിദ്യാഭ്യാസ സമിതി കളിലൂടെ രക്ഷാകർതൃ ശാക്തീകരണ പരിപാടി ഉടനാ രംഭിക്കണം. വാർഡുതലസമിതിക്കു കീഴെ രക്ഷാകർതൃ അയൽക്കൂട്ടങ്ങളും വിദ്യാർത്ഥികളുടെ സഹപഠന കേന്ദ്രങ്ങളും സംഘടിപ്പിക്കാനാകണം. വിദ്യാഭ്യാസ പ്രവർത്തനത്തിൽ സമൂഹത്തെയാകെ അണിനിരത്താൻ കഴിയണം..

65

# രക്ഷാകർത്തൃ വിദ്യാഭ്യാസം നവ കേരളത്തിന്

കെ കെ ശിവദാസൻ, റിട്ട. ഹെഡ്മാസ്റ്റർ, ജിഎച്ച്എസ്എസ് കോക്കല്ലൂർ, കോഴിക്കോട്

**എ**ല്ലാ കുട്ടികളെയും മികച്ച നിലവാരത്തിൽ എത്തിക്കുന്നതിന് ലക്ഷ്യം വച്ചുള്ള വിദ്യാഭ്യാസ പരിവർത്തനപ്രക്രിയയുമായി കേരളം മുന്നേറുകയാണ്. ഇതിനു സഹായകമായ ശക്തമായ അടിത്തറ പൊതുവിദ്യാഭ്യാസ മേഖലയിൽ ഒരുങ്ങി കഴിഞ്ഞു. അതോടൊപ്പം നവകേരള സൃഷ്ടിക്കുതകുന്ന തരത്തിലുള്ള ഒരു വിദ്യാഭ്യാസക്രമത്തിനായുള്ള അന്വേഷണവും നടന്നു വരുന്നു. അറിവിനാൽ നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹത്തെയാണ് നാം മുന്നിൽ കാണുന്നത്. അതിൽ നിർണായക പങ്കു വഹിക്കാൻ കുട്ടിക്ക് കഴിയണം. വിദ്യാഭ്യാസം ഒരു സാമൂഹികപ്രക്രിയ എന്നത് ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും അത് പ്രയോഗതലത്തിൽ യാഥാർത്ഥ്യമാകാൻ ഇനിയും മുന്നേറേണ്ടതുണ്ട്. കുട്ടിയും അധ്യാപകരും രക്ഷിതാവും പൊതുസമൂഹവും തമ്മിലുള്ള പരസ്പര്യവും പിന്തുണയും ഉറപ്പാക്കിയുള്ള ഒരു പ്രക്രിയയായി വിദ്യാഭ്യാസം മാറണം. ഇതിൽ രക്ഷിതാവിന്റെ പങ്ക് വളരെ പ്രധാനമാണ്. കേരളത്തിൽ വിദ്യാലയങ്ങളും പൊതുസമൂഹവും തമ്മിലുള്ള ബന്ധം ശക്തമാണ്.

ക്ലാസ് പി ടി എ കൾ രൂപം കൊണ്ടതോടെ മൊത്തം രക്ഷിതാക്കളെ പങ്കെടുപ്പിച്ചുള്ള ക്ലാസുകൾക്കും വിദ്യാലയങ്ങളിൽ തുടക്കമായി. ഇവയ്ക്കെല്ലാം ചില ഏകോപന ശ്രമങ്ങളും ഇടയ്ക്കിടെ സംസ്ഥാന ജില്ലാതലങ്ങളിൽ നടന്നു. ചർച്ചാക്കുറിപ്പുകൾ, കൈപ്പുസ്തകങ്ങൾ, പരിശീലനങ്ങൾ തുടങ്ങിയ പിന്തുണാസംവിധാനങ്ങൾ കേന്ദ്രീകൃതമായി ലഭ്യമാക്കി. ഇതിനിടയിൽ അമ്മമാരുടെ കൂട്ടായ്മകളും വിദ്യാലയങ്ങളിൽ സജീവമായി. അവരെ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾക്കും വലിയ സ്വീകാര്യത ലഭിച്ചു. പി ടി എ കൾക്ക് പുറമേ പ്രാദേശിക പി ടി എകൾ, കോർണർ പി ടി എ കൾ തുടങ്ങിയ തലങ്ങളിലേക്ക് രക്ഷാകർതൃ കൂട്ടായ്മകൾ വ്യാപിപ്പിച്ച അനുഭവങ്ങൾ ഉണ്ട്.

രക്ഷാകർത്തൃ ശാക്തീകരണത്തെ കുട്ടികളുടെ പഠന മികവ് ഉയർത്തുക എന്ന മുഖ്യ ലക്ഷ്യത്തിലേക്ക് എത്തിക്കാൻ പലപ്പോഴും കഴിഞ്ഞില്ല എന്നതാണ് അനുഭവം. ഇതിന് ഏറെ സാധ്യതയുള്ള വേദിയായിരുന്നു ക്ലാസ് പി ടി എ കൾ. എന്നാൽ ആ നിലയിൽ അതിനെ വളർത്താനായില്ല. രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയക്രമം പാലിക്കാനായില്ല എന്നത് പങ്കാളിത്തത്തെ ബാധിച്ചു. പാർശ്വവത്കൃത സമൂഹത്തിലെ രക്ഷിതാക്കൾ ഏറെയും ക്ലാസുകളിൽ പങ്കാളികളായില്ല.പിതാക്കന്മാരുടെ ഹാജർ താരതമ്യേന കുറവായി. അക്കാദമിക ചർച്ചകൾ വിലയിരുത്തൽ രേഖയിൽ ഒപ്പിടലിൽ ഒതുങ്ങി. കുട്ടി എന്തു നേടി എന്നതിനപ്പുറം എന്തു നേടിയില്ല എന്ന ചർച്ചയ്ക്ക് പ്രാമുഖ്യം ലഭിച്ചു. പലപ്പോഴും കുട്ടികളെ കുറ്റപ്പെടുത്തുന്ന വേദികളായി ക്ലാസ് പി ടി എ കൾ മാറി. രക്ഷിതാക്കൾക്ക് പങ്കാളിത്തം ഇല്ലാതെ നടന്ന ഏകപക്ഷീയമായ അവതരണങ്ങൾ മടുപ്പുളവാക്കി. പാർശ്വവൽകൃത ജനവിഭാഗങ്ങൾ, പ്രത്യേകിച്ച് ആദിവാസി കടലോര മലയോര മേഖലകളിലുള്ള രക്ഷിതാക്കളുടെ പങ്കാളിത്തം നാമമാത്രമായി. ഇവർക്കിണങ്ങുന്ന ഭാഷയും അനുഭവങ്ങളും രക്ഷാകർതൃ വിദ്യാഭ്യാസ പരിപാടിയിൽ ഇടം പിടിച്ചില്ല.

നിലവിലുള്ള പരിമിതികൾ മുറിച്ചു കടന്ന് പുതിയ കാലത്തിനും ലക്ഷ്യങ്ങൾക്കും അനുസൃതമായ ഒരു രക്ഷാകർതൃ വിദ്യാഭ്യാസ പരിപാടിക്ക് രൂപം നൽകേണ്ടതുണ്ട്. പുതിയ കേരളവും അറിവുല്പാദനത്തിൽ അധിഷ്ഠിതമായ അതിന്റെ വികസന തന്ത്രങ്ങളും ഇന്നത്തെ ക്ലാസ് മുറികളിലാണ് രൂപപ്പെടേണ്ടത്. അത്തരത്തിൽ സമഗ്രമായ ഒരു കാഴ്ചപ്പാടോടുകൂടി വിദ്യാഭ്യാസ പ്രക്രിയ പരിവർത്തനം ചെയ്തു വരുമ്പോൾ രക്ഷിതാക്കളുടെ പങ്കും അതിൽ നിർണായകമാവും. പാഠ്യപദ്ധതി, ബോധനശാസ്ത്രം, വിലയിരുത്തൽ, പഠന ബോധന സാമഗ്രികൾ, ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആവശ്യമായ പ്രത്യേക പഠന പിന്തുണകൾ, നൂതന സാങ്കേതികവിദ്യയുടെ സാധ്യതകൾ, കുട്ടികളുടെ പ്രകൃതം, അംഗീകാരവും പ്രോത്സാഹനവും, കുട്ടികളുടെ അവകാശങ്ങൾ, തലമുറകളുടെ വിടവ് തിരിച്ചറിയൽ, ദുശ്ശീലങ്ങൾക്കെതിരായുള്ള ജാഗ്രത, ഒഴിവു സമയങ്ങളുടെ വിനിയോഗം,ദുരന്തങ്ങളെ അതിജീവിക്കാനുള്ള പ്രാപ്തി നേടൽ, ഭരണഘടനാമൂല്യങ്ങളെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കൽ, രക്ഷിതാവ് എന്ന നിലയിലുള്ള ചുമതലകൾ തിരിച്ചറിയൽ തുടങ്ങിയവയെല്ലാം പങ്കുവെക്കുന്ന തരത്തിലുള്ള അതിവിപുലവും സുസജ്ജവുമായ ഒരു രക്ഷാകർതൃ പരിശീലന സംവിധാനമാണ് നമുക്ക് വേണ്ടത്. അനാരോഗ്യകരമായ മത്സരം ഒഴിവാക്കൽ, വിദ്യാഭ്യാസത്തെക്കുറിച്ചും കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തെക്കുറിച്ചുള്ള സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കൽ എന്നിവയും പ്രധാനമാണ്. കുടുംബം, സമൂഹം, രാഷ്ട്രം തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള കൃത്യമായ ധാരണകൾ രൂപപ്പെടൽ കുട്ടികളുടെ കായികവും മാനസികവുമായ ഉല്ലാസത്തിന് ആവശ്യമായ പിന്തുണ ഉറപ്പാക്കൽ തുടങ്ങിയവയും രക്ഷാകർതൃ വിദ്യാഭ്യാസത്തിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്. ജനാധിപത്യം ഒരു ജീവിതരീതിയായി സ്വാംശീകരിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്ന തരത്തിലുള്ള കുടുംബാന്തരീക്ഷം വളർത്തിയെടുക്കൽ,ലിംഗ സമത്വം, ശാസ്ത്രാവബോധം, തൊഴിൽ കാഴ്ചപ്പാട് രൂപീകരിക്കൽ എന്നിവയും പ്രധാനമാണ്. കുട്ടികൾക്കുള്ള സവിശേഷ നിയമ

സംരക്ഷണങ്ങൾ, സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ തുടങ്ങിയവയിലും രക്ഷിതാക്കൾക്ക് ധാരണയുണ്ടാവണം. കുട്ടികൾക്ക് അവരുടെ ശരീരത്തിന്മേലുള്ള ഏതു തരം കടന്നാക്രമങ്ങളേയും തിരിച്ചറിയാനും പ്രതികരിക്കാനുമുള്ള ശേഷിയുണ്ടാകണം. അതിന് അവരെ പ്രാപ്തരാക്കാനുള്ള പിന്തുണ രക്ഷിതാക്കൾ നൽകേണ്ടതുണ്ട്.വിവരവിനിമയ സാങ്കേതികവിദ്യ തുറന്നിട്ട ചതിക്കുഴികളെക്കുറിച്ചുള്ള തിരിച്ചറിവും കൗമാര മന:ശാസ്ത്രവുമെല്ലാം രക്ഷാകർതൃ പാഠ്യപദ്ധതിയുടെ ഭാഗമാകണം.

പൂജ്യം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ രക്ഷിതാക്കളെ പരിഗണിച്ചുള്ള ഒരു രക്ഷാകർതൃ വിദ്യാഭ്യാസ പദ്ധതിയാണ് രൂപം നൽകേണ്ടത്. രോഗികളായവർ, മാനസിക പ്രശ്നങ്ങൾ ഉള്ള രക്ഷിതാക്കൾ; അനാഥാലയങ്ങൾ,അഗതി മന്ദിരങ്ങൾ, റസിഡൻഷ്യൽ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, ജുവനൈൽ ഹോമുകൾ, ശാരീരിക മാനസികാധിക്രമങ്ങൾക്ക് ഇരകളാകേണ്ടി വന്ന കുട്ടികളുടെ പുനരധിവാസ കേന്ദ്രങ്ങളിലെ രക്ഷിതാക്കൾ തുടങ്ങി കുട്ടികളുടെ രക്ഷാകർതൃ ചുമതലയുള്ള ഒട്ടേറെ വിഭാഗങ്ങളുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ,കുട്ടികളുടെ പരിരക്ഷയ്ക്ക് വേണ്ടത്ര സമയം ലഭിക്കാത്ത രക്ഷിതാക്കൾ തുടങ്ങിയവർ കുട്ടികളുടെ പഠനം, തൊഴിൽ, സ്വഭാവരൂപീകരണം എന്നിവയ്ക്കായി പ്രത്യേക മെന്റർമാരെയും വ്യക്തിഗത കോച്ചുകളെയും വിനിയോഗിക്കാറുണ്ട്. നാം വിഭാവനം ചെയ്യുന്ന രക്ഷാകർതൃ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ പരിധിക്കുള്ളിൽ ഇത്തരക്കാരെ കൂടി പരിഗണിക്കണം.

രക്ഷാകർത്തൃ വിദ്യാഭ്യാസം എന്നത് പൊതു വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഒരു പ്രധാന ഭാഗമായി മാറണം. സ്കൂളുകളുമായി ബന്ധപ്പെട്ടും അല്ലാതെയും രൂപപ്പെടുന്ന വിശാലമായ ഒരു അടിത്തറ ഇതിനായി രൂപം കൊള്ളണം. സംസ്ഥാന ജില്ലാതലങ്ങളിൽ രക്ഷാകർതൃ വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടുകൾ പരിഗണിക്കാവുന്നതാണ്. മികച്ച പരിശീലകർ, ഗവേഷണ സ്ഥാപനങ്ങൾ, മന:ശാസ്ത്ര വിദഗ്ധർ ' വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിദഗ്ധർ, ശാസ്ത്ര സ്ഥാപനങ്ങൾ, കുടുംബശ്രീ, സാക്ഷരതാ മിഷൻ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയെയെല്ലാം ഇതുമായി കോർത്തിണക്കാവുന്നതാണ്. സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും നടക്കുന്ന രക്ഷാകർതൃ ബഹുജന വിദ്യാഭ്യാസ പരിശീലന പരിപാടിക്ക് നേതൃത്വം നൽകലാകും ഈ ഒരു സ്ഥാപനത്തിന്റെ ചുമതല.

സ്കൂൾതലത്തിൽ പാരന്റ് സെന്റർ എന്ന ഒരു ആശയവും പരിഗണിക്കാവുന്നതാണ്. സമൂഹ രക്ഷാകർതൃത്വം എന്നൊരു തലത്തിലേക്ക് കൂടി രക്ഷാകർതൃ സങ്കല്പം വളരേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ സമൂഹത്തിനാകെ രക്ഷാകർതൃ വിദ്യാഭ്യാസം നൽകേണ്ടി വരും. വാർഡുതല വിദ്യാഭ്യാസസമിതികളുടെ നേതൃത്വത്തിൽ ഇത്തരത്തിലുള്ള സമൂഹരക്ഷാകർതൃ വിദ്യാഭ്യാസം ഏറ്റെടുക്കാവുന്നതാണ്. ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങളുടെ രക്ഷിതാക്കളെയും ഈ ഒരു പരിശീലനത്തിന്റെ ഭാഗമാക്കണം. വിദേശത്തും മറ്റു തൊഴിലിടങ്ങളിലും ഉള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് അതുപോലെ ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ ഇവർക്കെല്ലാം തങ്ങളുടെ കുട്ടികളുടെ ക്ലാസ് മുറിയിലെ പ്രകടനം നേരിട്ട് കാണാൻ അവസരം ഉണ്ടാകണം. ഇതിനായി സാങ്കേതിക വിദ്യയുടെ സഹായത്താൽ ലൈവ് ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്. രക്ഷാകർതൃ ക്ലാസുകൾ പിടിഎ യോഗങ്ങൾ തുടങ്ങിയവയിൽ രക്ഷിതാക്കൾക്ക് മാന്യമായ സ്വീകരണവും പരിഗണനയും ഉറപ്പാക്കണം. അവർക്കനുയോജ്യമായ സമയമാണ് ക്ലാസുകൾക്ക് തെരഞ്ഞെടുക്കേണ്ടത്. സാമ്പത്തിക പിന്നാക്കാവസ്ഥയുള്ള രക്ഷിതാക്കൾക്ക് പിടിഎ യോഗങ്ങൾ, ശില്പശാലകൾ തുടങ്ങിയവയിൽ പങ്കെടുക്കുമ്പോൾ ദിനബത്ത നൽകുന്നത് നന്നാവും. രക്ഷിതാക്കളുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന സമിതികളിൽ വനിതകൾക്ക് മതിയായ പ്രാധിനിത്യം ഉറപ്പാക്കണം. ക്ലാസ് പിടികളിൽ നിന്ന് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി തിരഞ്ഞെടുക്കുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന പാരന്റ് കൗൺസിൽ എല്ലാ വിദ്യാലയങ്ങളിലും ഉണ്ടാവണം. ഇവരിൽനിന്ന് പിടിഎ കമ്മിറ്റിയിലേക്കുള്ള ഭാരവാഹികളേയും അംഗങ്ങളേയും തെരഞ്ഞെടുക്കുന്ന രീതി സ്വീകരിക്കാവുന്നതാണ്. വിദ്യാലയങ്ങളിൽ നിശ്ചിത കാലം നീണ്ടുനിൽക്കുന്ന ഒരു ക്യാമ്പയിൻ മാതൃകയിലുള്ള രക്ഷാകർതൃ വിദ്യാഭ്യാസ പരിപാടി ആസൂത്രണം ചെയ്യാം. ഇതര വിദ്യാലയങ്ങൾ, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ, തൊഴിൽ കേന്ദ്രങ്ങൾ തുടങ്ങിയവ സന്ദർശിക്കുന്നതിന് അവസരമുണ്ടാകണം.ആദിവാസി ഊരുകളിലും മലയോര മേഖലകളിലും ഉള്ള രക്ഷിതാക്കൾക്ക് അവരുടെ താമസ കേന്ദ്രങ്ങളിൽ വെച്ച് തന്നെ രക്ഷാകർതൃ വിദ്യാഭ്യാസ പരിപാടി നൽകുന്ന കാര്യം പരിഗണിക്കേണ്ടതുണ്ട്. കിടപ്പ് അവസ്ഥയിലുള്ള കുട്ടികൾ, ഭിന്നശേഷിക്കാർ തുടങ്ങിയവരുടെ രക്ഷിതാക്കൾക്ക് പ്രത്യേക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യണം. രക്ഷാകർതൃ വിദ്യാഭ്യാസത്തിന് സഹായകമായ രക്ഷാകർത്തൃ പാഠപുസ്തകങ്ങൾ, ലഘു കൈപ്പുസ്തകങ്ങൾ, ഡിജിറ്റൽ സാമഗ്രികൾ തുടങ്ങിയവ തയ്യാറാക്കണം. രക്ഷിതാക്കളിൽ നിന്നു തന്നെ ഏതാനും പരിശീലകരെ ഉൾപ്പെടുത്തുന്നത് ഉചിതമാകും.

66

# രക്ഷാകർത്തൃ വിദ്യാഭ്യാസം പ്രസക്തിയും പ്രാധാന്യവും

ഡോ. സുദർശനൻ എൽ, റിസർച്ച് ഓഫീസർ, എസ് സി ഇ ആർ ടി

**വി**ദ്യാഭ്യാസത്തെക്കുറിച്ചുള്ള സങ്കല്പത്തിന് ലോകമെമ്പാടും വലിയ തോതിലുള്ള മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ആധുനിക സാങ്കേതിക വിദ്യകൾ, പുതിയ തൊഴിൽ സാധ്യതകൾ, വികസന കാഴ്ചപ്പാടിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ തുടങ്ങിയവയെല്ലാം വിദ്യാഭ്യാസത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ കാഴ്ചപ്പാടിലെ മാറ്റങ്ങൾ രക്ഷിതാക്കളേയും സ്വാധീനിക്കുന്നു. തങ്ങളുടെ കുട്ടിക്കാലത്തിന്റെ ആവർത്തനം പുതിയ കാലത്തെ കുട്ടികളിൽ നിന്ന് അതേപടി പ്രതീക്ഷിക്കുന്ന രക്ഷിതാക്കൾ വലിയ നിരാശയും മാനസിക സംഘർഷങ്ങളും അനുഭവിക്കുന്നുണ്ട്. കാലത്തിനനുസരിച്ച് മാറ്റങ്ങൾ സ്വാഭാവികമാണെന്ന തിരിച്ചറിവ് രക്ഷിതാക്കൾക്ക് ഉണ്ടാകണം. വിദ്യാഭ്യാസത്തെക്കുറിച്ച് രക്ഷിതാക്കൾക്കുള്ള വികലമായ കാഴ്ചപ്പാട് കുട്ടികളെ ശരിയായ രീതിയിൽ നയിക്കുന്നതിൽ പ്രതികൂലമായി ബാധിക്കുന്നു. കുട്ടികൾക്കിടയിൽ അനാരോഗ്യകരമായ മത്സരം വർദ്ധിച്ചു വരുന്നതിലും രക്ഷിതാക്കളുടെ പങ്ക് ചെറുതല്ല. അമിതമായ ലാളനയും പരിധിവിട്ട പരിഗണനയും ചില കുട്ടികളിലെങ്കിലും മോശം പ്രവണതകൾക്ക് ഇടവരുത്തുന്നു. നിർമലമായ സ്നേഹവും അർഹമായ പരിഗണനയും കുട്ടികൾക്ക് ലഭിക്കണം. കുടുംബത്തിനകത്തെ കലഹങ്ങൾ, ശിഥിലമായ കുടുംബബന്ധങ്ങൾ, രക്ഷിതാക്കളുടെ കാർക്കശ്യം കടുത്ത നിയന്ത്രണങ്ങൾ തുടങ്ങിയവയും കുട്ടികളെ സാരമായി ബാധിക്കുന്നു. ഇതോടൊപ്പം കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ഒറ്റപ്പെടൽ, ആത്മഹത്യാ പ്രവണതകൾ, ലഹരി ഉപയോഗം എന്നിവ ഉത്കണ്ഠ ഉളവാക്കുന്നു. കേരളമിന്ന് ജീവിതശൈലീരോഗങ്ങളുടെ ഈറ്റില്ലമായി മാറിയിട്ടുണ്ട്. അനാരോഗ്യകരമായ ഭക്ഷണശീലം കുട്ടികളെ ഗ്രസിച്ചിരിക്കുന്നു. സമൂഹത്തിൽ വ്യാപകമായി കാണുന്ന അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ തുടങ്ങിയവയുടെ ഉറവിടം പലപ്പോഴും കുടുംബങ്ങൾ തന്നെയാണ്. ലിംഗസമത്വം, ജനാധിപത്യബോധം, മതേതരത്വം തുടങ്ങിയ സാമൂഹിക മൂല്യങ്ങൾ ഒരു ജീവിതരീതി എന്ന നിലയിൽ വളർന്നു വരേണ്ടത് കുടുംബങ്ങളിൽ നിന്നാണ്.

ജോലി ആവശ്യത്തിന് വീട്ടിൽ നിന്നു വിട്ടുനിൽക്കേണ്ടി വരുന്ന രക്ഷിതാക്കളുടെ കുട്ടികൾ, അച്ഛനോ അമ്മയോ അല്ലെങ്കിൽ ഇരുവരുമോ നഷ്ടപ്പെട്ട കുട്ടികൾ, വിവാഹബന്ധം വേർപ്പെടുത്തിയ രക്ഷിതാക്കളുടെ കുട്ടികൾ, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾ, പാർശ്വവൽക്കരണ ജനവിഭാഗങ്ങളിലെ കുട്ടികൾ തുടങ്ങിയവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണ്. സാമ്പത്തികപരാധീനതകൾ മൂലമോ മറ്റു കാരണങ്ങളാലോ ഹോസ്റ്റലുകൾ പോലുള്ള സംവിധാനങ്ങളെ ആശ്രയിക്കുന്ന കുട്ടികളുമുണ്ട്.

ബുദ്ധിവളർച്ചയുടെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണ് ശൈശവം. എട്ടുവയസ്സു വരെയുള്ള കാലത്താണ് കുട്ടിയുടെ തലച്ചോറിന്റെ വികാസം ഏറിയ പങ്കും നടക്കുന്നത്. ഈ ഘട്ടത്തിൽ നൽകേണ്ടുന്ന ശാസ്ത്രീയമായ പിന്തുണാസംവിധാനങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ രക്ഷിതാക്കളുടെ പങ്ക് പ്രധാനമാണ്. വളർച്ചാഘട്ടത്തിലെ ഏറ്റവും വർണ്ണ ശബളമായ കാലഘട്ടമാണ് കൗമാരം. പ്രതിസന്ധികളിലൂടെയും സംഘർഷങ്ങളിലൂടെയും ആണ് ഈ ഘട്ടത്തിൽ കുട്ടികൾ കടന്നുപോകുന്നത്. ചേർന്നുനിൽക്കാനും ആത്മവിശ്വാസവും ആത്മാഭിമാനവും വളർത്താനും സ്നേഹം പകരാനും രക്ഷിതാക്കൾ ഒപ്പമുണ്ടാകേണ്ട കാലഘട്ടമാണിത്.

മനുഷ്യവിഭവത്തെ വികസനത്തിന്റെ മർമ്മമായി കാണുന്ന വിശാലമായ കാഴ്ചപ്പാടാണ് ലോകം നിലവിൽ അംഗീകരിച്ചിരിക്കുന്നത്. കേരളത്തിൽ ഇതിന് പ്രസക്തിയേറിയാണ്. എല്ലാവർക്കും ഇടം നൽകിക്കൊണ്ട് അറിവിനെ സമ്പത്താക്കി മാറ്റുന്ന പുതുലോക ക്രമത്തിനൊപ്പം വളരാൻ നമുക്കും കഴിയണം. അതിനുള്ള വിഭവങ്ങളാണ് നമ്മുടെ കുട്ടികൾ. ജ്ഞാനസമൂഹം ലക്ഷ്യം വെച്ചുള്ള കേരളത്തിന്റെ പ്രയാണം കുട്ടികളുടെ സമഗ്രമായ വളർച്ചയെക്കൂടി ആശ്രയിച്ചാണിരിക്കുന്നത്. ഓരോ കുട്ടിയുടെയും പരമാവധി സാധ്യതയാണ് നാം വിഭാവനം ചെയ്യുന്നത്.കുട്ടികളുടെ കഴിവുകളും പരിമിതികളും വ്യത്യസ്തമാണെന്നിരിക്കെ ഓരോ കുട്ടിയെയും പരിഗണിച്ചുള്ള പരിവർത്തന പ്രവർത്തനത്തിന് പ്രാധാന്യമുണ്ട്. അതിനാവട്ടെ നിലവിലുള്ള ക്ലാസ് അന്തരീക്ഷം പൂർണ തോതിൽ പര്യാപ്തവും അല്ല. ഇവിടെ ഓരോ കുട്ടിക്കുമേലും രക്ഷിതാവിന്റെ സവിശേഷമായ ഇടപെടലിന് പ്രസക്തിയേറെയാണ്.

കുട്ടികളെ കാത്തിരിക്കുന്ന നാളത്തെ പഠനവും സാധ്യതകളും എല്ലാം എങ്ങനെയെന്ന് ഭാവന ചെയ്യാനും പിന്തുണയ്ക്കാനുമുള്ള ശേഷി രക്ഷിതാക്കൾ ആർജിക്കേണ്ടതുണ്ട്. ശാസ്ത്ര സാങ്കേതികവിദ്യകളും നിർമ്മിത ബുദ്ധിയും വിവര വിശകലനവും എല്ലാം നാളെയെ നയിക്കുമ്പോൾ സംസ്കാരവും ഭാഷയും ചരിത്രവും കലയും എല്ലാം വ്യത്യസ്ത സമീപനത്തോടെ കുട്ടികൾക്കൊപ്പം ഉണ്ടാകണം. പഠനപ്രക്രിയയിലും കുട്ടികളിലും സംഭവിച്ചതും സംഭവിക്കാൻ ഇടയുള്ളതുമായ മാറ്റത്തെ തിരിച്ചറിയുന്ന രക്ഷിതാവിന് ഒപ്പമാണ് കുട്ടി വളർന്നു വരേണ്ടത്.

ഒരു കുട്ടി ജനിക്കുന്നതിൽ പങ്കാളിയായി എന്നതല്ല രക്ഷിതാവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു കുഞ്ഞു ജനിക്കുന്നതിൽ സന്തോഷത്തോടെ ബോധ

പൂർവ്വം ഇടപെടുകയും ആ കുഞ്ഞിന്റെ വളർച്ചയ്ക്ക് ആവശ്യമായ സഹായങ്ങൾ ഉറപ്പാക്കുന്നതിൽ ആനന്ദം കണ്ടെത്താൻ കഴിയുമ്പോഴാണ് രക്ഷാകർതൃത്വം പൂർണമാകുന്നത്. മനുഷ്യക്കുഞ്ഞുങ്ങൾക്ക് മറ്റു ജീവികളെ അപേക്ഷിച്ച് നീണ്ടകാലം സുരക്ഷയും പരിഗണനയും സഹായവും വേണ്ടതുണ്ട്.

പുതിയകാലത്ത് രക്ഷാകർതൃത്വത്തിൽ പല മാറ്റങ്ങളും വന്നിട്ടുണ്ട്. ചില കുട്ടികൾക്ക് ഏക രക്ഷിതാവ് എന്ന അവസ്ഥയുണ്ട്. ഇതൊരു പരിമിതിയായി വിവക്ഷിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കുട്ടിയുടെ സംരക്ഷണവും പരിപാലനവും സമൂഹത്തിന്റെ കൂടി ചുമതലയാണ്. അതായത് സർക്കാരിന്റെയും സമൂഹത്തിന്റെയും പരിരക്ഷ കുട്ടികൾക്ക് ആവശ്യമാണ്. ദുരന്തങ്ങളുടെ ഭാഗമായി രക്ഷിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് നൽകേണ്ട സംരക്ഷണം, ജയിലിൽ കഴിയുന്ന രക്ഷിതാക്കളുടെ കുട്ടികൾ തുടങ്ങിയവ സംബന്ധിച്ചും കാഴ്ചപ്പാടുകൾ രൂപീകരിക്കേണ്ടതുണ്ട്. കുട്ടികളെ സംരക്ഷിക്കാനും വളർച്ചയിൽ പങ്കാളികളാകാനും സന്നദ്ധരായവർ ഉണ്ടെങ്കിലും കുട്ടികൾക്ക് അനാഥാലയങ്ങളിൽ തന്നെ തുടരേണ്ടി വരുന്ന സാഹചര്യമുണ്ട്. ഇവിടെ നിയമങ്ങളും ചട്ടങ്ങളും കാലാനുസൃതമായി പരിഷ്കരിക്കാൻ ശ്രദ്ധിക്കണം.

യഥാർത്ഥ ലക്ഷ്യം തിരിച്ചറിഞ്ഞ് കുട്ടിയുടെ വിദ്യാഭ്യാസത്തിൽ അർത്ഥപൂർണ്ണമായ പങ്കാളിത്തം വഹിക്കുന്ന ഉത്തരവാദിത്വ രക്ഷാകർതൃത്വം എന്ന ഉയർന്ന തലമാണ് വിഭാവനം ചെയ്യേണ്ടത്. എങ്ങനെയാണോ തങ്ങളുടെ രക്ഷിതാക്ക വളർത്തിയത് അതേ ശൈലിയിൽ തങ്ങളുടെ കുട്ടികളെയും വളർത്തുക എന്ന രീതി ചിലരെങ്കിലും സ്വീകരിച്ചു വരുന്നു. പിതാവ് നൽകിയ ശാരീരിക ശിക്ഷാനടപടികളാണ് താൻ നല്ല നിലയിൽ എത്താൻ കാരണമായതെന്ന് വിശ്വസിക്കുന്ന ഒരു വ്യക്തി അദ്ദേഹം രക്ഷകർത്താവായ ശേഷം സ്വന്തം മക്കളെ ശാരീരികമായി ശിക്ഷിക്കുന്നതിൽ കൂടുതൽ താൽപര്യം കാട്ടാൻ സാധ്യതയുണ്ട്. കുടുംബനാഥൻ പറയുന്ന കാര്യങ്ങൾ അക്ഷരംപ്രതി അനുസരിക്കുന്ന ജോലിയാണ് കുട്ടികൾക്കുള്ളത് എന്നു കരുതുന്ന രക്ഷിതാക്കളും കുറവല്ല. കർശനമായ അച്ചടക്കം നിലനിൽക്കുന്ന ഇത്തരം വീടുകളിൽ ഒട്ടും സ്വാതന്ത്ര്യമോ സ്നേഹപ്രകടനമോ ഉണ്ടാകാറില്ല. ചിലയിടങ്ങളിലാവട്ടെ കുട്ടി പറയുന്ന കാര്യങ്ങൾ അക്ഷരംപ്രതി നടപ്പിലാക്കുന്ന സമീപനമാണ് രക്ഷിതാക്കൾ സ്വീകരിക്കുന്നത്. ഒരുതരം ലാളനാത്മക രക്ഷാകർതൃത്വം ആണിത്. അപൂർവ്വം ചില വീടുകളിൽ കുട്ടികളുടെ കാര്യങ്ങൾ ഒന്നും നോക്കാൻ രക്ഷിതാക്കൾക്ക് സമയമില്ലാത്ത അവസ്ഥയാണ്. സ്നേഹമോ സ്വാതന്ത്ര്യമോ അച്ചടക്കമോ ഇല്ലാതെ വളർന്ന കുട്ടികൾ പലപ്പോഴും സുഹൃത്തുക്കളുടെ അഭാവത്തിൽ സ്വഭാവത്തിനനുസരിച്ച് മുന്നോട്ടു പോകും. സ്നേഹവും അച്ചടക്കവും സമഞ്ജസമായി സമ്മേളിച്ചുകൊണ്ടുള്ള രക്ഷാകർതൃരീതി നടപ്പിലുള്ള വീടുകളുമുണ്ട്. ഒട്ടേറെ വീടുകളിൽ ഒരു രക്ഷിതാവ് കുട്ടികളെ വളർത്തുന്ന സംവിധാനമാണുള്ളത്. വിദേശത്തുള്ള രണ്ടാമത്തെ രക്ഷിതാവ് വർഷത്തിൽ ഒരു മാസം മറ്റോ ആയിരിക്കും കുട്ടിയെ കാണുന്നത്. എന്നാൽ അത്രയും ദിവസം കുട്ടി ആഗ്രഹിക്കുന്നത് എല്ലാം നടത്തിക്കൊടുക്കും.

പാരന്റിങ്ങിന്റെ അടിസ്ഥാന ധാരണകളിൽ പലതും സ്വാംശീകരിക്കാത്ത രക്ഷിതാക്കൾ, കുട്ടികളുടെ വളർച്ചാഘട്ടങ്ങളും അതിന്റെ സവിശേഷതകളും തിരിച്ചറിയാതെ കുട്ടികളുമായി ഇടപഴകുന്ന രക്ഷിതാക്കൾ, കുട്ടികൾക്ക് മാനസിക സമ്മർദ്ദം ഉണ്ടാക്കുന്ന രക്ഷിതാക്കൾ, പി ടി എ കളിൽ സ്ഥിരമായി പങ്കെടുക്കാത്ത രക്ഷിതാക്കൾ, കുട്ടിയെ പഠനത്തിൽ സഹായിക്കേണ്ടത് അമ്മയുടെ മാത്രം ചുമതലയായി കാണുന്നവർ, പാഠ്യേതര പ്രവർത്തനങ്ങളും കളികളും പ്രോത്സാഹിപ്പിക്കാത്ത രക്ഷിതാക്കൾ, പരാജയത്തിൽ പിന്തുണയ്ക്കാതെ വിജയത്തിലും ഉന്നത ഗ്രേഡിലും മാത്രം ലക്ഷ്യം വെക്കുന്ന രക്ഷിതാക്കൾ, കുട്ടിയുടെ മാനസിക പ്രതിസന്ധി തിരിച്ചറിഞ്ഞ് പിന്തുണയ്ക്കാത്ത രക്ഷിതാക്കൾ, ഭിന്നശേഷി കുട്ടികളുടെ രക്ഷിതാക്കൾ,തീരദേശ മേഖലകളിൽ രക്ഷിതാക്കൾ, മതസ്ഥാപനങ്ങൾ ഹോസ്റ്റലുകൾ തുടങ്ങിയയിടങ്ങളിൽ ചേർന്ന് പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ തുടങ്ങി വ്യത്യസ്ത തരക്കാരെ സംഭോദന ചെയ്യുക എന്നത് പ്രധാനമാണ്. അന്യനാടുകളിലും വിദേശത്തും ജോലിയെടുക്കുന്ന രക്ഷിതാക്കൾ, നിത്യരോഗികളായ രക്ഷിതാക്കൾ, ബന്ധം വേർപിരിഞ്ഞ രക്ഷിതാക്കൾ, ലഹരിപദാർത്ഥങ്ങൾ മദ്യപാനം തുടങ്ങിയ ശീലങ്ങൾക്ക് അടിമപ്പെട്ട രക്ഷിതാക്കൾ,സാമ്പത്തിക സാമൂഹിക പിന്നാക്കാവസ്ഥയിലുള്ളവർ, ഭിന്നശേഷിക്കാരായ രക്ഷിതാക്കൾ, കിടപ്പുരോഗികളായ രക്ഷിതാക്കൾ, അതിഥി തൊഴിലാളികളായ രക്ഷിതാക്കൾ, ട്രാൻസ്ജെൻഡറുകളുടെ രക്ഷിതാക്കൾ, ഔപചാരിക വിദ്യാഭ്യാസം ഒന്നും നേടാത്ത രക്ഷിതാക്കൾ തുടങ്ങിയ വിഭാഗങ്ങളെയും പ്രത്യേകം പരിഗണിച്ചുകൊണ്ട് പ്രാദേശിക വഴക്കത്തോടെയും കുട്ടികളുടെ പ്രായഘട്ടത്തിന് അനുസരിച്ചുമുള്ള ഒരു രക്ഷാകർതൃ ശാക്തീകരണമാണ് വേണ്ടത്. അതിനാവട്ടെ രക്ഷാകർതൃ വിദ്യാഭ്യാസത്തിന്റെ നിലവിലുള്ള അവസ്ഥ കൂടി വിശകലന വിധേയമാക്കണം.

# വിദ്യാഭ്യാസ ഗവേഷണവും വിദ്യാഭ്യാസത്തിലെ ഗവേഷണവും

67

## വിദ്യാഭ്യാസഗവേഷണവും വിദ്യാഭ്യാസത്തിനകത്തെ ഗവേഷണവും- മാറേണ്ട സമീപനങ്ങൾ

ഡോ. കെ രാജേഷ്, സീനിയർ അർബൻ ഫെലോ, കില

**കേ**രളം നിരവധി വിദ്യാഭ്യാസപരീക്ഷണങ്ങൾക്ക് വേദിയായ ഒരു സംസ്ഥാനമാണ്. സ്ക്കൂൾ വിദ്യാഭ്യാസ സംവിധാനങ്ങളുടെ സാർവത്രികവത്ക്കരണം 1970 കളോടെ കേരളത്തിൽ സാദ്ധ്യമായി. തുടർന്നുള്ള കാലഘട്ടങ്ങളിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചും ഗുണതയെക്കുറിച്ചുമുള്ള ചർച്ചകൾ ഉയർന്നു വന്നു

കേരളത്തിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള അന്വേഷണങ്ങളിൽ രണ്ട് പ്രധാന ധാരകളെ നമുക്ക് കണ്ടെത്തുവാൻ കഴിയും. വിദ്യാഭ്യാസ രംഗത്ത് പൊതുവിൽ തൽപ്പരരായ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവർ ഒറ്റക്കോ, കൂട്ടായോ നടത്തിയ സ്വതന്ത്ര അന്വേഷണങ്ങളും ഇടപെടലുകളും ആണ് ഒന്നാമത്തേത്. ഇവയെ നമുക്ക് പൊതുവിൽ വിദ്യാഭ്യാസ ഗവേഷണങ്ങൾ എന്ന് വിളിക്കാം.അതത് കാലത്ത് വിദ്യാഭ്യാസ രംഗത്ത് ഉയർന്ന് വന്ന പ്രായോഗിക പ്രശ്നങ്ങളെ നേരിടുന്നതിന് സാമൂഹിക പക്ഷത്ത് നിന്ന് ഉയർന്ന് വന്ന ഇടപെടലുകളോ അന്വേഷണങ്ങളോ ആയിരുന്നു ഇവ.1970കൾ മുതൽ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ നടന്ന ഇടപെടലുകൾ, വയനാട്ടിലെ കനവ്, പാലക്കാട്ടെ സാരംഗ് കോട്ടയത്തെ പള്ളിക്കൂടം മുതലായ അനൗപചാരിക വിദ്യാഭ്യാസ പരീക്ഷണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന വിദ്യാഭ്യാസ പരിപാടികൾ എന്നിവയെല്ലാം ഈ വിഭാഗത്തിൽ കണക്കാക്കാം. ഇവ പ്രായോഗികമായി അനുഭവപ്പെട്ട വിദ്യാഭ്യാസ പ്രശ്നങ്ങളോട് പ്രതികരിച്ചുകൊണ്ട് രൂപപ്പെട്ടവയായിരുന്നു. ഇവക്കെല്ലാം ഉണ്ടായിരുന്ന പ്രത്യേകത ഇവ ഒന്നും തന്നെ സാമ്പ്രദായിക വിദ്യാഭ്യാസ ഗവേഷണങ്ങളുടെ രീതിശാസ്ത്രവും, ചിട്ടയും പിന്തുടർന്ന് ചെയ്തവ ആയിരുന്നില്ല എന്നതാണ്. ഇവയിൽ ഓരോന്നിലും പിന്തുടർന്ന പ്രവർത്തന തന്ത്രങ്ങളും രീതികളും വ്യത്യസ്തമായിരുന്നു. നിലവിലുള്ള അദ്ധ്യാപക കേന്ദ്രീകൃതവും ജീവിതഗന്ധി അല്ലാത്തതും പരീക്ഷാകേന്ദ്രീകൃതവുമായ വിദ്യാഭ്യാസ ക്രമത്തെ പൊതുവിൽ വിമർശനപരമായി സമീപിക്കുന്നവ ആയിരുന്നു ഇവയിൽ ഒട്ടുമിക്കവയും. കുട്ടികളുടെ അക്ഷരധാരണയില്ലായ്മ, യാന്ത്രിക ബോധനരീതികളിലെ പരിമിതികൾ, പ്രായോഗിക ജീവിത അനുഭവങ്ങളുമായി പഠനപ്രക്രിയയെ ബന്ധിപ്പിക്കാതിരിക്കൽ, അരസികമായ പഠനരീതികൾ, ക്ലാസ്സ് മുറികളിലെ കുട്ടികളുടെ അന്യവത്ക്കരണം, വിവിധ സാമൂഹ്യ പശ്ചാത്തലമുള്ള കുട്ടികളെ ഉൾച്ചേർക്കുന്നതിലെ പരിമിതികൾ, ശാസ്ത്രീയ ചിന്താരീതി വികസിപ്പിക്കുന്നതിൽ നിലവിലെ വിദ്യാഭ്യാസ രീതിയുടെ പരിമിതികൾ, ഗണിതം, ശാസ്ത്രം ഭാഷ മുതലായ പ്രായോഗിക വിഷയങ്ങൾ കുട്ടികളിലേക്ക് ആശയങ്ങളായി എത്തിക്കുന്നതിൽ നേരിടുന്ന ബോധനപരമായും ഉള്ളടക്കപരവുമായ പരിമിതികൾ തുടങ്ങി വിദ്യഭ്യാസ ഉള്ളടക്കത്തിന്റേയും ബോധനത്തിന്റേയും ഗുണപരമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനാണ് കേരളത്തിൽ ഉണ്ടായ വിദ്യാഭ്യാസ ഗവേഷണങ്ങളിൽ ഭൂരിഭാഗവും ശ്രമിച്ചത്. യൂണിവേഴ്സിറ്റികളുടെയും ഡയറ്റുകളുടെയും നേതൃത്വത്തിൽ നടന്ന വിദ്യാഭ്യാസത്തിനകത്തെ ഔപചാരിക ഗവേഷണ പ്രവർത്തനങ്ങൾ ആയിരുന്നു രണ്ടാമത്തെ ധാര.

### അനൗപചാരിക വിദ്യാഭ്യാസ അന്വേഷണങ്ങളുടെ സംഭാവനകൾ

കേരളത്തിന്റെ വിവിധ തലങ്ങളിൽ വരുന്ന ഔദ്യോഗിക സംവിധാനത്തിന്റെ ഭാഗമല്ലാത്ത വിദ്യാഭ്യാസ ഗവേഷണങ്ങൾ തികച്ചും പ്രായോഗികമായ പ്രശ്നങ്ങളെ കേന്ദ്രീകരിച്ചാണ് ആദ്യഘട്ടത്തിൽ തുടങ്ങിയത്. എങ്കിലും അവയിൽ ഭൂരിഭാഗവും ജ്ഞാനശാസ്ത്രപരമായ സംഭാവനകൾ നൽകുന്നവയായി വികസിച്ചു. ഇതിന് ഉദാഹരണങ്ങൾ നിരവധിയാണ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ കുട്ടികളിലെ നിരക്ഷരത പരിഹരിക്കാൻ ആരംഭിച്ച അക്ഷരവേദി എന്ന പ്രവർത്തനം പിന്നീട് അക്ഷരപുലരി എന്ന പരിപാടിയായി സർക്കാർ നേതൃത്വം നൽകുന്ന ഒന്നായി മാറി. ആദ്യം കാസർഗോഡ് ജില്ലയിൽ ജില്ലാ സാക്ഷരത സമിതി,ഡയറ്റ്, ജില്ലാ കൗൺസിൽ എന്നിവയുടെ നേതൃത്വത്തിൽ ഇതൊരു പൊതുപരിപാടിയായി മാറുകയും പിന്നീട് കേരളമാകെ വ്യാപിക്കുകയും ചെയ്തു. പരിഷത്തിന്റെ തന്നെ നേതൃത്വത്തിൽ നടന്ന പഠനം പാൽപ്പായസം, ബാലോത്സവങ്ങൾ, വിജ്ഞാനോത്സവം എന്നിവയെല്ലാം ശിശുകേന്ദ്രീകൃതമായ പാഠ്യപദ്ധതി ഉള്ളടക്കവും, പുതിയ മൂല്യനിർണ്ണയ രീതികളും വികസിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. കനവ്, സാരംഗ് എന്നീ വിദ്യാഭ്യാസ പരീക്ഷണങ്ങൾ ആദിവാസി മേഖലക

ളിലെ കുട്ടികളുടെ ജീവിത ഗന്ധിയായ വിദ്യാഭ്യാസ സംവിധാനത്തിന്റെ ആവശ്യകത കേരളത്തിൽ സ്ഥാപിച്ചെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു. സിലബസ്സ് കേന്ദ്രീകൃതവും, പരീക്ഷാകേന്ദ്രീകൃതവുമായ വിദ്യാഭ്യാസക്രമത്തെ തന്നെ അവ ചോദ്യം ചെയ്തു. പ്രാദേശിക സമൂഹങ്ങളെയും തദ്ദേശ സ്ഥാപനങ്ങളേയും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വികസനത്തിൽ എങ്ങനെ കണ്ണി ചേർക്കാം എന്നതിന്റെ മികച്ച ഉദാഹരണങ്ങൾ ആയിരുന്നു മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ വിജയഭേരി, പാലക്കാട്ടെ ഹരിശ്രീ, തൃശ്ശൂരിലെ സമേധം മുതലായവ. ഒരു ജില്ലയിലെ നഗര, ഗ്രാമ തദ്ദേശ സ്ഥാപനങ്ങളെ ഒരേ കുടക്കീഴിൽ കൊണ്ട് വന്ന് ഒരു ജില്ലാ വിദ്യാഭ്യാസ പദ്ധതി എങ്ങനെ സാധ്യമാക്കാം എന്നാണ് സമേധം തെളിയിച്ചത്. ശിശുകേന്ദ്രീകൃതമായ പ്രീപ്രൈമറി വിദ്യാഭ്യാസ മാതൃക വികസിപ്പിക്കാനുള്ള ശ്രമമായിരുന്നു കയ്യൂർ ചീമേനി പരീക്ഷണത്തിലൂടെ നടത്തിയത്. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് എങ്ങനെ ഒരു വിദ്യാഭ്യാസ പ്രവർത്തനം ആസൂത്രണം ചെയ്യാമെന്നാണ് ശിവപുരം, മടിക്കൈ, പെരിഞ്ഞനം സ്കൂൾ കോംപ്ലക്സുകളിലൂടെ ശ്രമിച്ചത്. ഇത്തരത്തിൽ വിദ്യാഭ്യാസത്തിന്റെ വൈവിധ്യമാർന്ന തലങ്ങളിൽ അക്കാദമിക സംഭാവനകൾ നൽകുന്ന പ്രവർത്തനങ്ങളായി അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും മാറി.

### വിദ്യാഭ്യാസത്തിനകത്തെ ഔപചാരിക ഗവേഷണ ശ്രമങ്ങൾ

കേരളത്തിൽ വിദ്യാഭ്യാസത്തിന് അകത്തുള്ള നിരവധി അക്കാദമിക ഗവേഷണ ശ്രമങ്ങൾ നടന്നിട്ടുണ്ട്. കാലിക്കറ്റ്, കേരള സർവ്വകലാശാലകളിലെ വിദ്യാഭ്യാസ പഠന വിഭാഗങ്ങൾ, എം.ജി യൂണിവേഴ്സിറ്റിയിലെ സ്ക്കൂൾ ഓഫ് പെഡഗോജി, അടുത്തകാലത്ത് രൂപം കൊണ്ട കേന്ദ്ര സർവ്വകാലാശാലയുടെ വിദ്യാഭ്യാസപഠനവിഭാഗം എന്നിവ ഇത്തരത്തിൽ യൂണിവേഴ്സിറ്റി സംവിധാനങ്ങളുടെ ഭാഗമായി നിരവധി പഠനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഡയറ്റുകൾ, എസ്.സി.ഇ.ആർ.ടി എന്നിവയായിരുന്നു ഔദ്യോഗിക സംവിധാനത്തിന്റെ ഭാഗമായ മറ്റു സംവിധാനങ്ങൾ. അദ്ധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്താനുള്ള അദ്ധ്യാപക പരിവർത്തന പരിപാടി, തിരഞ്ഞെടുത്ത സ്ക്കൂളുകളുടെ മികവ് ഉയർത്താനുള്ള 'മികവ്' പരിപാടി, അദ്ധ്യാപകർക്കിടയിലും വിദ്യാഭ്യാസ തൽപരർക്കിടയിലും ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ലഘു ഗവേഷണ പരിപാടിഎന്നിവയെല്ലാം എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ നടന്ന ശ്രമങ്ങളാണ്.

വിദ്യാഭ്യാസത്തിന് അകത്തെ ഗവേഷണങ്ങളെ പരിശോധിക്കുമ്പോൾ പൊതുവിൽ താഴെ കാണുന്ന പ്രവണതകൾ കാണാൻ കഴിയും. അനൗപചാരികമായി നടന്ന വിദ്യാഭ്യാസ ഗവേഷണങ്ങൾക്ക് കേരളത്തിലെ ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ ആശയപരമായും പ്രായോഗികമായും ചെയ്യാൻ കഴിഞ്ഞ സംഭാവന ഔപചാരികമായ വിദ്യാഭ്യാസഗവേഷണ പ്രവർത്തനങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

കേരളത്തിന്റെ വിദ്യാഭ്യാസ ചക്രവാളത്തിൽ കാര്യക്ഷമമായ മാറ്റങ്ങൾ സൃഷ്ടിച്ച അനൗപചാരിക വിദ്യാഭ്യാസ ഗവേഷണങ്ങളെ പഠിക്കാനോ, അവയോട് സംവദിക്കാനോ അവയുടെ അനുഭവങ്ങളെ സൈദ്ധാന്തികവൽക്കരിക്കാനോ ആവശ്യമായ തിരുത്തലുകൾക്കായി ഇടപെടാനോ വിദ്യാഭ്യാസ ഗവേഷകരിൽ നിന്ന് കാര്യമായ ശ്രമങ്ങൾ ഉണ്ടായില്ല. ഇത്തരത്തിൽ ഉണ്ടായ ഘട്ടങ്ങളിൽ ആകട്ടെ അക്ഷരപുലരി പോലുള്ള മികച്ച മാതൃകകൾ ഉണ്ടാവുകയും ചെയ്തു.

പ്രായോഗിക പ്രശ്നങ്ങളിൽ നിന്ന് ഉയരുന്ന വിദ്യാഭ്യാസ ഇടപെടലുകളും അവയുടെ അനുഭവങ്ങളും വിദ്യാഭ്യാസത്തിന്റെ ആശയപരമായ വളർച്ചക്കും സൈദ്ധാന്തികമായ വികാസത്തിനും ഏറ്റവും മികച്ച സാദ്ധ്യതകളാണെന്ന തിരിച്ചറിവ് അപൂർവ്വമായി മാത്രമെ ഔപചാരിക വിദ്യാഭ്യാസ ഗവേഷകർക്ക് ഉണ്ടായിട്ടുള്ളൂ എന്നാണ് വിലയിരുത്തലുകൾ തെളിയിക്കുന്നത്.

68

## വിദ്യാഭ്യാസ വിഷയത്തിൽ കേരളത്തിലെ ഗവേഷണ പഠനങ്ങൾ – ഒരവലോകനം

പ്രൊഫ. (ഡോ.) ടി. മുഹമ്മദ് സലീം, പ്രിൻസിപ്പൽ, ഫാറൂഖ് ട്രെയിനിങ് കോളേജ്, കോഴിക്കോട്

**വി**ദ്യാഭ്യാസമെന്നത് സാമാന്യ അർത്ഥത്തിലുപയോഗിക്കുന്ന ഒരു പദം എന്നതിലുപരി ഒരു നിയതമായ വിഷയമായി പരിഗണിക്കുമ്പോൾ മറ്റെല്ലാ വിഷയങ്ങളുടെയും അടിത്തറയായി ഈ വിഷയത്തെ കണക്കാക്കേണ്ടിവരും. ശാസ്ത്ര മാനവിക വിഷയങ്ങൾക്കൊക്കെയും അടിസ്ഥാനമായി നിൽക്കുന്നത് വിദ്യാഭ്യാസ വിഷയമാണ്. ഓരോ വിഷയ മേഖലക്കും അതിന്റേതായ സ്വത്വം ഉണ്ട്. വിദ്യാഭ്യാസത്തിന്റെ സ്വത്വം പൂർത്തിയാവുന്നത് തത്വശാസ്ത്രവും, മന:ശാസ്ത്രവും, ബോധന ശാസ്ത്രവും, സാങ്കേതികശാസ്ത്രവും നാനാവിധങ്ങളായ മറ്റു വിഷയങ്ങളോട് ഇഴ ചേരുമ്പോഴാണ്. അതുകൊണ്ട് തന്നെ എല്ലാ അർത്ഥത്തിലും സമഗ്രമാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസമെന്നത് ഒരു തുടർപ്രക്രിയയായതുകൊണ്ട്തന്നെ അധ്യാപനം, പഠനം എന്നീ മേഖലകളെ കേന്ദ്രീകരിച്ചാണ് ഈ വിഷയം പ്രയോഗവൽക്കരിക്കപ്പെടുന്നത്. ഈ അർത്ഥത്തിൽ അധ്യാപക പരിശീലന മേഖലയുടെ മുഖ്യധാരാ വിഷയമായി വിദ്യാമേഖലയിൽ വിദ്യാഭ്യാസ

വിഷയത്തെ കണക്കാക്കി വരുന്നു. പഠനത്തിന്റെയും ബോധനത്തിന്റെയും വിവിധ തലങ്ങളെ ശാസ്ത്രീയ മായി വിശകലനം ചെയ്യുക എന്ന ദൗത്യമാണ് ഈ വിഷയം ചെയ്ത് വരുന്നത്. പഠനവും ബോധനവും വിദ്യാഭ്യാസത്തിന്റെ ആണിക്കല്ലുകൾ എന്ന നിലക്ക് ഈ മേഖലയിലെ ഗവേഷണത്തിന് വലിയ പ്രാധാ ന്യമാണുള്ളത്.

വിദ്യാഭ്യാസരംഗത്ത് പൊതുവായി നടക്കുന്ന ഗവേ ഷണങ്ങൾ നിരവധിയാണ്. ഈ മേഖലയിലെ വിവധ പ്രശ്ന മേഖലകളെയും വിഷയങ്ങളെയും അധികരിച്ച് പൊതുബോധത്തിന്റെ അടിസ്ഥാനത്തിൽ നടത്തപ്പെ ടുന്ന ഗവേഷണങ്ങളാണവ. എന്നാൽ വിദ്യാഭ്യാസം ഐഛിക വിഷയമായി കണക്കാക്കി ഗവേഷണത്തെ സമീപിക്കുന്നതാണ് വിദ്യാഭ്യാസ വിഷയത്തിലെ ഗവേ ഷണം. കൂടുതൽ കൃത്യതയോടെ ആധികാരികമായി ഈ മേഖലയെ സമീപിക്കാനും കൂടുതൽ ശാസ്ത്രീയ മായി പ്രശ്നങ്ങളെ സമീപിച്ച് അപഗ്രഥിക്കാനും വിദ്യാ ഭ്യാസ വിഷയത്തിലെ ഗവേഷണത്തിന് സാധിച്ചിട്ടുണ്ട്.

കേരളത്തിൽ പ്രീ–പ്രൈമറി, പ്രൈമറി, സെക്കണ്ടറി, ഉന്നത വിദ്യാഭ്യാസമേഖല എന്നീ തലങ്ങളിൽ വിദ്യാ ഭ്യാസം ഒരു വിഷയമായി തന്നെ പഠിപ്പിക്കുന്ന വിഭാഗ ങ്ങൾ ഉണ്ട്. അധ്യാപക പരിശീലനത്തിന്റെ ഭാഗമായി തന്നെയാണ് ഈ മേഖല വളർന്ന് വന്നിട്ടുള്ളത്. ഇതിൽ ഉന്നത വിദ്യാ മേഖലയിലാണ് ഗവേഷണത്തിന് ഇടം നൽകിയിരിക്കുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട അഞ്ച് സർവകലാശാലകളിലും കേന്ദ്ര സർവകലാശാലയി ലും വിദ്യാഭ്യാസ ഗവേഷണ കേന്ദ്രങ്ങളുണ്ട്. കൂടാതെ നാല് ഗവ: ട്രയിനിംഗ് കോളേജുകളിലും പതിനേഴ് എയിഡഡ് കോളേജുകളിലുമായി പത്തോളം വിദ്യാ ഭ്യാസ ഗവേഷണ കേന്ദ്രങ്ങളുണ്ട്.

1937 ലാണ് കേരളത്തിലെ ആദ്യ ഗവേഷണ കേന്ദ്രം തിരുവിതാങ്കൂർ സർവകലാശാലക്ക് കീഴിൽ ആരംഭി ക്കുന്നത്. തുടർന്ന് വിദ്യാഭ്യാസ വിഷയത്തിൽ തന്നെ പ്രത്യേകം ഗവേഷണ കേന്ദ്രങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിൽ ആദ്യത്തേത് 1956 ലെ കേരള സർവകലാശാല വിദ്യാഭ്യാസവകുപ്പായിരുന്നു. ലഭ്യമായ വിവരമനുസ രിച്ച് 1970 ലാണ് വിദ്യാഭ്യാസത്തിൽ കേരളത്തിലെ ആദ്യത്തെ PhD ഗവേഷണം പുറത്ത് വരുന്നത്. തു ടർന്ന് 1970 മുതൽ 2015 വരെയുള്ള 45 വർഷക്കാലം കേരളത്തിലെ പ്രധാന മൂന്ന് സർവകാലാശാലകളായ കേരള, കാലിക്കറ്റ്, എം.ജി എന്നിവിടങ്ങളിലായി 462 PhD ഗവേഷണങ്ങൾ സമർപ്പിക്കപ്പെടുകയുണ്ടായി. ഈ 462 ഗവേഷണപ്രബന്ധങ്ങളെ അവലോകനം ചെ യ്യുമ്പോൾ നാലര പതിറ്റാണ്ട് കാലത്തെ കേരളത്തി ലെ വിദ്യാഭ്യാസ വിഷയത്തിലെ ഗവേഷണത്തിന്റെ ഒരു സമഗ്ര ചിത്രം ലഭ്യമാവുന്നുണ്ട്. ഇതിൽ തന്നെ ഗവേഷണ വിഷയ മേഖകൾ, എണ്ണത്തിലുള്ള വളർച്ച, വിഷയ മേഖലകളുടെ വ്യാപ്തി, ഗവേഷണാഭിരുചി മേഖലകൾ, ഗവേഷണ പഠനങ്ങളുടെ പ്രസിദ്ധീകരണ സാധ്യതകൾ തുടങ്ങി വിവിധ വിഷയങ്ങളെ കുറിച്ച് വരും കാല ഗവേഷണങ്ങൾക്ക് മാർഗദർശകമാവുന്ന ഒട്ടേറെ വസ്തുതകൾ ഉണ്ട്. അതേ സമയം തന്നെ കേരളത്തിന്റെ വിദ്യാഭ്യാസ വിഷയ ഗവേഷണം ഇനി ഏത് ദിശയിൽ മുമ്പോട്ട് പോവണമെന്ന സൂചനകൾ രൂപപ്പെടുത്താനും ഈ അവലോകനത്തിന് സാധി ക്കുന്നുണ്ട്.

1970 മുതൽ 2015 വരെയുള്ള 45 വർഷത്തെ ഗവേ ഷണങ്ങളെ അവലോകനം ചെയ്യുമ്പോൾ ശരാശരി 10 ഗവേഷണങ്ങളാണ് വർഷത്തിൽ പൂർത്തീകരിച്ചി ട്ടുള്ളത്. ഇതിൽ തന്നെ അവസാന 5 വർഷ ശരാശരി 29 ആണ്. എങ്കിലും വിദ്യാഭ്യാസ മേഖലയിലെ ഗവേ ഷണത്തിന്റെ ആവശ്യകതയുമായി തട്ടിച്ചു നോക്കു മ്പോൾ ഇത് പരിമിതമാണ് എന്ന് കാണാവുന്നതാണ്. പഠനവിധേയമാക്കിയ മൂന്ന് സർവകലാശാലകളിലും പഠനങ്ങളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർദ്ധനവ് കാണുന്നുണ്ട് എങ്കിലും 1998 മുതൽ 2015 വരെയുള്ള കാലഘട്ടത്തിലെ വിശകലനം വെളിപ്പെടുത്തുന്നത് എം.ജി സർവകലാശാലയാണ് മുന്നിൽ നിൽക്കുന്ന ത് എന്നാണ്. ഗവേഷകരുടെ കാര്യത്തിൽ 1970 മുതൽ 1995 വരെ പുരുഷ ഗവേഷകരായിരുന്നു എണ്ണത്തിൽ കൂടുതലെങ്കിൽ 1995 ന് ശേഷം വനിതാ ഗവേഷകരാണ് കൂടുതൽ പഠനം നടത്തിയത് എന്നാണ് കാണുന്നത്. ഇന്ത്യയിലെ ഇതര സർവകലാശാലകളുമായി താരത മ്യം ചെയ്യുമ്പോൾ കേരളത്തിലെ സർവകലാശലകൾ Quatitative ഗവേഷണ പഠനങ്ങൾക്കാണ് Qualitative പഠനങ്ങളെക്കാൾ കൂടുതൽ ഊന്നൽ നൽകിയിട്ടുള്ള ത്. 40 % പഠനങ്ങളും സെക്കണ്ടറി മേഖലയിലാണ് നടന്നിട്ടുള്ളത്. കേവലം ഒരു ശതമാനം പഠനങ്ങൾ മാത്രമാണ് പ്രീ പ്രൈമറി മേഖലയിൽ നടത്തപ്പെട്ടി ട്ടുള്ളത്. വിശകലനങ്ങളിൽ നിന്ന് വെളിപ്പെട്ട മറ്റൊരു വസ്തുത 37% പഠനങ്ങൾ മന:ശാസ്ത്ര സമീപനങ്ങളു മായി ബന്ധപ്പെട്ട മേഖലയിൽ നിന്നാണ് എന്നതാണ്. സത്രീ വിദ്യാഭ്യാസം, വിദ്യാഭ്യാസ മാനേജ്മന്റ്, മൂല്യാ ധിഷ്ഠിത വിദ്യഭ്യാസം, സംയോജിത വിദ്യാഭ്യാസം വയോജനവിദ്യാഭ്യാസം, തുടർവിദ്യാഭ്യാസം എന്നീ സുപ്രധാന മേഖലകളിൽ വളരെ കുറഞ്ഞ പഠനങ്ങൾ മാത്രമാണ് 45 വർഷത്തിനിടയിൽ നടന്നിട്ടുള്ളത്. ഈ മേഖലകളുടെ പ്രാധാന്യം വേണ്ടവിധം അനാവരണം ചെയ്തിട്ടില്ല എന്നാണ് ഇത് വെളിപ്പെടുത്തുന്നത്.

ഗവേഷണ ഫലങ്ങൾ സമൂഹത്തിലേക്കെത്തിക്കു ന്നതിൽ സർവകലാശാലകൾ വളരെ പിറകിലാണ് എന്നാണ് പഠനം വെളിപ്പെടുത്തുന്നത്. സർവകലാശാ ലയുടെ ഭാഗത്ത് നിന്നായാലും ഗവേഷകരുടെ ഭാഗത്ത് നിന്നായാലും പഠന ഫലങ്ങൾ പ്രസിദ്ധീകരിക്കുന്ന തിൽ മതിയായ ശ്രമങ്ങൾ നടന്നിട്ടില്ല എന്നാണ് കാ ണുന്നത്. 45 വർഷത്തിനിടയിൽ മൂന്ന് പ്രധാനപ്പെട്ട സർവകലാശാലകൾ 462 ഗവേഷണങ്ങൾ പൂർത്തിയാ ക്കിയെങ്കിലും ഔപചാരികമായി ഒരു പഠനം പോലും വിദ്യാഭ്യാസ മേഖയിൽ പ്രയോഗവൽക്കരിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടില്ല എന്നതാണ് വസ്തുത. ഗവേ ഷണങ്ങൾ ഗവേഷണ ബിരുദത്തിന് വേണ്ടി മാത്രമാ യി ചുരുങ്ങുന്നുവെന്നാണ് ഇത് കാണിക്കുന്നത്. ഇത് വലിയ നഷ്ടമാണ് വരുത്തിവെക്കുന്നത്, അത് കൊണ്ട് തന്നെ വിദ്യാഭ്യാസ വിഷയത്തിലെ ഗവേഷണങ്ങൾക്ക് അതിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ബദൽ നിർദ്ദേ ശിക്കാൻ ഈ സെമിനാറിന് കഴിയേണ്ടതുണ്ട്.

69

# കേരളത്തിലെ വിദ്യാഭ്യാസഗവേഷണവും വിദ്യാഭ്യാസനയരൂപീകരണ പരിപ്രേക്ഷ്യങ്ങളും: ചിലനിരീക്ഷണങ്ങൾ

പ്രൊഫ. (ഡോ). നൗഷാദ്. പി. പി, പ്രൊഫസർ, മഹാത്മാഗാന്ധിസർവ്വകലാശാല, കോട്ടയം, 9447675755

**ഒ**രു ഇന്ത്യൻ സർവകലാശാലയിൽ വിദ്യാഭ്യാസവകുപ്പ് ആരംഭിക്കുന്നത് 1917 ൽ കൽക്കട്ട സർവകലാശാലയിലായിരുന്നു. എന്നാൽ 1936 ൽ ബോംബെ സർവകലാശാലയിലായിരുന്നു ആദ്യമായി വിദ്യാഭ്യാസത്തെ ഒരു ബിരുദാനന്തര ബിരുദവിഷയമായി കണക്കാക്കി എം.എഡ് കോഴ്സ് ആരംഭിച്ചത്. ഇന്ത്യയിലെ ഔദ്യോഗിക വിദ്യാഭ്യാസ ഗവേഷണത്തിനു ഒരു നൂറ്റാണ്ടിൽ താഴെ ചരിത്രം മാത്രമേയുള്ളു. 1947 ൽ ആരംഭിച്ച സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട്ഓഫ് എഡ്യൂക്കേഷനും (CIE) 1961 ലെ NCERT യുടെ സ്ഥാപനവും പിന്നീട് പൂനെസർവകലാശാലയിലും ബറോഡ സർവകലാശാലയിലും ആരംഭിച്ച വിദ്യാഭ്യാസ ഗവേഷണവകുപ്പുകളും ഇന്ത്യയിലെവിദ്യാഭ്യാസ ഗവേഷണത്തിന് പുതിയ ഊർജം നൽകി(Buch, 1974). കേരളത്തിലെ ആദ്യത്തെവിദ്യാഭ്യാസവകുപ്പ് 1956 ൽആരംഭിച്ച കേരള സർവകലാശാലയിലെ വിദ്യാഭ്യാസ വകുപ്പായിരുന്നു. പിന്നീട് കാലിക്കറ്റ്, എംജി, കണ്ണൂർ സർവകലാശാലകളിലും വിദ്യാഭ്യാസവകുപ്പുകൾ ആരംഭിക്കുകയുണ്ടായി.

'വിദ്യാഭ്യാസം' എന്നത് ഒരു അക്കാഡമിക വിഷയമായി കണക്കാക്കുകയും വിദ്യാഭ്യാസമേഖലയിൽ പഠന ഗവേഷണങ്ങൾ നടത്തുകയും ചെയ്യാൻ തുടങ്ങിയത് അമേരിക്കയിലെ പുരോഗമനചിന്താധാരയുടെ പ്രയോക്താക്കളിലൊരാളായിരുന്ന ജോൺഡ്യൂയിയും കൊളംബിയടീച്ചേഴ്സ് കോളേജ് പോലെയുള്ള സ്ഥാപനങ്ങളുമായിരുന്നു. എന്നാൽ 'വിദ്യാഭ്യാസം' എന്നതിനെ ഒരു പരിപൂർണ അക്കാഡമിക വിഷയമാക്കി മാറ്റുന്നതിൽ ഇന്ത്യയിൽ പൊതുവിലും കേരളത്തിൽ പ്രത്യേകിച്ചും വിദ്യാഭ്യാസ ഗവേഷണത്തിന് കഴിഞ്ഞോ എന്നത വിമർശനാത്മകമായി വിലയിരുത്തേണ്ടതുണ്ട്. വിദ്യാഭ്യാസ ഗവേഷണത്തെ മനഃശ്ശാസ്ത്രം, തത്വചിന്ത, തുടങ്ങിയ വിഷയങ്ങൾ 'കോളനിവത്ക്കരിച്ചതായി' ഒരുസൂക്ഷ്മാപഗ്രഥനത്തിലൂടെ കണ്ടെത്താൻ കഴിയും. അതിനാൽതന്നെ, വിദ്യാഭ്യാസം ഒരുവിഷയമെന്ന നിലയിലുള്ള അസ്ഥിത്വം നേടിയെടുക്കുന്നതിന് പകരം ബുദ്ധി, സർഗാത്മകത, അഭിക്ഷമത, തുടങ്ങിയ മനശാസ്ത്ര പ്രമേയങ്ങളുംചില തത്വചിന്തകളും ചിന്തകരുടെ ആശയങ്ങളിലേക്കുമായി മാറ്റപ്പെടുന്നതായി കാണാം. വിദ്യാഭ്യാസ ചരിത്രം, വിദ്യാഭ്യാസ സമൂഹശാസ്ത്രം, വിദ്യാഭ്യാസത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ പ്രമേയങ്ങൾ, ജൻഡർ, സാംസ്കാരിക നരവംശശാസ്ത്രം തുടങ്ങിയ മേഖലകളിലേക്കൊന്നും കടന്നു ചെല്ലാൻ പരമ്പരാഗത വിദ്യാഭ്യസസ് ഗവേഷണങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നത് ഒരു യാഥാർഥ്യമാണ്. അതിനാൽ തന്നെ വിദ്യാഭ്യാസത്തിൽ സൈദ്ധാന്തികവും പ്രായോഗികവുമായ ഗവേഷണരീതി ശാസ്ത്രങ്ങളുടെ ഒരു മിശ്രണം നടക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ശുദ്ധവിദ്യാഭ്യാസ സിദ്ധാന്തങ്ങൾ വഴിയും അവയുടെ നാനാ സാഹചര്യങ്ങളിലുള്ള പ്രയോഗങ്ങളെ പറ്റിയുള്ള ഗവേഷണങ്ങളും നടന്നാൽ മാത്രമേ വിദ്യാഭ്യാസത്തെ ഒരുഅക്കാഡമികവിഷയമായി വളർത്തിയെടുക്കാൻ കഴിയൂ.

രീതി ശാസ്ത്രപരമായുള്ള വിശകലനം കൂടി നടത്തിയാലേ കേരളത്തിലെ വിദ്യാഭ്യാസഗവേഷണങ്ങളെ കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തിയെടുക്കാൻ കഴിയൂ. കേരളത്തിലെ വിദ്യാഭ്യാസ ഗവേഷണത്തിൽ മഹാഭൂരിപക്ഷവും പോസിറ്റിവിസ്റ്റ് ചിന്തധാരയിലധിഷ്ഠിതമായ സ്റ്റാറ്റിസ്റ്റിക്കൽ ടൂളുകൾ ഉപയോഗിച്ച് നടത്തിയ പരീക്ഷണങ്ങൾ, എക്സ്പോസ്റ്റ് ഫാക്റ്റോ, സർവേ തുടങ്ങിയ രീതിശാസ്ത്രങ്ങളുപയോഗിച്ചു നടത്തിയവയാണെന്നു വിദ്യാഭ്യാസ ഗവേഷണ പ്രബന്ധങ്ങളിലൂടെ ഒരു സർവേ നടത്തിയാൽ മനസ്സിലാകും. സാമൂഹികശാസ്ത്രഗവേഷണ രീതിശാസ്ത്രങ്ങളെ സ്വാധീനിച്ച ഫിനോമിനോളജി, എത്നോഗ്രാഫി, ഉത്തരാധുനികത, സബാൾട്ടൺ, ഫെമിനിസ്റ്റ് പരിപ്രേക്ഷ്യങ്ങൾക്കൊന്നും മറ്റു സാമൂഹ്യശാസ്ത്രങ്ങളിൽ ലഭിച്ച സ്വീകാര്യത വിദ്യാഭ്യാസഗവേഷണത്തിൽ ലഭിച്ചില്ല എന്നതും ഒരുയാഥാർഥ്യമാണ്.

സാർവത്രികവിദ്യാഭ്യാസം, ജനാധിപത്യവിദ്യാഭ്യാസം, സാമൂഹ്യനീതിയും വിദ്യാഭ്യാസവും, ഗുണനിലവാരം, അധ്യാപകവിദ്യാഭ്യാസം, പാഠ്യപദ്ധതിസമീപനം, തുടങ്ങിയ മേഖലകളിലെ നയരൂപീകരണത്തിനെ സഹായിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസഗവേഷണങ്ങളും തുലോം കുറവാണെന്നു കാണാൻ കഴിയും. ഉന്നതവിദ്യാഭ്യാസമേഖലയിലെ പ്രവേശനം, സമത, ഗുണനിലവാരം എന്നീ അടിസ്ഥാനപ്രശ്നങ്ങളിലൂന്നിയുള്ള ഗവേഷണങ്ങൾ ആമേഖലയിലെനയരൂപീകരണങ്ങളെ സഹായിക്കും. ഗ്രേഡിംഗ്, ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം, പഠന നേട്ടങ്ങളിൽ കേന്ദ്രീകരിച്ചുള്ള സമീപനം എന്നിവയിലെല്ലാം അന്താരാഷ്ട്രതലത്തിൽ നടത്തിയ ഗവേഷണങ്ങൾക്ക് അനുപൂരകമായി ഇന്ത്യൻ, കേരളീയ സാഹചര്യങ്ങളിൽപഠനങ്ങൾ നടക്കേണ്ടതുണ്ട്. കേരളത്തിലെ സ്കൂൾവിദ്യാഭ്യാസമാണെങ്കിൽ പലപ്പോഴും ദേശീയ തലത്തിൽ ചർച്ചചെയ്യപ്പെടുകയും ദേശീയവിദ്യാഭ്യാസനയങ്ങൾ, പാഠ്യപദ്ധതിചട്ടക്കൂടുകൾ തയ്യാറാക്കൽ എന്നിവയെയെല്ലാം സ്വാധീനിക്കുകയും ചെയ്യുന്നവയാണ്. എന്നാൽ നമ്മുടെവിദ്യാഭ്യാസ ഗവേഷണങ്ങൾക്ക് കേരളത്തിലെ

പാഠ്യപദ്ധതി നയരൂപീകരണമേഖലക്കു ഒരു പിന്തുണ വ്യവസ്ഥയായി നിലനിൽക്കാൻ കഴിയുന്നുണ്ടോ എന്ന ചോദ്യവും അവശേഷിക്കുന്നുണ്ട്.

ഗവേഷണ പ്രശ്നങ്ങൾ തിരഞ്ഞെടുക്കുന്നതും അവക്കനുയോജ്യമായ രീതിശാസ്ത്രങ്ങൾ ഡിസൈൻ ചെയ്യുന്നതിനും നിലവിലെ വിദ്യാഭ്യാസസാഹചര്യങ്ങളെ വിശദമായി വിലയിരുത്തിയാൽ മാത്രമേ കഴിയൂ. അല്ലത്തപക്ഷം ഗവേഷണവും യഥാർഥ പ്രയോഗങ്ങളും തമ്മിൽ വലിയ അന്തരങ്ങളുണ്ടാവും. അത് വിദ്യാഭ്യാസഗവേഷണങ്ങളെ ഗവേഷണങ്ങൾക്ക് വേണ്ടി മാത്രമുള്ള ഒരുപ്രക്രിയയാക്കി മറ്റും. കേരളത്തിലെ വിദ്യാഭ്യാസ ഗവേഷണങ്ങളെ യഥാർഥവിദ്യാഭ്യാസ പ്രശ്നങ്ങളുടെ പരിഹാരങ്ങളായി മാറ്റുകയും അക്കാഡമിക മേഖലയും നയരൂപീകരണ സംവിധാനങ്ങളും തമ്മിൽ നിരന്തരമായ ബന്ധിപ്പിക്കാൻ (Linkage) പ്രത്യേകം സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. സർവകലാശാലകൾ കേന്ദ്രീകരിച്ച് ആരംഭിക്കുന്ന ട്രാൻസ്ലേഷണൽഗവേഷണകേന്ദ്രങ്ങൾ വഴി ഇത് സാധ്യമാക്കാം. വിദ്യാഭ്യാസ മേഖലയിലെ എല്ലാതലത്തിലുള്ള ഗവേഷണങ്ങളെയും ഏകോപിപ്പിക്കാൻ കഴിയുന്ന തരത്തിൽ ഒരു വിദ്യാഭ്യാസ സർവകലാശാല ആരംഭിക്കുന്നതിനെ പറ്റിയുള്ള സാധ്യതാപഠനങ്ങളും ആരംഭിക്കേണ്ടതുണ്ട്.

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

70

## A Democratic Commitment to Interdisciplinary Work-based Education

Prof. Anita Rampal, Former Dean, Faculty of Education, Delhi University

**K**erala has made a mark in educational provision for a majority of its students and is currently undertaking a major curriculum revision, through extensive public consultation, to ensure good quality learning in all its schools. Quality, equity and social justice must continue to remain the corner stones of working towards transformative education. While it endeavours to strengthen its public education system, to make it inclusive and responsive to issues about gender, caste, linguistic, religious, and ethnic identities, the state will need to seriously strive on another major front - to remove hierarchies forged and reinforced by the education system itself.

This relates to the discriminatory status accorded to 'knowledge' and 'skills', where knowledge is assumed to be the reserve of 'able' students, assigned to academic courses, while the rest are relegated to 'skill training' under the rubric of vocational education meant for 'low ability' students. In Kerala, this discrimination is even more stark; while everyone aspires for the sought after 'academic courses', the vocational is relegated as the refuge of the 'differently abled', the physically and mentally challenged persons with 'special needs'. Till recently, vocational schools were physically and administratively segregated, and the department viewed them in similar light. This contributes to a strong negation of 'vocational' education, against the popular demand for 'hi-tech', which is ironically how the state has pitched its quality reforms. This shapes the perceptions and aspirations of an increasingly urban middle class society about its role in the 'knowledge economy', an oft-repeated neoliberal phrase, which has more to do with the commercialisation and 'economy of knowledge'. It also connects with larger issues of labour, employment and migration.

Our legacy of Nayee Taleem, the Gandhian system of education - from life, for life - through productive work, was the basis of India's founding vision for democracy. There is an urgent need to re-envision the concept of integrated work-based education, not bound to vocation which bears the stigma of social status and caste, but for creative collective learning, and a crucible for critical democratic engagement.

At the national level, the idea of 'vocational'education has remained narrowly confined to 'skills'where the course development

and vetting is done more by the interface with industry rather than through constructive educational deliberation. Under the VHSE programme a student takes the regular subjects and one vocational option, with necessarily no connection between them. The vocational courses are mostly information based, where the syllabi are a list of topics with a focus on definitions, in an uninspiring outdated format. The practical work seems to be notional. Thus the courses do not promote curiosity, creativity, deeper understanding or innovative action in real world contexts.

The recently released draft National Curriculum Framework 2023 proposes a total restructuring of the Secondary Stage comprising of Grades 9-12, with Vocational Education as a mandatory Curricular Area for all students in Grades 9-10. The new structure is as follows:

1. In Grades 9 -10, there are eight broad Curricular Areas – namely, Humanities (that includes languages), Social Science, Science, Mathematics & Computing, Vocational Education, Physical Education, Arts, and Interdisciplinary Areas.

   To complete Grade 10, students will need to complete two Essential Courses from each of the eight Curricular Areas i.e., a total of 16 Essential Courses. In Grades 9 & 10 there will be an annual examination, with the final certification based on the cumulative result of each of the examinations.

2. In Grades 11-12, students have to choose Disciplines (e.g., History, Physics, Language) from at least three of the eight Curricular Areas. For each Discipline they choose, they have to complete four choice-based courses in that Discipline. This phase of the Secondary Stage is divided into semesters and each choice-based course will be for one semester (presumably for six months). To complete Grade 12,students must complete16 choice-based courses.There are serious problems with this so called 'choice based' structure which will be discussed separately. For this session we shall focus on how Kerala needs to organically develop its programme on Work-based Education rooted in its socio-economic and cultural context and

## Kerala Task Force on Interdisciplinary Work-based Education

With a commitment to provide equitable quality education to all, the Kerala State Planning Board could set up a Task Force on InterdisciplinaryWork-based Education. While the Task Force will also recommend areas of curricular integration and intervention at elementary school, its major contribution would be in developing an Interdisciplinary Programme for Work-based Education at the Secondary Stage.

The Task Force would need to propose a coherent structure, where the different courses a student can opts for at the Secondary Stage have a synergistic connection with each other, and include an extensive practicum/internship component. The Task Force would need to initiate some studies that look at the efficacy of the present courses, the occupational experience and avenues they may have given to students over the years, and to understand what areas would interest young people to pursue further.

It is clear that new curricula need to be developed through creative engagement that transcends rigid, routine subject boundaries, offering an inviting space to collectively learn, inquire, discover, innovate and create. For instance, a course on 'Textile and Garment Design' could integrate with art and history, of textiles and clothing, to understand cultural exchanges that influenced garments, as vividly recorded in paintings, frescoes and Mughal miniatures. Similarly, courses on Tourism can be greatly enriched through the disciplines of history, art, music, theatre, human geography, anthropology, museology, and also ecology. Similarly a course on 'Eco-tourism' could be developed, in collaboration with organisations working in ecological conservation or biodiversity, through community knowledge and participation of fishworkers or medicinal plant growers, and promoting local hospitality at the village or panchayat level.

An urgent need of the hour is to develop an interdisciplinary course on 'Digital Technologies, Algorithms and Social Responsibility'that draws upon the fields of digital technology, artificial intelligence algorithms and big data, social networking, the sociology and psychology of social media, and investigative techniques to track false information, illegal transactions, breach of privacy, hacking, cyber-bullying and hate attacks. Indeed, such a course will take further the unique initiative of the Kannur District which had conducted a school programme in 2018, Satyamev Jayate (Truth Alone Triumphs), to nurture the spirit of the Constitution, "to develop scientific temper, humanism, the spirit

of inquiry and reform".

Some suggested courses are on Eco-Tourism, Geriatric Care, Community Health, Organic Farming, Textile and Garment Design, Sustainable Architecture, Interior Landscape Design, and Digital Technologies, Algorithms and Social Responsibility. The Task Force will plan its list, develop curricula and the practicum of each course, the laboratory or work-site requirements, resource and technical support, required norms for teachers and their training, and the budgetary allocations. The possibility of including this in the vocational education component of the STARS project could be explored.

71

## Hop, skip and jump to knowledge economy: The dynamics of vocational education in public schoolsin Kerala

Akila Radhakrishnan, Anil Kumar, Ramnath KR

Schools in 21st century haveheightened demand from industry as well as society for making students job-ready. Skilling secondary school students (ie in classes 9-12) is widely recognisedas a means to help them face the world of work and life beyond schooling. This is not easy given our low-quality of learning at all levels, with poor numeracy and digital skills on one hand, butnevertheless on the other a rapidly evolving employment landscape which throws up a variety of low skilled, semiskilled and high skilled jobs for young people. There is inadequate understanding among the education departments at national and state level to identifystrategic areas and levels of skilling andtraining that must be provided to girls and boys to better prepare their school-to-work transition.

While the National Education Policy (NEP) 2020 ambitiously recommends that at least 50% of all students in secondary education must be imparted a vocational education by the year 2025, the ground reality has much to catch up. India's Samagra Shiksha programmes do offer school-based vocational programme, mostly for classes 11 and 12, covering 55 courses aligned with the National Skill Qualification Framework (NSQF), and defined job roles in 19 sectors. Students can acquire skill education through such formal school system, but also through training institutions and polytechnic institutions outside the school system.

This Paper will look into the status and reality of work integrated education in Kerala from the lens of vocational education in public schools. Using the available data on vocational education offered in the government higher secondary schools across Kerala, the analytical exercise would discuss status and issues related to choice, attendance and progress of studentsin vocational education courses in the different public schools across Kerala. Attempt will be made to highlight areas for correction, so that the schooling and skilling processes do not reproduce the entrenched inequalities of the wider social system. It will also engage in a critique of the teaching-learning processes in the current vocational education scenario. By discussing the challenges from the lens of both policy and practice, the Paper will suggest possible improvements in approach and interventions. Available secondary data related to skilling gaps identified by the labour market in Kerala will also be discussed to propose potential reforms in the secondary school curricula and pedagogy.

Going forward, the Paper will make a pitch for introducing student-focused career guidance programmes in secondary schools at class 9. This could build capacity for teachers and students to work together and arrive at informed choices about their relevant transition from school to higher education, jobs, work and careers.

Broadly, thePaper would raise contemplation on whether work-integrated education is a panacea for the challenges of the 21st century world. Given that the world is experiencing a 4th industrial revolution, what could be the after-effects of a squarely work-focused education. What other skills would our students need to make their future more humane and equal. How should our schools prepare students for the knowledge economy?

72

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം വൈജ്ഞാനിക സമൂഹത്തിൽ

ഡോ.ഷാജി ബി, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, സമഗ്ര ശിക്ഷാ കേരളം

**വൈ**ജ്ഞാനിക സമൂഹത്തിൽ സ്വന്തം അറിവിന്റെയും വൈദഗ്ധ്യത്തിന്റെയും ആത്മവിശ്വാസത്തിൽ ജീവിച്ചു മുന്നേറാൻ കഴിയുന്ന ഒരു ജനതയെയാണ് നാം ലക്ഷ്യം വെക്കുന്നത്. ശാസ്ത്രീയ അറിവുള്ള (വൈദഗ്ധ്യവും) തൊഴിലാളി ആവണം വൈജ്ഞാനിക സമ്പദ്ഘടന യുടെ കേന്ദ്രബിന്ദു. അത്തരം സമ്പദ്ഘടനയിൽ ചൂ ഷണത്തിന് വിധേയമാകാതെ അന്തസ്സോടെ തന്റെ തൊഴിലിൽ ഏർപ്പെടാൻ തൊഴിലാളിക്ക് സാധിക്കുന്നു. തങ്ങളുടെ തൊഴിൽ മേഖലയിൽ നൂതനാശയങ്ങൾ രൂപീകരിക്കാനും അത് പ്രയോഗിക്കാനും കഴിവുള്ള വരായി അവർ മാറേണ്ടതുണ്ട്. സമൂഹത്തിലെ വിവിധ തൊഴിലുകൾ യുക്തിബോധത്തിലും ശാസ്ത്രീയത യിലും അധിഷ്ഠിതമാണ്. ആയതിനാൽ തൊഴിലിൽ ഏർപ്പെടു ന്നവരിൽ നിലനിൽക്കുന്ന ശാസ്ത്രസാങ്കേ തിക ജ്ഞാനത്തിന്റെ അപര്യാപ്തത പല പരമ്പരാ ഗത തൊഴിൽ മേഖലകളെപോലും ഇല്ലാതാക്കുകയോ പ്രതിസന്ധിയിലാക്കുകയോ ചെയ്തതായി കാണുവാൻ കഴിയും. എന്നാൽ തൊഴിലിനെയും വിജ്ഞാനത്തെ യും രണ്ടായി 'ബോധപൂർവം' കാണുക എന്ന തന്ത്രം നമ്മുടെ സമൂഹത്തിൽ ഇപ്പോഴും തുടരുന്നു.

സാമൂഹ്യമായ പൂർണ്ണ ഇടപെടൽ ശേഷിയുള്ള പൗരന്മാരായി നമ്മുടെ കുട്ടികൾ വികാസം പ്രാപിക്കേ ണ്ടതുണ്ട്. സാമൂഹികജ്ഞാന നിർമ്മിതിയിലധിഷ്ഠി തമായ ക്ലാസ് മുറികളിലെ വിവിധ വിഷയങ്ങളുടെ പ ഠനപ്രവർത്തനങ്ങളിൽ സമൂഹത്തിലെ വിവിധങ്ങളായ തൊഴിൽ ബന്ധിത പ്രവർത്തനങ്ങളെ സ്വാഭാവികമാ യി തന്നെ കോർത്തിണക്കാവുന്നതാണ്. അപ്രകാരം വിദ്യാഭ്യാസത്തെ തൊഴിൽ ഉദ്ഗ്രഥിതമാക്കുക വഴി അറിവും ശേഷികളും കുട്ടികളിൽ ഉണ്ടാകുന്നു. സമൂ ഹവുമായി ബന്ധപ്പെടുത്തിയുള്ള അനുബന്ധ തൊ ഴിലധിഷ്ഠിത പ്രക്രിയാബന്ധിത പ്രവർത്തനങ്ങൾ കുട്ടിക്ക് അറിവു നിർമ്മാണത്തിന് കൂടുതൽ സഹാ യകരവും പഠനം കൂടുതൽ ആഹ്ലാദകരവുമാകുന്നു. അതുകൊണ്ടുതന്നെ, ഇത്തരം പഠന സമീപനത്തോട് ഭിന്നശേഷി മേഖലയിലെ വിവിധ വിഭാഗം കുട്ടികളും കൂടുതൽ താല്പര്യം കാണിക്കുന്നു. ഈ രീതിയിൽ മുന്നേറുന്ന തൊഴിൽ ഉദ്ഗ്രഥിത സ്കൂൾ വിദ്യാഭ്യാ സത്തിന്റെ അവസാന ഘട്ടമായ ഹയർസെക്കൻഡറി കഴിയുമ്പോഴേക്കും സംസ്ഥാനത്തെ എല്ലാ കുട്ടികൾ ക്കും തങ്ങൾക്ക് അനുയോജ്യമായതും തൊഴിൽ സാ ധ്യതയുള്ളതുമായ ഒരു വൈദഗ്ധ്യവും നൽകേണ്ട തുമുണ്ട്. എട്ടാം തരം കഴിയുമ്പോഴേക്കും കുട്ടിയുടെ അഭിരുചികൾ ശാസ്ത്രീയമായി അറിയുകയും ആ മേഖലകളിൽ കൂടുതൽ അനുഭവങ്ങൾ നൽകുകയും ചെയ്യുന്നത് അഭികാമ്യമാണ്.

ദേശീയ വിദ്യാഭ്യാസ നയത്തിലെ തൊഴിൽ വി ദ്യാഭ്യാസം മുന്നോട്ടു വയ്ക്കുന്ന കേവലം തൊഴിൽ പരിശീലനങ്ങൾക്കപ്പുറം തന്റെ തൊഴിൽ മേഖലയിൽ (തൊഴിൽ പ്രക്രിയയിലോ തൊഴിൽ ഉല്പന്നത്തിലോ/ സേവനത്തിലോ) നൂതനാശയങ്ങൾ രൂപീകരിക്കു വാ നും നടപ്പിലാക്കാനും കഴിവുള്ളവരാക്കുന്ന ''അറിവുള്ള വിദഗ്ദരാ''യി നമ്മുടെ യുവതല മുറ മാറണം. അത്ത രം യുവതയിൽ സംരഭക താല്പര്യങ്ങൾ കൂടുതൽ ദർശിക്കുവാനും കഴിയും. അങ്ങനെ അനുദിനം മാറി ക്കൊണ്ടിരിക്കുന്ന തൊഴിൽ കമ്പോളത്തിനനുസരിച്ചു പുതിയ നൈപുണികൾ ആർജ്ജിക്കുന്നതിനും ആത്മ വിശ്വാസത്തിൽ ജീവിക്കുന്നതിനും ഇവർക്ക് കഴിയും.

ആഗോള ഭാവി തൊഴിൽ സാധ്യതകൾ കൃത്യമായി അപഗ്രഥിക്കുകയും അതനുസരിച്ച് തങ്ങളുടെ യുവ തലമുറയെ സജ്ജരാക്കുകയും ചെയ്യുക എന്നതു ഭരണകൂടങ്ങളുടെ പ്രാഥമിക ഉത്തരവാദിത്തമാണ്. പ്രാദേശിക സാധ്യതക്കനുസരിച്ച് കൂടി കോഴ്സുകൾ തയ്യാറാ ക്കേണ്ടതുണ്ട്. ഇതിനായി ഒരു ഗവേഷണ സംവിധാനം ആവശ്യമുണ്ട്. ഫലപ്രദമായ തൊഴിൽ വിദ്യാഭ്യാസ പദ്ധതിക്ക് സംസ്ഥാനത്ത് വ്യത്യസ്ത ഏജൻസികൾ നടത്തുന്ന വിവിധ തൊഴിൽ പരിശീലന / വിദ്യാഭ്യാസ പദ്ധതികളുടെ ഏകോപനവും അനിവാ ര്യമാണ്. അതുവഴി വിഭവങ്ങളുടെ (മാനുഷിക, ഭൗതിക വിഭവങ്ങൾ) ഫലപ്രദമായ വിനിയോഗം സാധ്യമാക്കാം. ഇപ്രകാരമുള്ള ഫലപ്രദമായ വിഭവ മാനേജ്മെന്റുക ളിലൂടെയും പ്രവാസി മലയാളികളുടെയും സഹായ ത്താൽ അന്തർദേശീയ നിലവാരത്തിലുള്ള തൊഴിൽ വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങാൻ കഴിയും.

തൊഴിലിടങ്ങളുമായി ചേർന്ന് വേണം തൊഴിൽ പഠനം പുരോഗമിക്കേണ്ടത്. അപ്രകാരം ചെയ്യുന്നത് വഴി തൊഴിൽ വൈദഗ്ദ്യം ഉറപ്പാക്കുന്നതോടൊപ്പം തൊഴിലിനോടും തൊഴിൽ ചെയ്യുന്നവരോടുമുള്ള ശരി യായ മനോഭാവം കുട്ടികളിൽ ഉണ്ടാകുകയും ചെയ്യും. തൊഴിലിടങ്ങളുമായുള്ള പരിശീലന പങ്കാളിത്തത്തി ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലി ടങ്ങൾ, സർക്കാർ എന്നീ മൂന്നു ഏജൻസികൾ ചേർന്നുള്ള TRIPLE HELIX മോഡൽ നടപ്പിലാക്കാവുന്നതാണ്. തൊഴിൽ ചെയ്യുന്ന പ്രാദേശിക വിദഗ്ദരെക്കൂടി ഈ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമാക്കാം.

ഭിന്നശേഷി കുട്ടികളുടെ തൊഴിലധിഷ്ഠിത പുനര ധിവാസപദ്ധതി വിപുലീകരി ക്കേണ്ടതുണ്ട്. എല്ലാവി

ഭാഗം കുട്ടികൾക്കും അനുയോജ്യമായ വൈദഗ്ദ്യം (ആവശ്യമെങ്കിൽ Assistive Technology യുടെ സഹായത്താൽ) നൽകുകയും അവരുടെ തൊഴിലധിഷ്ഠിത പുനരധിവാസം ഉറപ്പാക്കുകയും വേണം. വൈദഗ്ധ്യം ലഭിച്ച ഇത്തരം കുട്ടികൾക്ക് തൊഴിൽ ലഭ്യമാകുന്ന രീതിയിൽ തൊഴിൽ ശാലകളുടെ സഹകരണം സർക്കാർ തലത്തിൽ തന്നെ ഉറപ്പാക്കണം.

ഇപ്രകാരം നമ്മുടെ വിദ്യാഭ്യാസം തൊഴിൽ ഉദ്ഗ്രഥിതമാകുകയും ഹയർ സെക്കണ്ടറിതലം കഴിയുന്ന എല്ലാ കുട്ടികൾക്കും തങ്ങൾക്ക് അനുയോജ്യമായതും തൊഴിൽ സാധ്യതയുള്ളതുമായ തൊഴിൽ വൈദഗ്ധ്യം കിട്ടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

# മേളകളും സ്കൂൾക്ലബ്ബ് പ്രവർത്തനങ്ങളും വിദ്യാർഥി സൗഹൃദമാകാൻ

73

## വിദ്യാലയമേളകളും ക്ലബ്ബ് പ്രവർത്തനങ്ങളും ശിശുസൗഹൃദമാകുന്നതെങ്ങനെ?

പ്രമോദ് അടുത്തില

**ജ്ഞാ**നേന്ദ്രിങ്ങളിലൂടെ ചുറ്റുപാടിൽ നിന്ന് പഠിക്കാനുള്ള നൈസർഗികമായ കഴിവുകളോടെയാണ് കുട്ടി ജനിക്കുന്നത്. ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണാനും മനസ്സിലാക്കാനും ഇടപഴകാനും വിലയിരുത്താനുമുള്ള സാധ്യതകളാണ് വിദ്യാലയത്തിൽ നിന്നും ലഭിക്കുന്ന ഔപചാരിക പഠനം വഴി കുട്ടിക്ക് ലഭിക്കുന്നത്. എന്നാൽ ഓരോ കുട്ടിയുടെയും കഴിവുകളും സാധ്യതകളും തിരിച്ചറിഞ്ഞ് സർഗാത്മകശേഷീ വികസനത്തിന് ഉതകുന്ന വിധത്തിൽ പഠനപ്രക്രിയ രൂപപ്പെടുത്തുമ്പോഴാണ് ശിശു കേന്ദ്രീകൃത സമീപനം യാഥാർത്ഥ്യമാകുന്നത്. ഇങ്ങനെ സ്വാഭാവികമായി രൂപപ്പെട്ടുവരുന്ന കഴിവുകളെയാണ് അധ്യാപകൻ കൈത്താങ്ങ് നൽകി പരിപോഷിപ്പിച്ച് മികവാർന്ന പ്രകടനത്തിലേക്ക് നയിക്കേണ്ടത്. കുട്ടിയുടെ മനോധർമ്മ പ്രകാശത്തിന് തടസ്സം സൃഷ്ടിക്കാത്തതും കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതുമായ ഒരു സമീപനം അതിന്റെ തുടക്കം മുതൽ സ്വീകരിക്കുക എന്നത് പരമപ്രധാനമായ ഒരു കാര്യവും ആകുന്നു. *അതുകൊണ്ടുതന്നെയാണ് വിദ്യാലയങ്ങളിലെ മേളകൾക്കും ക്ലബ്ബ് പ്രവർത്തനങ്ങൾക്കും കൃത്യമായ ഒരു മാർഗരേഖ ഇവിടെ അവതരിപ്പിക്കുന്നത്. *വിദ്യാലയത്തിലെ ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്കുണ്ടാവുന്ന നേട്ടങ്ങൾ നമുക്കിപ്രകാരം നിർണയിക്കാവുന്നതാണ്:.

- പഠിതാവിന്റെ നൈസർഗികമായ കഴിവുകളെ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക
- വിവിധ ദൃശ്യ-അവതരണ കലകളെ ആസ്വദിക്കുന്നതിനും അവയിലെ സൗന്ദര്യം ഉൾക്കൊള്ളുന്നതിനും
- സർഗാത്മക പ്രവർത്തനങ്ങളുടെ ആസ്വാദ്യത ഉൾക്കൊണ്ട് സാമൂഹ്യ ജീവിതത്തിൽ മാനവികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന്
- സാംസ്കാരിക വൈവിധ്യം തിരിച്ചറിഞ്ഞ് സാംസ്കാരിക ബോധം വളർത്തുന്നതിന്
- രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലൂടെ
- വ്യവഹാരരൂപങ്ങൾ തിരിച്ചറിയുന്നതിനും ചിന്താശേഷിയും ഭാവനാവിലാസവും വർദ്ധിപ്പിക്കുന്നതിനും.
- മാനസിക ഊർജ്ജം ഉൾക്കൊണ്ട് നവീനങ്ങളായ സൃഷ്ടികളിൽ ഏർപ്പെടുന്നതിനും സന്തുലിതമായ സാമൂഹ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവുന്നതിനും
- സർഗാത്മപ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഇതര വിഷയങ്ങളുടെ പഠനം ഫലപ്രദമാക്കുന്നതിന്.
- ബഹുമുഖബുദ്ധീ വികാസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്.
- ഭിന്ന നിലവാരക്കാരായ വിദ്യാർത്ഥികളെ ഒരുപോലെ പഠനപ്രവർത്തനങ്ങളിലും അതുപോലെ സർഗാത്മ പ്രവർത്തനങ്ങളിലും താല്പര്യമുള്ളവരാക്കുന്നതിന്...
- വിവിധ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ ആസ്വാദന നിലവാരം ഉയർത്തുന്നതിന്.
- വിവിധ കഴിവുകളെ സാമൂഹ്യ പരിഷ്കരണ ലക്ഷ്യത്തോടെ പ്രയോജനപ്പെടുത്താൻ കഴിയുന്നതിന്....

വ്യത്യസ്തമായ രീതിയിൽ ചിന്തിക്കാനും പ്രവർത്തി

ക്കാനും അവസരം ലഭിക്കുമ്പോഴാണ് സർഗാത്മകത ചിറകുവെക്കുന്നത് എന്ന ഡിവോണയുടെ നിരീക്ഷണ ത്തിനും പ്രായോഗികപിന്തുണ വർദ്ധിക്കുന്ന സാഹചര്യ മാണിന്നുള്ളത്. പവേൽ പെട്രോവിച്ച് ബ്ലോൺസ്കിയു ടെ കാഴ്ചപ്പാട് അനുസരിച്ച് മികച്ച വിദ്യാഭ്യാസത്തിന്റെ ലക്ഷണമാണ്, കുട്ടി സ്വയം നടത്തുന്ന കഴിവുകളുടെ പ്രകടനം. ലോകത്തെമ്പാടുമുള്ള പ്രമുഖ വിദ്യാഭ്യാസ ചിന്തകർ കുട്ടിയുടെ സമ്പൂർണ്ണ വ്യക്തിത്വ വികസ നത്തിനു വേണ്ടിയാണ് നിലകൊണ്ടത് എന്നു നാം മനസ്സിലാക്കിയിട്ടുണ്ട്. ആധുനിക സമൂഹത്തിലെ പുരോഗമനവീക്ഷണങ്ങൾ ഉൾക്കൊണ്ടും കുട്ടിയുടെ അവകാശങ്ങളെ കുറിച്ച് ഐക്യരാഷ്ട്രസഭ കൃത്യമായ ചില പ്രഖ്യാപനങ്ങൾ നടത്തിയിട്ടുമുണ്ട്. സാർവദേ ശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ഭാഗമായ ഇവകൂടി വിദ്യാഭ്യാസ പരിവർത്തന പ്രവർത്തനങ്ങ ളിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്. ആത്മവിശ്വാസമുള്ള സമൂഹത്തിന് മാത്രമേ ആർജ്ജിതമായ അറിവിനെ കൃത്യമായി പ്രയോജനപ്പെടുത്താൻ കഴിയൂ. കുട്ടിക ളിൽ അന്തർലീനമായ സവിശേഷതകളെ മുഴുവൻ കണ്ടെത്തി വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. ഓർ മ്മശക്തിക്ക് പുറമേ വിശകലനശേഷി, ഭാവന, കായി കശേഷി, സൗന്ദര്യബോധം, ആശയവിനിമയവാസന എന്നിവയും വികസിപ്പിക്കേണ്ടതുണ്ട്. കുട്ടിയുടെ വ്യ ക്തിത്വത്തിനും സർഗശേഷിക്കും അനുസൃതമായ വി കാസം, മാനസികവും ശാരീരികവുമായ കഴിവുകളുടെ പൂർണതോതിലുള്ള വികസനം എന്നിവ ഇത്തരം ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സാധിക്കണം. മാതാപിതാക്കൾ, സാംസ്കാരിക തനിമ, ഭാഷ, ധാർമിക മൂല്യങ്ങൾ, ദേ ശീയ മൂല്യങ്ങളും സംസ്കാരവും എന്നിവയോടുള്ള ആദരവ് തുടങ്ങിയവ കുട്ടികളിൽ വളർത്താൻ ഇത്തരം കൂട്ടായ്മകൾക്ക് കഴിയും. യഥാർത്ഥത്തിൽ കുട്ടിയുടെ പ്രകൃതവും അതിന്റെ സാധ്യതകളും അറിയുന്നത്, കുട്ടിയുടെ വികസനത്തിന് അനുഗുണമായി പെരുമാ റുന്നതിനും അതിന്റെ പശ്ചാത്തലം ഒരുക്കുന്നതിനും സഹായിക്കുന്നു. ഭാവന ഇഷ്ടപ്പെടുന്നവരും ചലനാത്മ കത സൃഷ്ടിക്കുന്നവരും കൂട്ടം ചേർന്ന് പ്രവർത്തിക്കുന്ന തിനുള്ള താല്പര്യം പ്രകടിപ്പിക്കുന്നവരും അംഗീകാരം ഇഷ്ടപ്പെടുന്നവരും സ്വതന്ത്രമായി ചിന്തിക്കുന്നതിനും ഭയരഹിതമായി പ്രവർത്തിക്കുന്നതിനും താല്പര്യപ്പെടു ന്നവരും ചോദ്യം ചോദിക്കാനും അന്വേഷിക്കാനുമുള്ള താല്പര്യമുള്ളവരും സർഗാത്മക പ്രവർത്തനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടാൻ താൽപര്യം കാട്ടുന്നവരും വിവിധതരം കളികൾ ഇഷ്ട പ്പെടുന്നവരും ധാരാളമുണ്ട്. അതിനാൽ, കുട്ടിയുടെ കഴിവ്/ശേഷി അടിസ്ഥാനമാക്കിയുള്ള സ്വാഭാവിക സാഹചര്യങ്ങളാണ് വിദ്യാലയങ്ങളിലൊരുക്കേണ്ട ത്. കലോത്സവം, കായികോത്സവം, ശാസ്ത്രോത്സ വം തുടങ്ങി സർഗോത്സവങ്ങൾ വരെ വിദ്യാലയങ്ങ ളിൽ നിലവിലുണ്ട്. ആരോഗ്യപരമായ ഒരു മത്സരം എന്ന നിലയിലാണ് അവയൊക്കെയും എന്നതിനാൽ എല്ലാ കുട്ടികളും പങ്കെടുക്കണമെന്നില്ല. ജനകീയമായ സ്വീകാര്യത ലഭിക്കാനായി എല്ലാം 'ഉത്സവം' എന്നു വിളിക്കുന്നുണ്ടെങ്കിലും,പക്ഷെ അങ്ങനെയല്ല സ്ഥിതി ഗതികൾ. ഈ സാഹചര്യത്തിലാണ് മേളകളും ക്ലബ്ബ് പ്രവർത്തനങ്ങളും കുട്ടികൾക്ക് യഥാർത്ഥ 'സ്നേഹോ ത്സവ'മാക്കി മാറ്റണമെന്ന് ആലോചിക്കുന്നത്. ഒപ്പം, ആരോഗ്യപരമായ മത്സരം എന്ന നിലയിൽ കുറച്ചു ഇനങ്ങൾ മാത്രം ഉൾപ്പെടുത്തിയുള്ള മേളകളും സം ഘടിപ്പിക്കാവുന്നതാണ്. ഇത്, ഒരർത്ഥത്തിൽ കഴിവു ള്ളവരെ അംഗീകരിക്കാനും അവരുടെ കഴിവുകൾ ആസ്വദിക്കാനും ഇടനൽകുന്നു. ചുരുക്കത്തിൽ, പ ഠനപ്രവർത്തനത്തിന്റെ ഭാഗമായി ആഹ്ലാദകരമായ അനുഭവമാവണം പ്രദാനം ചെയ്യേണ്ടത്.

പുരോഗമന വിദ്യാഭ്യാസ ചിന്തകനായ ജോൺ ഡ്യൂയി കുട്ടിയുടെ പങ്കാളിത്തപരവും സർഗാത്മക വുമായ തുറന്ന പഠനത്തിനുവേണ്ടി വാദിച്ചു. ഓരോ കുട്ടിയുടെ താൽപര്യം, അനുഭവങ്ങളുടെയുള്ള പ ഠനം, ശേഷികൾ ആർജിക്കൽ തുടങ്ങിയവ ജീവിത വിജയത്തിന് അനിവാര്യമായ ഘടകമായി അദ്ദേഹം കാണുന്നു. ചെറുപ്രായത്തിലുള്ള കുട്ടികൾക്ക് അനു ഭവമായ പഠനാന്തരീക്ഷം ഒരുക്കണമെങ്കിൽ ധാരാളം വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന തുറന്ന മനസ്സ് മു തിർന്നവർക്കും ഉണ്ടായിരിക്കണം. എങ്കിലേ മുഴുവൻ കുട്ടികളുടെയും ആവശ്യങ്ങളും താല്പര്യങ്ങളും കഴി വും തിരിച്ചറിയുവാനും വികസിപ്പിക്കാനുമുള്ള അവ സരം പ്രദാനം ചെയ്യാൻ കഴിയൂ. കുട്ടികളുടെ സ്വതന്ത്ര പ്രകടനങ്ങൾക്ക് ചുറ്റുമുള്ള വസ്തുക്കളെ എങ്ങനെ യെല്ലാം പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് തിരിച്ച റിയാനുള്ള വഴികാട്ടിയായി വിദ്യാലയത്തിലെ ക്ലബ്ബ് പ്രവർത്തനങ്ങളെ കാണാം. ഭിന്നനിലവാരക്കാരായ കുട്ടികളെ പരിഗണിച്ചുകൊണ്ട് പ്രവർത്തനങ്ങളുടെ നൈരന്തര്യം ഉറപ്പാക്കാൻ ചില ലളിതമായ അനുഭ വങ്ങളും നൽകേണ്ടതുണ്ട്.

ആ അർത്ഥത്തിൽ, സ്കൂൾ വിദ്യാഭ്യാസകാലത്ത് ഇത്തരം ക്ലബ്ബ് പ്രവർത്തനങ്ങളിലും സ്കൂൾ ഉത്സവ ങ്ങളിലും ഇടപെടുന്ന ആർക്കുംതന്നെ ശരിയായ വി ദ്യാഭ്യാസത്തിന്റെ ഭാഗമാകാൻ കഴിയുന്നു എന്നതാണ് പ്രസക്തമായ കാര്യ

74

# വിദ്യാർഥി സൗഹൃദമായ മേളകളും ക്ലബ്ബ് പ്രവർത്തനങ്ങളും

എം.എ. അരുൺ കുമാർ, പാലക്കാട്

**പൊ**തു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മേളകളും ക്ലബ്ബ് പ്രവർത്തനങ്ങളും എല്ലാ വിദ്യാർത്ഥികൾക്കും പങ്കെടുക്കുവാനും കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിലും പൊതുസമൂഹത്തിനു സ്വീകാര്യമായ രീതിയിലും പുനസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സമൂഹത്തിൽ ചർച്ച ഉയർന്നുവരുന്നുണ്ട്.

മേളകളും ക്ലബ്ബ് പ്രവർത്തനങ്ങളും ഗ്രേസ് മാർക്കിനു വേണ്ടിയുള്ള അനാരോഗ്യകരമായ മത്സരങ്ങളായി ചിലപ്പോഴെങ്കിലും മാറുന്ന അനുഭവമാണുള്ളത്. അധ്യാപകരോ രക്ഷിതാക്കളോഅധ്യാപകരോ രക്ഷിതാക്കളോ മുൻകൈ എടുക്കുന്ന വിദ്യാലയങ്ങളിൽ നിന്ന് മാത്രമാണ് കുട്ടികൾ മേളകളിൽ മുകൾതട്ടിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു വരുന്നത്. പലപ്പോഴും ക്ലബ് പ്രവർത്തനങ്ങൾ ദിനാചരണവും മറ്റുമായി ചുരുങ്ങിപ്പോകുന്ന അനുഭവവും ഉണ്ട്.

കലോത്സവങ്ങൾ ഉൾപ്പെടെയുള്ള മേളകൾ വിധികർത്താക്കളും കുട്ടികളും രക്ഷകർത്താക്കളുമൊക്കെ തമ്മിലുള്ള സംഘർഷത്തിന്റെ വേദിയാകുന്ന സാഹചര്യങ്ങൾ വ്യാപകമാവുകയാണ്. വിദ്യാർത്ഥികൾ കടുത്ത സമ്മർദ്ദം ഇതിന്റെ ഭാഗമായി അനുഭവിക്കുന്നുവെന്നതും യാഥാർത്ഥ്യമാണ്. ഈ അനുഭവങ്ങളെയെല്ലാം മുൻനിർത്തി എല്ലാ മേളകളുടെയും സംഘാടന രീതിയും മാന്വലും കാലോചിതമായി പരിഷ്കരിക്കുവാനും പുനഃസംഘടിപ്പിക്കുവാനും നമുക്ക് കഴിയണം. എല്ലാ മേളകളുടെയും സംഘാടനത്തിൽ വിദ്യാർഥികൾക്ക് കൂടി പങ്കാളിത്തം ഉറപ്പു വരുത്തിയാൽ കുറേക്കൂടി ജനാധിപത്യപരമായി സംഘാടനം മാറ്റാനാവും. രജിസ്ട്രേഷൻ മുതൽ സംഘാടനത്തിന്റെ എല്ലാ തലത്തിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

ശാസ്ത്ര – സാമൂഹ്യശാസ്ത്ര – പ്രവൃത്തി പരിചയ മേളയിൽ നിന്ന് പൊതുസമൂഹത്തിന് വെളിച്ചം നൽകുന്ന നൂതനമായ പ്രവർത്തനങ്ങളോ പ്രൊജക്ടുകളോ രൂപപ്പെട്ടുവരേണ്ടതുണ്ട്. ജഡ്ജ്മെന്റുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന ആരോപണങ്ങൾ പലപ്പോഴും മേളകളുടെ നിറം കെടുത്തുന്നുണ്ട്. ഓരോ ഇനങ്ങളുടെയും വിധി നിർണയത്തിന് അതാത് മേഖലയിലെ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് പുതിയ മാനദണ്ഡങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ഉദാഹരണമായി ശാസ്ത്രീയ സംഗീത മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ മത്സരത്തിനായി മുൻകൂട്ടി തയ്യാറാക്കിയ കീർത്തനവും മനോധർമ്മവുമൊക്കെ വേദിയിൽ അവതരിപ്പിക്കുന്നതിന് പകരം വിധികർത്താക്കൾ നൽകുന്ന വിവിധ രാഗങ്ങളിൽ നിന്ന് ലോട്ട് എടുത്ത് കിട്ടുന്ന ഒരു രാഗത്തിൽ ഉള്ള കീർത്തനവും മനോധർമവും ആലപിക്കുകയാണെങ്കിൽ ശാസ്ത്രീയ സംഗീതത്തിൽ കുട്ടിയ്ക്കുള്ള യഥാർത്ഥ അവഗാഹം മനസ്സിലാക്കാൻ കഴിയും. മത്സരത്തിന് മാത്രമായി തയ്യാറാകുന്ന കുട്ടിയിൽ നിന്ന് കൂടുതൽ അറിവുള്ള കുട്ടിയായി മാറാൻ ഇത് ഉപകാരപ്പെടും.പ്രസംഗ മത്സരം പോലെ മത്സരത്തിന് കുറച്ചു മുൻപായി നാല് വരികൾ നൽകി അതിന് ഈണം നൽകാൻ ആവശ്യപ്പെടുന്ന രീതിയുമൊക്കെ ശരിയായ വിധിനിർണയതിലേക്കെത്താൻ സഹായിക്കും. മാത്രവുമല്ല, മത്സര സമയത്തെ കുട്ടിയുടെ മാനസിക – ശാരീരിക അവസ്ഥകളുടെ സ്വാധീനം മാത്രം കൊണ്ട് കുട്ടിയുടെ അവതരണത്തെ വിലയിരുത്തുന്ന രീതിയും മാറ്റാനാവും. വിധിനിർണയത്തിലെ പരിമിതികളും പോരായ്മകളും പരമാവധി ഒഴിവാക്കാനാവും.

വിവിധ ക്ലബ് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന അധ്യാപകർക്ക് കൃത്യമായ പരിശീലനം നൽകുവാനുള്ള പദ്ധതിയും ആവശ്യമാണ്. മേളകളിലെയും കലോത്സവങ്ങളിലെയും ഒഴിവാക്കാനാവുന്ന പല ഇനങ്ങളും ഒഴിവാക്കി ഇനങ്ങളുടെ എണ്ണം കുറക്കേണ്ടതാണ്. ഭാഷാടി സ്ഥാനത്തിലുള്ള കലോത്സവം ഒഴിവാക്കി ജനറൽ കലോത്സവം മാത്രമാക്കി മാറ്റാവുന്നതാണ്. കൂടുതൽ ജനകീയവും വിദ്യാർത്ഥി സൗഹൃദവുമായ മേളകളും ക്ലബ് പ്രവർത്തനങ്ങളും ഭാവിതലമുറയ്ക്ക് വിദ്യാഭ്യാസ മുന്നേറ്റത്തിന് സഹായകരമാവുകതന്നെ ചെയ്യും.

# കോവിഡാനന്തരകാല വിദ്യാഭ്യാസം പരിഗണിക്കേണ്ട വസ്തുതകൾ

75

## കോവിഡാനന്തര ക്ലാസ് മുറിയിലെ ജ്ഞാനനിർമ്മിതി

എം.വി.ഷാജി, തുരീയം, ചുഴലി – തപാൽ, കണ്ണൂർ, 9495310244

**കോ**വിഡാനന്തര ക്ലാസ് മുറികളിലെ പഠന – ബോധന പ്രകിയ സങ്കീർണവും വൈരുധ്യാത്മകവുമാണ്. അത് കോവിഡാനന്തരം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ നില സങ്കീർണമായതിനാലും അവരുടെ മനോഭാവങ്ങളിലും പഠനശീലങ്ങളിലുമുണ്ടായ മാറ്റങ്ങൾ അത്ര ആശാവ മല്ലാത്തതുകൊണ്ടും ഒക്കെയാണ്.

ബോധന പ്രക്രിയയിൽ ഇടപെടുമ്പോൾ അധ്യാപകർ അനുഭവിക്കേണ്ടിവരുന്ന പ്രതിസന്ധികളും അവയെ നേരിടാൻ അനുവർത്തിക്കേണ്ട തന്ത്രങ്ങളും സിസ്റ്റത്തിൽ, നയ രൂപീകരണത്തിൽ, കരിക്കുലം തയ്യാറാക്കുന്നതിൽ,വിനിമയത്തിൽ ഒക്കെ പുലർത്തേണ്ട സൂക്ഷ്മതയും ജാഗ്രതയും ഏറെ പ്രധാനമാണ്. കോവിഡാനന്തര ക്ലാസ് മുറികളെക്കുറിച്ച് അനുഭവിച്ച യാഥാർത്ഥ്യങ്ങളുടെ വരണ്ട നിലത്തിൽ ചവിട്ടിനിന്ന് ഒരധ്യാപകൻ നടത്തുന്ന അന്വേഷണമാണിത്.

കോവിഡാനന്തരം വലിയ ആസൂത്രണമോ തയ്യാറെടുപ്പോ ഇല്ലാതെ സ്കൂളുകൾ തുറക്കപ്പെട്ടു. കുട്ടികളെ പുതിയ സാഹചര്യത്തിലേക്ക് മെരുക്കിയെടുക്കാൻ വേണ്ടത്ര അവധാനത ഇല്ലാതെ പോയി. ഓൺലൈനിലേക്ക് മാറിയപ്പോൾ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ചിട്ടകളും നിയമങ്ങളും കുട്ടികൾ പാലിക്കാതായി. ഓൺലൈൻ ക്ലാസിന് ബെല്ലടിയില്ല, യൂണിഫോമില്ല, ടൈം ടേബിളില്ല, ക്ലാസ് ടെസ്റ്റില്ല, കണ്ണുരുട്ടലില്ല, ചീത്തവിളിയില്ല, ഇഷ്ടവേഷം ധരിക്കാം, ഇഷ്ടമുണ്ടെങ്കിൽ ക്ലാസിൽ കയറാം, ഇഷ്ട കാര്യങ്ങൾ ചെയ്തു കൊണ്ട് ക്ലാസ് കേൾക്കാം– അതിരുകളില്ലാത്ത സ്വാതന്ത്ര്യം. നിയമമേയില്ല; അനോമി – അഥവാ അരാജകമായ സ്വാതന്ത്ര്യം ! ഔപചാരികതയോട് താല്പര്യക്കുറവ് അല്ലെങ്കിൽ അജ്ഞത കുട്ടികളിൽ പ്രകടമായി.

### ലോക്ക് ഡൗണിന്റെ ആദ്യവർഷം

കുട്ടികളെയെല്ലാം ഓൺലൈൻ ക്ലാസിൽ കയറ്റാനായിരുന്നു വിദ്യാഭ്യാസ വകുപ്പും വിദ്യാലയാധികൃതരും പ്രാദേശിക ഭരണകൂടവും സന്നദ്ധ സംഘടനകളുമെല്ലാം ആഞ്ഞുപിടിച്ചത്. ഇതിന്റെ ഫലമായി പഠന സഹായ സമിതികൾ എല്ലാ സ്കൂളുകൾ കേന്ദ്രീകരിച്ചുമുണ്ടായി. ഫോണില്ലാത്തവർക്ക് ഫോൺ,ടി.വി.യില്ലാത്തോർക്ക് ടി.വി. – എല്ലാ വിഭാഗവും കൈകോർത്ത് ഇതെല്ലാം ലഭ്യമാക്കി. പക്ഷെ കുട്ടികൾ ക്ലാസിൽ കയറുന്നുണ്ടോന്ന് ഉറപ്പിക്കാൻ സംവിധാനമുണ്ടായില്ല. വിക്ടേഴ്സ് ചാനലിൽ ഗംഭീര ക്ലാസ് നടന്നു. പക്ഷെ ഭൂരിപക്ഷം കളരിക്ക് പുറത്തായിരുന്നു. ഓൺലൈൻ ക്ലാസിന് അനുബന്ധമായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടക്കേണ്ട ഓൺലൈൻ പിന്തുണാ ക്ലാസുകൾ നടന്നില്ല. ഫലത്തിൽ ഒരു വർഷം കൊണ്ട് കുട്ടി പല വിഷയത്തിൽ നേടേണ്ട ശേഷി കൾ പത്തു ശതമാനം പോലും കൈവരിച്ചില്ല. രണ്ടാം വർഷവും ലോക്ക് ഡൗൺ തുടർന്നു. ഒന്നാം വർഷമുണ്ടായ പരിമിതികൾ തിരിച്ചറിഞ്ഞ് വിദ്യാഭ്യാസ വകുപ്പ് ജി. സ്യൂട്ട് പോലെ വിദ്യാലയ തല പിന്തുണയ്ക്ക് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചു. ദൗർഭാഗ്യകരമെന്ന് പറയട്ടേ, ഒന്നാം വർഷം കളരിക്ക് പുറത്തായ കുട്ടികൾ രണ്ടാം വർഷവും അകത്തായില്ല, കാരണം അവർക്ക് അധ്യയനത്തുടർച്ച നഷ്ടമായി.

എല്ലാ വിഷയങ്ങളിലും അതി ഭീകരമാം വിധം പഠന വിടവുണ്ടായി. മൂന്നാംവർഷം തിരക്കിട്ട് സ്കൂൾ തുറന്നപ്പോൾ ഈ വിടവടക്കാൻ പരിപാടിയുണ്ടായില്ല. അവധിക്കാല പരിശീലനമോ അധ്യാപക ശാക്തീകരണമോ ഫലപ്രദമായി നടന്നില്ല. കൂടുതുറന്നു വിട്ട കിളികളെ രണ്ടാമതും കൂട്ടിൽ അടച്ചു. അരാജകമായ സ്വാതന്ത്ര്യത്തിന്റെ എല്ലാ ആനുകൂല്യങ്ങളുമനുഭവിച്ചവർ വീണ്ടും കൂട്ടിലടക്കപ്പെട്ടപ്പോൾ കൂടുതൽ അപകടകാരികളായി.

രണ്ടുവർഷത്തെ ഓൺലൈൻ പഠനം വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റങ്ങൾ ഉളവാക്കി. സ്വാഭാവികമായും ചില മുന്നേറ്റങ്ങളുണ്ടായി. 2025 ലേക്ക് ആർജ്ജിക്കേണ്ട ഐ.ടി. ശേഷികൾ 2022 നുള്ളിൽ തന്നെ കുട്ടികൾ നേടി. പഠനത്തിന് സഹായകമായ സാങ്കേതിക വിദ്യകൾ, പ്ലാറ്റ്ഫോമുകൾ, മൊബൈൽ ആപ്പുകൾ ഇവ ഉപയോഗിക്കാനും മെച്ചപ്പെടുത്താനുമുള്ള അറിവ് കുട്ടികൾ ആർജിച്ചു. പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം കൈവന്നു. പഠനത്തോടൊപ്പം യൂ ട്യൂബ്, vlog കൾ എന്നിവയിൽ പുതിയ പരിശ്രമങ്ങൾ വഴി വരുമാനമുണ്ടാക്കാവുന്ന നിലയിലേക്ക് ചിലരെങ്കിലും വളർന്നു.ആത്മാവിഷ്കാരത്തിനും

അനുഭവങ്ങളും അറിവുകളും പങ്കുവയ്ക്കാനും സമൂഹമാധ്യമങ്ങൾ വഴി സാധിച്ചു. പഠനത്തിന്റെ പുതിയ മേഖലകളും സങ്കേതങ്ങളും കണ്ടെത്തി ഉപയോഗിക്കുക വഴി പുതിയ തലങ്ങളിലേക്ക് അതിനെ വികസിപ്പിക്കാൻ കഴിഞ്ഞു.

കോവിഡാനന്തര ക്ലാസ് മുറിയിലെ പ്രതിസന്ധികളെ വ്യത്യസ്ത മേഖലകളായി വർഗ്ഗീകരിക്കാം

1. പഠനശീലങ്ങൾ
2. മനോഭാവങ്ങൾ
3. വൈകാരികവും മാനസികവുമായ നില
4. സാമൂഹ്യ ബന്ധങ്ങൾ
5. ശാരീരിവും ജീവിത ശൈലീപരവുമായ മാറ്റങ്ങൾ.

1. പഠനശീലങ്ങൾ

   അക്കാദമികപ്രശ്നങ്ങൾ

- ആശയഗ്രഹണത്തേക്കാൾ കുറുക്കുവഴി തേടാനുള്ള പ്രവണത

76

# കോവിഡ് കാലം കൊണ്ടുവന്ന പ്രതിസന്ധികൾ, പ്രശ്നങ്ങൾ - എൽ പി. തലത്തിൽ

ബിന്നി ഐരാറ്റിൽ, ജി.ഡബ്ല്യൂ എൽ.പി.സ്കൂൾ ബേള, കാസറഗോഡ്, 9497841975

**കോ**വിഡ് കാലം നമുക്ക് വലിയ തിരിച്ചറിവുകൾ നൽകിയാണ് പിൻവാങ്ങിയത്. എല്ലാവരും പറയുന്നതുപോലെ കോവിഡിനു മുൻപ്, കോവിഡിനു ശേഷം എന്ന് കാലത്തെ, ചരിത്രത്തെ രണ്ടായി വിഭജിച്ചാണ് അത് കടന്നുപോയത്.

കോവിഡ് കാലത്ത് കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങിപ്പോകാതിരിക്കാൻ ആവശ്യമായ നടപടികൾ ഇന്ത്യയിൽ മറ്റെങ്ങും കാണാത്ത വിധത്തിൽ സർക്കാർ നടപ്പിലാക്കുകയും കേരളത്തിലെ അധ്യാപക സമൂഹമൊന്നാകെ ആ പ്രവർത്തനങ്ങളിൽ ഏക മനസ്സോടെ പങ്കാളികളാകുകയും ചെയ്തെങ്കിലും ദീർഘമായ രണ്ടു വർഷത്തെ ഓൺലൈൻ വിദ്യാഭ്യാസത്തിനു ശേഷം വിദ്യാലയങ്ങളിലെത്തിയ കുട്ടികളെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേക്ക് നയിച്ചപ്പോൾ നിരവധി പ്രശ്നങ്ങൾ അധ്യാപകർക്ക് നേരിടേണ്ടി വന്നു. വിദ്യാലയാനുഭവം തീരെ ലഭിക്കാതിരുന്നവരും പേരിനു മാത്രം വിദ്യാലയാനുഭവം ലഭിച്ചവരുമായിരുന്നു ആ കുട്ടികളെല്ലാം.

കഴിഞ്ഞ ഒന്നര വർഷത്തെ കോവിഡ് അനന്തര വിദ്യാഭ്യാസ കാലത്ത് കുട്ടികളിൽ കാണാൻ കഴിഞ്ഞത് പ്രധാനമായും നാല് തരത്തിലുള്ള പ്രശ്നങ്ങളായിരുന്നു.

സാമൂഹിക-വൈകാരിക പ്രശ്നങ്ങൾ, കായികമായ പ്രശ്നങ്ങൾ, അക്കാദമികമായ പ്രശ്നങ്ങൾ, ഡിജിറ്റൽ ഉപകരണങ്ങളോടുള്ള അമിതമായ ഭ്രമം

### സാമൂഹിക- വൈകാരിക പ്രശ്നങ്ങൾ

സ്വന്തം വീട്ടിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന കുട്ടികൾക്ക് ഒരു സാമൂഹിക ക്രമത്തിൽ അനുവർത്തിക്കേണ്ട ആരോഗ്യകരമായ പല ശീലങ്ങളും അന്യമായിരുന്നു. എന്റെ, എനിക്ക് എന്നു മാത്രം ചിന്തിച്ചിരുന്ന, തന്റെ വീട് എന്ന പരിമിതമായ വൃത്തത്തിൽ മാത്രം ചലിച്ചിരുന്ന കുട്ടിക്ക് നമ്മുടെ, നമുക്ക് എന്നു ചിന്തിക്കാനും ക്ലാസ് മുറിയുടെ വിശാലമായ കാഴ്ചപ്പാടിനനുഗുണമായ പങ്കുവയ്ക്കൽ, പരസ്പരസഹായം, പരസ്പരം അംഗീകരിക്കൽ തുടങ്ങിയ വിശാലമായ വീക്ഷണങ്ങളിലേക്കുള്ള ചുവടു മാറ്റവും വിഷമകരമായിരുന്നു. വളരെ രൂക്ഷമായ വൈകാരിക പ്രതികരണങ്ങളും അസഹിഷ്ണുതയും മുൻപിൻ നോക്കാതെയുള്ള കായികമായ കടന്നേറ്റങ്ങളിലേക്കു പോലും നയിച്ചിരുന്നു. കൂട്ടുകൂടിക്കളിക്കാനോ കളിയിലെ പോലും പരാജയങ്ങൾ സഹിഷ്ണുതയോടെ അംഗീകരിക്കാനോ ഒന്നുമുള്ള മാനസികാവസ്ഥ കുട്ടികൾക്ക് അന്യമായിരുന്നു.

### പരിഹാരമാർഗങ്ങൾ

1. സ്നേഹപൂർണമായ സമീപനത്തിലൂടെ,
2. ബോധപൂർവമായ പങ്കുവയ്ക്കലുകളിലൂടെ
3. സംഘപ്രവർത്തനങ്ങളിലൂടെ,
4. സർഗാത്മക പ്രവർത്തനങ്ങളിലൂടെ 5.സഹവാസ ക്യാമ്പുകളിലൂടെ ഈ പ്രശ്നത്തെ ഒരു പരിധി വരെ മറികടക്കാൻ കഴിഞ്ഞു എന്നത് ആശ്വാസകരമാണ്.

### കായികമായ പ്രശ്നങ്ങൾ

വീട്ടിലുള്ള അടച്ചിരുപ്പും അനാരോഗ്യ കരമായ ദിനചര്യകളും ഭക്ഷണ ശീലങ്ങളും കുട്ടികളിൽ പൊണ്ണത്തടി, അലസത, മടി തുടങ്ങിയ പല പ്രശ്നങ്ങളും സൃഷ്ടിച്ചിരുന്നു. സംഘം ചേർന്നു കളിക്കാനോ ദിനചര്യകൾ കൃത്യമായി പാലിക്കാനോ ശരിയായ ഭക്ഷണ ശീലങ്ങൾ പാലിക്കാനോ ഓടിച്ചാടിയുള്ള കളികളിൽ ഏർപ്പെടാനോ ഒന്നും കുട്ടികൾ ആദ്യ കാലങ്ങളിൽ തയാറായിരുന്നില്ല. ദീർഘകാലത്തെ ശരിയല്ലാത്ത ആരോഗ്യ ശീലങ്ങളുടെ ഫലമായി കുട്ടികളുടെ കാ

യികശേഷി കുറയുകയും ഓടുമ്പോഴും കളിക്കുമ്പോഴുമൊക്കെ വീഴുകയും പരിക്കു പറ്റുകയുമൊക്കെ ചെയ്യുന്നത് വളരെയധികമാകുകയും ചെയ്തു.

### പരിഹാര പ്രവർത്തനങ്ങൾ

1. കായിക ചലനങ്ങൾ ഉൾച്ചേർത്ത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും
2. നിശ്ചിത സമയത്ത് ദിവസവും കളിക്കാനും സുംബാ ഡാൻസ് പോലെ കായിക ചലനങ്ങൾ ഉള്ള നൃത്തരൂപങ്ങളിൽ ഏർപ്പെടാനും അവസരം നൽകുകയും
3. കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ചെയ്തപ്പോൾ ഈ പ്രശ്നം കുറഞ്ഞു വരുന്നുണ്ട്.

### അക്കാദമികമായ പ്രശ്നങ്ങൾ

കുട്ടികൾ പല കാരണങ്ങളാലും ഓൺലൈൻ പഠനത്തിലൂടെ കാര്യമായൊന്നും നേടിയിരുന്നില്ല. ഫലത്തിൽ മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്ക് ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളുടെ നിലവാരമേ ഉണ്ടായിരുന്നുള്ളൂ. വായന - ലേഖന - ഗണിത ശേഷികൾതീരെ ആർജിക്കാത്ത കുട്ടികളുടെ എണ്ണവും കൂടുതലായിരുന്നു. കഴിഞ്ഞ അക്കാദമിക വർഷത്തിൽ നടത്തിയ പല പഠനങ്ങളും ഈ പിന്നാക്കാവസ്ഥ തെളിയിക്കുന്നതാണ്.

### പരിഹാരങ്ങൾ

ഓരോ വിദ്യാലയവും അവരുടെ സാഹചര്യങ്ങൾക്കനുസരിച്ച് പല പദ്ധതികളും ആ വിഷ്ക്കരിച്ച് ഈ പ്രശ്നത്തെ മറികടക്കാൻ പരമാവധി ശ്രമിക്കുന്നുണ്ടെങ്കിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായ ഗുരുതരമായ പ്രശ്നമാണിത്. വരുന്ന കുറെ വർഷങ്ങളിലെ നിരന്തരവും കൃത്യമായ ദിശാബോധത്തോടെയും ഉള്ള പ്രവർത്തനങ്ങളിലൂടെ മാത്രമേ ഈ പ്രതിസന്ധിയെ മറികടക്കാൻ കഴിയുകയുള്ളൂ.

(പൂന്തേൻ മലയാളം, വായനാ പരിപോഷണ പരിപാടികൾ തുടങ്ങിയവ ഭാഷാ വികാസത്തിന് സഹായകരമാണ് )

### ഡിജിറ്റൽ ഉപകരണങ്ങളോടുള്ള അമിതമായ ഭ്രമം

ഇനിയും കാര്യമായ പരിഹാരമെന്നും കാണാൻ കഴിയാത്ത ഒരു വലിയ പ്രശ്നമാണ് കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങളോടുള്ള (പ്രത്യേകിച്ച് മൊബൈൽ ഫോൺ) അമിതമായ ഭ്രമം. പാഠപുസ്തകങ്ങളും നോട്ടു പുസ്തകങ്ങളും എന്ന രീതിയൊക്കെ മാറി മിക്ക കുട്ടികളുടെയും പഠനം പലതരം ഓൺലൈൻ ക്ലാസുകളുടെ ഗുളിക രൂപത്തിലുള്ള ക്ലാസുകളെ ആശ്രയിച്ചാണ്. വായന, നോട്ടെഴുത്ത് ഒക്കെ വളരെ മടിയുള്ള കാര്യങ്ങളുമാണ്. ഇതിനെ എങ്ങനെ നേരിടണമെന്നറിയാതെ രക്ഷിതാക്കൾ പകച്ചു നിൽക്കുകയാണ്.

### പരിഹാര മാർഗങ്ങൾ

മൊബൈൽ ഫോൺ ഉപയോഗത്തിൽ നിന്ന് കുട്ടികളെ പൂർണമായി മാറ്റി നിർത്തുക ഇനി പ്രായോഗികമല്ല. ഡിജിറ്റൽ ഉപകരണങ്ങളുടെ വിവേകപൂർണമായ ഉപയോഗത്തെക്കുറിച്ചും ഡിജിറ്റൽ ലോകത്തെ ചതിക്കുഴികളെക്കുറിച്ചും കുട്ടികളെ ബോധവൽക്കരിക്കുക. മാത്രമാണ് ഏക പോംവഴി.

കൂടെ രക്ഷിതാക്കളും അധ്യാപകരും കുട്ടികളോളം തന്നെയോ അതിലധികമോ ഡിജിറ്റൽ അവബോധം ഉള്ളവരുമായി മാറുകയും വേണം.

അധ്യാപകർ നേരിടുന്ന സാമൂഹിക- മാനസിക പ്രശ്നങ്ങളും വെല്ലുവിളികളും.

കോവിഡാനന്തര വിദ്യാഭ്യാസ കാലം കുട്ടികൾക്കെന്നപോലെ അധ്യാപകർക്കും പ്രശ്നങ്ങളും വെല്ലുവിളികളും നിറഞ്ഞതായിരുന്നു.

കുട്ടികളെ പ്രതീക്ഷിത നിലവാരത്തിലേക്ക് ഉയർത്താൻ ഒരുപാട് പരിശ്രമങ്ങൾക്കു ശേഷവും കഴിയുന്നില്ല എന്നതു തന്നെയായിരുന്നു അധ്യാപകരെ ഏറ്റവും അധികം വിഷമിപ്പിച്ച കാര്യം. അക്കാദമികമായ പിന്നാക്കാവസ്ഥയുടെ കൂടെ കുട്ടികളുടെ മടി, അലസത, പെരുമാറ്റ പ്രശ്നങ്ങൾ, കുട്ടികൾ തമ്മിലുള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് രക്ഷിതാക്കളുടെ പരാതികൾ എന്നിവയൊക്കെ അധ്യാപകരെയും കടുത്ത മാനസിക സമ്മർദ്ദങ്ങളിലേക്ക് തള്ളിവിട്ടു. ദിനാചരണങ്ങൾ ഉൾപ്പെടെയുള്ള മറ്റു പല വിദ്യാലയ പ്രവർത്തനങ്ങളുടെ ആധിക്യവും പാഠപുസ്തകങ്ങൾ വേണ്ടത്ര കുട്ടികളെ പരിഗണിക്കുന്നതാകാതിരിക്കുന്നതായിരിക്കുന്നതും മുൻകാലങ്ങളിലേക്കാൾ ഇപ്പോൾ വലിയ ഭാരമായി മാറുന്നതായാണ് പല അധ്യാപകരും അഭിപ്രായപ്പെടുന്നത്.

### പരിഹാരമാർഗങ്ങൾ

1. അധ്യാപകർ കുട്ടികളിലേക്കും രക്ഷിതാക്കളിലേക്കും കൂടുതൽ ഇറങ്ങിച്ചെന്ന് അവരുടെ വിശ്വാസം ആർജിച്ച് രക്ഷിതാക്കളെക്കൂടി വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക വഴി കുട്ടികളുടെ അക്കാദമിക നിലവാരമുയർത്താനും രക്ഷിതാക്കളുടെ പരാതി പോലെയുള്ള പ്രശ്നങ്ങൾ വലിയൊരളവു വരെ പരിഹരിക്കാനും കഴിയും.
2. വിദ്യാഭ്യാസ പ്രവർത്തനങ്ങളും പാഠപുസ്തക സമീപനവും കുറച്ചു കൂടി കുട്ടികളെ പരിഗണിക്കുന്നതാകാൻ അധികൃതർ ശ്രദ്ധിച്ചാൽ നന്നായിരിക്കും.

അധ്യാപകരുടെയും, രക്ഷിതാക്കളുടെയും, പൊതുസമൂഹത്തിന്റെയും സർക്കാരിന്റെയും കൂട്ടായ പ്രവർത്തനങ്ങൾ ഈ പ്രതിസന്ധി മറികടക്കാൻ ആവശ്യമാണ് എന്ന തിരിച്ചറിവിലേക്കാണ് ഈ വിലയിരുത്തൽ നമ്മെ നയിക്കുന്നത്.

# 77

## കോവിഡാനന്തര വിദ്യാഭ്യാസം പരിഗണിക്കേണ്ട വസ്തുതകൾ

(ഹയർ സെക്കന്ററി വിദ്യാർഥികളിൽ)

SMIJA P S, SPBHSS RAMANATTUKARA, 9744459468

രണ്ടുവർഷക്കാലം പുറംലോകം കാണാത്ത വിദ്യാർത്ഥികളാണ് വീണ്ടും സ്കൂളിന്റെ ജൈവികമായ പഠനാന്തരീക്ഷത്തിലേക്ക് എത്തിച്ചേർന്നിട്ടുള്ളത്. സ്വാഭാവികമായും അത്തരം വിദ്യാർഥികൾക്ക് ഉണ്ടായ വിവിധങ്ങളായ അനുഭവങ്ങളെയും, പ്രശ്നങ്ങളെയും, മാറ്റങ്ങളെയും ഉൾക്കൊള്ളാൻ നിലവിലുള്ള പഠന സംവിധാനങ്ങൾക്ക് വേണ്ടത്ര കഴിയുന്നില്ല. പഠന വിടവ് എന്ന യാഥാർത്ഥ്യം വിദ്യാർഥികളിൽ നില നിൽക്കുന്നുണ്ട്.

തിരികെ സ്കൂളിലെത്തിയ കുട്ടിയെ അഭിസംബോധന ചെയ്യുന്നതിലും അവരിലുണ്ടായ മാറ്റങ്ങൾ തിരിച്ചറിയുന്നതിലും അവ ഉൾക്കൊള്ളുന്നതിലും അധ്യാപകർക്ക് പലപ്പോഴും പിഴവുകൾ വന്നുചേരുന്നുണ്ട് എന്നതും വസ്തുതയാണ്.

കലാമേളകൾ, കായികമേളകൾ പ്രവൃത്തിപരിചയമേളകൾ, എൻഎസ്എസ്, എസ്പിസി, സ്കൗട്ട് ആൻഡ് ഗൈഡ് പോലെയുള്ള സ്കൂൾ അധിഷ്ഠിത പ്രവർത്തനങ്ങളും കുട്ടികൾ ഏർപ്പെടുന്ന കളികളും അസാധ്യമായത് അവരിലെ വിവിധ സർഗാത്മകവും, സാമൂഹ്യവും, കായികവുമായ ശേഷികൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഈ കാലമത്രയും നഷ്ടപ്പെട്ടത് വിദ്യാർഥികളെ വലിയ അളവിൽതന്നെ ബാധിച്ചിട്ടുണ്ട്. ഗുണപരമായ മാറ്റങ്ങളെ ഈ കുറവ് ഇല്ലാതാക്കിയിട്ടുമുണ്ട്.

നേരിട്ടുള്ളതും ചടുലവുമായ ക്ലാസ് റൂം അന്തരീക്ഷത്തിൽ പാഠ്യ – പാഠ്യേതര പ്രവർത്തനങ്ങൾക്ക് വിധേയരാവേണ്ട വിദ്യാർഥികൾ; പലപ്പോഴും അരക്ഷിതമായ സാമൂഹ്യ അന്തരീക്ഷത്തിലും സംഘർഷഭരിതമായ ഗാർഹിക അന്തരീക്ഷത്തിലും നിൽക്കേണ്ടിവരുമ്പോൾ അവരുടെ മാനസികവും ശാരീരികവും ബൗദ്ധികവുമായ വളർച്ചയിൽ ഉണ്ടാകുന്ന വൈഷമ്യങ്ങളും വൈകല്യങ്ങളും തിരിച്ചറിയാനും പരിഹരിക്കാനുമുള്ള ഉപാധികൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. പക്ഷേ അത് നേരിടുന്നതിൽ വേണ്ടത്ര ഗൗരവത്തിലുള്ള സമീപനം സ്വീകരിക്കണമെന്ന് മനസ്സിലാക്കുന്നതിനുപോലും പലപ്പോഴും വിദ്യാഭ്യാസത്തിന്റെ ഇടപെടലുകൾക്ക് സാധിക്കുന്നില്ല. അതിജീവിക്കാനുള്ള ശേഷികൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ കുറെയൊക്കെ നമ്മൾ നടത്തിയിട്ടുണ്ടെങ്കിലും പൂർണമായും അതിന്റെ ജൈവികതയോ കൃത്യതയോ നിലനിർത്തുന്നതിൽ എത്തിയിട്ടുണ്ടോ എന്നുള്ളത് ഇപ്പോഴും സംശയമാണ്.

ദീർഘനാളായി വീട്ടിലെ അന്തരീക്ഷത്തിൽ ഇരുന്ന കുട്ടിയെ തിരികെ കൊണ്ടുവരുമ്പോഴും അവർക്കുണ്ടാകുന്ന ശ്രദ്ധക്കുറവും ജാഗ്രതക്കുറവും ഏകാഗ്രതക്കുറവും മൂലം ക്ലാസ് മുറിയിൽ കുട്ടി വലിയ പ്രയാസങ്ങൾ നേരിട്ടിട്ടുണ്ട്. പഠനത്തിലും അതുപോലെയുള്ള ജ്ഞാനസമാർജ്ജന പ്രവർത്തനങ്ങളിലും വിഹരിക്കേണ്ട സാഹചര്യത്തിനായാണ് സ്കൂളിലേക്ക് വീണ്ടും കുട്ടി എത്തുന്നത്. ജ്ഞാനാർജന വേളയിൽ കുട്ടിയുടെ ശ്രദ്ധയിൽ ഉണ്ടാവുന്ന പാകപ്പിഴകൾ പലപ്പോഴും നേരിടേണ്ടി വരുന്നത് അധ്യാപകന് പ്രയാസകരമായ അവസ്ഥ സൃഷ്ടിക്കുന്നു.

ക്ഷമാപൂർവം ക്ലാസ് റൂമിൽ ഇരുന്ന് കേൾക്കാനുള്ള കുട്ടിയുടെ ശ്രദ്ധയിലുള്ള ചാഞ്ചല്യവുമാണ് ഇത്തരം സാഹചര്യങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. കാരണം അവൻ വീട്ടിലിരുന്ന് സ്വതന്ത്രമായ (രണ്ടു വർഷക്കാലമുള്ള) ചിന്തയിൽ നിന്നും ക്ലാസ് റൂമിന്റെ നാല് ചുവരുകൾക്കുള്ളിലുള്ള യാന്ത്രികതയിലേക്ക് എത്തുമ്പോഴുള്ള പ്രയാസങ്ങളാണ് ഇതിന് കാരണമായി തോന്നിയിട്ടുള്ളത്.

മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം നമ്മൾ അഭിമുഖീകരിക്കേണ്ടി വരുന്നത് ലഹരിയുമായി ബന്ധപ്പെട്ടതാണ്. ലഹരിക്കടിപ്പെട്ട കുട്ടിയുടെ പഠനത്തിൽ അഗാധമായ വിടവ് സംഭവിക്കുന്നു. പലപ്പോഴും കുട്ടി ചെന്നെത്തിയിട്ടുള്ളത് ലഹരിയുടെ മായിക ലോകത്തിലേക്കാണ്. എട്ടുംപൊട്ടും തിരിയാത്ത കുഞ്ഞുങ്ങൾ പോലും ലഹരി ഉപയോഗിക്കുകയും ലഹരിക്ക് അടിമയാക്കപ്പെടുകയും ചെയ്യുന്നു. അതിന്റെ ഉപയോഗവും വിതരണ ഏജന്റായുള്ള പ്രവർത്തനങ്ങളിൽ വ്യാപരിക്കുകയും ചെയ്തതിന്റെ ഭാഗമായി ജീവിതം ഹോമിക്കപ്പെട്ട് മറ്റൊരു ലോകത്തിലേക്കും സഞ്ചരിക്കുന്നതായി പലപ്പോഴും അധ്യാപകർക്ക് കാണേണ്ടി വന്നിട്ടുണ്ട്. ഇത് കേവലം ചെറിയ ഒരു രീതിയിൽ മാത്രമല്ല വലിയ റാക്കറ്റുകളിൽ പെടുകയും പലരുടെയും ഇരകളാക്കപ്പെടുകയും ചെയ്യുന്ന വർത്തമാനകാല യാഥാർത്ഥ്യത്തെയാണ് പുതിയ അധ്യാപക സമൂഹം അഭിമുഖീകരിക്കേണ്ടി വരുന്നത്. പലപ്പോഴും ലഹരി ഉപയോഗിക്കുന്ന വിദ്യാർഥികൾ, ക്ലാസ് റൂമിൽ അവർക്ക് വേണ്ടത്ര ക്ലാസ്സിലേക്ക് ശ്രദ്ധിക്കാൻ പറ്റാത്ത തരത്തിൽ ലഹരി അടിപ്പെട്ടതുകൊണ്ട് അതുമായി ബന്ധപ്പെട്ട പലതരത്തിലുള്ള ക്രയവിക്രയങ്ങളിൽ ആണ് അവർ ക്ലാസ് റൂമിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ക്ലാസിൽ ഒരു കൃത്യമായ ശ്രദ്ധ കിട്ടുന്നതിൽ കുട്ടി പലപ്പോഴും പ്രയാസപ്പെടേണ്ടി വരാറുണ്ട്. ലഹരിക്കെതിരെ എന്നു പറയുന്ന സർക്കാർ ഏറ്റെടുത്ത പദ്ധതിയോടൊപ്പം തന്നെ അക്കാദമിക് രംഗത്തെ കുട്ടികളിൽ ഉണ്ടാവുന്ന ഇത്തരം വാസനകളെ ഇല്ലാതാക്കുന്നതിന് ആവശ്യമായിട്ടുള്ള നേർ അനുഭവങ്ങൾ പങ്കുവെക്ക

ലും അത്തരം വിദ്യാർത്ഥികളുടെ ആത്മവിശ്വാസം ചോർന്നു പോകാത്ത തരത്തിലേക്കുള്ള കൈകാര്യം ചെയ്യലും അനിവാര്യതയായി ഇന്നത്തെ കാലത്ത് വേണ്ടി വരുന്നുണ്ട്.

മറ്റൊന്ന്,

കുട്ടികളിലെ സമയബോധത്തിൽ വന്നിട്ടുള്ള മാറ്റമാണ്. സമയനിഷ്ഠയില്ലാത്ത കുട്ടിയിൽ നിന്നും സമയബോധം നഷ്ടമാവുകയും പകരം അവർക്ക് തോന്നിയ സമയങ്ങളിൽ സ്കൂളിലേക്ക് ക്ലാസ് റൂമിലേക്ക് എത്തിച്ചേരുകയും ചെയ്യുന്ന ഏറെ പ്രയാസമേറിയ സാഹചര്യവും ഇന്ന് സ്കൂളുകളിൽ കാണാൻ കഴിയുന്നു.

പല വിദ്യാർത്ഥികളിലും കണ്ടുവരുന്ന മാനസികമായ പിരിമുറുക്കങ്ങൾ വലിയ രീതിയിൽ അവരുടെ പഠന നിലവാരത്തെയും പഠനമനന രീതിയെയും ബാധിച്ചിട്ടുണ്ട്. സൗഹൃദങ്ങളുടെ ഭാഗമായി വരുന്ന ഗ്രൂപ്പ് ഇല്ലാത്തതുകൊണ്ട് സംഭവിച്ചിട്ടുള്ള വിടവ് അതോടൊപ്പം തന്നെ പ്രായത്തിൽ കുട്ടികൾ ചെയ്തുതീർക്കേണ്ട നിരവധിയായ ബഹുമുഖ പ്രവർത്തന മേഖലകൾ ഇല്ലാതായതുകൊണ്ട് സംഭവിച്ചിട്ടുള്ള മാനസികമായ തകർച്ച തുടങ്ങിയവ നികത്താനാവാത്ത നഷ്ടമാണ്. ഇവയെല്ലാം ഇത്തരം കാലം കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ഒരു വലിയ വിടവ് തന്നെയാണ് ഇത് അക്കാദമിക കാര്യങ്ങളിലും അവരെ കാര്യമായി ബാധിച്ചിട്ടുണ്ട്.

കോവിഡാനന്തര വിദ്യാർത്ഥികളുടെ പ്രതികരണങ്ങളിൽ നിന്നും ഇവ ബോധ്യപ്പെടുന്നുമുണ്ട്. പലപ്പോഴും ഇത്തരം മാനസിക പ്രശ്നങ്ങൾ അവരെ തകർച്ചയിലേക്കും ആത്മവിശ്വാസക്കുറവിലേക്കും നയിക്കുന്നതിന്റെ ഭാഗമായി ഒരുപാട് വിദ്യാർഥികൾ അക്രമവാസനയുള്ളവരും ആത്മഹത്യ പ്രവണതയുള്ളവരും ആയി മാറിയിട്ടുണ്ട്. കണക്കുകൾ പരിശോധിച്ചു കഴിയുമ്പോൾ തന്നെ കോവിഡ് കാലത്ത് വന്നിട്ടുള്ള ആത്മഹത്യയുടെ തോത്, ഇന്ന് വളരെയധികം വർദ്ധിച്ചതായി മനസ്സിലാക്കാൻ കഴിയും. പഠനം എന്നു പറയുന്നത് ഭാരമായും അതുകൊണ്ടുതന്നെ മാനസിക സമ്മർദ്ദമായും അനുഭവപ്പെടുമ്പോൾ അത്തരം വിദ്യാർഥികളെ നന്നായി കൈകാര്യം ചെയ്യേണ്ടിവരും. ഇത്തരം അനുഭവങ്ങൾ കാണുന്നത് ഒന്നോ രണ്ടോ അല്ലെങ്കിൽ കേവലമായ കുറച്ച് വിദ്യാർഥികളിൽ മാത്രമായോ കാണുന്ന പ്രശ്നമല്ല, മറിച്ച് ഒരുപാട് വിദ്യാർഥികളിൽ കണ്ടുവരുന്ന വികലമായ ഒരു പ്രശ്നമായിട്ട് തന്നെ നമ്മൾ കാണേണ്ടിയിരിക്കുന്നു. കൃത്യമായ കൗൺസിലിങ്ങും ആവശ്യമായ മറ്റു പിന്തുണ സംവിധാനങ്ങളും കുട്ടികൾക്ക് ഒരുക്കിക്കൊടുത്താൽ മാത്രമേ അവരെ ഇത്തരം ഗൗരവമായ ഈ ഒരു പ്രശ്നങ്ങളിൽ നിന്നും കരകയറ്റി കൊണ്ടുവരാൻ കഴിയൂ.

ഈ കാലത്ത് നമ്മൾ അനുഭവിച്ച മറ്റൊരു പ്രധാന പ്രശ്നമായിരുന്നു ശാസ്ത്ര സാങ്കേതിക ഉപകരണങ്ങളുടെ പ്രയാസം നല്ലൊരളവ് വിദ്യാർത്ഥികൾക്ക് നേരനുഭവമായി വന്നത്. ഇത് പ്രാപ്യമല്ലാത്ത വിദ്യാർഥികൾക്ക് വലിയ പഠന വിടവ് ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥിയെ വിലയിരുത്തുന്ന കാര്യങ്ങളിലും അധ്യാപകർക്ക് ആവശ്യമായ ഒരു ധാരണ ഇല്ലാത്തതിന്റെ പ്രയാസവും നമ്മൾ അനുഭവിച്ചിട്ടുണ്ട്. കോവിഡിന് ശേഷം വന്ന വിദ്യാർഥികളിൽ ഉണ്ടായിട്ടുള്ള മാനസിക സമ്മർദ്ദങ്ങളും അതുപോലെ ഉണ്ടായിട്ടുള്ള പഠന വിടവും മറികടക്കുന്നതിന് ആവശ്യമായ ധാരണയും അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ വ്യത്യസ്ത തലങ്ങളിൽ നിന്നുകൊണ്ട് വിലയിരുത്തുന്നതിനും അധ്യാപകർക്ക് പലപ്പോഴും കഴിയാതെ പോയിട്ടുണ്ട്. ഇത് വിദ്യാർത്ഥികൾ ഉണ്ടാക്കുന്ന ആത്മവിശ്വാസക്കുറവ് അവരുടെ മറ്റ് പ്രയാസങ്ങൾ ഒക്കെ നേരിട്ട് തന്നെ അവരെ ബാധിച്ചിട്ടുണ്ട്.

ബോധന രീതിയിൽ മാത്രമല്ല മൂല്യനിർണയത്തിലും ഇതിനനുസരിച്ചുള്ള വിലയിരുത്തൽ സമീപനങ്ങൾ മാറ്റം വരുത്തേണ്ടതുണ്ട് എന്നുള്ള യാഥാർത്ഥ്യബോധത്തിലേക്ക് ആണ് ഇത് വിരൽ ചൂണ്ടുന്നത്.

# വിദ്യാലയങ്ങളെ സാമൂഹിക പഠന കേന്ദ്രങ്ങളാക്കി വളർത്തൽ

78

## വിദ്യാലയങ്ങൾ സാമൂഹ്യ പഠനകേന്ദ്രങ്ങൾ

ടി പി സുധാകരൻ, 9895029009

**കേ**രളത്തിലെ 12,972 സ്കൂളുകളിൽ വളരെ മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ നിലവിലുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട്, എസ്.എസ്.എ ഫണ്ട്, കിഫ്ബി ഫണ്ട്, സ്വകാര്യ കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തിയുള്ള പശ്ചാത്തല സൗകര്യവികസനം മിക്ക സ്കൂളുകളിലും ലഭ്യമാണ്. സ്കൂൾ കെട്ടിടങ്ങൾ, മെച്ചപ്പെട്ട ക്ലാസ് മുറികൾ, കളിസ്ഥലങ്ങൾ, ലബോറട്ടറികൾ, പാചകപ്പുരകൾ, ആധുനിക രീതിയിലുള്ള അടുക്കള സൗകര്യം എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഇതിൽ ഉൾപ്പെടും. സമൂഹത്തിന്റെ ഏറ്റവും വലിയ പിന്തുണയും സഹായവും നേടിയാണ് ഇതൊക്കെ

നിർമ്മിച്ചിട്ടുള്ളത്. അധ്യാപക രക്ഷാകർത്തൃസമിതി, സ്കൂൾ മാനേജ്മെന്റ് കമ്മറ്റി തുടങ്ങിയ ജനകീയ സംവിധാനങ്ങളുടെ സഹകരണത്തോടെയാണ് ഇവയിൽ പലതും നിർമ്മിച്ചിട്ടുള്ളത്. കേരളത്തിന്റെ സാമൂഹിക പുരോഗതിയിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് ചെറുതല്ല. വിദ്യാലയങ്ങളുടെ രൂപീകരണം ഇതുമായി ബന്ധപ്പെടുത്തിക്കാണണം. ദേശീയ പ്രസ്ഥാനങ്ങളുടെ ചരിത്രവും, നവോത്ഥാന ചരിത്രവും പരിശോധിച്ചാൽ വലിയ ജനകീയമുന്നേറ്റങ്ങളിലൂടെയാണ് പല വിദ്യാലയങ്ങളും സ്ഥാപിച്ചിട്ടുള്ളത്.

കേരളത്തിൽ 38.32 ലക്ഷം വിദ്യാർത്ഥികൾ നിലവിലുള്ള സ്കൂളിലെ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നു എന്നത് ഏറെ സന്തോഷകരമാണ്. ഇത്രയും രക്ഷിതാക്കളും അവരുടെ കുടുംബാംഗങ്ങളും നമ്മുടെ വിദ്യാഭ്യാസ പ്രക്രിയയിൽ ഭാഗഭാക്കാണ്. എന്നാൽ, പലപ്പോഴും സ്കൂൾ പ്രവർത്തനങ്ങൾക്കപ്പുറം നാടിന്റെ മറ്റാവശ്യങ്ങൾക്കും യുവാക്കളുടെയും, പൂർവവിദ്യാർഥികളുടെയും മറ്റ് ബഹുജനങ്ങളുടെയും ആവശ്യങ്ങൾക്കായി സ്കൂൾ സൗകര്യങ്ങൾ നിലവിൽ ലഭിക്കാറില്ല. നമ്മുടെ സമൂഹത്തിന്റെ വൈജ്ഞാനിക വളർച്ചയിൽ വിദ്യാലയങ്ങളുടെ ഇടപെടൽസാധ്യതകൾ വലുതാണ്.സ്കൂളിന്റെ പ്രവർത്തനങ്ങൾക്കുപരിയായി സാമൂഹ്യപങ്കാളിത്തത്തോടെ ഈ സൗകര്യങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനും, അതോടൊപ്പം നമ്മുടെ വിദ്യാലയങ്ങളെ സാമൂഹ്യ പഠനകേന്ദ്രങ്ങളാക്കി മാറ്റുന്നതിനുമുള്ള ചില നിർദേശങ്ങളാണ് ചർച്ചയ്ക്കായി മുന്നോട്ടുവയ്ക്കുന്നത്.

സമൂഹത്തിന്റെ ആരോഗ്യവുമായി ബന്ധപ്പെടുത്തി സ്കൂൾ കളിക്കളങ്ങളെ കാണണം. അങ്ങനെയായാൽ, സ്കൂൾ സമയത്തിന് മുമ്പും ശേഷവും കളിക്കളം സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ അവസരം നൽകണം. സ്കൂൾ കളിക്കളത്തിന്റെയും ഗ്രൗണ്ടിന്റെയും പരിപാലനം ഈ സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നിർവഹിക്കാൻ കഴിയും.

ആധുനിക സാങ്കേതിക വിദ്യകളെ അടിസ്ഥാനമാക്കിയുള്ള പഠനമാണ് ഇന്ന് സ്കൂളുകളിൽ നടക്കുന്നത്. ഈ ഡിജിറ്റൽ സംവിധാനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉപയോഗപ്പെടുത്താൻ കഴിയണം. ഇതിനായി ഒരു മാർഗനിർദ്ദേശം തയ്യാറാക്കാവുന്നതാണ്.

ഹയർസെക്കണ്ടറി സ്കൂളുകളിൽ വിവിധ വിഷയങ്ങളിൽ സാങ്കേതികയോഗ്യതയും, അനുഭവവും ഗവേഷണ പരിചയവുള്ള ധാരാളം അധ്യാപകരുണ്ട്. അവരുടെ സേവനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന വിവിധ വികസന പദ്ധതികൾക്ക് ഉപയോഗിക്കാവുന്നതാണ്. കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, കാർഷിക ഉല്പ്പാദന ക്ഷമത വർധിപ്പിക്കുന്നതിനായും കൃഷിവ്യാപനത്തിനായും കൃഷിഭവന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികൾ, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, മാലിന്യ സംസ്ക്കരണ– ജല സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾക്ക് ഇവരുടെ സേവനം പ്രയോജനപ്പെടുത്താം. അതോടൊപ്പം ഇത്തരം പദ്ധതികളുടെ വിശദാംശങ്ങൾ വിദ്യാർഥികളുമായി പങ്കുവയ്ക്കുന്നതിനും അവരുടെ പിന്തുണയോടെ നടപ്പാക്കുന്നതിനും കഴിയും.

ഒരു പ്രദേശത്തിന്റെ ജലഗുണനിലവാരം പരിശോധിച്ച് പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നിർദേശങ്ങൾ നൽകി കുട്ടികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് വിദ്യാലയങ്ങൾക്ക് വലിയ പങ്കുവഹിക്കാൻ കഴിയും. ഇതിനായി ഹൈസ്കൂളുകൾ, ഹയർസെക്കണ്ടറി സ്കൂളുകളിലെ കെമിസ്ട്രി ലാബുകൾ പ്രയോജനപ്പെടുത്താം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇതിനാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങാൻ കഴിയും.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും, സമൂഹത്തിനും ആവശ്യമായ വിവിധ വിവര ശേഖരണവും വിശകലനവും ഈ വിവരങ്ങൾ അവർക്ക് നൽകുന്നതിനും സാധ്യമാകും.

മാലിന്യ സംസ്ക്കരണം സമൂഹത്തിന്റെ പ്രധാന പ്രശ്നമായി മാറിയിരിക്കുന്നു. സമൂഹത്തിന്റെ പിന്തുണയോടെ വിദ്യാലയങ്ങളിൽ ഉറവിട മാലിന്യസംസ്ക്കരണം ഫലപ്രദമായി നടപ്പാക്കുകയും, കുട്ടികളിലൂടെ വീടുകളിലും സമൂഹത്തിലും ഇത് നടപ്പാക്കുന്നതിനുള്ള വിവര വിജ്ഞാന പ്രവർത്തനങ്ങൾ നടത്താൻ കഴിയും. തുടർ സാക്ഷരതാ പ്രവർത്തനങ്ങളെ രക്ഷാകർത്തൃ വിദ്യാഭ്യാസവുമായി കണ്ണിചേർക്കുന്നതിന് വിദ്യാലയങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്താം.

സംയോജിത കൃഷി ഫലപ്രദമായി നടപ്പാക്കുന്നതിന് വിദ്യാലയങ്ങളെ ഉപയോഗപ്പെടുത്താം. സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ, പാഴാക്കിക്കളയുന്ന വെള്ളം, മാലിന്യത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ജൈവവളം, തുടങ്ങിയവ പ്രയോജനപ്പെടുത്താം. ശാസ്ത്രക്ലബ്ബുകൾ, എൻ.എസ്.എസ്, എൻ.സി.സി തുടങ്ങിയവയുടെ സഹായത്തോടെ വിദ്യാലയത്തിന് പുറത്ത് സാമൂഹ്യ പങ്കാളിത്തത്തോറ്റെ ഇത് നടപ്പാക്കുന്നത് പരിഗണിക്കണം.

കുട്ടികളുടെ ശേഷിവികസനത്തിന് പ്രാധാന്യം നൽകുന്ന കേന്ദ്രങ്ങളായി വിദ്യാലയങ്ങളെ ഫലപ്രദമായി മാറ്റണം. ഇതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിലെ വിദഗ്ധരെയും, അനുഭവമുള്ളവരെയും പ്രയോജനപ്പെടുത്താൻ കഴിയും. രക്ഷാകർത്തൃവിദ്യാഭ്യാസത്തിന്റെ ഭാഗമായി ജീവിതഗുണതയുമായി ബന്ധപ്പെടുത്തി വിവിധ വിഷയങ്ങളിലെ ശേഷി വികസനം ലക്ഷ്യമാക്കിയ പഠന പ്രവർത്തനങ്ങൾ ഈ മേഖലയിലെ വിദഗ്ധരായ അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി ചെയ്യാൻ കഴിയും.

വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണത്തിന്റെ ഭാഗമായി നൽകേണ്ട പച്ചക്കറികൾ, പാൽ,മുട്ട, തുടങ്ങിയവ വിവിധ പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിച്ച് സ്വയംപര്യാപ്തത

നേടുകയെന്നത് പ്രധാനമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന വാർഷി കപദ്ധതിയിൽ ഇത് ഉൾപ്പെടുത്തണം. ജനപങ്കാളിത്ത ത്തോടെ കാമ്പയിൻ രീതിയിൽ ഇത് നടത്താവുന്നത് പരിഗണിക്കണം.

വിദ്യാലയങ്ങളിൽ നമ്മുടെ കുട്ടികൾക്ക് ഓരോ വർ ഷവും ആവശ്യമായ നോട്ട് പുസ്തകങ്ങൾ, പേന, പെൻ സിൽ, യൂണിഫോം തുടങ്ങിയ ഒട്ടേറെ ഉല്പ്പന്നങ്ങൾ തയ്യാറാക്കി നൽകുന്നതിനുള്ള പ്രദേശികവിപണിയും അധ്വാനവും തൊഴിലും പ്രാദേശികമായി തന്നെ നിർ വഹിക്കാൻ കഴിയും. വളരെ ഗൗരവത്തോടെയുള്ള ചർച്ചയും ആസൂത്രണവും ഇക്കാര്യത്തിൽ ഉണ്ടാവണം.

നമ്മുടെ വിദ്യാലയങ്ങളെ ഒരു സാമൂഹിക വിദ്യാ ഭ്യാസ സ്ഥാപനമായി കണക്കാക്കിയുള്ള സമീപനവും അതനുസരിച്ചുള്ള പ്രവർത്തനങ്ങളും ആവിഷ്ക്കരി ച്ചാൽ മാത്രമേ ഇത് സാധ്യമാകൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, വിദഗ്ധർ, ഗവേഷണ സ്ഥാപനങ്ങൾ, സാമൂഹ്യ-രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവയുടെ കൂ ട്ടയ്മയിലൂടെ ഇത് പ്രാദേശികമായി സാധ്യമാക്കാൻ കഴിയും. അതിന് സഹായകരമായ രീതിയിൽ അധ്യാ പക രക്ഷാകർത്തൃ സമിതി, സ്കൂൾ മാനേജ് മെന്റ് കമ്മറ്റി, വിദ്യാർഥികളുടെ സ്കൂൾ പാർലിമെന്റ് തുടങ്ങി യവയുടെ പ്രവർത്തനങ്ങളും പുനരാവിഷ്ക്കരിക്കണം.

# പരീക്ഷകളിൽ നിന്നും വിലയിരുത്തലിലേക്ക്

79

## പരീക്ഷയിൽ നിന്ന് വിലയിരുത്തിലേക്ക്

Amul Roy, SPO SSK

**കു**ട്ടിയുടെ സമഗ്രവികാസമാണ് വിദ്യാഭ്യാസം ലക്ഷ്യ മിടുന്നത്. കുട്ടി ഏർപ്പെടുന്ന വിദ്യാഭ്യാസ പ്രക്രിയ അവന്റെ അറിവ്, കഴിവ്, മനോഭാവം, മൂല്യബോധം എന്നിവയിൽ എന്ത് സ്വാധീനം സൃഷ്ടിക്കുന്നുവെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കപ്പെ ടുന്നത് വ്യക്തിപരമായ പഠനപുരോഗതിക്കും ബോ ധനപ്രക്രിയയുടെ നവീകരണത്തിനും അനിവാര്യമാ ണ്. സ്കൂൾ വിദ്യാഭ്യാസരംഗത്തെ പഠനപുരോഗതി അളക്കുന്ന മൂല്യനിർണയ സമ്പ്രദായങ്ങളിൽ പ്രഥമ പരിഗണന പരീക്ഷകൾക്കായിരുന്നു. കുട്ടി ആർജിച്ച അറിവുകളും ഗ്രഹിച്ച ആശയങ്ങളും അളക്കുക എന്ന താണ് പരീക്ഷകൾ സ്വീകരിച്ചിരുന്ന രീതി.

കുട്ടികളുടെ പഠനപുരോഗതിയെ പാരിമാണികമാ യി (Quantitative) മാർക്ക്, ഗ്രേഡ് എന്നിവയിലൂടെ വെളിപ്പെടുത്തുകയാണ് പരീക്ഷകൾ ചെയ്യുന്നത്. പരീ ക്ഷയെ ബൗദ്ധിക മേഖലയിലെ പുരോഗതിയെ അള ക്കുന്നതിനുള്ള ഉള്ളടക്ക കേന്ദ്രീകൃതമായ ഒരു രീതി യായാണ് വീക്ഷിക്കപ്പെടുന്നത്. ഒരു ഉപാധിയോടുള്ള കുട്ടികളുടെ പ്രതീകരണങ്ങളെ ആസ്പദമാക്കിയാണ് പരീക്ഷകൾ പഠനത്തെ അളക്കുന്നത്. അതുകൊണ്ട് തന്നെ കുട്ടികളുടെ സമഗ്രവികാസത്തെ രേഖപ്പെടുത്തു ന്നതിൽ പരീക്ഷകൾ എത്രത്തോളം പ്രയോജനപ്പെടുന്നു എന്നത് കാലക്രമേണ ചോദ്യം ചെയ്യപ്പെട്ടു. അതേസ മയം നിർവ്വഹണത്തിനുള്ള എളുപ്പം, ഫലങ്ങളെ സ് കോറുകളോ, ഗ്രേഡുകളോ ആയി ലഭ്യമാക്കാനുള്ള സൗകര്യം എന്നിവ പരീക്ഷയുടെ ആകർഷകത്വമായി തുടരുകയും ചെയ്യുന്നു. പഠന നിലവാര താരതമ്യം എന്ന സമൂഹത്തിന്റെ ആവശ്യത്തെ ഒരു പരിധിവരെ പരീക്ഷകൾ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു.

കാലത്തിന്റേയും ദേശത്തിന്റെയും മാറിവരുന്ന അവ ബോധങ്ങൾക്കനുസരിച്ച് നിരവധി നവീകരണങ്ങൾ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുണ്ട്. ഉള്ളടക്കവും രീ തിശാസ്ത്രവും നിരവധി മാറ്റങ്ങൾക്ക് വിധേയമായി. അധ്യാപക കേന്ദ്രീകൃതപഠനത്തിൽ നിന്ന് വിദ്യാർ ത്ഥി കേന്ദ്രീകൃത പഠനത്തിലേക്ക് ഒരളവുവരെ മാ റാൻ ഈ മാറ്റങ്ങൾ കാരണമായി. 'ശൂന്യമായ' അല്ലെ ങ്കിൽ 'പൊള്ളയായ' കുട്ടിയിലേക്ക് അറിവ് പകരുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം എന്ന ബിഹേവിയറിലിസ്റ്റ് കാഴ്ചപ്പാടിൽ നിന്ന് കുട്ടിയുടെ ഉള്ളിലുള്ള അറിവ് പോഷിപ്പിക്കുകയും അവനെ സ്വയം അറിവ് നിർമ്മിക്കു ന്നവനാക്കുകയും ചെയ്യുകയാണ് വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടിലേക്ക് ലോകം ക്രമേണ മാറിത്തുടങ്ങി. പഠനം ഒരു വ്യക്തി അധിഷ്ഠിത പ്രക്രിയയിൽ നിന്ന് സാമൂഹിക പ്രക്രിയായി മാറുന്ന പ്രവണത വ്യാപകമാ യി വരുന്നു. 'സംഘപഠനം' ഒരു രീതി ശാസ്ത്രമായി ക്ലാസ് മുറികളിൽ സ്ഥാനം പിടിച്ചു. കുട്ടി നിലവിൽ ആർജ്ജിച്ചിട്ടുള്ള കഴിവുകളുടെ തലത്തിൽ നിന്ന് ഉയർ ന്ന തലത്തിലേക്കെത്താൻ പിന്തുണ നൽകുന്നയാൾ എന്ന നിലയിൽ അധ്യാപകന്റെ സ്ഥാനം പുനർനിർ ണയിക്കപ്പെട്ടു. ബഹുമുഖബുദ്ധി സിദ്ധാന്തം ക്ലാസ് റൂം പ്രക്രിയയിൽ വലിയ സ്വാധീനം ചെലുത്തുകയും ചെയ്തു.

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിലും ബോധന പ്രക്രിയയിലും ഉണ്ടായ മാറ്റങ്ങൾ മൂല്യനിർ

ണയത്തെ സംബന്ധിച്ച് കാഴ്ചപ്പാടിലോ ഉപാധിക ളിലോ വലിയ രീതിയിൽ സ്വാധീനം ചെലുത്തിയില്ല എന്നത് നമ്മുടെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഇന്ന് ഒരു ന്യൂനത യായി നിലനിൽക്കുന്നു. അതേസമയം പരീക്ഷകൾ പഠനപുരോഗതി അളക്കുന്നതിനുള്ള മികച്ച മാർഗ്ഗമല്ല എന്ന തിരിച്ചറിവ് വിദ്യാഭ്യാസ രം ഗത്ത് ഉണ്ടായിട്ടുണ്ട്. പാഠ്യവിഷയങ്ങളിലുള്ള കുട്ടി യുടെ അറിവും ആശയഗ്രഹണത്തെയും മാത്രമല്ല മൂല്യനിർണത്തിന് വിധേയമാക്കേണ്ടത് എന്ന തിരി ച്ചറിവ് മൂല്യനിർണ പ്രവർത്തനങ്ങളിലെ മാറ്റത്തിന് കാരണമായിട്ടുണ്ട്. വിദ്യാഭ്യാസത്തിലൂടെ കുട്ടികൾ ആർജ്ജിച്ച സമഗ്രമായ ശേഷികളെയോ യഥാർത്ഥ ജീവിത സാഹചര്യങ്ങളിൽ അവർ നേടിയ അറിവ് പ്രയോഗിക്കുന്നതിനുള്ള കഴിവിനെയോ നിലവിലുള്ള പരിക്ഷാ രീതികൾ പരിഗണിക്കുന്നില്ല എന്ന തിരി ച്ചറിവും മാറ്റങ്ങൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തെ മൂല്യനിർണയ പ്രവർത്തനങ്ങൾ വി ദ്യാഭ്യാസത്തെക്കുറിച്ചുള്ള മാറിയ സങ്കല്പങ്ങളായ

- ബൗദ്ധികമായ കഴിവുകൾ സാമൂഹികമായും സാം സ്കാരികമായും വികസിപ്പിക്കപ്പെടുന്നവയാണ്.
- കുട്ടികൾ അവരുടെ സാമൂഹിക പശ്ചാത്തലത്തി ലാണ് അറിവ് നിർമ്മിക്കുന്നത്.
- സ്വന്തം ചിന്താ പ്രക്രിയയെക്കുറിച്ചുള്ള അവബോ ധവും ധാരണയും പഠനപുരോഗതിയിലേക്ക് നയി ക്കും.
- മുന്നറിവുകളും സാംസ്കാരികമായ കാഴ്ചപ്പാടുക ളുമാണ് പുതിയ അറിവുകളെ രൂപപ്പെടുത്തുന്നത്.
- ആഴത്തിലുള്ള പഠനം തത്വാധിഷ്ഠിതവും കൈ മാറ്റ പഠനത്തെ പിന്തണക്കുന്നതുമാണ്.

എന്നിവയുടെ അടിത്തറയിലൂന്നിയ സമഗ്രമായ ഒരു വിലയിരുത്തൽ പ്രക്രിയയായി മാറേണ്ടതുണ്ട്.

അത്

- ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൂടിയുള്ളതാകണം.
- കുട്ടിയുടെ നിലവിലെ പ്രകടനം മെച്ചപ്പെടുത്തുന്ന തിനായി ദത്തങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ഉപയോഗിക്കുകയും ചെയ്യുന്നതാക ണം.
- കുട്ടിയുടെ പ്രകടനത്തെക്കുറിച്ചും ഭാവിയിൽ പ്രകട നത്തെ മെച്ചപ്പെടുത്തുന്നതിനുള്ള കഴിവുകളെക്കു റിച്ചും ഫീഡ്ബാക്ക് നൽകുന്നതാകണം.
- ശിശു കേന്ദ്രീകൃതവും കുട്ടികൾ തമ്മിലുള്ള വ്യ ത്യാസങ്ങൾ ഉൾക്കൊള്ളുന്നതുമായിരിക്കണം.
- ഓരോ കുട്ടിയേയും കേന്ദ്രീകരിച്ചു കൊണ്ടുള്ളതാ യിരിക്കണം. എല്ലാ കുട്ടികൾക്കുമായി ഒരു പ്രവർ ത്തനം എന്ന നിലയിലാവരുത്.
- അയവേറിയ സമീപനത്തോട് കൂടിയതാകണം
- പഠനബോധന പ്രക്രിയയുടെ ഭാഗമാകണം
- നിരന്തരവും സമഗ്രവുമാകണം.

ഇത്തരത്തിൽ നിലവിലെ 'പഠനത്തെ വിലയിരു ത്തൽ' രിതിയിൽ നിന്ന് 'പഠനത്തിനായുള്ള വിലയി രുത്തല്'ലേക്കു മൂല്യനിർണയ പ്രവർത്തനങ്ങൾ മാ റുമ്പോൾ മാത്രമേ

വിവിധ മേഖലകളിലുള്ള കുട്ടിയുടെ അറിവ്, പ്രകട നം, നൈപുണി, താത്പര്യം, മനോഭാവങ്ങൾ, വ്യത്യ സ്ത സാഹചര്യങ്ങളോട് പ്രതികരിക്കാനുള്ള കഴിവ് എന്നിവ സംബന്ധമായ പൂർണമായ വിവരങ്ങൾ ശേ ഖരിക്കാനാവൂ. ഇത്തരത്തിലുള്ള മാറ്റത്തിലൂടെ വില യിരുത്തലിനെ സമഗ്രവും ഗുണമേന്മാവർധനവിന് ഉതകുന്നതുമായി മാറ്റാൻ കഴിയണം.

# കാര്യക്ഷമമാകേണ്ടുന്ന പ്രീ സ്കൂൾ വിദ്യാഭ്യാസം

80

## പ്രീ സ്കൂൾ വിദ്യാഭ്യാസം - കാഴ്ചപ്പാടുകളും ലോകാനുഭവങ്ങളും

ഡോ. പി. വി. പുരുഷോത്തമൻ, കല്ല്യാശ്ശേരി കണ്ണൂർ, 9446442656

**ജ**നനം മുതല് 6 വയസ്സുവരെയുള്ള കാലഘട്ടം കു ഞ്ഞിന്റെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വളർച്ചയെ സംബന്ധിച്ച് നിർണായ കമാണ്. കുഞ്ഞിന്റെ വൈകാരികമായ ചില സവിശേ ഷതകളും അറിവ് നിർമാണത്തിന്റെ ശൈലീഭേദങ്ങളും സാമൂഹികതയുടെ രുചിക്കൂട്ടുമൊക്കെ ആറുവയസ്സി നകം ഏതാണ്ട് രൂപപ്പെടുമെന്നാണ് പുതിയ അന്വേ ഷണങ്ങൾ വ്യക്തമാക്കുന്നത്. ഈ ഘട്ടത്തിലുള്ള വളർച്ചയുടെയും വികാസത്തിന്റെയും നാഴികക്കല്ലുകൾ (milestones) ശിശുവിദഗ്ധരും മന:ശാസ്ത്രജ്ഞരു മൊക്കെ കണ്ടെത്തി രേഖപ്പെടുത്തിയിട്ടുണ്ട്. തലച്ചോ റിന്റെ വലിപ്പവർധനവിന്റെ 85 ശതമാനവും ഭാഷയു ടെ അടിസ്ഥാന വ്യാകരണവുമൊക്കെ രൂപപ്പെടുന്ന അതിനിർണായകവും അങ്ങേയറ്റം വിലപ്പെട്ടതുമായ വളർച്ചാഘട്ടമായ ശൈശവത്തെയാണ് നമ്മള് ഒട്ടും ഗൗരവമില്ലാതെ സമീപിക്കുന്നത്.

3 മുതൽ 6 വയസ്സു വരെയുള്ള കാലത്ത് ലഭിക്കേണ്ട ശാസ്ത്രീയമായ ശിശുപരിചരണത്തിന്റെ പ്രാധാന്യം കൊമേനിയസ് (John Amos Comenius) മുതലുള്ളവർ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ഫ്രോബലിന്റെ (Friedrich Froebel)കിന്റർഗാർട്ടനും മോണ്ടിസോറിയുടെ (Maria Montesosri)മാതൃകാ പ്രീ സ്കൂളും ഇത് പ്രായോഗികമാക്കുന്നതിനുള്ള ശ്രമങ്ങളാണ്.

ജ്ഞാനനിർമ്മിതി വാദത്തിന്റെ വക്താവായ പിയാഷെ (Jean Piaget), കുഞ്ഞുങ്ങളുടെ വികാസവും പഠനവും എങ്ങനെയാണ് സംഭവിക്കുന്നതെന്ന് വിശദീകരിക്കുകയുണ്ടായി. എന്നാല് കുഞ്ഞിനെ ചുറ്റുപാടില് നിന്നും വേർപെടുത്തിയുള്ള ഈ നിരീക്ഷണങ്ങളിലെ പരിമിതികള് പിന്നീട് പലരും ചൂണ്ടിക്കാട്ടി. ഇതില് പ്രധാനിയായ വൈഗോട്സ്കി (Lev Vygotsky), ശിശുവികാസത്തെ സാമൂഹിക - സാംസ്കാരിക തലങ്ങളുമായി ബന്ധിപ്പിച്ചാണ് വിശദീകരിച്ചത്. കുഞ്ഞിന്റെ വളർച്ചയില് മുതിർന്നവർ വഹിക്കുന്ന നിർണായകമായ പങ്ക് അദ്ദേഹം എടുത്തുകാട്ടി. കളികളില് ഏർപ്പെടുന്ന കുട്ടികള് അവരെക്കാളും പ്രായമുള്ളവരെപ്പോലെ പെരുമാറുന്നതായി അദ്ദേഹം നിരീക്ഷിച്ചു. വികസനത്തിന്റെ സമീപസ്ഥ മണ്ഡലത്തില് (Zone of Proximal Development - ZPD ) നടക്കുന്ന ശിശുവികാസത്തിൽ ഭാഷ വഹിക്കുന്ന നിർണായകമായ റോൾ അദ്ദേഹം ഊന്നിപ്പറഞ്ഞു. അതുപോലെ പ്രീ സ്കൂൾ ഘട്ടത്തിൽ കുഞ്ഞിന്റെ വികാസത്തിൽ ചമഞ്ഞുകളി വഹിക്കുന്ന പങ്കും വിശദീകരിച്ചു. ഈ ഘട്ടത്തില് നടക്കുന്ന ആത്മനിയന്ത്രണത്തിലും ചിന്താശേഷിയിലും ഉണ്ടാകുന്ന വികാസം വിശകലനവിധേയമാക്കി. ടീച്ചറുടെ റോൾ, തത്സമയ വിലയിരുത്തല് തുടങ്ങിയവ സംബന്ധിച്ചും അദ്ദേഹം നിർണായകമായ സൂചനകൾ നല്കി. പ്രീസ്കൂൾ ഘട്ടത്തെ കുറിച്ചുള്ള വൈഗോട്സ്കിയന് നിരീക്ഷണങ്ങൾ കേരളത്തിലെ പ്രീ സ്കൂള് നവീകരണ ചർച്ചകളില് ഏറെ പ്രസക്തമാണെന്ന് കാണാം.

1960 കളിൽ ഇറ്റലിയിൽ ആരംഭിച്ച റെജിയോ എമിലിയ (Reggio Emilia) മുനിസിപ്പൽ പ്രീ സ്കൂളുകൾ പുതിയ സമീപനം ഉൾക്കൊണ്ട് വികസിപ്പിച്ച മാതൃകകളില് മികച്ചു നില്ക്കുന്നു. അവിടെ മുനിസിപ്പാലിറ്റിയുടെ കീഴില് വിപുലമായ ഒരു സംവിധാനം തന്നെ ഇതിനായി ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ പ്രവർത്തനോത്പന്നങ്ങള് കൃത്യമായി ഡോക്യുമെന്റു ചെയ്യുന്നതിനുള്ള സംവിധാനവും രക്ഷാകർത്താക്കള്ക്ക് അവകണ്ട് സ്വന്തം കുട്ടിയുടെ വികാസനില തിരിച്ചറിയുന്നതിനുള്ള അവസരവും അവിടെയുണ്ട്. പ്രോജക്റ്റ് രീതിയിലുള്ള പഠന പ്രവർത്തനങ്ങള് ഇവിടുത്തെ മറ്റൊരു സവിശേഷതയാണ്. ലിലിയൻ കാറ്റ്സിനെ (Lilian G. Katz) പോലുള്ള ഗവേഷകർ പ്രീ സ്കൂൾ മേഖലയിൽ പ്രോജക്ട് രീതിക്കുള്ള സാധ്യത സമീപകാലത്തായി ഊന്നിപ്പറയുന്നുണ്ട്.

സ്കാന്റിനേവിയന് രാജ്യങ്ങളായ ഡെന്മാർക്കിനും സ്വീഡനും ശേഷം ജർമനി, സ്കോട്ലന്റ്, കാനഡ തുടങ്ങിയ രാജ്യങ്ങളിലേക്ക് വ്യാപിച്ച വനാധിഷ്ഠിത പ്രീസ്കൂളുകള് (forest kindergarten) ശ്രദ്ധേയമായ മറ്റൊരു മാതൃകയാണ്. പ്രകൃതിനശീകരണം വർധിക്കുകയും കുട്ടികള് കോൺക്രീറ്റ് കെട്ടിടങ്ങളിൽ, കമ്പ്യൂട്ടറുകൾക്കു മുമ്പില് തളച്ചിടപ്പെടുകയും ചെയ്യുന്ന പുതിയ കാലത്ത് അവരെ ബാധിക്കുന്ന 'പ്രകൃതിയപര്യാപ്തതാ രോഗ'ത്തിന് (Nature deficit diosrder) ഇതൊരു മറുമരുന്നാണെന്ന് പലരും കരുതുന്നു.

സ്വീഡൻ പോലുള്ള രാജ്യങ്ങൾ കുഞ്ഞിന്റെ വളർച്ചയും വികാസവും രാഷ്ട്രത്തിന്റെ ഉത്തരവാദിത്തമായാണ് കാണുന്നത്. ശിശുപരിചരണത്തിനായി ഒരു വർഷത്തോളം രക്ഷിതാക്കൾക്ക് ശമ്പളത്തോടെ അവധി നൽകാൻ അവർ ശ്രദ്ധിക്കുന്നു. തുടർന്ന് സർക്കാർ ചെലവിൽ മൂന്നു വയസ്സ് വരെയുള്ള ഡേ കെയർ സൗകര്യങ്ങളും 6 വയസ്സുവരെയുള്ള പ്രീ സ്കൂൾ സംവിധാനവും ലഭ്യമാക്കുന്നതിനും ശ്രമിക്കുന്നു. സ്കൂള് സന്നദ്ധത (school readiness) ഉണ്ടായശേഷം ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കുന്ന കുട്ടികള് പില്ക്കാലത്ത് മികച്ച പഠനനേട്ടം കൈവരിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഫിന്ലന്റ്, സ്വീഡന് തുടങ്ങിയ രാജ്യങ്ങളും ആറു വയസ്സിനു മുമ്പുള്ള കാലഘട്ടത്തില് ശാസ്ത്രീയമായ അനുഭവങ്ങൾ അയല്പക്കത്തു തന്നെ ലഭ്യമാക്കുന്നതിൽ ഊന്നുന്നു. അമേരിക്ക പോലുള്ള മുതലാളിത്ത രാജ്യങ്ങളും കുറഞ്ഞ ചെലവിൽ ഏവർക്കും പ്രീസ്കൂള് സൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതികള് നടപ്പിലാക്കുന്നുണ്ട്.

ശിശുവികാസത്തിൽ നമ്മുടെ രാജ്യവും സംസ്ഥാനവും മതിയായ ശ്രദ്ധ നൽകുന്നുണ്ടോ എന്ന് സംശയമാണ്. ഐ. സി. ഡി. എസ്സിന്റെ കീഴിലുള്ള അംഗനവാടികള് വിപുലമായ ശിശുപരിചരണ സംവിധാനമായി വികസിച്ചിട്ടുണ്ടെങ്കിലും പോരായ്മകള് നിരവധിയാണ്. സ്വകാര്യമേഖലയിലുള്ള സ്ഥാപനങ്ങളാവട്ടെ വന്ഫീസ് ഈടാക്കി ഔപചാരിക പഠനത്തിന് ഊന്നല് നല്കുന്നു.

പുതിയ ദേശീയ വിദ്യാഭ്യാസ നയത്തില് (NEP - 2020) മൂന്നു വയസ്സു മുതലുള്ള വിദ്യാഭ്യാസ വ്യാപനം വിഭാവനം ചെയ്തിരിക്കുന്നു എന്നത് ആശാവഹമാണ്. എന്നാല് മൂന്നു വർഷത്തെ പ്രീസ്കൂള് വിദ്യാഭ്യാസത്തെ രണ്ടുവർഷത്തെ സ്കൂള് വിദ്യാഭ്യാസവുമായി ബന്ധിപ്പിച്ച് ഒരു ഘട്ടമായി പരിഗണിക്കുന്നത് ദോഷകരമായി ഭവിക്കുമെന്ന് സംശയിക്കണം.

പൊതുവിദ്യാലയങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് സമീപകാലത്തായി വ്യാപകമായിക്കൊണ്ടിരിക്കുന്ന പ്രീപ്രൈമറികള് മിക്കതും ഒന്നാം ക്ലാസിലേക്ക് കുട്ടികളെ ഉറപ്പാക്കുന്നതിനുള്ള സംവിധാനമാണ്. രക്ഷിതാക്കളെ തൃപ്തിപ്പെടുത്താനും കുട്ടികളെ സ്കൂളില്തന്നെ പിടിച്ചുനിർത്താനും എന്തുവിട്ടുവീഴ്ചയ്ക്കും സ്കൂളധികൃതർ തയ്യാറാവുന്ന സ്ഥിതിയുണ്ട്. ഇതൊക്കെ മാറ്റിയെടുത്ത് ശാസ്ത്രീയമായ പ്രീ സ്കൂൾ സംവിധാനം സംസ്ഥാനമാകെ യാഥാർഥ്യമാക്കണമെങ്കിൽ സർക്കാർ തലത്തിൽ ബോധപൂർവമായ ഇടപെടലുകള് ഉണ്ടാവണം. തദ്ദേശഭരണ കൂടങ്ങളുടെ പ്രധാന ഇടപെടൽ മേഖലയായി പ്രീ സ്കൂളുകള് മാറണം. നവകേരളത്തിനായുള്ള പ്രവർത്തനങ്ങളില് ഇത് കേന്ദ്രസ്ഥാനത്ത് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

81

# Redefine Early Childhood Care and Education: Unleashing the potential of child through play to Power

ഷൈലാ ജാസ്മിൻ എൽ.എസ്., 9447201146

**കു**ഞ്ഞുങ്ങളിലെ സ്വതസിദ്ധമായ കഴിവുകളെ ഉത്തേജിപ്പിച്ച് ശാരീരിക ചാലക വികാസം, ഭാഷാ വികാസം, വൈജ്ഞാനിക വികാസം, സാമൂഹിക വൈകാരിക വികാസം, സർഗാത്മക വികാസം എന്നീ വികാസ മേഖലകളിലെ, കുട്ടിയുടെ പ്രായം, പ്രകൃതം എന്നിവയ്ക്ക് അനുസൃതമായുള്ള ശേഷികളുടെ സമഗ്രമായ വികാസം ഉറപ്പാക്കുക എന്നതാണ് ശൈശവകാല വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്. ആധുനിക മനശാസ്ത്രത്തിലെയും വൈദ്യശാസ്ത്രത്തിലെ പുതിയ പഠനങ്ങളും പൂജ്യം മുതൽ 6 വയസ്സു വരെയുള്ള കാലഘട്ടത്തിൽ നടക്കേണ്ട സമഗ്ര വികാസത്തിന്റെ പ്രാധാന്യത്തെ പിന്തുണയ്ക്കുന്നു. 21–ാം നൂറ്റാണ്ടിൽ Early Childhood Care and Education (ECCE) യ്ക്ക് ദേശീയ, അന്തർ ദേശീയ തലങ്ങളിൽ നൽകിയിട്ടുള്ള പ്രാധാന്യം കണക്കിലെടുത്ത് കേരളത്തിലെ ശൈശവകാലം വിദ്യാഭ്യാസം പുനർ നിർവചിക്കപ്പെടേണ്ടതുണ്ട്. അതിന്റെ സാധ്യതകളാണ് ഈ ലേഖനത്തിലൂടെ അന്വേഷിക്കപ്പെടുന്നത്.

ദേശീയ തലത്തിൽ 1986 ന് ശേഷം NEP 2020 അംഗീകരിക്കപ്പെട്ടു. കാലഘട്ടത്തിലെ കുഞ്ഞുങ്ങളെ മുന്നിൽ കണ്ടുകൊണ്ട് കേരളത്തിലെ ശൈശവകാല വിദ്യാഭ്യാസം എന്താണെന്ന് നിർവചിക്കുകയും ലക്ഷ്യവും ഉദ്ദേശ്യങ്ങളും കൃത്യതപ്പെടുത്തുകയും വേണം. അഞ്ച് വർഷത്തെ ഫൗണ്ടേഷണൽ സ്റ്റേജിലെ (3 വയസ് മുതൽ 8 വയസ് വരെ) 3 വർഷമാണ് പ്രീസ്കൂൾ സ്റ്റേജ് ആയി കണക്കാക്കിയിട്ടുള്ളത്.

National curriculum Frame work for Foundational stage 2022 ൽ ജനനം മുതൽ എട്ട് വയസ് വരെ പ്രായമുള്ള കുഞ്ഞുങ്ങളെയാണ് പരിഗണിച്ചിട്ടുള്ളത്. ഫൗണ്ടേഷണൽ stage 0-3, 3 - 6, 6-8 എന്നിങ്ങനെ മൂന്ന് പ്രായ ഗ്രൂപ്പുകാരാണ് ഉൾപ്പെട്ടിട്ടുള്ളത്. മൂന്ന് പ്രായ ഗ്രൂപ്പുകാരെയും പ്രത്യേകമായി പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

മൂന്ന് മുതൽ ആറ് വയസുവരെയുള്ള പ്രായ ഗ്രൂപ്പുകാർക്കായി 5 വികാസ മേഖലകളെ അടിസ്ഥാനമാക്കി 13 curricular goals ഉം, 69 ശേഷികളും ഓരോ ശേഷിയെ ആസ്പദമാക്കിയുള്ള പഠനനേട്ടങ്ങളും വികസിപ്പിച്ചിട്ടുണ്ട്.

മേൽപ്രസ്താവിച്ച പശ്ചാത്തലത്തിലും Digital Natives എന്നറിയപ്പെടുന്ന Alpha Generation, Artificals എന്നറിയപ്പെടുന്ന ബീറ്റാ ജനറേഷൻ ഉൾപ്പെടുന്ന കാലഘട്ടത്തിലെ കുഞ്ഞുങ്ങളെ മുന്നിൽ കണ്ടു കൊണ്ടുള്ള ശൈശവകാലവിദ്യാഭ്യാസം നിർവചിച്ച് ലക്ഷ്യവും ഉദ്ദേശ്യങ്ങളും കൃത്യതപ്പെടുത്തണം. കേരളത്തിലെ സാമൂഹിക, സാംസ്കാരിക അവസ്ഥ പരിഗണിച്ച് ശിശുപരിചരണ വികാസനയം രൂപീകരിക്കേണ്ടതാണ്. ഇതിനായി KCF 2007നു ശേഷം പ്രീസ്കൂൾ വിദ്യാഭ്യാസത്തിൽ വന്ന മാറ്റം എപ്രകാരം? ഇനിയെന്ത്? എങ്ങനെ? എന്നത് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

## കേരളത്തിലെ പ്രീസ്കൂൾ വിദ്യാഭ്യാസം KCF 2007 ന് ശേഷം വന്ന മാറ്റങ്ങൾ

*കേരള പ്രീസ്കൂൾ പാഠ്യപദ്ധതി, അനുബന്ധ പഠന വിനിമയ സാമഗ്രികൾ എന്നിവ വികസിപ്പിച്ചു. അധ്യാപകർക്കും അധ്യാപക പരിശീലകർക്കും പ്രിൻസിപ്പാൾമാർക്കും പരിശീലനങ്ങൾ സംഘടിപ്പിച്ചു. പഠനങ്ങളും ഗവേഷണ പ്രവർത്തനങ്ങളും നടത്തി.

വിദ്യാഭ്യാസ വകുപ്പിലെ വ്യത്യസ്ത ഏജൻസികളുടെ ഇടപെടലുകൾ വളരെ കാര്യക്ഷമമായി സംഘടിപ്പിക്കപ്പെട്ടു. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ, STARS പദ്ധതി പ്രവർത്തനങ്ങൾ എന്നിവ 2018 മുതൽ നടപ്പിലാക്കി വരുന്നു.

## നിലവിലത്തെ അവസ്ഥ

അക്കാദമിക പ്രവർത്തനങ്ങളിലെ ഇടപെടൽ മുഖേന പ്രീസ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർധിച്ചു. ഭൗതിക സൗകര്യങ്ങളിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നു. എന്നാൽ ഇനിയും പല മേഖലകളിലും മുന്നേറേണ്ടതുണ്ട്. ഇടപെടൽ ആവശ്യമായ മേഖലകൾ, പ്രശ്നമേഖലകൾ, കാരണങ്ങൾ, പരിഹാര പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്യേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തെ എല്ലാ കുഞ്ഞുങ്ങളുടെയും സമഗ്രവികാസത്തിന് വകുപ്പ് ഭേദമെന്യെ ആവശ്യമായ സേവനങ്ങൾ ഗുണമേന്മയോടെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കപ്പെട്ട പദ്ധതികളുടെ ഉപഭോക്താക്കൾ 2616 പ്രീസ്കൂളുകളിലെ കുഞ്ഞുങ്ങൾക്ക് മാത്രമാണ് ലഭിക്കുന്നത്. സംസ്ഥാനത്തെ എല്ലാ കുഞ്ഞുങ്ങളുടെയും സമഗ്രമായ വികാസത്തിന് വകുപ്പ് ഭേദമെന്യേ ആവശ്യമായ സേവനങ്ങൾ ലഭിക്കണം.

വികസിപ്പിച്ച പഠന വിനിമയ സാമഗ്രികൾ ഉപയോഗിച്ച് പരിശീലനം ലഭിച്ച രീതിയിൽ വിനിമയം ചെയ്യുന്നതിന് അധ്യാപകർക്ക് തടസങ്ങൾ നേരിടുന്നു. അധ്യാപകരുടെ തൊഴിൽ വൈദഗ്ധ്യം വിവരവിനിമയസാങ്കേതികവിദ്യകൂടി പ്രയോജനപ്പെടുത്തി മെച്ച

പ്പെടുത്തേണ്ടതുണ്ട്. അധ്യാപകരും രക്ഷിതാക്കളും ചെലുത്തുന്ന സമർദങ്ങൾ, തൊഴിൽ സംതൃപ്തി, മാനസിക സന്തോഷം എന്നിവയും പരിഗണിക്കപ്പെടണം.

- കുട്ടികളുടെ വിലയിരുത്തൽ സംബന്ധിച്ച് കൃത്യമായ ധാരണ രൂപപ്പെടുത്തിയിട്ടില്ല.
- ആരോഗ്യ പോഷണ മേഖലകളിൽ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.
- ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം, Early Identification of Disability എന്നിവ പരിഗണിക്കപ്പെട്ടിട്ടില്ല.
- ആയമാരുടെ സേവനം പ്രീസ്കൂൾ കുഞ്ഞുങ്ങൾക്ക് ഫലപ്രദമായി ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിഗണിക്കപ്പെടണം.
- പ്രീസ്കൂൾ അധ്യാപക വിദ്യാഭ്യാസത്തിന് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല.

പ്രീസ്കൂൾ നയം, നിയമം, റഗുലേറ്ററി സംവിധാനം എന്നിവ നടപ്പിലാക്കിയിട്ടില്ല എന്നതാണ് അടിസ്ഥാനപരമായ കാരണം. അതിനാൽ അടിയന്തിരമായി ഈ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഉചിതമായ നയരൂപീകരണം നടത്തി നടപ്പിലാക്കേണ്ടത് അനിവാര്യമാണ്.

21-ാം നൂറ്റാണ്ടിലെ കേരളത്തിലെ ശൈശവകാല വിദ്യാഭ്യാസം എന്താവണം? എങ്ങനെ നടപ്പിലാക്കാം?

**ഊന്നൽ നൽകേണ്ട മേഖലകൾ**

1. വികാസമേഖല, കുട്ടിയുടെ പ്രായം, പ്രകൃതം എന്നിവ പരിഗണിച്ചും മാറിയ സാമൂഹിക പശ്ചാത്തലത്തിൽ വൈജ്ഞാനിക സമൂഹനിർമ്മിതിയുടെ കാഴ്ചപ്പാടുകൾ ഉൾക്കൊണ്ടുകൊണ്ടും Generation ആൽഫ, ബീറ്റ കുഞ്ഞുങ്ങളുടെ സവിശേഷതകൾ പരിഗണിച്ചു കൊണ്ടും ഉള്ള പാഠ്യപദ്ധതി നവീകരണം.
2. വിലയിരുത്തൽ, Early identification of disabilities (Developmental Delays), ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം എന്നിവയ്ക്ക് പ്രത്യേക പരിഗണന.
3. ആരോഗ്യപരിരക്ഷ, പോഷക സമൃദ്ധമായ ആഹാരം എന്നിവയ്ക്ക് പ്രാധാന്യം
   - ശാസ്ത്രീയവും ദാർശനികവുമായ കാഴ്ചപ്പാടുകൾക്ക് അനുസൃതമായ പാഠ്യപദ്ധതിയും സമീപനവും വികസിപ്പിക്കേണ്ടതാണ്.
   - ECCE യുടെ നിർവചനം, പ്രീസ്കൂൾ ലക്ഷ്യം, ഉദ്ദേശ്യങ്ങൾ എന്നിവ പുനർ നിർവചിക്കപ്പെടണം. ഊന്നൽ മേഖലകൾ പരിഗണിച്ച് നയം രൂപീകരിക്കപ്പെടണം.
   - ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നയം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കപ്പെടണം.

ദേശീയ, ആഗോള തലത്തിൽ ECCE യ്ക്ക് നൽകിയിട്ടുള്ള പ്രാധാന്യം പരിഗണിച്ച് കേരളത്തിലെ ശൈശവകാല പരിചരണവും വിദ്യാഭ്യാസവും കുട്ടികളുടെ പ്രായം, പ്രകൃതം, മാറിയ സാമൂഹിക പശ്ചാത്തലം എന്നിവ പരിഗണിച്ച് വ്യാഖ്യാനിക്കുകയും പുനർ നിർവചിക്കപ്പെടുകയും ചെയ്യപ്പെടേണ്ടത് അനിവാര്യമാണ്.

82

## സമ്പുഷ്ടകേരളത്തിൽനിന്നുംസന്തുഷ്ടകേരളത്തിലേക്ക്

ബിന്ദു.സി.എ, ഐ.സി.ഡി.എസ്, കണ്ണൂർ

നമ്മുടെ ഭരണഘടനയുടെ അനുച്ഛേദം 45 രാജ്യത്തെ മുഴുവൻ കുട്ടികൾക്കും ആറുവയസ്സുവരെപ്രാഥമികപൂർവ്വ വിദ്യാഭ്യാസവും പരിചരണവും നൽകാൻ ഭരണകൂടങ്ങളെ ചുമതലപ്പെടുത്തുന്നു. അനുച്ഛേദം 47 എല്ലാ പൗരൻമാരുടെയും പോഷണ ജീവിതനിലവാരവും പൊതുജനാരോഗ്യവും മെച്ചപ്പെടുത്തേണ്ടതിനെക്കുറിച്ച് പരാമർശിക്കുന്നു. അതോടൊപ്പം അനുച്ഛേദം 39ള കുട്ടികൾക്ക് ആരോഗ്യത്തോടെ സ്വതന്ത്ര ചുറ്റുപാടിൽ അന്തസ്സോടെ വികസിക്കാനും ചൂഷണ വിമുക്തമായ അന്തരീക്ഷം നൽകുന്നതിനും ഊന്നൽനൽകുന്നു.

കുട്ടിക്കാലത്തി നാം കല്പിക്കുന്നു അന്തർലീനമായ മൂല്യമാണ് ഇതിന്റെയൊക്കെ അടിസ്ഥാനഘടകം. അവകാശാധിഷ്ഠിതമായ ഇന്നത്തെ സമൂഹത്തിൽ പ്രാഥമിക പൂർവ്വവിദ്യാഭ്യാസവും പരിചരണവും(ഇസിസിഇ) കുട്ടികളുടെ മൗലികമായ അവകാശവും രാഷ്ട്രനിർമാണ പരിപ്രേക്ഷ്യത്തിൽ ഒരു യഥാർത്ഥ വികസനത്തിലേക്കുള്ള ഏറ്റവും നല്ല ഒരു മുതൽ മുടക്കും ആണ്. പ്രത്യേകിച്ചും കേരളത്തിലെപ്പോലെ മെച്ചപ്പെട്ട മാനവികവികാസത്തിൽ ഊന്നിയ വികസനധാരപിന്തുടരുന്ന പ്രദേശത്ത്.

കേരളത്തിലെ ഇസിസിഇ പ്രധാനമായും മൂന്നുതരത്തിലാണ് നിർവഹിച്ചുവരുന്നത്

1. വനിതാ ശിശുവികസനവകുപ്പിന് കീഴിൽ ഐസിഡിഎസ് പദ്ധതി പ്രകാരം പ്രവർത്തിക്കുന്നഅങ്കണവാടികളിലൂടെ
2. പൊതുവിദ്യാലങ്ങളോടനുബന്ധിച്ചുള്ള പ്രീപ്രൈമറിക്ളാസുകൾ
3. സ്വകാര്യ നഴ്സറികൾ. ഇവ സ്വകാര്യ വ്ക്തികൾ മതസ്ഥാപനങ്ങൾ തുടങ്ങിയവർ നടത്തുന്നു.

ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനോ പ്രവർത്തനം നടത്തുന്നതിനോ നമുക്ക്യാതൊരു വിധ നിയന്ത്രണങ്ങളോ നിയമങ്ങളോ ഇല്ല എന്നത് ഉടൻ പരിഹരിക്കപ്പെടേണ്ട വലിയ പോരായ്മയാണ്. ഒരു ഇസിസിഇ സ്ഥാപനത്തിനു വേണ്ട ഏററവും ചുരുങ്ങിയ ഭൗതികസൗകര്യങ്ങൾ പ്രവർത്തകർക്കേണ്ട യോഗ്യതകൾ തുടങ്ങിയ കാര്യങ്ങൾ 2013ലെദേശീയ ഇസിസിഇ നയത്തിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും അവയൊന്നും കൃത്യമായി പാലിക്കാനുള്ളനിയമപരമായ ബാധ്യതയായി നിശ്ചയിച്ചിട്ടില്ല. കുട്ടികളുടെ സുരക്ഷയെ അടക്കം ബാധിക്കുന്നകാര്യമായതിനാൽ ഈകാര്യത്തിൽ സഗൗരവമായ ഒരു ശ്രദ്ധ ആവശ്യമാണ്.

അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന, സാങ്കേതിക വിദ്യയാൽ നിയന്ത്രിതമായ ഒരുലോകത്തേക്കാണ് ഇന്ന് കുഞ്ഞുങ്ങൾ പിറക്കുന്നത്. അസമത്വവും വിഭവങ്ങളുടെ കുറവും തൊഴിലില്ലായ്മയും ഒക്കെ ഇന്നിന്റെ പ്രധാന വെല്ലുവിളികളാണ്. ഇതിനെ അതിജീവിക്കാൻ കുട്ടികളെപ്രാപ്തരാക്കേണ്ടതുണ്ട്. മൂല്യബോധവും പ്രശ്നപരിഹാരശേഷിയും ശാരീരികമാനസികാരോഗ്യവും ഓരോകുഞ്ഞിനും ഉറപ്പാക്കേണ്ടതുണ്ട്. വികസിതമായ സമൂഹത്തിനപ്പുറം മൂല്യബോധവും സന്തോഷവുമുള്ള ഒരു ജനതയാണ് സുസ്ഥിരമായ ഭാവിയുടെ അടിസ്ഥാനം. കുഞ്ഞുങ്ങളെ സന്തുഷ്ടരാക്കാൻ അവരെ പരിശീലിപ്പിക്കുന്ന പാകപ്പെടുത്തുന്ന അല്ലെങ്കിൽ ഫെസിലിറ്റേററ് ചെയ്യുന്ന അധ്യാപികമാരും സന്തോഷമുള്ള വരാകേണ്ടതുണ്ട്. അവർക്ക് സമ്മർദങ്ങളില്ലാതെ ജോലി ചെയ്യാൻ സാധിക്കണം. മികച്ച പരിശീലനം ലഭിക്കുന്ന ഇസിസിഇ പഠനകേന്ദ്രങ്ങൾ ഉണ്ടാകേണ്ടതുണ്ട്. പ്രീപ്രൈമറി അധ്യാപക പഠനസൗകര്യം നമ്മുടെ സംസ്ഥാനത്ത് ഇല്ലാത്തത് ഈ മേഖലയിലെ ഒരുവലിയ വിടവാണ്. ഡിഗ്രിഡിപ്ലോമതലത്തിൽ അത്തരംകോഴ്സുകൾ ആരംഭിക്കാൻ ഉടൻ നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ ഇത്തരം അധ്യാപികമാരുടെ സേവന വേതനവ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുകയും ഈമേഖലയിലെ ജെൻഡർ ഗ്യാപ്പിനെപ്പററി ചർച്ചകൾഉണ്ടാവുകയും വേണം. സ്ത്രീകൾ കുറഞ്ഞ വേതനത്തിൽ അല്ലെങ്കിൽ വേതനമില്ലാതെ ചെയ്യേണ്ട ഒരുജോലിയാണ്പ്രീപ്രൈമറി വിദ്യാഭ്യാസം എന്ന പൊതുബോധം നിലനിൽക്കുന്നു എന്നുള്ളത ്യാസ്തവമാണ്. ടീച്ചർ കുട്ടി അനുപാതം യാഥാർത്ഥ്യത്തോടെ നിശ്ചയിക്കുകയും രണ്ട് പ്രവർത്തകർ ഉണ്ടെങ്കിൽ രണ്ടു പേർക്കും യോഗ്യത നിശ്ചയിക്കുകയും വേണം. ഹെൽപ്പർ ആയ തസ്തികക്കും കുറഞ്ഞത് എസ്എസ്എൽസി യോഗ്യത ഉണ്ടാകേണ്ടതുണ്ട്. മികച്ച ശിശുസൗഹൃദ ഇടങ്ങളായിരിക്കണം നമ്മുടെ ഇസിസിഇ കേന്ദ്രങ്ങൾ. ശിശുസൗഹൃദംഎന്നത് കേവലം ഭൗതിക സൗകര്യങ്ങളിൽ അല്ല സമീപനത്തിലാണ് ഊന്നൽ നൽകേണ്ടത്. ഭൗതിക സൗകര്യങ്ങൾ എന്നത് ചെലവ് കൂടിയത് ആകണമെന്നുമില്ല. പുറംവാതിൽ സൗകര്യങ്ങൾക്ക് കൂടി പ്രാധാന്യം കൊടുക്കുന്ന ഡിസൈനുകളായിരിക്കും ഉചിതം. അങ്കണവാടികളെ മറ്റ് പ്രീപ്രൈമറി സംവിധാനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് അവ കുട്ടികളുടെ വളർച്ചയ്ക്ക് ആവശ്യമായ മൂന്ന് പ്രധാന സേവനങ്ങൾ ഒരു കുടക്കീഴിൽ ഒരുക്കുന്നു എന്നതാണ്. ആരോഗ്യം, പോഷണം, പ്രീസ്കൂൾ വിദ്യാഭ്യാസം എന്നിവയാണ് ഈ സേവനങ്ങൾ. കുഞ്ഞിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആദ്യ ആയിരം ദിനങ്ങൾ(ഗർഭകാലംമുതൽ രണ്ടാം പിറന്നാൾ വരെ) പിന്നീടുള്ള ഏർളിസ്ററിമുലേഷൻ സമയം അതുപോലെ 3 വയസു മുതൽ 6വരെ കുട്ടിയെ സ്കൂൾവിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുന്നതുവരെയുള്ള തുടർപ്രക്രിയയാണ് ഈ സേവനങ്ങൾ. കുട്ടിയെ വളർത്താൻ അമ്മ പ്രാപ്തയാക്കുക എന്നതും കൂടി അങ്കണവാടി പ്രവർത്തനത്തിന്റെ പ്രത്യേകതയാണ്. ഇത് കേവലം അമ്മമാരുടെ ശാക്തീകരണത്തിലുപരിയായി രക്ഷിതാക്കളുടെ ശാക്തീകരണമാക്കാനുള്ള ശ്രമമായി ഇപ്പോൾ പരിമിതമായ തോതിൽ മാറിയിട്ടുണ്ടെങ്കിലും വലിയ മാറ്റം ആവശ്യമായ ഒരുമേഖലയാണ് ഇത്. പുതുക്കിയ ദേശീയ വിദ്യാഭ്യാസനയത്തിൽ രണ്ടാംക്ളാസ്വരെയുള്ള കുട്ടികളെ ഇസിസിഇയിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അങ്കണവാടികളെ സ്കൂളുകളോടടുപ്പിക്കാനും അതോടൊപ്പം മിഷൻ ശക്തിപദ്ധതിയുടെ ഭാഗമായി അങ്കണവാടി കം ക്രഷ്പ്രവർത്തനങ്ങൾ നടത്താനും നിർദ്ദേശങ്ങളുണ്ട്. അതുകൊണ്ട് തന്നെ ഈമേഖലയിൽ വ്യത്യസ്ത സംവിധാനങ്ങൾ ഒരുമിച്ച്നിലനിൽക്കും എന്നതിൽ തർക്കമില്ല. അതുകൊണ്ട് ഏത്തരം ഇസിസിഇ സംവിധാനത്തിലും അവശ്യം വേണ്ട ഘടകങ്ങൾ സംബന്ധിച്ച് സംസ്ഥാനതലത്തിൽ ഒരു പൊതുമാർഗരേഖയും അത് പാലിക്കുന്നു എന്ന് ഉറപ്പാക്കാന്റുള്ള ഭരണപരമായ സംവിധാനവും ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ ജനസംഖ്യയിലുണ്ടായിട്ടുള്ളതും ഉടൻ ഉണ്ടാകാൻ പോകുന്നതുമായ മാററങ്ങൾ അതിഥി തൊഴിലാളികളുടേതു പോലെയുള്ള ഓരവൽക്കരിക്കപ്പെടാൻ സാധ്യതയുള്ള കുട്ടികളുടെഉൾക്കൊള്ളൽ, ചെറിയതോതിൽ ആണെങ്കിലും ഉയർന്നുവരുന്ന ഹോം സ്കൂളിംഗ് പോലെയുള്ള ആശയങ്ങൾ, ഡിജിറ്റൽ സാധ്യതകളുടെ ഉപയോഗം എത്രത്തോളം ആവാം കുട്ടികളുടെ അവകാശങ്ങൾ പാരന്റൽ എഡ്യുക്കേഷണൽ പ്രോഗ്രാം തുടങ്ങിയ കാര്യങ്ങളിൽ ആശയവ്യക്ത ഉണ്ടാകേണ്ടതും ആവശ്യമാണ്.

# അനുബന്ധം
# ഗവേഷണ പ്രബന്ധങ്ങളുടെ സംഗ്രഹം

1

## Significanceof Mind Mapping Technique on Achievement of Statistics at Higher Secondary Level

RAMYA. M. S, SMM HSS PAZHAMBALACODE

Education is a process of cognitive cartography, mapping your experiences and finding a variety of reliable routes to optimal states when you find yourself in non-optimal states. To make education an effective one, it must be ensured that every child is nurtured to the maximum possible levels of attainment where the role of teacher is pivotal. Teaching learning process is the heart of education. In the present scenario teachers in the education institutions direct the education of the students and might draw on many subjects, including reading, writing, Statistics, science and history etc. Statistics is a branch of applied Statistics that involves the collection, description, analysis, and inference of conclusions from quantitative data. In the present era, with rapidly changing educational scenario, the role of teachers and method of teaching are changing fast, wherein he is enshrined with the responsibility of promoting fruitful learning and stimulating the students by adopting appropriate strategies.The network character of statistics may be experienced but also learned by visualizing graphical structure in statistics. Especially Mind Mapping is suitable for this purpose, representing a mathematical network around a topic in a well-structured graphical display. In this paper we are trying to find out the effectiveness of mind mapping techniques in teaching certain concepts of Statistics among higher secondary school students.

2

## Plasticized Rain: Assessing the Dynamics and Distributional Characteristics of Atmospheric Microplastic Deposition During Northeast Monsoon in Kochi City, Kerala, India.

Madhuraj Palat Kannankai, Suja Purushothaman Devipriya, School of Environmental Studies, Cochin University of Science and Technology, India 682022

The prevalence of microplastics in the earth's atmosphere and the dynamics and pattern of their transportation and distribution have garnered the scientific community's increased attention, especially after their impacts on climatic processes were discovered(Aeschlimann et al., 2022). Herein, we aim to understand the characteristics and transportation dynamics of atmospheric microplastics during the northeast monsoon (NEM) season via passive sampling of total atmospheric fallout (wet and dry deposition) from three different sampling stations in Kochi, Kerala, India. The area receives a large amount of rainfall from the moisture-laden seasonal monsoon winds and a little from the intermittent

summer rain during the pre-monsoon period. Further, local windsincluding land and sea breezes are also prevalent in the region due to its closeness to the Arabian sea. The samplers were retrieved from the stations after 100 days of sampling, and the contents were filtered and subjected to organic digestion and density separation(Patchaiyappan et al., 2020). The supernatant wasfiltered onto Whatman Grade 1 filter paper (size 11 μm). The visual evaluation of filter papers was conducted using an optical microscope (under 4-40x magnification) for assessing the microplastic characteristics such as size, shape, and colour.Finally, Raman spectroscopic analysis was performed to characterizemicroplastic polymers.

The daily deposition flux for the region was 37.20 microplastic particles m2 day-1, with fibres dominating the samples with a relative abundance of 67.68 %. With respect to colour blue microplastics (48.66 %) were predominant, and of the total identified microplastic particles, 39.16 % belonged to the size class of 200-500 ¶pm. Further, no correlation was observed between the amount of rainfall collected and the abundance of microplastics. We observed that depending on the direction, frequency, and speed of prevailing winds, there is a likelihood for airborne microplastic particles to accumulate in higher levels in some places than in others because the wind rose diagram and HYSPLIT back trajectory model(Abbasi et al., 2022)illustrated that the deflated plastic particles from the Brahmapuram landfill are more likely to follow the southwest direction. However, theweather conditionthat prevailed early in the NEM season involved heavy rain and strong wind events,which may have facilitated the scavenging of atmospheric microplastic particles. Although this scavenging action decreases the microplastic abundance in the atmosphere, it will subsequently increase the microplastic load in the terrestrial environment. Moreover, a majority of these washed-down microplastic particles eventually end up in the Arabian sea as the monsoon rain strengthens and causes urban runoff.

3

# ചരിത്രപഠനം: അർഥം, സാധ്യതാപരിധി, രീതിശാസ്ത്രം

അനശ്വര.എസ്, ഗവേഷക, മലയാളവിഭാഗം, കേരളകേന്ദ്രസർവകലാശാല

**ഭൂ**തകാലം അറിയാനുള്ള മനുഷ്യന്റെ ആഗ്രഹം സഫലീകരിക്കുന്നതാണ് ചരിത്രം. ഒരർത്ഥത്തിൽ മനുഷ്യസംസ്കാരത്തിന്റെസഞ്ചിത സ്മരണകളുടെ രേഖയാണ് ചരിത്രം എന്നു പറയാം. അതിജീവിക്കു ഭൂതകാല അനുഭവങ്ങൾ ആണ് ചരിത്രത്തിന്റെ വിഷയം. ഇന്ന്ചരിത്രപഠനംഅന്തർവൈജ്ഞാനികമായി വ്യാപിച്ചു കിടക്കു പഠനമേഖലയാണ്. ചരിത്രപഠനത്തിന്റെ വ്യാപ്തിയും ആവശ്യകതയും പ്രസക്തിയും ചർച്ച ചെയ്യുകയും ചരിത്രപഠനത്തിന്റെരീതിശാസ്ത്രത്തെ വിശദമാക്കുകയും ചെയ്യുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

ഉൽപാദിപ്പിക്കപ്പെടുന്ന അറിവ് വെറും വിവരശേഖരണം എന്നതിലപ്പുറത്തേക്ക് വ്യാഖ്യാനത്തിലേക്കും ഇടപെടലുകളിലേക്കും വിശകലനപ്രയോഗതലങ്ങളിലേക്കും പുതിയ കണ്ടുപിടിത്തങ്ങളിലേക്കുമുള്ള സാധ്യതകളായി പരിണമിക്കുമ്പോഴാണ് വിജ്ഞാനസമൂഹം പിറവിയെടുക്കുന്നത്.നാടിന്റെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ പുരോഗതി നേടിയെടുക്കാൻ വിജ്ഞാനസമൂഹത്തിന് സാധിക്കുന്നു.അതുകൊണ്ട് തന്നെ നമ്മുടെ നാട് ഒരു വിജ്ഞാനസമൂഹമായി വളരേണ്ടതിന്റെ ആവശ്യം വളരെ വലുതാണ്.

വിജ്ഞാനസമൂഹത്തെ ലക്ഷ്യം വെച്ച് കൊണ്ടുള്ള ഇടപെടലുകൾ ഉന്നതവിദ്യാഭ്യാസമേഖലകളിൽ മാത്രം നടത്തിയാൽ പോരാ. ഉന്നത വിദ്യാഭ്യാസരംഗത്തെ നിർണ്ണയിക്കുന്നതിൽ വളരെ പ്രധാനപെട്ട ഘടകമായി, അടിത്തറയായി വർത്തിക്കുന്ന സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ നിന്ന് തന്നെ തുടങ്ങേണ്ടതുണ്ട്.

വിജ്ഞാനസമൂഹനിർമ്മിതിയിലേക്ക് നയിക്കാനാവും വിധം സ്കൂൾ വിദ്യാഭ്യാസത്തെ സമഗ്രമായി പുതുക്കിപ്പണിയാനുള്ള ശ്രമങ്ങൾ ഏതൊക്കെ രീതിയിലായിരിക്കണം എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിലൂടെ ഉദ്ദേശിക്കുന്നത്.

4

## Teaching Against Consumerism: Revisiting Kerala Textbooks for Developing Critical Consumer Literacy Tools in the Digital Age

Jishnudas K S

In recent years, children's consumption of information and ideas from the mainstream capitalist world has increased exponentially, thanks in part to the introduction of online education, which has made digital gadgets like smartphones, laptops, and the internet more accessible to them. This has led to an increase in the influence of social media influencers on children, with many children aspiring to become YouTubers or vloggers rather than astronauts, as a poll conducted by the Lego Group revealed. The content created by social media influencers is often fake and inappropriate for children, yet children are attracted to the extravagant lifestyle portrayed in these videos, often believing that it is real and striving to imitate it. This has led to a culture of blind consumerism among children, where consumption is valued more than anything else.

The cultivation of critical thinking through education has the potential to foster a conscientious attitude towards consumption in children. Kerala textbooks provide some examples of anti-consumerist values, but these may be insufficient in the face of the onslaught of social media and consumerist content. Therefore, new approaches to developing anti-consumerist understanding in critical thinking education are needed. This paper discusses the instances of anti-consumerism in Kerala textbooks and suggests new approaches to developing critical consumer literacy skills, including media literacy, scientific temper, and the ability to spot fake news.

By providing children with an anti-consumerist lens and critical thinking, education can encourage them to actively participate in public discourses and debates over social, economic, and political issues that affect everyday life. This deepens the roots of democracy and promotes a more responsible attitude towards consumption among children. This paper will be argueing that revisiting anti-consumerist values in education is crucial in promoting sustainable consumption habits and active participation in public discourses and debates.

5

## Role of Citizen Science in Public Education to Democratise Science and Build a Knowledge Society

Dr. Peroth Balakrishnan, Centre for Citizen Science & Biodiversity Informatics, Department of Wild-life Biology, Kerala Forest Research Institute, Peechi – 680653, Thrissur,
IUCN-Commission on Education and Communication, 8281730109

There is a growing demand for scientific literacy and desire to democratise science in order to create a knowledge society, which is expected to fundamentally alter the policy-making process. With numerous global issues affecting humanity such as climate change, loss of biodiversity, overpopulation, and emerging diseases, it is crucial to use scientific evidence to develop government policies. Citizen Science, also referred to as participatory science, is a developing approach to enhance scientific endeavours, promote scientific literacy, aid education, and effectively address societal needs by utilizing scientific evidence to tackle this challenge. Incorporating citizen science projects into school and college curricula can serve as the initial step of this process, enabling students to acquire practical experience in scientific inquiry and data collection, while also making valuable contributions to research endeavours. Involving students in citizen science can improve their understanding of scientific

concepts, promote democratization of science, and inspire them to become more engaged citizens in science policy decisions. In modern schools, children are often picked up at their doorstep and have mechanized playgrounds, which can lead to a disconnection with nature. Without meaningful experiences in nature and an understanding of its interconnected mechanisms, children may develop apathy towards environmental concerns, ultimately jeopardizing human health and survival. Citizen science projects can help to engage students in science and improve their understanding of scientific concepts and methods. An evaluation of the citizen science program named Snake Sense, conducted in the Malappuram, Palakkad, and Thrissur districts of Kerala from 2002 to 2013, to understand snake killing patterns and the impact of conservation education on reducing the killing of non-venomous snakes, demonstrated the positive impact of such programs. Over 700 citizen scientists, primarily school children, participated in the program, providing information on over 900 direct kills by humans and more than 1300 snake deaths due to vehicular collisions, agricultural practices, and pet attacks, while also rescuing over 500 non-venomous snakes from human persecution. The collected data showcases the program's value in reducing the killing of several non-venomous species, particularly the Travancore wolf snake, and the education program's success in raising local awareness and interest in snake conservation. An evaluation of the participants' knowledge, attitudes, and perceptions a decade later demonstrates a positive attitude towards nature and the environment and a high level of scientific consciousness. This indicates that the incorporation of citizen science into public education from the school level will help democratize science and foster a knowledge-based society. This can also inspire the future generation to become more engaged and informed citizens, capable of participating in science policy decisions and contributing to the advancement of scientific knowledge.

6

# Unravelling Side-lined Kerala History in General Education Textbooks

Deepthy Krishna D, Research Scholar in English, DEFL,CUSAT

**'H**istory is a set of lies agreed upon' is an oft quoted line of Napoleon Bonaparte. But that set of imagination is crafted out of artifacts obtained in the form of writings, inscriptions, memories recollected through folk arts, literature, paintings, sculptures, stones etc. For a child entering into the world of knowledge in modern times through primary education, the first inputs of knowledge would make deep imprints that are quite impossible to unlearn. History is about awareness that help the learner to deepen his/her knowledge for achieving a more progressive society they presently encounter. When we learn the modernity struggles of Kerala, the inquisitive mind of the learner should look into the reasons behind such a societal system as well as the past behind it. Kerala was not a land of casteism from the time immemorial. It had a legacy of egalitarian oneness preached by the Sramana traditions. The caste and the dark age followed get infiltered the shores of Kerala only during 8th and 9th century. But the mainstream historiography often showed a blind eye to this reality and is not even represented in history textbooks as significant information. That is the reason why the words of great men like Poykayil Appachan that 'No, not a letter is seen on my race... so many histories are seen on so many races...'

Poykayil Appachan, "Kanunneeloraksharavum" become a hard- core injustice that we keep on doing to younger generations through education.

7

## Life Skills for a Flourishing Future: The Call for Education Reform in Kerala

O.P. Fousiya, Research scholar, Farook Training College Calicut
Prof. (Dr.) T Mohammed Saleem, Principal, Farook Training College Calicut, 9946671671

Life Skills for a Flourishing Future: The Call for Education Reform in Kerala" is a paper that explores the importance of life skill education in Kerala school curriculum. The article highlights the need for education reforms in Kerala to equip students with the life skills necessary for a flourishing future. The current education system in the state is primarily focused on memorization and academic excellence, but fails to develop skills such as critical thinking, problem-solving, creativity and emotional intelligence. The article proposes a shift towards a competency-based education model that focuses on holistic learning and emphasizes the development of life skills. The authors suggest that this approach will enable students to navigate a rapidly changing world and to thrive in their personal and professional lives. The article also calls for collaborative efforts between governments, educators and other stakeholders to implement these reforms in the state's education system

8

## Type of Educational Institutions Access by Marginalised People in Urban Areas: - A Case Study

Dr. Siseena J., Kollam

World famous KERALA MODEL mainly arose from the improvement of education in our state especially in the general education sector. Each child in his school time gets an opportunity to explore his unidentified abilities through the new general education policy of the state government. One of the negative side of this fact is that the selection of educational institution access. The study is aimed at the selection of educational institutions by the parents, especially marginalized people in our society. For this purpose, the researcher select 100 school-going children families, here 50 B P L families from scheduled caste, and the remaining 50 B P L families from fishermen from Kannimelcherry, which is the 55th division of Kollam Corporation. Here 33 fishermen parents select government or aided schools for schooling their children and the remaining 17 select unaided schools, but 47 scheduled caste parents select government or aided schools for schooling their children and only 3 select unaided schools. The educational level of the parents of these families is also very low especially fathers. Popular awareness programs must be arranged by the government to protect public education. Make government-level

arrangements to improve the open education and adult education policy for all.

9

# Fostering Academic Resilience among Marginalized Students for Ensuring Equity-Based Innovation in Education

Naslamol.K, Research scholar, Farook Training College, University of Calicut, 8281192788

In order to strengthen the education system, it is needed to bring up equity-based innovation.According to Charter For Compassion, a marginalised identity is anyone who feels or is, "undeserved, disregarded, ostracised, harassed, persecuted, or sidelined in the community". The marginalised students are at-risk group. Academic resilience was defined as a process where an individual had succeeded academically despite the obstacles and adversities that may prevent others in similar backgrounds from succeeding academically (Morales,2008). Fostering resilience among marginalised students is an innovative method to ensure equity in terms of quality education for all. It ensures quality and equity in education in the period of new normal and for the future.

10

# 'ക്ലൈമറ്റ് കഫെ' ക്ലാസ്സ് റൂം പഠനത്തിലെ വേറിട്ട മാതൃക

Mohammed shafi P., Bencila Rose sunny, Research scholar Research scholar,
Farook Trainig college & farook Trainig college & assistant professor Assistant Professor,
KM college of teacher education KM college of teacher education

**'ക്ലൈ**മറ്റ് കഫെ ' ഔപചാരികതകൾ ഇല്ലാതെ എല്ലാവർക്കും കൂടി ഇരുന്ന് ഒരു കാര്യത്തെ കുറിച് ചിന്തിക്കുവാനും സംസാരിക്കുവാനും പറ്റുന്ന ഒരു ഇടം.2015 ൽ ഡഗ യിൽ ആരംഭിച്ച ഒരു ആശയമാണ് ഇത്. സ്കൂൾ കുട്ടികൾക്ക് ഒഴിവു സമയത്തും ഉച്ച ഭക്ഷണ ഇന്റർവെൽ സമയത്തും കഫെയിൽ വന്നിരുന്നു കൊണ്ട്, പ്രകൃതി, കാലാവസ്ഥ, പരിസ്ഥിതി പ്രശ്നം, ലോക കാര്യങ്ങൾ അങ്ങിനെ എല്ലാ കാര്യങ്ങളും ചർച്ച ചെയാം. ഇത്തരം ആശയത്തിന്റെ വെളിച്ചത്തിൽ ഞങ്ങൾ പഠിപ്പിക്കുന്ന മലപ്പുറം ജില്ലയിലെ കെഎം.ബി എ ഡ്.കോളേജിലെ നാഷണൽ സർവീസ് സ്കീം (ചടട) വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ ക്ലൈമറ്റ് കഫെ എന്ന ആശയം നടപ്പാക്കിയത്. വിദ്യാർഥികളും അദ്ധ്യാപകരും കൂടി ആദ്യം ഒരു മൺ വീട് നിർമിച്ചു. ഈ ബദൽ നിർമാണ രീതിക്ക് പ്രദേശികമായ മൺവീട് നിർമാണം അറിയുന്നവരുടെ സഹായത്തോടെ ചളി മണ്ണ് കുഴച് ഭിത്തി നിർമാണം പൂർത്തിയാക്കി. കുട്ടികൾ തന്നെ വിളയിച്ച നെല്ലിന്റെ വൈക്കോൽ കൊണ്ട് മേൽക്കൂര നിർമിച്ചു. സാധാരണ ക്ലാസ്സ് റൂമിൽ നിന്ന് വ്യത്യസ്ത മായ ഒരു ഇടം നിർമിച്ചു.

### ലക്ഷ്യങ്ങൾ

പഠനം അനുഭവത്തിന്റ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുക

പ്രക്രതിയെ കുറിച്ചും, മനുഷ്യ പ്രശ്നത്തെ കുറിച്ചും ക്ലാസ്സ് റൂമിന് പുറത്ത് സംവദിക്കാനുള്ള ഒരു ഇടം സാമൂഹിക ഇടപെടൽ ശേഷി വർദ്ധിപിക്കുക

സമൂഹത്തിന്റെ പൊതുപ്രശ്നത്തിൽ ഇടപെടാനുള്ള ശേഷി വർദ്ധിപ്പിക്കുക

കുട്ടികളിൽ നേതൃത്വ ശേഷി, പ്രശ്ന പരിഹാര ശേഷി വർദ്ധിപിക്കുക

### Result and conclusion

ഒരു വർഷത്തിന് ശേഷം ക്ലൈമറ്റ് കഫെയെ വിലയിരുത്തുമ്പോൾ, വിവിധ സ്കൂളിലെ കുട്ടികൾ ഇവിടെ വന്നു അവർക്ക് സ്വാതന്ത്ര മായി വന്നു ഇടപഴകി പുതിയ ഒരു അന്തരീക്ഷം ലഭിച്ചു

ബി. എ.ഡ് വിദ്യാർത്ഥികൾക്ക് അവരുടെ സാധാരണ ക്ലാസ്സ്റൂമിന് അപ്പുറത്തേക്ക് ലഭിച്ച ഇടത്തിലിരുന്നു പുതിയ ആശയ ങ്ങൾ രൂപീകരിക്കാൻ സാധിക്കുന്നു

കഫെയിൽ ചർച്ച ചെയ്ത ആശയങ്ങൾ പൊതു സമൂഹത്തിൽ നടപ്പാക്കാൻ സാധിച്ചു. ഉദാഹരണം. ചാ ലിയാർ പുഴ ഇടപെടൽ, പ്ലാസ്റ്റിക് വിരുദ്ധ ക്യാമ്പയിൻ, ലഹരി വിരുദ്ധ തെരുവ് നാടകങ്ങൾ

കഫെയിൽ നാട്ടിലെ സാധാരണ കർഷകർ സ്ഥിരം സന്ദർഷകരായി മാറുകയും, ഇതിന്റെ വെളിച്ചത്തിൽ. നെൽ കൃഷി, എള്ള് കൃഷി, പച്ചക്കറി കൃഷി ആരംഭിക്കുകയും, പൊലി എന്ന പേരിൽ അവിൽ, എള്ളുണ്ട മാർക്കറ്റിൽ ഇറക്കാനും സാധിച്ചു

ക്ലൈമറ്റ് കഫെ കുട്ടികളിൽ ഉണ്ടാക്കിയ സ്വാധീനം വലിയ രീതിയിലായിരുന്നു എന്ന് കാണാൻ വേണ്ടി സാധിക്കും.

## 11

# Learning Language and Learning Through Language in Future English Classrooms

Lulu.S.Kappil, 9496134598

Language learning is the process of actively trying to learn and understand a language. It is a conscious activity as a result of formal teaching. Language acquisition is a natural process. Human beings acquire language through interaction. Our thoughts, feelings and experiences are communicated through the language that we use. By understanding the peculiar features of a language, a human being attempts to make sense of the world.

Language can be a powerful tool for developing cross cultural understanding and appreciation. Student who learns English acquires the cultural ideas, values and practices of English. In a technologically advanced world, the future English classrooms are envisaged as a place where machine learning and artificial intelligence personalise learning. The students will be able to receive individualised instruction based on their individual needs and learning style. Self- paced modules, interactive videos and other digital resources will be common in blended learning. When students are able to access high quality language instruction, undoubtedly teachers of English can excel more than Artificial Intelligence by utilising their unique skills and abilities to support their students' language learning. The unique skills of a teacher include personalised feedback, guidance, support, empathy, flexibility, creativity, communication skill,assessment,leadership, etc. A teacher in future English classroom can help the students understand the cultural nuances of the language and teach them how to communicate effectively in different contexts. The motivation and feedback that a teacher can provide his learners are unparallel. The emotional support and encouragement that a teacher extends will be more effective than the mechanical and structured pattern of instruction that artificial intelligence advocates, especially during a time when students need motivation for the development of their personalities.

## 12

# Significance of Mind Mapping Technique on Achievement of Statistics at Higher Secondary Level

Ramya. M.S, Smm Hss Pazhambalacode

Education is a process of cognitive cartography, mapping your experiences and finding a variety of reliable routes to optimal states when you find yourself in non-optimal states. To make education an effective one, it must be ensured that every child is nurtured to the maximum possible levels of attainment where the role of teacher is pivotal. Teaching learning process is the heart of education. In the present scenario teachers in the education institutions direct the education of the

students and might draw on many subjects, including reading, writing, Statistics, science and history etc. Statistics is a branch of applied Statistics that involves the collection, description, analysis, and inference of conclusions from quantitative data. In the present era, with rapidly changing educational scenario, the role of teachers and method of teaching are changing fast, wherein he is enshrined with the responsibility of promoting fruitful learning and stimulating the students by adopting appropriate strategies.The network character of statistics may be experienced but also learned by visualizing graphical structure in statistics. Especially Mind Mapping is suitable for this purpose, representing a mathematical network around a topic in a well-structured graphical display. In this paper we are trying to find out the effectiveness of mind mapping techniques in teaching certain concepts of Statistics among higher secondary school students

13

## “A New Beginning from School”

Shonitha M Rajan, MA Student, Department of Rural and Tribal Sociology,
Kannur University Mananthavady Campus, 8075480204

Education is a powerful driver of development and one of the strongest instruments for reducing poverty and improving health, gender equality, peace and stability. For the country as a whole the percentage of all children aged 11 to 14 who are enrolled in government school has risen from 65% in 2018 to 71.7% 2022. In India Kerala is the most literate state with a 93.9% literacy rate. In the case of Wayanad the quality and standard of the education was very low. The literacy rate in Wayanad district is 89.32%. Most of the students are tribal people so educating them is still not successful

During this period most of the students are going out of the country for a better education. To some extent many explain the paradox of Kerala’s slow rate of economic growth despite its high level of educational and social development. Kerala education system only focuses on the education status of the student. These methods are not supported in the future of the students. The study tries to understand the issues of Kerala model education system and a new form of socialization of the students. The study focuses on primary, High school and Teaching education centers of manandavadi in wayanad district.

14

## “Strategies for Improving the Communication Skills among 4th Standard Students.”

Nallur Narayana LP Basic School Feroke, Analysis Of Project, Class : IV, Subject: English

English language has become an all pervasive and inswparable aspect of modern life. It is an international language and also IT language of the world. Hence need to equip our children to face this language without difficulty and to make them communicate efficiently with competence. The investigator starts undertaking several steps during coming months. Every level of learners development will be recorded and evaluated.

15

## ലിംഗനീതിയും വിദ്യാഭ്യാസവും

രഞ്ജിത് വി, ഗവേഷകൻ, മലയാളവിഭാഗം, കേരളകേന്ദ്രസർവകലാശാല, 7994403361

മനുഷ്യജീവിതത്തിന്റെ അടിസ്ഥാനഘടന ലിംഗപരമാണ്. ലിംഗനീതിയിൽ ഊന്നിക്കൊണ്ടാണ് മനുഷ്യജീവിതം പരിണമിക്കുകയും പരിപോഷിക്കപ്പെടുകയും ചെയ്യുന്നത്. ലിംഗസമത്വത്തെക്കുറിച്ചുള്ള ചിന്തകൾ കേവലം ഉപരിപ്ലവമായി മാറി കൊണ്ടിരിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ ലിംഗനീതിയിലൂന്നിക്കൊണ്ടുള്ള വിദ്യാഭ്യാസ പ്രക്രിയയ്ക്ക് ഏറെ പ്രസക്തിയുണ്ട്. ലിംഗപദവി സാമൂഹിക നിർമ്മിതിയാണെന്ന ആധുനിക കാഴ്ചപ്പാട് വിദ്യാഭ്യാസ പ്രക്രിയയിലും ഉൾക്കൊള്ളേണ്ടതുണ്ട്. ലിംഗപദവി എന്നത് ഒരു ശരീരത്തിന് മേലെ മുദ്ര കുത്തപ്പെടുന്ന ഭ്രമകൽപ്പനയാണെന്ന ജൂഡിത് ബട്‌ലറുടെ അഭിപ്രായവും ലിംഗപദവി ജീവശാസ്ത്രപരമായ ഭേദത്തിൽ നിന്ന് വ്യത്യസ്തമായ ഒരു സാംസ്കാരിക നിർമ്മിതിയാണെന്ന കെയ്റ്റ് മില്ലറ്റിന്റെ വാദവും വിദ്യാഭ്യാസ പ്രക്രിയയിൽ ലിംഗനീതി ഉറപ്പാക്കേണ്ടതിലേക്ക് വിരൽ ചൂണ്ടുന്നു.

ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളിൽ ഉൾപ്പെടുന്ന ആർട്ടിക്കിൾ-14, ആർട്ടിക്കിൾ-15 തുടങ്ങിയ ആർട്ടിക്കിളുകൾ ലിംഗപദവിക്ക് അതീതമായ സമത്വം

ഉറപ്പുവരുത്തുന്നുണ്ടെങ്കിലും നമ്മുടെ വിദ്യാഭ്യാസ പ്രക്രിയ അവയെ പൂർണ്ണമായ അർത്ഥത്തിൽ ഇതുവരെയും ഉൾക്കൊണ്ടിട്ടില്ല. വിദ്യാഭ്യാസ ബോധന പ്രക്രിയയുടെ സമസ്ത മേഖലകളിലും ലിംഗനീതി ഊട്ടിയുറപ്പിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്. ലിംഗപദവിയുടെ അടിസ്ഥാനത്തിൽ മനുഷ്യർ വേട്ടയാടപ്പെട്ടു കൊണ്ടിരിക്കുന്ന പുതിയ കാലത്ത് സമത്വബോധം വളർത്തിയെടുക്കാൻ ലിംഗനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം ഏറെ പ്രയോജനപ്പെടും. പാഠ്യപദ്ധതി, കരിക്കുലം, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ, സ്കൂൾ അന്തരീക്ഷം, കുട്ടികളുടെ ഇരിപ്പിടം തുടങ്ങി വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളിലും ലിംഗനീതി ഉറപ്പിക്കുന്നതിനായി ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട് എന്ന അന്വേഷണമാണോ ഈ പ്രബന്ധത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

16

## വിദ്യാഭ്യാസവും മാതൃഭാഷയും

കെ.പി. നൗഷാദ്, തണൽ, ചമ്രവട്ടം – 676102, മൊ: 9645084040

**ഭാ**ഷ ലളിതമായ നിർവചനത്തിൽ ആശയ വിനിമയത്തിനുള്ള മാധ്യമവും സംസ്കാര പഠനത്തിനുള്ള ഉപാധിയുമാണ്. മാതൃഭാഷ ഒരോ വ്യക്തിക്കും ഒരേ സമയം വിചാരവും വികാരവുമാണ്. ഓരോ ജനസമൂഹത്തിന്റെയും ബൗദ്ധികവും ജൈവികവും സാംസ്കാരികവുമായ തലങ്ങളിൽ ഭാഷയുടെ വേര് ആഴത്തിൽ പടർന്നുകിടക്കുന്നുണ്ട്. ഭാഷയിലൂടെ ഒരു ജനതയുടെ മാനസികാവസ്ഥയെയും ജീവിതവീക്ഷണത്തെയും മാറ്റിമറിക്കാൻ കഴിയും. ഈ യാഥാർഥ്യം തിരിച്ചറിയാത്തവരാണ് മാതൃഭാഷയായ മലയാളത്തിന്റെ പ്രധാന്യത്തെ കുറച്ചു കാണിക്കുന്നത്. കൊളോണിയൽ ഭാഷയായ ഇംഗ്ലീഷിനോടുള്ള അമിതമായ വിധേയത്വവും സ്വന്തം സംസ്കാരത്തോടും പൈതൃകത്തോടുമുള്ള മതിപ്പില്ലായ്മയും മലയാളത്തെ അവഗണിക്കാൻ കാരണമാകുന്നു. ഇക്കാരണത്താൽ സ്വന്തം സംസ്കാരവും പാരമ്പര്യവും മലയാളികൾ തിരിച്ചറിയാതെ പോകുന്നു.

ആഗോളവൽക്കരണം, ആധുനിസാങ്കേതികവിദ്യയുടെ വളർച്ച, കമ്പോള സംസ്കാരം, നഗരവൽക്കരണം, പാശ്ചാത്യജീവിതശൈലി, ഗൾഫ്സ്വാധീനം എന്നിവയൊക്കെ നമ്മുടെ സാമൂഹികജീവിതത്തെയും സാസ്കാരിക അടരുകളെയും സാരമായി സ്വാധീനിച്ചിട്ടുണ്ട്. നമ്മുടെ പൈതൃകം, പാരമ്പര്യം, നാട്ടറിവുകൾ, കാർഷികസംസ്കൃതി, എന്നിവ നഷ്ടമാകുന്ന തരത്തിലുള്ള സ്വാധീനങ്ങളും ഇടപെടലുകളും അടുത്തകാലത്തായി വലിയ തോതിൽ ഉണ്ടാവുന്നുണ്ട്. ഇതിനോടൊക്കെയുള്ള ചെറുത്തുനിൽപ്പിന്റെ ഭാഗമായി മാത്രമേ ഭാഷകളുടെ തകർച്ചയെയും കാണാനാവൂ. ഓരോ നാടിനും ചെറുസമൂഹങ്ങൾക്കും അവരുടെ ഭാഷയും സ്വത്വവും സംരക്ഷിക്കാനും നിലനിർത്താനും കഠിന പ്രയത്നങ്ങൾ ആവശ്യമായി വന്നിരിക്കുന്നു. ഒരു ജനസമൂഹം മാതൃഭാഷയെ സംരക്ഷിക്കുന്നു എന്നതിനർഥം അവർക്ക് കടന്നുകയറ്റങ്ങളെ പ്രതിരോധിക്കാനുള്ള കരുത്തുണ്ട് എന്നാണ്. മലയാളികളായ നാം ഇക്കാര്യത്തിൽ വരും കാലങ്ങളിൽ കൂടുതൽ ജാഗ്രതയും പ്രതിരോധവും ഉയർത്തേണ്ടതുണ്ട്.

17

## കേരള പാഠാവലി ഒന്നാം ക്ലാസിലെ മലയാള പാഠപുസ്തകവും ലിംഗ വീക്ഷണവും

Dr. Anees Mohmmed C, Farook training college, Kozhikode, Mob. 9447426132, 9567475495

**സാ**മൂഹിക മാറ്റത്തിന് (Social change) ഏറ്റവും പ്രധാനപ്പെട്ട ഏജൻസിയാണ് വിദ്യാഭ്യാസം. ഒരു സമൂഹത്തിൻറെ കാഴ്ചപ്പാട്, ജീവിത നിലവാരം, സാമൂഹ്യജീവിതം, എന്നിവ നിർണയിക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്. അതുകൊണ്ട് തന്നെ എല്ലാ സർക്കാറുകളും ഔപചാരിക വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം നൽകുന്നു.ഔപചാരിക വിദ്യാഭ്യാസത്തിൽ പാഠപുസ്തകത്തിനുള്ള സ്ഥാനം വളരെ വലുതാണ്.പഠിതാക്കളുമായി നേരിട്ട് സംവദിക്കുന്നതാണ് പാഠപുസ്തകങ്ങൾ. അതുകൊണ്ടുതന്നെ പാഠപുസ്തകം പഠിതാവിന്റെ ജീവിതവീക്ഷണം രൂപപ്പെടുത്തുന്നതിൽ ഏറെ സ്വാധീനിക്കും. പ്രൈമറി ക്ലാസിലെ പാഠപുസ്തകങ്ങളുടെ സ്വാധീനം ഇതിൽ ഏറെ പ്രാധാന്യം അർഹിക്കുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗവിവേചനവും ആണധികാരവും ആൺമേൽക്കോയ്മയും നിലനിർത്തുന്നതിൽ പാഠപുസ്തകങ്ങൾ പങ്കുവഹിക്കുന്നുണ്ടോ എന്ന് ഒന്നാം ക്ലാസിലെ മലയാള പാഠപുസ്തകത്തെ മുൻനിർത്തി പഠനവിധേയമാക്കുകയാണ്. പാഠപുസ്തകത്തിലെ ഭാഷ, ചിത്രങ്ങൾ, കഥാപാത്രങ്ങൾ,എഴുത്തുകാർ, ആശയങ്ങൾ എന്നിവ ഇവിടെ പരിശോധനയ്ക്ക് വിധേയമാക്കുന്നു. തീർച്ചയായിട്ടും ഇത്തരം പഠനം പുതിയ കരിക്കുലം നിർമാണത്തിൽ ഏറെ സഹായകരമായിരിക്കും.

18

## ഉൾച്ചേർന്ന വിദ്യാഭ്യാസം; സ്വപ്നവും യാഥാർഥ്യവും

(കണ്ണൂർ ജില്ലയിലെ പൊതുവിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് നടത്തിയ പഠനം)

അമൃത വിശ്വനാഥ്, MEd ഒന്നാം വർഷം, കേരള കേന്ദ്രസർവ്വകലാശാല, കാസർഗോഡ്, 9400918010

**ഉ**ൾച്ചേർന്ന വിദ്യാഭ്യാസ പാഠ്യപദ്ധതി പിന്തുടരുന്ന രാജ്യമാണ് നമ്മുടേത്. അരികുവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങൾക്കുകൂടി ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. പ്രസ്തുത ലക്ഷ്യം പൂർണമായും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന പരിശോധനയാണ് ഈ പഠനത്തിലൂടെ നടത്തുന്നത്.

ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിൽ ഉൾച്ചേർത്തുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് ഉൾച്ചേർന്ന വിദ്യാഭ്യാസം (Inclusive education). വൈകല്യ മേഖലകളോ വൈകല്യത്തിന്റെ തീവ്രതയോ ഇങ്ങനെ incluse ചെയ്യുന്നതിൽ മാനദണ്ഡമായി എടുക്കുന്നില്ല. സ്പെഷ്യൽ സ്കൂൾ പഠനത്തിൽ നിന്ന് വ്യത്യസ്തമായി വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യങ്ങളിലൊന്നായ സാമൂഹ്യവൽക്കരണത്തിന് (Socialisation) കുട്ടികളെ പ്രാപ്തരാക്കാൻ ഈ പദ്ധതിയിലൂടെ ഏറെക്കുറേ കഴിയുന്നുണ്ട്. ഈ പദ്ധതി പൂർണവിജയം കൈവരിക്കണമെങ്കിൽ ഇത്തരം കുട്ടികളെക്കൂടി ഉൾക്കൊള്ളാൻ വിദ്യാലയം സജ്ജമാകേണ്ടതുണ്ട്. സ്കൂൾ ഭൗതിക സാഹചര്യങ്ങൾ ഭിന്നശേഷി സൗഹൃദപരമാകുകയും അനുതാപത്തോടെ വിദ്യാർഥികളെ പരിഗണിക്കാനുള്ള മനോഭാവവും പ്രാപ്തിയും അധ്യാപകരിൽ ഉണ്ടാവുകയും ചെയ്താൽ മാത്രമേ ഇത് കൈവരിക്കാനാകൂ. അതോടൊപ്പം പരിശീലനം സിദ്ധിച്ച സ്പെഷ്യൽ എഡ്യുക്കേറ്റർമാരുടെ സേവനവും എല്ലാ സ്കൂളുകളിലും ലഭ്യമാകേണ്ടതുണ്ട്. ഈ ഘടകങ്ങളിലെല്ലാം തൃപ്തികരമായ നില നാം കൈവരിച്ചിട്ടുണ്ടോ എന്നത് സംശയാസ്പദമാണ്. മിക്ക സ്കൂളുകളും ഇന്നും ഭിന്നശേഷി സൗഹൃദപരമായിട്ടില്ല. അധ്യാപകരുടെ മനോഭാവത്തിലും അഭിലഷണീയമായ മാറ്റങ്ങൾ വരേണ്ടതുണ്ട്.

വിഷയാധ്യാപകർക്ക് ഉൾച്ചേർക്കലിന്റെ ഭാഗമായുള്ള കരിക്കുലം അഡാപ്റ്റേഷന് ആവശ്യമായ സാങ്കേതിക സേവനം നൽകുക എന്നതാണ് സ്കൂളുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള സ്പെഷ്യൽ എഡ്യുക്കേറ്റർമാരുടെ യഥാർഥ ചുമതല. എന്നാൽ മിക്ക സ്കൂളുകളിലും പ്രത്യേക മുറികൾ ഒരുക്കിക്കൊണ്ട് ഭിന്നശേഷിക്കാരായ കുട്ടികളെ എല്ലാ വിഷയങ്ങളും പഠിപ്പിക്കുവാനായി സ്പെഷ്യൽ എഡ്യുക്കേറ്റർമാരെ എൽപ്പിക്കുകയാണ് ചെയ്യുന്നത്. ഈ പ്രവണത സാമൂഹ്യവൽക്കരണത്തിന് പ്രാപ്തരാക്കുന്നതിന് പകരം കുട്ടിയെ മാറ്റിനിർത്തുന്നതിനു കാരണമാകുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടിയിരിക്കുന്നു. ചില സ്കൂളുകളിലെ അധ്യാപകരുമായി നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ ഹൈസ്കൂളുകളിൽ RMSA പദ്ധതി പ്രകാരം (IEDSS) നൽകിയിട്ടുള്ള പഠനോപകരണങ്ങളും തെറാപ്പി ഉപകരണങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടോ എന്നത് സംശയകരമാണ്. ഇതും വിശദമായി പഠനവിധേയമാക്കേണ്ടതാണ്. അവകാശാധിഷ്ഠിത വിദ്യാഭ്യാസ സമീപനം വച്ചുപുലർത്തുന്ന ഒരു സമൂഹമെന്ന നിലയിൽ എല്ലാ ഭിന്നശേഷിക്കുട്ടികളെയും എല്ലാ തരത്തിലും ഉൾച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നത് സംശയാസ്പദമാണ്. അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പരിഷ്കരണങ്ങളിലൂടെ നിലവിലെ പോരായ്മകൾ പരിഹരിക്കാം എന്നാണ് ഈ പഠനത്തിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നത്.

19

## Towards bringing change in the classroom Experiences from the Manchadi programme

Amrita, Jodo Gyan, 9582098555

**T**he Manchadi program was visualised as a step towards bringing in innovative practices in mathematics education and was initiated by K-DISC in 2018. In 2022, it was introduced into 20 Model Residential Schools (MRS) under SC & ST departments. Each MRS Manchadi Koodaram is a space where children come to play and learn together without fear or pressure. Starting from contexts connected to children's lives each activity is built around a problem that is engaging for children. In doing so, the emphasis moves away from finding the correct answer or teaching methods, to developing

children's strategies which are based on sankhya dharana. Children have participated enthusiastically in the Manchadi classes which has in turn had a hugely motivating impact on the teachers involved as well as started conversations with others in the school.

We would like to share our experiences of trying to bring about such a pedagogical shift in the Manchadi classes in the particular context of MRS, and some of the specific challenges involved. These include for instance - redesigning the activities keeping in mind the responses of children, shifting focus to observing how children are thinking rather than focusing on the answer, and how continuous assessment can be performed in multi-level large classrooms. Finally, we reflect upon our positive experiences with teacher-education practices that are grounded and centred around actual classroom observations, and how this has impacted effectiveness of implementing innovative practices.

20

# കൃഷിയറിവിന്റെ മുഖ്യ ധാരാവത്ക്കരണം

ഡോ. എ. പ്രേമ, പ്രൊഫസർ, കേരള കാർഷിക സർവ്വ കലാശാല, 9446319848

**രാ**ജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ 1950 കളിൽ 58 ശതമാനത്തോളം സംഭാവന ചെയ്തിരുന്ന കർഷകമേഖലയുടെ പങ്ക് ഇന്ന് ഏകദേശം 16 ശതമാനം മാത്രമാണ്. ഇന്നും ഇന്ത്യയിലെ 50 ശതമാനത്തിലേറെ പേരുടെ തൊഴിൽദാതാവ് എന്ന നിലയിലും നാടിന്റെ ഭക്ഷ്യ-പോഷണ സുരക്ഷയിലും രാജ്യത്തിന്റെ പൊതു സാമ്പത്തിക വികസനത്തിലും കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തന്ത്ര പ്രധാന പങ്ക് വഹിക്കുന്നു. പ്രകൃതി വിഭവ ശോഷണം, നൂതന സാങ്കേതിക വിദ്യാവ്യാപനത്തിലെ മന്ദഗതി, വെല്ലുവിളികൾ ഏറ്റെടുക്കാൻ പ്രാപ്തിയുള്ള മാനവശേഷിയുടെ അപര്യാപ്തത എന്നിവ കാർഷിക മേഖലയുടെ വളർച്ചാ നിരക്ക് പിന്നോട്ടടിക്കാനുള്ള കാരണമായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇത്രയധികം പ്രാധാന്യമുണ്ടായിട്ടും ഉന്നത വിദ്യാഭ്യാസത്തിൽ കാർഷിക വിദ്യാഭ്യാസത്തിന്റെ എൻറോൾമെന്റ് ഒരു ശതമാനത്തിൽ താഴെ മാത്രം (0.9 %). പൊതു പ്രവേശന പരീക്ഷയിലൂടെ കാർഷിക ഉന്നത വിദ്യാഭ്യാസത്തിലെത്തുന്ന രീതിയാണ് ഇന്ന് നിലവിലുള്ളത്. കൂടാതെ വളരെ കുറച്ചു ഡിപ്ലോമ കോഴ്സുകളും. കാർഷിക മേഖലയിൽ താല്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി ഉന്നത വിദ്യാഭ്യാസത്തിലേക്കു കൊണ്ടുവരുന്നതിന് സഹായകമാവും വിധം മുഖ്യധാരാ വിദ്യാഭ്യാസം ക്രമപ്പെടുത്തുന്നത് ഈ മേഖലയുടെ വളർച്ചാ മുരടിപ്പ് നിയന്ത്രിക്കാൻ സഹായകമാവും . ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ സെക്കൻഡറി/ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ ഇടയിൽ നടത്തിയ പഠനം സൂചിപ്പിക്കുന്നത് കാർഷിക അനുബന്ധ മേഖലകൾ കുറഞ്ഞ വേതനം മാത്രം ലഭിക്കുന്ന ഗ്രാമീണ ജനതയുടെ തൊഴിലായിട്ടാണ് അവർ കണക്കാക്കുന്നത് എന്നാണ് .

ശാസ്ത്രം, സാമൂഹ്യശാസ്ത്രം, കല, മാനവികശാസ്ത്രം, കായികം എന്നിവയെല്ലാം ഉൾച്ചേർന്നുകൊണ്ടുള്ള സമഗ്ര ബഹു വിഷയ പഠന സംവിധാനത്തിന് ഊന്നൽ നൽകുന്ന ദേശീയ വിദ്യാഭ്യാസ നയം 2020, കാർഷിക വിദ്യാഭ്യാസത്തിന്റെ മുഖ്യ ധാരാവൽക്കരണവും പ്രധാന ചർച്ചയാക്കുന്നു. പ്രാഥമിക തലം മുതൽ സെക്കൻഡറി തലം വരെ കൃഷിയറിവുകൾ ഉൾക്കൊള്ളുന്ന പാഠഭാഗങ്ങൾ ക്രമാനുഗതമായി ഉൾക്കൊള്ളിച്ചു ഭാഷ, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ചരിത്രം, സാമ്പത്തിക ശാസ്ത്രം എന്നീ വിഷയങ്ങളിൽ അതാതു മേഖലയുമായി ബന്ധപ്പെട്ട കൃഷിയറിവുകൾ ഉൾക്കൊള്ളിക്കാൻ ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്. പാഠഭാഗങ്ങളിൽ ബോധപൂർവ്വവും ക്രമപ്രവൃത്തവുമായ അറിവിന്റെ ഉൾച്ചേർക്കലിലൂടെ മാത്രമേ വിദ്യാഭ്യാസത്തിൽ കൃഷിയുടെ മുഖ്യധാരാവൽക്കരണം സാധ്യമാവൂ. കൃഷി സംബന്ധിയായ സാമൂഹ്യ അറിവുകൾ ആർജിക്കാൻ കഴിയും വിധം അവയെ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കുന്ന തരത്തിൽ പ്രയോഗികതയിലൂന്നിയുള്ള അറിവനുഭവ ബോധന രീതിയാണ് വികസിപ്പിക്കേണ്ടത്.




എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം

കേളു ഏട്ടൻ പഠന ഗവേഷണ കേന്ദ്രം, കോഴിക്കോട്

www.akgcentre.in